ലഘുയോഗവാസിഷ്ഠസംഗ്രഹം

സ്വാമി ജ്ഞാനാനന്ദസരസ്വതി

ആനന്ദകുടീരം

കന്യാകുമാരി

നമസ്തേ.

സ്വാമി ജ്ഞാനാനന്ദസരസ്വതി (ആനന്ദകുടീരം, കന്യാകുമാരി) രചിച്ച **ലഘുയോഗവാസിഷ്ഠസംഗ്രഹം** എന്ന ഗ്രന്ഥം ഓരോരോ ഭാഗങ്ങളായി ശ്രേയസ് വെബ്സൈറ്റിൽ (http://sreyas.in) പ്രസിദ്ധീകരിച്ചിരുന്നു. അവയുടെ സമ്പൂർണ്ണ രൂപം താങ്കളുടെ വായനയ്ക്കും പ്രിന്റിങ്ങിനും വേണ്ടി പി ഡി എഫ് രൂപത്തിൽ സമർപ്പിക്കുന്നു.

അദ്ധ്യാത്മികഗ്രന്ഥങ്ങളുടെയും സത്സംഗപ്രഭാഷണങ്ങളുടെയും ലേഖനങ്ങളുടെയും ചെറിയൊരു ശേഖരം ശ്രേയസ്സിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അദ്ധ്യാത്മികപ്രഭാഷണങ്ങളുടെ ഓഡിയോ ട്രാക്ക് MP3 ആയി ശ്രേയസ്സിൽ കേൾക്കാം, ഡൗൺലോഡ് ചെയ്തു താങ്കളുടെ സൗകര്യത്തിൽ കേൾക്കാം, മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയുമാവാം. ഈ പരിശ്രമത്തിൽ പങ്കാളിയാകാൻ താങ്കളെയും ക്ഷണിക്കുന്നു.

ഉള്ളടക്കം

പ്രകരണം

വേദാന്തശാസ്ത്രത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളാണ് പ്രസ്ഥാനത്രയം - അതായതു ദശോപനിഷത്തുക്കളും ഭഗവദ്ഗീതയും ബ്രഹ്മസൂത്രവും. ദ്വൈതം, വിശിഷ്ടാദ്വൈതം തുടങ്ങിയ അദ്വൈതവേദാന്തത്തിലെ മതഭേദങ്ങൾക്കുകൂടി പ്രമാണഗ്രന്ഥങ്ങൾ പ്രസ്തുതപ്രസ്ഥാനത്രയമാണ്. അതിനാൽ വേദാന്തശാസ്ത്രമെന്നു പറഞ്ഞാൽതന്നെ പ്രസ്ഥാനത്രയഗ്രന്ഥങ്ങളെന്നു സാമാന്യമായി അറിയപ്പെട്ടുവരുന്നു. പ്രസിദ്ധങ്ങളായ മീമാംസാദിദർശനങ്ങളുടെ അത്യുന്നതാവസ്ഥയിൽ വിളങ്ങുന്ന ജ്ഞാനദർശനത്തെത്തന്നെയാണ് വേദാന്തശാസത്രമെന്നു പറഞ്ഞുവരുന്നത്. പ്രസ്തുത ജ്ഞാനദർശനത്തെ അല്ലെങ്കിൽ വേദാന്തശാസ്ത്രത്തെ അനാദിയായ കാലംമുതൽക്കുതന്നെ പലരും പല രൂപത്തിൽ കൈകാര്യം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട് ചില ആചാര്യന്മാർ വ്യാഖ്യാനങ്ങൾ വഴിക്കാണെങ്കിൽ മറ്റു ചിലർ ഉപദേശങ്ങൾ വഴിക്കും പിന്നെച്ചിലർ വാദങ്ങളെക്കൊണ്ടും വേറെച്ചിലർ സ്വാനുഭൂതികൊണ്ടും ഇനിയും ചിലർ പ്രത്യേകഗ്രന്ഥനിർമ്മാണങ്ങളിൽക്കൂടിയുമാണ് പ്രസ്തുതകൃത്യത്തെ നിർവഹിച്ചതും ഇപ്പോഴും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതും. ഇങ്ങനെ ഓരോ കാലത്ത് ഓരോ ദേശത്തുള്ള ഓരോ ആചാര്യന്മാർ അവരവരുടെ അഭിപ്രായത്തിനനുസരിച്ച് ഓരോന്നിനെയാണ് പ്രചരണോപാധിയായി അംഗീകരിച്ചതെങ്കിലും എല്ലാ ഉപാധികൾക്കും അവലംബം മുൻപറയപ്പെട്ട പ്രസ്ഥാനത്രയ ഗ്രന്ഥങ്ങളാണ്. അവയെ ഉപജീവിച്ചുകൊണ്ടുതന്നെ പല കാലദേശങ്ങളിൽക്കൂടെ പല ആചാര്യന്മാരുടെയും കൃതികളായി അസംഖ്യം ഗ്രന്ഥങ്ങൾ പുറത്തുവന്നിട്ടുണ്ട്. അങ്ങനെയുള്ള വേദാന്തഗ്രന്ഥങ്ങളെയാണ് പൊതുവെ പ്രകരണങ്ങളെന്നു പറഞ്ഞുവരുന്നത്. ഒന്നിലധികം ഉപാധികളെ അംഗീകരിച്ചു വേദാന്തപ്രചാരം ചെയ്തു ആചാര്യന്മാരും ഉണ്ടായിട്ടുണ്ട്. എന്നാൽ പറയപ്പെട്ട എല്ലാ ഉപാധികളിൽക്കൂടിയും ചുരുങ്ങിയകാലത്തിനുള്ളിൽ വളരെയധികം പ്രചാരം ചെയ്തു മഹാത്മാവായിരുന്നു ശ്രീശങ്കരാചാര്യൻ. അദ്ദേഹം പ്രസ്ഥാനത്രയഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുകയും ധാരാളം പ്രകരണഗ്രന്ഥങ്ങൾ നിർമ്മിക്കുകയും, വാദങ്ങൾ നടത്തിമറ്റു പണ്ഡിതന്മാരെ തോല്പിക്കുകയും, ഉപദേശങ്ങളെക്കൊണ്ട് ഉൽബുദ്ധാരക്കുകയും, സ്വയം അനുഭൂതിയെ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ എല്ലാ ഉപാധികളിൽക്കൂടിയും ഒരുപോലെ മതപ്രചാരം ചെയ്തു ആചാര്യന്മാർ ചുരുക്കമാണ്. ശ്രീശങ്കരാചാര്യർ അങ്ങനെയുള്ളവരിൽ പ്രഥമസ്ഥാനത്തെ അലങ്കരിക്കുന്നു. അദ്വൈതവേദാന്തത്തിനുതന്നെ ഒരു പുതിയ ഉണർവും പ്രകാശവുമുണ്ടായിട്ടുണ്ട് ആചാര്യരുടെ ജീവിതത്തിനുശേഷമെന്നു പറഞ്ഞാൽപ്പോലും തെറ്റില്ല. അദ്ദേഹം അനവധി പ്രകരണഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുണ്ട്. എല്ലാറ്റിലും പ്രതിപാദ്യവിഷയം ഒന്നാണെങ്കിൽക്കൂടി പ്രതിപാദനശൈലികൊണ്ടും കവിതാചാതുര്യംകൊണ്ടും പുതിയ പുതിയ ഉദാഹരണങ്ങളെക്കൊണ്ടും ഓരോന്നിനും പ്രത്യേകം പുതുമ വരുത്തിയിട്ടുമുണ്ട്. ആചാര്യരുടെ ജീവിതത്തിനുശേഷം വേദാന്തശാസ്ത്രത്തിനു വളരെ വ്യാഖ്യാനങ്ങളും, പല പുതിയ പ്രകരണഗ്രന്ഥങ്ങളും ഭാരതത്തിൽ നാനാദേശഭാഷകളിലും, സംസ്കൃതത്തിലുമുണ്ടായിട്ടുണ്ട്.

പ്രകരണസ്വരൂപത്തിൽ വേദാന്തശാസ്ത്രത്തെ ആവിഷ്കരിക്കുന്ന സമ്പ്രദായം പുതിയതല്ല, പഴയ കാലംമുതൽക്കുതന്നെ ഉള്ളതാണ്. ആദിമഹാകവിയെന്നു പ്രസിദ്ധനും രാമായണത്തിന്റെ കർത്താവുമായ ശ്രീവാല്മീകിമഹർഷി നിർമ്മിച്ച പ്രകരഗ്രന്ഥമാണ് സുപ്രസിദ്ധമായ 'ബൃഹദ്യോഗവാസിഷ്ഠം' വലിപ്പംകൊണ്ടും, പ്രതിപാദനശൈലികൊണ്ടും. ഭാഷയുടെ സരളതകൊണ്ടും ഇത്രയും വലിയൊരു പ്രകരണഗ്രന്ഥം വേദാന്തഗ്രന്ഥപരമ്പരയിൽ വേറെയുണ്ടോ എന്നുപോലും സംശയമാണ്. വാല്മീകിയുടെ രാമായണം വൈദികസാഹിത്യത്തിൽ വേദങ്ങൾക്കുശേഷം ആദ്യമുണ്ടായ ഗ്രന്ഥമാണെന്ന സിദ്ധാന്തം നിലവിലുള്ള സ്ഥിതിക്കു വേദാന്തപ്രകരണഗ്രന്ഥപരമ്പരയിൽ ഒന്നാമത്തേതാണു ബൃഹദ്യോഗവാസിഷ്ടമെന്നു പറഞ്ഞാൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ശാസ്ത്രകർത്താക്കളായ വ്യാസാദി ഋഷികൾക്കുപോലും മുമ്പ് - ദർശനങ്ങൾക്കുപോലും ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്ത് - കേവലം ദശോപനിഷത്തുക്കളെ മാത്രം ഉപജീവിച്ചുകൊണ്ടായിരുന്നു വാല്മീകിയുടെ മുപ്പത്തിരണ്ടായിരം പദ്യങ്ങൾക്കൊള്ളുന്ന ഈ മഹാപ്രകരണഗ്രന്ഥത്തിന്റെ നിർമ്മാണം നടന്നതെന്ന കഥ ആരെയും അതിശയിപ്പിക്കും!

പില്ക്കാലത്ത് - ദർശനങ്ങളുടെയും പുരാണങ്ങളുടെയും ആവിർഭാവത്തിനുശേഷം - ആകൃതികൊണ്ടു ചെറുതും എന്നാൽ ആശയങ്ങൾ ചോർന്നുപോവാതെയുമുള്ള നല്ലനല്ല വേദാന്തപ്രകരണങ്ങൾ പല ആചാര്യന്മാരിൽക്കൂടെയും ധാരാളം പുറത്തുവാൻ തുടങ്ങിയപ്പോൾ വാല്മീകിയുടെ ഭാരമേറിയ യോഗവാസിഷ്ഠം അധികജനങ്ങളേയും ആകർഷിക്കാതെയായി.

ലഘുയോഗവാസിഷ്ഠം

ആകൃതിയുടെ അത്യന്തസ്ഥൂലതയാണ് ജിജ്ഞാസുക്കളെ ആകർഷിക്കുന്നതിൽ മുഖ്യതടസ്ഥമായി നില്ക്കുന്നത്. മുപ്പത്തിരണ്ടായിരം പദ്യങ്ങളേയും പഠിക്കേണ്ടിവരികയെന്നതു ആയസമേറിയ ഒരു കാര്യമാണല്ലോ. അതിനാൽ പലരുടേയും പ്രജ്ഞ മറ്റു പ്രകരണങ്ങളിലേയ്ക്കോടാൻ തുടങ്ങി. അങ്ങനെ ബൃഹദ്യോഗവാസിഷ്ഠത്തിന്റെ പ്രചാരം ചുരുങ്ങാൻ തുടങ്ങിയപ്പോഴാണ് ലഘുയോഗവാസിഷ്ഠത്തിന്റെ അവതാരം. തത്വപ്രതിപാദനങ്ങൾ ചോർന്നുപോവാതെ മുപ്പത്തിരണ്ടായിരം പദ്യങ്ങളുള്ള ബൃഹദ്യോഗവാസിഷ്ഠത്തെ ആറായിരം പദ്യങ്ങളാക്കി ആറു പ്രകരണങ്ങളിൽ ഒതുക്കി നിർത്തിയതാണ് ലഘുയോഗവാസിഷ്ഠം. കാശ്മീരദേശക്കാരനായ അഭിനന്ദനെന്ന പണ്ഡിതബ്രാഹ്മണനാണ് ഈ ലഘുയോഗവാസിഷ്ഠത്തിന്റെ കർത്താവെന്നാണറിയപ്പെട്ടുവരുന്നത്. ഏതായാലും ലഘുയോഗവാസിഷ്ഠത്തിന്റെ ആവിർഭാവത്തോടെ ഈ പ്രകരണം ജിജ്ഞാസുക്കളെ ധാരാളം ആകർഷിക്കാൻ തുടങ്ങി. ഭരതത്തിൽ മിക്ക ഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ടു. മലയാളഭാഷയിൽത്തന്നെ മൂന്നു വിവർത്തനങ്ങൾ ഇന്നുനിലവിലുണ്ട്. ശ്രീ വരുവൂർ ശാമുമേനോന്റെ കിളിപ്പാട്ടിലുള്ള വിവർത്തനമാണാദ്യമുണ്ടായത്. പിന്നീട് കാവുങ്ങൽ ശ്രീ നീലകണ്ഠപ്പിള്ളയുടെ ഗദ്യവിവർത്തനവും ഈയിടയിൽ ശ്രീ കെ. വി. യമ്മിന്റെ ഒരു ഗദ്യവിവർത്തനമുണ്ടായിട്ടുണ്ട്. ജിജ്ഞാസുക്കൾ എത്രമാത്രം ആകർഷിക്കപ്പെടുന്നു എന്നുള്ളതിന്റെ തെളിവാണ് മലയാളഭാഷയിൽത്തന്നെ ഉണ്ടായിട്ടുള്ള മൂന്നു വിവർത്തനങ്ങൾ.

വേദാന്തശാസ്ത്രത്തിലെ സകലവശങ്ങളുടേയും മർമ്മം സ്പർശിച്ചുകൊണ്ടുള്ള ഏറ്റവും സുന്ദരമായൊരു പ്രകരണം ഇതുപോലെ വേറെയുണ്ടോ എന്നുപോലും സംശയമാണ്. ഭാഷാശൈലികൊണ്ടും പ്രതിപാദനരീതികൊണ്ടും, ഉദാഹരണകഥകളെക്കൊണ്ടും അത്യന്തസുന്ദരമായിട്ടുണ്ട് ലഘുയോഗവാസിഷ്ഠം. മലയാളഭാഷയിൽ ഈ ഗ്രന്ഥത്തിനു ജ്ഞാനവാസിഷ്ഠമെന്ന പേരാണ് പറഞ്ഞുവരുന്നത്. യോഗശബ്ദത്തിനും, ജ്ഞാനശബ്ദത്തിനും ഭേദമില്ലെന്നതുകൊണ്ടായിരിക്കാം അങ്ങനെ പറയാനിടയായത്. വൈരാഗ്യപ്രകരണം, മുമുക്ഷു വ്യവഹാരപ്രകരണം ഉല്പത്തിപ്രകരണം, സ്ഥിതിപ്രകരണം, ഉപശമപ്രകരണം, നിർവ്വാണപ്രകരണം ഇങ്ങനെ ആറു പ്രകരണങ്ങളായി വേർതിരിച്ചാണ് തത്വങ്ങളെ പ്രകാശിപ്പിക്കുന്നത്.

വൈരാഗ്യപ്രകരണം

വൈരാഗ്യപ്രകരണമാണ് ആദ്യത്തേത്. ആകൃതികൊണ്ട് ഈ പ്രഥമപ്രകരണത്തെ മൂന്നു ഘടകങ്ങളാക്കിത്തിരിക്കാം; വൈരാഗ്യോൽപ്പത്തിവർണ്ണനം, ജഗൽദോഷപ്രകാശനം, വൈരാഗ്യവർണ്ണനം ഇങ്ങനെ. ആദ്യത്തിൽ അപരിച്ഛിന്നസച്ചിദാനന്ദപരിപൂർണ്ണമായ കൈവല്യസ്വരൂപത്തെ വണങ്ങി ഗ്രന്ഥം ആരംഭിക്കുന്നു. അത്യന്തമൂഢനോ പരമജ്ഞാനിയോ അല്ലാത്ത മദ്ധ്യവർത്തിയായ സാധകനാണ് - അതായതു ബദ്ധനായ ജിജ്ഞാസുവാണ് - ഈ മോക്ഷശാസ്ത്രത്തിന്നധികാരിയെന്നും സമർത്ഥിച്ചുകൊണ്ടാണ് ഗ്രന്ഥാരംഭം. അത്യന്തമൂഢനും പരമജ്ഞാനിയും ശാസ്ത്രത്തിന്നധികാരിയല്ല. അത്യന്തമൂഢനും ശാസ്ത്രം പ്രയോജനപ്പെടാൻ പോവുന്നില്ല. പരമജ്ഞാനിക്കാവട്ടെ, ആവശ്യവുമില്ല. അതിനാൽ ആ രണ്ടുവർഗ്ഗത്തിലും പെടാത്ത മദ്ധ്യവർത്തിയാണ് ശാസ്ത്രത്തിന്നധികാരി. വാല്മീകിയും ഭരദ്വാജനും തമ്മിലുള്ള സംവാദരൂപേണയാണ് പ്രതിപാദനം. ജിജ്ഞാസുവും, ജ്ഞാനത്തിന് ഉത്തമാധികാരിയുമായ ഭരദ്വാജൻ ഒരിക്കൽ മഹാത്മാവയ വാല്മീകിമഹർഷിയെ സമീപിച്ചു നമസ്ക്കരിച്ചു, സംസാരബന്ധത്തിൽ നിന്നു രക്ഷപ്പെടാൻ പറ്റുന്ന പരമജ്ഞാനത്തെ ഉപദേശിച്ചാൽക്കൊള്ളാമെന്നപേക്ഷിച്ചു. ഏതൊരുജ്ഞാനംകൊണ്ടാണോ പണ്ടു ശ്രീരാമചന്ദ്രൻ മുക്തനായത്, അതേ ജ്ഞാനത്തെ തനിക്കും ഉപദേശിച്ചാൽകൊള്ളാമെന്നപേക്ഷിച്ചു. അവിടെവെച്ചു പ്രതിപാദനം ആരംഭിക്കുന്നു. ആദ്യംതന്നെ നിരപാധികമായ ആത്മജ്ഞാനത്തിന്റെ മഹിമയെയും, വിവേകമുള്ള മനുഷ്യജന്മത്തെ കിട്ടീട്ടും അതിനെ പ്രാപിക്കാത്തവന്റെ മൂഢതയെയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വിഷയത്തിൽ പ്രവേശിക്കുന്നത്.

ദ്രഷ്ടാവായ തന്നിൽ നിന്ന് അന്യമായി ഒരു ദൃശ്യമില്ലെന്നു ബോദ്ധ്യം വന്നു പ്രജ്ഞദൃശ്യങ്ങളെ വിട്ടു തന്നിൽത്തന്നെ അടങ്ങുന്നില്ലെങ്കിൽ എത്രായിരം കല്പങ്ങൾകൊണ്ടും ഒരാൾക്കു ജ്ഞാനമുണ്ടാവാൻ പോവുന്നില്ല. വാസനാവികാസം കൊണ്ടാണ് തന്നിൽ നിന്ന് അന്യങ്ങളായ ദൃശ്യങ്ങളുണ്ടായി എന്നും മറ്റുമുള്ള ഭ്രമമുണ്ടായിത്തീരുന്നത്. വാസനാവികാസത്തെ അടക്കി ദൃശ്യത്തിൽ നിന്നു പ്രജ്ഞയെ വലിച്ചെടുത്ത് ലക്ഷ്യമായ ആത്മാവിൽ ലയിപ്പിക്കൽ തന്നെ മോക്ഷം. സദ്വാസനയെന്നും, ദുർവ്വാസനയെന്നും രണ്ടായിപ്പറഞ്ഞുവരുന്നു. കട്ടികൂടിയ അജ്ഞാനത്തോടും ഘനീഭൂതാഹങ്കാരവൃത്തിയോടും കൂടി ആയിരക്കണക്കിൽ പുനർജ്ജന്മത്തിനു കാരണമായ വാസനയെ ദുർവ്വാസനയെന്നും പറയുന്നു. അതു ജീവനെ നാനാതത്തിലുള്ള ദുരന്തയാതനകളിൽക്കൂടി പുതിയ ജന്മങ്ങളിലേയ്ക്കും, അനുഭവങ്ങളിലേയ്ക്കും നയിക്കുന്നു. പുനർജ്ജന്മകാരണങ്ങളായ വാസനാബീജങ്ങൾ നിശ്ശേഷം നശിച്ച്, കേവലം ദേഹധാരണത്തിന്നുമാത്രം അല്പമായി നിലനിൽക്കുന്ന ശുദ്ധവാസനയെ സദ്വാസനയെന്നും പറയുന്നു. അറിയേണ്ടതിനെ അറിഞ്ഞ് അജ്ഞാനത്തെ അടക്കി പ്രാരബ്ധഭുക്തിക്കുവേണ്ടി മാത്രം ശരീരധാരണത്തെ നിലനിർത്തിക്കൊണ്ടിരിക്കുന്ന സദ്വാസന പുനർജ്ജന്മത്തിനു കാരണമാവുന്നില്ല. അതിനാൽ

ആദ്യംതന്നെ ഒരാൾ വാസനയെ നന്നാക്കാൻ ശ്രമിക്കണം എന്നു പറഞ്ഞുകൊണ്ടാണ് വിഷയത്തിലേയ്ക്ക് പ്രവേശിക്കുന്നത്.

ദശരഥപുത്രനായ ഭഗവാൻ ശ്രീരാമചന്ദ്രൻ വിദ്യാഭ്യാസാനന്തരം ഗുരുഗൃഹത്തിൽനിന്നു സ്വഗൃഹത്തിലേയ്ക്കു മടങ്ങിവന്നശേഷം കുറച്ചുദിവസം ഗൃഹത്തിൽ കഴിച്ചുകൂട്ടി. അപ്പോഴും സദ്വാസനാവികാസത്താൽ രാജഭോഗങ്ങളിലോ മറ്റു ലോകവിഷയങ്ങളിലോ രമിക്കാൻ കഴിഞ്ഞില്ല. ആത്മജ്ഞാനതൃഷ്ണകൊണ്ട് ആർത്തനായിരുന്നുതാനും. ഭൗതികവിദ്യാഭ്യാസം എത്രതന്നെ ഉണ്ടായലും ജിജ്ഞാസുവായ ഒരാളെ തൃപ്തിപ്പെടുത്താൻ പര്യപ്തമല്ല. ദൃശ്യങ്ങൾക്കും കർമ്മങ്ങൾക്കും കേവലം സാക്ഷിമാത്രനായ ആത്മവുമായി യാതൊരു സംബന്ധവുമില്ലാത്തതും, മൂന്നുകാലത്തും ഇല്ലാത്തവയായ ദൃശ്യപദാർത്ഥങ്ങളെമാത്രം അവലംബിച്ചുകൊണ്ടുള്ളതുമായ ഭൗതികവിദ്യാഭ്യാസംകൊണ്ട് ആത്മാന്വേഷകനും, ജിജ്ഞാസുവുമായ ഒരാൾക്കെങ്ങിനെ തൃപ്തിപ്പെടാൻ കഴിയും? അതിനാൽ മിക്കവാറും അസ്വസ്ഥനായിക്കൊണ്ടുതന്നെ ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടി, അനന്തരം ഗുരുജനങ്ങളുടെ അനുവാദത്തോടുകൂടി തീർത്ഥയാത്രയ്ക്കു പുറപ്പെട്ടു. മുഖ്യങ്ങളായ എല്ലാ പുണ്യക്ഷേത്രങ്ങളെയും തീർത്ഥങ്ങളെയും ദർശിച്ചു. ഭക്തിയോടുകൂടി അവയെയൊക്കെ സേവിക്കുകയും ഉപാസിക്കുകയും ചെയ്തു. കുറെ ദിവസം കഴിഞ്ഞു മടങ്ങിവന്നു. ഗൃഹത്തിൽതന്നെ അസ്വസ്ഥനായിരിപ്പായി. ദിവസംപ്രതി അസ്വാസ്ഥ്യംകൂടിക്കൂടിവന്നു. ക്രമേണ ഭൗതികവിഷയങ്ങളൊന്നിലും യാതൊരു ചിന്തയുമല്ലെന്നു മാത്രമല്ല. അവയെ കഠിനമായിവെറുക്കാൻകൂടിതുടങ്ങി. അക്കാലത്തായിരുന്നു വിശ്വാമിത്രമഹർഷി തന്റെ യാഗസംരക്ഷണത്തിനുവേണ്ടി രാമലക്ഷമണന്മാരെ കൂട്ടിക്കൊണ്ടുപോവാൻ അയോദ്ധ്യയിലേയ്ക്കുവന്നത്.

വിശ്വമിത്രമഹർഷിയോടൊപ്പം അയയ്ക്കുന്നതിനു രാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടുവരാൻ ഭൃത്യന്മാരോടു പറഞ്ഞപ്പോഴാണ് ശ്രീരാമചന്ദ്രന്റെ തല്ക്കാലത്തെ തീവ്രവൈരാഗ്യത്തിന്റെയും അസ്വാസ്ഥ്യത്തിന്റെയും സ്വഭാവം അവർ മഹാരാജാവിനെ അറിയിച്ചത്. രാജസഭയിൽവച്ചു ഭൃത്യന്മാർ രാമചന്ദ്രന്റെ തല്ക്കാലസ്ഥിതിയെ വിവരിച്ചു പറഞ്ഞപ്പോൾ വിശ്വാമിത്രവസിഷ്ഠാദികൾക്കു കാര്യം മനസ്സിലായി. ആത്മബോധമുണ്ടായിട്ടും വിശ്രാന്തി കിട്ടീട്ടില്ലാത്തതാണ് കുമാരന്റെ അസ്വാസ്ഥ്യകാരണമെന്നവർക്കു ബോധ്യമായി. അതിനാൽ വേഗം കൂട്ടിക്കൊണ്ടുവരാൻ അവരും നിർദേശിച്ചു. ക്രമേണ സഭയിലേയ്ക്കാനയിക്കപ്പെട്ട രാജാകുമാരന്മാർ ഗുരുജനങ്ങളെ വന്ദിച്ച് ഉപവിഷ്ടന്മാരായി. ഇതോടെ ജ്ഞാനോപദേശത്തിനുള്ള രംഗം സജ്ജമായി.

ബ്രഹ്മനിഷ്ഠന്മാരും, ജ്ഞാനികളും, ജിജ്ഞാസുക്കളുമായ അസംഖ്യം സജ്ജനങ്ങൾ നിറഞ്ഞ ഒരു വലിയസഭ; ബ്രഹ്മപുത്രനും ജ്ഞാനസ്വരൂപനുമായ വസിഷ്ഠനാകുന്ന ഉപദേഷ്ടാവ്, തീവ്രവൈരാഗ്യത്താലും ജ്ഞാനതൃവാറും ജ്ഞാനസമ്പന്നനുമായ ശ്രീരാമചന്ദ്രൻ, പൃച്ഛകൻ അല്ലെങ്കിൽ ശ്രോതാവ് - ഇതാണ് രംഗസജ്ജീകരണം, ഇങ്ങനെയുള്ള രംഗത്തിലാണ്

ആത്മജ്ഞാനത്തെ പ്രതിപാദിക്കേണ്ടത്. വേദാന്തോപദേശത്തിന് ഏറ്റവും പറ്റിയ ഒരു രംഗത്തിന്റെ ആവിഷ്കരണമാണാദ്യം ഉണ്ടാവേണ്ടിയിരിക്കുന്നത്. ഉത്തമനായ വക്താവും ഉത്തമനായ ശ്രോതവും കൂടിച്ചേർന്ന് ഉത്തമമായ രംഗത്തിൽവെച്ചു നടക്കുന്ന ചോദ്യോത്തരസ്വരൂപമായ ജ്ഞാനപ്രതിപാദനം ഒരിക്കലും വിഫലമാവാൻ പോവുന്നില്ല. ഇവയിൽ ഏതെങ്കിലും ചിലതിന്റെ കുറവുകൊണ്ടാണ് മിക്കപ്പോഴും ജ്ഞാനം പ്രതിപാദിക്കപ്പെട്ടാലും വേണ്ടത്ര സഫലമാവാത്തത്.

അനന്തരം ജഗദ്ദോഷപ്രതിപാദനമാണാദ്യം തന്നെ നടക്കുന്നത്. രാമചന്ദ്രനെക്കൊണ്ടുതന്നെയാണ് അതു പറയിക്കുന്നത്. ശിഷ്യന്റെ വൈരാഗ്യത്തെയും സംസാരത്തിലുള്ള വെറുപ്പിനെയും പ്രകാശിപ്പിക്കാൻവേണ്ടിയാണിങ്ങനെ ചെയ്യുന്നത്. വൈരാഗ്യമില്ലാത്തൊരാൾക്ക് എത്രതന്നെ ശാസ്ത്രാഭ്യാസമോ ജിജ്ഞാസയോ ഉണ്ടായിട്ടും വിശേഷിച്ചു പ്രയോജനമൊന്നുമില്ല. സംസാരത്തിൽനിന്നു നിവർത്തിക്കാതെ ആരും മുക്തനാവാൻപോവുന്നില്ല. വൈരാഗ്യംകൊണ്ടു മാത്രമേ സംസാരത്തിൽനിന്നു നിവർത്തിക്കാനും പറ്റൂ. അതിനാൽ ശാസ്ത്രഭ്യാസംകൊണ്ടും സജ്ജനസംസർഗ്ഗംകൊണ്ടുമൊക്കെ ഒരാൾക്കാദ്യം വൈരാഗ്യത്തിൽ ദൃഢതയുണ്ടായിത്തീരുകയാണ് വേണ്ടത്. ദൃഷ്ടമായ ഈ ജഗത്തോ അതിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഈ ശരീരമോ തന്നെ സുഖിപ്പിക്കാനോ അല്ലെങ്കിൽ ദുഃഖത്തിൽനിന്നു നിവർത്തിപ്പിക്കാൻപോലുമോ പര്യപ്തമല്ല. നേരെമറിച്ച് അവയാണ് തന്റെ ദുഃഖത്തിനും ക്ലേശത്തിനും ഏകഹേതുവെന്നും ഒരാൾക്കു ബോദ്ധ്യം വരണം. അതു വരാതിരിക്കുംകാലത്തോളം ശാസ്ത്രജ്ഞാനം കൊണ്ടുകൂടി പ്രയോജനമില്ല. ഈ പരമാർത്ഥം തികച്ചും ധരിച്ചിരിക്കുന്ന ശ്രീരാമചന്ദ്രനെന്നും അതിനാൽ തീവ്രവൈരാഗ്യത്തെ സമ്പാദിച്ചു ജ്ഞാനാഗ്രഹണത്തിന് ഉത്തമാധികാരിയായിരുന്നു അദ്ദേഹമെന്നും വ്യക്തമാക്കുന്നു ശ്രീരാമചന്ദ്രന്റെ ജഗന്മിതഥ്യാത്വാദി പ്രതിപാദനത്തിൽക്കൂടെ. ഇങ്ങനെ ഉത്തമാധികാരികളായവർക്കു വളരെ വേഗത്തിൽ ജ്ഞാനം പ്രയോജനപ്പെടുന്നു. അല്ലാത്തവർക്കും കാലദൈർഘ്യവും വന്നുചേരുന്നു. ദുഃഖത്തിനും അസ്വാസ്ഥ്യത്തിനും കാരണമെന്താണെന്നു ചോദിച്ചപ്പോൾ രാമൻ പറകയാണ്.

“ഈ ലോകത്തിൽ ദുഃഖിക്കാനല്ലാതെ മറ്റെന്തിനാണവസരമുള്ളത്? ജനിക്കുമ്പോഴും മരിക്കുമ്പോഴും ദുഃഖം, ജീവിതത്തിൽ ഓരോ നിമിഷവും ദുഃഖംതന്നെ. കാരണങ്ങൾ പലതാണ്. കാരണങ്ങൾ എന്തൊക്കെയായാലും കാര്യം ദുഃഖം ഒന്നുമാത്രം. ഇത് ഒരാൾക്കോ ഒരു കാലത്തോ സംഭവിക്കുന്ന അവസ്ഥയല്ല. എല്ലാ കാലത്തും എല്ലാവരുടേയും അവസ്ഥതന്നെ. അന്തകന്റെ നായാട്ടിന്നുള്ള സ്ഥലമാണ് സംസാരമെന്നും പറയാം. അന്തകനിൽനിന്നു രക്ഷപ്പെടുത്തി ശരീരത്തെ നിലനിർത്താൻ ഓരോരുത്തരും ആഗ്രഹിക്കുകയും, അതിനുവേണ്ടി അനവരതം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഒരാൾപോലും വിടാതെ അന്തകനാൽ ആക്രമിക്കപ്പെടുകയും ചെയ്യുന്നു. അവിവേകിയായ ബാലൻ നിഴലിനെപ്പിടിക്കാൻ പായുംപോലെയാണ് വിഷയപദാർത്ഥങ്ങളുടെ പിന്നാലെയുള്ള ഓട്ടം. ഏതെങ്കിലും ഒരു വിഷയം എപ്പോഴെങ്കിലും ഒരാളെ സുഖിപ്പിച്ചിട്ടുണ്ടെങ്കിൽ തരക്കേടില്ല; അതില്ലെന്നുമാത്രമല്ല എപ്പോഴും ദുഃഖിപ്പിക്കുന്നുണ്ടെന്നതാനും.

പദാർത്ഥങ്ങളുണ്ടായാൽ ഉണ്ടായിട്ടുള്ള ദുഃഖം, ഇല്ലെങ്കിൽ ഇല്ലാഞ്ഞിട്ടുള്ള ദുഃഖം. നശിച്ചാൽ നശിച്ചിട്ടുള്ള ദുഃഖം. നശിക്കുന്നതുവരെ നശിക്കാത്തതുകൊണ്ടുള്ള ദുഃഖം. എന്നു വേണ്ട സംസാരത്തിൽ ഓരോരുത്തരും അനവരതം ദുഃഖത്തെ മാത്രം മാറിമാറി അനുഭവിക്കുന്നു, അങ്ങനെയുള്ള പ്രപഞ്ചത്തിൽ സുഖിക്കാനാണ് ഓരോരുത്തരുടെയും പരിശ്രമം. എത്രയൊക്കെ പരിശ്രമിച്ചാലും സുഖംമാത്രം ആർക്കും കിട്ടുന്നുമില്ല. കാമിനീകാഞ്ചനങ്ങളും, രമ്യങ്ങളായ ഹർമ്മ്യങ്ങളും, വിശിഷ്ടങ്ങളായ ശയ്യാദ്യുപകരണങ്ങളും എല്ലാമുണ്ടായാലും ചപലനായ ബാലനെപ്പോലെ ചിത്തം സംതൃപ്തിപ്പെടുകയോ സമാധാനമായിരിക്കുകയോ ചെയ്യുന്നില്ല. പിന്നെ എന്തൊക്കെയുണ്ടായിട്ടെന്തു കാര്യം? അതിനാൽ വിവേകിയായ ഒരാൾ ഒരു നിമിഷം പോലും സംസാരത്തിൽ നില്കാനിഷ്ടപ്പെടുന്നില്ല. എന്നിരിക്കെ ഒരാൾക്കെങ്ങിനെയാണിതിൽ സ്വസ്ഥനായും തൃപ്തനായും കഴിയാൻ സാധിക്കുന്നത്?”

എന്നിങ്ങനെയായിരുന്നു ശ്രീരാമചന്ദ്രന്റെ വാക്കുകളുടെ ഏതാണ്ടു ചുരുങ്ങിയ രൂപം, കാമിനീകാഞ്ചനങ്ങളുടേയും, ശരീരത്തിന്റേയും, ശരീരധർമ്മങ്ങളുടേയും, പ്രപഞ്ചത്തിന്റെ ഒട്ടാകെത്തന്നെയും ദുഃഖാത്മകതയേയും, മിത്ഥ്യാത്വത്തേയും വ്യക്തമായുപദേശിച്ചുകൊണ്ടും, അവയിൽ തനിക്കുള്ള അത്യന്തതീവ്രമായ വൈരാഗ്യത്തെ പ്രകാശിച്ചുകൊണ്ടുമുള്ള കുമാരന്റെ വാക്കു സദസ്സിലുള്ള ജനങ്ങളെ മാത്രമല്ല, ആകാശത്തു നില്ക്കുന്ന സിദ്ധഗണങ്ങളേയും, ദേവന്മാരേയുംകൂടി അതിശയിപ്പിച്ചു. അവർ അത്ഭുതപരതന്ത്രന്മാരായി ശ്രീരാമചന്ദ്രനെ വാഴ്ത്തി സ്തുതിക്കുകയും പുഷ്പം വർഷിക്കുകയും ചെയ്തു. ജഗത്തിലുള്ള നാനാപദാർത്ഥങ്ങളിലും അനുഭവങ്ങളിലും അത്യന്താസക്തന്മാരായി അവയെ കിട്ടാനുള്ള ബദ്ധപ്പാടോടെ ഓരോരുത്തരും പാഞ്ഞു നടന്നുകൊണ്ടിരിക്കേ ഇപ്രകാരമുള്ള അമൃതായമാനങ്ങളായ വൈരാഗ്യവാക്കുകൾ ആരുടെ മുഖത്തുനിന്നു കേൾക്കും? പദാർഥങ്ങളും അനുഭവങ്ങളും കിട്ടിയതുപോരെന്നുള്ള ആവലാതിയാണോരോരുത്തർക്കുമുള്ളത്. അപ്പോൾ അവയിൽ നിന്നു വിട്ടുപോരാത്തതുകൊണ്ടുള്ള ആവലാതി ആരെയാണത്ഭുതപ്പെടുത്താത്തത്? ബുദ്ധിമാനും വിവേകിയുമായ ഒരാൾ ഇപ്രകാരം വിവേചനം ചെയ്തു സത്യത്തെ അറിഞ്ഞു മിത്ഥ്യയായ ജഗത്തിൽ നിന്നു വിരക്തനാവണം. എങ്കിലേ സമാധാനത്തിനും സംതൃപ്തിക്കും അവകാശമുള്ളൂ.

ശ്രീരാമചന്ദ്രന്റെ വാക്കിനെക്കേട്ട സഭാവാസികളെല്ലാം ആശ്ചര്യംകൊണ്ടു സ്തബ്ധന്മാരായി ഒന്നും മിണ്ടാതിരുന്നു. അപ്പോൾ വിശ്വാമിത്രൻ പറഞ്ഞു. രാമൻ അറിയേണ്ടതെല്ലാം അറിഞ്ഞിരിക്കുന്നു. പക്ഷെ ലക്ഷ്യവസ്തുവിൽ വിശ്രാന്തിയെ പ്രാപിച്ചിട്ടില്ലെന്നേ ഉള്ളൂ. ശ്രീശുകനും പണ്ട് ഇതേ നിലയാണ് വന്നുചേർന്നത്. അറിയേണ്ടതെല്ലാം അറിഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും വിശ്രാന്തി കിട്ടാതെ അസ്വസ്ഥനായിരുന്നു. ഇപ്രകാരമുള്ള വിശ്വാമിത്രവാക്യം കേട്ട ശ്രീരാമചന്ദ്രൻ ശുകവൃത്താന്തം കേട്ടാൽ കൊള്ളാമെന്ന ആശയത്തെ പ്രദർശിപ്പിച്ചു. വിശ്വാമിത്രമഹർഷി ആ ചരിത്രം പറഞ്ഞുകൊടുക്കുകയും ചെയ്തു.

വ്യാസപുത്രനായ ശുകൻ ചെറുപ്പത്തിൽത്തന്നെ സംസാരത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും വിസ്താരം ചെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി വിവേകമുദിച്ചു. ജഗത്തു മിഥ്യയാണെന്നും ആത്മാവുമാത്രമാണ് സത്യമെന്നും ബോദ്ധ്യമായി, തീവ്രവൈരാഗ്യം കൊണ്ടു സംസാരത്തിൽ നിന്നു നിവൃത്തനായി. എങ്കിലും ആത്മാവിൽ പൂർണ്ണവിശ്രാന്തി കിട്ടിയിട്ടില്ല. മറ്റാരും പറഞ്ഞുതരാതെ തന്നെത്താൻ തനിക്കുണ്ടായ ഈ ജ്ഞാനം സത്യമാണോ എന്ന ചിന്തയാണ് ആ മഹാത്മാവിനെ അലട്ടിയിരുന്നത്. അതിനാൽ സത്യത്തെ അറിഞ്ഞിട്ടും അറിയാത്തവനെപ്പലെ മൂഢനും സംശയാലുവും ദുഃഖിയുമായിരുന്നു. ഒരിക്കൽ തന്റെ പിതാവായ ബാദരായണമഹർഷിയെ സമീപിച്ചു സത്യത്തെ ഉപദേശിച്ചാൽ കൊള്ളാമെന്നപക്ഷേച്ചു. അദ്ദേഹം ഉപദേശിക്കുകയും ചെയ്തു. എന്നാൽ താൻ വിവേകംകൊണ്ട് തന്നത്താനറിഞ്ഞതും പിതാവുപദേശിച്ചതും ഒന്നുതന്നെ എന്നു വന്നപ്പോൾ പിന്നേയും സമ്പൂർണ്ണവിശ്വാസം വന്നില്ല. പിതാവുപദേശിച്ച തത്വത്തെ താൻ പണ്ടുതന്നെ തന്റെ വിവേകം കൊണ്ടറിഞ്ഞിട്ടുണ്ടെന്നും അതിനാൽ ഇതുതന്നെയാണോ പരമമായ സത്യം; അഥവാ ഇനിയും വല്ലതുമുണ്ടോ? എന്നിങ്ങനെ സംശയബുദ്ധിയോടെ വീണ്ടും ചോദിച്ചപ്പോൾ വ്യാസമഹർഷിക്കു കാര്യം മനസ്സിലായി. കാര്യം മനസ്സിലായിട്ടുണ്ടെങ്കിലും വിശ്വാസം വന്നിട്ടില്ല. അതു താൻ പറഞ്ഞാൽ വിശ്വസിക്കാൻ വിഷമവുമാണ്. അതുകൊണ്ട് മറ്റൊരെക്കൊണ്ടങ്കിലും ഉൽബോധിപ്പിക്കായിരിക്കും വിശ്വാസം ഉറയ്ക്കാൻ നല്ലതെന്നു കരുതി "എനിക്കിത്രമാത്രമേ ബ്രഹ്മതത്വത്തെക്കുറിച്ചറിയാൻ കഴിഞ്ഞിട്ടുള്ളൂ. മിഥിലാരാജ്യത്തിൽ ജനകനെന്നൊരു രാജാവുണ്ട്. അദ്ദേഹത്തെ സമീപിച്ചാൽ സംശയം തീർത്തുതരുമെന്ന്" പറഞ്ഞു. ഉടനെത്തന്നെ ശുകൻ മിഥിലയിലേയ്ക്കു യാത്രയായി. സർവ്വജ്ഞനായ മൈഥിലൻ വിവരമറിഞ്ഞു ശുകന്റെ വൈരാഗ്യത്തെ പരീക്ഷിക്കാൻ തീർച്ചപ്പെടുത്തി. പരീക്ഷിച്ചു ബോദ്ധ്യപ്പെടുകയും ചെയ്തു.

ബ്രഹ്മജ്ഞാനം വിലപിടിച്ച ഒരു വസ്തുവാണ്. തികച്ചും അർഹതയുണ്ടെന്നു ബോദ്ധ്യംവന്ന ഒരാൾക്കുമാത്രമേ അനുഭവരസികനായ ഗുരു അതിനെ കൊടുകയുള്ളൂ. സംസാരവിഷയങ്ങളിലുള്ള തീവ്രവൈരാഗ്യമാണ് മുഖ്യമായ അർഹത. വിഷയേച്ഛുവായ ഒരാൾക്കു ബ്രഹ്മവിജ്ഞാനം കിട്ടാൻ പോവുന്നില്ല. അഥവാ കിട്ടിയാലും - രാവണനു സീതയെ കിട്ടിയപോലെ - പ്രയോജനപ്പെടാനും പോവുന്നില്ല. അതിനാൽ ശിഷ്യന്റെ വൈരാഗ്യാദിഗുണങ്ങളെ പരീക്ഷിച്ചറിയൽ ഗുരുവിന്റെ ഒരു കൃത്യമായിട്ടുകൂടിയാണ് ഈ വിഷയത്തിൽ കണക്കാക്കിവരാറ്. ജനകൻ ശുകനെ എല്ലാ വിഷയങ്ങളിൽ നിന്നും അകറ്റിയും അടുപ്പിച്ചും നോക്കി രണ്ടു ഭാവത്തിലും ഭേദം കണ്ടില്ല. കുറെ ദിവസം അരമനയ്ക്കു പുറത്തു യാതൊരു വിഷയങ്ങളും കിട്ടാൻ വയ്യാത്ത തോതിൽ നിർത്തി. പിന്നെ സർവ്വ വിഷയസമ്പന്നമായ അരമനയ്ക്കുള്ളിൽ അന്തഃപുരസ്ത്രീകളെകൊണ്ടു പല പ്രകാരത്തിൽ ശുശ്രൂഷിപ്പിച്ചു നോക്കി. പ്രസ്തുത രണ്ടു സമയത്തും തുല്യഭാവമല്ലാതെ യാതൊരു ഭേദഭാവും ശുകനിൽ കണ്ടില്ല. വിഷയങ്ങളെ കിട്ടാത്തപ്പോൾ പരിഭ്രമമോ, ആവലാതിയോ കണ്ടില്ല. ധാരാളം കിട്ടിയപ്പോൾ സന്തോഷവും കണ്ടില്ല. വിഷയങ്ങളോ, ശരീരധർമ്മങ്ങളെയോ പറ്റി ചിന്തയേ ഇല്ലെന്നതിന്റെ തെളിവാണല്ലോ അത്. അതുതന്നെയാണ് വൈരാഗ്യത്തിന്റെയും ലക്ഷണം. അത്യന്തവിരക്തനും അതുകാരണത്താൽ ബ്രഹ്മജ്ഞാനത്തിനു തികച്ചും പാത്രവുമാണ് ശുകനെന്നു

ബോദ്ധ്യമായി. ഇത്രയും ബോദ്ധ്യപ്പെട്ടതിനു ശേഷമാണ് തന്റെ സമീപത്തേയ്ക്കാനയിപ്പിച്ചത്. സർവ്വോൽകൃഷ്ടമായ ബ്രഹ്മജ്ഞാനത്തെ അദ്ദേഹത്തിനു ഉപദേശിക്കുകയും ചെയ്തു. അപ്പോഴും ശുകൻ തന്റെ സംശയത്തെ വ്യക്തമാക്കി.

പറയപ്പെട്ട ഈ തത്വം പണ്ടുതന്നെ താൻ വിവേകം കൊണ്ടറിഞ്ഞിട്ടുണ്ട്. പിന്നീട് അച്ഛനോടു ചോദിച്ചപ്പോൾ ബാദരായണമഹർഷി പറഞ്ഞതും ഇതുതന്നെ. ഇപ്പോൾ അങ്ങു പറഞ്ഞതും അതുതന്നെ. അതിനാൽ പരമസത്യം ഇതുതന്നെയാണോ എന്നാണ് ശുകന്റെ സംശയം. ജനകരാജാവ് അതിനു മറുപടി പറഞ്ഞുകൊടുത്ത് സമാധാനിപ്പിച്ചു. ആദ്യംതന്നെ ഗുരുമുഖേനയല്ലാതെ തന്നത്താൻ ഗ്രഹിക്കാനിട വന്നതുകൊണ്ടാണ് ഈ സംശയം നേരിട്ടത്. ഗ്രഹിക്കപ്പെട്ടതു പരമസത്യമായാലും തന്റെ അപൂർണ്ണതകൊണ്ട് അതു ശരിയാണോ എന്ന സംശയം ഉണ്ടായിത്തീരുന്നതു സ്വഭാവികമാണ്. അതു സാരമില്ല. പരമതത്വം അങ്ങു ഗ്രഹിച്ചതുതന്നെ, അതിനെ സാക്ഷാൽക്കരിക്കാൻ ശ്രമിക്കു. എന്നിങ്ങനെ ജനകരാജാവു സംശയത്തെ തീർത്തുകൊടുത്തു. അതോടെ ഉൽബുദ്ധനും ചരിതാർത്ഥനുമായ ശുകൻ പിന്നീടു നിർവ്വികല്പസമാധിയിൽ വളരെക്കാലം ഇരുന്നു. പിന്നീടു സമാധിയിൽ നിന്നുണർന്നപ്പോൾ ആത്മാവിൽ സമ്പൂർണ്ണവിശ്രാന്തിയും അവസ്ഥിതിയും കിട്ടീട്ടുണ്ടായിരുന്നു.

ഇതുപോലെയാണ് രാമചന്ദ്രന്റെയും ഇപ്പോഴത്തെ അവസ്ഥ, തത്വബോധമുണ്ടായിട്ടുണ്ടെങ്കിലും, തത്വാവസ്ഥിതിയോ വിശ്രാന്തിയോ കിട്ടീട്ടില്ല. അതാണ് അസ്വസ്ഥ്യത്തിന്റെ കാരണം. സജ്ജനമുഖത്തുനിന്നു തത്വത്തെ കേൾക്കുമ്പോൾ ഉൽബുദ്ധനാവും. അപ്പോൾ തത്വാവസ്ഥിതിയും വിശ്രാന്തിയും കിട്ടുകയും ചെയ്യും. അതിനാൽ സർവ്വജ്ഞനും ബ്രഹ്മപുത്രനുമായ വസിഷ്ഠൻതന്നെ യുക്തികളെക്കൊണ്ട് രാമനു വന്നുചേർന്ന ജാഡ്യത്തെ അകറ്റി തത്വത്തെ ഉൽബോധിപ്പിക്കട്ടെ. ഉപദേശിക്കാൻ അർഹതയുള്ള ഗുരുവും ഗ്രഹിക്കാൻ പ്രാപ്തനായ ശിഷ്യനും കൂടിച്ചേർന്നു നടക്കുന്ന ഉപദേശം ഉൽകൃഷ്ടമായ ഫലത്തെ ചെയ്യും. വസിഷ്ഠൻ അർഹതയുള്ള ഗുരുവും, രാമൻ അർഹതയുള്ള ശിഷ്യനുമാണ്. അതിനാൽ അവരന്യോന്യം കൂടിച്ചേർന്ന് ഈ സജ്ജനസഭയിൽവെച്ചു നടക്കുന്ന ചോദ്യോത്തരസ്വരൂപമായ ജ്ഞാനോപദേശം തികച്ചും ഇഷ്ടഫലത്തെ ചെയ്യുമെന്നതിന് സംശയമില്ല.

ഇപ്രകാരമുള്ള വിശ്വാമിത്രന്റെ വാക്കിനെ സഭയിലുള്ള എല്ലാവരും ഒരു പോലെ അഭിനന്ദിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഈ സമയത്താണ് വസിഷ്ഠമഹർഷി വിശ്വാമിത്രനേയും മറ്റുള്ളവരേയും അനുമോദിച്ചുകൊണ്ടു മുന്നിലേയ്ക്കു നീങ്ങി ശ്രീരാമന്നഭിമുഖമായിരുന്ന് ഉപദേശമാരംഭിക്കുന്നത്. 'വൈരാഗ്യപ്രകരണ'മെന്ന ഒന്നാമത്തെ പ്രകരണം ഇവിടെ അവസാനിക്കുകയും ചെയ്യുന്നു.

ബ്രഹ്മജ്ഞാനജിജ്ഞാസുവായ ഒരാൾക്കെത്രമാത്രം വൈരാഗ്യമുണ്ടാവണമെന്നാണീ പ്രകരണംകൊണ്ടു വ്യക്തമാക്കുന്നത്. ബോംബെയിലുള്ള ഒരാൾക്കു കല്ക്കത്തയിലെത്താൻ

ആഗ്രഹമുണ്ടെന്നിരിക്കട്ടെ. എന്നാൽ അയാൾ തന്റെ ആഗ്രഹം സാധിക്കാൻ ആദ്യംതന്നെ ബോംബെവിടാതെ ഒരിക്കലും അയാൾ കല്ക്കത്തയിൽ എത്താൻപോവുന്നില്ല. അതുപോലെ സംസാരത്തിൽ നിന്നു വിടാതിരിക്കുംകാലത്തോളം ആരും പരാനുഭൂതിയെത്താൻ പോവുന്നില്ല. സംസാരത്തിൽ നിന്നുവിടലാണ് ഒന്നാമത്തേതും മുഖ്യവുമായ കാര്യം. അതാണ് വൈരാഗ്യം. വൈരാഗ്യം കൊണ്ടു സംസാരത്തിൽ നിന്നു വിടുമ്പോൾ മാത്രമേ ജ്ഞാനം കൊണ്ടു പരാനുഭൂതിയിലെത്താൻ പോവുന്നുള്ളു. വേദശാസ്ത്രങ്ങളെയൊക്കെ പഠിക്കുകയും തപസ്സും യോഗവും അഭ്യസിക്കുകയും ചെയ്താലും വൈരാഗ്യത്തിന്റെ കുറവുകൊണ്ടു മിക്കപ്പോഴും അനുഭൂതിയിലെത്താതിരിക്കാറുണ്ട്. അതിനാൽ ജ്ഞാനത്തിനു മുഖ്യമായ ഉപാധിവൈരാഗ്യമാണെന്നു പറഞ്ഞാൽ തെറ്റില്ല. തീവ്രവൈരാഗ്യമുള്ള ഒരാൾക്ക് മറ്റൊന്നുമില്ലെങ്കിലും ജ്ഞാനമുണ്ടാവാം. നിറച്ചും വെള്ളമുള്ളൊരു പാത്രത്തിൽ നിന്നു കുറെ വെള്ളമെടുത്താൽ ഒഴിഞ്ഞ സ്ഥലത്ത് പ്രയത്നംകൂടാതെ തന്നെ വായു നിറയുന്നതെപ്രകാരമാണോ അതുപോലെയാണ് സംസാരവസ്തുക്കളെക്കൊണ്ടു നിറഞ്ഞ ചിത്തത്തിൽ നിന്ന് ചിലവയെ അകറ്റിയാൽ ഒഴിഞ്ഞ സ്ഥലത്ത് ഈശ്വരഭാവം അല്ലെങ്കിൽ ആത്മജ്ഞാനം സ്വാഭാവികമായി പ്രകാശിക്കുന്നത്. വെള്ളം നിറച്ചുള്ളപ്പോൾ എപ്രകാരം വായുവിനു പാത്രത്തിൽ നിറയാൻ കഴിയില്ലയോ, അതുപോലെ സംസാരവസ്തുക്കളെക്കൊണ്ടു ചിത്തം നിറഞ്ഞിരിക്കുമ്പോൾ മറ്റൊന്നിനും അവിടെ പ്രവേശിക്കാനും വയ്യ. ഇതാണ് തീവ്രവൈരാഗ്യം കൊണ്ടേ ജ്ഞാനമുണ്ടാവൂ എന്നു പറയുന്നതിന്റെ ചമല്ക്കാരം. ജ്ഞാനത്തിനും സംസാരത്തിനും ഉപാധി ചിത്തമാകുന്ന ഒന്നുതന്നെ. അതിൽ ഒന്നു നിറഞ്ഞിരിക്കുമ്പോൾ മറ്റൊന്നിനു പ്രവേശിക്കാൻ വയ്യ. സംസാരത്തെ അകറ്റി ചിത്തത്തെ ഒഴിവാക്കലാണ് വൈരാഗ്യം കൊണ്ടു സാധിക്കേണ്ടിയിരിക്കുന്നത്. ചിത്തം കേവലം ചിദാകാശംപോലെ നിർമ്മലമായിത്തീർന്നാൽ ആത്മജ്ഞാനത്തിനു പ്രയത്നംതന്നെ ആവശ്യമില്ല. അതിനാൽ ആത്മജ്ഞാനത്തെ സാധിപ്പിക്കുന്നു വൈരാഗ്യം എന്നുപറയണം. ആത്മജ്ഞാനപ്രതിപാദനം ആരംഭിക്കുന്നതിനുമുമ്പ് വൈരാഗ്യപ്രകരണത്തെ പ്രതിപാദിച്ചത്. ഈ കാരണത്താലാണുതാനും. ജ്ഞാനസമ്പാദനത്തിനുള്ള പ്രയത്നത്തിനു മുമ്പും വൈരാഗ്യമാണൊരാൾക്ക് ഉണ്ടാവേണ്ടത്.

മുമുക്ഷുപ്രകരണം

വസിഷ്ഠമഹർഷി ആദ്യംതന്നെ ശ്രീരാമചന്ദ്രനോട് പുരുഷപ്രയത്നത്തിന്റെ മാഹാത്മ്യത്തെയാണ് ഉപന്യസിക്കുന്നത്. വിധിയെന്നോ വാസനയെന്നോ ഭാഗ്യമെന്നോ ഒക്കെപറഞ്ഞു പ്രയത്നം ചെയ്യാതെ അലസനായിരിക്കുന്ന ഒരാൾക്ക് ഒരു കാര്യവും ഈ ലോകത്തിൽ നിറവേറാൻ പോകുന്നില്ല. തൃഷ്ണയോടുകൂടിയ പ്രയത്നം കൊണ്ടു മാത്രമേ ആത്മജ്ഞാനം ഉണ്ടാവൂ.വാസന അനുകൂലിക്കുമ്പോൾ താനേ ജ്ഞാനമുണ്ടാവുമെന്നുപറഞ്ഞ് അലസനും മൂടനുമായിക്കഴിയുന്ന ഒരാൾക്ക് എത്രകാലം കഴിഞ്ഞാലും ജ്ഞാനമുണ്ടാവാൻ പോകുന്നില്ല. വിവേകംകൊണ്ട് വാസനയെ കീഴോതുക്കി പ്രയത്നത്തെ സഫലമാക്കണം. അതാണ് പൌരുഷം. വാസനയെന്നു പറഞ്ഞാൽ ഇന്നലെ ചെയ്ത കർമ്മങ്ങളുടെ അവശിഷ്ടവും ഓർമ്മയുമാണ്. ഇന്നത്തെ ഇച്ഛയ്ക്ക് അത് അനുകൂലമല്ലെങ്കിൽ ഇന്നു വേണ്ടപോലെ ചെയ്ത് ഓർമ്മയേയും കർമ്മത്തെയും ഫലത്തെയും ശരിപ്പെടുത്തിയാൽ മതി. ശാസ്ത്രാഭ്യാസവും സത്സംഗവും തുടർച്ചയായി ചെയ്തുകൊണ്ടിരുന്നാൽ വിവേകവും സദ്വാസനയും എല്ലാം ഉണ്ടാവും. ശാസ്ത്ര നിർദ്ദേശങ്ങൾക്കും സജ്ജനാചാരത്തിനും ഹിതമെന്നും ആഹിതമെന്നും രണ്ടു രൂപത്തിലാണ് വാസന. ഇതിൽ ഹിതമായ വാസന പുരുഷ ത്തോട് കൂടിച്ചേർന്നാൽ വളരെ വേഗത്തിൽ വികസിച്ച് സത്ഫലത്തെ പ്രദാനം ചെയ്യും. ആഹിതമാണ് വാസനയെന്കിൽ വിവേകംകൊണ്ട് ഹിതമാക്കിത്തീർക്കണം. അങ്ങനെ ചെയ്യാതെ അശുഭവാസനയെ ഇഷ്ടംപോലെ പ്രവഹിക്കാൻ അനുവദിക്കുന്ന പക്ഷം അനേകം ദുഷ്ടകർമ്മങ്ങൾ വളരാനും അതിന്റെ ഫലമായി അനന്തരയാതനകളനുഭാവിക്കാനും ഇടയാവുകയും ചെയ്യും.

ഇങ്ങനെ ആദ്യം തെന്നെ പുരുഷ പ്രയത്നത്തിന്റെ ആവശ്യകതയും മാഹാത്മ്യത്തെയും വാസനയുടെ സ്വഭാവത്തെയും ഉപന്യസിച്ചു പറഞ്ഞശേഷം ബ്രഹ്മദേവൻ സ്വയമേവ വസിഷ്ഠ മഹർഷിക്കുപദേശിച്ചജ്ഞാനത്തെ ഉപദേശിക്കാമെന്നും എന്നാൽ എല്ലാ ചിത്ത വിഭ്രാന്തിയും തീരുമെന്നും പറഞ്ഞ് അതിനെ ഉപദേശിക്കാൻ തുടങ്ങി.
സഗുണമെന്നോ നിർഗ്ഗുണമെന്നോ പറയാൻ വയ്യാത്ത നിർമ്മലമായ ചിദാകാശത്തിൽ നിന്ന് വിഷ്ണുദേവനും, വിഷ്ണുദേവന്റെ ഹൃദയപദ്മത്തിൽ നിന്ന് ബ്രഹ്മദേവനുമുണ്ടായി. ബ്രഹ്മദേവൻ നാനാവിധ സങ്കൽപ്പങ്ങളെകൊണ്ടു അനന്ത ഭൂതജാലങ്ങളടങ്ങിയ ഈ ജഗത്തിനെ മുഴുവൻ സൃഷ്ടിച്ചു. ഭാരത വർഷത്തിലെ മനുഷ്യ സമുദായം പല ദുഃഖ പരമ്പരകളെയും അനുഭവിച്ചു തപിക്കുന്നതുകണ്ട ബ്രഹ്മദൈവന്റെ മനസ്സലിഞ്ഞു. ഏതെന്കിലും പ്രകാരത്തിൽ ഇവർക്ക് ക്ഷേമമുണ്ടാകണമെന്നുന്നിശ്ചയിച്ചു. യോഗം, തപസ്സ്, തുടങ്ങിയവയെല്ലാം ക്ഷേമ കാരണങ്ങളാണെങ്കിലും ജ്ഞാനം കൊണ്ട് മാത്രമേ ആത്യന്തിക സമാധാനം കിട്ടൂ. അതിനാൽ ഇവർക്ക് ജ്ഞാനത്തെതന്നെ കൊടുത്തനുഗ്രഹിക്കണമെന്ന് തീർച്ചപ്പെടുത്തി.സങ്കല്പംകൊണ്ട് വസിഷ്ഠ മുനിയെ സൃഷ്ടിച്ചു. അദ്ദേഹത്തെ പ്പോലെ തന്നെ കമണ്ഡലുവും ജപമാലയും ധരിച്ച

മുന്നിൽ നിൽക്കുന്ന ജ്ഞാന സമ്പന്നനായ വസിഷ്ഠനെ ബ്രഹ്മ ദേവൻ ശപിച്ച് അജ്ഞാനനാക്കി. അജ്ഞാനം വളർന്നു ചപലനായി അത്യന്ത ദുഃഖ പരവശ മായി ത്തീർന്ന വസിഷ്ഠ നെ നോക്കി പിതാവായ ബ്രഹ്മദേവൻ കാരുണ്യത്തോടുകൂടുംവണ്ണം ജ്ഞാനത്തെ ഉപദേശിച്ചു. അനന്തരം ജംബുദ്വീപ ത്തിലുള്ള മനുഷ്യരെ ഉപദേശം കൊണ്ടുൽബുദ്ധരാക്കാൻ നിർദ്ദേശിച്ചയക്കുകയും ചെയ്തു.
ഈ കഥയൊക്കെ വസിഷ്ഠ മഹർഷി വിസ്തരിച്ചു പറഞ്ഞു കൊടുത്ത്.അജ്ഞാന ത്തിന്റെ ഗൌരവത്തെ അറിഞ്ഞവനുമാത്രമേ ജ്ഞാനത്തിന്റെ മഹിമ അറിയാൻ പറ്റൂ. അതിനാണ് വസിഷ്ഠ മഹർഷിയെ ആദ്യം അജ്ഞാനനാക്കിയത്. അതിനാൽ അജ്ഞാനം കൊണ്ടുള്ള താപത്തിന്റെ സ്വരൂപം അദ്ദേഹത്തിനു നല്ലവണ്ണം മനസ്സിലായി. അപ്പോൾ ജ്ഞാനത്തിന്റെ മഹിമയും മനസ്സിലായി. ദാഹമുള്ളൊരാൾക്കേ ജലത്തിന്റെ മഹാത്മ്യം അറിയൂ.

അങ്ങനെ യാതൊരു ജ്നാനമാണോ ആ അജ്ഞാനദശയിൽനിന്ന് ഉൽബുദ്ധനാക്കാൻവേണ്ടി ബ്രഹ്മ ദേവൻ ഉപദേശി ച്ചത്, അതിനെ പറഞ്ഞു തരാം. എന്നാൽ എല്ലാ ബ്രാന്തിയും അകലുമെന്നു പറഞ്ഞു വസിഷ്ഠ മഹർഷി ബ്രഹ്മാദി ഷ്ടമായ ജ്ഞാനത്തെ പ്രവചിക്കാൻ തുടങ്ങി.

ഒരു രാജധാനി യിലേക്ക് എളുപ്പത്തിൽ പ്രവേശിക്കണ മെങ്കിൽ അവിടത്തെ ദ്വാരപാലകന്മാർ സ്വാധീന മാവണമല്ലോ. അതുപോലെ മോക്ഷമാകുന്ന രാജധാനിക്ക് ശമം (ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും അടക്കം), തത്ത്വ വിചാരം, സന്തോഷം, സജ്ജനസംസർഗ്ഗം എന്നീ നാല് ദ്വാര പാലകന്മാരാണുള്ളത്. അവരെ സ്വാധീനിച്ചാൽ വളരെ സുഗമമായി അകത്തു കടക്കാം. ഇനി അവരെ നാലാളെയും വശത്താക്കാൻ വിഷമാമാണെങ്കിൽ ചിലരെയെങ്കിലും സ്വാധീനിച്ചാലും കാര്യം നടക്കും. അതായത്, ജന്മ സാഫല്യമായ കൈവല്യ പ്രാപ്തി സാധിക്കണമെങ്കിൽ ആദ്യം തന്നെ സംസാരവുമായുള്ള ബന്ധം ചുരുക്കണം. സംസാരത്തിൽ ശക്തിയായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്ന കാലത്തോളം സംസാരാനുഭാവത്തിനു വിരുദ്ധമായ മോക്ഷാനുഭൂതി കൈവരാൻ വയ്യ, മനസ്സും ഇന്ദ്രിയങ്ങളും മുഖേനയാണ് സംസാരത്തോട് ബന്ധപ്പെട്ടി രിക്കുന്നത്. അതിനാൽ മനസിനെയും ഇന്ദ്രിയങ്ങളെയും അടക്കണം. ആ അടക്കം സ്ഥിരമായി നിലനിൽക്കണ മെങ്കിൽ താൻ ശരീരമല്ല, ആത്മാവാനെന്നും സംസാരം ഇല്ലാത്ത താനെന്നും ബോദ്ധ്യം വരണം. തത്ത്വവിചാരം കൊണ്ട് ആ ബോധം ഉണ്ടാവുകയും ഉറയ്ക്കുകയും ചെയ്യും. അതിനാൽ ' ഞാൻ ആരാണ്' ഈ പ്രപഞ്ച മെങ്ങനെ യുണ്ടായി; മരണ മേന്നാലെന്താണ്; മരണാനന്തരം ഞാൻ എവിടെ പോകും?" എന്നിങ്ങനെ എപ്പോഴും തന്നെയും തന്റെ അനുഭവങ്ങളെയും സംബന്ധിച്ചു തീഷ്ണ മായി വിചാരം ചെയ്തു കൊണ്ടിരിക്കണം. വിചാരം വേണ്ടത്ര വളരുമ്പോൾ വസ്തു ബോധ മുണ്ടാവും. വസ്തു ബോധ മുണ്ടാവുമ്പോൾ ഉപാധികളുടെ ധർമ്മമായ ദുഃഖ മല്ല, ആത്മാവിന്റെ ധർമ്മമായ ആനന്ദ മാണ്തന്റെ അനുഭവ മെന്നു ബോദ്ധ്യമാവും. അപ്പോൾ എല്ലാ സമയത്തും സന്തുഷ്ടമായിരിക്കാൻ വിഷമമില്ല. പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ദൃഢത യുണ്ടാവും. ഇടയ്ക്ക് സജ്ജന സമ്പർക്കം ചെയ്യുന്നു എന്ന് വന്നാൽ അതുകൊണ്ട് ഇടയ്ക്കെങ്കിലും സത്സംഗം ചെയ്തുകൊണ്ടിരിക്കണം.ഇങ്ങനെ ജീവിക്കുന്ന

ഒരാൾക്ക് ആദ്യം പറഞ്ഞ ശമം, വിചാരം, സന്തോഷം, സത്സംഗം, എന്നീ നാല് ദ്വാര പാലകന്മാരും സ്വാധീനമാവും. എന്നുവച്ചാൽ, മുൻ പറഞ്ഞ തോതിൽ ജീവിച്ചാൽ കാലം കൊണ്ട് മുക്തവാനാൻ വിഷമമില്ലെന്നർത്ഥം.

പറയപ്പെട്ടാ നാലു ധർമ്മങ്ങളിൽ ഒന്നെങ്കിലും ഒരാൾ വളർത്തണം, സംശയമില്ല. എങ്കിലേ കാലം കൊണ്ടെങ്കിലും അജ്ഞാന ത്തിൽനിന്ന് നിവർത്തിക്കാവുന്ന നിലയിലെത്തു. തന്റെ പ്രജ്ഞയാണ് അജ്ഞാനത്തെ വളർത്തുകയും നില നിർത്തുകയും ചെയ്യുന്നത്. തന്റെ പ്രജ്ഞ കൊണ്ടുതന്നെ വേണം അതിനെ നശിപ്പിക്കാനും. അതിനാൽ മോക്ഷത്തിന്റെ പരിശ്രമത്തിൽ ആദ്യംതന്നെ സത്വ സംഫുല്ല യും നിശിത യുമായ ബുദ്ധിയെ യാണ് സമ്പാദി ക്കേണ്ട തെന്നു പറഞ്ഞാൽ തെറ്റില്ല. ശരിയായ ശാസ്ത്ര പഠനവും സത്സംഗവും തപോനുഷ്ഠാനവും ഉണ്ടെങ്കിൽ ബുദ്ധിക്ക് പറയപ്പെട്ട ഗുണങ്ങളു ണ്ടായി ത്തീരും. സൂക്ഷ്മവും സത്വ സംഫുല്ല യും നിശിത യുമായ ബുദ്ധി കൊണ്ട് വളരെ വേഗത്തിൽ അജ്ഞാന വനത്തെ ഭേദിച്ച് സത്യമായ തത്ത്വത്തെ പ്രാപിക്കാൻ കഴിയും. അങ്ങനെ ഒന്നും ചെയ്യാതെ അല്സനായിസംസാരത്തിൽ തന്നെ മുഴുകി കഴിയുന്ന ഒരാൾ പല തരത്തിലുള്ള ക്ലേശങ്ങളെ ഇഹത്തിലും പരത്തിലും അനുഭവിക്കേണ്ടതായും വരുന്നു.

ശാസ്ത്ര ജ്ഞാനവും ഗുരുപദേശവും അഭ്യാസവും വേണ്ടപോലെ സാധിച്ച ഒരാൾക്ക് കാലം കൊണ്ട് അനുഭവം പ്രകാഷിക്കാതിരിക്കില്ല. അവ മൂന്നും വേണ്ടപോലെ ഉണ്ടാവുകയാണ് വേണ്ടത്. ഇനി ശാസ്ത്ര ജ്ഞാന മെങ്കിലും വേണ്ടപോലെ ഉണ്ടാവുന്നുവെങ്കിൽ സമാധാനം കിട്ടും. അതുമില്ലെന്കിൽ പിന്നെ മൂർഖത്ത്വം തന്നെയാണുള്ളത്. ചട്ടി കയ്യിലെടുത്തു ചന്ധാല ത്തെരുവിൽ നടന്നു ഭിക്ഷ വാങ്ങി ജീവിക്കുന്നതിനെ ക്കാളും കഷ്ടമാണ് മൂർഖ ജീവിതമെന്ന് പറയണം. സാമാന്യ സംസ്കാരം സിദ്ധിച്ച ഒരാൾ ഈ ശാസ്ത്രത്തെ പഠിക്കുന്ന പക്ഷം മൂർഖത നീങ്ങി വസ്തു പ്രാപ്തി യുണ്ടാവാം.ധനം കണ്ടോ ഗൃഹം കൊണ്ടോ ബന്ധു ജനങ്ങളെ കൊണ്ടോ വിവിധങ്ങളായ കർമ്മങ്ങളെ കൊണ്ടോ ഒന്നും ആർക്കും സമാധാനം കിട്ടാൻ പോകുന്നില്ല. ഇതുവരെ ആർക്കും കിട്ടീട്ടുമില്ല. തന്റെ മനോജയം ഒന്നുകൊണ്ടു മാത്രമേ സംതൃപ്തിയും സമാധാനവും പരാനുഭൂതിയും ഉണ്ടാവാൻ പോവുന്നുള്ളൂ. തൃഷ്ണ, ദുഃഖം, ആദി എന്നിവ കൊണ്ടുള്ള ഉപദ്രവം ചിത്ത ജയം കൊണ്ടല്ലാതെ എങ്ങനെ തീരും? ശമം കൊണ്ട് ചിത്ത മടങ്ങി ശാന്തനായ ഒരാളുടെ കുളിർമ്മയും സുഖവും മറ്റൊന്നുകൊണ്ടും കിട്ടാൻ പോകുന്നില്ല. അതിനാൽ മോക്ഷ ദ്വാര പാലകന്മാരിൽ പ്രധാനിയായ ശമാത്തെ എങ്ങനെയും സ്വാധീനിച്ചു വശത്താക്കുകയാണ് വേണ്ടത്. കാണൽ, കേൾക്കൽ, തൊടൽ, ഘ്രാണിക്കൽ, രസിക്കൽ എന്നിവയാണല്ലോ സംസാരത്തിലെ അനുഭവങ്ങൾ. അങ്ങനെയുള്ള അനുഭവങ്ങൾ ഇതെല്ലാം ക്രമത്തിൽ എത്രയൊക്കെ അനുഭവിച്ചാലും മനസ്സിന് യാതൊരുവിധ വികാരവുമുണ്ടാവില്ലെന്ന താന് മനസ്സടങ്ങി ശാന്തി വന്ന ഒരാളുടെ ലക്ഷണം. അങ്ങനെ ഈ ലോകത്തിൽ എന്തൊക്കെ സംഭവിച്ചാലും ഉപഷമം വന്നവന്റെ ചിത്തത്തിനു യാതൊരു ഭാവ ഭേദവുമില്ല. ചന്ദ്ര കിരണങ്ങൾ പോലെ സ്വച്ച നിർമ്മലവും കുളിർമ്മ യുല്ലതുമായ ചിത്തത്തെക്കാൾ വലിയ ധനം മറ്റൊന്നും തന്നെയില്ല. മരണത്തെയും ഉത്സവത്തെയും യുദ്ധത്തെയും

തുല്യ ഭാവത്തിൽ കാണും/ അങ്ങനെയുള്ള ആളെയാണ് ശാന്തൻ എന്നുപറയുന്നത്. തപസ്വികളെക്കാളും ജ്ഞാനികളെക്കാളും കർമ്മികളെക്കാളും രാജാക്കന്മാരെക്കാളും ബാലവാന്മാരെക്കാളും ഗുണാഢ്യന്മാരെക്കാളുംശ്രേഷ്ഠനാണ് ശമം കൊണ്ടു ശാന്തി വന്നവനെന്നു പറയണം. ഉപശമമാകുന്ന അമൃതത്തോട് തുല്യമായി ഒന്നുംതന്നെ യില്ല. അതുകൊണ്ട് സിദ്ധിയെ പ്രാപിച്ചവരാണ് മഹാത്മാക്കളെല്ലാം. ശാസ്ത്ര ജ്ഞാനം കൊണ്ട് വേണ്ടപോലെ ബുദ്ധിയെ സംസ്കരിച്ചാൽ ശരിയായ തത്ത്വ വിചാരത്തെയും അതുകൊണ്ട് ഉപശമത്തെയും പ്രാപിക്കാം. നിഷിതയായ ബുദ്ധികൊണ്ട് തീക്ഷ്ണ മായ തത്ത്വ വിചാരത്തെ ചെയ്യുന്നുവെങ്കിൽ പരപദത്തെ അറിയാറാവും. തത്ത്വ വിചാരം തന്നെയാണ് സംസാര മഹാ രോഗത്തിന് ഏറ്റവും പറ്റിയ സിദ്ധൌഷധം എന്ന് പറയണം. “ഞാൻ ആര്? ഈ സംസാരം എന്ത്? എങ്ങനെയുണ്ടായി? എങ്ങനെ ഇല്ലാതാവും?” എന്നീ രൂപത്തിലുള്ള വിചാരത്തെയാണ് തത്ത്വ വിചാരമെന്നു പറയുന്നത്. അത് വേണ്ടപോലെ ചെയ്യുന്ന പക്ഷം അറിയാൻ കഴിയാത്ത ഒരു സംഗതിയുമില്ലെന്നു വരും.ക്രമേണ എല്ലാ അറിവുമുണ്ടാകും.അവസാനം പരമ പദ ത്തെയും അറിയും. അജ്ഞാന മാകുന്ന സംസാര മഹാന്ധ കാരത്തിൽ തപ്പി ത്തടഞ്ഞു ജനന മരണ ങ്ങളാകുന്ന കുണ്ടും കുഴിയും കയറിയിറങ്ങി വലയുന്ന അജ്ഞൻമാർക്ക് ആത്മ വിചാരം മാത്രമാണ് ശരിയായ വെളിച്ചം. അതിനെ അറിയുകയും ഉപയോഗ പ്പെടുത്തുകയും ചെയ്യാതിരിക്കും കാലത്തോളം അന്ധ കാര ത്തിൽ കിടന്നുഴലൽ തന്നെ ഫലം. അതിനാൽ ഏതൊരാളും തന്റെ ശക്തിക്കനുസരിച്ചെങ്കിലും "താൻ ആരാണ്? ഈ സംസാരം എങ്ങനെയുണ്ടായി?” എന്നീ രൂപത്തിൽ ആത്മ വിചാരം ചെയ്യേണ്ടതാണ്.

ഇതുപോലെ തന്നെയാണ് സന്തോഷവും. ഇപ്പോഴും സന്തുഷ്ട നായിരിക്കാൻ കഴിയുന്ന എന്നതൊരു മഹാഭാഗ്യമാണ്. വാസ്തവത്തിൽ അതിനൊരു വിഷമവുമില്ല. കേവലം മൂഢതകൊണ്ടുമാത്രമാണ് തന്റെ സ്വഭാവമായ സന്തോഷം നഷ്ടപ്പെടുന്നത്. ചിന്ത, ആവലാതി, ആധി എന്നിവയാണ് സ്വാഭാവിക സന്തോഷത്തെ മറയ്ക്കുന്ന മുഖ്യ ശത്രുക്കൾ. ആത്മവിചാരംകൊണ്ട് അവ കേവലം നശിക്കും. വരാത്തതിൽ ഇച്ഛയും വന്നുചേർന്നതിൽ വെറുപ്പും ഇല്ലെങ്കിൽത്തന്നെ ഖേദാഖേദങ്ങൾക്ക് ഇടയില്ല.വസ്തുക്കളിൽ സാമ്യബോധാമുണ്ടാവുമ്പോൾ ആ നില വരാതിരിക്കാനും വയ്യ. തത്ത്വ വിചാരംകൊണ്ട് പിന്നെ സന്തോഷത്തെ നിലനിർത്താനെന്താണ് വിഷമം?

ഇതിനു പുറമേ സംസാരോത്തരനത്തിനു ഒരാൾക്ക് ആദ്യം മുതൽ അവസാനം വരെ ഉപകരിക്കുന്ന ഒരേയൊരു ഉപകരണമാണ് സജ്ജന സംസർഗ്ഗം. ആപത്ത് സംപത്തായും, മൃത്യു ഉത്സവ മായും മാറും സൽസമാഗമം കൊണ്ട്. ശരിയായ സജ്ജന സമ്പർക്കം മിക്കപ്പോഴും സാധിക്കുന്ന ഒരാൾക്ക് മറ്റു തപസ്സി ന്റെയും തീർഥാടനത്തിന്റെയുമൊന്നും ആവശ്യമില്ലെന്നു പറയണം. അജ്ഞാന ഗ്രന്ഥി പൊട്ടി ജ്ഞാന പ്രകാശം കൊണ്ട് ഈശ്വര സ്വരൂപികലായ മഹാത്മാക്കളാണ് സജ്ജനങ്ങൾ. അങ്ങനെയുള്ള വരുടെ ദർശനം തന്നെ പാപ ഹരവും പുണ്യ വർദ്ധകവുമാണ്. പിന്നെ അവരുമായി സമ്പർക്കം കൂടി യുണ്ടെങ്കിൽ പറയേണ്ടതില്ല. വളരെ വേഗത്തിൽ അജ്ഞാന നാശവും കൈവല്യ പ്രാപ്തിയും ഉണ്ടാകും. ചുരുക്കത്തിൽ സംസാരത്തിന്റെ മറുകര പറ്റാനുള്ള മുഖ്യോപകരണം സജ്ജന

ങ്ങളോ ടുള്ള ചേർച്ച യാണെന്നു പറയണം. ശമം, തത്ത്വ വിചാരം, സന്തോഷം, സത്സംഗം എന്നിഗനെ പറയപ്പെട്ടാ നാലുപ കരണ ങ്ങളെയും തയ്യാറാക്കി സംസാരത്തെ ജയിക്കാൻ പുറപ്പെടുന്ന ഒരാൾക്ക് വളരെ വേഗത്തിൽ ഇഷ്ട പ്രാപ്തി യുണ്ടാവു മെന്നത് തർക്കമറ്റ സംഗതി യാണ്. അതിനാൽ മുമുക്ഷുക്കൾ പറയപ്പെട്ട നാലു ധർമ്മങ്ങളെയും വേണ്ടത്ര വളർത്തേണ്ട താണ്.

മോക്ഷോപായങ്ങളെക്കുറിച്ചുള്ള വിവിധങ്ങളായ പ്രതി പാദന ങ്ങളുടെ ശ്രവണം തന്നെ ഒരാൾക്ക് - ഇഷ്ട മല്ലെന്കിൽ കൂടി - ആത്മ ജ്ഞാന മുണ്ടാവാനും ലോഭം, മോഹം തുടങ്ങിയ ചിത്തമാലിന്യങ്ങളകന്നു ചിത്തശുദ്ധിയുണ്ടാവാനും കാരണമാണ്. മനസ്സ് ശരൽ ക്കാലത്തെ നിർമ്മല ജലാശയം പോലെ പ്രസന്നമായി ത്തീർന്നു എന്നിരിക്കട്ടെ; ദൈന്യം, ദാരിദ്ര്യം, തുടങ്ങിയ യാതൊരു പീഡയും പിന്നെ അയാളെ ബാധിക്കില്ല. വിചാരം കൊണ്ടുതന്നെ സത്യത്തെ അറിഞ്ഞു തത്ത്വാവസ്ഥിതി വന്ന ഒരാൾ സമുദ്രത്തെപ്പോലെ ഗംഭീരാശയനും മേരുവിനെ പ്പോലെ സ്ഥിര ചിത്തനും ചന്ദ്രനെപ്പോലെ അകത്ത് കുളിർമ്മ യുള്ള വാനും ആയിത്തീരും. അങ്ങനെ ആയിത്തീർന്ന ഒരാൾ ക്രമേണ ജീവന്മുക്തപദത്തിലേക്ക് ഉയരാനും ഇടയായിത്തീരും. സംസാര ശാന്തി കരമായ അപ്രകാരമുള്ള ജ്ഞാനത്തെ സമ്പാദിച്ചവൻ പിന്നീട് ഒരിക്കലും ഗർഭോദരത്തെഅധിവസി ക്കേണ്ടി വരില്ല. ഇപ്രകാരമുള്ള ജ്ഞാനപരങ്ങളായ വാക്യങ്ങളെ ശ്രവിക്കുന്നതുപോലും ചിത്തത്തിനു ശാന്തികരമാണ്. അതിനാൽ ഹേ രാഘവ! ശമം കൊണ്ട് ഇന്ദ്രിയങ്ങളെയും മനസ്സിനെയും അടക്കി തീവ്ര വൈരാഗ്യം കൊണ്ട് സംസാരത്തിൽ നിന്നു നിവൃത്ത നായി ഇഷ്ടാനിഷ്ടങ്ങളോ ശുഭാശുഭ ങ്ങളോ സുഖ ദുഃഖ ങ്ങളോ ഇല്ലാത്തവനായി ഇപ്പോഴും സന്തുഷ്ടനായി സന്ദർഭം കിട്ടുമ്പോഴൊക്കെ സജ്ജനങ്ങളുമായി സമ്പർക്കം ചെയ്തു കൊണ്ടു തത്ത്വ പ്രാപ്തി വരെ വിടാതെ ആത്മ വിചാരം ചെയ്തു കൊണ്ടിരിക്കണം. അങ്ങനെ ജീവിക്കുന്ന ഒരാൾക്ക് കാലം കൊണ്ടെങ്കിലും തത്ത്വാനുഭൂതിയും ജന്മ സാഫല്യമായ കൈവല്യ പ്രാപ്തിയും ഉണ്ടാവുമെന്ന് പറഞ്ഞു കൊണ്ടാണ് മുമുക്ഷു വ്യവഹാര പ്രകരണം അവസാനിപ്പിക്കുന്നത്.

മോക്ഷേച്ഛയില്ലാതെ വൈരാഗ്യവും ത്യാഗമില്ലാതെ ജീവകാരുണ്യവും ഉണ്ടായിട്ടു വിശേഷിച്ച് പ്രയോജനമൊന്നുമില്ല. വൈരാഗ്യത്തിന്റെ ആവശ്യം തന്നെ മോക്ഷമാണ്. മോക്ഷേച്ഛ യില്ലെന്കിൽ പിന്നെ വിരക്തനായിട്ടൊരു കാര്യവുമില്ല. അതിനാൽ വിരക്തൻ മുമുക്ഷു ആവണം. അതുപോലെ മുമുക്ഷു വിരക്തനുമാവണം. വൈരാഗ്യമില്ലാത്ത മോക്ഷേച്ഛ യും അതുപോലെ പ്രയോജന മില്ലാത്തതാണ്.. വൈരാഗ്യവും മോക്ഷേച്ഛയും രണ്ടും കൂടി ഒരാളിൽ ഒപ്പമുണ്ടാവേണ്ട താണ്. എങ്കിലേ പ്രയോജന മുള്ളു എന്ന് ചുരുക്കം. അതാണ് വൈരാഗ്യ പ്രകരണം കഴിഞ്ഞ ഉടനെ തന്നെ മുമുക്ഷു വ്യവഹാരത്തെ അവതരിപ്പിച്ചത്. പ്രസ്തുത രണ്ടു ധർമ്മങ്ങളും വേണ്ടത്ര പോഷിച്ച നിലയിൽ ഒരാളിലുണ്ടായാൽ ജ്ഞാന ത്തിനു അധികാരി ആയി തീർന്നു.ജ്ഞാന കൊണ്ടു കൈവല്യ പ്രാപ്തി യുമുണ്ടാവും. അങ്ങനെ വിരക്തനും മുമുക്ശുവുമായ ഒരാൾക്കുണ്ടാവേണ്ട ജ്ഞാനത്തെ യാണ് അടുത്ത ഉത്പത്തി പ്രകരണം മുതൽ ഉപന്യസിക്കാൻ തുടങ്ങുന്നത്. സംസാരത്തിന്റെ ഉല്പത്തിയും സ്ഥിതിയും എങ്ങനെയാണെന്ന് തത്ത്വം വേണ്ടപോലെ ഗ്രഹിക്കുമ്പോൾ ചിത്തമാടങ്ങും.

മനസ്സടങ്ങിയാൽ സംസാരനിവൃത്തിയും ജ്ഞാനപ്രാപ്തിയും ഉണ്ടാവുകയും ചെയ്യും. പ്രസ്തുത തത്ത്വസ്വരൂപത്തെയാണ് അടുത്ത രണ്ടു പ്രകരണങ്ങളെകൊണ്ടു ചിത്രീകരിക്കുന്നത്.

ഉല്പത്തിപ്രകരണം

വാസ്തവത്തിൽ സംസാരം ഉണ്ടായതും നിലനില്ക്കുന്നതും എങ്ങിനെയാണെന്ന് അറിയാത്തതുകൊണ്ടാണ് അതിനെ ലയിപ്പിക്കാൻവേണ്ടി പലരും പലപ്പോഴും പല രൂപത്തിലുള്ള പ്രയത്നങ്ങളും ചെയ്യാറുണ്ടെങ്കിലും ഉല്പത്തിയുടെ സ്വരൂപത്തെ അറിയാത്തതുകൊണ്ട് മിക്കപ്പോഴും പരാജയപ്പെടലാണ് പതിവ്. ശാസ്ത്രങ്ങൾ തന്നെ പലരുപത്തിലാണ് ജഗദുല്പത്തിയുടെ സ്വഭാവത്തെപ്പറയുന്നത്. അതിനാൽ അതിനെ ശരിയാവണ്ണം അറിയുകയെന്നതൊരു വലിയ കാര്യമാണ്. വസിഷ്ഠമഹർഷി ശ്രീരാമചന്ദ്രനോടു പറകയാണ്. ലോകത്തിൽ അനുഭൂതി, വേദനം, പ്രതിപത്തി, പ്രത്യക്ഷം എന്നൊക്കെ പറയുന്നതെന്തോ അതുതന്നെയാണ് ജീവൻ. അതായതു ലോകം നമുക്കെല്ലാവർക്കും അനുഭവസ്വരൂപവും, വേദനാത്മകവും, പ്രതിപത്തിക്കാസ്പദവും പ്രത്യക്ഷവുമാണ്. അതിനാൽ പറയപ്പെട്ട ശബ്ദങ്ങളെല്ലാം ലോകത്തിന്റെ പര്യായങ്ങളാണെന്ന് പറഞ്ഞാൽ തെറ്റില്ല; എന്നാൽ അതാണ് ജീവൻ എന്നർത്ഥമല്ല. ജീവനിൽനിന്നു വേറെയല്ല പറയപ്പെട്ട വേദന അല്ലെങ്കിൽ പ്രത്യക്ഷം. 'ഞാൻ' എന്ന അഭിമാനത്തോടുകൂടിയ വിജ്ഞാനമാണ് ജീവന്റെ സ്വരൂപം. പ്രസ്തുത വിജ്ഞാനംതന്നെ സങ്കല്പാകാരേണ വിജൃംഭിക്കുന്നു എന്നുള്ളതാണ് പദാർത്ഥത്തിന്റെ സത്ത. അപ്രകാരമുള്ള പദാർത്ഥങ്ങളുടെ സമുച്ചയമാണ് ലോകം. ജലം, തിര, നുര, തുടങ്ങിയവയായിത്തീരുമ്പോലെ സങ്കല്പവികല്പങ്ങളെക്കൊണ്ടു സംവിത്ത് - വിജ്ഞാനം - തന്നെ അനേകം രൂപത്തിൽ കാണപ്പെടുന്നു എന്നുള്ളതുതന്നെ ലോകം. തിരമാലകൾ ഉണ്ടാവുന്നതും വളരുന്നതും ലയിക്കുന്നതും ജലത്തിലാണ്. അതുപോലെ പദാർത്ഥങ്ങൾ ഉണ്ടാവുന്നതും നിലനില്കുന്നതും ലയിക്കുന്നതും വിജ്ഞാനത്തിലാണ്. തിരമാലകളുണ്ടാവുന്നതിനുമുമ്പും ലയിച്ചതിനുശേഷവും, ജലം മാത്രമാണുള്ളതെന്ന കാരണത്താൽ തിരമാലകളും ജലം മാത്രമാണെന്ന് എപ്രകാരം വിശ്വസിക്കാമോ, അതുപോലെ പദാർത്ഥങ്ങളുണ്ടാവുന്നതിനുമുമ്പും ലയിച്ചതിന്നുശേഷവും വിജ്ഞാനം മാത്രമാണുള്ളതെന്ന കാരണത്താൽ പദാർത്ഥവും വിജ്ഞാനം മാത്രമല്ലാതെ മറ്റൊന്നുമല്ല. കാറ്റുവീശി ചലനമുണ്ടാവുമ്പോൾ ജലംതന്നെ തിരയുടെ ആകൃതിയിൽ കാണപ്പെടുംപോലെ സങ്കല്പവികല്പങ്ങളെക്കൊണ്ടു വിജ്ഞാനംതന്നെ പദാർത്ഥകാരേണ കാണപ്പെടുന്നു എന്നു മാത്രമാണ്. അതായതു സൃഷ്ടിക്കുമുമ്പ് അകാരണമായ ബ്രഹ്മംതന്നെ ഈ ക്ഷണസ്വരൂപമായ സ്വർഗ്ഗലീലയാൽ തമ്മിലുള്ള സംസ്ക്കാരപരമ്പരകളാൽ ജഗദാകാരേണ വിളങ്ങുന്നു എന്നുമാത്രം, വായുവിൽ സ്പർശശക്തി എപ്രകാരമാണോ സ്വാഭാവികമായി അടങ്ങിയിരിക്കുന്നത്, അതുപോലെയാണ് ബ്രഹ്മത്തിൽ സ്ഥൂലസൂക്ഷമാകാരമായ ജഗത്തു കാണപ്പെടുന്നത്.

കാലദേശാദികൾക്കതീതമായും മറ്റൊന്നിന്റെ ചേർച്ചയില്ലാത്തതിനാൽ അത്യന്തസംശുദ്ധവുമായ സർവ്വാത്മജ്ഞാനം കാലദേശാദികലനകൾക്കു വിധേയമായി, ഏതുമാതിരിയായിമാറുന്നുവോ, ആ വിധത്തിലുള്ള ശരീരമുണ്ടായിത്തീരുന്നു, അതുതന്നെ സൃഷ്ടി. വിജ്ഞാനം എവിടെ ഏതു രൂപത്തിൽ

വിജൃംഭിക്കുന്നുവോ, അവിടെ ആ മാതിരി രൂപമുള്ളതായി തോന്നപ്പെടുന്നു എന്നുമാത്രം, അതിനാൽ കാണപ്പെടുന്ന ഈ ബ്രഹ്മാണ്ഡം - പ്രപഞ്ചം - കേവലം അകാരണമാണ്. യാതൊരു കാരണവുമില്ലാതെ തോന്നപ്പെടുന്ന കാര്യമാണ്. കാരണമില്ലാത്ത കാര്യം അസത്യമാണെന്നു പറയേണ്ടതില്ലല്ലോ. പ്രത്യക്ഷമായ ഈ ജഗത്തിനു ജഗത്തുതന്നെയാണ് കാരണം. അല്ലാതെ മറ്റൊരു കാരണവുമില്ല. കയറിൽ തോന്നപ്പെടുന്ന പാമ്പിനും കുറ്റിയിൽ തോന്നപ്പെടുന്ന പുരുഷനും അവതന്നെയാണ് കാരണം. അല്ലാതെ മറ്റൊരു കാരണവുമില്ല. മൂന്നു കാലത്തും ഉണ്ടായിട്ടില്ലാത്തവയാണ് കയറിലെ പാമ്പും കുറ്റിയിലെ പുരുഷനും. അതുപോലെ മൂന്നുകാലത്തും ഉണ്ടായിട്ടില്ലാത്തതാണ് പ്രപഞ്ചവും. ജഗത്തിന്റെ നിർമ്മാതാവു ജഗത്തുതന്നെയാണ്. അതിനാൽ എങ്ങിനെയുണ്ടായി എന്ന ചോദ്യംതന്നെ അസ്ഥാനത്താണ്. ജഗത്തിന്റെതന്നെ ചില അംശങ്ങളാണ് അനുമാനാദികളുമെന്ന കാരണത്താൽ അവയും കേവലം മൂന്നുകാലത്തുമില്ലാത്തവതന്നെ. ദ്രഷ്ടാവിനു ദൃശ്യത്തോടുള്ള സംബന്ധവും, ദൃശ്യത്തിലുള്ള സത്യബുദ്ധിയുമാണ് ബന്ധം. ദൃശ്യമേ ഇല്ലാത്തതാണെന്നു വന്നാൽ പിന്നെ എന്തു ബന്ധമാണ്! ദൃശ്യം കേവലം ഇല്ലാത്തതാവുമോ എന്നാണെങ്കിൽ സംശയമില്ല മൂന്നു കാലത്തും ഇല്ലാത്തതുതന്നെ. അതിനെ വ്യക്തമാക്കുകയും ചെയ്യാം.

കാണപ്പെടുന്ന സ്ഥൂലസൂക്ഷ്മാകാരമായ ജഗത്തു മുഴുവൻ കല്പാവസാനത്തിൽ സുഷുപ്തിയിൽ സ്വപ്നമെന്നപോലെ ലയിച്ചില്ലാതായിത്തീരും. ദൃശ്യം മുഴുവൻ ലയിക്കുമ്പോൾ തമസ്സും തേജസ്സുമില്ലാതെ സ്തിമിതഗംഭീരമായ ചൈതന്യം താനേ ശേഷിക്കും. വ്യഷ്ടിയിലും അങ്ങനെതന്നെ. ശരീരമടക്കം എല്ലാ ദൃശ്യങ്ങളും ദൃശ്യങ്ങൾക്കാസ്പദമായ തമസ്സും ലയിക്കുമ്പോൾ സ്തിമിതഗംഭീരവും, തേജസ്സെന്നോ, തമസ്സെന്നോ പറയാൻ വയ്യാത്തതും, ഇന്ന രൂപത്തിലെന്നു പറയാൻ വയ്യാത്ത നിലയിൽ അനഭിവ്യക്തവും, ഇന്നതെന്നു നിർദ്ദേശിക്കാൻ പേരില്ലാത്തതുമായ ചൈതന്യം താനേ ശേഷിക്കും. വ്യഷ്ടിയിലായായും സമഷ്ടിയിലായാലും അതിനെത്തന്നെ, സത്യമെന്നും ആത്മാവെന്നും പരമെന്നും ബ്രഹ്മമെന്നും മറ്റും പറഞ്ഞുവരുന്നത്. വ്യവഹാരം അവസാനിച്ച ദശയിൽ വ്യഷ്ടിസമഷ്ടികളില്ലാത്തതിനാൽ വ്യവഹാരദശയിൽ മാത്രമാണ് വ്യഷ്ടിയെന്നും സമഷ്ടിയെന്നും പറഞ്ഞുവരുന്നതും. അങ്ങനെ സ്വയം താനായിരിക്കുന്ന പറയപ്പെട്ട ആത്മാവസ്തു ഇന്ന് അന്യനെപ്പോലെയായിട്ടിരിക്കയാണ്. അതാണ് ശരീരാഭിമാനം തുടങ്ങിയ അജ്ഞാനവൃത്തികളാൽ തോന്നപ്പെടുന്ന ആഭാസസ്വരൂപമായ ജീവിത്വം നിലനിൽകുന്നത്. അപ്പോൾ സ്വപ്നാനുഭവങ്ങളെന്നപോലെ ഞാൻ ജനിച്ചുവെന്നും ജീവിക്കുന്നുവെന്നും മരണമുണ്ടെന്നും എല്ലാം തോന്നാനിടയായി. മുൻപറയപ്പെട്ട ആഭാസസ്വരൂപമായ ജീവത്വംതന്നെ മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളുമെല്ലായിത്തീർന്നത്. മനനം ചെയ്യാൻ തുടങ്ങിയപ്പോൾ മനസ്സായി. ബോധിക്കാൻ തുടങ്ങിയപ്പോൾ ബുദ്ധിയായി. വിഷയഗ്രഹണങ്ങളെക്കൊണ്ട് ഇന്ദ്രിയങ്ങളുമായി. ജലരാശിയിൽനിന്നു തിരമാല പൊന്തുംപോലെയാണ് പരമാത്മാവിൽ നിന്നു മനസ്സുണ്ടാവുന്നതെന്നു പറയണം. സങ്കല്പക്രിയകൊണ്ടാണ് മനസ്സെന്നതത്വം തന്നെ ഉണ്ടായത്. അപ്പോൾ മനസ്സു നിലനിൽക്കുന്നതും സങ്കല്പങ്ങളെക്കൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ. മനസ്സിന്റെ വിവിധങ്ങളും

വിചിത്രങ്ങളുമായ സങ്കല്പങ്ങൾ വളരുംതോറും പല പ്രകാരത്തിലുള്ള പദാർത്ഥങ്ങളും നിറയുന്നു. അങ്ങനെ സമുച്ചയമായ സ്വപ്നലോകംതന്നെ ജഗത്ത്. സങ്കല്പങ്ങളടങ്ങി മനസ്സു ലയിച്ചാൽ ജഗത്തുമില്ല. എന്നാൽ ജഗത്തുണ്ടെന്നു തോന്നുന്ന സമയത്തും പരചൈതന്യം തന്നെയാണ് ജഗദാകാരേണ വിളങ്ങുന്നത്, ജലത്തിൽ നിന്നു വേറെയായി തിരയോ, സ്വർണ്ണത്തിൽ നിന്നു വേററെയായി കടകമോ ഇല്ലാ അതുപോലെ ബ്രഹ്മത്തിൽ നിന്നു വേറെയായി ജഗത്തുമില്ല.

മനസ്സുതന്നെ അസത്താണെന്നിരിക്കേ മനസ്സിന്റെ കല്പനാസ്വരൂപമായ ജഗത്തിനെന്തു സത്യത്വമാണുണ്ടാവുന്നത്! മൃഗതൃഷ്ണാനദിയിലെ തിരമാലകൾ സത്യമാണെന്നു പറയും പോലെയാണ് ജഗത്തു സത്യമാണെന്നു പറയുന്നത്. മായാ, സംസൃതി, ബന്ധം, അവിദ്യ, മോഹം, മലം, തമസ്സ് എന്നൊക്കെ ഈ പ്രപഞ്ചത്തിനെത്തന്നെയാണ് അറിവുള്ളവർ പറയുന്നത്. വാസ്തവത്തിൽ മൂന്നു കാലത്തുമില്ലാത്ത മൃഗതൃഷ്ണയെന്നപോലെ അസൽ സ്വരൂപമാണ് ജഗത്ത്. ഈ സ്ഥിതിക്ക് ജഗത്തുഹേതുവായിട്ടുണ്ടാവുന്ന ബന്ധമോക്ഷങ്ങൾക്കെവിടെയാണ് സത്യത്വം? എങ്കിലും സ്വപ്നാനുഭവമെന്ന പോലെ വർത്തമാനകാലത്തു സത്യപ്രതീതിയോടെ അനുഭവിക്കപ്പെട്ടു കൊണ്ടിരിക്കുന്നു ബന്ധമോക്ഷങ്ങൾ. എന്താണീ ബന്ധമോക്ഷങ്ങളുടെ സ്വരൂപം എന്നാണെങ്കിൽ പറയാം.

ദ്രഷ്ടാവിനു ദൃശ്യത്തിന്റെ പ്രതീതിയുണ്ടായിത്തീരുന്നു എന്നതുതന്നെ ബന്ധം. സ്വസ്വരൂപത്തിന്റെ വിസ്മൃതിയാണ് ദൃശ്യപ്രതീതിക്കു കാരണം. അപ്പോൾ സ്വരൂപവിസ്മൃതിയും അതുഹേതുവായിട്ടുണ്ടാവുന്ന ദൃശ്യപ്രതീതിയും തന്നെ ബന്ധം. പ്രതീതി ദൃഢപ്പെട്ടു സത്യമെന്നപോലെയായിത്തീർന്ന ദൃശ്യം ദ്രഷ്ടാവിനു ശക്തിയായ ബന്ധനമായിത്തീരുന്നു. ദൃശ്യമില്ലാതായാൽ ബന്ധവും നീങ്ങി. ദൃശ്യവിലയം തന്നെ മോക്ഷം. പക്ഷെ ഏതുവരെ അല്പമായിട്ടെങ്കിലും ദൃശ്യപ്രതീതി നിലനില്ക്കുന്നുവോ, അതുവരേയും മോക്ഷമില്ല. സൂക്ഷ്മമായ ബീജത്തിൽ അത്യന്തസ്ഥൂലമായ വൃക്ഷവും അതിന്റെ ഘടകങ്ങളും അടങ്ങിയിരിക്കുന്നത്. എത്രയോ വലിയ ആൽവൃക്ഷം മുഴുവൻ സൂക്ഷമമായ ബീജത്തിൽ അടങ്ങിയിരിക്കുന്നതുപോലെ ദ്രഷ്ടമാവായ ബ്രഹ്മത്തിൽ അത്യന്തസ്ഥൂലങ്ങളായ ബ്രഹ്മാണ്ഡദൃശ്യങ്ങളുടെ ശക്തി അടങ്ങിയിരിക്കുന്നു. ദൃശ്യശക്തിക്കു വികസിക്കാനുള്ള അവസരമുള്ളേടത്തോളം കാലം ബന്ധം അവസാനിക്കുന്നില്ല. ദൃശ്യശക്തി ദ്രഷ്ടാവായ തന്നിൽ അടങ്ങി ലയിച്ചിരിക്കുന്നുവെങ്കിലും അതിനു വികസിക്കാൻ വയ്യാത്ത നിലവന്നു ക്രമേണ ചുരുങ്ങിച്ചുരുങ്ങി അവസാനം ദൃശ്യശക്തി കേവലം ഇല്ലാതായിത്തീർന്നപോലെയാവുന്നതുതന്നെ മുക്തി, ഇതിന്നുദാഹരണമായി ഒരു കഥ പറയാം.

'ആകാശജൻ' എന്നൊരു ബ്രാഹ്മണന്റെ കഥയാണ് പറയുന്നത്. ജഗത്തിന്റെ സൃഷ്ടികർത്താവായ ബ്രഹ്മദേവനെത്തന്നെയാണ് ഇവിടെ ആകാശജനാക്കി കല്പിച്ചിരിക്കുന്നത്. പ്രസ്ത ബ്രാഹ്മണൻ മറ്റുള്ളവരെപ്പോലെ എല്ലാ വ്യവഹാരങ്ങളും ചെയ്യുന്നുണ്ടെങ്കിലും വളരെക്കാലം ചെന്നിട്ടും മറ്റുള്ളവരെപ്പോലെ മൃത്യു അദ്ദേഹത്തെ ബാധിച്ചില്ല. മൃത്യുദേവത സ്വയം അദ്ദേഹത്തെ സമീപിച്ചപ്പോൾ ഉജ്വലമായി കത്തിജ്വലിക്കുന്ന അഗ്നിയുടെ പ്രഭാവംകൊണ്ട് അദ്ദേഹത്തെ

തൊടാനോ സമീപിക്കാൻപോലുമോ കഴിഞ്ഞില്ല. അതിന്റെ കാരണമെന്താണെന്നറിയാതെ മൃത്യുദേവൻ യമനെ സമീപിച്ചന്വേഷിച്ചപ്പോൾ മരിക്കുന്നവരുടെ കർമ്മമാണ് അവരെ മരിപ്പിക്കുന്നതെന്നും, കർമ്മമില്ലാത്തവരെ കൊല്ലാൻ സാധ്യമല്ലെന്നും ആകാശജനു കർമ്മമില്ലെന്നും അതിനാൽ അദ്ദേഹത്തെ മൃത്യുവരുത്താൻ സാധ്യമല്ലെന്നും പറഞ്ഞു. അതുകേട്ട മൃത്യുദേവൻ ആ തൊഴിലിൽ നിന്നു പിൻവാങ്ങുകയും ചെയ്തു; ഇതാണ് കഥ.

ഈ കഥയിൽ നിന്നു ജനനവും ജീവിതവും ജീവിതത്തിലെ ഭിന്നഭിന്നങ്ങളായ കർമ്മങ്ങളും അനുഭവങ്ങളും മരണവും എല്ലാംതന്നെയും തങ്ങളുടെ കർമ്മങ്ങളെ ആസ്പദിച്ചാണിരിക്കുന്നതെന്നു വ്യക്തമാവുന്നു. കർമ്മമാകട്ടെ അഭിമാനത്തെയും നാനാത്വത്തിലുള്ള സത്യബുദ്ധിയെയും അവലംബിച്ചുമിരിക്കുന്നു. ശരീരമാണ് അഭിമാനത്തെ നിലനിർത്തുന്നത്. ആഗ്രഹം നാനാത്വത്തിലുള്ള സത്യബുദ്ധിയെയും. ചിത്തസങ്കല്പം തന്നെ ശരീരത്തിനു ഹേതു. ചിത്തസങ്കല്പമില്ലാതായാൽ ശരീരവും ഇല്ലാതാവും. ഒന്നിനെ മറ്റൊന്നാക്കി കല്പിക്കാൻ ഹേതുവായിതന്നെ സമവായികാരണമെന്നു പറയും. എന്നാൽ അങ്ങനെ കൽപിക്കപ്പെടുന്ന കാര്യവും കാരണത്തിൽ നിന്നു വേറെയല്ല. മുത്തുച്ചിപ്പിയെക്കണ്ടു വെള്ളിയാണെന്നു തോന്നി എന്നിരിക്കട്ടെ. എന്നാൽ ആ തോന്നപ്പെട്ട വെള്ളിയും മുത്തുചിപ്പിയില്ലാതെ മറ്റൊന്നുമല്ല. ഇതുപോലെ ബ്രഹ്മത്തിൽ കൽപിക്കപ്പെടുന്ന ശരീരാദികളും ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല. ജീവികൾക്കു സ്ഥൂലമെന്നും സൂക്ഷ്മമെന്നും രണ്ടുവിധം ശരീരങ്ങളുണ്ട്. സൂക്ഷ്മശരീരത്തെത്തന്നെയാണ് ആതിവാഹികശരീരമെന്നും പറയുന്നത് ജാഗ്രദവസ്ഥയിലെ വ്യവഹാരം സ്ഥൂലശരീരം കൊണ്ടാണെങ്കിൽ സ്വപ്നാവസ്ഥയിലേതു സൂക്ഷമശരീരം കൊണ്ടാണ്. സ്ഥൂലശരീരത്തിനു ജഗത്തും സൂക്ഷമശരീരത്തിനു സ്വരൂപമവിസ്മൃതിയാകുന്ന അജ്ഞാനവും കാരണമാണ്. ജഗത് വിസ്മൃതിയിൽ സ്ഥൂലശരീരപ്രതീതിയും സ്വരൂപസ്മൃതിയിൽ സൂക്ഷ്മശരീരപ്രതീതിയും അടങ്ങുകയും ചെയ്യും. അതിനാൽ ജഗത്തിനെ വിസ്മരിച്ചു സ്വരൂപത്തെ സ്മരിച്ചു സ്വരൂപാവസ്ഥയിൽത്തന്നെ ഇരിക്കുന്നവർക്കു ബന്ധത്തിനോ ദുഃഖത്തിനോ കാരണമില്ല.

ബ്രഹ്മാദിദേവന്മാർക്കു ജഗൽ പ്രതീതിയില്ലാത്തതിനാൽ സ്ഥൂലശരീരമില്ല. മറ്റുള്ളവർക്കൊക്കെ അതുണ്ടെന്ന കാരണത്താൽ സ്ഥൂലശരീരമുണ്ടുതാനും. ഏതുവരെ സ്വരൂപസ്ഥിതിയിൽ ദൃഢത കിട്ടുന്നില്ലയോ, അതുവരെയും സൂക്ഷ്മശരീരം നശിക്കുന്നില്ല. ജഗൽപ്രതീതി അവസാനിക്കാതിരിക്കുംകാലത്തോളം സ്ഥൂലശരീരവും നശിക്കുന്നില്ല. ഒരു ശരീരം നശിച്ചാൽ വീണ്ടുമുണ്ടാവുന്നു എന്നർത്ഥം. കേവലം മനസ്സിന്റെ കല്പനമാത്രമാണ് ജഗത്തു മുഴുവൻ. പക്ഷേ ആ ബോധം ഉറയ്ക്കാതിരിക്കും കാലത്തോളം അതിൽ സത്യബുദ്ധിയും ഉണ്ടാവും. കേവലം മനഃകല്പിതമാണ് ജഗത്തെന്നു ബോദ്ധ്യം വരുമ്പോൾ അതിലുള്ള സത്യബുദ്ധി നീങ്ങും. സത്യബുദ്ധി നീങ്ങിയാൽ പ്രതീതി ചുരുങ്ങിവന്നു ക്രമേണ വിസ്മൃതമായിത്തീരുകയും ചെയ്യും.

ഇത്രയുംകേട്ട ശ്രീരാമചന്ദ്രൻ അപ്പോൾ വസിഷ്ഠമഹർഷിയോടു ചോദിച്ചു, 'മനസ്സെന്നാൽ

എന്താണെ'ന്ന്. എല്ലാവിധ ദോഷങ്ങൾക്കും ഉപദ്രവങ്ങൾക്കും ആസ്പദം മനസ്സാണ്. മനസ്സിനെ നശിപ്പിക്കാൻ കഴിഞ്ഞാൽ പിന്നെ യാതൊരു വിധക്ലേശവും അയാളെ ബാധിക്കാൻ പോവുന്നില്ല. അതിനാൽ മനസ്സിന്റെ സ്വരൂപത്തെ അറിയേണ്ടതത്യാവശ്യം തന്നെ. വസിഷ്ഠമഹർഷി മറുപടി പറകയാണ്; ആകാശത്തെ എപ്രകാരം രൂപീകരിക്കാൻ സാദ്ധ്യമല്ലയോ അതുപോലെ മനസ്സിനേയും ഇന്നപ്രകാരത്തിലെന്നു രൂപീകരിച്ചു പറയാൻവയ്യ. ജഡവും ശൂന്യവുമാണ് എന്നു പറഞ്ഞാൽ മനസ്സിന്റെ രൂപീകരണമായി. പക്ഷെ അതുകൊണ്ട് ഇന്ന പ്രകാരത്തിലുള്ളതെന്നു വ്യക്തമാവുന്നില്ലല്ലോ. എങ്കിലും അതിൽക്കൂടുതലായി അധികമൊന്നും പറയാൻ വയ്യാത്തതാണ് മനസ്സിന്റെ സ്വരൂപം. പേരല്ലാതെ രൂപമില്ല മനസ്സിനെന്നു പറയണം. അകത്തോപുറത്തോ മനസ്സിന്റേതെന്നു പറയാവുന്ന ഒരു സത്തയും പ്രത്യേകമില്ലെങ്കിലും എല്ലായിടത്തും മനസ്സു വിളങ്ങുന്നുണ്ടെന്നുള്ളതാണ് ആശ്ചര്യമായിട്ടിരിക്കുന്നത്. ഉള്ളതോ ഇല്ലാത്തതോ ആയ പദാർത്ഥത്തെക്കുറിച്ചുള്ള തോന്നലാണ് മനസ്സിന്റെ രൂപമെന്നു പറഞ്ഞാൽ തെറ്റില്ല, പദാർത്ഥജ്ഞാനമാണ് മനസ്സെന്നാണ് വേദാന്തികൾ പറയുന്നത്. എന്നാൽ സങ്കൽപമാണ് മനസ്സിന്റെ സ്വരൂപമെന്നു ധരിക്കുന്നതാണെളുപ്പം. മനസ്സോടുകൂടാതെ സങ്കൽപങ്ങളോ, സങ്കൽപത്തോടുകൂടാതെ മനസ്സോ ഇല്ല. ആസ്ഥിതിക്കു മനസ്സും സങ്കൽപവും രണ്ടല്ല, ഒന്നുതന്നെ. അതിനാൽ സങ്കൽപമാണ് മനസ്സിന്റെ രൂപമെന്നു ധരിക്കുന്നതബദ്ധമല്ല. എവിടെ സങ്കൽപമുണ്ടോ, അവിടെ മനസ്സുണ്ടെന്നു വിശ്വസിക്കാം. മനസ്സും സങ്കൽപവും ഒരിക്കലും വേറെയല്ല. അതിനാൽ സങ്കൽപംതന്നെ മനസ്സിന്റെ രൂപം. സങ്കൽപങ്ങളടങ്ങിയാൽ മനസ്സും അടങ്ങി. ഒരു പ്രകാരത്തിൽ പറഞ്ഞാൽ അവിദ്യ, ചിത്തം. മനസ്സ്, സംസാരം, ബന്ധം, മലം, തമസ്സ്, എന്നൊക്കെപ്പറയുന്നതും സങ്കൽപത്തെത്തന്നെയാണ്. സങ്കൽപമില്ലാതായാൽ പറയപ്പെട്ടവയൊന്നുമുണ്ടാവുന്നില്ല. സങ്കൽപശബ്ദത്തിന്റെ പര്യായങ്ങളാണ് മുൻപറയപ്പെട്ട ശബ്ദങ്ങളെന്നു പറഞ്ഞാൽപ്പോലും തെറ്റില്ല. സങ്കല്പം നിശ്ശേഷം നശിച്ചാൽ ആത്മാവുമാത്ര ശേഷിക്കും. മറ്റുയാതൊന്നുമുണ്ടാവാൻ പോവുന്നില്ല. കാണപ്പെടുന്ന ഈ ലോകം, ആകാശാദിഭൂതങ്ങൾ, നീ ഞാൻ എന്നീ വ്യത്യസ്തഭാവങ്ങൾ തുടങ്ങി എല്ലാംതന്നെയും സങ്കൽപമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ സങ്കൽപമടങ്ങിയാൽ ഇവയെല്ലാമില്ലാതാവും. ദ്രഷ്ടാവും ചിദ്രൂപനുമായ ആത്മാവുമാത്രം അപ്പോൾ ശേഷിക്കും. ദൃശ്യങ്ങളില്ലാതാവുമ്പോൾ ആത്മാവിനു ദ്രഷ്ടാവെന്ന ബന്ധമില്ലാതായിത്തീരുന്നതിനാൽ സങ്കൽപമടങ്ങിയാൽ കൈവല്യം കൈവന്നുവെന്നുതന്നെ പറയാം. പ്രതിഫലിക്കാൻ വസ്തുക്കളില്ലാത്തിടത്ത് കണ്ണാടി എപ്രകാരം നിർമ്മലമായും സ്വസ്വരൂപമായും വിളങ്ങുന്നുവോ, അതുപോലെ ദൃശ്യങ്ങളില്ലാതായിത്തീരുമ്പോൾ ആത്മാവും നിർമ്മലവും നിരുപാധികവുമായി കേവലസ്വരൂപേണ വിളങ്ങും, അതുതന്നെ കൈവല്യം. ഇല്ലാത്ത സ്വപ്നം അതുപോലെ ഇല്ലാത്തതായ മറ്റൊരു സ്വപ്നത്തെ ഉണ്ടാക്കിത്തീർക്കും പോലെയാണ് ഇല്ലാത്ത് മനസ്സ് ഇല്ലാത്ത ദൃശ്യങ്ങളെ സൃഷ്ടിക്കുന്നത് ചലനം ഹേതുവായിട്ടാണ് ചിത്തത്തിന് പല മാറ്റങ്ങളും അപ്പഴപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. പ്രസ്തുത മാറ്റങ്ങൾതന്നെയാണ് വികാരങ്ങളും വൃത്തികളും സുഖദുഃഖങ്ങളുമെല്ലാം. ചിത്തം നിശ്ചലമാവുമ്പോൾ ഇവയൊന്നുമുണ്ടാവുന്നില്ല നിശ്ചലമായ ജലാശയത്തിൽ തിര-നുര-കുമിള തുടങ്ങിയവയൊന്നുമുണ്ടാവത്തതുപോലെയാണ് നിശ്ചലമായ

മനസ്സിൽ വികാരങ്ങളും വൃത്തികളുമൊന്നും പൊന്താനിടയാവാതിരിക്കുന്നത്.

മഹാപ്രളയകാലത്തു കാണപ്പെടുന്ന ലോകങ്ങളെല്ലാം നശിക്കുന്നു. ആത്യന്തികയായ ഒരു ശാന്തി മാത്രം അപ്പോൾ ശേഷിക്കുന്നു. ഒരിക്കലും അസ്തമിക്കാത്ത ആത്മദേവനാകുന്ന ആദിത്യൻ മാത്രം അപ്പോൾ വിളങ്ങുന്നു. മറ്റെല്ലാം ഇല്ലാതായിത്തീരുന്നു. അപ്പോൾ ശേഷിക്കുന്ന ആത്മസ്വരൂപമാകട്ടെ വാക്കിനോ മനസ്സിനോ എത്താവുന്നതല്ല. മുക്തന്മാരാൽ പ്രാപിക്കപ്പെടുന്നു എന്നു മാത്രം പറയാം. ആത്മാദി ശബ്ദങ്ങൾക്കുടിയും അവിടേയ്ക്കു വെറും കൽപനകളാണ്; അല്ലാതെ സ്വാഭാവികങ്ങളല്ല. സാംഖ്യന്മാർ പുരുഷനെന്നും, വേദാന്തികൾ ബ്രഹ്മമെന്നും, വിജ്ഞാനികൾ വിജ്ഞാനമെന്നും, ശൂന്യവാദികൾ ശൂന്യമെന്നും പറയുന്നതൊക്കെയും ഇതേ ആത്മാവിനെത്തന്നെയാണ്.

മനസ്സാകുന്ന വേരോടും ഇന്ദ്രിയങ്ങളാകുന്ന ഇലകളോടും ബ്രഹ്മാണ്ഡങ്ങളാകുന്ന ഫലങ്ങളോടും കൂടിയ പ്രകൃതിയാകുന്ന ചിദ്വല്ലി ഈ ആത്മാവിൽ നിന്നു പൊട്ടിമുളച്ചുണ്ടായി അതിൽത്തന്നെ ചുറ്റിപ്പറ്റിപ്പടർന്നു കളിക്കുന്നു. പ്രകൃതിയാകുന്ന പ്രസ്തുത ചിദ്വല്ലിയെ ചലിപ്പിക്കുന്നതും ലയിപ്പിക്കുന്നതും എല്ലാം പ്രസ്തുത ആത്മാവുതന്നെ. പുര്യഷ്ടകമെന്നു പ്രസിദ്ധമായ സൂക്ഷ്മശരീരത്തെ പ്രവർത്തിപ്പിക്കുന്നത് ഓരോ ശരീരത്തിലും വിളങ്ങുന്ന ആത്മജ്യോതിസ്സാണ്. ശുദ്ധനിർമ്മലമായ ജ്ഞാനമാണ് ആത്മാസ്വരൂപമെന്ന കാരണത്താൽ എന്തിനെ സ്മരിക്കുന്നുവോ അതായിത്തീരും. അങ്ങനെയുണ്ടാകുന്നവയാണ് ബ്രഹ്മാണ്ഡങ്ങൾക്കുടിയും. അതിനാൽ ചിത്സമുദ്രത്തിലെ തിരമാലകളെന്നപോലുള്ള ബ്രഹ്മാണ്ഡങ്ങൾക്കുടിയും കാനൽ ജലത്തിലെ തിരമാലകൾപോലെ ശൂന്യങ്ങളാണ്. ബ്രഹ്മത്തിൽ അനേകമനേകം ബ്രഹ്മാണ്ഡങ്ങളുണ്ടാവുകയും നിലനിൽക്കുകയും ലയിക്കുകയും ചെയ്യുന്നുണ്ടെന്നു തോന്നാമെങ്കിൽക്കൂടിയും വാസ്തവത്തിൽ ഒന്നും സംഭവിക്കുന്നില്ല. വികല്പംപോലും സംഭവിക്കുന്നില്ല. എപ്പോഴും നിർവ്വികല്പമാകുന്ന ഒരേ ഒരു ഭാവമല്ലാതെ മറ്റൊന്നുംതന്നെ ഇല്ല. എപ്പോഴും വികല്പലേശമില്ലാതെ സ്വസ്വരൂപസ്ഥിതനായ പരമപുരുഷനൊഴിച്ച് മറ്റൊന്നും എപ്പോഴും ഉണ്ടായിട്ടേ ഇല്ല. ആ പരമചൈതന്യത്തെ അറിയുമ്പോൾ ദ്വൈതകാരണമായ അഹങ്കാരം കേവലം നശിക്കുകയും ചെയ്യും.

എങ്കിലും ദൃഷ്ടവും അനുഭൂതവുമായ ഈ ജഗത്ത് ഇല്ലാത്തതാണെന്നെങ്ങിനെ പറയാം? യുക്തിയും പ്രമാണവുണ്ടായിരിക്കാം. എങ്കിലും യുക്തിയേക്കാളും പ്രമാണത്തേക്കാളും വലുതാണല്ലോ അനുഭവം. എല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ജഗത്തിനെ എന്നു പറയേണ്ടില്ലല്ലോ. ജഗത്ത് ഇല്ലാത്തതും ഉണ്ടായിട്ടില്ലാത്തതുമാണെന്നു വാദിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്ന ആളും അതേസമയത്തു ജഗത്തിനെ അനുഭവിക്കുന്നുണ്ടല്ലോ. ആ സ്ഥിതിക്കു ജഗത്തുണ്ടായിട്ടില്ലാത്തതാണെന്നെങ്ങിനെ പറയാം? എന്നാണ് വീണ്ടും ശ്രീരാമചന്ദ്രന്റെ സംശയം. അതിനു വസിഷ്ഠമഹർഷി മറുപടി പറഞ്ഞു.

ശാസ്ത്രാഭ്യാസവും സജ്ജനസമ്പർക്കവുമുണ്ടാവാത്തതുകൊണ്ടാണ് സംശയങ്ങൾ തീരാതെ എത്രതന്നെ കേട്ടാലും പരമാർത്ഥത്തെ ബോധിക്കാൻ കഴിയാതിരിക്കുന്നത്. സ്വന്തം യുക്തികളൊക്കൊണ്ടും സ്വാഭിപ്രായം കൊണ്ടും മാത്രം പരമാർത്ഥതത്വത്തിൽ നിസ്സംശയത്വം

വരുമെന്നു വിചാരിക്കാൻ വയ്യ. അതിനാൽ ശാസ്ത്രാഭ്യാസവും സൽസംഗവും അവശ്യം ഉണ്ടാവുകതന്നെ വേണം. അവ രണ്ടും വേണ്ടത്ര ബലപ്പെടുന്നു എന്നു വന്നാൽ ഏതാനും ദിവസങ്ങളെക്കൊണ്ടുതന്നെ നിസ്സംശയജ്ഞാനം കൈവരും. ജ്ഞാനം നിസ്സംശയസ്വരൂപമാവുമ്പോൾ ഈ ജഗത്ത് ഇല്ലാത്തതാണെന്നു ബോദ്ധ്യമാവും. അതുവരെ എത്രതന്നെ കേട്ടാലും ഇല്ലാത്തതാണെന്നു ബോദ്ധ്യമാവും. അതുവരെ എത്രതന്നെ കേട്ടാലും ഇല്ലാത്തതാണെന്നു ബോധിക്കാൻ കഴിഞ്ഞില്ലെന്നുവരാം. അങ്ങനെ ജഗത്തിന്റെ മിത്ഥ്യാഭാവത്തിൽ ദൃഢതവന്നു എപ്പോഴും ആത്മജ്ഞാനപരായണനായിത്തന്നെ കഴിയുന്ന സാധകൻ വളരെ വേഗത്തിൽ ജീവന്മുക്തനായിത്തീരും. കാലംകൊണ്ടു വിദേഹമുക്തനുമാവും.

ശരീരത്തോടുകൂടി ജീവന്മുക്തനായിരിക്കുന്നവനും ശരീരത്തെ വിട്ടുമുക്തനായിട്ടുള്ളവനും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? ഉണ്ടെങ്കിൽ എന്താണ് വ്യത്യാസം? എന്നാണ് ശ്രീരാമൻ പിന്നീട് ചോദിക്കുന്നത്. അതിന്റെ മറുപടി പറകയാണ് വസിഷ്ഠമഹർഷി. പറയത്തക്ക വ്യത്യാസമൊന്നുമില്ല. ദേഹമുണ്ടായാലും ഇല്ലെങ്കിലും കർമ്മബന്ധമോ സംസാരബന്ധമോ ഇല്ലെന്നു വരുന്നതുതന്നെയാണ് മുക്തി. അഭിമാനം, അഹങ്കാരം, ലോകവ്യവഹാരം, ഭയം തുടങ്ങിയ വികാരങ്ങൾ, സുഖദുഃഖങ്ങൾ, ശരീരചിന്ത എന്നിവയില്ലാത്തവൻ ജീവന്മുക്തൻതന്നെയാണ്. അവൻ ലോകത്തെയോ, ലോകം അവനെയോ ഭയപ്പെടുന്നില്ല. ചിദാകാശമാകുന്ന ആത്മസ്വരൂപം എപ്പോഴും അവനു പ്രത്യക്ഷമായിരിക്കും. മോദശോകങ്ങളോ, രാഗദ്വേഷങ്ങളോ അവനെ അലട്ടില്ല. എന്തൊക്കെ ചെയ്താലും ഇല്ലെങ്കിലും അവന്റെ ചിത്തം ശീതളമാണ്. അങ്ങനെയുള്ളവൻ ജീവന്മുക്തനാണ്. സന്ദർഭം വരുമ്പോൾ അവൻ ശരീരത്തെ വിട്ടു വിദേഹകൈവല്യത്തെയും പ്രാപിക്കുന്നു. ഉദയാസ്തമയങ്ങളോ ഞാൻ നീയെന്ന ഭാവങ്ങളോ ഇല്ലാത്ത സ്തിമിതഗംഭീരമായ ഏതോ ഒരത്ഭുതവസ്തുവായിത്തീരുന്നു. ആ വസ്തു വാക്കിന്നും മനസ്സിന്നും അതീതമാണ്. ഇന്ന പ്രകാരത്തിലുള്ളതെന്നു പറയാനോ വിചാരിക്കാനോ സാദ്ധ്യമല്ല. അതിനെ സത്തെന്നോ അസത്തെന്നോ പറയാൻ വയ്യ. പൂർണ്ണത്തിൽവെച്ചു പൂർണ്ണവും സൂക്ഷ്മത്തിൽ വെച്ചു സൂക്ഷ്മവുമാണ്.

ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം, അല്ലെങ്കിൽ അറിയുന്നവൻ, അറിയപ്പെടുന്ന വസ്തു. അറിവ് ഇവ മൂന്നും കൂടിയതിനെ ത്രിപുടിയെന്നു പറയുന്നു. പ്രസ്തുത ത്രിപുടിയുടെ മദ്ധ്യത്തിൽ സാക്ഷിരൂപേണ വിളങ്ങുന്നതുതന്നെ മുൻപറയപ്പെട്ട അദ്വൈതവസ്തു, എല്ലാ കലനകളും അടങ്ങുമ്പോൾ ശേഷിക്കുന്നതും അതേ വസ്തുതന്നെ. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളെയും വിട്ടു ചിരനിദ്രയുടെ സ്വരൂപത്തെ ഓർമ്മിക്കാമെങ്കിൽ അതും വസ്തുസ്വരൂപം തന്നെ. ദൃക്കും ദൃശ്യവുമെന്നു രണ്ടു രൂപത്തിൽ ജഗത്തിനെ വേർതിരിക്കുമ്പോൾ പ്രസ്തുത രണ്ടു വർഗ്ഗത്തിന്നും ആസ്പദമായും ആദ്യന്തഹീനമായുമുള്ള വേദനവും വസ്തുസ്വരൂപം തന്നെ. വ്യവഹാരത്തെ ചെയ്താലും കല്ലുപോലെ നിശ്ചലമായും ഭൗതികാകാശമല്ലാത്തതും എന്നാൽ ആകാശവടിവായിട്ടുള്ളതും തന്നെ വസ്തുസ്വരൂപം. മഹാപ്രളയകാലത്തിൽ ധാതാവു തുടങ്ങിയ

എല്ലാ ഉപാധികളെയും വിട്ട പ്രസ്തുത പരമചൈതന്യം കേവലാദ്വൈതസ്വരൂപമായി വിളങ്ങുന്നു.

ലീലോപാഖ്യാനം

ജഗത്തിന്റെ മിത്ഥ്യാത്വത്തെയും, മിത്ഥ്യാസ്വരൂപമായ ജഗത്തു നിലനിന്നുവരുന്ന സമ്പ്രദായത്തെയും വ്യക്തമാക്കാൻ വേണ്ടി ഒരു കഥ പറയാമെന്നു പറഞ്ഞുകൊണ്ടാണ് മണ്ഡപോപാഖ്യാനം അല്ലെങ്കിൽ ലീലോപാഖ്യാനമെന്ന് കഥയിലേയ്ക്കു വേശിക്കുന്നത്.

ഒരിക്കൽ ഈ ഭൂമിയിൽ ഒരിടത്തു പത്മരാജാവെന്നു പേരായി ഒരു രാജാവും അദ്ദേഹത്തിന് ലീലയെന്നു പേരായി ഒരു പട്ടമഹിഷിയുമുണ്ടായി. അവർ രണ്ടുപേരും വളരെ നല്ലവരും ധർമ്മനിഷ്ഠന്മാരും അന്യോന്യാനുരക്തന്മാരും അനുരൂപന്മാരുമായ ദമ്പതിമാരായിരുന്നു. അവരുടെ ധർമ്മനിഷ്ഠമായ ഭരണംകൊണ്ട് ഭൂമിയിൽ എല്ലായിടത്തും എല്ലാ ജീവികൾക്കും ക്ഷേമസമാധാനങ്ങളും സമ്പത്തുകൾക്ക് അഭിവൃദ്ധിയും ധർമ്മത്തിന് നിലനിൽപുമുണ്ടായി. എപ്പോഴും എന്തെങ്കിലും നല്ല കാര്യങ്ങളെ മാത്രം ആലോചിച്ചു കൊണ്ടിരിക്കുകയെന്നതു സ്വഭാവമായിരുന്നു മഹാരാജ്ഞിക്ക്. അക്കൂട്ടത്തിലൊരിക്കൽ തനിക്കും തന്റെ ഭർത്താവായ മഹാരാജാവിനും മരണം സംഭവിക്കാതെ അമരത്വത്തോടുകൂടി ചിരകാലം ഭൂമിയിൽ സുഖികളായിരിക്കാനെന്താണ് മാർഗ്ഗമെന്നാലോചിച്ചു. വിദ്യാവൃദ്ധരും, ജ്ഞാനവൃദ്ധരും, തപോവൃദ്ധരും, കേവലം വയോവൃദ്ധരുമായ പലരേയും അരമനയിൽ വരുത്തി അവരോടൊക്കെ തന്റെ ആഗ്രഹത്തെ അറിയിച്ച് അതിനെ സാധിക്കാനുള്ള ഉപായമെന്താണെന്നന്വേഷിച്ചു. സാധാനകളെക്കൊണ്ടു പല കാരത്തിലുള്ള സിദ്ധികളുമുണ്ടാവാമെന്നല്ലാതെ അമരത്വം കിട്ടാൻ വിഷമമാണെന്നാണ് അവരുടെയൊക്കെയും മറുപടി. ഒരു പ്രകാരത്തിലും തന്റെ ആഗ്രഹം നിറവേറാൻ മാർഗ്ഗമില്ലെന്നറിഞ്ഞപ്പോൾ മഹാരാജ്ഞി ആകുലയും പരവശയുമായിത്തീർന്നു. ഭർത്താവിന്റെ മരണത്തെയും അതിനുശേഷമുള്ള തന്റെ ഏകാകിനിയായ ജീവിതത്തെയും ഓർത്തപ്പോൾ രാജ്ഞി നടുങ്ങി.

പുണ്യാത്മാക്കൾക്കു തന്റെ ശുദ്ധമായ അന്തഃകരണം തന്നെയാണ് ഉത്തമനായ ബന്ധുവും ഉപദേഷ്ടാവും. ആ നിലയ്ക്ക് മഹാരാജ്ഞി പിന്നെ അധികമാരോടും ഒന്നുമന്വേഷിക്കാതെ തന്റെ ചിത്തത്തിൽതന്നെ തീവ്രമായ അന്വേഷണം തുടങ്ങി. അതിന്റെ ഫലമായി കുറച്ചുദിവസം കഴിഞ്ഞപ്പോഴയ്ക്കു ചില തീർപ്പുകളൊക്കെയുണ്ടായി. ഭർത്താവിനു മുമ്പു താനാണ് മരിക്കുന്നതെങ്കിൽ ശരീരത്തെ വിട്ടു ബ്രഹ്മസായൂജ്യത്തെ പ്രാപിക്കണം. അല്ല, ഭർത്താവാണ് മുമ്പെ മരിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ജീവകല ശരീരത്തെ വിട്ടാലും അന്തഃപുരമണ്ഡപത്തിലെ അന്തരീക്ഷത്തിൽ നിന്നു പുറത്തുപോവാനിടവരാതെ ഇവിടെത്തന്നെ നില്ക്കണം. തനിക്കെപ്പോഴും കാണാനും കഴിയണം. അതിനുള്ള കഴിവ് വിദ്യാസ്വരൂപിണിയായ സരസ്വതീദേവിയുടെ പ്രസാദം കൊണ്ടുണ്ടാവണം. അതു സാധിക്കുന്നതുവരെയും താൻ സരസ്വതീ ഭജനം നടത്തും. എന്നൊക്കെയാണ് കുറച്ചുദിവസം കഴിഞ്ഞപ്പോഴുണ്ടായ തീർപ്പ്. അതിനനിസരിച്ചു തന്റെ ഭർത്താവിനെപ്പോലും അറിയിക്കാതെ വളരെ രഹസ്യമായും എന്നാൽ വളരെ കഠിനമായുമുള്ള നിലയിൽ സരസ്വതിദേവിയെ തപോനുഷ്ഠാനങ്ങളെക്കൊണ്ട് ആരാധിക്കാൻ തുടങ്ങി, ധ്യാനവും, സമാധിയും, ജപവും, പൂജയും മറ്റും

മറ്റുമായി രാവും പകലും ഭേദമില്ലാതെ കഴിച്ചുകൂട്ടാൻ തുടങ്ങി. മുമ്മൂന്നു ദിവസം കൂടുമ്പോൾ ഒരിക്കൽ എന്തെങ്കിലും ആഹാരം കഴിക്കും. അങ്ങനെ കഠിനമായ തപോനിഷ്ഠയിൽത്തന്നെ പത്തുമാസം കഴിഞ്ഞു.

അങ്ങനെയിരിക്കെ ഒരു ദിവസം പതിവുപോലുള്ള പൂജാവിധാനം തുടർന്നുകൊണ്ടിരിക്കെ ശ്രദ്ധാഭക്തികളുടെ പാരമ്യത്താൽ അശ്രുധാരകളെഴുകിയും ദേഹം മുഴുവൻ പൊട്ടിത്തരിച്ചും തൊഴുകയ്യുമായി അർദ്ധനിമീലതിനേത്രമായി തന്റെ ഇഷ്ടദേവതാവിഗ്രഹത്തിന്റെ മുമ്പിൽ ഇരിക്കുന്ന രാജ്ഞിക്ക് കരുണാമയിയായ വിദ്യാദേവിയുടെ ദർശനം കിട്ടി. അത്യുജ്ജ്വലമായ തേജസ്സോടുകൂടി തന്റെ പുരോഭാഗത്തിൽ ദേവി പ്രത്യക്ഷപ്പെട്ടപ്പോൾ ഭക്തിപരവശയായിത്തീർന്ന മഹാരാജ്ഞി വീണുനമസ്കരിച്ച് അമ്മയുടെ തൃപ്പാദങ്ങൾ തന്റെ ശിരസ്സോടുകൂടി യോജിപ്പിച്ചു. അനന്തരം തൊഴുകയ്യോടെ എഴുനേറ്റുനിന്ന് ഭക്തിഗൽഗദങ്ങളായ വാക്കുകളെക്കൊണ്ട് ദേവിയെവാഴ്ത്തി സ്തുതിച്ചു. സന്തുഷ്ടയായ വാണീഭഗവതി രാജ്ഞിയെ അനുഗ്രഹിച്ച് അഭീഷ്ടങ്ങളായ വരങ്ങളെ കൊടുക്കാൻ മുതിർന്നപ്പോൾ രാജ്ഞി രണ്ടു വരങ്ങളെ വരിച്ചു. അതിൽ ഒന്നുതന്റെ ഭർത്താവ് മരിച്ചാൽ അദ്ദേഹത്തിന്റെ ജീവകാല തന്റെ അന്തഃപുരമണ്ഡപത്തിലെ അന്തരീക്ഷത്തിൽത്തന്നെ തങ്ങിനില്കണമെന്നും മറ്റൊന്നു താൻ സ്മരിക്കുമ്പോഴോക്കെയും ദേവി പ്രത്യക്ഷപ്പെട്ട് ആവശ്യപ്പെടുന്ന വരങ്ങളെ കൊടുക്കണമെന്നുമാണ് പ്രസ്തുത രണ്ടു വരങ്ങളെയും കൊടുത്തു ദേവി അവ്യക്തയിലേയ്ക്കു മറയുകയും ചെയ്തു.

ഇഷ്ടദേവതാദർശനം കൊണ്ടും അഭീഷ്ടലാഭം കൊണ്ടും അത്യന്ത ചരിതാർത്ഥയായിത്തീർന്ന മഹാരാജ്ഞി സന്തോഷത്തോടുകൂടും വണ്ണം ദിവസം കഴിച്ചുവന്നു. കാലംകൊണ്ടു മഹാരാജാവിന് വാർദ്ധക്യവും ജരാനരകളും വന്നുചേർന്നു. അന്ത്യസമയം ആസന്നമായെന്നുപോലും തോന്നാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം പത്മമഹാരാജാവു നിര്യാതനാവുകയും ചെയ്തു. ലീലാരാജ്ഞി ഭർത്തൃവിരഹദുഃഖം സഹിക്കാൻ കഴിയാതെ ഉറക്കെ നിലവിളിക്കുകയും മണ്ണിൽ വീണ്ടുരുളുകയും മാറാത്തടിക്കുകയും മറ്റും ചെയ്തു. എങ്കിലും അതുകൊണ്ടൊന്നും സമാധാനം കിട്ടാതെ മരിക്കാൻതന്നെ തീർച്ചപ്പെടുത്തി. ആ സമയത്ത് ആകാശത്തുനിന്നു കരുണാമയിയായ ദേവിയുടെ ഒരുളപ്പാടു കേട്ടു: “പതിവ്രതാരത്നമായ ലീലേ! നീ വ്യസനിക്കേണ്ട. നിനക്കിനിയും ഭർത്താവോടുകൂടി സുഖമായിരിക്കാൻ സാധിക്കും. ഭർത്താവിന്റെ ശവശരീരത്തെ കേടുവരുത്താതെ അന്തഃപുരമണ്ഡപത്തിൽത്തന്നെ പുഷ്പങ്ങളെകൊണ്ടുമൂടി സൂക്ഷിക്കൂ. പുഷ്പങ്ങൾ വാടിയേയ്ക്കാം. എന്നാൽ ശരീരംവാടില്ല. മാത്രമല്ല; നിന്റെ ഭർത്താവിന്റെ നിർമ്മലമായ ജീവകല ഇപ്പോഴും ആ അന്തഃപുരത്തിൽ നില്ക്കുന്നുണ്ട്” അതുകേട്ട മഹാരാജ്ഞിയുടെ വ്യസനം മിക്കവാറും തീർന്നുവെന്നുതന്നെ പറയണം. വേഗത്തിൽ ധാരാളം സുഗന്ധപുഷ്പങ്ങളെ വരുത്തി ഭർത്തൃശരീരത്തെ ശുദ്ധിവരുത്തി അലങ്കരിച്ചുപുഷ്പങ്ങളെക്കൊണ്ടു മൂടി സൂക്ഷിച്ചു.

എങ്കിലും ഭർത്താവിനെ പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നില്ലല്ലോ എന്ന ദുഃഖം പിന്നെയും രാജ്ഞിയെ പീഡിപ്പിച്ചുകൊണ്ടിരുന്നു. അതിനാൽ ആർത്തിയായി വിദ്യാദേവിയെ സ്മരിച്ചു

ദർശനത്തിന്നപേക്ഷിക്കുകതന്നെ ചെയ്തു. ഉടനെ ദേവി മാഹാരാജ്ഞിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് എന്താണ് വേണ്ടതെന്നു ചോദിച്ചു. അപ്പോൾ തന്റെ ഭർത്താവിനെ കാണാൻ സാധിക്കാത്തതുകൊണ്ട് വളരെ വ്യസനമുണ്ടെന്നും അദ്ദേഹം ഇപ്പോൾ എവിടെ ഏതു രൂപത്തിലാണെന്നും അദ്ദേഹത്തെ കാണാൻ മാർഗ്ഗമെന്താണെന്നും പറഞ്ഞുതന്ന് തന്നെ അവിടേയ്ക്കു കൂട്ടിക്കൊണ്ടുപോവണമെന്നും അപേക്ഷിച്ചു. അപ്പോൾ ദേവീ അരുളിചെയ്തു: ആകാശത്തിന് മൂന്നു വകഭേദങ്ങളുണ്ട് - ഭൂതാകാശം, ചിത്താകാശം, ചിദാകാശം. ഇതിൽ ഭൂതാകാശം മറ്റു രണ്ടു ആകാശങ്ങളെയും അപേക്ഷിച്ചു സ്ഥൂലമാണ്. ചിദാകാശം അത്യന്ത സൂക്ഷമവുമാണ്. അതിൽ യാതൊരു നാമരൂപങ്ങളുടേയും സ്ഫുരണംപോലുമില്ല. അത്യന്തശൂന്യവും അത്യന്തപ്രശാന്തവുമാണ്. ചിത്തം ഒരു വിഷയത്തെ വിട്ടു മറ്റൊരു വിഷയത്തെ പ്രാപിക്കുന്നതിനിടയിലുള്ള ഏറ്റവും ചുരുങ്ങിയ സമയം ഏതൊരു സ്വരൂപത്തിലിരിക്കുന്നുവോ, അതാണ് ചിദാകാശത്തിന്റെ രൂപം. അല്പംപോലും സങ്കല്പമില്ലാതായാൽ ചിത്തം ചിദാകാശമായിത്തീരും. അപ്പോൾ സർവ്വാത്മകവും ശാന്തവുമായ പദത്തെ പ്രാപിക്കുകയും ചെയ്യും. ഈ ലോകം കേവലം ഇല്ലാത്തതാണെന്ന ഉറച്ച വിശ്വാസം ദൃഢപ്പെട്ടുകഴിഞ്ഞാൽ ആ പരമപദത്തെ പ്രാപിക്കാം. അല്ലാതെ സാദ്ധ്യവുമല്ല. ഈ ലോകം ഇല്ലാത്തതാണെന്ന ദൃഢവിശ്വാസം ഒരാൾക്കുണ്ടാവാൻ വിഷമമാണ്. എന്നാൽ നിനക്കിപ്പോൾ എന്റെ അനുഗ്രഹം കൊണ്ടു ഞാനാ നില കൈവരുത്തിത്താരം. എന്നു പറഞ്ഞു ദേവി രാജ്ഞിയെ അനുഗ്രിച്ചന്തർദ്ധാനം ചെയ്തു. ദേവി തിരോധാനം ചെയ്തു കഴിഞ്ഞതോടെ താമസമുണ്ടായില്ല; ദേവിയുടെ അനുഗ്രഹശക്തിയാൽ രാജ്ഞി നിർവ്വികല്പസമാധിയിൽ മുഴുകി. ആ സമാധിയിൽ ഇരിക്കുമ്പോൾത്തന്നെ ശരീരത്തെവിട്ടു അന്തഃകരണത്തോടുകൂടി അവിടെയുള്ള ഗൃഹാകോശത്തേയ്ക്കുയരുകയും ചെയ്തു.

അത്ഭുതമെന്നു പറയട്ടെ; ആ ഗൃഹാകാശത്തിൽ രാജ്ഞിയുടെ ജീവപ്രജ്ഞ പല വിചിത്ര ദൃശ്യങ്ങളെയും കണ്ടു. പർവ്വതങ്ങൾ, കാട്ടുകൾ, നദികൾ, സമുദ്രങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ എന്നിവയടങ്ങിയ ഒരു പുതിയ ലോകത്തെക്കണ്ടു. അതിൽ വളരെ വലിയ ഒരു പട്ടണമദ്ധ്യത്തിൽ അനേക മതിലുകളാലും കിടങ്ങുകളാലും ചുറ്റപ്പെട്ടു നാലുഭാഗത്തും വലിയ ഗോപരങ്ങളോടുകൂടിയ വലിയ കോട്ടയും അതിന്റെ മദ്ധ്യത്തിൽ എല്ലാവിധ ശിൽപവൈദഗ്ദ്ധ്യങ്ങൾക്കും ഉത്തമോദാഹരണമായും അവർണ്ണനീയമായുമുള്ള രാജധാനിയേയും കണ്ടു. രാജധാനിയുടെ പുരോഭാഗത്ത് വിശാലമായ സഭാമണ്ഡപവും അതിൽ അനേകം സാമന്തരാജക്കന്മാരാലും മന്ത്രിപുംഗവന്മാരാലും പ്രഭുക്കന്മാരാലും ചുറ്റപ്പെട്ടു വാഴ്ത്തപ്പെട്ടുകൊണ്ടുമുള്ള നിലയിൽ വലിയ സിംഹാസനത്തിൽ തന്റെ ഭർത്താവായ പത്മരാജാവ് ഇരിക്കുന്നതായും രാജ്യകാര്യങ്ങളെക്കുറിച്ചാലോചിക്കുന്നതായും കണ്ടു. ഇടയ്ക്കിടെ മഹാരാജാവിനെ ജയശബ്ദം കൊണ്ടും നമശ്ശബ്ദംകൊണ്ടും മാനിക്കുന്നു; പുഷ്പവർഷം ചെയ്യുന്നു. നാലുഗോപുരദ്വാരങ്ങളിലും രാജദർശനത്തിൽ ഉത്സുകരായ ജനങ്ങൾ തിങ്ങി നിറഞ്ഞിരിക്കുന്നു. ഇതൊക്കെകണ്ട് ആശ്ചര്യഭരിതയായ ലീലാരാജ്ഞിയും ആ രാജസഭാ മണ്ഡപത്തിലെ അന്തരീക്ഷത്തിൽ ചെന്നുന്നിന്നു. സഭയിലുള്ള നാനാജനസഞ്ചയത്തെയും, പണ്ടത്തെ വാർദ്ധക്യമൊക്കെ പോയി

നവയൗവനാരൂഢനും തേജസ്വിയുമായ തന്റെ ഭർത്താവാകുന്ന മഹാരാജാവിനേയും വ്യക്തമായി തെളിഞ്ഞു കണ്ടു. പലതരത്തിലുള്ള ആളുകളേയും കുറ്റവാളികളായ ജയിൽപ്പുള്ളികളേയും പണ്ഡിതന്മാരേയും മിത്രവർഗ്ഗങ്ങളേയുമെല്ലാം കണ്ടു. ആശ്ചര്യസതബ്ധയായ രാജ്ഞി വീണ്ടും തന്റെ അന്തഃപുരമണ്ഡപത്തിൽ സമാധിസ്ഥിതിയിലിരിക്കുന്ന ശരീരത്തിലേയ്ക്കുതന്നെ മടങ്ങി. അൽപസമയം കൊണ്ടു സമാധിയുണർന്നു. ഉടനെത്തന്നെ വിദ്യാമയിയായ സരസ്വതിദേവിയെ സ്മരിച്ചു. ദേവി പ്രത്യക്ഷപ്പെട്ടുകയും ചെയ്തു. രാജ്ഞി സരസ്വതീദേവിയെ വണങ്ങി തന്റെ ഭർത്താവു ശരീരത്തെ വിട്ടശേഷം രൂപമില്ലാത്ത ഭ്രമാത്മകമായ ഈ ജന്മത്തെ എങ്ങനെ പ്രാപിച്ചു എന്നുള്ള പരമാർത്ഥം ജഗൽഭ്രാന്തി നീങ്ങാൻ വേണ്ടി പറഞ്ഞുതന്നാൽ കൊള്ളാമെന്നപേക്ഷിച്ചു.

വിദ്യാദേവി മറുപടി പറയാൻ തുടങ്ങി. പൂർവ്വസംസാരസ്മൃതികൊണ്ടു കേവലം ഭ്രമാത്മകമായ ഈ വർത്തമാനജന്മവും ജീവിതവും എങ്ങിനെ നിലനില്ക്കുന്നുവോ, അതുപോലെത്തന്നെ രണ്ടാംജന്മവും ഉണ്ടാവുകയും നിലനില്ക്കുകയും ചെയ്യുന്നു. അതിലെന്താണത്ഭുതം! ഇപ്പോഴുള്ള ജന്മം ഭ്രമാത്മകമാണെന്നും ആശ്ചര്യമാണെന്നുമൊക്കെ തോന്നുന്നത്. അതിനാൽ ഇപ്പോഴുള്ള ജന്മം എങ്ങിനെയുണ്ടായിയെന്നു ഞാൻ വ്യക്തമാക്കിത്തരാം. ചിദാകാശമെന്നു പറഞ്ഞാൽ എന്താണെന്നിപ്പോൾ അറിഞ്ഞുവല്ലോ, അത്യന്ത ശൂന്യവും അനന്തവുമായ ചിദാകാശത്തിലൊരിടത്ത് അത്യാശ്ചര്യകരമായ ഒരു മായാമണ്ഡപമുണ്ട്. അതുതന്നെ ബ്രഹ്മാണ്ഡം. സുമേരുപർവ്വതമാകുന്ന നെടുംതൂണോടും ആകാശമാകുന്ന മേൽപ്പുരയോടും ആകാശസഞ്ചാരികളായ സിദ്ധന്മാരുടെ സാമഗാനങ്ങളോടും മറ്റും മറ്റും കൂടിയ പ്രസ്തുതമായമണ്ഡപത്തിലെ - ബ്രഹ്മാണ്ഡത്തിലെ - ധാരാളം പുത്രന്മാരുള്ള ആദിഗൃഹസ്ഥനാണ് ബ്രഹ്മദേവൻ. വിശാലമായ ആ ബ്രഹ്മണ്ഡപത്തിൽ ഒരിടത്തു ചില പർവ്വതങ്ങളുടെ ഇടയിൽ 'ഗിരിഗ്രാമ'മെന്നൊരു ഗ്രാമമുണ്ട്. അവിടെ അനേകം ഗൃഹങ്ങളുള്ളതിൽ പ്രസിദ്ധമായ ഒരു ബ്രാഹ്മണഗൃഹമുണ്ട്. വസിഷ്ഠനെന്നു പേരായി വിദ്യാസമ്പന്നനും വൈദീകകർമ്മനിരതനുമായൊരു ഗൃഹസ്ഥബ്രാഹ്മണനാണ് ഗൃഹത്തിൽ താമസിച്ചുവരുന്നത്. അരുന്ധതിയെന്നാണദ്ദേഹത്തിന്റെ പത്നിക്കു പേര്. സാക്ഷാൽ വസിഷ്ഠനും അരുന്ധതിയുമല്ല. എങ്കിലും അതുപോലുള്ള ഗുണങ്ങളൊക്കെ തികഞ്ഞവരാണ് ഈ ബ്രാഹ്മണദമ്പതിമാരും.

പ്രസ്തുത വസിഷ്ഠബ്രാഹ്മണൻ ഒരു ദിവസം കാട്ടിൽ തപോനിഷ്ഠയിലിരിക്കുമ്പോൾ മഹാപ്രതാപശാലിയായ ഒരു മഹാരാജാവു തന്റെ പരിവാരങ്ങളോടുകൂടി ആ കാട്ടിൽ നായാട്ടിനായി വന്നു. ബ്രാഹ്മണൻ രാജാവിനേയും അദ്ദേഹത്തിന്റെ പ്രൗഢിയേയും കണ്ടു തനിക്കും അതുപോലെ പ്രതാപശാലിയായൊരു രാജാവായാൽക്കൊള്ളാമെന്ന് ആഗ്രഹിക്കാൻ തുടങ്ങി, അദ്ദേഹത്തിന്റെ പത്നി ഭർത്താവിൽ ഏറ്റവും അനുരക്തയായിരുന്നു, ഭർത്താവു മരിച്ചാൽ അദ്ദേഹത്തിന്റെ ജീവൻ ഗൃഹാന്തരീക്ഷത്തിൽ പോവരുതെന്നു വിചാരിച്ചു പലവ്രതങ്ങളും നടത്തി. കാലംകൊണ്ടു ബ്രഹ്മണൻ മരിച്ചു, പ്രസ്തുത വസിഷ്ഠബ്രാഹ്മണനും അരുന്ധതിയുമാണിപ്പോൾ നീയും നിന്റെ ഭർത്താവായ രാജാവുമായിരിയ്ക്കുന്നത്. ബ്രാഹ്മണൻ മരിച്ചിട്ട് ഇന്നേയ്ക്കു ദിവസം എട്ടേആയിട്ടുള്ളു.

അദ്ദേഹത്തിന്റെ പുത്രന്മാർ ഇപ്പോഴും ഗൃഹത്തിൽ ദുഃഖിച്ചുകൊണ്ടിരിക്കയാണ്. ആ പൂർവ്വസംസാരസ്മൃതിയാണ് നിങ്ങളുടെ ഇപ്പോഴത്തെ ഭ്രമാത്മകമായ ജന്മം."

സങ്കല്പമാത്രമായ ജഗത്തിൽ സത്യബുദ്ധി ഉറച്ചിരുന്നതിനാൽ ജ്ഞാനരൂപിണിയായ സരസ്വതീദേവിയുടെ വാക്കുപോലും ലീലയ്ക്കു വിശ്വാസയോഗ്യമായിത്തോന്നിയില്ല. അതിലത്ഭുതമില്ല. ലോകാനുഭവങ്ങളിൽ സത്യബുദ്ധിയോടും സുഖഭാവത്തോടുംകൂടി മുഴുകിക്കൊണ്ടിരിയ്ക്കുന്ന ഒരാൾ ഈ ലോകം സംഭവിച്ചിട്ടില്ലാത്തതാണെന്നും സ്വപ്നാനുഭങ്ങളെന്നപോലെ തന്റെ ചിത്തവിഭ്രാന്തികൾ മാത്രമാണ് കാണപ്പെടുന്നതെന്നും ബോധ്യമായിത്തീരലെളുപ്പമല്ല. അതിനാൽ കടുകിൻമണിയ്ക്കുള്ളിൽ കനകാചലമുണ്ടെന്നു പറഞ്ഞാൽ എപ്രകാരം വിശ്വാസയോഗ്യമല്ലയോ, അണുകോടരത്തിൽ അനേക സിംഹങ്ങൾ ഈച്ചകളോടു യുദ്ധം ചെയ്യുന്നുവെന്നു പറഞ്ഞാൽ സിംഹങ്ങൾ ഈച്ചകളോടു യുദ്ധം ചെയ്യുന്നുവെന്നു പറഞ്ഞാൽ എപ്രകാരം വിശ്വസിക്കത്തക്കതല്ലയോ, അതുപോലെ വിശ്വസിക്കത്തക്കതല്ല ദേവിയുടെ വാക്കുകളുമെന്നു തോന്നി രാജ്ഞിക്ക്. അനേകം പർവ്വതങ്ങളും സമുദ്രങ്ങളും പട്ടണങ്ങളും ഗ്രാമങ്ങളും മറ്റുമടങ്ങിയ ഒരു രാജ്യം അല്ലെങ്കിൽ ഒരു ലോകംതന്നെ അല്പമായ ഗൃഹാകാശത്തിലൊതുങ്ങിയിരിക്കുന്നുവെന്നുള്ളതെങ്ങിനെ വിശ്വസിയ്ക്കും? വിശ്വസിക്കാൻ സാധിച്ചില്ല മഹാരാജ്ഞിക്ക്.

ലീലയുടെ അപ്രകാരമുള്ള ഭാവത്തെക്കണ്ടപ്പോൾ പിന്നെയും സരസ്വതീദേവി സത്യത്തെ നിസ്സംശയസ്വരൂപേണ ഉത്ബോധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു. വിശ്വസിക്കാൻ വിഷമം തോന്നിയേയ്ക്കാമെങ്കിൽകൂടി പരമാർത്ഥം ഇതാണ്. ഗിരിഗ്രാമത്തിലെ വസിഷ്ഠബ്രാഹ്മണൻ മരിച്ചിട്ട് ഇന്നേയ്ക്കു ദിവസം എട്ടേ ആയിട്ടുള്ളൂ. അദ്ദേഹത്തിന്റെ ഗൃഹത്തിലെ കുടുംബജനങ്ങൾ ഇപ്പോഴും വ്യസനപരവശന്മാരായി കഴിയുകയാണ്. മരിച്ച ബ്രാഹ്മണന്റെ ജീവാത്മാവ് ഇപ്പോഴും ആ ഗൃഹാകാശത്തിൽ നിന്നു പുറത്തു പോയിട്ടില്ല. തന്റെ വാസനാ വിശേഷത്താൽ ആകാശകൃതിയായ ജീവൻ ആ ഗൃഹാകാശത്തിൽതന്നെ ആകാശമയമായ ഒരു രാജ്യത്തെ കണ്ടനുഭവിച്ചുകൊണ്ടിരിക്കയാണ്. ജാഗ്രൽസംസ്കാരം സ്വപ്നത്തിൽ എപ്രകാരം മറ്റൊരു രൂപത്തിൽ പ്രകാശിയ്ക്കുന്നുവോ, അതുപോലെ പൂർവ്വസംസാരസ്മൃതി മരണംകൊണ്ടു മറന്നു സംസ്കാരവിശേഷത്താൽ പൂർവ്വസംസാരത്തെത്തന്നെ മറ്റൊരു പ്രകാശത്തിൽ അനുഭവിക്കുകമാത്രമാണ് ചെയ്യുന്നത്. ജീവന്റെ മുഖ്യോപാധിയായ അന്തഃകരണത്തിലാണ് ഭൂമിയും സമുദ്രങ്ങളും കാടുകളും പർവ്വതങ്ങളുമെന്നുവേണ്ട എല്ലാംതന്നെയും നിലനില്ക്കുന്നത്. അവയ്ക്കെല്ലാം ഭാവന അല്ലെങ്കിൽ പൂർവ്വവാസന മാത്രമാണ് ആധാരമായിട്ടിരിക്കുന്നത്. കേവലം പ്രതിഭാസങ്ങൾമാത്രമാണ് ജഗദ്വസ്തുക്കളൊക്കെത്തന്നെയും. അവ വാസ്തവത്തിൽ തന്നിൽനിന്നു പുറമേയല്ല നില്ക്കുന്നത്. തന്റെ തന്നെ ഉള്ളിലുള്ളിലായിട്ടാണെന്നു ധരിക്കണം. പല കാലത്തോ പല ദേശത്തോവെച്ചു സംഭവിച്ച അനുഭവങ്ങളെ സ്വപ്നത്തിൽ അനുഭവിയ്ക്കുന്നതു തന്റെ അകത്തുവെച്ചാണെന്നതു തർക്കമറ്റ സംഗതിയാണല്ലോ. അവയെല്ലാം ഭൂതകാലങ്ങളിൽ വിദൂരത്തുവെച്ചു നടന്നവയാണെങ്കിലും അനുഭവിയ്ക്കുന്ന സ്വപ്നാവസ്ഥയിൽ അടുത്തുവെച്ചുതന്നെ

സംഭവിയ്ക്കുന്നവയായും വർത്തമാനകാലത്തുള്ളവയായുമാണല്ലോ അനുഭവപ്പെടുന്നത്. കാലവും ദേശവും മനസ്സിൽതന്നെയാണെന്നും മനസ്സിന്റെ ഘടകങ്ങളാണെന്നും ഇതുകൊണ്ടു തെളിയുന്നുണ്ടല്ലോ. സ്വപ്നാവസ്ഥയിൽ അല്പമായ അന്തഃകരണാകാശത്തിൽ എപ്രകാരം അനേകം പർവ്വതങ്ങളും സമുദ്രങ്ങളും നഗരങ്ങളുമടങ്ങിയ രാജ്യം പ്രകാശിയ്ക്കുന്നുവോ അതുപോലെതന്നെയാണ് ജാഗ്രദവസ്ഥയിലും സംഭവിക്കുന്നത്. യാതൊരു വ്യത്യാസവുമില്ല. സ്വപ്നാവസ്ഥയിലെ പദാർത്ഥങ്ങൾ സൂക്ഷ്മങ്ങളും ജാഗ്രത്തിലേതു സ്ഥൂലങ്ങളുമാണെന്നുമാത്രമെ വ്യത്യാസമുള്ളു.

ഇത്രത്തോളം ദേവി പറഞ്ഞിട്ടും ലീലയ്ക്കു കാര്യത്തിന്റെ യാഥാർത്ഥ്യത്തെ പൂർണ്ണമായി ബോധിക്കാൻ കഴിഞ്ഞില്ല. ദേശദൈർഘ്യം ഒരു പക്ഷേ ഇല്ലാത്തതും മനസ്സിന്റെ പ്രതീതിമാത്രവുമായേയ്ക്കാം. എന്നാൽ കാലദൈർഘ്യമെങ്ങിനെ ഇല്ലാത്തതാവും? എന്നായി പിന്നത്തെ സംശയം. ബ്രാഹ്മണൻ മരിച്ചിട്ട് ഇന്നേയ്ക്ക് എട്ടേ ദിവസമായിട്ടുള്ളുവെന്നു പറയുന്നു. എന്നാൽ അനേകസംവത്സരങ്ങൾ അതിന്നിടയിൽ കഴിഞ്ഞുവെന്നാണിരിയ്ക്കുന്നത്. അതെങ്ങിനെ ശരിയാവും? കേവലം എട്ടു ദിവസങ്ങൾക്കിടയിൽ അനേകം സംവത്സരങ്ങൾ കഴിഞ്ഞു പോവുകയെന്നതെങ്ങിനെ വിശ്വസിക്കാമെന്നായി രാജ്ഞി.

ദേവി പിന്നെയും പറഞ്ഞു. ദേശദൈർഘ്യവും ദേശവ്യത്യാസവും എപ്രകാരം കേവലം ഇല്ലാത്തവയും പ്രതീതിമാത്രവുമാണോ, അതുപോലെ കാലദൈർഘ്യം കാലവ്യത്യാസവും ഇല്ലാത്തവതന്നെ. അവയും കേവലം പ്രതീതിമാത്രമല്ലാതെ മറ്റൊന്നുമല്ല. ചിദ്വിലാസരൂപിയായ ജീവന് തന്റെ പ്രതിഭയൊഴിച്ചു മറ്റു യാതൊരുപകരണങ്ങളുമില്ല. പ്രതിഭകൊണ്ടാണ് എല്ലാറ്റിനെയും സൃഷ്ടിക്കുന്നതും അനുഭവിക്കുന്നതും ലയിപ്പിയ്ക്കുന്നതുമെല്ലാം. കേവലം ഭാവനാവിശേഷത്താൽ തോന്നപ്പെടുന്ന പ്രതീതിമാത്രമല്ലാതെ മറ്റൊന്നുംതന്നെ സംഭവിക്കുന്നില്ല. പ്രതിഭാസംമാത്രമാണെല്ലാം. ഭാവനയ്ക്ക് അല്ലെങ്കിൽ പ്രതിഭാസത്തിന് ആസ്പദം വാസനയുമാണ്. വാസനാബീജങ്ങൾ പ്രതിഭാസവസ്തു സ്വരൂപങ്ങളായി പ്രകാശിക്കുന്ന സമ്പ്രദായത്തെ സാമാന്യമായൊന്നു വിവരിക്കാം.

ജാഗ്രത്തിൽ നിന്നും സ്വപ്നത്തിലേയ്ക്കു കടന്ന ജീവൻ ജാഗ്രത്തിലെ കാലദേശങ്ങളെയും അനുഭവങ്ങളെയും മുഴുവൻ വിസ്മരിച്ചു മറ്റൊരു ലോകത്തെ കാണുന്നതെപ്രകാരമോ, അതുപോലെ ഇല്ലാത്തതും പ്രതീതിമാത്രവുമായ മൃത്യുമോഹത്തെ പ്രാപിച്ച ജീവൻ ക്ഷണനേരംകൊണ്ട് അതുവരെയുണ്ടായിരുന്ന ലോകത്തെയും അനുഭവങ്ങളെയുമെല്ലാം കേവലം വിസ്മരിച്ച് ഒരു പുതിയ ലോകത്തെ കാണാൻ തുടങ്ങുന്നു. ഈ ശരീരം എന്റേതാണ്; ഞാനീ അച്ഛന്റെ മകനാണ്; എനിക്കിത്രവയസ്സായി; ഈ ഗൃഹവും സ്വത്തുക്കളുമെല്ലാം എന്റേതാണ്; ഇവരൊക്കെ എന്റെ ബന്ധുജനങ്ങളാണ് എന്നിങ്ങനെ ഭാവാസ്വരൂപേണ ഒരു പുതിയ ലോകത്തെ കാണാൻ തുടങ്ങുന്നു. തന്റെ അന്തഃകരണത്തിൽ വെച്ചാണിവയെല്ലാം കാണുന്നത് എന്നിരുന്നാലും എല്ലാം പുറമെയാണെന്നും, വിശാലമായ ഒരു ലോകത്തിന്റെ ഏതോ ഒരു ചെറിയ കോണിലുള്ള ഒരു

ചെറിയ സത്വം മാത്രമാണ് താനെന്നും തോന്നുകയും ചെയ്യും. പിന്നീട് ആ ഭാവനാലോകത്തിലെ പല പ്രകാരത്തിലുള്ള ഭാവങ്ങളെ സത്യബുദ്ധിയോടെ വളർത്തിത്തുടങ്ങുകയായി. ഒരിക്കലും അതിൽ അസത്യബുദ്ധിയുണ്ടാവുകയുമില്ല.

എന്നിങ്ങനെ ദേവി പറഞ്ഞുകേട്ടപ്പോൾ ഗിരിഗ്രാമത്തിലുള്ള ആ ബ്രാഹ്മണരുടെ ഗൃഹവും കുടുംബവുമൊക്കെയൊന്നു കണ്ടാൽ കൊള്ളാമെന്നായി ലീലയ്ക്ക്. അതെങ്ങിനെ സാധിക്കും? ഒരാളുടെ സ്വലോകത്തെ അല്ലെങ്കിൽ അന്തഃകരണാന്തരീക്ഷത്തിലുള്ള ബ്രഹ്മാണ്ഡത്തെ എങ്ങിനെ മറ്റൊരാൾക്ക് കാണാൻ സാധിയ്ക്കും? വിഷമമാണ്. എങ്കിലും അതിനുള്ള മാർഗ്ഗം പറഞ്ഞുകൊടുത്തു ദേവി. ഈ ശരീരവും ഇതിലുള്ള അഭിമാനവുമാണ് മുഖ്യമായ തടസ്ഥം, അതിനാൽ ദൃശ്യഭ്രമത്തെ കേവലം വിട്ടു പരിശുദ്ധയും ചിദ്രൂപിണിയുമായിത്തീർന്നാൽ കാണാമെന്നാണ് ദേവീ പറഞ്ഞതിന്റെ താല്പര്യം. സൂക്ഷ്മമായ ആതിവാഹികശരീരം തന്നെയാണ് വാസനാവിശേഷത്താൽ ഘനീഭവിച്ചു സ്ഥൂലശരീരമായിത്തീരുന്നത്. വാസന നശിക്കുമ്പോൾ സ്ഥൗല്യം നീങ്ങി വീണ്ടും ആതിവാഹികമായിത്തീരുകയും ചെയ്യും. പക്ഷേ വാസന മുഴുവൻ നശിക്കണം. വാസന കേവലം നശിച്ചാൽ നിർവ്വികല്പഭാവത്തിനുയാതൊരു തടസ്ഥവുമില്ല. ചിത്തം കേവലം അടങ്ങി വികല്പലേശമില്ലാത്ത അദ്വൈതഭാവം പ്രകാശിക്കും. സ്വർണ്ണം ഘനീഭവിച്ച് ആഭരണമായിത്തീരുംപോലെയാണ് അമൂർത്തമായ ചൈതന്യം ഘനീഭവിച്ചു മൂർത്തങ്ങളായ നാമരൂപപദാർത്ഥങ്ങളായിത്തീരുന്നത്. അഭ്യാസദാർഢ്യം കൊണ്ടു നിർവ്വികല്പത വന്നുചേരുമ്പോൾ അതുപോലെ ഘനീഭൂതനാമരൂപപദാർത്ഥങ്ങൾ അലിഞ്ഞു ചൈതന്യമായി മാറുകയും ചെയ്യും. അഭ്യാസത്തിന് ശക്തിയും ദൃഢതയും വേണം. അതു വേണ്ടത്ര ലീലയ്ക്കില്ലാത്ത കാരണത്താൽ ഇപ്പോഴും ബ്രഹ്മാകാരം കിട്ടീട്ടില്ല. കലനാസ്വരൂപങ്ങളിൽ കിടന്നു മുഴുകുകയാണ്. അതുകാരണത്താൽ പൂർവ്വസർഗ്ഗത്തെ കാണാനും വയ്യ എന്നാണിരിക്കുന്നത്. കട്ടയായ മഞ്ഞ് ആദിത്യരശ്മി തട്ടി ഉരുകി ജലമായിത്തീരും പോലെ വാസനകൾ നീങ്ങി ശുദ്ധസത്വാകാരമായിത്തീർന്ന ചിത്തംതന്നെ ആതിവാഹികശരീരമായിത്തീരുന്നത്. വാസനകൾ കേവലം നശിക്കുമ്പോൾ ജീവന്മുക്തത്വം സ്വയമേവ വന്നുചേരും. അതിനാൽ വാസനാനാശത്തിന്നുവേണ്ടിയാണ് നിരന്തരം പ്രയതിക്കേണ്ടത്.

എന്നിങ്ങനെയുള്ള വിദ്യാദേവിയുടെ വാക്കുകേട്ട ലീലാരാജ്ഞി വാസനകൾ നശിച്ചു വികല്പരഹിതവും അദ്വൈതവുമായ ബോധം പ്രകാശിക്കുന്നതിന് എന്തൊരഭ്യാസമാണ് ചെയ്യേണ്ടതെന്നു ചോദിച്ചതിനു ദേവി മറുപടി പറഞ്ഞു. ബ്രഹ്മൈകപരത്വംതന്നെ അഭ്യാസം. അതിനെത്തന്നെ പറയലും കീർത്തിക്കലും അന്യോന്യമറിയിക്കലും സ്മരിക്കലുമെല്ലാം അഭ്യാസംതന്നെ. വൈരാഗ്യം വേണ്ടത്ര വളർന്നവർക്കാണ് അഭ്യാസം ബലപ്പെടാനും പ്രയോജനപ്പെടാനും പോവുന്നത്. വൈരാഗ്യം വേണ്ടത്ര വളരാതിരിക്കുംകാലത്തോളം അഭ്യാസത്തിൽ ദൃഢത വരാൻ വിഷമം. ദൃശ്യാസംഭവോധംതന്നെയാണ് ജ്ഞാനവും ജ്ഞേയവും, സൃഷ്ടിക്കുമുമ്പ് ഞാനെന്ന അഭിമാനാസ്ഫദമായ ഈ ദൃശ്യമുണ്ടായിട്ടില്ല. അതിനാൽ എപ്പോഴും അതില്ലാത്തതുതന്നെ. ഈ

പരമാർത്ഥം ശാസ്ത്രജ്ഞാനംകൊണ്ടും നല്ല യുക്തികളെക്കൊണ്ടും ബോധിക്കുകയും ആ ബോധത്തെ നിലനിർത്തുകയും ചെയ്യുന്നതുതന്നെ അഭ്യാസം.

ഇങ്ങനെ അവരന്യോന്യം പലതും സംസാരിച്ചശേഷം രണ്ടുപേരും സമാധിസ്ഥിതരായി. വിദ്യാസ്വരൂപിണിയായ സരസ്വതീദേവിയുടെ അനുഗ്രഹവിശേഷത്താൽ ആത്മവിദ്യയിൽ പറയത്തക്ക ഉയർച്ചയൊന്നും വിന്നിട്ടില്ലാത്ത രാജ്ഞിക്കും നിർവ്വികല്പസ്ഥിതി കിട്ടി. ദേവിയുടെ സങ്കല്പം കൊണ്ടു പെട്ടെന്നു സകലവാസനകളും അകന്ന നിർമ്മലമായ ആതിവാഹിക ശരീരികളായ അവർ രണ്ടുപേരും സ്ഥൂലമായ പിണ്ഡശരീരത്തെവിട്ട് മേലോട്ടു പൊന്തി. ആകാശശരീരികളായ അവർ നിർമ്മലമായ ആകാശത്തിൽക്കൂടെ മറ്റാർക്കും വേർതിരിച്ചു കാണാൻ കഴിയാത്ത നിലയിൽ ബഹുദൂരം മേലോട്ടു പൊന്തി

അന്തമറ്റ ചൈത്യസ്വഭാവമുള്ള ത്രൈലോക്യകാരമായ സംവിത്തിന്റെ പല ഭാഗങ്ങളിലും അവർ സ്വച്ഛന്ദം സഞ്ചരിച്ചു. വിചിത്രവിചിത്രങ്ങളായ പലവിധ ദർശനങ്ങളാൽ ലീല ആശ്ചര്യഭരിതയായി. ഭിത്തിയില്ലാത്ത ഗൃഹങ്ങൾ, വായുവേഗത്തെയും ജയിച്ച വേഗതയുള്ള സിദ്ധന്മാർ, ബ്രാഹ്മ്യദിമാതൃവർഗങ്ങൾ, എന്നുവേണ്ട പല വിശേഷദൃശ്യങ്ങളെയും കണ്ടു. ചേത്യസംബന്ധമില്ലാത്ത കേവലമായ ചിദാകാശത്തെയും അവർകണ്ടു ചരിതാർത്ഥകളായി. ഇങ്ങനെ പലതും കണ്ടശേഷം വീണ്ടും അവർ ഭൂമിയിലേയ്ക്കുതന്നെ ഇറങ്ങാൻ തുടങ്ങി. വളരെദൂരം കീഴ്പോട്ടു വന്നപ്പോൾ പ്രാണിസഞ്ചയങ്ങളുള്ള ആകാശം കാണാൻ തുടങ്ങി. അവയെല്ലാം അതിക്രമിച്ച് കീഴ്പോട്ടിറങ്ങിയ അവർ ക്രമേണ മുൻപറഞ്ഞ ബ്രഹ്മണഗൃഹം നിലനില്ക്കുന്ന ഗിരിഗ്രാമത്തിന്റെ പരിസരത്തിലെത്തി. അധികം താമസിയാതെ സ്ത്രീകളും കുട്ടികളുമെല്ലാം ദുഃഖാർത്തകളായി നിലവിളിച്ചുകൊണ്ടിരിക്കുന്ന ബ്രാഹ്മണഗൃഹത്തിലെത്തിച്ചേർന്നു. സുദൃഢമായ അഭ്യാസംകൊണ്ടും ദേവിയുടെ അനുഗ്രഹംകൊണ്ടും നിർമ്മലജ്ഞാനസ്വരൂപിണിയും സത്യസങ്കല്പയുമായിത്തീർന്ന ലീല ആരും കാണാതെ നില്ക്കുന്ന തങ്ങളെ രണ്ടുപേരേയും എല്ലാവരും കാണട്ടെ എന്നു സങ്കല്പിച്ചു. ഉടനെതന്നെ ആ ഗൃഹത്തിലുണ്ടായിരുന്ന എല്ലാവർക്കും രണ്ടു ദേവിമാരേയും വ്യക്തമായി കാണാൻ കഴിഞ്ഞു. സാക്ഷാൽ ലക്ഷ്മീമിദേവിയും ഗൗരീദേവിയും ഒന്നിച്ചുചേർന്നു നില്ക്കയാണോ എന്നവർ സംശയിച്ചു. അവരുടെ തേജസ്സുകൊണ്ട് ആ ഗൃഹം മുഴുവൻ പ്രകാശിച്ചു. ഉടൻതന്നെ ജ്യേഷ്ഠപുത്രൻ മറ്റുള്ളവരോടുകൂടി മുന്നോട്ടുവന്നു പ്രശസ്താഥികളായ ദേവിമാരെ പൂജിച്ചു. പിതൃദുഃഖം കൊണ്ട് ആർത്തരായി കേണുകൊണ്ടിരിക്കുന്ന തങ്ങളെ അനുഗ്രഹിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. മഹദ്ദർശനം ഒരിക്കലും നിഷ്ഫലമാവില്ലല്ലോ എന്നു പറഞ്ഞ് അവരുടെ കാല്ക്കൽ നമസ്ക്കരിക്കുകയും ചെയ്തു. ബ്രാഹ്മണകുമാരന്റെ ശിരസ്സിൽ ലീല കൈവച്ചനുഗ്രഹിക്കുകയും ചെയ്തു. ലീലയുടെ കരസ്പർശമേറ്റതോടെ ബ്രാഹ്മണകുമാരന്റെ താപം മുഴുവൻ നീങ്ങി ആനന്ദാവിഷ്ടനായി. ഉടനെ മറ്റൊരു കുമാരനും വന്നു ദേവിമാരെ നമസ്കരിച്ചു. അവനെയും തൊട്ടനുഗ്രഹിച്ചതോടെ ആ രണ്ടു ദേവിമാരും മറയുകയും ചെയ്തു.

വീണ്ടും അവരാകാശത്തേയ്ക്കു പൊന്തിയപ്പോൾ ലീല ദേവിയോടു ചോദിച്ചു, രാജാവു രാജ്യം

ഭരിക്കുന്നിടത്തു ചെന്നപ്പോൾ തന്നെ ആരും കാണാതിരിക്കാനും ഇവിടെ ബ്രാഹ്മണഗൃഹത്തിലുള്ളവർ കാണാനും എന്താണ് കാരണമെന്ന്. അഭ്യാസത്തിന് വേണ്ടത്ര ദൃഢതയില്ലാത്തതിനാൽ മനസ്സിലെ ദ്വൈതബോധം തീരെ നശിക്കാതിരുന്നതുകൊണ്ടാണ് അന്നു സത്യസങ്കല്പയാവാതിരുന്നതെന്നും ഇന്നു ദ്വൈതബോധം കേവലം നശിച്ചിട്ടുള്ളതുകൊണ്ടാണ് സങ്കൽപം സത്യമായത്തീർന്നതെന്നുമാണ് ദേവി ഉൽബോധിപ്പിച്ചത്. ഇപ്പോൾ വീണ്ടും ഭർത്തൃസന്നിധിയിൽ പോകുന്നപക്ഷം സങ്കൽപം സത്യമായിത്തീർന്ന് അവിടെയുള്ളവരാൽ കാണപ്പെടാനിടയായിത്തീരുമെന്നും ദേവി ധരിപ്പിച്ചു. പിന്നെ ലീല തന്റെ കഴിഞ്ഞുപോയ പൂർവ്വജന്മങ്ങളെ മുഴുവൻ സ്മരിച്ചു. ബ്രഹ്മത്തിൽനിന്നു വേർപിരിഞ്ഞശേഷം എണ്ണൂറു ജന്മങ്ങൾ കഴിഞ്ഞുവെന്നും അവ ഇന്നിന്ന കാലദേശങ്ങളിലായിരുന്നുവെന്നും ഇന്നിന്നയോനികളിലായിരുന്നുവെന്നുമെല്ലാം ലീലയ്ക്കു സ്മരിക്കാൻ കഴിഞ്ഞു. അവയെയെല്ലാം ദേവിയോടു വിസ്തരിച്ചു പറയുകയും ചെയ്തു. അങ്ങനെ അവർ രണ്ടുപേരും പലതും സംസാരിച്ചുകൊണ്ട് ആകാശത്തിലൂടെ സഞ്ചരിച്ചു ലീലയുടെ ഭർത്താവായ പത്മരാജാവിന്റെ അനന്തസർഗ്ഗമാകുന്ന ലോകത്ത് അദ്ദേഹം രാജ്യഭാരം നടത്തിവരുന്ന സ്ഥലത്തെത്തിച്ചേർന്നു.

ആ സമയത്ത് അവിടെ വമ്പിച്ചൊരു യുദ്ധം നടക്കുന്നതായിട്ടാണവർ കണ്ടത്. ഭയങ്കരങ്ങളായ രണ്ടു മഹാസമുദ്രങ്ങൾ തമ്മിലേറ്റുമുട്ടുപോലെ രണ്ടു മഹാസൈന്യസംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി അതിഭയാനകമായ യുദ്ധം നടക്കുന്നു. രണ്ടു സംഘത്തിന്റെയും തലവന്മാരായ രാജാക്കന്മാർ പരിഭ്രാന്തരായി നില്ക്കുന്നു. ആന കുതിര തുടങ്ങിയ സേനാംഗങ്ങളും യോദ്ധാക്കന്മാരും ഇരുകക്ഷിയിലും ശത്രുശസ്ത്രമേറ്റു നിലംപതിച്ചു കൊണ്ടിരിക്കുന്നു. നിർമ്മലമായ ആകാശമണ്ഡലത്തിൽ നിന്നുകൊണ്ടു ലീലയും ദേവിയും ഈ യുദ്ധകോലാഹലങ്ങളെയൊക്കെ കണ്ടു. അങ്ങനെയിരിക്കെ ആദിത്യൻ അസ്തമിച്ചു. അസ്തമനമായതോടെ യുദ്ധം നിർത്തി ഇരുസൈന്യങ്ങളും അവരവരുടെ പാളയത്തിലേയ്ക്കു തിരിച്ചു അന്ധകാരം സർവ്വത്ര വ്യാപ്തമായി. രണ്ടു രാജാക്കന്മാരും സന്ധ്യാവന്ദനാദികൃത്യങ്ങൾ കഴിഞ്ഞു തങ്ങളുടെ മന്ത്രിമാരോടും സേനാനായകന്മാരോടും കൂടി പിറ്റേദിവസം നടത്തേണ്ട യുദ്ധകാര്യങ്ങളെക്കുറിച്ചു ഗാഢമായി ആലോചന നടത്തി. അതും കഴിഞ്ഞു എല്ലാവരും ഗാഢനിദ്രയിൽ മുഴുകി. ലോകം മുഴുവനും നിദ്രയിൽ ആണ്ടുകിടക്കയാണ്. ആ സമയത്തു ദേവിയും ലീലയും കൂടി താഴോട്ടിറങ്ങി മഹാരാജാവു കിടന്നുറങ്ങുന്ന മണിയറയ്ക്കുള്ളിൽ കടന്ന് അവിടെ കിടന്നിരുന്ന രണ്ടു പീഠങ്ങളിൽ ഇരുന്നു.

അമൃതസ്വരൂപിണികളായ ആ യോഗിനിമാരുടെ ദിവ്യശരീരത്തിൽ നിന്നു പൊന്തിപ്പരക്കുന്ന ശീതളങ്ങളായ അമൃതകിരണങ്ങളുടെ സ്പർശമേറ്റു മഹാരാജാവുണർന്നു. കൺമിഴിയിച്ചു നോക്കിയതോടെ ചന്ദ്രബിംബംപോലെ കുളുർമ്മയേറിയ ദിവ്യസ്വരൂപിണികളായ രണ്ടു യോഗിനിമാരെ മുന്നിൽ കണ്ട മഹാരാജാവ് ആശ്ചര്യഭരിതനായി പെട്ടെന്നു ചാടിയെഴുന്നേറ്റു ധാരാളം പുഷ്പങ്ങൾവാരി അവരുടെ പാദങ്ങളിൽ അർപ്പിച്ച് അവരുടെ മുന്നിൽ നിലത്തിരുന്നു. അവരെ വാഴ്ത്തി സ്തുതിക്കുകയും ചെയ്തു.

ഈ ജഗത്ത് ഇല്ലാത്തതും ഉണ്ടായിട്ടില്ലാത്തതും ഭ്രാന്തിമാത്രവുമാണെന്നു ലീലയെ ബോദ്ധ്യപ്പെടുത്താനാണല്ലോ ദേവിയുടെ ഈ സംരംഭങ്ങളെല്ലാംതന്നെയും. അതു പറഞ്ഞതുകൊണ്ടു മാത്രം ബോദ്ധ്യപ്പെടാവുന്നതല്ല. അനേകം യുക്തികളിൽക്കൂടെയും അനുഭവങ്ങളിൽക്കൂടെയും തെളിയിച്ചിട്ടും അതുവരെയും ബോദ്ധ്യപ്പെടാതിരിക്കയാണല്ലോ. അതിനാൽ ചില അനുഭവങ്ങളിൽക്കൂടി വ്യക്തമാക്കാൻവേണ്ടി അതേ മുറിയിൽത്തന്നെ കിടന്നുറങ്ങുന്ന മന്ത്രി ഉണരട്ടെ എന്നു സങ്കല്പിച്ചു. പെട്ടെന്നു മന്ത്രി ഉണർന്നെഴുന്നേല്ക്കുകയും ചെയ്തു. പ്രഭാവശാലിനികളും തേജസ്വിനികളുമായ രണ്ടു യോഗിനിമാരെയും മഹാരാജാവിനെയും മുമ്പിൽ കണ്ടതോടെ മന്ത്രി പരിഭ്രാന്തനായി എഴുന്നേറ്റ് അവരെ വണങ്ങി. അപ്പോൾ ദേവി രാജാവിനോട് അദ്ദേഹത്തിന്റെ വംശമേതാണെന്നും വയസ്സെത്രയായെന്നും രാജ്യഭാരം തുടങ്ങീട്ടു കാലമെത്രയായെന്നും ചോദിച്ചു. രാജാവിന്റെ ഇംഗിതമറിഞ്ഞ മന്ത്രിസത്തമനാണ് അതിനുമറുപടി പറഞ്ഞത്. മഹാരാജാവിന്റെ എട്ടുപത്തു തലമുറ മുമ്പു മുതല്ക്കുള്ള ചരിത്രം പറയാൻ തുടങ്ങി അമാത്യൻ. ഇന്നാളുടെ മകൻ ഇന്നാളെന്നു ക്രമത്തിൽ പറഞ്ഞു വിഡൂരഥനെന്നു പേരുള്ള പ്രകൃതത്തിലെ മഹാരാജാവിന്റെ ചരിത്രത്തിലെത്തി, അദ്ദേഹത്തിനിപ്പോൾ എഴുപതു വയസ്സു പ്രായമായി, പത്തു വയസ്സിൽ അച്ഛൻ പട്ടാഭിഷേകം കഴിച്ചു രാജ്യഭാരമേല്പിച്ചു കാട്ടിലേയ്ക്കു പോയതാണ്, അറുപതു കൊല്ലമായി ഇദ്ദേഹത്തിന്റെ ഭരണം തുടങ്ങീട്ട്, എന്നൊക്കെയാണ് ചരിത്രത്തിന്റെ ചുരുക്കം. അതു കേട്ടു കഴിഞ്ഞപ്പോൾ ദേവി രാജാവിനെ പൂർവ്വജന്മസ്മരണം ചെയ്യാനായി അനുഗ്രഹിച്ചു തലയിൽ കൈവെച്ചു. അതോടെ ബുദ്ധിയിലെ അവിദ്യ നീങ്ങി രാജാവു പൂർവ്വജന്മത്തെ സ്മരിച്ചു. അദ്ദേഹം ആശ്ചര്യം കൊണ്ടു സ്തബ്ധനായി. പത്മരാജാവായിരുന്ന താൻ മരിച്ചിട്ട് ഒരു ദിവസമേ ആയിട്ടുള്ളൂ. ഇവിടെ എഴുപതു നീണ്ട കൊല്ലങ്ങളിലെ ആയുസ്സനുഭവിച്ചു കഴിഞ്ഞു. എന്തൊരാശ്ചര്യമാണ്.

ഗിരിഗ്രാമത്തിലെ ബ്രാഹ്മണൻ മരിച്ചിട്ട് ആറേഴു ദിവസമേ ആയിട്ടുള്ളൂ, അദ്ദേഹമാണ് പത്മരാജാവായിത്തീർന്നത്, എഴുപതുവയസ്സുവരെ ജീവിച്ചുമരിച്ച പത്മരാജാവു മരിച്ചിട്ട് ഒരു ദിവസമേ ആയിട്ടുള്ളൂ, ആ ഒരു ദിവസം കൊണ്ടു പത്മരാജാവു വിഡൂരഥനായിത്തീർന്ന് എഴുപതുകൊല്ലം ജീവിച്ചു, എന്നൊക്കെ ബോദ്ധ്യം വരുമ്പോൾ ആശ്ചര്യപ്പെടാതിരിക്കാൻ വയ്യല്ലോ. വാസനാവികാസമാണ് സംസാരം. യാതൊരു പദാർത്ഥങ്ങളുമില്ലാത്ത സ്വപ്നാവസ്ഥയിൽ എങ്ങിനെയാണോ വ്യവഹാരം നടക്കുന്നത്, അങ്ങനെത്തന്നെയാണ് ജാഗ്രദവസ്ഥയിലും എല്ലാം ഉണ്ടായിത്തീരുകയും വ്യവഹാരം നടക്കുകയും ചെയ്യുന്നത്. എല്ലാം ചിത്തത്തിനുള്ളിലാണ് നടക്കുന്നത്. പുറമെയാണെന്നു തോന്നുക മാത്രമാണ്. സംസാരം മൂന്നുകാലത്തും ഇല്ലാത്തതും കേവലം ചിത്തവിഭ്രാന്തി മാത്രവുമാണ്. വേതാളം ബാലന് സത്യമാവുംപോലെ, മന്ദാന്ധകാരത്തിൽ കുറ്റി ഭൂതമായിത്തീരുംപോലെ, ചിത്തവിഭ്രാന്തി സത്യമാണെന്നു തെറ്റിദ്ധരിക്കുന്ന മൂഢന് സംസാരം ഉള്ളതായിത്തീരുന്നു. കാലവും ദേശവുമെല്ലാം മനസ്സിന്റെ ഘടകങ്ങളാണ്. മനസ്സു തന്നെ ഇല്ലാത്തതാണെങ്കിൽ പിന്നെ അവയെല്ലാം അസത്യങ്ങളാണെന്നു പറയേണ്ടതുണ്ടോ! രണ്ടു നാഴിക സമയംകൊണ്ട് അനുഭവിക്കുന്ന സ്വപ്നത്തിൽ അനേക കൊല്ലങ്ങളിലെ അനുഭവങ്ങൾ

കഴിഞ്ഞുപോവാറില്ലേ! അതിനാൽ കാലദേശങ്ങളുടെ ഏറ്റക്കുറവുകളും വിദൂരസമീപത്വങ്ങളുമെല്ലാം മനസ്സിന്റെ ഭ്രാന്തി മാത്രമാണ്. ചിലപ്പോൾ ഒരു നിമിഷത്തെ അനേകവർഷങ്ങളായും അനേകവർഷങ്ങളെ ഒരു നിമിഷമായുമൊക്കെ അനുഭവിക്കുന്നു. ആ സ്ഥിതിക്ക് ഒരു ദിവസം എഴുപതുകൊല്ലങ്ങളായിത്തീർന്നതിലെന്താണത്ഭുതം! മരണമൂർച്ഛയോടുകൂടിത്തന്നെ പൂർവ്വസംസ്കാരം മറക്കപ്പെടുന്നു. പൂർവ്വസംസ്ക്കാരം മറക്കുന്നതോടുകൂടി പെട്ടെന്നു പുതിയ വാസനകൾ വികസിക്കുന്നു. അവയുടെഭക്തിതന്നെ അനന്തരസംസാരം. അതുതന്നെ പുനർജ്ജന്മം.

എന്നൊക്കെ ദേവി പറഞ്ഞുകൊടുത്തതു കേട്ട വിഡൂരഥരാജാവു സംസാരമിത്ഥ്യാത്വത്തിന്റെ അനുഭവംകൊണ്ട് ആശ്ചര്യഭരിതനായി. ലീലയും ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. സംസാരത്തിന്റെ മിത്ഥ്യാത്വത്തെക്കുറിച്ച് മിക്കവാറും ലീലയ്ക്കു ബോധ്യം വന്നു. അതിന്നിടയിൽ താനിനി എന്നാണ് ഈ ശരീരത്തെ വിട്ടു വീണ്ടും പത്മരാജശരീരത്തെ പ്രാപിക്കുകയെന്നു ചോദിച്ച് വിഡൂരഥൻ. താമസമില്ല, ഈ യുദ്ധത്തിൽ അങ്ങു മരിക്കും. ഉടനെത്തന്നെ പത്മരാജശരീരത്തെ പ്രാപിക്കുകയും ചെയ്യുമെന്നു ദേവി മറുപടിയും പറഞ്ഞു.

അവരങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരു ഭടൻ ഓടിവന്നു. ശത്രുക്കളുടെ ചേഷ്ടകളെ അറിയിച്ചു. അവർ പട്ടണം മുഴുവൻ വളയുകയും വീടുകളൊക്കെ തീവെയ്ക്കുകയും ജനങ്ങളെ ആക്രമിക്കുകയും സ്വത്തൊക്കെ കൊള്ളയടിക്കുകയും ചെയ്തു കഴിഞ്ഞു എന്നാണ് ഭടനറിയിച്ചത്. അതോടെ ഭയങ്കരങ്ങളായ ആർത്തനാദങ്ങളും ഘോരശബ്ദങ്ങളും കേൾക്കാൻ തുടങ്ങി. ആകശത്തേയ്ക്കു ചുരുണ്ടുകയറുന്ന ധൂമപടസങ്ങളോടുകൂടിയ അഗ്നിജ്വാലകളെയും പലേടത്തും കാണാനും തുടങ്ങി. ആക്രമിക്കപ്പെട്ടവരുടേയും അഗ്നിയിൽ വീണു മരിക്കുന്നവരുടേയും ആർത്തനാദംകൊണ്ടു ദിക്കുകൾ മുഴങ്ങി. പരിഭ്രമിച്ചുകൊണ്ട് എല്ലാവരും ജനലിൽക്കൂടെ പുറത്തേയക്കു നോക്കിയപ്പോൾ എങ്ങും സൈന്യങ്ങൾ നിരന്നതായും ഭയങ്കരമായ യുദ്ധം നടക്കുന്നതായുമാണ് കണ്ടത്. അപ്പോഴേയ്ക്കും അന്തഃപുരത്തിൽനിന്ന് മഹാരാജ്ഞിയും ഏതാനും ദാസിമാരും കൂടി ഭയപ്പെട്ടു വിറച്ചുകൊണ്ടും ആർത്തകളായി നിലവിളിച്ചുകൊണ്ടും ഓടി രജാസന്നിധിയിലെത്തി. ക്രൂരന്മാരും അന്തകതുല്യന്മാരുമായ ശത്രുസൈന്യങ്ങൾ അന്തഃപ്പുരത്തെപ്പോലും ആക്രമിച്ചു കഴിഞ്ഞുവെന്നും എവിടെയും രക്ഷയില്ലെന്നും മറ്റുമാണ് അവർ പറഞ്ഞത്. അതുംകൂടി കേട്ടപ്പോൾ മഹാരാജാവിന് സഹിച്ചിരിക്കാൻ വയ്യെന്ന നിലയിലായി. ഉടനെത്തന്നെ സിംഹതുല്യപരാക്രമിയായ വിഡൂരഥൻ തന്റെ രാജ്ഞിയെ ദേവിമാരെ ഏല്പിച്ചു യാത്രയും പറഞ്ഞുപോർക്കളത്തിലേയ്ക്കു പുറപ്പെട്ടു. അംഖ്യയുദ്ധസന്നാഹങ്ങളോടുകൂടി പോയി സിന്ധുരാജനോടും സൈന്യത്തോടും ഏറ്റുമുട്ടി യുദ്ധമാരംഭിക്കുകയും ചെയ്തു.

ലീല വിഡൂരഥരാജാവിന്റെ രാജ്ഞിയെ നല്ലവണ്ണം സൂക്ഷിച്ചുനോക്കി. തന്റെ തന്നെ രൂപം കണ്ണാടിയിലോ മറ്റോ പ്രതിബിംബിച്ചാൽ എങ്ങിനെയാണോ, അങ്ങനെയാണ് തോന്നിയതും. താൻ സ്ഥൂലശരീരത്തോടുകൂടിയിരുന്നാൽ എങ്ങനെയാണോ, അതുപോലിരിക്കുന്നു ഈ രാജ്ഞിയും. ഇങ്ങനെ വരാനെന്താണ് കാരണമെന്നു പറഞ്ഞുതരണമെന്നു ദേവിയോടപേക്ഷിക്കുകയും ചെയ്തു.

അതിനുവേണ്ടി മറുപടി പറയുകയും ചെയ്തു. മരണനേരത്തു എന്തൊരു സംസ്ക്കാരമാണോ ചിത്തത്തിലുള്ളത്, മരണവിഭ്രാന്തിക്കുശേഷം അതേ അർത്ഥത്തെത്തന്നെയാണ് ഒരാൾ കാണുന്നത്. മരണവും ജനനവും ജീവിതവും ജീവിതത്തിലെ ഭിന്നഭിന്നങ്ങളായ അനുഭവങ്ങളും എന്നുവേണ്ട എല്ലാം തന്നെയും ചിത്തത്തിലാണു പ്രതിഫലിക്കുന്നത്. അപ്പോഴപ്പോൾ പ്രതിഫലിക്കുന്നത് അപ്പോൾ സത്യമാണെന്നും മറ്റുള്ളവ അസത്യമാണെന്നും തോന്നും. ജാഗ്രത്തിൽ സ്വപ്നമോ, സ്വപ്നത്തിൽ ജാഗ്രത്തോ ഇല്ല. സുഷുപ്തിയിൽ സ്വപ്നജാഗ്രത്തുകളോ, സ്വപ്നജാഗ്രത്തുകളിൽ സുഷുപ്തിയോ ഇല്ല. അതുപോലെ മരണത്തിൽ ജനനമോ, ജനനത്തിൽ മരണമോ ഇല്ല. അത്ഭുതകരമായ ഈ മായാവിലാസം ഉള്ളതെന്നോ ഇല്ലാത്തതെന്നോ പറയാൻ വയ്യ. വല്ലാത്ത ചിത്തവിഭ്രാന്തിവിലാസമെന്നേ പറയാനുള്ളൂ. ഇങ്ങനെയുള്ള അനുഭവങ്ങൾ രണ്ടു പ്രകാരത്തിൽ സംഭവിക്കാം. ഒന്നു പൂർവ്വാനുഭവത്തിന്റെ സ്മൃതിയുടെ വികാസംതന്നെ. മറ്റൊന്നു അപൂർവ്വമാണെങ്കിലും താല്ക്കാലിക സങ്കല്പവികാസം കൊണ്ടുണ്ടാവുന്നതുമാണ്. ആകൃതികൊണ്ടും പ്രകൃതികൊണ്ടും ലീലയോടു തുല്യമായ ഈ രണ്ടാം ലീല പ്രതിഭതന്നെയാണ്. പ്രതിഭയിലെ പൂർവ്വാനുഭവസ്മൃതിയുടെ ഘനീഭൃതാവസ്ഥയാണ് ഈ രണ്ടാം ലീലാസ്വരൂപം. എന്നൊക്കെയാണ് ദേവി പറഞ്ഞതിന്റെ ചുരുക്കം. വിഡൂരഥരാജാവ് അധികം താമസിയാതെ യുദ്ധത്തിൽ മരിച്ച് പത്മരാജശരീരത്തെ പ്രാപിക്കുമെന്നും ദേവി പറഞ്ഞു.

അപ്പോൾ വിഡൂരഥപത്നിയെ ലീല തന്റെ ഭർത്താവ് യുദ്ധത്തിൽ മരിച്ച് ഏതൊരു സ്ഥലത്തെത്തിച്ചേരുമോ, അവിടെ തനിക്കും ഈശരീരത്തോടുകൂടി എത്തിച്ചേരാറാക്കിത്തരണമെന്നപേക്ഷിച്ചു. അങ്ങനെ സംഭവിക്കുമെന്നു ദേവി അനുഗ്രഹിക്കുകയും ചെയ്തു. പത്മരാജാവിന്റെ പൂർവ്വജന്മമാകുന്ന ഗിരിഗ്രാമത്തിലെ ബ്രാഹ്മണന്റെ ഗൃഹത്തേയും അനന്തരജന്മമാകുന്ന ഈ വിഡൂരഥരാജഗൃത്തേയും, താൻ പൂർവ്വശരീരത്തോടുകൂടി പ്രാപിക്കാതിരിക്കാനെന്താണ് കാരണമെന്നു കൂടി പറഞ്ഞുതരണമെന്നായി ഒന്നാംലീല. ഓരോരുത്തരും അവരവരുടെ സങ്കല്പം കൊണ്ടാണല്ലോ സാധിക്കുന്നത്. സങ്കല്പത്തിനു ദൃഢതയുണ്ടാവുമ്പോൾ അനുഭവപ്പെടുന്നു. എന്നു മാത്രം. അല്ലാതെ താൻ സങ്കല്പിക്കാത്ത ഒന്നിനേയും ആരും അനുഭവിക്കുന്നില്ല. അപ്പോൾ ഒരാളുടെ ഏതനുഭവത്തിനും അയാൾ തന്നെയാണ് തികച്ചും ഉത്തരവാദി. ജ്ഞാനം കൊണ്ടുണർവ്വുവന്ന് സങ്കല്പങ്ങളെ അതിവർത്തിക്കണമെന്നായിരുന്നു ലീലയുടെ സങ്കൽപം. അതാണിങ്ങനെ വരാൻ കാരണമെന്നാ ദേവിയുടെ വാക്കിന്റെ ചുരുക്കം.

ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കേ വിഡൂരഥരാജാവും സൈന്യങ്ങളുംകൂടി ശത്രുസംഘത്തോട് വളരെ ശക്തിയാംവണ്ണം സംഘട്ടനം ചെയ്യാൻ തുടങ്ങി. വിഡൂരൻ ശത്രുവായ സിന്ധുരാജാവ് വളരെക്കാലം യുദ്ധത്തിൽ വിജയിക്കാൻവേണ്ടി ദേവിയെ സേവിച്ചിട്ടുണ്ടെന്നും അതിന്റെ ഫലമാണിപ്പോൾ അദ്ദേഹം വിജയിക്കാൻ പോവുന്നതെന്നും ദേവി പറഞ്ഞുകൊടുത്തു. അങ്ങനെയിരിക്കേ നേരം പ്രഭാതമായി. എങ്ങും പ്രകാശം പരക്കാൻ തുടങ്ങി. അപ്പോൾ മുന്നിലുള്ള പോർക്കളവും അവിടെ നടന്നുകൊണ്ടിരിക്കുന്ന ഭയങ്കരമായ യുദ്ധവും അവർക്ക് വ്യക്തമായി

കാണാൻ കഴിഞ്ഞു. വാഹനങ്ങൾ തകർന്നും സേനകൾ നിലംപതിച്ചും രക്തം പുഴപോലെ ഒഴുകിയും ഉച്ചാട്ടഹാസങ്ങൾ മുഴങ്ങിയും ബീഭത്സമായ ആ രണാങ്കണം ഭയങ്കരവും കലുഷവുമായിരുന്നു. പ്രകാശംകൊണ്ടു ജനങ്ങളെ തിരിച്ചറിയാമെന്ന നിലവന്നപ്പോൾ സിന്ധുരാജാവ് വിഡൂരഥനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തോടേറ്റുമുട്ടി. തീക്ഷ്ണങ്ങളും ഭയങ്കരങ്ങളുമായ ആയുധങ്ങൾ പലതും അവരന്യോന്യം കൈമാറി. അധികം താമസിയാതെ സിന്ധുരാജശസ്ത്രങ്ങളേറ്റ് വിഡൂരഥന്റെ തേരും കുതിരകളും ശസ്ത്രങ്ങളുമെല്ലാം നഷ്ടപ്പെട്ടു. അവസാനം അദ്ദേഹം നിലംപതിക്കുകയും ചെയ്തു.

വിഡൂരഥരാജാവ് ശത്രുശസ്ത്രമേറ്റു വീണതോടെ അദ്ദേഹത്തിന്റെ പതിയായ ലീലാദേവിയോടു യാത്രയും പറഞ്ഞ് ഒരു പക്ഷിണിയെന്നപോലെ വിശാലമായ ആകാശത്തിൽക്കൂടെ പോയി മറഞ്ഞു. അനന്തരം വിഡൂരഥശീരത്തെ വിട്ട് ആകാശത്തേയ്ക്കുയർന്ന ജീവകലയെ ദേവിയും ലീലയും വ്യക്തമായി കണ്ടു. ഉടനെ അവരും ആ ജീവകലയെ പിന്തുടർന്ന് ആകാശത്തുടെ ബഹുദൂരം സഞ്ചരിച്ചു പല മണ്ഡലങ്ങളേയും അതിക്രമിച്ചു പത്മരാജാവിന്റെ അരമനയിലെ അന്തഃപുരമണ്ഡപത്തിനു സമീപമെത്തി. മണ്ഡപത്തിൽ പുഷ്പാവൃതമായിക്കിടക്കുന്ന രാജശരീരത്തിലേയ്ക്ക് അവർ ജീവകലയോടൊപ്പം ഇറങ്ങിവന്നു. അതിനു മുമ്പുതന്നെ വിഡൂരഥപത്നിയായ രണ്ടാം ലീല അവിടെ എത്തിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നു. അവരെല്ലാവരും കൂടി ശീതോപചാരങ്ങളെക്കൊണ്ടു രാജശരീരത്തെ ശുശ്രൂഷിക്കുകയും ജീവകല ശരീരത്തിനുള്ളിൽ പ്രവേശിക്കുകയും ചെയ്തതോടെ രാജാവു കൺമിഴിച്ചെഴുന്നേറ്റു കഴിഞ്ഞ എല്ലാ സംഗതികളെയും അവരന്യോന്യം പറഞ്ഞു വിനോദിക്കുകയും ചെയ്തു. പത്മരാജാവും അദ്ദേഹത്തിന്റെ പതിമാരായ രണ്ടു ലീലമാരും ദേവിയുടെ അനുഗ്രഹവിശേഷത്താൽ ഉൽബുദ്ധരും ജീവന്മുക്തന്മാരുമായി. ദേവി അവരെ അനുഗ്രഹിച്ചന്തർദ്ധാനം ചെയ്തശേഷം അവർ മൂന്നുപേരും സംസാരത്തിന്റെ വൈചിത്ര്യങ്ങളെ പറഞ്ഞു രസിച്ചുകൊണ്ടു ജീവിന്മുക്തരായിത്തന്നെ ആയുഷ്ക്കാലം മുഴുവൻ കഴിച്ചു. അന്ത്യത്തിൽ ശരീരത്തെ വിട്ടു വിദേഹകൈവല്യത്തെ പ്രാപിക്കുകയും ചെയ്തു എന്നു പറഞ്ഞുകൊണ്ടാണ് ലീലോപാഖ്യാനം അല്ലെങ്കിൽ മണ്ഡലോപാഖ്യാനം അവസാനിക്കുന്നത്.

ജഗത്തു മിത്ഥ്യയാണ് അല്ലെങ്കിൽ സംസാരം ഇല്ലാത്തതും ചിത്തഭ്രാന്ത് മാത്രവുമാണെന്നു തെളിയിക്കാൻവേണ്ടി ഉദാഹരിച്ചതാണല്ലോ ലീലോപാഖ്യാനം. പ്രസ്തുതവിഷയത്തിൽ ഇത്രയും സരസമായ മറ്റൊരുദാഹരണം കാണിക്കാൻ വയ്യ. അത്രമാത്രം സരസവും ഹൃദയസ്പർശിയുമായിട്ടുമുണ്ട് ലീലോപാഖ്യാനം. ഒരു ജീവന്റെതന്നെ മൂന്നു ജന്മങ്ങളേയും ജീവിതങ്ങളേയും എടുത്തു പൊക്കിക്കാണിച്ചു തരികയാണ് ഈ ഉപാഖ്യാനംകൊണ്ടു ചെയ്തത്. ഗിരിഗ്രാമത്തിലെ ബ്രാഹ്മണൻതന്നെയാണ് മരിച്ചശേഷം പത്മരാജാവയി ജനിച്ചത്. പത്മരാജാവുതന്നെയാണ് വിഡൂരഥരാജാവായും ജനിച്ചത്. ഗിരിഗ്രാമത്തിലെ ബ്രാഹ്മണൻ മരിച്ച് എട്ടുദിവസം കഴിഞ്ഞപ്പോഴേയ്ക്കു പത്മരാജാവിനെഴുപതു വയസ്സായി. ആ പത്മരാജാവു മരിച്ച് ഒരു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും വിഡൂരഥന് എഴുപതുവയസ്സായി. എന്നൊക്കെയാണല്ലോ ചിത്രീകരിച്ചത്. ഇതിൽ നിന്ന് കാലം കേവലം മനസ്സിന്റെ ഭാവമാത്രമാണെന്നു വ്യക്തമാവുന്നുണ്ട്.

അതുപോലെ ദേശവും മനസ്സിന്റെ ഭാവനമാത്രമാണെന്നു വ്യക്തമാക്കീട്ടുണ്ട്. എങ്ങിനെയെന്നാൽ ബ്രാഹ്മണൻ പത്മരാജാവായി ജനിച്ചതും രാജ്യം ഭരിച്ചതുമെല്ലാം അദ്ദേഹത്തിന്റെ ഭാവനകൊണ്ടുണ്ടാക്കിയ രാജ്യത്തിലായിരുന്നു. അവിടെയുണ്ടായിരുന്ന ജനങ്ങളും പദാർത്ഥങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ഭാവമാത്രമായിരുന്നു. അങ്ങനെതന്നെ പത്മരാജാവു വിഡൂരഥനായി ജനിച്ചതും രാജ്യം ഭരിച്ചതും മരിച്ചതുമെല്ലാം അദ്ദേഹത്തിന്റെ ഭാവനാലോകത്തിലായിരുന്നു. ആ സ്ഥിതിക്കു കാലദേശകർത്താക്കളെല്ലാം കേവലം മനഃകല്പനകൾ മാത്രമാണെന്നു വ്യക്തമാവുന്നു. സ്വപ്നാവസ്ഥയിൽ അനുഭവിക്കുന്ന സൂക്ഷ്മലോകം എപ്രകാരം തന്റെ ഭാവനാസൃഷ്ടിമാത്രമാണോ, ഇതുപോലെ ജാഗ്രദവസ്ഥയിലെ സ്ഥൂലപ്രപഞ്ചവും ഭാവനാസൃഷ്ടിയല്ലാതെ മറ്റൊന്നുമല്ല. അതിനാൽ ജഗത്ത് ഇല്ലാത്തതാണ്. വെറും ചിത്തവിഭ്രാന്തി മാത്രമാണെന്നു വ്യക്തമാക്കുന്നു ലീലോപാഖ്യാനം.

സൂച്യുപാഖ്യാനം

വസിഷ്ഠമഹർഷി പറകയാണ്. ദൃശ്യപ്രതീതിയാണ് ബന്ധമെന്നു പറഞ്ഞാൽ തെറ്റില്ല. ചിത്തത്തിൽ ദൃശ്യസ്ഫുരണമില്ലാതായിത്തീർന്ന മഹാൻ മുക്തനാണെന്നുതന്നെ പറയാം. വാസ്തവത്തിൽ ദൃശ്യമെന്നതു ചിത്തവിഭ്രാന്തിയല്ലാതെ മറ്റെന്താണ്! പരമാർത്ഥവസ്തുവിന്റെ ബോധംകൊണ്ടു ചിത്തവിഭ്രമം നീങ്ങിയ ഒരാളുടെ ദൃഷ്ടിയിൽയാതൊരു ദൃശ്യവുമില്ല. ദൃശ്യദോഷം നീങ്ങി പരമാർത്ഥവസ്തുസ്വരൂപം പ്രകാശിക്കാൻ ഏറ്റവും പറ്റിയതാണ് ഇതിനുമുമ്പു പറഞ്ഞ ലീലോപാഖ്യാനം. അതിനെ വേണ്ടപോലെ നിരൂപിച്ചു ജഗൽഭ്രമത്തെ നീക്കിയവൻ സമാധാനചിത്തനും ചരിതാർത്ഥനുമായിത്തീരും. അപരിച്ഛിന്നവും സച്ചിദാനന്ദവും സത്താമാത്രവുമായ ബ്രഹ്മം എങ്ങും വിളങ്ങുന്നു. പക്ഷേ വാക്കിനും മനസ്സിനും അതീതമാണെന്ന കാരണത്താൽ അതിന്നപ്രകാരത്തിലുള്ളതാണെന്ന് അറിഞ്ഞവർക്കും പറയാൻ വിഷമംതന്നെ. പ്രസ്തുത ബ്രഹ്മം തന്നെയാണ് ജീവനായിരിക്കുന്നത്. ബ്രഹ്മത്തിന്റെ സ്ഫുരണത്തെയാണ് ജീവനെന്നു പറയുന്നത്. അതേ ജീവൻതന്നെയാണ് സങ്കല്പംകൊണ്ട് അഹങ്കാരമായിത്തീർന്നത്. പ്രസ്തുത അഹങ്കാരം സങ്കല്പസ്വരൂപമായിട്ടാണ് ചിത്തം അല്ലെങ്കിൽ മനസ്സായിത്തീർന്നത്. ആ മനസ്സിനെത്തന്നെയാണ് മായ പ്രകൃതി എന്നൊക്കെ പറയുന്നത്. പ്രസ്തുത മനസ്സാണ് പിന്നെ സങ്കല്പംകൊണ്ടു ജഗത്തിനെയുണ്ടാക്കുന്നത്. മനസ്സിന്റെ നാനാമുഖങ്ങളായ സങ്കല്പങ്ങൾ അല്ലെങ്കിൽ വൃത്തിജ്ഞാനങ്ങൾ ഹേതുവായിട്ട് ആത്മാവിനെ - ബ്രഹ്മത്തെ - തന്നെയാണ് ജഗത്തായി കാണുന്നത്. അപ്പോൾ കുറ്റിയെ പുരുഷനായി കാണുംപോലെ ബ്രഹ്മത്തെ ജഗത്തായികാണലല്ലാതെ ജഗത്തെന്നൊരു വസ്തുവെവിടെയാണുണ്ടായത്? മനസ്സിന്റെ ദൃഢതകൊണ്ട് ഒരു ദീർഘസ്വപ്നാകാരമായിരിക്കുന്ന ജഗത്തെന്നല്ലാതെ മറ്റെന്താണ്? മനസ്സടങ്ങിയാൽ മനോമയമായ സ്വപ്നമില്ലാതാവുന്നതുപോലെ, ജഗത്തും ഇല്ലാതാവുകതന്നെ ചെയ്യും. ആത്മാവിനും ജീവനും തമ്മിലോ, ജീവനും മനസ്സിനും തമ്മിലോ, മനസ്സിനും ജഗത്തിനും തമ്മിലോ യാതൊരു ഭേദവുമില്ല. ആസ്ഥിതിക്ക് അദ്വൈതബ്രഹ്മമൊഴിച്ചു മറ്റെന്താണുണ്ടായിട്ടുള്ളത്? ഈ പരമാർത്ഥത്തെ വ്യക്തമാക്കുന്ന ഒരു ഇതിഹാസവും പറയാമെന്നു പറഞ്ഞുകൊണ്ടാണ് കഥയിലേയ്ക്കു പ്രവേശിക്കുന്നത്.

പണ്ടൊരു കാലത്തു ഹിമാലയപർവ്വതത്തിന്റെ വടക്കേസാനുവിൽ 'കർക്കടി'യെന്നു പ്രസിദ്ധയായൊരു രാക്ഷസിയുണ്ടായിരുന്നു. ഹിമവാനോടുരുമ്മിക്കൊണ്ടു ചെറിയൊരു അഞ്ജനപർവ്വതം നില്കയാണോ എന്നു തോന്നും അവളുടെ ശരീരം കണ്ടാൽ. ആകൃതികൊണ്ടും പ്രകൃതികൊണ്ടും അവൾ അതിഭയങ്കരിയായിരുന്നുവെന്നു പറഞ്ഞാൽ ചുരുക്കവിവരണമായി. ശരീരം വളരെ വലുതായതിനാൽ അതിനനുസരിച്ച് ജഠരാഗ്നി അവളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. എന്തൊക്കെകിട്ടിയാലും എത്രയൊക്കെ തിന്നാലും അവൾക്കു വിശപ്പടങ്ങുകയെന്ന സമ്പ്രദായമേ ഇല്ല. ആഹാരക്ഷാമംകൊണ്ടു മുട്ടി കർക്കടി. വയറുനിറയെ ആഹാരം കഴിച്ചാൽ കൊള്ളാമെന്ന

ഒരാഗ്രഹം മാത്രമേ അവൾക്കുള്ളൂ. അത്രമാത്രം ക്ഷുൽബാധ അവളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഭൂമയിലുള്ള സർവ്വ ജീവികളെയും തിന്നാൽ തന്റെ വിശപ്പുമാറുമെന്നു തോന്നിയെങ്കിലും അതിനുള്ള സാഹചര്യമില്ലായ്മ അവളെ വിഷമിപ്പിച്ചു. എല്ലാ ജീവികളേയും ലാക്കിൽ ചെന്നു ബാധിച്ച് ആഹരിക്കാൻ പറ്റുന്ന മാർഗ്ഗമെന്താണെന്നവൾ വളരെ കിണഞ്ഞാലോചിച്ചു. അവസാനം ഒരു യുക്തി തോന്നുകയും ചെയ്തു. ഇരുമ്പല്ലെങ്കിലും ഇരുമ്പുകൊണ്ടുണ്ടാക്കിയതുപോലുള്ള ഒരു സൂചിയുടെ ആകൃതിയായിത്തീർന്നു. ജീവികളറിയാതെ അവരുടെ അകത്തു കടന്നുകൂടി രക്തമാംസാദികളെ ആഹരിക്കണം. അങ്ങനെ എല്ലാ ജീവികളെയും ആഹരിക്കാൻ കഴിഞ്ഞാൽ വിശപ്പും മാറും. ഇതാണ് രാക്ഷസി കണ്ടുപിടിച്ച യുക്തി. പക്ഷേ അതു സാധിക്കാനുള്ള കഴിവുവേണ്ടേ? അതില്ല, പിന്നെ യുക്തികൊണ്ടെന്തു കാര്യം? കഴിവുണ്ടായിത്തീരാൻവേണ്ടി തപസ്സുചെയ്യാൻ തീർച്ചപ്പെടുത്തി. അധികം താമസിയാതെ അത്യന്തവിജനവും ഭയങ്കരവുമായ ഒരു കൊടുകാട്ടിനുള്ളിൽ കടന്ന് അവൾ തന്റെ അഭീഷ്ടപ്രാപ്തിക്കുവേണ്ടി ഉഗ്രമായ തപസ്സുചെയ്യാനാരംഭിച്ചു. അങ്ങനെ ആയിരം കൊല്ലങ്ങൾ കഠിനതപം ചെയ്തു. കരുണാമയനായ ബ്രഹ്മദേവൻ കർക്കടിയെ അനുഗ്രഹിക്കാൻവേണ്ടി അവളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

നീചന്മാരായാലും കഠിനമായ തപസ്സു ചെയ്താൽ ഫലം കിട്ടാതെ വയ്യല്ലോ. അതാണ് ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ടത്. കർക്കടി വളരെ ഭക്തിയോടുകൂടി ബ്രഹ്മദേവനെ സ്തുതിച്ച് നമസ്ക്കരിച്ചതിനുശേഷം തന്റെ അഭീഷ്ടത്തെ അറിയിച്ചു. എല്ലാ ജീവികളെയും ഭക്ഷിക്കാവുന്ന ഒരു ജീവസൂചിയാവണം താനെന്നാണ് കർക്കടിയുടെ അപേക്ഷ. അങ്ങനെ സംഭവിക്കുമെന്നു ബ്രഹ്മദേവനനുഗ്രഹിക്കുകയും ചെയ്തു. എങ്കിലും പിന്നീടതിനെ ഒന്നുകൂടെ വിവരിച്ചു പറയുകയും ചെയ്തു. മൂർഖന്മാരേയും ദുരാരംഭന്മാരേയും ചീത്ത ഭക്ഷണം കഴിക്കുന്നവരേയും അതിഭക്ഷണം കഴിക്കുന്നവരേയും അവരുടെ പ്രാണവായുവിൽക്കൂടെ ബാധിച്ചു പ്ലീഹ തുടങ്ങിയ അവയവങ്ങളെ ദൂഷിപ്പിച്ചു വാതാവികാരമായ വിഷൂചികയായിത്തീരുമെന്നാണ് വിവരണം. കർക്കടിക്കു സാമാന്യം സന്തോഷമായി. എങ്കിലും കുറച്ചുകൂടി പറഞ്ഞു ബ്രഹ്മദേവൻ. എന്നാൽ നീ സജ്ജനങ്ങളെയും ദുർജ്ജനങ്ങളേയും ഒരുപോലെ ബാധിക്കും. സജ്ജനങ്ങൾ നശിക്കുന്നതു ലോകത്തിന് ഹിതമില്ല. അതുകൊണ്ടു സജ്ജനങ്ങളെ ബാധിച്ചാൽ ചികിത്സിക്കാൻ ഒരു മന്ത്രവും ഞാനിപ്പോൾത്തന്നെ പറയാം.

മന്ത്രം:- “ഓം-ഹ്രീം-ഹ്രാം-ശ്രീം-രാം-വിഷ്ണുശക്തയേ-നമോ ഭഗവതി വിഷ്ണുശക്തി ഏഹി-ഏനാം ഹര ഹര-ദഹ-ദഹ-പച പച-മഥ മഥ-ഉത്സാദയ-ഉത്സാദയ-ദൂരേ കുരു കുരു സ്വാഹാ-വിഷൂചികേ ത്വം ഹിമവന്തം ഗച്ഛ ഗച്ഛ-ജീവസാര-ചന്ദ്രമണ്ഡലം-ഗതോസി സ്വാഹാ.”

വല്ലവർക്കും വിഷൂചികാരോഗം ബാധിച്ചാൽ ഈ മന്ത്രം ഇടർത്തുകയ്യിലെഴുതി രോഗിയെ നല്ലവണ്ണം തടവിയാൽ കർക്കടി ഭയപ്പെട്ടോടുമെന്നുകൂടി പറഞ്ഞ് ബ്രഹ്മദേവൻ അപ്രത്യക്ഷനാവുകയും ചെയ്തു.

ബ്രഹ്മദേവന്റെ അനുഗ്രഹപ്രകാരം കർക്കടി അത്യന്തസ്ഥൂലമായ ശരീരത്തെ വിട്ട് ഏറ്റവും സൂക്ഷമമായ സൂചികയായിത്തീരുകയും ചെയ്തു. ജീവികളിൽ വാതസൂചികയും വിഷൂചികകയുമാകുന്ന രണ്ടു രൂപത്തിൽ പ്രവേശിച്ച് നിർദ്ദയം അവരെ കൊന്നൊടുക്കാനും തുടങ്ങി. അങ്ങനെ സർവ്വദിക്കിലും ചുറ്റിസ്സഞ്ചരിച്ചു കണക്കില്ലാതെ ജീവകോടികളെ കൊന്നുമുടിക്കാൻ തുടങ്ങി. അങ്ങനെ വളരെക്കാലം കഴിഞ്ഞു. വളരെക്കാലം അനേക ജീവികോടികളെ കൊന്നുമുടിച്ചു കഴിഞ്ഞപ്പോൾ കർക്കടിക്ക് ആ തൊഴിലിൽ വെറുപ്പുതോന്നി. സൂചിപോലുള്ള തന്റെ ഏറ്റവും ചെറിയ ശരീരം നിറയ്ക്കാൻ ഒരുതുള്ളി രക്തംതന്നെ ധാരാളമാണ്. എന്നിട്ടും താനെന്തിനാണിങ്ങനെ കണക്കില്ലാതെ ജീവികളെക്കൊല്ലുന്നത്? ഒരുകാലത്തു ശരീരം വളരെ വലുതായിരുന്നു. അന്ന് ആഹാരവും ധാരാളം ആവശ്യമായിരുന്നു എന്നാൽ ഇന്നാണെങ്കിൽ അങ്ങനെയല്ല: വളരെ ചെറിയ ശരീരമാണ്. ആഹാരം തന്നെ കുറച്ചേ ആവശ്യമുള്ളൂ, ആഹാരം ധാരാളം വേണ്ടിവന്നിരുന്ന കാലത്ത് അതു വേണ്ടതു കിട്ടിയില്ല. ഇപ്പോൾ ധാരാളം കിട്ടുന്നുണ്ട്. പക്ഷെ കഴിക്കാൻ വയ്യ. ഏതായാലും ജീവികളെ ഇങ്ങനെ കൊല്ലുന്നതു ശരിയല്ല. പ്രാണഭയം എല്ലാവർക്കും അസഹ്യമായ ഒന്നാണ്. അതുകൊണ്ട് ഇനി ജീവഹിംസയെ നിർത്തി തപസ്സുചെയ്യാമെന്നു തീർച്ചപ്പെടുത്തി ഹിമാലയത്തിന്റെ ഒരു കൊടുമുടിയുടെ കീഴിൽ ചെന്നിരുന്ന് തപസ്സുചെയ്യാനാരംഭിച്ചു. പ്രത്യേകിച്ചു യാതൊരുദ്ദേശവുമില്ലാതെ ആത്മശുദ്ധിയെമാത്രം ലക്ഷ്യമാക്കി ചെയ്യുന്ന തപസ്സായതുകൊണ്ടു കുറെക്കാലം അങ്ങനെ തപം ചെയ്തപ്പോഴേയ്ക്കു കർക്കടിയുടെ എല്ലാ കൽമഷങ്ങളും നീങ്ങി പരിശുദ്ധയായി. ദൃശ്യഭ്രമം മിക്കവാറും നീങ്ങി അവളിൽ ആത്മഭാവം പ്രകാശിക്കാൻ തുടങ്ങി. ആ സമയത്ത് ബ്രഹ്മദേവൻ വീണ്ടും പ്രത്യക്ഷപ്പെട്ട് അവൾക്കു ദർശനം കൊടുത്തു

"മംഗളസ്വരൂപിണിയായ കർക്കടി! ചിരകാലത്തെ കഠിനമായ തപസ്സുകൊണ്ട് നിന്റെ കല്മഷങ്ങളെല്ലാം അകന്നുകഴിഞ്ഞിരിക്കുന്നു; മാത്രമല്ല, നീ ജീവന്മുക്തയായി. അതുകൊണ്ടു ഇനി തപസ്സുനിർത്താം. നിന്റെ പണ്ടത്തെ ശരീരത്തെത്തന്നെ സ്വീകരിച്ചു ദുഷ്ടന്മാരായ ജനങ്ങളെ ഭക്ഷിച്ചു കാലം കഴിച്ചോളൂ" എന്നു പറഞ്ഞു മറയുകയും ചെയ്തു. ബ്രഹ്മാദേവൻ അന്തർദ്ധാനം ചെയ്തശേഷം കർക്കടി ബ്രഹ്മദ്ധ്യാനത്തോടുകൂടി പിന്നെയും ചിരകാലം സമാധിയിൽതന്നെ കഴിച്ചുകൂട്ടി. അനന്തരം ഒരിക്കൽ സമാധിയിൽ നിന്നുണർന്നു ചിത്തസ്പന്ദനത്തോടുകൂടിയിരിക്കുമ്പോൾ വിശപ്പിന്റെ ഓർമ്മവന്നു. ദുഷ്ടജനങ്ങളെയാണല്ലോ എനിക്കാഹാരമായിത്തന്നിരിക്കുന്നത്. അതുകൊണ്ട് അവരെ അന്വേഷിച്ചു പിടിക്കാമെന്നു കരുതി പർവ്വതത്തിൽ നിന്നു താഴോട്ടിറങ്ങി കാട്ടാളന്മാർ താമസിക്കുന്ന മൈതാനപ്രദേശത്തുവന്ന് ഒരു കൊടുകാട്ടിൽ ഒളിച്ചിരുന്നു. നേരം രാത്രിയായി. ഘോരമായകൂരിരുട്ട് ആ കാട്ടിൽ മുഴവൻ പരന്ന് ഒന്നും തിരിച്ചറിയാൻ വയ്യാതാക്കി. ആ സമയത്തു പ്രതാപശാലിയായ ഒരു രാജാവും ഒരു മന്ത്രിയും കൂടി രാത്രിയിൽ വീരചര്യയ്ക്കിറങ്ങിയതായിരുന്നു. അവർ വേതാളങ്ങളെ കാണാൻവണ്ടിയോ എന്നു തോന്നുമാറ് ആ വനാന്തർഭാഗത്തും വന്നുചേർന്നു. കർക്കടിക്ക് അവരെക്കണ്ടപ്പോൾ അവർ ഗുണവാന്മാരായ സജ്ജനങ്ങളാവാൻ വഴിയില്ലെന്നും മനോജയം സാധിച്ചിട്ടില്ലാത്തമൂഢന്മാരാവാനേ വഴിയുള്ളൂവെന്നും തോന്നി. അങ്ങനെയാണെങ്കിൽ അവരെ കൊന്നുതിന്നുന്നതു നല്ലതാണെന്നും

അവൾക്കുതോന്നി. ഏതായാലും പരീക്ഷിച്ചു നോക്കീട്ടുമതി അബദ്ധം പറ്റേണ്ടെന്നു കരുതി ബ്രഹ്മാണ്ഡം മുഴുവൻ ഞെട്ടുമാറു ഭയങ്കരമായൊരട്ടഹാസം ചെയ്തു. ആ അട്ടഹാസശബ്ദം കേട്ടാൽത്തന്നെ ആരും ഭയപ്പെടാതിരിക്കാൻ വയ്യെന്നാണെങ്കിലും പ്രസ്തുതരാജാവും മന്ത്രിയും ഭയപ്പെട്ടതായി കണ്ടില്ല. അപ്പോൾത്തന്നെ രാക്ഷസിക്കു സംശയമായി. എങ്കിലും തികച്ചും ബോദ്ധ്യം വരുത്തണമെന്നു കരുതി അവൾ "ഭീരുക്കളായ മനുഷ്യകീടങ്ങളേ! നിങ്ങൾ മൃത്യുവിന്റെ വായിലാണെത്തിച്ചേർന്നത്. എനിക്കു നിങ്ങളാഹാരമായിത്തീരാൻ പോവുന്നു"വെന്നു പറയുകയും ചെയ്തു. അതു കേട്ടപ്പോഴും അവർ ഭയപ്പെട്ടില്ല. രാജാവാണതിനു മറുപടി പറഞ്ഞ്. "നീ ഭൂതമോ പിശാചോ എന്തായാലും ഞങ്ങൾക്കു കാണത്തക്ക നിലയിൽ വന്നു നില്ക്കു. അല്ലാതെ വണ്ടുമൂളുംപോലുള്ള നിന്റെ ശബ്ദം കേട്ടിട്ടാരെങ്കിലും പേടിക്കാൻ പോവുന്നില്ല" എന്ന്. അതു കേട്ടപ്പോഴും കർക്കടിക്കവരെപ്പറ്റിയുള്ള മതിപ്പൊന്നുകൂടി ബലപ്പെട്ടു. ഭയങ്കരമായ അഞ്ജനപർവ്വതം പോലുള്ള തന്റെ സ്വരൂപത്തെ അവർ കാണത്തക്ക നിലയിൽ വന്നുനിന്ന് ഇടിമിന്നൽ പോലുള്ള തന്റെ ദംഷ്ട്രകളെ പുറത്തുകാട്ടി ബീഭത്സമായൊന്നു പൊട്ടിച്ചിരിക്കുകയും ചെയ്തു. അപ്പോൾ മന്ത്രിയാണ് പറഞ്ഞത്. "നിന്റെ ഈ ദുരാരംഭം നിനക്കു നല്ലതല്ല. നിന്നെപ്പോലെ അനേകം രാക്ഷസികൾ ഒന്നിച്ചു വന്നാലും ഒരു ഈച്ചയുടെ ബാധയേക്കാൾ വലിയതായി ഞങ്ങൾക്കു തോന്നുന്നില്ല. അതുകൊണ്ടു കളങ്കം വിട്ടു നേരെ ഞങ്ങളെ സമീപിക്കുന്ന പക്ഷം നിന്റെ ആഗ്രഹം സാധിക്കും. യാചിക്കുന്നവരെ ഞങ്ങൾ മടക്കാറില്ല. എതിർക്കുന്നവരെ വിടാറുമില്ല" എന്ന്. കർക്കടിക്ക് അതുകേട്ടപ്പോൾ വളരെ ആശ്ചര്യമുണ്ടായി. ഇത്രയും ധൈര്യമുള്ള ഒരാളേയും താനിതുവരെ കണ്ടിട്ടില്ല. അതിനാൽ ഇവരാരാണെന്നിയണമെന്നു കരുതി "നിങ്ങൾ ആരാണെന്നു പറയണം" എന്നാവശ്യപ്പെട്ടു. അപ്രദേശത്തുള്ള വേടന്മാരുടെ രാജാവാണ് അദ്ദേഹമെന്നും താൻ അദ്ദേഹത്തിന്റെ മന്ത്രിയാണെന്നും മന്ത്രി തന്നെതാണ് മറുപടി പറഞ്ഞത്. "ശരി! നിങ്ങളാരായാലും രാക്ഷസിയായ എന്റെ മുമ്പിൽ എത്തപ്പെട്ടുകഴിഞ്ഞു. ഇനി രക്ഷപ്പെടാൻ അധികം മാർഗ്ഗങ്ങളൊന്നുമില്ല. എങ്കിലും ഒരു മാർഗ്ഗമുണ്ട്. ഞാൻ ചില ചോദ്യങ്ങൾ ചോദിക്കാം. അതിന് ശരിയായ മറുപടി പറയുന്നപക്ഷം നിങ്ങൾക്കു മടങ്ങിപ്പോവാം. അല്ലെങ്കിൽ എനിക്കാഹാരമായിത്തീരുമെന്നുമായി" കർക്കടി. ചോദ്യങ്ങൾ കേൾക്കട്ടെ എന്നു പറഞ്ഞു രാജാവ്.

ബുദ്ധിമാന്മാരായ അവരെ ആശ്ചര്യപ്പെടുത്തുമാറു പത്തുചോദ്യങ്ങൾ ചോദിച്ചു കർക്കടി. 1) സമുദ്രത്തിൽ കുമിളകളെന്നപോലെ ഏതൊരണുവിന്റെ ഉള്ളിലാണ് അനന്തകോടി ബ്രഹ്മാണ്ഡങ്ങളുണ്ടായി നിലനിന്നു വിലയം പ്രാപിക്കുന്നത്? 2) ആകാശമല്ലാത്ത ആകാശം ഏതാണ്? 3) ഒന്നുമല്ലാത്ത വസ്തു ഏതാണ്? 4) ഏതൊന്നാണ് പോയാലും പോവാത്തതായിട്ടിരിക്കുന്നത്? 5) ഏതൊന്നാണ് എല്ലാറ്റിനേയും കാണാതെ കാണുന്നത്? 6) ചേതനാസ്വരൂപമാണെങ്കിലും ഏതൊന്നു കല്ലുപോലിരിക്കുന്നു? 7) ആകാശത്തിൽ ചിത്രമെഴുതുന്നതാരാണ്? 8) വിത്തിൽ വൃക്ഷമെന്നപോലെ ഏതൊരണുവിൽ ജഗത്തെല്ലാം ബീജാകാരേണ അടങ്ങിയിരിക്കുന്നു? 9) തിരനുര മുതലായവ സമുദ്രത്തിൽ നിന്നു വേറയല്ലാത്തതുപോലെ എല്ലാ വസ്തുക്കളും ഏതൊന്നിൽ നിന്നാണ് വേറെയല്ലാതിരിക്കുന്നത്? 10)

ദ്വൈതംപോലും ഏതൊരു മഹാസമുദ്രത്തിൽ നിന്നാണ് വേറെയല്ലാതിരിക്കുന്നത്? എന്നാണ് കർക്കിടിയുടെ പത്തു ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾക്കു ഭംഗിയായിട്ടു മറുപടി പറയാൻ സാധിക്കാത്തപക്ഷം നിങ്ങൾ രണ്ടുപേരുമെനിക്കാഹാരമായിത്തീരുമെന്നവൾ പറയുകയും ചെയ്തു.

കേവലം ഒരു രാക്ഷസിയായ കർക്കടിയിൽ നിന്ന് ഇത്രയും ഗഹനങ്ങളായ ചോദ്യങ്ങൾ കേട്ടപ്പോളവരാശ്ചര്യപ്പെട്ടു മറുപടിപറയാൻ തുടങ്ങുകയും ചെയ്തു. മന്ത്രിതന്നെയാണ് മറുപടി പറഞ്ഞത്. ബ്രഹ്മജ്ഞാനികൾക്കുമാത്രം അറിയത്തക്കവയാണ് നിന്റെ ചോദ്യങ്ങളെല്ലാം. പരമാത്മാവിനെപ്പറ്റിയാണ് നീ ചോദിച്ചത്. എങ്കിലും മറുപടി പറയാം എന്നു പറഞ്ഞുകൊണ്ടാണ് മന്ത്രി ഓരോ ചോദ്യത്തിനും വഴിക്കുവഴിയായി മറുപടി പറയാനാരംഭിച്ചത്. 1) മനസ്സു തുടങ്ങിയ ആറിന്ദ്രിയങ്ങൾക്കും വേദ്യമല്ല പരമാത്മാവെന്ന കാരണത്താൽ പരമാണുതന്നെ. അതിലാണ് സംഖ്യാതീതങ്ങളായ ബ്രഹ്മാണ്ഡങ്ങൾ ഉണ്ടാവുകയും നിലനില്ക്കുകയും ലയിക്കുകയും ചെയ്യുന്നത്. 2. ബഹിർഭാഗം അന്തർഭാഗം എന്ന ഭേദമില്ലാത്തിനാൽ പരമാത്മാവ് ആകാശം തന്നെ. എന്നാൽ ഭൂതാകാശം പോലെ ജഡമൊട്ടല്ലതാനും. അതിനാൽ ആകാശമല്ലാത്ത ആകാശമെന്നു പറയുന്നതും പരമാത്മാവിനെത്തന്നെ. 3. ഇന്നതെന്നു വ്യക്തമായി ചൂണ്ടിക്കാണിക്കാൻ കഴിയാത്തതുകൊണ്ട് ഒന്നുമല്ലാത്ത വസ്തുവും പരമാത്മാവുതന്നെ. 4. സത്താമാത്രവും ചേതനാത്മകവുമായ ബ്രഹ്മം എങ്ങും നിറഞ്ഞിരിക്കയാൽ പോയും പോവാത്തതായിട്ടിരിക്കുന്നു. 5. ചേതനാത്മകമാകയാൽ എല്ലാറ്റിനേയും കാണുന്നതും ദൃഗാദി ഇന്ദ്രിയങ്ങളില്ലാത്തതിനാൽ കാണൽ തുടങ്ങിയ വ്യാപാരങ്ങളില്ലാത്തതുമാണ് പരമാത്മാവെന്ന കാരണത്താൽ എല്ലാറ്റിനെയും കാണാതെ കാണുന്നു എന്നു പറയുന്നതും യുക്തം തന്നെ. 6. ചേതനാസ്വരൂപമാണെങ്കിലും തന്നിൽനിന്നന്യമായി മറ്റൊന്നില്ലാത്തതിനാൽ അറിയുക എന്നൊന്നില്ലാത്തതുകൊണ്ടു പരമാത്മാവു കല്ലുപോലെത്തന്നെ. 7. ചിദാകാശസ്വരൂപമായ തന്നിൽ താൻതന്നെയാണ് ജഗച്ചിത്രങ്ങളെ എഴുതുന്നത്. 8. ദൃശ്യഷ്ടമായ ഈ ലോകം മുഴുവൻ ബ്രഹ്മത്തിൽ നിന്നുണ്ടായതാകയാൽ വിത്തിൽ വൃക്ഷമെന്നപോലെ ബ്രഹ്മത്തിൽ ജഗജ്ജ്വാലങ്ങൾ ബീജാകാരേണ ലയിച്ചിരിക്കുന്നു. 9. എല്ലാംതത്ഭവമാണെന്ന കാരണത്താൽ ഒന്നും പരമാത്മാവിൽ നിന്നു വേറെയല്ല. 10. അദ്വൈതംപോലും പരമാത്മാവിൽ നിന്നു വേറെയല്ല. എന്നിങ്ങനെയുള്ള മന്ത്രിയുടെ മറുപടിയെ കേട്ട രാക്ഷസി വളരെ സന്തോഷിച്ചു. തന്റെ ചോദ്യങ്ങൾക്കു തക്കതായ ഉത്തരങ്ങളാണ് പറഞ്ഞതെന്നവൾ സമ്മതിക്കുകയും ചെയ്തു. എങ്കിലും മന്ത്രി മാത്രമല്ലേ പറഞ്ഞുള്ളൂ; രാജാവുകൂടി പറയട്ടെ എന്നായി കർക്കടി. അപ്പോൾ രാജാവും പറഞ്ഞു. മന്ത്രി പറഞ്ഞ അതേ വേദാന്തർത്ഥങ്ങളെത്തന്നെ രാജാവും പ്രകാരാന്തരേണ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. രാക്ഷസിക്കു വളരെ സന്തോഷമായി. രാജാവും മന്ത്രിയും രണ്ടുപേരും വിവേകികളും ജ്ഞാനസമ്പന്നന്മാരുമാണെന്നു ബോദ്ധ്യമാവുകയും ചെയ്തു. അനന്തരം അവരെ സ്തുതിച്ചു തന്നോടാവശ്യമുള്ള വരം വരിക്കാൻ പറഞ്ഞു. ഇനി മേലിൽ ജന്തുക്കളെ ഹിംസിക്കരുതെന്നാണ് രാജാവ് വരിച്ച വരം. ഇല്ല. ഇനി മേലിൽ ഒരു ജീവിയേയും ഹിംസിക്കില്ലെന്നവൾ പ്രതിജ്ഞയും ചെയ്തു. അതുകേട്ടപ്പോൾ എന്റെ ഇഷ്ടത്തിനുവേണ്ടി നീ ഇങ്ങനെ പ്രതിജ്ഞചെയ്തു. ജന്തുഹിംസയെ കേവലം നിർത്തിയാൽ മാംസംമാത്രം തിന്നു

പരിചയിച്ച നീയെങ്ങനെ ശരീരസന്ധാരണം ചെയ്യുമെന്നു ചോദിച്ചു രാജാവ്. അതു സാരമില്ല. മരണംവരെ നിർവ്വികല്പസമാധിയിൽത്തന്നെ കഴിച്ചുകൂട്ടാം; എന്നാൽ ആഹാരത്തിന്റെ ആവശ്യം തന്നെ ഇല്ലെന്നാണ് കർക്കിടയുടെ ഉത്തരം. പ്രസ്തുത ഉത്തരംകൊണ്ടു രാജാവു തൃപ്തിപ്പെടാതെ അവളെ ഗൃഹത്തിലേയക്കു കൂട്ടിക്കൊണ്ടുപോയി. ആഹാരത്തിനു വേണ്ടുന്ന സൗകര്യം ചെയ്തുകൊടുത്തു എന്നൊക്കെയാണ് കഥയുടെ ബാക്കി ഭാഗം. കർക്കടിയുടെ പത്തുചോദ്യങ്ങളും അതുനമന്ത്രിയുടെ മറുപടിയുമാണ് പ്രധാനഭാഗം. അതിനെ വേണ്ടപോലെ ധരിക്കുന്നവർക്കു വസ്തുബോധമുണ്ടാവാതിരിക്കാൻ വയ്യ, എന്നൊക്കെയാണ് സൂച്യുപാഖ്യാനമെന്ന ഇതിഹാസത്തിന്റെ സാരമായ രത്നച്ചുരുക്കം.

ഐന്ദവോപാഖ്യാനം

വസിഷ്ഠൻ പറയുകയാണ്, സച്ചിദാനന്ദാകാരമായ ബ്രഹ്മസ്വരൂപത്തെ അറിയാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഹേ രാമചന്ദ്ര! പറയപ്പെട്ട സൂചീപാഖ്യാനമെന്ന രസകരമായ ഇതിഹാസംകൊണ്ട് പരമാത്മാവെന്ന സത്യവസ്തു ഉണ്ടെന്നും, അതുമാത്രമേയുള്ളൂവെന്നും മറ്റു കാണപ്പെടുന്നതെല്ലാം ഇല്ലാത്തതാണെന്നും ബോദ്ധ്യമായല്ലോ. ചിത്തത്തിന്റെ നാനാപ്രകാരത്തിലുള്ള സ്ഫുരണവും വികാസവുമാണ് സംസാരം. ചിത്തത്തെവിട്ട് സംസാരമെന്ന ഒരു വസ്തുവില്ല. ചിത്തബാലന്റെ ഭ്രാന്തിദർശനം തന്നെ സംസാരം. രാഗദ്വേഷാദിഭാവങ്ങളെക്കൊണ്ട് പ്രക്ഷുബ്ധമായ ചിത്തംതന്നെ സംസാരം. അവയെല്ലാം അടങ്ങി പ്രശാന്തമായിത്തീർന്ന ചിത്തം മോക്ഷവും, ചിത്തമേ ഇല്ലാതായിത്തീരുന്നതുതന്നെ കേവലസ്വരൂപം അല്ലെങ്കിൽ കൈവല്യം. ഈ വസ്തുതയെ വ്യക്തമാക്കുന്ന ഇന്ദുവെന്ന ബ്രാഹ്മണന്റെ ഇതിഹാസത്തെ പറഞ്ഞുതരാം. അതുകേട്ടാൽത്തന്നെ സംസാരഭ്രാന്തി നീങ്ങും.

ഒരിക്കൽ നിത്യപ്രളയമാകുന്ന നീണ്ട രാത്രി അല്ലെങ്കിൽ ബ്രഹ്മദേവന്റെ ഉറക്കകാലം കഴിഞ്ഞ് കല്പാരംഭത്തിൽ ബ്രഹ്മദേവൻ ഉറക്കമുണർന്നു തന്റെ നിത്യകൃത്യങ്ങളൊക്കെ കഴിഞ്ഞ് സൃഷ്ടികാര്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് അനന്തവും വിശാലവുമായ ആകാശത്തേക്ക് നോക്കി. ആശ്ചര്യമെന്നു പറയട്ടെ, അപ്പോൾ അതിർത്തിയില്ലാത്ത ആ മഹാകാശത്തിന്റെ ഒരു മൂലയിലുണ്ട് ചില ബ്രഹ്മാണ്ഡങ്ങൾ പ്രകാശിച്ചുകൊണ്ടിരുന്നു. ബ്രഹ്മദേവൻ ആശ്ചര്യപ്പെട്ടു. കല്പം ആരംഭിച്ചിട്ടേയുള്ളൂ, താൻ ഉണർന്നെഴുന്നേറ്റു സൃഷ്ടി ആരംഭിച്ചു കഴിഞ്ഞില്ല. അതിനുമുമ്പ് ബ്രഹ്മാണ്ഡമോ? എന്തൊരു കഥയാണ്! ഇതെങ്ങനെയുണ്ടായി? ആര് സൃഷ്ടിച്ചു? ബ്രഹ്മദേവന് അതിനെ സംബന്ധിച്ചൊന്നും മനസ്സിലായില്ല. അതിനാൽ കാണപ്പെട്ട ബ്രഹ്മാണ്ഡത്തിൽ നിന്ന് ഒരാദിത്യനെ ആവാഹിച്ചു തന്റെ മുന്നിലേയ്ക്കുവരുത്തി. അനന്തരം ചോദിച്ചു, ഈ ബ്രഹ്മാണ്ഡങ്ങൾ എങ്ങനെയുണ്ടായി? ഇവ ആരുടെ സൃഷ്ടിയാണ് എന്ന്. ബ്രഹ്മദേവനറിയാത്ത സംഗതിയാണോ എന്ന് വിചാരിച്ച് ആദിത്യദേവൻ ആശ്ചര്യപ്പെട്ടു. എങ്കിലും പറയുകയും ചെയ്തു.

ആദിത്യൻ ബ്രഹ്മദേവനോടു പറയുകയാണ്. കശ്യപാശ്രമത്തിൽ പ്രസിദ്ധനായി ഇന്ദുവെന്ന പേരായൊരു ബ്രാഹ്മണനുണ്ടായി, ബാല്യത്തിൽ സാധിക്കേണ്ട വിദ്യാഭ്യാസങ്ങളെയൊക്കെ സാധിച്ചു. യൗവനാരംഭത്തോടെ അദ്ദേഹം വിവാഹിതനായി. ഗൃഹസ്ഥനായി ധർമ്മനിഷ്ഠയോടെ വളരെക്കാലം കഴിഞ്ഞുകൂടി. എങ്കിലും അദ്ദേഹത്തിനു പുത്രനുണ്ടായില്ല. അനപത്യതാദുഃഖംകൊണ്ട് പീഡിതനായ അദ്ദേഹം അവസാനം പത്നിയോടുകൂടി കൈലാസപർവതത്തിന്റെ സാനുപ്രദേശത്തുപോയി തപസ്സുചെയ്യാൻ തുടങ്ങി. വളരെക്കാലം തപോനുഷ്ടാനം ചെയ്തതിന്റെ ഫലമായി കൈലാസനാഥനായ ഭഗവാൻ ശ്രീപരമേശ്വരനെ കാണാൻ സാധിച്ചു. യോഗ്യന്മാരും ബുദ്ധിമാൻമാരുമായ പത്തു പുത്രന്മാർ ഉണ്ടാവുമെന്ന് ഭഗവാനോട് വരവും വാങ്ങി. കാലംകൊണ്ട് ഭഗവദനുഗ്രഹഫലമായി അദ്ദേഹത്തിനു പത്തു പുത്രന്മാർ ഉണ്ടാവുകയും ചെയ്തു. അവർ യോഗ്യന്മാരും ബുദ്ധിമാൻമാരുമായി വളരുകയും ചെയ്തു. അങ്ങനെയിരിക്കെ പ്രസ്തുത ഇന്ദുബ്രാഹ്മണനും അദ്ദേഹത്തിന്റെ പത്നിയും മരിച്ചു. അമ്മയച്ഛൻമാർ മരിച്ച വ്യസനത്താൽ

പുത്രന്മാർ പത്തുപേരും ഗൃഹം വിട്ടിറങ്ങി തപസ്സിനുപോയി. അവിടെവച്ച് അവർ എന്തനുഭവമാണ് ശ്രേയസ്കരമായിരിക്കുക എന്ന് വളരെയൊക്കെ ആലോചിച്ചതിന്റെ ഫലമായി ആത്യന്തിക പ്രളയംവരെ നാശമില്ലാതെ നീണ്ടുനിൽക്കുന്ന ബ്രഹ്മപദം തന്നെയാണ് എല്ലാറ്റിലും ശ്രേയസ്കരമായിട്ടിരിക്കുന്നതെന്ന് വിശ്വസിച്ചു. ബ്രഹ്മപദപ്രാപ്തിക്കായി പ്രയത്നിച്ചു. പത്മാസനത്തിൽ അമർന്നിരുന്നു സൃഷ്ടിയെനടത്തുന്ന സത്യലോകവാസിയായ ബ്രഹ്മാവായി ഓരോരുത്തരും തങ്ങളെ വിഭാവനം ചെയ്തു. പ്രസ്തുത ഭാവനയ്ക്ക് ദൃഢത വന്നതോടുകൂടി അവരുടെ പൂർവ്വസർഗ്ഗം വിസ്മരിക്കപ്പെടുകയും പത്തുപേരും സത്യലോകവാസികളായി ബ്രഹ്മാക്കളായിത്തീരുകയും അവർ ഭാവനകൊണ്ടു ബ്രഹ്മാണ്ഡത്തെ സൃഷ്ടിക്കുകയും ചെയ്തു. ചിത്താകാശവർത്തികളായ പ്രസ്തുത ഇന്ദുപുത്രന്മാരുടെ ഭാവനാസൃഷ്ടിയിൽ പ്രകാശിക്കുന്നവയാണ് കാണപ്പെടുന്ന ലോകങ്ങൾ. അതിൽ ഒരു ബ്രഹ്മാണ്ഡത്തിലെ ഒരാദിത്യനാണ് ഞാൻ എന്ന് പറഞ്ഞു മാർത്താണ്ഡദേവൻ പോവുകയും ചെയ്തു.

ഇതിൽ നിന്ന് മനസ്സിന്റെ കല്പനയാണ് എല്ലാമെന്നു വ്യക്തമാവുന്നു. മനസ്സടങ്ങിയ ഒരാളുടെ ദൃഷ്ടിയിൽ സംസാരമെന്നൊന്നില്ല. മനസ്സ് വികസിച്ചുകൊണ്ടിരിക്കുന്ന ആളുടെ ദൃഷ്ടിയിലാകട്ടെ പലതു മുണ്ടുതാനും. അതിനാൽ മനസ്സുതന്നെ ജഗത്തിന്റെ കർത്താവ്. പരമാത്മാവും മനസ്സ് തന്നെ. മനസ്സുകൊണ്ട് ചെയ്തതേ ചെയ്തതാവൂ. ശരീരം മാത്രം കൊണ്ടു ചെയ്തത് ചെയ്തതാവില്ല. മനസ്സുകൊണ്ട് ചെയ്തത് ചെയ്യാത്തതായും വരില്ല. ഇന്ദുപുത്രന്മാരായ ആ ബ്രാഹ്മണർ കേവലം മനോഭാവന മാത്രം കൊണ്ടല്ലേ ബ്രഹ്മത്വത്തെ പ്രാപിച്ചതും ബ്രഹ്മാണ്ഡങ്ങളെ സൃഷ്ടിച്ചതുമെല്ലാം.പ്രസ്തുത മനസ്സുതന്നെയാണ് ഭാവനയെകൊണ്ട് ശരീരമായിത്തീർന്നിരിക്കുന്നത്. ശരീരത്തിലുള്ള അഭിമാനം ഹേതുവായിട്ടാണ് ബന്ധവും ദുഃഖവും അജ്ഞാനവുമെല്ലാം ഉണ്ടായതും നിലനിൽക്കുന്നതുമെല്ലാം. ഇല്ലാത്ത കർതൃത്വഭോക്തൃത്വങ്ങളും ശരീരാഭിമാനം ഹേതുവായിട്ടാണ് ഉണ്ടായതും നിലനിൽക്കുന്നതും. മനസ്സടങ്ങിയവന് ശരീരമോ ശരീരധർമ്മങ്ങളോ കർതൃത്വഭോക്തൃത്വങ്ങളോ ബന്ധദുഃഖങ്ങളോ ഒന്നും തന്നെയില്ല.

ഇന്ദ്രോപാഖ്യാനം

പണ്ടു മഗധരാജ്യത്തിൽ ഇന്ദ്രദ്യുമ്നനെന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് അഹല്യയെന്നു പേരായൊരു രാജ്ഞിയുണ്ടായിരുന്നു. രാജ്ഞി പല ഇതിഹാസങ്ങളേയും വായിച്ചു മനസ്സിലാക്കിയ കൂട്ടത്തിൽ ഇന്ദ്രന്റേയും അഹല്യയുടേയും ചരിത്രത്തേയും മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അക്കാലത്ത് ഇന്ദ്രനെന്നൊരു വിടൻ അവിടെയുമുണ്ടായിരുന്നു. പേരിന്റെ സാമ്യതകൊണ്ടും ഇതിഹാസത്തിന്റെ ഓർമ്മകൊണ്ടും അവരന്യോന്യം പ്രേമബദ്ധരായി. രഹസ്യമായ ആ സംഗതി കാലംകൊണ്ടു ജനങ്ങളും രാജാവും അറിയാനിടയാവുകയും ചെയ്തു. തന്റെ രാജ്ഞിയുടെ അധർമ്മികമായ വൃത്തിയെ അറിഞ്ഞ് ക്രുദ്ധനായിത്തീർന്ന മഹാരാജാവ് അവരെ രണ്ടുപേരേയും കഠിനമായി ശിക്ഷിച്ചു. കൈകാലുകൾ കെട്ടി വെള്ളത്തിൽ മുക്കുകയും, ചമ്മട്ടികൊണ്ടടിക്കുകയും, ജ്വലിക്കുന്ന അഗ്നികണ്ഡത്തിൽ നിർത്തുകയുമൊക്കെ ചെയ്തു. പക്ഷേ അതുകൊണ്ടെന്നും അവർക്കു പറയത്തക്ക വ്യസനമോ പരിഭ്രമമോ ഉണ്ടായില്ലെന്നു മാത്രമല്ല. സ്വതവേ അവരിലുണ്ടായിരുന്ന സന്തോഷത്തിന്നും സംതൃപ്തിക്കും യാതൊരു കുറവുമുണ്ടായില്ല. ഇതു കണ്ടപ്പോൾ രാജാവാശ്ചര്യപ്പെട്ടു. അവരോടു ചോദിക്കുകയും ചെയ്തു, എന്താണവരുടെ സന്തോഷത്തിന്നു ഭംഗം വരാതിരിക്കാൻ കാരണമെന്ന്. അപ്പോൾ അവൾ പറഞ്ഞു. മനസ്സ് ഒരു വിഷയത്തിൽ മുഴുകി തന്മയീഭാവത്തെ പ്രാപിച്ചു കഴിഞ്ഞാൽ മറ്റൊന്നുംതന്നെ അറിയില്ല. മനസ്സിന്റെ ഭാവനാവിശേഷമാണ് എല്ലാം അനുഭവങ്ങളും. പ്രേമാതിരേകം കൊണ്ടു ഞങ്ങളുടെ മനസ്സ് അന്യോന്യം തന്മയീഭാവത്തെ പ്രാപിച്ചിരിക്കയാൽ ശരീരത്തെ അരിഞ്ഞാൽപ്പോലും അറിയില്ല എന്ന്. നോക്കൂ, മനസ്സിന്റെ ദൃഢതയോടുകൂടിയ തന്മയീഭാവത്തിനെന്തു ശക്തിയാണ്! ആ മനസ്സാണ് ഈ ശരീരത്തേയും എന്നുവേണ്ട സംസാരത്തെ ഒട്ടാകെത്തന്നെയും സൃഷ്ടിച്ചിരിക്കുന്നത്.

എന്നിങ്ങിനെ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ ജഡമായിരിക്കുന്ന മനസ്സിന്റെ സങ്കല്പശക്തിയുടെ സ്വഭാവമെങ്ങിനെയുള്ളതാണെന്നു പറഞ്ഞുതന്നാൽ കൊള്ളാമെന്നപേക്ഷിച്ചു ശ്രീരാമചന്ദ്രൻ. അപ്പോൾ വസിഷ്ഠമഹർഷി പറകയാണ്.

ചിത്തോപാഖ്യാനം

ഇന്ദ്രോപാഖ്യാനം എന്ന മുൻഅദ്ധ്യായത്തിൽ ജഡമായിരിക്കുന്ന മനസ്സിന്റെ സങ്കല്പശക്തിയുടെ സ്വഭാവം എങ്ങനെയുള്ളതാണെന്നു പറഞ്ഞുതന്നാൽ കൊള്ളാമെന്നപേക്ഷിച്ചു ശ്രീരാമചന്ദ്രൻ. അപ്പോൾ വസിഷ്ഠമഹർഷി പറകയാണ്.

സങ്കല്പങ്ങൾ കൂടിച്ചേർന്ന ആത്മചൈതന്യം തന്നെയാണ് ചിത്തത്തിന്റെ സ്വരൂപമെന്നു പറയാം. എന്തിൽനിന്നുണ്ടായതാണ് ചിത്തം; എന്താണ് ചിത്തത്തിന്റെ ആകൃതി എന്നല്ല ചിന്തിക്കേണ്ടതായിട്ടിരിക്കുന്നത്. എന്തിൽ നിന്നോ വന്നതാവട്ടെ, എന്താകൃതിയിലുള്ളതോ ആവട്ടെ. എങ്ങനെ ഇല്ലാതായിത്തീരുമെന്നാണ് ചിന്തിക്കേണ്ടതായിട്ടിരിക്കുന്നത്. ആത്മജ്ഞാനത്തിലും മോക്ഷോപായങ്ങളിലും തന്നെ എപ്പോഴും ചിത്തത്തെ വ്യാപരിപ്പിച്ചുകൊണ്ടിരിക്കണം. എങ്കിൽ മാത്രമേ കാലംകൊണ്ടെങ്കിലും അതടങ്ങി ഇല്ലാതായിത്തീരൂ.

ചിത്തമുള്ളിടത്തോളം കാലം സംസാരം അവസാനിക്കലില്ല. വാസനകളുടെ പ്രേരണയാൽ പുതിയ പുതിയ സങ്കൽപ്പങ്ങളെ വളർത്തി വീണ്ടും വീണ്ടും ദുഃഖപരമ്പരകളെ സൃഷ്ടിക്കലാണ് ചിത്തത്തിന്റെ സ്വഭാവം. വിവേകത്തോടുകൂടിയ പുരുഷപ്രയത്നംകൊണ്ട് സങ്കൽപ്പങ്ങളെ അടക്കി ചിത്തത്തെ ലയിപ്പിക്കുകതന്നെ വേണം. അങ്ങനെ ചെയ്യാതിരിക്കും കാലത്തോളം സ്വർഗ്ഗത്തിലോ നരകത്തിലോ ഭൂമിയിലോ ഏതെങ്കിലും യോനികളിൽ ജനിച്ചും മരിച്ചും പല യാതനകളേയും അനുഭവിച്ചുകൊണ്ടിരിക്കും. സ്വർഗ്ഗവും നരകവും ഭൂമിയും ജനമരണങ്ങളുമെന്നുവേണ്ട എല്ലാം തന്നെയും ചിത്തത്തിന്റെ സൃഷ്ടിയാണ്. അവയെല്ലാം നിലവിലുള്ളിടത്തോളംകാലം ദുഃഖമല്ലാതെ മറ്റെന്താണനുഭവിക്കാനുള്ളത്! അതിനാൽ എത്രയൊക്കെ പണിപ്പെട്ടും ചിത്തത്തെ അടക്കുകതന്നെ വേണം. വിവേകവും പുരുഷപ്രയത്നവും തന്നെ അതിന് മുഖ്യോപായങ്ങൾ.

ബാലകാഖ്യായികോപാഖ്യാനം

വസിഷ്ഠൻ പറകയാണ്. രാമചന്ദ്ര! ജഗദാകാരേണവിളങ്ങുന്ന ചിത്തം ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല. ബ്രഹ്മത്തിലെല്ലാമുണ്ട്. വിത്തിൽ വൃക്ഷവും പുഷ്പഫലാദികളും അടങ്ങിരിക്കുന്നതുപോലെ, അണ്ഡത്തിലെ ജലത്തിൽ പക്ഷി അടങ്ങിയിരിക്കുന്നതുപോലെ, ബ്രഹ്മത്തിൽ എല്ലാം അടങ്ങിയിരിക്കുന്നു. ബ്രഹ്മംതന്നെയാണ് ചിത്തമായും ജഗത്തായുമെല്ലാം പ്രകാശിക്കുന്നത്. ബ്രഹ്മശക്തിയാകുന്ന ചിച്ഛക്തി എല്ലാറ്റിലും വ്യാപിച്ചിട്ടുണ്ട്. ഓരോ വസ്തുവിൽ ഓരോ രൂപത്തിലാണെന്നും മാത്രമേ വ്യത്യാസമുള്ളു. അഗ്നിയിൽ ദാഹശക്തിയും കല്ലിലെ കാഠിന്യശക്തിയും ജലത്തിലെ ദ്രവശക്തിയും ആകാശത്തിലെ ശൂന്യശക്തിയും സംഹാരത്തിലെ വിനാശശക്തിയുമെല്ലാം ബ്രഹ്മശക്തിയല്ലാതെ മറ്റെന്താണ്.! എല്ലാ ശക്തികളും ബ്രഹ്മത്തിൽ നിന്നാണുണ്ടാവുന്നത്. മനനശക്തിയുണ്ടാവുമ്പോൾ മനസ്സെന്നു പറയപ്പെടുന്നു. അങ്ങനെ ഓരോ ശക്തിയേയും ഓരോ പേരിൽ പ്രത്യേകം പറയുന്നു എന്നുമാത്രം. വാസ്തവത്തിൽ ബ്രഹ്മശക്തിയല്ലാതെ തന്നെയില്ല. മനസ്സിന്റെ വിലാസം കൊണ്ട് ജീവിത്വവും ബന്ധുവും എല്ലാം ഉള്ളതായി തോന്നപ്പെടുന്നു. പരമാർത്ഥത്തിൽ ബ്രഹ്മമല്ലാതെ മറ്റൊന്നുംതന്നെ സംഭവിച്ചിട്ടില്ല. എങ്കിലും മന്ദബുദ്ധികളായ ബാലന്മാർ ചിത്തവിഭ്രാന്തികൊണ്ട് എല്ലാം സംഭവിച്ചതായി ഭ്രമിക്കുന്നു എന്നുമാത്രം. ധാത്രിമാർ ചെറുബാലൻമാരെ ഉറക്കാൻ വേണ്ടി ചിലപ്പോൾ കഥ പറയാറുണ്ടല്ലോ. എത്രയും അസംഗതമോ അസംഭാവ്യമോ ആയാലും വേണ്ടതില്ല. അവിവേകിയായ ബലാൻ ധാത്രിയുടെ കഥയെമുഴുവൻ വിശ്വസിക്കും. പണ്ടൊരു ധാത്രിതന്റെ ബാലന്റെ ചിത്തനിവൃത്തിക്കുവേണ്ടി ഒരു കഥ പറയുകയുണ്ടായി. അതുപോലെയാണ് പ്രപഞ്ചവൃത്താന്തം എന്നു പറഞ്ഞപ്പോൾ ആ കഥയെ കേട്ടാൽ കൊള്ളാമെന്ന് ആഗ്രഹം പ്രകടിപ്പിച്ച രാമചന്ദ്രനോട് അതിനെ പറഞ്ഞുകൊടുക്കുകയും ചെയ്ത വസിഷ്ഠമഹർഷി.

ഇല്ലാത്ത രാജധാനിയിൽ ജനിച്ചിട്ടില്ലാത്ത മൂന്നു രാജകുമാരന്മാരുണ്ടായിരുന്നു. സൗന്ദര്യം, സൗശീല്യം തുടങ്ങിയ ഗുണങ്ങളെക്കൊണ്ട് അവർ എല്ലാവർക്കും മാനിക്കത്തക്കവരും യോഗ്യന്മാരുമായിരുന്നു. എന്തോ ഒരു വലിയ കാര്യലാഭത്തെയുദ്ദേശിച്ച് അവർ മൂന്നാളുംകൂടി എവിടെയ്ക്കോ പോവാനായി പുറപ്പെട്ടു. വളരെ ദൂരം ചെന്നപ്പോൾ വിശപ്പുകൊണ്ട് ആർത്തന്മാരായ അവർ എന്തെങ്കിലും ആഹാരപദാർത്ഥം കിട്ടുമോ എന്നു തിരിഞ്ഞു. അപ്പോൾ അവരുടെ തലയ്ക്കു മീതെയുള്ള ആകാശത്തിൽ നിരനിരയായി വൃക്ഷങ്ങൾ നില്ക്കുന്നതും അവയിലെല്ലാം നല്ല സ്വാദുള്ള പഴങ്ങൾ സുഭിക്ഷമായി തൂങ്ങിനിൽക്കുന്നതും കണ്ടു. ഉടനെത്തന്നെ മേലോട്ടു കുതിച്ച് ആ വൃക്ഷങ്ങളിൽ പാഞ്ഞുകയറി ധാരാളം പഴങ്ങൾ പറിച്ചുതിന്നു വിശപ്പടക്കി. വിശപ്പുമാറിയെങ്കിലും ദാഹത്തിൻബാധ അവരെ വിഷമിപ്പിച്ചു. വീണ്ടും കുറെ ദൂരംകൂടി മുന്നോട്ടു പോയപ്പോൾ അവർ വളരെ വലിയ മൂന്നു നദികൾ കണ്ടു. അവയിൽ രണ്ടെണ്ണത്തിൽ വെള്ളം തീരെ വറ്റി വരണ്ടിരിക്കുകയാണ്. ഒന്നിലാകട്ടെ വെള്ളം ഒഴുകുന്ന പതിവേ ഇല്ല. പ്രസ്തുത മൂന്നു നദികളിലും അവരിറങ്ങി വളരെ നേരം ജലക്രീഡ

ചെയ്കയും കളിക്കുകയും അമൃതസമാനമായ ജലം ധാരാളം കുടിക്കുകയും ചെയ്തു. പിന്നെയും മുന്നോട്ടു പോയപ്പോൾ സമയം സന്ധ്യയായി. ആദിത്യൻ അസ്തമിച്ചു തുടങ്ങി. രാത്രിയിൽ എവിടെ താമസിക്കുമെന്ന ചിന്ത അവരെ അലട്ടി. അധികം താമസിയാതെ മുന്നിൽത്തന്നെ മൂന്നു മനോഹരഹർമ്മ്യങ്ങൾ കാണപ്പെട്ടു. ഉണ്ടായിട്ടില്ലാത്ത നഗരത്തിന്റെ മദ്ധ്യത്തിൽ ഭിത്തി, തൂണ് മുതലായവയൊന്നുമില്ലാത്തവയും ഉണ്ടായിട്ടില്ലാത്തവയുമായ ആ മനോഹരഹർമ്മ്യങ്ങളിൽ അവരോരോരുത്തരും രാത്രി വിശ്രമത്തിനുവേണ്ടിക്കയറി. ഓരോ ഗൃഹത്തിലും വളരെ വിശേഷപ്പെട്ട ഓരോ ഇല്ലാത്ത സ്വർണ്ണപ്പാത്രമുണ്ടായിരുന്നു. അവയിൽ ഇല്ലാത്ത അരിയെ ധാരാളം പാകം ചെയ്തു നിർമ്മുഖന്മാരും എന്നാൽ ബഹുഭോജികളുമായ അനേകം ഇല്ലാത്ത ബ്രാഹ്മണരെ ആഹാരം കഴിപ്പിച്ചു, അവരും ആഹാരം കഴിച്ച് സുഖമായിക്കിടന്നുറങ്ങി. പിന്നെ ഉണർന്നശേഷം അവർ മൂവരുംകൂടി ഇല്ലാത്ത കാട്ടുകളിൽ പോയി നായാട്ടുമൊക്കെ ചെയ്തു സുഖമായങ്ങിനെ കഴിഞ്ഞുവരുന്നുണ്ട്.

എന്നിങ്ങനെ ധാത്രി കഥ പറഞ്ഞപ്പോൾ അവിവേകിയായ ബാലൻ അതു സത്യമാണെന്നു വിചാരിച്ചു അതിൽ രസിക്കുകയും ചെയ്തു ഇതുപോലെയാണ് സംസാരത്തിന്റെ കഥയും. അവിവേകികൾ സംസാരത്തെ സത്യമായി കരുതുകയും അതിൽ രസിക്കുകകുയം ലയിക്കുകയും ചെയ്യും. എന്നാൽ വിവേകിയുടെ ദൃഷ്ടിയിൽ സംസാരമേ ഇല്ല.

ശാംബരികോപാഖ്യാനം

വസിഷ്ഠമഹർഷി പറകയാണ്. ഹേ രാമ! മൂഢൻ തന്റെ മിഥ്യാസങ്കല്പങ്ങളെക്കൊണ്ടു മാത്രമാണ് ദുഃഖിയായിത്തീരുന്നത്. വിവേകിക്ക് മിഥ്യാസങ്കല്പങ്ങളില്ലാത്തതിനാൽ ദുഃഖത്തിനു ഹേതുവില്ല. സത്യത്തെ ഓർമ്മിക്കുകയും മിഥ്യയെ കൈവെടിയുകയും ചെയ്താൽ കൃതകൃത്യനായി. ആത്മാവായ നീ ഒരിക്കലും ബദ്ധനല്ല. അഖണ്ഡമായ ആത്മതത്വത്തിനെങ്ങിനെ ബന്ധമുണ്ടാവും? അവസാനമില്ലാത്തതും ചിൽഘനവുമായ ബ്രഹ്മത്തിൽനിന്ന് അന്യമായി രണ്ടാമതൊന്നില്ലെന്നിരിക്കെ ആര് ആരെ ബന്ധിക്കുന്നു? ആര് മോചിക്കുന്നു? വെറും ഭ്രമം എന്നാല്ലാതൊന്നും പറയാനില്ല. മനസ്സിന്റെ മിഥ്യാസങ്കല്പങ്ങളാണ് ബന്ധവും മോക്ഷവുമെല്ലാം. കാലത്തേയും ദേശത്തേയും പദാർത്ഥത്തേയുമൊക്കെ സൃഷ്ടിക്കുന്നതും, അവയെ വലുതാക്കുന്നതും ചെറുതാക്കുന്നതും, നന്നാക്കുന്നതും ചീത്തയാക്കുന്നതും, രൂപാന്തരപ്പെടുത്തുന്നതുമെല്ലാം മനസ്സാണ്. മനസ്സടങ്ങിയാൽ എല്ലാ കുഴപ്പങ്ങളും അവസാനിച്ചു. നല്ല ഇന്ദ്രജാലവിദ്യപോലെയാണ് സംസാരം. ഇരിക്കട്ടെ, സംസാരം മനസ്സിനുള്ളിലിരിക്കുന്നതെങ്ങിനെയെന്നു വ്യക്തമാക്കാൻ ഒരു കഥ പറയാം. എന്നു പറഞ്ഞുകൊണ്ടാണ് ഇന്ദ്രജാലക്കാരന്റെ കഥയിലേയ്ക്കു കടക്കുന്നത്.

പണ്ട് ഉത്തരപാണ്ഡവമെന്ന രാജ്യത്തുലവണനെന്നു പേരായി ധർമ്മിഷ്ഠനും പൗരുഷശാലിയുമായ ഒരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം സഭാമദ്ധ്യത്തിൽ സിംഹാസനത്തിലിരുന്നു മന്ത്രിമാരുമായി രാജ്യകാര്യങ്ങളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരു ഇന്ദ്രജാലക്കാരൻ രാജസഭയിലേയ്ക്കു കയറിവന്ന് അത്ഭുതകരങ്ങളായ ചില വിദ്യകൾ കാണിച്ചു മഹാരാജാവിനേയും സഭാവാസികളേയും ആശ്ചര്യപ്പെടുത്താമെന്നും അനുവാദം കിട്ടിയാൽ മതിയെന്നും അറിയിച്ചു. മഹാരാജാവു സമ്മതം മൂളിക്കഴിഞ്ഞപ്പോഴേയ്ക്കും സമർത്ഥനായ ആ ശാംബരികൻ തന്റെ കയ്യിലുള്ള പീലിക്കെട്ടുകൊണ്ടു മഹാരാജാവിനെ ഒന്നുഴിഞ്ഞു. പരമാത്മാവിന്റെ ഗുണാത്മികയായ മായയെന്നപോലെ വർണ്ണശബളമായ പീലിക്കെട്ടുകൊണ്ടുഴിഞ്ഞപ്പോൾ രാജാവ് അതിനെത്തന്നെ നോക്കി അന്തംവിട്ടിരുന്നു. അധികം താമസമുണ്ടായില്ല; സിന്ധുരാജാവിന്റെ ഒരു ദൂതൻ ഒരു കുതിരയോടുകൂടി സഭാമണ്ഡപത്തിൽ പ്രവേശിച്ചു താൻ സിന്ധുരാജാവിന്റെ ദൂതനാണെന്നും ഈ കുതിരയെ അവിടേയ്ക്കു കാഴ്ചയായി തന്നയച്ചതാണെന്നും ഇതിവിടെ എത്തിച്ചുതരാൻവേണ്ടിയാണ് വന്നതെന്നും വളരെ വിശേഷപ്പെട്ട കുതിരയാണെന്നുമൊക്കെപ്പറഞ്ഞു. അപ്പോൾ ഇന്ദ്രജാലക്കാരനും ആ കുതിരയെ നോക്കി അതു വളരെ വിശേഷപ്പെട്ട കുതിരയാണെന്നും ലക്ഷണമൊത്തതാണെന്നും, മഹാരാജാവ് അതിന്റെ പുറത്തു കയറി സഞ്ചരിക്കുന്നപക്ഷം അതൊരു നല്ല കാഴ്ചയാകുമെന്നും അഭിപ്രായപ്പെട്ടു. അതോടെ മഹാരാജാവും ആ കുതിയേയും നോക്കി കണ്ണും തുറിച്ചു നിശ്ചലനായി ഒരു പ്രതിമയെന്നപോലെ ഇരുന്നു. സഭ കേവലം നിശ്ശബ്ദമായി. മഹാരാജാവിന്റെ സത്ബ്ധമായ ഇരിപ്പുകണ്ടു സഭാവാസികൾക്കൊക്കെ ഭയപരിഭ്രമങ്ങളുണ്ടായി. അങ്ങനെ നാലു നാഴിക സമയം അദ്ദേഹം

സ്തംഭിച്ചിരുന്നു. അങ്ങനെ നാലു നാഴിക സമയം കഴിഞ്ഞപ്പോൾ പെട്ടെന്നു സിംഹാസനത്തിൽ നിന്നൊന്നിളകിമറിയാൻ തുടങ്ങി. അപ്പോഴേയ്ക്കു മന്ത്രിമാരും മറ്റും ചെന്നു പിടിച്ചു. പിന്നീട് ഏതാനും നിമിഷങ്ങളെക്കൊണ്ട് അദ്ദേഹം സ്വസ്ഥചിത്തനായി. അപ്പോൾ മന്ത്രിമാരിൽ ചിലർ എന്താണ് സംഗതിയെന്നന്വേഷിച്ചു. ഇതില്പരം ആശ്ചര്യകരമായി മറ്റൊന്നും സംഭവിക്കാനില്ലെന്നു പറഞ്ഞുകൊണ്ടു മഹാരാജാവു തന്റെ അനുഭവത്തെ വിവരിക്കാൻ തുടങ്ങി.

ഇന്ദ്രജലക്കാരന്റെ പീലിക്കെട്ടു ചുറ്റിക്കഴിഞ്ഞപ്പോഴേയ്ക്കും ഏതോ ഒരത്ഭുതശക്തിയാൽ ആകർഷിക്കപ്പെട്ടവനെന്ന പോലെ ഞാൻ എന്നേയും ചുറ്റുപാടിനേയും മറന്നുകഴിഞ്ഞു. അനന്തരം സിന്ധുരാജാവിന്റെ ദൂതൻ കൊണ്ടുവന്ന കുതിരപ്പുറത്തു കയറി എന്നാണെന്റെ ഓർമ. നായാട്ടിനെന്ന നിലയ്ക്കു കാട്ടിലേയ്ക്കു പോയി. കുതിര എന്നെയുംകൊണ്ട് ഓടാൻതുടങ്ങി. വളരെയൊക്കെ ശ്രമിച്ചിട്ടും കുതിരയെ നിർത്താൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഗതിയെ നിയന്ത്രിക്കാൻ പോലും കഴിഞ്ഞില്ല. അങ്ങനെ കുതിരയുടെ ഇഷ്ടപ്രകാരം എവിടെയൊക്കെയോ ഓടിക്കൊണ്ടിരുന്നു. പട്ടണത്തേയും ഗ്രാമങ്ങളേയും അതിക്രമിച്ചു ക്രമേണ ഹിമപ്രദേശത്തെത്തി. ഹിമാവൃതമായ ആ വിജനപ്രദേശത്തുകൂടെ വളരെ ദൂരം ഓടിയതിനുശേഷം നിബിഡവും ഭയങ്കരവുമായ കാട്ടിലെത്തി. നേരവും അസ്തമനത്തോടടുത്തു. എങ്ങിനെയെങ്കിലും കുതിരയൊന്നു നിന്നുകിട്ടാൻ വളരെയൊക്കെ പ്രയത്നിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. അവസാനം കുതിരപ്പുറത്തിരുന്നുകൊണ്ടുതന്നെ ഞാനൊരു മരക്കൊമ്പുപിടിച്ചുതൂങ്ങി. അപ്പോൾ കുതിര എന്നെവിട്ടുപിന്നേയും ഓടിപ്പോയി. എങ്കിലും കുതിരയിൽ നിന്നു രക്ഷപെട്ടുവല്ലോ എന്നുവിചാരിച്ചു സന്തോഷിച്ചു. മരത്തിൽനിന്നു താഴെയിറങ്ങി ആ രാത്രിമുഴുവൻ ആ കാട്ടിൽത്തന്നെ കഴിച്ചുകൂട്ടി. എന്തെങ്കിലും ആഹാരമോ വെള്ളമോ കിട്ടാതെതന്നെ കഴിച്ചു കൂട്ടി. വിശപ്പും ക്ഷീണവും തണുപ്പും സഹിച്ചും ഭയപ്പെട്ടു വ്യസനിച്ചും അങ്ങനെ രാത്രി കഴിച്ചുകൂട്ടി. പിറ്റേന്നു പ്രഭാതമായപ്പോൾ എന്തെങ്കിലും ആഹാരം കിട്ടണമെന്നു കരുതി അന്വേഷിച്ചുകൊണ്ടു കുറെദൂരം ചുറ്റി നടന്നു നോക്കിയെങ്കിലും ഒന്നും കിട്ടിയില്ല, പിന്നേയും ബഹുദൂരം കാട്ടിൽക്കൂടെ ചുറ്റിത്തിരിഞ്ഞു നടന്നപ്പോൾ യൗവനയുക്തയായ ഒരു കാട്ടാളസ്ത്രീ കുറച്ചാഹാരവും കൊണ്ടുപോകുന്നത് കണ്ടു. കറുത്തിരുണ്ട് വികൃതയായ ആ സ്ത്രീയെ കണ്ടാൽതന്നെ അറപ്പും വെറുപ്പും തോന്നും. എങ്കിലും വിശപ്പിന്റേയും ക്ഷീണത്തിന്റേയും ആധിക്യം കൊണ്ടും ജീവിതത്തിലുള്ള ആശകൊണ്ടും ഞാനവളോടു കുറച്ച് ആഹാരം യാചിക്കുകതന്നെ ചെയ്തു. വളരെയൊക്കെ കെഞ്ചിയപേക്ഷിച്ചിട്ടും അവളുടെ മനസ്സിന്നലിവുണ്ടാവുകയോ അല്പമെങ്കിലും ചോറും തരികയോ ഉണ്ടായില്ല. എന്നാലും വിടാതെ പിന്നെയും യാചിക്കുന്ന എന്നെ നോക്കി അവൾ പറഞ്ഞു. ഹേ രാജാവേ! ഞാനൊരു ചണ്ഡാളസ്ത്രീയാണ്. എന്റെ പേർ ഹാരകേയൂരി എന്നാണ്. അങ്ങു വെറുതെ യാചിച്ചതുകൊണ്ടു മാത്രം ചോറു കിട്ടാൻ പോവുന്നില്ല. ഈ കാട്ടിൽ കന്നുപൂട്ടുന്ന എന്റെ അച്ഛനുവേണ്ടിയാണ് ഇതു കൊണ്ടുപോകുന്നത്. അങ്ങെന്റെ ഭർത്താവായിരിക്കാമെന്നു സമ്മതിച്ചാൽ ഇതിൽ നിന്നും പകുതി ചോറു തരാം എന്ന്. ജീവിതത്തെ നില നിർത്താൻ വേറെ ഗതിയൊന്നുമില്ലാത്തതിനാൽ ഞാനങ്ങിനെ സമ്മതിക്കുകയും ചെയ്തു. ഉടനെ അവൾ കുറച്ചു ചോറും നാരങ്ങാനീരും തന്നു. അതു കഴിച്ചു കുറച്ചുനേരം വിശ്രമിച്ചശേഷം അവളോടുകൂടി കന്നുപൂട്ടുന്ന

കാട്ടാളന്റെ അടുക്കലേയ്ക്കു പോയി. വിവരമെല്ലാം ഹാരകേയൂരിതന്നെ അച്ഛനെ അറിയിച്ചു. അയാൾക്കു സമ്മതവും സന്തോഷവുമായി. വൈകുന്നേരം ഞങ്ങൾ ഗ്രാമത്തിന്റെ മദ്ധ്യഭാഗത്തിലുള്ള ഗൃഹത്തിലെത്തിച്ചേർന്നു. അന്നുതന്നെ വിവാഹം കഴിഞ്ഞു. പിന്നെ കാട്ടാളന്മാരോടുകൂടി സഹവസിച്ചുകൊണ്ട് പല കാര്യങ്ങളേയും ചെയ്തുകൊണ്ടു കുറേ കാലം താമസിച്ചു. ആ കാട്ടാളസ്ത്രീയിൽ എനിക്കു നാലുമക്കളുമുണ്ടായി. അങ്ങനെ കഴിഞ്ഞുവരുമ്പോഴാണ് മഴ പെയ്യാത്തതുകൊണ്ട് ആ കാട്ടിൽ വലിയ ക്ഷാമം ബാധിച്ചത്. കുടിക്കാൻ വെള്ളം പോലുമില്ലാതായി. അപ്പോൾ കാട്ടാളന്മാരോരുരുത്തരും അവരവരുടെ കുടുംബത്തോടുകൂടി വേറെ കാടുകളിലേയ്ക്കു യാത്രയായി. അതിനാൽ ഞാനും എന്റെ ഭാര്യയോടും കുട്ടികളോടും കൂടി അന്യദിക്കിലേയ്ക്കു പോവാൻ പുറപ്പെട്ടു. വളരെ ദൂരം കാട്ടിൽക്കൂടെ കഠിനമായ വെയിലത്തു മൂന്നു കുട്ടികളെ എടുത്തുകൊണ്ടുള്ള യാത്രഹേതുവായി ക്ഷീണിച്ചുതളർന്ന ഞങ്ങളൊരു വൃക്ഷച്ചുവട്ടിൽ വിശ്രമിക്കുമ്പോൾ ഞങ്ങളുടെ ഇളയപുത്രൻ വിശപ്പും ദാഹവും സഹിക്കാൻ കഴിയാതെ കണ്ണീരൊലിപ്പിച്ചു കരയാൻ തുടങ്ങിയപ്പോൾ എനിക്കതുകണ്ടു സഹിക്കാൻ കഴിയാതായി. ഈ സന്ദർഭത്തിൽ ജീവിതത്തേക്കാൾ ശ്രേഷ്ടമായിരിക്കുന്നതു മരണമാണെന്നും കരുതി കുറെ വിറകു പെറുക്കി കത്തിച്ചു. ആ അഗ്നിജ്വാലയിലേയ്ക്കെടുത്തുചാടിയപ്പോഴാണ് സിംഹാസനത്തിൽ നിന്നിളകിയത്. അപ്പോഴേയ്ക്കു നിങ്ങൾ വന്നു പിടിക്കുകയും ചെയ്തു. എന്തൊരു മനോവിഭ്രമമാണുണ്ടായത്! ഈ ഇന്ദ്രജാലക്കാരന്റെ വിദ്യയാണിത്. എന്നൊക്കെയാണ് മഹാരാജാവ് തന്റെ അനുഭവങ്ങളെ വിവരിച്ചത്. അതോടെ ഇന്ദ്രജാലക്കാരൻ മറഞ്ഞു; അയാളെ കാണാതാവുകയും ചെയ്തു.

വാസ്തവത്തിൽ അത് ഇന്ദ്രജാലക്കാരനായിരുന്നില്ല. കാരണം ഇന്ദ്രജാലക്കാരനായിരുന്നുവെങ്കിൽ അവന്റെ വിദ്യയ്ക്കു സമ്മാനം കിട്ടണമെന്നുണ്ടാവുമല്ലോ. മനോവിലാസമാണ് പ്രപഞ്ചമെന്നു കാണിക്കുന്ന ഒരു ദേവതാ പ്രകടനമാണ് രാജാവനുഭവിച്ചത്. ഇതിൽനിന്ന് കാലവും ദേശവും പദാർത്ഥവും അനുഭവവും ജനനമരണങ്ങളുമെല്ലാം മനസ്സിന്റെ വിലാസം മാത്രമാണെന്നു വ്യക്തമാവുന്നുണ്ടല്ലോ. വെറും നാലു നാഴികസമയം മാത്രമാണ് ലവണരാജാവു മനോമോഹത്തിൽ മുഴുകിയത്. എങ്കിലും ആ ചുരുങ്ങിയ സമയം കൊണ്ട് എത്രകൊല്ലങ്ങളിലെ അനുഭവമാണദ്ദേഹമനുഭവിച്ചത്? അതു മനസ്സിന്റെ വെറു ഭ്രാന്തി പ്രതീതിയല്ലാതെ മറ്റെന്താണ്? അതുതന്നെയാണ് ഈ പ്രപഞ്ചം മുഴുവൻതന്നേയും. മനസ്സിൽ നിന്നു വേറെയല്ല ജഗത്ത്. മനസ്സുതന്നെയാണ് ജഗത്തായി പ്രകാശിക്കുന്നത്. പരബ്രഹ്മമൂർത്തിയായ ഈശ്വരന്റെ ശക്തിതന്നെയാണ് മനസ്സ്. അതുതന്നെ ജഗത്തും.

ലവണോപാഖ്യാനം

വസിഷ്ഠമഹർഷി പറയുകയാണ്. ഹേ രാമചന്ദ്ര! മനസ്സാണെല്ലാം. മനസ്സുകൊണ്ടു ചെയ്തതെല്ലാം ചെയ്തതാണ്. മനസ്സറിയാതെ എന്തൊക്കെ നടന്നാലും അതൊന്നും ചെയ്യാതായിത്തീരുന്നില്ല. ശരീരമറിയാതെ മസ്സുകൊണ്ടു ചെയ്യപ്പെടുന്ന സങ്കല്പങ്ങളെല്ലാം ചെയ്യപ്പെട്ടവയായിത്തീരുകയും ചെയ്യുന്നു. എപ്പോഴും ചലിച്ചുകൊണ്ടും പലവിധ സങ്കല്പങ്ങളെ വളർത്തിക്കൊണ്ടിരിക്കുന്ന മനസ്സടങ്ങിയാൽ സംസാരംതന്നെ ഇല്ലാതായി. ചുരുക്കിപ്പറഞ്ഞാൽ മനസ്സിന്റെ തടുക്കാൻ കഴിയാത്ത ചലനമാണ് സംസാരം. മനസ്സു നിശ്ചലമായാൽ സംസാരം അടങ്ങി. മനസ്സിനെ അടക്കാനുള്ള വിദ്യകളിൽ ഏറ്റവും എളുപ്പമേറിയതാണ് ഇഷ്ടവസ്തുക്കളെ ഉപേക്ഷിക്കൽ. ഇഷ്ടവസ്തുക്കളിൽ പിടിച്ചുതൂങ്ങിക്കൊണ്ടാണ് മനസ്സു നിലനില്ക്കുന്നത്. ഇഷ്ടവസ്തുക്കളിൽ എപ്പോഴും ആശ വളർന്നുകൊണ്ടിരിക്കും. ആശയുള്ളേടത്തോളം കാലം മനസ്സടങ്ങലില്ല. അതാണ് ഇഷ്ടവസ്തുക്കളെ മുഴുവൻ ഉപേക്ഷിക്കണമെന്നു പറഞ്ഞത്. അങ്ങനെയായാൽ മനസ്സിന്റെ പുറമേയ്ക്കുള്ള വ്യാപ്തി ചുരുങ്ങി അകത്തൊതുങ്ങിയാൽത്തന്നെ വളരെ അടക്കം കിട്ടും. പിന്നെ തത്വോപാസനംകൊണ്ടും തീവ്രവൈരാഗ്യം കൊണ്ടും മുഴുവൻ ലയിപ്പിക്കാൻ കഴിയും. മനസ്സിനെ ജയിച്ചുകഴിഞ്ഞ ഒരാൾ ത്രൈലോക്യത്തെ മുഴുവൻതന്നെയും ജയിച്ചുവെന്നു പറയാം. എന്തുകൊണ്ടെന്നാൽ ത്രൈലോക്യാകാരേണ നില്ക്കുന്നതും മനസ്സല്ലാതെ മറ്റൊന്നുമല്ല. സ്വന്തം പൗരുഷംകൊണ്ടു സാധിക്കേണ്ടതും ആശാത്യാഗസ്വരൂപവുമായ ചിത്തനിഗ്രഹംകൂടാതെ ഏതുകാലത്തും ഒരാൾക്കു പരഗതിയെന്നതുണ്ടാവാൻ പോവുന്നില്ല. അസങ്കല്പനമാകുന്ന മൂർച്ചയേറിയ വാളുകൊണ്ട് എന്നാണോ ചിത്തത്തെ നിശ്ശേഷം വെട്ടി നശിപ്പിക്കുന്നത്, അന്നു സർവ്വാംഗവും, സത്താമാത്രവുമായ ബ്രഹ്മത്തെ അറിഞ്ഞുവെന്നു കരുതാം. എന്തുകൊണ്ടെന്നാൽ ബ്രഹ്മപ്രാപ്തിക്കു ചിത്തവിജയം മാത്രമാണുപായമായിട്ടിരിക്കുന്നത്.

അതുകൊണ്ടു ഹേ രാമ! നീ ചിത്തത്തെ ചിത്തംകൊണ്ടുതന്നെ ജയിച്ചു പരബ്രഹ്മമാകുന്ന ആത്മാവിൽ സുസ്ഥിതിയെ പ്രാപിക്കും. ചിത്തമടങ്ങിയവർക്കു യാതൊരാധിയുമില്ല. ഏതെല്ലാം വസ്തുക്കളെ നല്ലതാണെന്നു വിചാരിക്കുന്നുവോ അവയൊന്നും നല്ലതല്ലെന്നു ബോധിക്കുമ്പോൾ മനസ്സിലെ ആശ മുഴുവനടങ്ങും. ആശയില്ലാതായിത്തീർന്ന ചിത്തത്തെ വളരെ വേഗത്തിൽ നശിപ്പിക്കാൻ സാധിക്കും, ഞാൻ നീ, അവൻ, ഇവൻ, അത് ഇത് എന്നീ ഭാവങ്ങളാണ് മനസ്സിന്റെ രൂപം. അവയൊക്കെ ഇല്ലാതായാൽ പിന്നെയെന്തു മനസ്സാണ്! നിസ്സങ്കല്പാഭ്യാസംകൊണ്ടു മനസ്സടങ്ങിയ ഒരാൾക്കു നിർവ്വികല്പസമാധിപോലും വളരെ സുഗമമാണ്. വിഷയാകാരമായ മനസ്സാണ് ഇപ്പോഴും മനുഷ്യനെ തോൽപ്പിച്ചു ആപൽ ഗർത്തങ്ങളിലേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്നത്, നിർവ്വിഷാത്മകവും ബ്രഹ്മാകാരവുമായ മനസ്സുകൊണ്ടുമാത്രമേ അതിനെ ജയിക്കാൻ സാധിക്കൂ. അങ്ങനെ ജയിച്ചിട്ടുള്ളവർക്കാകട്ടെ യാതൊരു ദുഃഖവും പിന്നീടനുഭവിക്കേണ്ടിവരികയുമില്ല. എന്തുകൊണ്ടെന്നാൽ എല്ലാവിധ ദുഃഖങ്ങൾക്കും ഏകഹേതു

മനസ്സുമാത്രമാണ്. ബ്രഹ്മഭാവംകൊണ്ടു തുച്ഛമായ അഹങ്കാരം കേവലം ഇല്ലാതാവുമ്പോൾ യാതൊന്നു ശേഷിക്കുന്നുവോ, അതുതന്നെയാണ് പ്രാപ്യവും ലക്ഷ്യവുമായ ബ്രഹ്മപദം. ചഞ്ചലമായ മനസ്സുതന്നെയാണ് അഹങ്കാരവും. അതിനാൽ മനസ്സടങ്ങിയാൽ അഹങ്കാരം ശേഷിക്കുന്നില്ല. എന്നാൽ മനസ്സുനശിച്ചില്ലെങ്കിലും നിശ്ചലമായാൽ പോരെ എന്നാണെങ്കിൽ നിശ്ചലമായ മനസ്സെന്ന ഒരു വസ്തുവില്ല. ശീതളമായ അഗ്നിയെന്നപോലെ നിശ്ചലമായ മനസ്സുണ്ടാവാൻ വയ്യ. ചൂട് അഗ്നിയുടെ സ്വഭാവമാണ്. ചൂടില്ലാത്ത അഗ്നി നിലനിൽക്കാൻവയ്യ. അതുപോലെ ചലനമെന്നതു മനസ്സിന്റെയും സ്വഭാവമാണ്. ചലനമില്ലാതെ മനസ്സിനും നില്ക്കാൻ വയ്യ മനസ്സു നിശ്ചലമാവുകയെന്നു പറഞ്ഞാൽ മനസ്സുതന്നെ ഇല്ലാതവുകയെന്നർത്ഥമാണ്. ചഞ്ചലമായ മനസ്സുതന്നെയാണ് ഈ ജഗത്തെല്ലാമായിട്ടിരിക്കുന്നത്. അതുകൊണ്ടു മനസ്സടങ്ങിയാൽ ജഗത്തൊക്കെത്തന്നെയും ഇല്ലാതായെന്നു പറയാം. ഇഷ്ടവസ്തു പരിത്യാഗംകൊണ്ടും ആശാത്യാഗംകൊണ്ടും നിശ്ചലമായിത്തീർന്ന മനസ്സു വളരെ ദിവ്യമായ ആനന്ദസ്വരൂപമായി മാറുന്നു. പക്ഷേ ചിത്തമടങ്ങുമ്പോൾമാത്രമേ ആ അവസ്ഥ കൈവരൂ. ഒരു രാജാവിനെ മറ്റൊരു രാജാവിനല്ലാതെ ജയിക്കാൻ സാധിക്കാത്തതുപോലെ ചിത്തത്തെ ചിത്തത്തിനുമാത്രമേ ജയിക്കാൻ സാധിക്കൂ. മറ്റൊന്നും തന്നെ ചിത്തവിജയത്തിന്നുള്ള ഉപകരണങ്ങളല്ലെന്നു പറയണം.

ശക്തിയാകുംവണ്ണം ബന്ധിച്ച കയറാകുന്ന മനസ്സിനെ ഛേദിച്ചുവേണം ജീവനെ ഈ സംസാരഗർത്തത്തിൽ നിന്നു രക്ഷപ്പെടുത്താൻ. അതിനു മറ്റാരുടെ പ്രയത്നവും ഉപകരിക്കയുമില്ല. താൻതന്നെ പ്രയത്നിക്കണം. മനസ്സിൽ അപ്പപ്പോൾ പൊന്തിക്കൊണ്ടിരിക്കുന്ന വാസനകളെ മുഴുവൻ നശിപ്പിച്ചുകഴിഞ്ഞാൽ പിന്നെ മനസ്സെങ്ങിനെ നിലനില്ക്കും? അതിനാൽ ആദ്യത്തിൽ ഭോഗഭാവനയേയും ഭേദഭാവനയേയും പിന്നീട്ടു ഭാവഭാവങ്ങളേയും ത്യജിക്കുമ്പോൾ മനസ്സുമിക്കവാറും മൃതമായിക്കഴിഞ്ഞു എന്നു പറയണം. മനസ്സുമൃതമായാൽ വികല്പങ്ങളടങ്ങി നിർവ്വികല്പമായി സ്ഫുരിക്കാൻ ഒട്ടും താമസമില്ല. അതുപോലെ മനസ്സു വളർന്നു വികസിച്ചു സങ്കല്പങ്ങൾ പൊന്തൽ തുടങ്ങിയാൽ സംസാരം വളരാനും ഒട്ടും തന്നെ താമസമില്ല. സങ്കൽപംമാത്രം കൊണ്ട് ലവണരാജാവ് ചണ്ഡാളനായിത്തീർന്ന വാർത്ത കേട്ടില്ലേ? മനസ്സിന്റെ സങ്കല്പപ്രഭാവത്തിൽ എന്താണ് ഉണ്ടാവത്തതായിട്ടിരിക്കുന്നത്! ഘടിക്കാത്തതെല്ലാം ഘടിപ്പിക്കാൻ വളരെ സാമർത്ഥ്യമുള്ള മായാശക്തിയാണ് മനസ്സ്. പിന്നെ അതിന്റെ വികാസത്തിൽ എന്തൊക്കംയാണ് സംഭവിച്ചുകൂടാത്തത്?

എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞ സമയത്തു ലവണരാജാവിനങ്ങനെയുള്ള അനുഭവങ്ങൾ സംഭവിക്കാനെന്താണ് കാരണമെന്നു ചോദിച്ച ജിജ്ഞാസുവായ രാമചന്ദ്രനോടു പറകയാണ്. മനസ്സുകൊണ്ടൊരു രാജസൂയം ചെയ്ത ലവണൻ. അതിന്റെ ഫലമനുഭവിച്ചു അദ്ദേഹത്തിന്റെ ചിത്തം. അതാണ് ഇന്ദ്രജാലക്കാരന്റെ വിദ്യയിൽക്കൂടെ വന്നു ചേർന്ന അനുഭവങ്ങൾ. മനസ്സുകൊണ്ടു ചെയ്യുന്നതേതും ചെയ്യപ്പെട്ടതായിത്തീരുമെന്നു അതിന്റെ ഫലമനുഭവിക്കേണ്ടിവരുമെന്നും പറഞ്ഞുവല്ലോ, എല്ലാ യജ്ഞങ്ങളുടേയും പരമഫലം ജ്ഞാനമാണ്. അപ്പോൾ വളരെ ശ്രേഷ്ഠമായ

രാജസൂയയജ്ഞത്തിന്റേയും ഫലം ജ്ഞാനപ്രാപ്തിയാണെന്നു പറയേണ്ടതില്ലല്ലോ. ജ്ഞാനമുണ്ടാവണമെങ്കിൽ അജ്ഞാനത്തിന്റെ സ്വഭാവം അറിയണമെന്നും പറയേണ്ടതില്ലല്ലോ. അതിനെ അറിയിച്ചുകൊടുത്തതാണ് ലവണരാജാവിന്. എന്നാൽ സാധാരണ വ്യവഹാരം രാജസൂയം ചെയ്തവൻ പന്ത്രണ്ടു കൊല്ലക്കാലം ദുരന്തങ്ങളായ ദുഃഖങ്ങളനുഭവിക്കേണ്ടി വരുമെന്നാണ്. ദുഃഖങ്ങളനുഭവിക്കാതെ എങ്ങനെ വാസനകൾ ക്ഷയിച്ച് ചിത്തശുദ്ധിവന്നു ജ്ഞാനപ്രാപ്തിയുണ്ടാവും? അതിനാൽ പ്രസ്തുത രാജസൂയയജ്ഞഫലം കൊടുക്കാൻവേണ്ടി ഇന്ദ്രൻ ദേവലോകത്തുനിന്നൊരു ദൂതനെ അയച്ചു. അവനാണ് ഇന്ദ്രജാലക്കാരനായി രാജസഭയിൽ വന്നത്. ഇതിൽ നിന്ന് അറിയേണ്ടിയിരിക്കുന്നതും മനസ്സിന്റെ ശക്തിയാണ്. മനസ്സ് എന്തു ചെയ്താലും അവയൊക്കെ ചെയ്തതായിത്തീരുകയും അതു ജീവനെ ബന്ധിക്കുകയും ചെയ്യുന്നു. അങ്ങനെ സംസാരാകാരമായ മനസ്സിന്റെ അജ്ഞാനപ്രവാഹത്തിന് ഏഴു വിഭാഗങ്ങളുണ്ട്. അവയെയാണ് അജ്ഞാനഭൂമികളെന്നു പറയുന്നത്. അതു പോലെ സംസാരത്തെ വിട്ട് ആത്മസ്വരൂപത്തിലേയ്ക്കു മടങ്ങുന്ന മനസ്സിന്റെ ജ്ഞാനപ്രവാഹത്തിനും ഏഴു ഘടകങ്ങളുണ്ട്. അവയെയാണ് ജ്ഞാനഭൂമികളെന്നും പറയുന്നത്. അനന്തങ്ങളായ ഫലങ്ങളോടുകൂടിയവയാണ് പറയപ്പെട്ട രണ്ടുവിധ ഭൂമികളും. സ്വരൂപസ്ഥിതിയാണ് മോക്ഷം. എന്നാൽ അതിനെ തടയുന്നതാകട്ടെ അഹങ്കാരവുമാണ്. അതിനാൽ അഹങ്കാരംതന്നെ ബന്ധസ്വരൂപം. മനസ്സായും എല്ലാമായും നില്ക്കുന്നതും അഹങ്കാരംതന്നെ.

കേവലവും സത്താമാത്രവുമായ സംവിദ്രൂപത്തിൽ നിന്ന് ആരുടെ ചിത്തം അല്പംപോലും മാറുന്നില്ലയോ, അങ്ങനെയുള്ളവന് രാഗദ്വേഷാദി അജ്ഞാനവൃത്തികളുണ്ടാവുന്നില്ല. സംവിത്സ്വരൂപത്തിൽ നിന്ന് എപ്പോൾ ചിത്തം തെറ്റുന്നുവോ, അപ്പോഴാണ് ദൃശ്യ ഭ്രമത്തിൽ മുഴുകുന്നത്. വാസ്തവത്തിൽ ദൃശ്യഭ്രാന്തികളൊക്കെയും താല്കാലികങ്ങളാണ്. മുമ്പുണ്ടായിരുന്നതോ, പിന്നീടുണ്ടാകാവുന്നതോ അല്ല അപ്പഴപ്പോഴുണ്ടാവുകയും അപ്പഴപ്പോൾതന്നെ ലയിക്കുകയും ചെയ്യുന്നവയാണ്. മനസ്സിൽ അനവരതം പൊന്തിക്കൊണ്ടിരിക്കുന്ന വിഷയദൃശ്യങ്ങൾക്കു തമ്മിൽ യാതൊരു സംബന്ധവുമില്ല. പറമ്പിൽ ചിന്നിച്ചിതറിക്കിടക്കുന്ന ഉരുളൻ കല്ലുകൾ എപ്രകാരം അന്യോന്യംസംബന്ധമില്ലാതിരിക്കുന്നുവോ, അതുപോലെയാണ് മനസ്സിലെ ദൃശ്യങ്ങളും. യാതൊരു സംബന്ധവും അന്യോന്യമില്ല. വെള്ളത്തിൽ കുമിളകളെന്നപോലെ അനുനിമിഷം മനസ്സിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നാമരൂപങ്ങളുടെ പൊന്തലിനേയും താഴലിനെയും തന്നെയാണ് വിചാരങ്ങളെന്നു പറയുന്നത്. അവയോരോന്നും വേറെവേറെയാണ്. ഒരു വിചാരം അവസാനിച്ചതിനു ശേഷമാണ് മറ്റൊരുവിചാരം ആരംഭിക്കുന്നത്. അതിനിടയിൽ അതിസൂക്ഷമമായ സമയമുണ്ട്. പ്രസ്തുത സമയം എത്രതന്നെ സൂക്ഷമമായാൽക്കൂടിയും ആ സമയം വസ്തുസ്വരൂപത്തിന്റെ സ്ഫുരണം മാത്രമാണുള്ളത്. അതിനെ സൂക്ഷമമായി വീക്ഷിച്ചുപാസിച്ചാൽത്തന്നെ ഒരാൾക്കു വസ്തുസ്വരൂപാനുഭൂതിയുണ്ടാവും. സങ്കല്പം, നിദ്ര, ജാഡ്യം എന്നീ മൂന്നു ധർമ്മങ്ങളുമില്ലാത്ത കേവലസ്ഥിതിതന്നെ വസ്തുസ്വരൂപമെന്ന് അറിവുള്ളവർ പറയുന്നു. മനസ്സു നിശ്ചലവും ചൈതന്യമയവും അഹങ്കാരസ്ഫുരണവും ഭേദഭാവവുമില്ലാതെയുമായിത്തീരുന്നതും വസ്തുസ്ഥിതി

തന്നെ. അജ്ഞാതജാതങ്ങളായ സപ്തമോഹങ്ങൾ നീങ്ങുമ്പോൾ പ്രസ്തുത അവസ്ഥ കൈവരികയും ചെയ്യും.

അജ്ഞാനകൃതമോഹങ്ങൾ ആകെ ഏഴാണ്. അവയേഴും നീങ്ങുമ്പോൾ സ്വരൂപപ്രകാശം സ്വാഭാവികമായുണ്ടാവും. അവയിൽമാറി മാറി സഞ്ചരിച്ചുകൊണ്ടിരിക്കയാണ് പ്രായേണ മിക്ക ജീവന്മാരും. ബീജജാഗ്രം, ജാഗ്രം, മഹാജാഗ്രം, ജാഗ്രൽസ്വപ്നം, സ്വപ്നം, സ്വപ്നജാഗ്രം, സുഷുപ്തി, ഇവയാണു പറയപ്പെട്ട ഏഴു മഹാമോഹങ്ങൾ. ഇവയോരോന്നും, പിന്നെ അനേകം അവാന്തരവിഭാഗങ്ങളോടുകൂടി, അനവധിയായി ഭവിക്കുകയും ചെയ്യും. അത്യന്തസൂക്ഷ്മവും ജീവത്വഹേതുവുമായ ചൈതന്യംതന്നെ ബീജജാഗ്രത്ത്. ചിത്തിൽ നിന്നു വേർതിരിഞ്ഞും എന്നാൽ നിർമ്മലവും, ഇന്നതെന്നു പേരുകൊണ്ടു പറയാൻ വയ്യാത്തതായും ജീവൻ, ചിത്തം തുടങ്ങിയ തത്വങ്ങൾക്കു ഹേതുവായുമുള്ള പ്രസ്തുത ചൈതന്യം തന്നെ ബീജജാഗ്രത്ത്. ജീവത്വത്തിന്റെ ആരംഭദശയും ഈ ചൈതന്യം തന്നെ. ഒരു കാലത്തുമുണ്ടായിരുന്നില്ലാത്ത ജീവത്വം വികസിക്കുന്നതോടെ ഞാൻ, എന്റെ, ഇത്, അത് എന്നീ ഭാവങ്ങളുണ്ടാവാൻ തുടങ്ങുകയായി. അതുതന്നെയാണു ജാഗ്രത്ത്. പ്രസ്തുതഭാവങ്ങൾക്കു ക്രമേണ ദൃഢത വന്നു ജന്മാന്തരസംസ്ക്കാരംകൂടിച്ചേർന്ന് അത്യന്തസുദൃഢമായിത്തീരുമ്പോൾ അതിനെ മഹാജാഗ്രത്തെന്നു പറയുന്നു. അറിഞ്ഞതോ അറിയാത്തതോ ആയ കാര്യങ്ങളെ തന്മയതോടുകൂടി ജാഗ്രതവസ്ഥയിൽ നടത്തുന്ന മനോരാജ്യംതന്നെ ജാഗ്രൽസ്വപ്നം. ജാഗ്രൽ സംസ്കാരം ഹേതുവായി ഉറക്കത്തിൽ എന്തൊക്കെയോ കാര്യങ്ങളെ കാണുകയും അനുഭവിക്കുകയും ചെയ്ത് ഉണർന്നശേഷം ഇന്നെന്തൊക്കെ സ്വപ്നം കണ്ടു എന്നിങ്ങനെ വീണ്ടും അവയെ ഓർമ്മപ്പിക്കുന്നതു സ്വപ്നം. അറിയാവുന്നതാണെങ്കിലും വളരെക്കാലത്തെ അപരിചയം ഹേതുവായി ഒരു വസ്തുവിനെ കണ്ടയുടനെ എന്താണെന്നറിയാതെ വളരെ നേരം ജാഗ്രത്തെന്നോ സ്വപ്നമെന്നോ പറയാൻ വയ്യാത്ത നിലയിൽ ആലോചനാമഗ്നമായിക്കൊണ്ടിരിക്കുന്ന സമ്പ്രദായത്തിനു ജാഗ്രൽ സ്വപ്നമെന്നു പറയും. പറയപ്പെട്ട ആറവസ്ഥ ഇല്ലാത്തതായത്തീരുമ്പോൾ ജീവന് അന്ധകാരസ്വരൂപവും ജഡാത്മികയുമായ യാതൊരവസ്ഥ ശേഷിക്കുന്നുവോ, അതുതന്നെ സുഷുപ്തി. ഈ സുഷുപ്തിയിൽ ജഗത്തു മുഴുവൻ അന്ധകാരത്തിൽ ലയിക്കും. ഇങ്ങനെ ഏഴാണ് അജ്ഞാനാവസ്ഥകൾ അല്ലെങ്കിൽ മഹാമോഹങ്ങൾ. എന്നിരുന്നാലും അല്പാല്പവ്യത്യാസങ്ങളോടുകൂടി ഇവതന്നെ അനേകങ്ങളായും പരിണമിക്കുന്നു. പ്രസ്തുത മോഹാവസ്ഥകളിൽത്തന്നെ മുഴുകി ജനിച്ചും മരിച്ചും കഴിയുന്നു ജീവന്മാർ.

അജ്ഞാനത്തിന് ഏഴ് അവസ്ഥാവ്യത്യാസങ്ങളെ പറഞ്ഞപോലെ ജ്ഞാനത്തിന്നും ഏഴവസ്ഥാവിശേഷങ്ങളുണ്ട്. അവയെ ജ്ഞാനഭൂമികളെന്നു പറഞ്ഞുവരുന്നു. അവയേയും വേർതിരിച്ചു പറയാം. ജ്ഞാനഭൂമികളെ ശരിയായിട്ടറിയുന്നതുതന്നെ അജ്ഞാനനാശത്തിന്നും ജ്ഞാനപ്രകാശനത്തിന്നും ഹേതുവാണ്. ജ്ഞാനപ്രകാശത്തിന്റെ ഫലമാകട്ടെ കൈവല്യമാണെന്നു പറയേണ്ടതില്ലല്ലോ. ശുഭേച്ഛ, സുവിചാരണ, തനുമാനസി, സത്വാപത്തി, അസംസക്തി, പദാർത്ഥാഭാവിനി, തുരീയം ഇവയാണ് ഏഴു ജ്ഞാനഭൂമികൾ. ഇവയുടെ ലക്ഷണങ്ങളേയും പറയാം.

ഞാൻ മൂഢനാണ്; അറിയേണ്ടതായ ആത്മതത്വത്തെ ഇതുവരേയും അറിയാൻ കഴിഞ്ഞില്ല. ശാസ്ത്രവിചാരവും സൽസംഗവും ചെയ്ത അറിയേണ്ടതിനെ അറിയുകതന്നെ വേണം. അതിനുവേണ്ടി എന്തു ത്യാഗവും ചെയ്യാം എന്ന ശ്രദ്ധ വളരുന്നതുതന്നെ ശുഭേച്ഛയെന്ന ഒന്നാമത്തെ ജ്ഞാനഭൂമി. ഇതിൽക്കൂടെ വേണം മറ്റു സ്ഥാനങ്ങളിലേയൊക്കെ കയറിപ്പോവാൻ അതിനാൽ ജിജ്ഞാസുവായ ഏതൊരാളും ആദ്യ ഈ ഭൂമിയിലാണെത്തിച്ചേരേണ്ടത്, പ്രസ്തുത ശുഭേച്ഛ വളർന്നു ത്യാഗവൈരാഗ്യങ്ങളോടുകൂടി ശാസ്ത്രവിചാരവും സൽസംഗവും ചെയ്തുകൊണ്ടു സദാചാരനിഷ്ഠനായിക്കഴിഞ്ഞുകൂടുന്നതും സുവിചാരണയെന്ന രണ്ടാമത്തെ ഭൂമി. പറയപ്പെട്ട ശുഭേച്ഛയും സുവിചാരണയും വളർന്നു വൈരാഗ്യത്തിന് ശക്തികൂടി ഇന്ദ്രിയങ്ങളും മനസ്സും വിഷയങ്ങളെവിട്ട് തന്നിൽ അടങ്ങിനിലനില്ക്കാൻ തുടങ്ങുന്നതുതന്നെ തനുമാനസിയെന്നു മൂന്നാമത്തെ ജ്ഞാനഭൂമി പ്രസ്തുത മൂന്നു ഭൂമികളുടെ അഭ്യാസം കൊണ്ട് ഇന്ദ്രിയമനസ്സുകളടങ്ങി തീവ്രവൈരാഗ്യം വികസിക്കുമ്പോൾ ചിത്തത്തിലെ രജസ്തമസ്സുകൾ ചുരുങ്ങി സത്വഗുണവും വീര്യവും വർധിക്കും. ആ അവസ്ഥയാണ് സത്വാപത്തിയെന്ന നാലാമത്തെ ഭൂമി. ഈ ഭൂമികയുടെ അഭ്യാസം വളർന്നു ദൃഢതയെ പ്രാപിക്കുമ്പോൾ ശുദ്ധസത്വാത്മസ്ഥിതിയുണ്ടാവും. സത്വാത്മസ്ഥിതികൊണ്ടു ക്രമേണബ്രഹ്മാനന്ദനിർവൃതിയെ അനുഭവിക്കാൻ തുടങ്ങും. ബ്രഹ്മനിർവൃതി കൊണ്ട് ആനന്ദമത്തനായി മറ്റൊന്നിലും അല്പംപോലും ഇച്ഛയോ പ്രവൃത്തിയോ ഇല്ലാതെ ആത്മാരാമനായിരുന്നുകൊണ്ടുള്ള സ്ഥിതിയാണ് അസംസക്തിയെന്ന അഞ്ചാമത്തെ ഭൂമിക. പറയപ്പെട്ട അഞ്ചു ഭൂമികളുടെ അഭ്യാസംകൊണ്ടു ബ്രഹ്മാനന്ദ നിർവൃതിയിൽത്തന്നെ എപ്പോഴും മുഴുകി ആനന്ദമത്തനും ആത്മരാമനുമായി അകത്തും പുറത്തുമുള്ള ഒന്നിനേയും അറിയാതെ ആരെങ്കിലും ഉണർത്തിയാൽമാത്രം ഉണർന്നു പ്രപഞ്ചത്തെ അറിയുന്ന സ്ഥിതിയിലുള്ള അവസ്ഥയാണ് ആറാമത്തേതായ പദാർത്ഥാഭാവിനിയെന്ന ഭൂമി. ഈ ആറു ഭൂമികകളുടെ അഭ്യാസം കൊണ്ടു ഭേദഭാവം മുഴുവൻ നശിച്ചു സ്വസ്വരൂപത്തിൽത്തന്നെ ദൃഢമായ സ്ഥിതിയുണ്ടാവുന്നതു തുരീയമെന്ന ഏഴാമത്തെ ഭൂമിക.

ജീവന്മുക്തന്മാരായ ശ്രീശുകൻ തുടങ്ങിയവരോ, അതുപോലുള്ള മറ്റു മഹാത്മാക്കളോ മാത്രമേ പറയപ്പെട്ട ഏഴാമത്തെ ഭൂമിയായ തുരീയത്തിലെത്തിച്ചേർന്നു സ്ഥിരമായിരിക്കലുള്ളൂ. ഏതുകാലത്തും വളരെ ചുരുക്കമാണ് ആ നിലയിലെത്തുന്നവർ. പ്രസ്തുത തുരീയാവസ്ഥയെ അതിക്രമിച്ച സ്ഥിതിയെ തുര്യാതീതമെന്നു പറയും. അതിനെത്തന്നെയാണ് വിദേഹമുക്തിയെന്നും പറയുന്നത്. പറയപ്പെട്ട ഈ ജ്ഞാനഭൂമികളെ ഏഴിനെയും ശരിയായി അറിയുന്ന ഒരാൾ ആരായലും കാലം കൊണ്ടു മുക്തനായിത്തീരും. നല്ല ബുദ്ധിമാന്മാർക്കുമാത്രമേ അവയെ ശരിക്കറിയാനും കഴിയൂ. അവയെ ശരിയായറിഞ്ഞ് അവയിൽക്കൂടെത്തന്നെ ജീവിച്ചുകൊണ്ട് ക്രമേണ പരമപദത്തിലെത്തുന്നവരാണ് മഹാപുരുഷന്മാർ. ഹേ രാമ! അങ്ങനെയുള്ള മഹാത്മാക്കളാണ് ഭൂമിയിൽ അഭിവന്ദ്യന്മാരായിട്ടിരിക്കുന്നത്. ചക്രവർത്തി പദംപോലും അവരെ അപേക്ഷിച്ച് എത്രയോ തുച്ഛമാണ്.

ഹേ, രാമചന്ദ്ര! മനസ്സടങ്ങലാണ് സംസാരഭ്രാന്തി നശിക്കാനുള്ള ഏകമാർഗ്ഗം. മനസ്സിനെ അടക്കാൻ

ഏറ്റവും പറ്റിയ അഭ്യാസം യോഗമാണെന്നും പറയാറുണ്ട്. പക്ഷെ, ഈ ജ്ഞാനഭൂമികളെ അറിയാത്ത ഒരാൾക്കു മനസ്സിനെ അടക്കാൻ വിഷമംതന്നെയാണ്. ഇവയെ ശരിക്കറിഞ്ഞ ഒരാൾക്കുവേറെ പറയത്തക്ക അഭ്യാസമൊന്നുമില്ലെങ്കിൽക്കൂടി കാലം കൊണ്ടു മനസ്സടങ്ങും. അതിനാൽ ഈ ജ്ഞാനഭൂമികളിൽക്കൂടെയല്ലാതെ ബ്രഹ്മപദത്തിലേയ്ക്കു പോവാൻ വയ്യെന്നുപോലും പറയണം. ജ്ഞാനഭൂമികളിൽക്കൂടെ മേലോട്ടു കയറാതിരിക്കും കാലത്തോളം അജ്ഞാനമോഹങ്ങളിൽ നിന്നു വിട്ടുമാറാൻ സാദ്ധ്യമല്ലെന്നുതന്നെ പറയണം. അതാണ് ലവണരാജാവിനു പറ്റിയത്. അദ്ദേഹത്തിന്റെ അനുഭവകഥയുടെ ബാക്കി ഭാഗം കൂടിപ്പറയാം.

ഇന്ദ്രജാലക്കാരന്റെ വിദ്യകൊണ്ടു മോഹവിഭ്രാന്തിയെ അനുഭവിച്ചതിന്റെ പിറ്റേദിവസം ലവണമഹാരജാവു താൻ ചുറ്റിത്തിരിഞ്ഞ് അലഞ്ഞുവെന്നു തോന്നിയ വിന്ധ്യകാനനത്തെ ഒന്നു നേരിൽ കാണാൻ പറ്റുമോ എന്നു പരീക്ഷിക്കാൻ തീർച്ചപ്പെടുത്തി. ഏതാനും അനുയായികളോടും ചില മന്ത്രിമാരോടുകൂടി അദ്ദേഹം വിന്ധ്യപർവ്വതത്തിന്റെ സാനുപ്രദേശത്തേയ്ക്കു പുറപ്പെട്ടു. പർവ്വതപ്രാന്തത്തിലെത്തി നിബിഡവും ഭയങ്കരവുമായ കാട്ടിൽക്കൂടെ കുറെ ദൂരം ചുറ്റിത്തിരിഞ്ഞുനടന്നു. അങ്ങനെ കുറച്ചു ദൂരം നടന്നപ്പോൾ തനിക്കു പരിചിതങ്ങളായ പ്രദേശങ്ങൾ കാണാൻ തുടങ്ങി. അവിടേയ്ക്കു കടന്ന് ഓരോന്നും സൂക്ഷ്മമായി പരിശോധിക്കാൻ തുടങ്ങി. രാജാവു വിസ്മയാകുലനായി. ആ പ്രദേശങ്ങളും അവിടെയുള്ള വസ്തുക്കളുമെല്ലാം തനിക്കു ധാരാളം പരിചിതങ്ങളായിട്ടാണദ്ദേഹം കണ്ടത്. മാത്രമല്ല, കാട്ടാളന്മാരെ പലരേയും കണ്ടു അവരെയും ധാരാളം പരിചയമുള്ളതായി തോന്നി. അവരുടെയൊക്കെ പേരുപോലും രാജാവിന്നു ദൃഢമായ ഓർമ്മയുണ്ട്. അന്വേഷണം കൊണ്ട് അതിലൊന്നും യാതൊരു പിഴയുമില്ലെന്നും ബോധ്യമായി. എല്ലാവരും വളരെയധികം ആശ്ചര്യപ്പെട്ടു. അവസാനം ആ കാട്ടിന്റെ ഒരു മൂലയിലുള്ള കാട്ടാള ഗ്രാമത്തിലേയ്ക്കു പോയി. അവിടെയാണല്ലോ കുറെ കാലം താമസിച്ചതായി തോന്നിയത്. വാർദ്ധക്യത്തിലെത്തിയ കാട്ടാളന്മാരും കാട്ടാള സ്ത്രീകളേയും അവിടെ ധാരാളം കണ്ടു. എല്ലാവരും പ്രായേണ വ്യസനാക്രാന്തന്മാരാണ്. അവരെയൊക്കെ രാജാവിന് ധാരാളം പരിചയവും ഓർമ്മയും തോന്നി. മാത്രമല്ല, ഓരോരുത്തരുടെയും കുടുംബസ്ഥിതിയെപ്പോലും രാജാവോർമ്മിച്ചു. പലരും വ്യസനം കൊണ്ടു കരയുന്നതായും കണ്ടു. കൂട്ടത്തിൽ വളരെ വയസ്സായ ഒരു കാട്ടാളസ്ത്രീ കഠിനമായ വ്യസനമടക്കാൻ കഴിയാതെ എന്തൊക്കെയോ പറഞ്ഞുകൊണ്ടു ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി.

“അയ്യോ! എന്റെ പൊന്നു കുട്ടികളേ, എന്റെ മടിയിൽ നിന്നിറങ്ങാൻ വയ്യാത്ത നിങ്ങളെവിടെപ്പോയി? നിങ്ങളെ കാണാതെ ഞാനെങ്ങനെ ജീവിക്കും? കുന്നിമാലകളണിഞ്ഞ സുന്ദരിയായ എന്റെ മകളേ, നിന്നെയും നിന്റെ ഭർത്താവായ മഹാരാജാവിനെയും ഇനി ഞാനെന്നു കാണും?” എന്നൊക്കെയാണ് ആ തള്ള പിറുപിറുത്തു കരയുന്നതെന്നു മനസ്സിലായി രാജാവിനും ആ സ്ത്രീയേയും നല്ലവണ്ണം മനസ്സിലായി. എങ്കിലും മന്ത്രിമാരോടുകൂടി അവളുടെ മുന്നിൽ ചെന്നു നിന്ന് അവളെന്തിനാണിങ്ങെ കരയുന്നതെന്നും എന്താണവളുടെ ദുഃഖത്തിന് ഹേതുവെന്നുമന്വേഷിച്ചു. അപ്പോൾ ആ കാട്ടാള വൃദ്ധ പറകയാണ്: “പുൽക്കസപോഷമെന്നാണീ ഗ്രാമത്തിനു പേര്. ഇവിടെ വളരെക്കാലമായി ഞാൻ

എന്റെ ഭർത്താവോടുകൂടി സുഖമായി താമസിച്ചുവരികയാണ്. ഞങ്ങൾക്കൊരു മകളുണ്ടായി. ഞങ്ങളുടെ ഭാഗ്യംകൊണ്ടു വളരെ യോഗ്യനായ ഒരു മഹാരാജാവ് അവൾക്കു ഭർത്താവായിത്തീർന്നു. കാലം കൊണ്ട് ആ രാജപത്നി ഒരു പെൺകുട്ടിയെയും രണ്ടാൺകുട്ടികളേയും പ്രസവിച്ചു. കാലം പിന്നെയും നീങ്ങിക്കൊണ്ടിരിക്കേ മഴ പെയ്യാത്തതുകൊണ്ടു വലിയ ക്ഷാമം ബാധിച്ചു തിന്നാനും കുടിക്കാനുമൊന്നുമില്ലാതായപ്പോൾ ജനങ്ങളൊക്കെ ഈ ഗ്രാമത്തെ വിട്ട് എവിടേയ്ക്കോ പോയി. അക്കൂട്ടത്തിൽ അവരും പോയി. അവരുടെ വിരഹദുഃഖം സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് കരയുന്നത്" എന്ന്. ഇങ്ങനെ ആ വൃദ്ധ പറഞ്ഞു കേട്ടപ്പോൾ താൻ തലേദിവസം ഭ്രമസ്വരൂപേണ സ്വപ്നമായനുഭവിച്ച വർത്തമാനമാണ് കേട്ടതെന്നറിഞ്ഞ മഹാരാജാവ് ആശ്ചര്യം കൊണ്ടു സ്തബ്ധനായി. മന്ത്രിമാരും അത്ഭുതപരതന്ത്രരായി. പിന്നെ അവിടെക്കണ്ട കാട്ടാളർക്കൊക്കെ അഭീഷ്ടവസ്തുക്കളെ ദാനം ചെയ്തു മടങ്ങിപ്പോരികയും ചെയ്തു. ഇതുകൊണ്ട് അവിദ്യാസ്വരൂപത്തെ വേണ്ടപോലെ അറിഞ്ഞവനായിത്തീർന്നു ലവണരാജാവ്. അവിദ്യാസ്വരൂപത്തെ അറിഞ്ഞാൽ ജ്ഞാനസമ്പാദനം വളരെ എളുപ്പമാണ്. അതിനാൽ കാലംകൊണ്ടദ്ദേഹം ജ്ഞാനിയും ജീവന്മുക്തനുമായിത്തീരുകയും ചെയ്തു.

ലവണമഹാരാജാവിന്റെ ചരിത്രത്തെപ്പറ്റി ഇത്രയും കേട്ട ശ്രീരാമൻ സ്വപ്നമെങ്ങിനെയാണ് സത്യമായിത്തീർന്നതെന്നു ചോദിച്ചു. ലവണരാജാവു സ്വപ്നാകാരേണ ചിത്തത്തിൽ വീക്ഷിച്ച സംഗതികളെയാണല്ലോ പരമാർത്ഥമായി ബാഹ്യപ്രപഞ്ചത്തിൽ കണ്ടത്. അതെങ്ങിനെയാണെന്നാണ് സംശയം. അപ്പോൾ വസിഷ്ഠമഹർഷി പറകയാണ്. ഹേ, രാമ! എല്ലാം അവിദ്യയാണ്. അവിദ്യയിലാണ് എല്ലാവരും ജീവിച്ചുകൊണ്ടിരിക്കുന്നത്. ചിത്തവും ബാഹ്യപ്രപഞ്ചവും ഒരു പോലെ അസത്യമാണ് സ്വപ്നവും ജാഗ്രത്തും ഒരുപോലെ അസത്യമാണ്. ചിത്തത്തിൽ കണ്ടതിനെ അസത്യമെന്നും ബാഹ്യപ്രപഞ്ചത്തിൽ കണ്ടതിനെ സത്യമെന്നും ധരിക്കുന്നു. അതുപോലെ സ്വപ്നാനുഭങ്ങളെ അസത്യമെന്നും ജാഗ്രദനുഭവങ്ങളെ സത്യമെന്നും ധരിക്കുന്നു. അതും അവിദ്യാവിലാസം തന്നെ. ചിത്തദൃഷ്ടപദാർത്ഥങ്ങളും അസത്യങ്ങളും മൂന്നു കാലത്തുമില്ലാത്തവയും തന്നെ. അങ്ങനെതന്നെ സ്വപ്നജാഗ്രത്തുകൾക്കും തമ്മിൽ വ്യത്യാസമൊന്നുമില്ല. ലവണൻ ചിത്തത്തിൽ വീക്ഷിച്ച സംഗതികൾ എപ്രകാരം അസത്യമാണോ, അതുപോലെ ബാഹ്യപ്രപഞ്ചത്തിൽ വീക്ഷിച്ചവയും അസത്യങ്ങൾതന്നെ. ഈ കാര്യം മേലിൽ പറയാൻ പോകുന്ന ഗാധിവൃത്താന്തമകുന്ന ചരിത്രത്തിൽ നിന്നു കൂടുതൽ വ്യക്തമാവുകയും ചെയ്യും. ഏതൊരരവിദ്യയാണോ സ്വപ്നാവസ്ഥയായിട്ടിരിക്കുന്നത്. അതേ അവിദ്യതന്നെയാണ് ജാഗ്രത്തായുമായിട്ടിരിക്കുന്നതെന്നു ധരിച്ചാൽ മതി. അതുപോലെ ഏതൊരുവിദ്യയാണോ ചിത്തമായിട്ടിരിക്കുന്നത്. ആ സ്ഥിതിക്ക് ഏതിനെ സത്യമെന്നും ഏതിനെ അസത്യമെന്നുംപറയണം? എല്ലാം ഒരു പോലെ അസത്യംതന്നെ.

ഇന്ദ്രജാലക്കാരന്റെ വിദ്യഹേതുവായി ലവണരാജാവിന്റെ ചിത്തത്തിൽ വികസിച്ച അവിദ്യ അതുപോലെ പിറ്റേദിവസവും വികസിച്ചു. അദ്ദേഹത്തിനുതോന്നിയപോലെ കാട്ടിലെ

കാട്ടാളന്മാർക്കുമൊക്കെ തോന്നലുണ്ടായി എന്നുമാത്രം. അപ്പോൾ അതു സത്യമാണെന്നു വിശ്വസിക്കാനും ഇടവന്നു. കാകതാളീയം പോലെ യാതൊരു സാബന്ധവുമില്ലാതെയാണ് അവിദ്യ കാര്യകാരണങ്ങളെ കൂട്ടിയോജിപ്പിക്കുന്നത്. അതുകണ്ടാൽ സത്യമാണെന്നു തോന്നും. സത്യത്വമൊന്നും അതിനില്ല. ദ്രഷ്ടാവിന്റെയും ദൃശ്യത്തിന്റെയുമിടയ്ക്കുള്ള നിശ്ചലമായ ചൈതന്യമാണ് വസ്തുസത്ത. അതിനെ വിസ്മരിച്ചു താൻതന്നെ ദ്രഷ്ടാവായും ദൃഷ്യമായും തോന്നപ്പെട്ട് ദർശനാദിവ്യാപാരങ്ങളുണ്ടായിത്തീരുകയാണ്. അതാണ് സംസാരം. തന്നെ വിസ്മരിക്കുന്ന ഞൊടിയിൽ ഇരുട്ടിൽ വേതാളങ്ങളെന്നപോലെ അനേകം നാമരൂപങ്ങൾ ചിത്തത്തിൽ പൊന്തിവികസിക്കും. പിന്നെ അവയുടെ വ്യവഹാരമായി. അതുതന്നെയാണ് സംസാരം. സങ്കല്പംതന്നെ മനസ്സിന്റെ രൂപം. ഒരു സങ്കല്പമടങ്ങി മറ്റൊരു സങ്കല്പമുദിക്കുന്നതിനിടയിലുള്ള ഏറ്റവും സൂക്ഷ്മമായ സമയം ആത്മസത്തയുടെ സ്വരൂപമാണ്. അതിനെ സൂക്ഷ്മ ദൃഷ്ടിതൊണ്ടു വീക്ഷിച്ചറിഞ്ഞുപാസിക്കാൻ തുടങ്ങുമ്പോൾ സങ്കല്പം ചുരുങ്ങാൻ തുടങ്ങും, സങ്കല്പങ്ങൾ മുഴുവൻ അടങ്ങുമ്പോൾ മനസ്സുതന്നെ നശിക്കും. മനസ്സുനശിച്ചുകഴിഞ്ഞാൽ പിന്നെയെന്തു സംസാരമാണ്? മനസ്സുനശിക്കുമ്പോൾ അവിദ്യനീങ്ങി വസ്തുസ്വരൂപനായിത്തീരും. അതുതന്നെ ജ്ഞാനം അല്ലെങ്കിൽ മുക്തി. ഹേ രാമ! നീ ഇപ്പോൾത്തന്നെ അങ്ങനെയായിത്തീരാൻ ശ്രമിക്കു എന്നു പറഞ്ഞുകൊണ്ട് ഇവിടെവെച്ചാണ് ഉല്പത്തിപ്രകരണം അവസാനിപ്പിക്കുന്നത്.

സ്ഥിതിപ്രകരണം- ഭാർഗ്ഗവോപാഖ്യാനം

വസിഷ്ഠമഹർഷി പറകയാണ്: ഹേ രാമചന്ദ്ര, ഭിത്തിയും ചായവും ചിത്രകാരനുമില്ലാതെ എഴുതപ്പെട്ട ചിത്രമാണ് ഈ ലോകം. എന്നാൽ അനുഭവം സുദൃഢവുമാണ്. ചിത്രകാരനും ചായവും ഭിത്തിയുമൊന്നുമില്ലാതെ ചിത്രമുണ്ടാവുമോ? കാരണമില്ലാതെ കാര്യമുണ്ടാവുന്നതെങ്ങിനെ? ജഗത്താകുന്ന കാര്യത്തിനെന്താണ് കാരണം? രണ്ടാമതൊരു കാരണമില്ലെന്നിരിക്കെ ഈ ജഗത്തുണ്ടായിട്ടില്ലെന്നല്ലാതെ എങ്ങിനെ ഉണ്ടായതായി കണക്കാക്കും? എങ്കിലും ഉള്ളതായി അനുഭവപ്പെടുകയും ചെയ്യുന്നു. അതാണ് മായയുടെ അത്ഭുതകരമായ സാമർത്ഥ്യം. ഒരു വലിയ ചിത്രം കൊത്തിയിട്ടുണ്ടെന്നു വെയ്ക്കുക. ആ ചിത്രങ്ങൾ പാറയിൽ നിന്നു വേറെയല്ലല്ലോ, മാത്രമല്ല, പാറയല്ലാതെ എന്തെങ്കിലും അതിലുണ്ടോ? ഒന്നുമില്ല. പാറയിൽ പല ആകൃതികൾ തോന്നപ്പെടുന്നു എന്നല്ലാതെ എവിടെയാണ് ചിത്രം? അതുപോലെ പരമനിർഗ്ഗുണവും നിശ്ചലവും നിരാകാരവുമായ പരബ്രഹ്മത്തിൽ തോന്നപ്പെടുന്ന ജഗത്തെന്നല്ലാതെ ബ്രഹ്മത്തിൽ നിന്നന്യമായി ജഗത്തെന്ന വസ്തുവെവിടെയാണുണ്ടയത്? ബ്രഹ്മത്തിൽ നിന്നന്യമായി രണ്ടാമതൊരു കാരണമില്ലെന്നതിനാൽ ജഗത്തുണ്ടായിട്ടില്ലെന്നുതന്നെ വിദ്വാന്മാരുടെയൊക്കെത്തന്നെയും നിശ്ചയം. ഈ നിശ്ചയത്തെ വ്യക്തമാക്കാൻ ഞാനൊരു കഥ പറയാം. ഭൃഗുമഹർഷിയുടെ പുത്രനായ ശുക്രന്റെ കഥയാണ് ഞാൻ പറയാൻ പോവുന്നത്. അതുകേട്ടാൽത്തന്നെ ഒരാളുടെ ജഗൽ ഭ്രാന്തി നീങ്ങും.

ഒരിക്കൽ ബ്രഹ്മദേവന്റെ മാനസപുത്രനായ ഭൃഗുമഹർഷി മന്ദരപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള കൊടുംകാട്ടിൽ കഠിനമായി തപസ്സു ചെയ്തുവരികയായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ ശുക്രനും അച്ഛനെ ശുശ്രൂഷിച്ചുകൊണ്ട് അവിടെ താമസിച്ചുവന്നു. വിദ്യാഭ്യാസം കഴിഞ്ഞു വസ്തുബോധം വന്ന ആളായിരുന്നു ശുക്രൻ. എന്നിരുന്നാലും അവിദ്യ നീങ്ങീട്ടുണ്ടായിരുന്നില്ല മഞ്ഞിൽപെട്ട താമരയെന്നപോലെ വിദ്യാവിദ്യകളുടെ മദ്ധ്യവർത്തിയായിരുന്നു ശുക്രൻ. ഭൃഗുമഹർഷി മിക്കപ്പോഴും നിർവ്വികല്പസമാധിയിൽ മുഴുകിക്കൊണ്ടിരിക്കും. അപ്പോഴൊക്കെയും വേദാന്തവിചാരവും സമാധിപരിശീലനവുമായി ഭാർഗ്ഗവനും കഴിച്ചുകൂട്ടും. അങ്ങനെ ഒരിക്കൽ ശുക്രൻ വേദാന്തവിചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഏതോ ഒരു സുന്ദരിസ്ത്രീ ആകാശത്തുടെ പോവുന്നതു കണ്ടു. അവളുടെ വേഷഭൂഷകളും ഭാവഹാവങ്ങളുമൊക്കെ കണ്ട ശുക്രന്റെ മനസ്സ് വികാരപരവശമായിത്തീർന്നു. അവൾ പോയിമറഞ്ഞതോടെ ഭാർഗ്ഗവൻ അവളെത്തന്നെ മനസ്സിൽ വിചാരിച്ചുകൊണ്ടിരിക്കാൻ തുടങ്ങി. ആ സ്ത്രീയെസ്സംബന്ധിച്ചു പല ഭാവനകളും വളർത്താൻ തുടങ്ങി അവൾ ദേവസ്ത്രീകളിൽ ആരെങ്കിലുമായിരുന്നിരിക്കുമെന്നും സ്വർഗ്ഗലോകത്തേയ്ക്കുതന്നെ പോയതായിരിക്കുമെന്നും മറ്റും പല മനോരാജ്യങ്ങളും വളർത്താൻ തുടങ്ങി. അവസാനം ഭാവനകൊണ്ടുതന്നെ അവളെ പ്രാപിക്കാൻ തീർച്ചപ്പെടുത്തി.

നീണ്ടുനിവർന്നു പതിഞ്ഞിരുന്നു താൻ സ്വർഗ്ഗത്തിലെത്തി; ഇന്ദ്രസഭയിലെത്തി. ഇന്ദ്രനെക്കണ്ടു

നമസ്ക്കരിച്ചു. ഭൃഗുമഹർഷിയെന്നപോലെ തന്നെയും ഇന്ദ്രൻ വളരെയധികം മാനിക്കുകയും സല്ക്കരിക്കുകയും ചെയ്തു. ആ സദസ്സിൽ പലരെയും കണ്ടു. കൂട്ടത്തിൽ തന്നെ ആകർഷിച്ച സ്ത്രീയെയും അവിടെ കണ്ടു. അവൾക്കു ശുക്രനിലും ശുക്രന് അവളിലും അനുരാഗം തഴച്ചുവളർന്നു. സഭ പിരിഞ്ഞ് എല്ലാവരും അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്കു പോവാൻ തുടങ്ങി ശുക്രൻ തന്റെ സ്ത്രീയുടെകൂടെ അവളുടെ ഗൃഹത്തിലേയ്ക്കു പോയി. അവളോടുകൂടി അവിടെ താമസമുറപ്പിച്ചു. അങ്ങനെ അനേകം മന്വന്തരങ്ങൾതന്നെ അവിടെ അവളോടുകൂടി കഴിച്ചുകൂട്ടി. ഇങ്ങനെയൊക്കെ ഭാർഗ്ഗവൻ തന്റെ ഭാവനയെ ഉറപ്പിച്ചുവന്നു. ഭാവയുടെ ദൃഢതകൊണ്ട് അദ്ദേഹത്തിന്നതിൽ താദാത്മ്യാനുഭവവും വന്നു. ഭൂമിയിലുള്ള ശരീരത്തെപ്പറ്റി അദ്ദേഹത്തിനോർമ്മതന്നെ ഇല്ലാതായി. ശരീരം യാതൊരു ചലനവുമില്ലാതെ ജഡമായങ്ങനെ ഇരിക്കുന്നു. ശുക്രൻ ഭാവനയിൽക്കൂടെ സ്വർഗ്ഗത്തിലെത്തി ദേവസ്ത്രീയോടുകൂടി രമിച്ചു താമസിച്ചുവരികയാണ്. അങ്ങനെ അനേകമന്വന്തരങ്ങൾതന്നെ സുഖമായ അവിടെ കഴിഞ്ഞുവന്നു ക്രമേണ പുണ്യം ക്ഷയിച്ചുവെന്നും സ്വർഗ്ഗത്തിൽനിന്നു താഴോട്ടുതന്നെ പതിച്ചുവെന്നും ചന്ദ്രമണ്ഡലത്തിലും അവിടെനിന്നു മഞ്ഞുതുള്ളിയായി ഭൂമിയിലേയ്ക്കും പതിച്ച അദ്ദേഹം ധാന്യമായിത്തീർന്നു. ഒരു ബ്രാഹ്മണൻ അതു ഭക്ഷിച്ചു. കാലംകൊണ്ട് അദ്ദേഹത്തിന്റെ പുത്രനായിത്തീർന്നു. ആ ജീവിതം മുഴുവൻ അവിടെ ബ്രാഹ്മണനായി കഴിച്ചുകൂട്ടി. പിന്നെ ക്ഷത്രിയനായി ജനിച്ചു. പിന്നെയും അനേകം ജന്മങ്ങൾ എവിടെയൊക്കെയോ കഴിച്ചുകൂട്ടി അവസാനം ഒരു ഋഷിപുത്രനായി ജനിച്ചു. ഒരു നദിതീരത്തു പർണ്ണശാലയും തീർത്തു തപസ്സുചെയ്യാൻ തുടങ്ങി. വളരെക്കാലം കഠിനമായി തപസ്സുചെയ്യാൻ തുടങ്ങി. അക്കാലത്തു ഭൃഗുമഹർഷി നിർവ്വികല്പസമാധിയിൽ നിന്നുണർന്നു. പതിവുപോലെ തന്റെ മുമ്പിൽ പുത്രനെ കാണാതായിരുന്നപ്പോൾ ചുറ്റുപാടും നോക്കി. പുത്രവിരഹം കൊണ്ടു പരിഭ്രാന്തനായി ഭൃഗുമഹർഷിയുടെ ദൃഷ്ടി പെട്ടെന്ന് അധികം വിദൂരത്തല്ലാതെ കിടക്കുന്ന പുത്രന്റെ ശവശരീരത്തിൽ പതിഞ്ഞു. ശരീരം വെയിലും കാറ്റു മഞ്ഞും മഴയുമെല്ലാമേറ്റു ജീർണ്ണിച്ചു അസ്ഥിമാംസങ്ങളെല്ലാം ദ്രവിച്ചു പഴകി ജന്തുക്കൾ പലപ്രകാരത്തിൽ അതിനെ സമീപിച്ചിരിക്കുന്ന രൂപത്തിലാണ് മഹർഷി കണ്ടത്. അദ്ദേഹത്തിന് വ്യസനവും ക്രോധവും പരിഭ്രമവുമെല്ലാമുണ്ടായി. അകാലത്തിൽത്തന്നെ തന്റെ പ്രിയപ്പെട്ട പുത്രൻ മരിച്ചുപോയല്ലോയെന്നു വിചാരിച്ച് അദ്ദേഹത്തിന്റെ മനസ്സു വളരെ വേദനിച്ചു. അതു ക്രോധമായി മാറി. അതിന്റെ ഫലമായി തന്റെ അറിവില്ലാതെ പുത്രനെ കൊണ്ടുപോയ യമനെ ശപിക്കാൻപോലും മുതിർന്നു. തന്നെ പരമാർത്ഥമറിയാതെ ഭൃഗുമഹർഷി ശപിക്കാൻപോകുന്നുവെന്നറിഞ്ഞ മൃത്യുദേവതയായ യമൻ പെട്ടെന്ന് അവിടെ പ്രത്യക്ഷപ്പെട്ടു ഭൃഗുമഹർഷിയോടു പറഞ്ഞു:

മഹാത്മായ ഹേ ഭൃഗുമഹർഷേ, അങ്ങൊരു തപസ്വിയാണെന്നു കരുതിയാണ് ഞങ്ങളൊക്കെ അങ്ങയെ ബഹുമാനിക്കുന്നത്. അല്ലെങ്കിൽ കല്പാവസാനത്തെ സംഹാരാഗ്നിക്കുപോലും ചുട്ടുതോന്നാത്ത എനിക്ക് അങ്ങയുടെ ശാപം കൊണ്ടെന്തു പറ്റാനാണ്! അവരവരുടെ കർമ്മത്തിനനുരൂപമായാണ് എല്ലാ അനുഭവങ്ങളും വന്നുചേരുന്നത്. എല്ലാറ്റിനും കാരണമായ

ബ്രഹ്മദേവന്റെ ആയുസ്സുപോലും അവസാനമുള്ളതാണെന്നു വന്നാൽ പിന്നെ എന്താണീ ലോകത്തിൽ നശിക്കാത്തതായിട്ടുള്ളത്? അങ്ങു സുദീർഘമായ നിർവ്വികല്പസമാധിയിൽ മുഴുകിയ കാലത്ത് അങ്ങയുടെ പുത്രൻ തന്റെ ശരീരത്തെ വിട്ടു വളരെക്കാലം ദേവലോകത്ത് ഒരപ്സരസ്ത്രീയോടുകൂടി രമിച്ചുകൊണ്ടു കഴിഞ്ഞു. പിന്നെ ബ്രാഹ്മണനും ക്ഷത്രിയനും മൃഗവും പക്ഷിയും ഇഴജന്തുവും വൃക്ഷവും മറ്റും മറ്റുമായി അനേകജന്മങ്ങൾ ജനിച്ചുമരിച്ച് ഇപ്പോൾ സമംഗാ നദീതീരത്തു വാസദേവനെന്ന പേരോടുകൂടിയ ബ്രാഹ്മണകുമാരനായി തപസ്സുചെയ്തുവരുന്നുണ്ട്. അങ്ങയ്ക്കു മനോവിഭ്രാന്തിയുടെ മാഹാത്മ്യം കാണണമെന്നുണ്ടെങ്കിൽ ജ്ഞാനദൃഷ്ടിയിൽക്കൂടെ ഒന്നു നോക്കു. എന്നാൽ എല്ലാം അറിയാറാവും എന്നൊക്കെപ്പറഞ്ഞു യമൻ.

ഇപ്രകാരം യമന്റെ വാക്കു കേട്ട ഭൃഗു ഉടനെ തന്റെ ജ്ഞാനദൃഷ്ടിയിൽക്കൂടെ വീക്ഷിച്ചപ്പോൾ യമൻ പറഞ്ഞപ്രകാരമുള്ള സംഗതികളെല്ലാം പ്രത്യക്ഷത്തിൽ കണ്ടു. ഉടനെ കാലനെ വണങ്ങി സ്തുതിച്ചു. സന്തുഷ്ടനായ യമധർമ്മരാജാവ് ഉടനെ ഭൃഗുമഹർഷിയുടെ കൈപിടിച്ച് ആ മന്ദരപർവ്വതസാനു പ്രദേശത്തിൽനിന്ന് പെട്ടെന്ന് സമംഗാനദീതീരത്ത് തപോനിഷ്ഠയിലിരിക്കുന്ന ഋഷികുമാരന്റെ പുരഭാഗത്തെത്തിച്ചേർന്നു.

കണ്ണുമടച്ചു സമാധിയിൽ മുഴുകിയ വാസുദേബ്രാഹ്മണന്റെ മുമ്പിൽ കുറച്ചുനേരം അവർ രണ്ടുപേരും നോക്കി നിന്നു. അനന്തരം യമൻ അദ്ദേഹം സമാധിവിട്ടുണരട്ടെ എന്നു സങ്കല്പിച്ചപ്പോൾ ബ്രാഹ്മണകുമാരൻ സമാധിവിട്ട് കൺമിഴിച്ചു നോക്കി. തന്റെ മുന്നിൽ നിൽക്കുന്ന പ്രഭാവശാലികളായ രണ്ടു മഹാത്മാക്കളേയും വണങ്ങി. ദർശനമാത്രം കൊണ്ടുതന്നെ തനിക്കുണ്ടായ അനുഭവവിശേഷങ്ങളെപ്പറഞ്ഞ് അവരെ വാഴ്ത്തി സ്തുതിച്ചു. എങ്കിലും അവരാരാണെന്നറിയാത്തതുകൊണ്ട് വ്യക്തമാക്കിത്തരണമെന്നപേക്ഷിക്കുകയും ചെയ്തു. ഭൃഗുമഹർഷിയുടെ അനുഗ്രഹം കൊണ്ടു പെട്ടെന്ന് അദ്ദേഹത്തിന്റെ മായാവരണം നീങ്ങി; അപ്പോൾ എല്ലാം അറിയുകയും ചെയ്തു. പിന്നെ മൂന്നുപേരുംകൂടി മന്ദരപർവ്വതപ്രദേശത്തേയ്ക്കു വന്നു. ഭാർഗ്ഗവജീവൻ ബ്രാഹ്മണശരീരാഭിമാനത്തെ വിട്ട് പൂർവ്വശരീരത്തെ പ്രാപിക്കുകയും യമൻ അവരെ അനുഗ്രഹിച്ചു മറയുകയും ചെയ്തു.

ഹേ രാമ! ശരീരത്തിന്റെ ഉണ്ടാവലും നിലനിൽപും നാശവും എന്നുവേണ്ട, എല്ലാവിധ ഭാവങ്ങളും മനസ്സിന്റെ കല്പനാമാത്രങ്ങളാണെന്ന് ഇതിൽനിന്നു വ്യക്തമാവുന്നില്ലേ? അവിദ്യയുടെ നാനാവിധ വിലാസങ്ങളാണ് സംസാരം. അവിദ്യനീങ്ങിയ ഒരാൾക്കു സംസാരത്തിന്റെ സ്ഫുരണംതന്നെയില്ല. അതിനാൽ അവിദ്യയെ നീക്കി സംസാരസ്ഫുരണമില്ലാത്ത സത്താമാത്രസ്ഥിതിയിൽത്തന്നെ എപ്പോഴും ഇരിക്കാനായി ശ്രമിക്കു.

ദാമാദ്യുപാഖ്യാനം

മനസ്സുതന്നെ സംസാരം. മനസ്സിനെ ജയിക്കാതെ എത്രായിരം കൊല്ലങ്ങൾ ജീവിച്ചിട്ടും കാര്യമില്ല; സംസാരനിവൃത്തിയോ, വിശ്രാന്തിയോ കിട്ടുന്നില്ല. അതിനാൽ മനസ്സടങ്ങിയവർതന്നെ മഹാത്മക്കൾ. ചിത്തവിജയംകൊണ്ടു കൃതകൃത്യനായി വസ്തുസ്ഥിതിയിൽ എപ്പോഴും ഉണർന്നിരിക്കുന്ന മഹാത്മാവിന് ത്രിമൂർത്തികൾപോലും അനുകമ്പ്യന്മാരാണെന്നു പറയണം. അതുപോലെ ചിത്തത്തിനും ഇന്ദ്രിയങ്ങൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുന്നവർ എത്രതന്നെ വലിയവനെന്നഭിമാനിച്ചാലും എത്രയോ നിസ്സാരനാണ്. ഇതിനെ ഉദാഹരിച്ചു കൊണ്ടു ഞാനൊരു കഥ പറയാം.

പ്രസിദ്ധമായ പാതാളലോകത്തു പണ്ടൊരുകാലത്തു ശംബരനെന്നു പ്രസിദ്ധനായൊരു അസുരചക്രവർത്തി വളർന്നുവന്നു. മഹാശക്തനും പലവിധമായശക്തികൾക്കിരിപ്പിടവുമായ ആ അസുരപ്രമാണി മിക്കപ്പോഴും ദേവന്മാരെ ഉപദ്രവിച്ചുവന്നു. അതുകാരണത്താൽ ആർത്തന്മാരായ ദേവന്മാരും സന്ദർഭംനോക്കി ശംബരൻ ഉറങ്ങുമ്പോഴും ദേശാന്തരഗമനം ചെയ്യുമ്പോഴുമൊക്കെ പാതാളത്തിൽ ചെന്ന് അയാളുടെ സൈന്യങ്ങളെ കഴിയുംപ്രകാരം കൊന്നുമുടിച്ചുവരികയും ചെയ്തു. അങ്ങനെ തന്റെ സേനാനായകന്മാരേയും മന്ത്രിമുഖ്യന്മാരേയും വലിയ സൈന്യസഞ്ചയത്തേയും കൊന്നൊടുക്കിയത് ദേവന്മാരെന്നുകണ്ട് ക്രുദ്ധനായ ശംബരൻ ഒരു സംഘം സൈന്യങ്ങളോടുകൂടി ഒരിക്കൽ സ്വർഗ്ഗത്തിലേയ്ക്കു ചെന്നു ദേവന്മാരെ കഠിനമായി മർദ്ദിക്കുകയും ദിക്പാലഗൃഹങ്ങളെ ചുട്ടുപൊടിക്കുകയും നന്ദനവനത്തെ തല്ലി മുടിക്കുകയും ചെയ്തു. നിസ്സഹായരും ആർത്തന്മാരുമായിത്തീർന്ന വൃന്ദാരകന്മാർ സ്വർഗ്ഗലോകം വിട്ട് കാട്ടിലും മലയിലുമൊക്കെ തെണ്ടിനടക്കാൻ തുടങ്ങി. ആ ദശയിലും അവർ തക്കംനോക്കി അസുരസൈന്യങ്ങളെ കൊന്നൊടുക്കാൻ ശ്രദ്ധിക്കാതിരുന്നില്ല. താൻ ഇത്രയൊക്കെ ഉപദ്രവിച്ചിട്ടും തന്നെ ആശ്രയിക്കാതെ പിന്നെയും തന്നോടു പ്രതികാരം ചെയ്യുന്നുവല്ലോ ദേവന്മാരെന്നുകണ്ടു കുപിതനായ ശംബരൻ അമരന്മാരുടെ സകലശക്തികളും ക്ഷയിപ്പിക്കാൻവേണ്ടി ദാമൻ, വ്യാളൻ, കടൻ എന്നു പ്രസിദ്ധന്മാരായ മൂന്ന് അസുരന്മാരെ സൃഷ്ടിച്ചു. അവരാകട്ടെ ബ്രഹ്മത്തിൽനിന്ന് ആദ്യമായുണ്ടായവരാണെന്ന കാരണത്താൽ അവരിൽ അല്പം പോലും വാസനയുണ്ടായിരുന്നില്ല. ഞാൻ നീ, എന്റെ നിന്റെ എന്നീ രൂപത്തിലുള്ള അഭിമാനമോ ഭയം, വ്യസനം, ക്രോധം തുടങ്ങിയ വികാരങ്ങളോ ശത്രുമിത്രോദാസീനഭാവങ്ങളോ ഒന്നുംതന്നെ അവർക്കുണ്ടായിരുന്നില്ല. അതിനാൽ അവർ അത്യന്തബലവാന്മാരും ആർക്കും അജയ്യന്മാരുമായിരുന്നു. അവരെക്കണ്ടു ശംബരൻ പ്രസന്നനായി. സൈന്യങ്ങളോടുകൂടി പോയി യുദ്ധം ചെയ്ത ദേവന്മാരെ മുഴുവൻ കൊന്നൊടുക്കി വരാൻ കല്പിച്ചു ശംബരൻ. ഉത്സാഹശാലികളായ അവർക്കു ജീവിതം, മരണം, യുദ്ധം, സമാധാനം എന്നിങ്ങനെയുള്ള വ്യത്യാസങ്ങളൊന്നുമില്ല. അതിനാൽ മഹാരാജാവിന്റെ കല്പന കേൾക്കേണ്ട താമസം ആർത്തുവിളിച്ച് അട്ടഹസിച്ചുകൊണ്ടു സൈന്യങ്ങളോടുകൂടി യുദ്ധത്തിനു പുറപ്പെട്ടു.

ഭയങ്കരമായ അവരുടെ യുദ്ധത്തിൽ പ്രബലന്മാരെങ്കിലും ദേവന്മാർ തോല്ക്കുകയും ചെയ്തു. അവർ ഭയപ്പെട്ടു പോർക്കളത്തിൽ നിന്നോടി കാട്ടിലും ഗുഹയിലുമൊക്കെപോയി ഒളിക്കുകയും ചെയ്തു. അനന്തരം ആർത്തന്മാരായ ദേവന്മാർ ബ്രഹ്മദേവന്റെ അടുക്കൽ ചെന്നു ദാമാദികളുടെ പരാക്രമത്തേയും ബലത്തേയും അറിയിച്ചു. അവരെ ജയിക്കാനുള്ള മാർഗ്ഗമുപദേശിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. തുടർച്ചയായി പലപ്പോഴും യുദ്ധം ചെയ്കയും തോല്ക്കുമ്പോൾ ഭയപ്പെട്ടോടിപ്പോന്ന് ഒളിക്കുകയും ചെയ്തു കൊണ്ട് ഒരായിരം സംവത്സരം കഴിയുമ്പോൾ അവരെ ജയിക്കാൻ കഴിയുമെന്നു പറഞ്ഞുകൊടുക്കുകയും ചെയ്ത ബ്രഹ്മദേവൻ, ദേവന്മാർ ബ്രഹ്മദേവന്റെ നിർദേശപ്രകാരം പ്രവർത്തിക്കാനും തുടങ്ങി.

നിർഗ്ഗുണവും നിർവ്വികാരവുമായ ബ്രഹ്മത്തിൽ നിന്ന് അകാരണമായുണ്ടാവുന്ന തോന്നലാണല്ലോ ജീവത്വം. പ്രാരംഭദശയിൽ അതു ബ്രഹ്മംപോലെത്തന്നെ നിർവ്വികാരവും അഭിമാനരഹിതവുമായിരിക്കും. പിന്നീട് അഭ്യാസങ്ങളുടേയും സാഹചര്യങ്ങളുടേയും വളർച്ചയിൽക്കൂടെ വാസനയുണ്ടാവാനിടയാവുന്നു. വാസനകൾ നാനാമുഖങ്ങളായി വികസിക്കുമ്പോഴാണ് സുഖദുഃഖങ്ങളെപ്പറ്റിയും ജീവിതമരണങ്ങളെപ്പറ്റിയുമൊക്കെ അഭിമാനമുണ്ടാവുന്നത്. ആ സമ്പ്രദായം പറയപ്പെട്ട ദാമാദികളിലും അതുപോലെത്തന്നെ സംഭവിച്ചു. കുറച്ചധികം പ്രാവശ്യം ദേവന്മാരോടുകൂടി ചെയ്ത യുദ്ധത്തിന്റെ അഭ്യാസംകൊണ്ട് അവരിൽ വാസനകളങ്കുരിച്ചു. അപ്പോൾ സുഖം വേണമെന്നും സുഖിക്കാൻ സമ്പത്തുണ്ടാക്കണമെന്നും ജീവിതത്തെ നിലനിർത്തണമെന്നും മരണം ആപൽക്കരമാണെന്നുമൊക്കെ അവർക്ക് തോന്നൽതുടങ്ങി. അങ്ങനെയുള്ള ചിന്തകൾ വളർന്നു വികസിച്ചപ്പോൾ അവർ ദുർബ്ബലന്മാരും ഭീരുക്കളുമാവുകയും ചെയ്തു. ആ സന്ദർഭത്തിൽ ദേവന്മാർക്കവരെ കൊല്ലാനും കഴിഞ്ഞു. പ്രതിഭയുടെ സ്ഫുരണമാണ് വ്യക്തി. അല്ലാതെ പ്രത്യേകമായി ഒരു വസ്തുവോ ആളോ ഒന്നുമുണ്ടാവുന്നില്ല, എല്ലാം പ്രതിഭയുടെ പല പ്രകാരത്തിലുള്ള സ്ഫുരണങ്ങൾ മാത്രമാണ്. അതെല്ലാം ചിത്തത്തിലാണുതാനും. ദാമാദികളും മറ്റുള്ളവരുമെല്ലാം അങ്ങനെത്തന്നെ. അതിനാൽ സ്വരൂപസ്മൃതിയുണ്ടാവുന്ന നിമിഷത്തിൽത്തന്നെ ഏതൊരാളും മുക്തനാവുന്നു. സ്വരൂപവിസ്മൃതിയുണ്ടാവുന്ന നിമിഷത്തിൽ ബദ്ധനുമാവുന്നു. എപ്പോഴും സ്വരൂപവിസ്മൃതിയില്ലാതായാൽ നിത്യമുക്തനായി. എപ്പോഴും സ്വരൂപസ്മൃതിയില്ലാതായാൽ നിത്യമുക്തനായി. എപ്പോഴും സ്വരൂപസ്മൃതിയില്ലെങ്കിൽ നിത്യബദ്ധനുമാവും. അതിനാൽ എല്ലാം പ്രതിഭാസ്ഫുരണങ്ങളും കേവലം കല്പനാമാത്രങ്ങളുമാണ്. ഹേ രാമ! ഈ ബോധമുള്ളൊരാൾക്കെന്തു ബന്ധമാണ്!

ഭീമാദ്യപാഖ്യാനം

വസിഷ്ഠമഹർഷി പറകയാണ്: ഹേ! രാമ! എല്ലാം ആത്മാവിലാണ്. ആത്മാവു സർവ്വാത്മകനാണ്. തന്നിലില്ലാത്ത ഐശ്വര്യമെന്താണുള്ളത്? ഒന്നുമില്ല. എല്ലാ ഐശ്വര്യങ്ങളും തന്നിലുണ്ട്. എന്നിരുന്നാലും അതൊന്നും അറിയാതെ ദൗർഭാഗ്യംകൊണ്ടും ദൈന്യതകൊണ്ടും താൻ അല്പനാണ്; നിസ്വനാണെന്നൊക്കെ തെറ്റിദ്ധരിച്ചു തനിക്കൊരു പുത്രൻ വേണം, കൃഷിസ്ഥലം വേണം, ധനം വേണം എന്നൊക്കെ ആഗ്രഹിക്കുന്നു കൃപണനായ മനുഷ്യൻ. ഇപ്രകാരമുള്ള ആഗ്രഹബുദ്ധിയാണ് ഒരു പ്രകാരത്തിൽ പറഞ്ഞാൽ സത്യമായ ആത്മസ്വരൂപത്തെ മറച്ചിരിക്കുന്നത്. ബ്രഹ്മാണ്ഡത്തെ മുഴുവൻ നിസ്സാരമായി തള്ളാൻ കഴിഞ്ഞാൽ ആ നിമിഷംതന്നെ അവനിൽ സത്യം പ്രകാശിച്ചുകഴിഞ്ഞു എന്നു പറയണം. സത്യമായ ആത്മസ്വരൂപം ആരുടെ ചിത്തത്തിലാണോ പ്രകാശിക്കുന്നത്, അവനെ ത്രൈലോക്യത്തെക്കാളും സാരവസ്തുവായിക്കരുതീട്ടാണ് ഇന്ദ്രാദിദേവന്മാർ ഭരിക്കുന്നത്. അവനെന്തെങ്കിലും ഒന്നു സ്മരിച്ചാൽ മതി, ആ വസ്തു അവന്റെ മുമ്പിൽ എത്തുകയായി. അല്ലെങ്കിൽ അക്രമം കാണിക്കാതെ ഉത്സാഹപൂർണ്ണമായ പൗരുഷമോ ശാസ്ത്രജ്ഞാനമോ ഉണ്ടായാൽക്കൂടി അത്യാപത്തിൽപ്പോലും അക്രമം പ്രവർത്തിക്കാതിരിക്കുകയും വേണം. അങ്ങനെയുള്ള ഒരാൾക്കീ ലോകത്തിലെന്താണ് ദുർല്ലഭമായിട്ടിരിക്കുന്നത്!

ദുഃഖം, സാഹസം, കൗടില്യം, ഭയം, അഗ്രഹം, ക്രോധം എന്നീ ചിത്തദോഷങ്ങളെ നീക്കി സദാചാരപരനും സത്യനിഷ്ഠനുമായിക്കഴിയുന്ന ഒരാളെ എല്ലാവിധ ഐശ്വര്യങ്ങളും സിദ്ധികളും ഇങ്ങോട്ടു വന്നാശ്രയിക്കുന്നു. സജ്ജനങ്ങൾ ഒന്നിനെയും ആഗ്രഹിക്കാറില്ല. എങ്കിലും എല്ലാം അവരെ ഇങ്ങോട്ടു വന്നാശ്രയിക്കുന്നു. എന്തൊക്കെ വന്നുചേർന്നാലും ഒന്നിലും അവർക്കു ലോഭവുമില്ല. എന്നാൽ ദുർജ്ജനങ്ങൾ അങ്ങനെയല്ല; വരാത്തതിൽപ്പോലും അവർ ലോഭത്തെ വളർത്തിക്കൊണ്ടിരിക്കും. അഹങ്കാരമാണ് അതിനൊക്കെ ആണിവേര്. അഹങ്കാരത്തെ നീക്കാൻ കഴിഞ്ഞാൽ അതുതന്നെയാണ് ഒരാളുടെ ഏറ്റവും വലിയ രക്ഷ. അഹങ്കാരമുള്ളേടത്തോളംകാലം എന്തുണ്ടായാലും അതു വേണ്ടപോലെ ശോഭിക്കില്ല. എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ എന്താണ് അഹങ്കാരത്തിന്റെ സ്വരൂപമെന്നു ചോദിച്ചു ശ്രീരാമചന്ദ്രൻ. അപ്പോൾ പറകയാണ്. മൂന്നു രൂപങ്ങളുണ്ട് അഹങ്കാരത്തിന്. അവയിൽ രണ്ടെണ്ണം നല്ലവയും ഒന്ന് ഏറ്റവും ദുഷിച്ചതും വീണ്ടും വീണ്ടും ജനനമരണങ്ങളെ സൃഷ്ടിക്കുന്നതുമാണ്. കാണുന്നതും കാണാത്തതുമായ ബ്രഹ്മാണ്ഡങ്ങളും ആദിത്യചന്ദ്രന്മാരും നക്ഷത്രങ്ങളും എന്നുവേണ്ട എല്ലാംതന്നെയും എന്റെ സ്വരൂപമാണ്. ഞാനെല്ലാമായി നിറഞ്ഞു നില്ക്കുന്നു. എന്നിലല്ലാത്തതൊന്നുമില്ല; ഞാനല്ലാതെയും ഒന്നുമില്ല, ഇത് അഹങ്കാരത്തിന്റെ ഒരു സ്വരൂപമാണ്. ഇതിനെ എപ്പോഴും ഭാവിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് എല്ലാ ദോഷങ്ങളും നീങ്ങുകയും സത്യം പ്രകാശിക്കുകയും ചെയ്യും.

ഞാനെന്ന ഒന്നില്ല; എല്ലാം ബ്രഹ്മമാണ്. ഇനി ഞാനെന്ന തത്വമുണ്ടെന്നിരിക്കട്ടെ; എന്നാൽത്തന്നെ

അത് ഒരു രോമത്തിന്റെ അഗ്രത്തേക്കാൾകൂടി ചെറുതും നിസ്സാരവും തുച്ഛവുമാണ്. എനിക്കൊരു കഴിവുമില്ല. ഞാനൊന്നിന്റെയും കർത്താവോ ഭോക്താവോ അല്ല. എല്ലാം ഈശ്വരനാണ്. ബ്രഹ്മംതന്നെ എന്ന തോന്നലും അഹങ്കാരംതന്നെ. അഹങ്കാരത്തിന്റെ മറ്റൊരു സ്വരൂപമാണിത്. ഇതും നല്ലതന്നെ. എപ്പോഴും ഭാവനചെയ്തുകൊണ്ടിരിക്കുന്നുവെങ്കിൽ എല്ലാ ചിത്തമാലിന്യങ്ങളും നീങ്ങി സത്യം പ്രകാശിക്കും. ഇവ രണ്ടുമല്ലാതെ മൂന്നാമതുമുണ്ട് ഒരഹങ്കാരം. അതാണേറ്റവും മലിനവും ചീത്തയുമായിട്ടിരിക്കുന്നത്. കയ്യും കാലും കണ്ണും മൂക്കുമുള്ള ഈ ശരീരമാണ് ഞാൻ എന്ന അഭിമാനമാണ് മൂന്നാമത്തെ അഹങ്കാരം. ശരീരത്തോളം വലിപ്പമാണ് എനിക്കുള്ളത്; ശരീരത്തിന്റെ ശക്തിയാണ് എന്റെ ശക്തി. എന്നിങ്ങനെ എല്ലാ പ്രകാരത്തിലും ശരീരമാത്രനറയിട്ടിരിക്കുന്നുവെന്ന പ്രസ്തുത അഹങ്കാരം കൊണ്ടു കേവലം അധഃപതിക്കുകയും നശിക്കുകയും ചെയ്യുന്നു. അതിനെ തെളിയിക്കുന്ന ഒരു ഇതിഹാസം പറയാം.

ഹേ രാമ! പാതാളവാസിയായ ശംബരാസുരൻ തന്റെ മായാസൃഷ്ടികളായ ദാമാദി അസുരന്മാർക്കു വന്നുചേർന്ന ശരീരാഭിമാനവും അതു ഹേതുവായിട്ടുണ്ടായ നാശവുമറിഞ്ഞു വളരെ പരിതാപിക്കുകയും ക്രുദ്ധനായിത്തീരുകയും ചെയ്തു. അതിനാൽ അദ്ധ്യാത്മശാസ്ത്രത്തെ ശരിക്കു മനനം ചെയ്തുറപ്പിച്ച് അല്പംപോലും ശരീരാഭിമാനമില്ലാതെ മൂന്ന് അസുരന്മാരെ മായകൊണ്ടു സൃഷ്ടിച്ചു. ഭീമൻ, ഭാസൻ, ദൃഢൻ എന്നുപേരുള്ള പ്രസ്തുത മൂന്നുപേരും, സ്വരൂപസ്ഥിതിയിൽ ദൃഢമായ അറിവുള്ളവരായിരുന്നതിനാൽ അവർക്കു രാഗം ദ്വേഷം ജയംപരാജയം തുടങ്ങിയ ഒരു ഭാവവുമുണ്ടായിരുന്നില്ല. അങ്ങനെയുള്ളവരുടെ ശരീരസ്മരണയില്ലാത്ത അലംഘ്യശക്തിദേവന്മാരെ വല്ലാതെ പരിതപിപ്പിച്ചു. വൃന്ദാകന്മാരെന്തൊക്കെ ചെയ്തിട്ടും ആ അസുരന്മാരെ ജയിക്കാൻ കഴിഞ്ഞില്ല. അവസാനം പരാജിതരായ ആദിതേയന്മാർ വൈകുണ്ഠനാഥനായ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു. ഭഗവാൻ അവരെക്കൊന്നു ദേവന്മാരെ നിലനിർത്തുകയും ചെയ്തു. അതിനാൽ ഹേ രാമചന്ദ്ര! ശരീരാഭിമാനമാണ് മനസ്സിനെ വളർത്തുന്നതെന്നും മനസ്സാണ് വാസകളെ വർദ്ധിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതെന്നുമുള്ള പരമാർത്ഥം ഒരിക്കലും മറക്കരുത്. സത്യസ്ഥിതി ഓർമ്മയുള്ളൊരാൾക്കു വാസനയുണ്ടാവാൻ വയ്യ. മാത്രമല്ല ഉള്ള വാസന നശിക്കുകയും ചെയ്യും. വാസനമുഴുവൻ നീങ്ങിക്കഴിഞ്ഞാൽ എണ്ണയില്ലായ്കയാൽ കെട്ടടങ്ങുന്ന വിളക്കെന്നപോലെ മനസ്സ് ഉപശാന്തമായിത്തീരുകയും ചെയ്യും.

വർദ്ധിച്ച സംസാരസങ്കടംകൊണ്ട് ആർത്തന്മാരായവർക്ക് അതു നീങ്ങുവാൻ തങ്ങളുടെ മനസ്സിനെ അടക്കലാകുന്ന ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ. മനസ്സടക്കിയാൽ പിന്നെ സംസാരമെന്ന ഒന്നില്ല. മനസ്സടങ്ങാതിരിക്കും കാലത്തോളം സംസാരമില്ലാത്തതായിത്തീരുന്നുമില്ല. ഭോഗപദാർത്ഥങ്ങളിലുള്ള ആസക്തിതന്നെയാണ് ബന്ധം. അവയുടെ പരിത്യാഗം മോക്ഷവും. നല്ലവയെന്നു തോന്നുന്ന വിഷയങ്ങൾ വിഷമെന്ന പോലെ ത്യാജ്യമാണെന്നു വിസ്മരിക്കരുത്. നന്നെന്നു തോന്നുന്ന വിഷയപദാർത്ഥങ്ങളെ വീണ്ടും വീണ്ടും മനനം ചെയ്തുതള്ളിക്കളയുന്ന പക്ഷം മനസ്സു സംപ്രീതമായിത്തീരും. ജ്ഞാനികളുടെ മനസ്സ് എപ്പോഴും ഒരു വിഷയത്തേയും സ്പർശിക്കുന്നില്ല.

അത് ആനന്ദമാണെന്നോ, ആനന്ദമല്ലാത്തതാണെന്നോ; ചഞ്ചലമാണെന്നോ നിശ്ചലമാണെന്നോ ഒന്നും പറഞ്ഞുകൂടാ. ഇന്ന രൂപത്തിലുള്ളതാണ് ജ്ഞാനികളുടെ മനസ്സെന്ന് ആർക്കും പറഞ്ഞുകൂടാ. എങ്കിലും രാഗാദിവികാരങ്ങളുടേയോ വാസനയുടേയോ സംബന്ധമില്ലാത്തതാണെന്ന കാരണത്താൽ ഉപശാന്തവും പ്രിയത്തെമാത്രം ചെയ്യുന്നതുമാണ്. ഹേ രാമ! എങ്ങും നിറഞ്ഞിരിക്കുന്നുവെങ്കിലും ഭൂതാകാശമെപ്രകാരം കാണപ്പെടാത്തതായിരിക്കുന്നു അതുപോലെ അത്യന്ത സൂക്ഷ്മമായ ചിദാത്മാവും എങ്ങും നിറഞ്ഞിരിക്കുന്നുവെങ്കിലും അത്യന്തസൂക്ഷ്മഹേതുവായിട്ടു കാണപ്പെടുന്നില്ല. ആകാശംതന്നെ കാണപ്പെടുന്നില്ലെന്നിരിക്കെ, ആകാശത്തേക്കാൾ എത്രയോ സൂക്ഷ്മമായ ബോധാകാരം എങ്ങിനെ കാണപ്പെടും? പരമനിഷ്കളരൂപമായി ജ്ഞാനികളിലും കളങ്കസ്വരൂപേണ അജ്ഞന്മാരിലും വിളങ്ങുന്ന കേവലബോധംതന്നെ ബ്രഹ്മം. സമുദ്രത്തിൽ തിര, തുടങ്ങിയ പദാർത്ഥങ്ങൾ എപ്രകാരം സമുദ്രത്തിൽ നിന്നു വേറെയല്ലാത്തവയായി വിളങ്ങുന്നുവോ, അതുപോലെ ബോധാകാരമായ ചിൽസമുദ്രത്തിലും ഞാൻ, നീ തുടങ്ങിയ ഭാവങ്ങൾ പ്രസ്തുതബോധാകാരത്തിൽ നിന്നു വേറെയല്ലാത്തവയായി വിളങ്ങുന്നു.

അജ്ഞാനികളിൽ അസൽസ്വരൂപമായി സംസാരഹേതുവായും ജ്ഞാനികളിൽ സംസാരനാശിയായി സൽസ്വരൂപമായും വിളങ്ങുന്ന ബോധം ഒന്നുതന്നെ. തന്റെ സങ്കല്പം ഹേതുവായി തന്നിൽത്തന്നെ നാനാവിധ നാമരൂപങ്ങളായി ലോകമെന്ന പേരിൽ വിളങ്ങുന്ന പ്രപഞ്ചവും താനാകുന്ന ചിൽസ്വരൂപമല്ലാതെ മറ്റൊന്നുമല്ല. സങ്കല്പവും അതുവഴിക്കു മനസ്സും അടങ്ങുമ്പോൾ പ്രസ്തുത പ്രപഞ്ചമില്ലാതാവുകയും ചെയ്യുന്നു. തന്റെ തന്നെ സ്പന്ദശതങ്ങളാൽ പുര്യഷ്ടകത്തെ ഉണ്ടാക്കുകയും നിലനിർത്തുകയും ഇല്ലാതാക്കുകയും ചെയ്യുന്നതും പ്രസ്തുത പരചൈതന്യംതന്നെ. അങ്ങനെ പുര്യഷ്ടകമായും പ്രപഞ്ചമായും വിളങ്ങുന്നതും ചിദകാശസ്വരൂപവും ബോധാകാരവുമായ പറയപ്പെട്ട നിർഗ്ഗുണ ബ്രഹ്മംതന്നെ. തിരമാലകൾ അടിച്ചുയരുമ്പോൾ വെള്ളമല്ലാതെ മണ്ണുപൊന്താൻ വയ്യ. അതുപോലെ ബ്രഹ്മത്തിൽനിന്ന് അന്യമായ വസ്തുക്കളൊന്നുമുണ്ടാവാൻ വയ്യ. ശബ്ദം, സ്പർശം, രസം, രൂപം എന്നീ വിഷയങ്ങളെ ഏതൊന്നുകൊണ്ടറിയുന്നുവോ, അതാണ് ആത്മാവ്. അതു ബോധകാരണമാണെന്നു പറയേണ്ടതില്ലല്ലോ. ബോധം തന്നെ പ്രസ്തുത വിഷയങ്ങളായി വിളങ്ങുന്നത്. പരമാർത്ഥത്തിൽ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. സംഭവിക്കുന്നുമില്ല. എങ്കിലും പലതും സംഭവിക്കുന്നുവെന്നുള്ള പ്രതീതിതന്നെ അജ്ഞാനം അല്ലെങ്കിൽ അവിദ്യ. ആദിത്യനുണ്ടെങ്കിൽ പകലും ദീപമുണ്ടെങ്കിൽ പ്രകാശവും ഉണ്ടാവുന്നതുപോലെ, ചിൽസ്വരൂപമുള്ളപ്പോൾ ജഗൽപ്രതീതി ഉണ്ടായിക്കൊണ്ടിരിക്കയെന്നതും സ്വഭാവം മാത്രമാണ്. അല്ലാതെ ഒന്നും ഉണ്ടാവുകയോ ഇല്ലാതാവുകയോ ഒന്നും ചെയ്യുന്നില്ല.

ഇത്രയും കേട്ടപ്പോൾ ശ്രീരാമചന്ദ്രൻ ചോദിക്കയാണ്. ഒരിക്കലും ഉദിക്കാതെയും അസ്തമിക്കാതെയും പ്രസ്തുത പരചൈതന്യം അപരിച്ഛിന്നവും കേവലാകാരവുമായി വിളങ്ങുന്നു എന്നതു ശരിതന്നെ ആ

നിർഗ്ഗുണാത്മാവിൽ നിന്നു പൊന്തുന്ന പരിച്ഛിന്നങ്ങളായ സങ്കല്പങ്ങളുണ്ടാവുന്നത്? എന്ന്. അപ്പോൾ വസിഷ്ഠമഹർഷി പറകയാണ്. ആത്മസാക്ഷാത്ക്കാരമുണ്ടാവുമ്പോൾ മാത്രമേ ഒരാൾക്കു വിദ്യാസ്വരൂപത്തെ ശരിയാവണ്ണം ഗ്രഹിക്കാൻ പറ്റൂ. അതുവരേയും ഗുരുവാക്യത്തെ വിശ്വസിക്കലല്ലാതെ നിർവ്വാഹമില്ല. ഇക്കാണുന്നതെല്ലാം ബ്രഹ്മമാണെന്നു വിശ്വസിച്ചാൽമതി, മറ്റൊന്നും സംഭവിച്ചിട്ടില്ലെന്ന് ദൃഢമായി ബോധിച്ചാൽ മതി, കാലം കൊണ്ട് ആത്മസാക്ഷാല്ക്കാരമുണ്ടാവും. അപ്പോൾ എല്ലാ സംശയങ്ങളും തീരുകയും ചെയ്യും. മായ അല്ലെങ്കിൽ അവിദ്യയാണ് സങ്കല്പത്തിന് ഹേതു. എന്നാൽ അതിന്നതാണെന്നു പറയാൻ വയ്യ. അവിദ്യയെന്താണെന്നു പരിശോധിക്കാൻ ചെന്നാൽ അതില്ലാതാവുകയും ചെയ്യും. അതിനാൽ ഈ മായയുണ്ടായതെങ്ങനെയെന്നു ചിന്തിക്കേണ്ട. അങ്ങനെ ചിന്തിച്ചുകൊണ്ട് ചെയ്യുന്ന പരിശ്രമം വെറുതെ ആയുസ്സുകളയലാണ്. ഈ അവിദ്യയെ എങ്ങനെ നശിപ്പിക്കാമെന്ന് ചിന്തിച്ചാൽമതി. അങ്ങനെ ചിന്തിച്ചു ചെയ്യുന്ന പരിശ്രമം സഫലവുമാണ്. ആത്മസാക്ഷാൽക്കരാമുണ്ടാവുമ്പോൾ അവിദ്യയെങ്ങനെയുണ്ടായെന്നു വ്യക്തമായി ബോദ്ധ്യമാവുകയും ചെയ്യും. മായാശക്തി ക്ഷയിച്ചുക്ഷയിച്ച് ഇല്ലാതായിത്തീരുമ്പോൾ എവിടെയാണില്ലാതായിത്തീർന്നതെന്നും എവിടെനിന്ന് എങ്ങനെ ഉണ്ടാവുന്നുവെന്നും വ്യക്തമായറിയുകയും ചെയ്യാം.

ആകാശത്തിൽ എങ്ങിനെയാണോ കാരണം കൂടാതം വായു സ്വയം സഞ്ചരിക്കുന്നത്, അതുപോലെ ചിദാകാശമാകുന്ന നിർഗ്ഗുണബ്രഹ്മത്തിൽ കാരണം കൂടാതെ ചിച്ഛക്തിയാകുന്ന അവിദ്യസ്വയം ചലിച്ച് സ്പന്ദനങ്ങളെ ഉണ്ടാക്കുന്നു. അതിൽ നിന്നു പലവിധപ്രതീതകളും അവയ്ക്കു പരിണാമങ്ങളുമുണ്ടാവുന്നു. ദേശം, കാലം, ക്രിയ തുടങ്ങിയവയെല്ലാം പ്രസ്തുത അവിദ്യയുടെതന്നെ പല പ്രകാരത്തിലുള്ള ഭാവിവിശേഷങ്ങൾമാത്രാണ്. കാലദേശകർമ്മങ്ങളും അവയുടെ ഫലങ്ങളും കൂടിച്ചേർന്നതാണല്ലോ പ്രപഞ്ചം. അതുമുഴുവൻ അവിദ്യയല്ലാതെ മറ്റൊന്നുമല്ല. ചിൽസ്വരൂപിണിയായ അവിദ്യാദേവി വാസ്തവത്തിൽ അപരിച്ഛിന്നബ്രഹ്മത്തിൽനിന്നു വേറെയല്ല, തൽസ്വരൂപംതന്നെ. എന്നിരുന്നാലും തന്നെ പരിച്ഛിന്നമായി സ്മരിക്കുന്നു. അപ്പോഴാണ് നാമരൂപാദിദൃഷ്ടികളെല്ലാമുണ്ടാവുന്നത്. പ്രസ്തുത അവിദ്യാന്തർഗ്ഗതമായ ശുദ്ധചൈതന്യത്തെയാണ് ക്ഷേത്രജ്ഞനെന്ന് അറിവുള്ളവർ പറയുന്നത്. ക്ഷേത്രജ്ഞനെന്നു പറഞ്ഞാൽ ജീവൻതന്നെ. വാസനകളെക്കൊണ്ട് പ്രസ്തുതക്ഷേത്രജ്ഞചൈതന്യം ദൂഷിക്കുമ്പോഴാണ് ഞാനെന്ന ബോധമാകുന്ന അഹങ്കാരമുണ്ടായിത്തീരുന്നത്. വാസനാകളങ്കം വർദ്ധിക്കുന്തോറും പിന്നെയും പരിണാമങ്ങളുണ്ടാവുന്നു. അങ്ങനെ ബുദ്ധിയായും മനസ്സായും അവസാനം ഏറ്റവും ഘനീഭവിച്ച ശരീരമായും പരിണമിക്കുന്നു. അതെല്ലാം അവിദ്യതന്നെ. അവിദ്യയല്ലാതൊന്നുമില്ല.

കുട്ടിലകപ്പെട്ടു കെട്ടപ്പെട്ട പക്ഷിയെന്നപോലെ, ഇങ്ങനെ സങ്കല്പിതപദാർത്ഥക്കയറിനാൽ ജീവൻ കെട്ടപ്പെട്ടു നീചത്വത്തെ പ്രാപിക്കുന്നു. കോശകാരക്കൃമി തന്നത്താൻ ബന്ധിക്കപ്പെടുന്നതുപോലെ, ചിത്താകുന്ന ജീവനും സ്വയം ബന്ധിക്കപ്പെടുന്നു. സ്വയംകൃതാനാർത്ഥത്താൽ പ്രതാപശാലിയായ

സിംഹം കൂട്ടിൽപ്പെട്ടുംപോലെ, ജീവനും തന്നത്താൻ സങ്കല്പിച്ചുണ്ടാക്കിയ ശബ്ദാദിജാലകനിബദ്ധമായ അജ്ഞാനക്കൂട്ടിൽ സ്വയം പെട്ടു നട്ടംതിരിയുന്നു. മനസ്സ്, ബുദ്ധി, അഹങ്കാരം, അജ്ഞാനം, പ്രകൃതി, മായ, കർമ്മം, പുര്യഷ്ടകം എന്നെല്ലാം പറയുന്നത് ഒന്നിനെത്തന്നെയാണ്. അവിദ്യ ഒന്നുതന്നെ. പല പ്രകാരത്തിൽ വിചിത്രങ്ങളായ രൂപങ്ങളിൽ ജീവനെ ബന്ധിച്ചു നിർത്തുന്നതുതന്നെ സംസാരം. ചളിയിൽ വീണു കുഴങ്ങുന്ന ആനയെപ്പോലെയാണ് മനസ്സു സംസാരക്കുണ്ടിൽ വീണ് വിഷമിക്കുന്നത്. താനല്ലാതെ മറ്റാരാണ് തന്നെ ഈ അജ്ഞാനച്ചേർക്കുഴിയിൽ നിന്നു രക്ഷിക്കാനുള്ളത്? അതിനാൽ എല്ലാ സമയത്തും പ്രയത്നിച്ചുകൊണ്ടിരിക്കണം തന്നെ സംസാരക്കേണിയിൽ നിന്നുദ്ധരിക്കാൻ. ഭയങ്കരമായ ജനനമരണക്കൊടുംതാപത്തിൽ നിന്ന് തന്റെ മനസ്സിനെ ഉദ്ധരിക്കാത്തവൻ വിശേഷബുദ്ധിയുള്ള മനുഷ്യനാണെന്നു പറഞ്ഞുകൂടാ.

അഗ്നികാണ്ഡത്തിൽ നിന്നു തീപ്പൊരികൾ പറന്നു പോവുന്നതിനും ഒരു വലിയ സരസ്സിൽ നിന്ന് ഒഴുകിപ്പോകുന്ന അരുവികൾക്കും കണക്കില്ലാത്തതുപോലെയാണ് ബ്രഹ്മത്തിൽ നിന്ന് അവസാനമില്ലാതെ കോടിക്കണക്കിൽജീവജാലങ്ങൾ പൊന്തിപ്പറന്നുകൊണ്ടിരിക്കുന്നത്. ജീവിച്ചുകൊണ്ടിരിക്കുന്ന എല്ലാവരുടെയും അനുഭവം സാമാന്യമായി ഒരുപോലെ കാണപ്പെടുന്നുണ്ടെങ്കിലും ഓരോരുത്തരുടേയും സംസ്കാരം തുലോവ്യത്യസ്തമാണ്. ചിലർ ബ്രഹ്മത്തിൽ നിന്ന് വേറിട്ടിട്ട് ഒന്നോരണ്ടോ പതിനായിരമോ ജന്മങ്ങൾ കഴിഞ്ഞിരിക്കും. വേറെ ചിലർ മുക്തിയോടടുത്തിരിക്കും. ഈ അവസ്ഥ മനുഷ്യർക്കുമാത്രമല്ല, എല്ലാ യോനിയിലുമുള്ള എല്ലാ ജീവന്മാർക്കും ഒരു പോലെ ബാധകമായിട്ടിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ എത്രവിചിത്രമാണ് ജീവന്മാരുടെ സംസാരഗതി പ്രവാഹമെന്നു പറയാൻ വയ്യ. പല ലോകങ്ങളിലും പല യോനികളിലും പലപല പ്രാവശ്യം ജനിച്ചും മരിച്ചും ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു സംസാരത്തിലെ ഓരോ ജീവനും.

അങ്ങനെ ജനിച്ചും മരിച്ചും പലവിധ കർമ്മങ്ങളെ ചെയ്തും ഫലങ്ങളെ അനുഭവിച്ചും വലയുന്ന ജീവനെ രക്ഷിക്കാൻ താനല്ലാതെ മറ്റാരാണുള്ളത്? ആരുമില്ല. ആ പരമാർത്ഥത്തെ ബോധിച്ചു തന്റെ മനസ്സുകൊണ്ടു താൻതന്നെ ഉണ്ടാക്കി വളർത്തിയ സങ്കല്പങ്ങളുടെ കുടുക്കുകളിൽ നിന്നു വിട്ടു രക്ഷപ്പെടാതിരിക്കും കാലത്തോളം ബ്രഹ്മദേവനായാൽപ്പോലും ദുഃഖമല്ലാതെ മറ്റൊന്നുംതന്നെ അനുഭവിക്കുന്നില്ല. മനസ്സാണ് എല്ലാവിധ ദുഃഖത്തിനും ബന്ധത്തിനും ഏകഹേതു. സങ്കല്പങ്ങളടങ്ങിയാൽ ഇപ്പോൾത്തന്നെ സംസാരമെന്നതില്ലാത്തതായിക്കഴിഞ്ഞു. വാസ്തവത്തിൽ അനന്തമായ ചിദാകാശത്തിൽ ഒന്നുംതന്നെ ഉണ്ടാവുകയോ ഇല്ലാതാവുകയോ ചെയ്യുന്നില്ല. എല്ലാം തന്റെ സങ്കല്പവിഭ്രാന്തി മാത്രമാണ്. ഗന്ധർവ്വനഗരം നല്ലതായാലും ചീത്തയായലും എന്താണുള്ളത്. അതില്ലാത്തതല്ലേ? അതുപോലെ കേവലം ഇല്ലാത്തതാണ് ഈ സംസാരമെന്നു ബോദ്ധ്യം വന്നാൽ പിന്നെ ഇതിലെ നന്മയും തിന്മയും നോക്കാനെന്താണുള്ളത്? വന്ധ്യാപുത്രന്റെ രൂപവൈരൂപ്യങ്ങളെ ആരെങ്കിലും ചിന്തിക്കാറുണ്ടോ? അതുപോലെയല്ലാതെ ഈ സംസാരത്തിനും മറ്റെന്താണ് വിശേഷം?

അതിനാൽ ഹേ രാമചന്ദ്ര! നീ ഈ സംസാരത്തിന്റെ മിത്ഥ്യാത്വത്തെ ശരിക്കറിഞ്ഞു ഗൃഹധനദാരാദികളിൽ അനാസ്ഥയുള്ളവനായി സങ്കല്പങ്ങളെ അടക്കി മനസ്സിനെ നശിപ്പിക്കാൻ ശ്രമിക്കു. എന്നാൽ ഈ സംസാരക്കൊടും വിഭ്രാന്തിയിൽ നിന്നു രക്ഷപ്പെടാൻ സാധിക്കും.

സത്തിനും അസത്തിനും മദ്ധ്യത്തിൽ അവയ്ക്കു രണ്ടിനും ഹേതുവായ സത്തയെ ആശ്രയിച്ച് അവയെ രണ്ടിനേയും വിട്ടു യഥാർത്ഥസ്വരൂപനാവുന്നുവെങ്കിൽ ഇപ്പോൾത്തന്നെ ഹേ രാമ, നീ മുക്തനാവും. അങ്ങനെയാണ് അറിവുള്ളവരായ മഹാത്മക്കളൊക്കെത്തന്നെയും കഴിച്ചുകൂട്ടുന്നത്. അകത്തും പുറത്തുമുള്ള ദൃശ്യങ്ങളെ ഉപേക്ഷിക്കുകയും സ്വീകിക്കുകയും ചെയ്യാതെ വെള്ളത്തിൽ താമരയിലയെന്നപോലെ സംസാരത്തിൽ യാതൊരു ബന്ധവുമില്ലാതെ കഴിയുന്നു മഹാജനങ്ങൾ. സൃഷ്ടിയും പല സ്വരൂപത്തിലാണ്. എല്ലാ കല്പങ്ങളിലും ഒരു പോലെയാണെന്നു വരുന്നില്ല. പല പല വിചിത്രങ്ങളായ രൂപങ്ങളിൽ അത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. എങ്ങിനെയൊരക്കയുള്ളതായാലും അതു മായാവിലാസം മാത്രമാണ്. അതുപോലെ കൃതാദിയുഗങ്ങളും ആവർത്തിച്ചുകൊണ്ടേയിരിക്കും. കഴിഞ്ഞവയുടനെതന്നെ പുനഃപുനരാവർത്തനമല്ലാതെ മറ്റൊന്നും തന്നെ സംസാരത്തിലില്ല. ഈ പരമാർത്ഥത്തെ അറിഞ്ഞ മഹാത്മാവ് ഒന്നിലും വിഭ്രാന്തിയോ സംബന്ധമോ കൂടാതെ യഥാസ്വരൂപന്മാരായിത്തന്നെ കഴിയുന്നു. അനുഗ്രഹീതന്മാരായ ആ പുണ്യാത്മാക്കളെ സംസാത്തിന്റെ ഒരു ഭാവവും ബാധിക്കുന്നില്ല. ഈ സമ്പ്രദായം കൂടുതൽ വെളിവാക്കാൻ വേണ്ടി ഞാനൊരു ഇതിഹാസത്തെക്കൂടി പറഞ്ഞുതരാം. ശ്രദ്ധവെച്ചു കേൾക്കു എന്നു പറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി ദാശൂരമഹർഷിയുടെ ഏറ്റവും ചമല്ക്കാരം നിറഞ്ഞതും ശ്രവണമാത്രം കൊണ്ടുതന്നെ ശ്രോതാക്കളുടെ സംസാരവിഭ്രാന്തി മുഴുവൻ നീങ്ങുന്നതും പുണ്യമേറിയതുമായ ഇതിഹാസത്തെപ്പറയാൻ തുടങ്ങി.

ദാശൂരോപാഖ്യാനം

ഹേ രാമ! പ്രസിദ്ധമായ മഗധരാജ്യത്തിൽ മനോഹരമായൊരു പർവ്വതത്തിന്റെ സാനപ്രദേശത്ത് ഒരു കാലത്തു ശരലോമനെന്ന പ്രസിദ്ധനായൊരു മഹർഷി താമസിച്ചു വന്നിരുന്നു. തപസ്സുകൊണ്ടും ജ്ഞാനംകൊണ്ടും എന്നുവേണ്ട എല്ലാംകൊണ്ടും അദ്ദേഹം മറ്റൊരു ബ്രഹ്മദേവനാണെന്നു പറയണം. ബൃഹസ്പതിക്കു കചനെന്നപോലെ അദ്ദേഹത്തിനു ദാശൂരനെന്നു പേരായൊരു പുത്രനുമുണ്ടായി. പുത്രന് വേണ്ടത്ര സംസ്കാരമുണ്ടാക്കിത്തീർക്കാൻ ഇടവരുന്നതിനുമുമ്പ് ശരലോമൻ ശരീരം വിട്ടു പരമകൈവല്യത്തെ പ്രാപിച്ചു. ശരിയായ ജ്ഞാനമുണ്ടായിട്ടില്ലാത്ത ദാശൂരൻ പിതാവ് തന്നെ വിട്ടുപോയപ്പോൾ അത്യന്തം ആർത്തനായി ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടുതന്നെ കഴിയാൻ തുടങ്ങി. ആ ഋഷിബാലനെ സ്വാന്തനപ്പെടുത്താനായി അവിടെ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്ന കാരണത്താൽ കുറെ ദിവസങ്ങളോളം തന്നെ അദ്ദേഹത്തിന്റെ ആർത്തരോദനം നീണ്ടുനിന്നു. അതു കണ്ടു മനസ്സലിഞ്ഞ ഒരു വനദേവത അദൃശ്യയായി നിന്നുകൊണ്ട് ഋഷിബാലനെ സമാധാനിപ്പിച്ചു. മരണം അനിഷേദ്ധ്യവും പ്രതിവിധിയില്ലാത്തതുമായ പ്രകൃതിധർമ്മമാണെന്നും അതു വിചാരിച്ചു നിലവിളിച്ചു കൊണ്ടുതന്നെ കഴിയുന്നതു വെറും മൗഢ്യമാണെന്നും അവരവരുടെ കർത്തവ്യങ്ങളെ നിർവ്വഹിക്കലാണ് ബുദ്ധിപൂർവ്വകമായ പ്രവർത്തിയെന്നുമൊക്കെ വനദേവതയുടെ മുഖത്തിൽനിന്നു കേട്ടപ്പോൾ ബാലൻ സമാധിനിച്ചു. പിതാവിന്റെ ഉത്തരകർമ്മങ്ങളെയൊക്കെ ചെയ്തു അനന്തരം കഠിനമായ തപസ്സു ചെയ്യാൻ തീർച്ചപ്പെടുത്തി.

പലതരം ജീവകൾ നാനാതരത്തിലുള്ള കർമ്മപരമ്പരകളിൽക്കൂടെ ജീവിച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമിയിൽ എവിടെയും ശുദ്ധിയില്ലെന്നും അതിനാൽ പക്ഷിയെന്നപോലെ വൃക്ഷത്തിനുമുകളിൽ താമസിക്കാൻ കഴിയുമെങ്കിൽ അതൊരു നല്ല കാര്യമാണെന്നും അദ്ദേഹത്തിനു തോന്നി. അതിന്റെ ഫലമായി പക്ഷിയെന്നപോലെ വൃകഷത്തിൽ താമസിക്കാനുള്ള കഴിവുണ്ടാവുന്നതിനുവേണ്ടി തന്റെ ദേഹത്തിൽ നിന്നു മാംസം അരിഞ്ഞെടുത്താഹുതി ചെയ്തുകൊണ്ട് ഒരു യാഗം ചെയ്യാൻ തുടങ്ങി. ബ്രാഹ്മണമാംസംകൊണ്ടു ദേവന്മാരുടെ കണ്ഠം പൊള്ളേണ്ടെന്നു കരുതി അഗ്നിദേവൻ പെട്ടെന്നു ദാശൂരന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് എന്താണാവശ്യമെന്നു ചോദിച്ചു. തന്റെ ആവശ്യത്തെ അദ്ദേഹം അറിയിച്ചു. അഗ്നിദേവൻ അതിനെ കൊടുത്തനുഗ്രഹിച്ചു. പെട്ടെന്നു മറയുകയും ചെയ്തു. ദാശൂരൻ സന്തുഷ്ടനായി. യാഗമൊക്കെ അവസാനിപ്പിച്ച് അടുത്തു കണ്ട ഒരു വലിയ കടമ്പുവൃക്ഷത്തിന്മേൽ കയറി ഏറ്റവും ഉയർന്ന കൊമ്പിന്റെ ഒരു ചില്ലയിൽ ഇലകളുടെ ഇടയിൽ ഒരു പക്ഷിക്കുഞ്ഞെന്നപോലെ അദ്ദേഹം ഇരിപ്പുറപ്പിച്ചു. എങ്കിലും ആത്മജ്ഞാനത്തിൽ ഉണർവ്വു കിട്ടീട്ടില്ലാതിരുന്നതിനാൽ കർമ്മഠമായിരുന്നു അദ്ദേഹത്തിന്റെ ചിത്തം. വാസനാശബളമായ തന്റെ ചിത്തം കൊണ്ട് അദ്ദേഹം അവിടെയിരുന്നു പല യജ്ഞങ്ങളും ചെയ്യാൻ തുടങ്ങി. അങ്ങനെ പത്തുകൊല്ലക്കാലം അദ്ദേഹമവിടെയിരുന്ന് അനേകം അശ്വമേധങ്ങൾ ചെയ്തു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ നിർമ്മലമായിത്തീർന്ന ചിത്തത്തിൽ സത്യമായ ആത്മജ്ഞാനം

പ്രകാശിച്ചു. ജ്ഞാനപ്രകാശംകൊണ്ട് വിഭ്രാന്തികളെല്ലാമകന്നു ചരിതാർത്ഥനായിത്തീർന്ന ദാശൂരമുനി പിന്നെ വളരെക്കാലം ബ്രഹ്മഭാവനചെയ്തു ബ്രഹ്മഭൂതനായിത്തന്നെ ആ കടമ്പുവൃക്ഷത്തിൽ കഴിഞ്ഞുവന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അത്യന്തസുന്ദരിയായ ഒരു വനദേവത ആ വൃക്ഷത്തിൽ ഋഷിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവളെക്കണ്ടിട്ടും വിശേഷിച്ചു ഭാവഭേദങ്ങളൊന്നും കൂടാതെ അവളാരാണെന്നും തന്നെക്കൊണ്ട് എന്താണാവശ്യമെന്നും അന്വേഷിച്ചു. താനൊരു വനദേവതയാണെന്നും തനിക്കൊരു പുത്രനുണ്ടാവാൻ അനുഗ്രഹിക്കണമെന്നുമാണവളുടെ മറുപടി. ദാശൂരൻ അപ്പോൾ ഒരു പുഷ്പമെടുത്തവൾക്കു കൊടുത്ത് ഒരു മാസത്തിനുള്ളിൽ ഒരു പുത്രനെ പ്രസവിക്കാനിടവരുമെന്നു പറഞ്ഞനുഗ്രഹിച്ചു. ഋഷിയെ ശുശ്രൂഷിച്ചുകൊണ്ടവിടെത്തന്നെ താമസിച്ചാൽ കൊള്ളാമെന്ന ആഗ്രഹംകൂടി പ്രകടമാക്കിയപ്പോൾ അതിനെ ആ മുനീശ്വരൻ അനുവദിച്ചില്ല. അതിനാൽ വനദേവത തന്റെ വാസസ്ഥാനത്തേയ്ക്കു മടങ്ങിപോവുകയും ചെയ്തു. പിന്നെ വിശേഷ സംഭവങ്ങളൊന്നുമില്ലാതെ വളരെക്കാലം കഴിയുകയും ചെയ്തു. അങ്ങനെയിരിക്കെ പിന്നെയും ഒരു ദിവസം ആ വനദേവത പന്ത്രണ്ടു വയസ്സായ ഒറു ബാലനോടുകൂടി ഋഷിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം അനുഗ്രഹിച്ചുകൊടുത്ത ശിശുവാണ് ആ കുമാരനെന്നും അവന് വേദശാസ്ത്രങ്ങളെല്ലാം മുഖസ്ഥങ്ങളായിക്കഴിഞ്ഞിരിക്കുന്നുവെന്നും എന്നാൽ ആത്മജ്ഞാനമുണ്ടാവാത്തതുകൊണ്ട് ഇപ്പോഴും സംസാരവിഭ്രാന്തി നശിച്ചിട്ടില്ലെന്നും അതിനാൽ കുട്ടിക്ക് ആത്മജ്ഞാനമുപദേശിച്ച് അവനെ ചരിതാർത്ഥനാക്കണമെന്നും അപേക്ഷിച്ചു വനദേവത. ദാശൂരമുനി അതിനെ അംഗീകരിച്ചു. വനദേവതയെ പറഞ്ഞയച്ചു കുമാരനെ അവിടെ താമസിപ്പിച്ച് ആത്മജ്ഞാനമുപദേശിക്കാൻ തുടങ്ങി.

പല പല ഇതിഹാസങ്ങളേയും ശാസ്ത്രനിർദ്ദേശങ്ങളേയും ജഗൽ സ്വഭാവങ്ങളേയും മായാവൈഭവത്തേയുമൊക്കെ പല പ്രകാരത്തിൽ പലപ്രാവശ്യം ചമല്ക്കാരത്തോടുകൂടി പറഞ്ഞു കൊടുത്തു. അനന്തരം ഒരു ദിവസം രാത്രി വളരെ ചമല്ക്കാരത്തോടുകൂടി അജ്ഞാനസ്വരൂപത്തെ ഉപദേശിച്ചു കൊടുത്തു. ഹേ! രാമ! ഇതു കേട്ടാൽത്തന്നെ ഒരാൾക്ക് അജ്ഞാനനാശം വന്നു ജ്ഞാനം പ്രകാശിക്കും.

ഹേ! കുമാര! വസ്തുസ്വരൂപത്തെ വേണ്ടുവണ്ണമറിയാനായി ഞാനൊരിതിഹാസത്തെപ്പറയാം. ശ്രദ്ധവെച്ചു കേൾക്കൂ. പണ്ടു സ്വോത്ഥനെന്നു പേരായി മഹാപ്രതാപശാലിയായ ഒരു രാജാവുണ്ടായി. അദ്ദേഹത്തിന്റെ പരാക്രമണത്തിന് യാതൊരതിർത്തിയുമില്ല. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർപോലും അയാളുടെ പരാക്രമത്തിന്റെ ചില അംശങ്ങൾ മാത്രമാണ്. അദ്ദേഹത്തിന് ലോകഭരണത്തിന് ഉത്തമമധ്യമാധമങ്ങളായി മൂന്നു ശരീരങ്ങളുണ്ട്. മൂന്നും വളരെ പ്രബലങ്ങളാണ്. അദ്ദേഹത്തിന്റെ രാജ്യത്തു മൂന്നു പട്ടണങ്ങളും പതിനാലു വീഥികളും എപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന തണുപ്പും ചൂടുമാകുന്ന രണ്ടു ദീപങ്ങളും വലിയ ക്രീഡാ പർവ്വതങ്ങളും ഏഴു വലിയ പൊയ്കകളുമുണ്ട്. ഇതിനൊക്കെപ്പുറമേ ഇവകൊണ്ടൊന്നും തൃപ്തിപ്പെടാതെ ആ സ്വോത്ഥൻ അനേകം ചെറിയ ചെറിയ

ഗൃഹങ്ങൾ നിർമ്മിച്ചു അവയിലൊക്കെ സ്വൈരവിഹാരം ചെയ്യാൻ തുടങ്ങി. ഭയങ്കരങ്ങളായ വേതാളങ്ങളെ ആ ഗൃഹങ്ങളുടെ രക്ഷക്കായി കാവലാക്കി. ഓരോ ഗൃഹത്തിനും ഒമ്പതുവീതം ദ്വാരങ്ങളും ധാരാളം ജനലുകളും അയ്യഞ്ചു ദീപങ്ങളുമുണ്ട്. നല്ല കറുത്ത പുല്ലുകൊണ്ട് എല്ലാ ഗൃഹങ്ങളുടെയും മേൽപ്പുര ഭംഗിയായി മേഞ്ഞിട്ടുമുണ്ട്. അവയിലെല്ലാം എപ്പോഴും വിഹരിച്ചുകൊണ്ടിരിക്കയാണ് സ്വോത്ഥരാജാവ്.

എന്നിങ്ങനെ ദാശുരമാമുനി പറഞ്ഞപ്പോൾ എന്താണ് പറഞ്ഞതിന്റെ താൽപര്യമെന്നറിയാതെ വിഷമിച്ച കുമാരനോടു വീണ്ടും പറഞ്ഞു. കാരണംകൂടാതെ ചിദാകാശത്തിൽ നിന്നു പൊന്തിയ സങ്കൽപംതന്നെ ഹേ! കുമാരക! സ്വോത്ഥരാജാവ്. സത്വാദിഗുണങ്ങൾതന്നെ അദ്ദേഹത്തിന്റെ ശരീരത്രയം. ത്രിഗുണമയമാണ് പ്രപഞ്ചം. അദ്ദേഹത്തിന്റെ രാജ്യത്തിലെ മൂന്നു തെരുവുകൾ ത്രൈലോക്യവും പതിനാലുവീഥികൾ ചതുർദ്ദശലോകങ്ങളുമാണ്. ക്രീഡാശൈലങ്ങൾ ഹിമാലയാദിപർവ്വതങ്ങളും സരസ്സുകൾ സമുദ്രങ്ങളുമെന്നത്രേ ഞാൻ പറഞ്ഞത്. ചെറുഗൃഹങ്ങൾ ശരീരങ്ങൾതന്നെ. ഒമ്പതുദ്വാരങ്ങൾ ദൃഗാദിനവദ്വാരങ്ങളും അയ്യഞ്ചു വിളക്കുകൾ പഞ്ചേന്ദ്രിയങ്ങളും കറുത്ത പുല്ലുകൾ കേശങ്ങളും വേതാളങ്ങൾ അഹങ്കാരങ്ങളുമാണ്. അങ്ങനെയുള്ള ശരീരങ്ങളിൽ സങ്കല്പം വളരുന്നതുതന്നെ സ്വോത്ഥന്റെ വിഹാരം. ഹേ കുമാര! ഇങ്ങനെ ഈ പ്രപഞ്ചം മുഴുവൻ വെറും സങ്കല്പം മാത്രമാണ്.

അതിനാൽ വളരെക്കാലം കഠിനങ്ങളായ തപസ്സുചെയ്തു പല സിദ്ധികളും സമ്പാദിച്ചതുകൊണ്ടോ സ്വർഗ്ഗാദിലോകങ്ങളിൽ പോയി ചിരകാലം താമസിച്ചതുകൊണ്ടോ പലവിധ പദാർത്ഥങ്ങളെയോ ആധിപത്യങ്ങളെയോ സമ്പാദിച്ചു എന്നതുകൊണ്ടോ വിശേഷിച്ചു പ്രയോജനമൊന്നുമില്ല. സങ്കല്പങ്ങളടങ്ങുന്നു എന്നതുതന്നെ ശ്രേയസ്സ്. സങ്കല്പനാശംമാത്രമാണ് സൽഗതിക്കുള്ള ഏകമാർഗ്ഗം. ചരടു പൊട്ടിയാൽ മാലയിലെ കുരുക്കളെല്ലാം ചിന്നിച്ചിതറുന്നതെപ്രകാരമോ, അതുപോലെയാണ് സങ്കല്പചരടു പൊട്ടിയാൽ സംസാരം മുഴുവൻ ചിന്നിച്ചിതറുന്നത്. സങ്കല്പനൂലിലാണ് ചതുർദ്ദശലോകങ്ങളുമെന്നു വേണ്ട, സംസാരം മുഴുവൻതന്നെയും കോർക്കപ്പെട്ടിരിക്കുന്നത്. അതിനാൽ നിർവ്വികാരവും ഘനീഭൂതവസ്തുസ്വരൂപമായ നിസ്സങ്കല്പതയെ വളർത്താൻ ശ്രമിക്കൂ. അതുകൊണ്ടേ ശ്രേയസ്സുണ്ടാവൂ. എന്നിങ്ങനെ ദാശുരമുനി ഉപദേശിച്ചപ്പോൾ എങ്ങിനെയുള്ളതാണ് സങ്കൽപം? എങ്ങനെയാണതുണ്ടാവുന്നത്? എങ്ങനെ ക്ഷയിക്കുന്നതെന്നു ചോദിച്ച കുമാരനോടു മറുപടി പറയുകയാണ്.

ഹേ കുമാരക! സർവ്വത്ര വ്യാപ്തവും സർവ്വത്തിന്റേയും സത്താമാത്രവും ആത്മസ്വരൂപവുമായ ചിത്തത്തിന്റെ ചേത്യോന്മുഖത്വം അല്ലെങ്കിൽ പ്രകടഭാവം മാത്രമാണ് സങ്കല്പത്തിന്റെ ബീജം. ചൈതന്യം സ്വരൂപതയെ പ്രാപിക്കുന്നു എന്നതുതന്നെ സങ്കല്പം. സങ്കല്പമല്ലാതെ മറ്റൊരു കാരണവും അതിനില്ല. രൂപതയെ പ്രാപിക്കുമ്പോൾ ദൃശ്യമായി താൻതന്നെയാണ് ദൃശ്യമായിത്തീർന്നതെങ്കിലും ദൃശ്യമാവുമ്പോൾ അതു തന്നിൽനിന്നന്യമാണെന്നു തോന്നുകയായി. ബീജത്തിൽ

നിന്നങ്കുരമുണ്ടായിത്തീരുമ്പോൾ വാസ്തവത്തിൽ അവരണ്ടും ഒന്നാണെങ്കിൽക്കൂടി എപ്രകാരം രണ്ടെന്ന ബോധമുണ്ടായിത്തീരുന്നുവോ, അതുപോലെ ദൃശ്യമുണ്ടാവുന്നതോടെ ദ്രഷ്ടാവായ തന്നിൽനിന്നു വേറെയാണ് ദൃശ്യമെന്നു തോന്നുകയായി. ദ്വൈതഭാവം പല പ്രകാരത്തിലുള്ള വികാരങ്ങൾക്കും ഭാവങ്ങൾക്കും കർമ്മങ്ങൾക്കും ഹേതുവാകും. അവയെല്ലാം കൂടിച്ചേർന്നതുതന്നെ സംസാരം. ദൃക്ദൃശ്യങ്ങളുടെ വ്യത്യസ്തബോധം തന്നെ സങ്കൽപത്തിന്റെ വളർച്ചയ്ക്ക് ഹേതു. സങ്കല്പം വളരുംതോറും കർമ്മവും ദുഃഖവും വർധിച്ചുകൊണ്ടേയിരിക്കും. ഏതുരൂപത്തിലുള്ള സങ്കൽപത്തിൽ നിന്നും ദുഃഖമല്ലാതെ മറ്റൊന്നുതന്നെ കിട്ടുന്നില്ല. എന്നാലും സങ്കല്പങ്ങളെ അടക്കി ദുഃഖത്തിൽ നിന്നു നിവർത്തിക്കാൻ തോന്നില്ല, അതാണ് ലോക സ്വഭാവം. സങ്കൽപം കൊണ്ടുണ്ടായ ദുഃഖത്തിന്റെ നിവൃത്തിക്കു പിന്നെയും ചില സങ്കൽപങ്ങളെ വളർത്തും. അതാണ് അവിവേകികളുടെ പതിവ്.

വാസ്തവത്തിൽ സങ്കല്പങ്ങളെ അടക്കാൻ വിഷമമൊന്നുമില്ല. ഒരു ഭാവനയും ചെയ്യാതിരിക്കൽ മാത്രമേ വേണ്ടൂ. ഭാവനകളെ വളർത്താനാണ് അദ്ധ്വാനംവേണ്ടത്. നിരസിക്കാൻ അദ്ധ്വാനമാവശ്യമില്ല. എന്നിരുന്നാലും ചിരകാലത്തെ പരിചയംകൊണ്ട് ഭാവനങ്ങളെ നിരസിക്കാനാണ് പ്രയത്നം ആവശ്യമായിട്ടിരിക്കുന്നത്. അതാണ് സാധാരണജനങ്ങളുടെ സ്വഭാവം. എന്നാലും പരമാർത്ഥം അറിഞ്ഞുകഴിഞ്ഞാൽ ഭാവനയെ നിരസിക്കുകയെന്നതായാസമുള്ള പണിയല്ല. വാസ്തവം പറഞ്ഞാൽ ഒരു പിച്ചകപ്പൂവിനെ മർദ്ദിക്കാൻ അൽപമെങ്കിലും അദ്ധ്വാനം വേണം. എന്നാൽ അത്രപോലും അദ്ധ്വാനമാവശ്യമില്ല ഭാവനയെ നിരസിച്ചു സങ്കൽപത്തെ അടക്കാൻ. സങ്കല്പങ്ങളടങ്ങിക്കഴിഞ്ഞാൽ സംസാരമെന്ന ഒന്നില്ലാതായിത്തീരുമെന്നതു തർക്കമറ്റ സംഗതിയാണ്. ആകാശം എങ്ങനെ ശൂന്യമായിത്തീരുന്നുവോ, അതുപോലെ ജഗത്തും ശൂന്യമാണ്. യാതൊന്നും ഉണ്ടായിട്ടില്ല. എല്ലാം മനസ്സിന്റെ കൽപനയല്ലാതെ മറ്റൊന്നുമില്ല. അതിനാൽ ഹേ കുമാര! നീ മനസ്സിനെ അടക്കുക. മനസ്സുതന്നെ സങ്കൽപം. സങ്കൽപവും മനസ്സും രണ്ടല്ല. സങ്കൽപങ്ങളടങ്ങിയാൽ മനസ്സില്ലാതായി. അതോടെ സംസാരവും അവസാനിച്ചു. എന്നൊക്കെയാണ് ദാശൂരമുനി ആ കുമാരനെ പഠിപ്പിച്ചിരുന്നത്. ഹേ രാമചന്ദ്രാ! അതു ശ്രദ്ധയോടെ കേട്ടാൽത്തന്നെ ഒരാളുടെ എല്ലാ അജ്ഞാനബന്ധങ്ങളും നശിക്കും എന്നു പറഞ്ഞുകൊണ്ടാണ് ദാശൂരോപാഖ്യാനത്തെ അവസാനിപ്പിക്കുന്നത്.

ഉപദേശാഖ്യാനം

വസിഷ്ഠമഹർഷി പറകയാണ്. ഹേ രാമചന്ദ്ര! അനന്തമായ കാലപ്രവാഹത്തിൽ നൂറുകൊല്ലമെന്നതെത്ര നിസ്സാരമാണ്! നൂറു കൊല്ലം ഒരാളുടെ പരമായുസ്സാണെങ്കിൽ അയാൾക്കീ പ്രപഞ്ചത്തിൽ എത്രത്തോളം ആഗ്രഹിക്കാൻ വകയുണ്ട്? വളരെ വേഗത്തിൽ കഴിയാവുന്ന ഒന്നേ ഉള്ളൂ നൂറു കൊല്ലം. ആഗ്രഹംകൊണ്ട് ആയുസ്സിനെ വർദ്ധിപ്പിക്കാൻ കഴിയില്ലെന്നു വ്യക്തമല്ലേ? ഒന്നിനെയും വർദ്ധിപ്പാക്കാനോ ക്ഷയിപ്പിക്കാനോ കഴിയില്ല ആഗ്രഹം കൊണ്ട്. ബന്ധത്തേയും ദുഃഖത്തേയും നിലനിർത്താൻ മാത്രം കഴിയും. അതിനാൽ ആഗ്രഹങ്ങളെ കേവലം ഉപേക്ഷിക്കലല്ലേ ബുദ്ധി പൂർവ്വകമായ പ്രവൃത്തി? വിവേകമില്ലാത്തതുകൊണ്ടാണ് അങ്ങനെ തോന്നാത്തതും ചെയ്യാത്തതും. ആരും ഒന്നും ആഗ്രഹിച്ചില്ലെങ്കിലും ഈ ലോകം നടക്കേണ്ടതുപോലെ അങ്ങനെ നടന്നുകൊള്ളും. ബ്രഹ്മത്തിന്റെ സാന്നിധ്യംമാത്രം കൊണ്ടാണ് പ്രപഞ്ചം നടക്കുന്നത്. അല്ലാതെ ആഗ്രഹം കൊണ്ടല്ല, രത്നം ആഗ്രഹിച്ചില്ലെങ്കിലും അതിന്റെ പ്രകാശപ്രസരത്തിന്നൊരു കുറവുമില്ല. അതുപോലെ തന്റെ സാന്നിധ്യം മാത്രമേ ആവശ്യമുള്ളൂ എല്ലാം നടക്കാൻ. കർത്തവ്യങ്ങളെ ചെയ്യണമെന്നതു വാസ്തവംതന്നെ. എന്നാൽ അതിന് ആഗ്രഹം അത്യാവശ്യമാണെന്നില്ലല്ലോ. ഒന്നും ആഗ്രഹിക്കാതെയും ഒന്നിനും കർത്താവാകാതെയും തന്നെ എല്ലാ കർത്തവ്യങ്ങളും നിറവേറ്റാൻ സാധിക്കും. എങ്കിലും അതസാദ്ധ്യമാണെന്നു തോന്നുന്നുവെങ്കിൽ എല്ലാം ഞാനാണെന്ന മഹാകർത്തൃത്വത്തെ വരിച്ചാലും മതി. എന്നാലും രാഗദ്വേഷങ്ങളോ ബന്ധദുഃഖങ്ങളോ ഉണ്ടാവാൻ പോവുന്നില്ല.

അകർത്തൃത്വം അല്ലെങ്കിൽ മഹാകർത്തൃത്വം ഇങ്ങനെ രണ്ടു മാർഗ്ഗങ്ങളേയുള്ളൂ കർമ്മങ്ങൾ തന്നോടു ബന്ധപ്പെടാതിരിക്കാൻ. അവ രണ്ടും ഒരാൾക്കു നിലനിർത്താൻ സാധ്യമല്ലെന്നു വരുന്നപക്ഷം പ്രസ്തു രണ്ടു ദൃഷ്ടികളേയും വിട്ടു സർവ്വത്ര സാമ്യഭാവത്തെ വളർത്തി മനസ്സിനെത്തന്നെ നശിപ്പിക്കയാണ് വേണ്ടത്. അങ്ങനെ സാധിച്ചാൽ പിന്നെ ഒന്നിന്റെയും ബാധയില്ല. പക്ഷെ അങ്ങനെ സാധിക്കാനേ കുറച്ചു വിഷമമുള്ളൂ. മനസ്സിനെ സാമ്യഭാവം കൊണ്ടു നശിപ്പിക്കുന്നത്രയൊന്നും വിഷമമില്ല അകർത്തൃത്വത്തെയോ മഹാകർത്തൃത്വത്തെയോ നിലനിർത്താൻ സാമ്യതാഭാവം വന്ന ഒരാൾക്ക് എന്തു ചെയ്യുന്നതും ചെയ്യാതിരിക്കുന്നതുമെല്ലാം ഒരുപോലെയാണ്. അതിനാൽ അങ്ങനെയുള്ളാൾക്കു കർത്തവ്യങ്ങളുണ്ടാവൻ വയ്യ. തനിക്കു ചില കർത്തവ്യങ്ങളുണ്ടെന്ന തോന്നൽ കൊണ്ടാണല്ലോ സാമ്യതാഭാവം കിട്ടാത്തത്. അങ്ങനെയിരിക്കുംകാലത്തോളം അകർത്തൃത്വത്തെ മാനിക്കുകയും നിലനിർത്തുകയും തന്നെയാണ് ചെയ്യേണ്ടത്. അതിനാൽ ഒന്നിനും ഞാൻ കർത്താവല്ലെന്നോ, അല്ലെങ്കിൽ എല്ലാറ്റിന്നും ഞാൻമാത്രമാണ് കർത്താവെന്നോ ഉള്ള ഭാവനയെ നിർത്തുന്നതാണ് നല്ലത്. പറയപ്പെട്ട രണ്ടു ഭാവങ്ങളിൽ ഏതെങ്കിലും ഒന്നിനെ ബലമായവലംബിച്ചുകൊണ്ടാണ് വിവേകികളൊക്കെയും ജീവിതം നയിക്കുന്നത്.

എല്ലാ അനർത്ഥങ്ങൾക്കും ഏകഹേതു വാസനായണ്. വിഷയങ്ങളുടെ നിത്യസാഹചര്യംകൊണ്ടും ആഗ്രഹങ്ങളുടെ ദൃഢതകൊണ്ടും തത്തൽപദാർത്ഥങ്ങളോടും കർമ്മങ്ങളോടും ബന്ധപ്പെട്ട വാസനകൾ ചിത്തത്തിൽ കട്ടപിടിച്ചുകിടക്കുകയാണ്. അവയാണ് ഹേ രാമ! ജീവനെ നാനാജന്മങ്ങളിൽക്കൂടെയും കർമ്മങ്ങളിൽക്കൂടെയും അനുഭവങ്ങളിൽക്കൂടെയും പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്നത്. പ്രാണാദികരണങ്ങളുടെ ചലനം, ചേഷ്ട തുടങ്ങിയവകൂടിയും വാസകളുടെ പ്രേരണയ്ക്കനുസരിച്ചാണ്. അതിനാൽ ബുദ്ധിമാനായ രാമചന്ദ്രാ! വിവേകം കൊണ്ടു വാസനാപ്രവാഹത്തെ ഫലപ്രദമാംവണ്ണം തടഞ്ഞു കരണങ്ങളെ അടക്കി സ്വസ്വരൂപസ്ഥിതനായിരിക്കു. സംസാരതാപത്തിൽ നിന്നു നിവർത്തിക്കാനുള്ള ഒരേയൊരു മർഗ്ഗം അതാണ്.

മനസ്സിൽനിന്ന് എല്ലാം നീങ്ങിക്കഴിഞ്ഞാൽ അവൻ മിക്കവാറും മുക്തനായെന്നുതന്നെ പറയാം. മുക്തനായിക്കഴിഞ്ഞാൽ അവൻ സാക്ഷാൽ ഈശ്വരനാണെന്നുതന്നെ പറയണം. കർമ്മം ചെയ്തുകൊണ്ടിരുന്നാലും എല്ലാ കർമ്മങ്ങളെയും ഉപേക്ഷിച്ചു സമാധി പരിശീലിച്ചു കൊണ്ടിരുന്നാലും മനസ്സിൽ യാതൊരുവിധ ആസ്ഥയുമില്ലെങ്കിൽ എല്ലാം ഒരു പോലെയാണ്. എന്തെങ്കിലും ചില ആഗ്രഹങ്ങളുണ്ടെങ്കിലും അങ്ങനെത്തന്നെ, അവൻ ബദ്ധൻതന്നെയാണ്. വാസനകൾ നിശ്ശേഷം ക്ഷയിച്ചുകഴിഞ്ഞാൽ ഒരാൾക്കു യാതൊരു ബന്ധവുമില്ലെന്നു പറയണം. വാസനയാണ് പല ബന്ധങ്ങളേയും സൃഷ്ടിക്കുന്നത്. അതിനാൽ വാസകളെ വളരെ സൂക്ഷിക്കണം. വാസനകളടങ്ങി മനസ്സിനു മൗനം കിട്ടിക്കഴിഞ്ഞ ഒരാൾ ജപിച്ചാലും തപസ്സുചെയ്താലും ഒന്നും ചെയ്തില്ലെങ്കിലും ഒക്കെ ഒരു പോലയാണ്.

പലരും പലേടത്തും ചുറ്റിനടന്നു തത്വാന്വേഷണം ചെയ്യുന്നു. പക്ഷേ തത്വത്തെ അറിയുന്നവർ വളരെ വിരളമാണ്. പഞ്ചഭൂതമയമാണ് ജഗത്ത്. ആറാമതൊരു ഭൂതം എവിടേയും ഇല്ല. പിന്നെ എവിടെയൊക്കെ ചുറ്റിനടന്നിട്ടെന്താണ്? അതിനാൽ ഇരിക്കുന്നേടത്തിരുന്നു തത്വത്തെ അറിയലാണാവശ്യം. വാസനകൾ ക്ഷയിച്ചു കരണങ്ങളടങ്ങി മനസ്സു നിശ്ചലമായിത്തീർന്നുകൊണ്ടുള്ള മൗനമാണാവശ്യം.അതുകൊണ്ടേ ശ്രേയസ്സുണ്ടാവാൻ പോവുന്നുള്ളൂ. അത്രനല്ല അനുഷ്ഠാനം മറ്റൊന്നുമില്ലെന്നുതന്നെ പറയണം. പഞ്ചഭൂതവികാരമാണ് ഏതു ലോകത്തിലെ ഏതു പദാർത്ഥവും. അവയെല്ലാം ജഡങ്ങളും നശിക്കുന്നവയുമാണുതാനും. ആ സ്ഥിതിക്കു സ്വർഗ്ഗലോകത്തോ നാഗലോകത്തോ ഭൂമിയിലോ എവിടെ ഇരുന്നാലെന്താണ്? ഏതു ലോകത്തിനും ഏതു പദാർത്ഥത്തിനും പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. ഭാവനകൊണ്ടാണ് ചിലതു നല്ലതും ചിലതു ചീത്തയുമാണെന്നൊക്കെ തോന്നുന്നത്. ഒരു ഭാവനയുമില്ലാത്ത ഒരാൾക്ക് എല്ലാം ഒരുപോലെയല്ലാതെ ഒരു വ്യത്യാസവുമില്ല. സുഖദുഃഖങ്ങളും ഭാവനാസൃഷ്ടിമാത്രമാകയാൽ ഭാവനയില്ലാത്തവരെ അപേക്ഷിച്ചു സുഖദുഃഖങ്ങളുമില്ല. ചിത്തവിശ്രാന്തിയാണാവശ്യം. അതാകട്ടെ ലോകങ്ങളെക്കൊണ്ടോ ലോകപദാർത്ഥങ്ങളെക്കൊണ്ടോ കിട്ടാവുന്നതല്ല.

യുക്തിയോടും വിചാരത്തോടും കൂടി ജീവിക്കുന്ന ഒരാൾക്കു പശുവിന്റെ കുളമ്പടിപ്പാടുപോലെ നിസ്സാരമാണ് സംസാരം. അങ്ങനെ ചെയ്യാത്ത അവിവേകികളും രാഗികളുമായവർക്കാകട്ടെ പ്രളയസമുദ്രംപോലെ ഭയാനകവുമാണ്. തത്വജ്ഞനായ ഒരാൾക്ക് ഈ ജഗത്തിന്റെ ഏതൊരു ചമൽക്കൃതിയിലും യാതൊരു കൗതുകവുമില്ല. അജ്ഞന്മാർക്കാണ് പലതരത്തിലുള്ള ആശയും കൗതുകവും വളരുന്നത്. അവർ അവരുടെ അജ്ഞാനക്കയറുകൊണ്ടുതന്നെ കെട്ടപ്പെട്ടവരുമാണ്. നിർമ്മലമായ സച്ചിദാനന്ദബ്രഹ്മസമുദ്രത്തിൽ പൊന്തിക്കാണുന്ന നുരകളും കുമിളകളുമാണ് ജഗത്തെല്ലാം. തത്വജ്ഞൻ അതിനെ അറിയുന്നു. പണ്ടൊരിക്കൽ ദേവാചാര്യപുത്രനായ കുചൻ വളരെ കാലത്തെ സമാധിബന്ധത്തിൽ നിന്നുണർന്ന് ഒരു ഗാഥയെ പാടുകയുണ്ടായി. ആത്മജാഞാനിയുടെ ബ്രഹ്മരസചമല്ക്കാരം നിറഞ്ഞ ആ പാട്ടിനെ ഞാൻ പറയാം. കേട്ടോളൂ.

എന്നു പറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി പണ്ടു കുചൻ പാടിയ ഗാഥയെ പറഞ്ഞുകൊടുക്കാൻ തുടങ്ങി: "ശരീരത്തിന്നകത്തും പുറത്തും ചുവട്ടിലും മുകളിലും ഇടത്തും വലത്തുമെന്നു വേണ്ട എല്ലായിടത്തും ഞാൻതന്നെ നിറഞ്ഞിരിക്കുന്നു. എന്നിൽനിന്നന്യമായി ഒന്നും തന്നെ കാണപ്പെടുന്നില്ല. ആസ്ഥിതിക്ക് എന്തിനെയാണ് കൊള്ളേണ്ടത്, എന്തിനെയാണ് തള്ളേണ്ടത്, എവിടേയ്ക്കാണ് വരണ്ടേത്, എന്താണ് ചെയ്യേണ്ടത്, എന്തിനെയാണനുഭവിക്കേണ്ടത്? എല്ലാം ഞാനായിട്ടിരിക്കുന്നു. ഞാനില്ലാത്ത ഒരു വസ്തുവേയും കാണുന്നില്ല. എല്ലാം ജ്ഞാനഘനസ്വരൂപമായിട്ടിരിക്കുന്നു. അഹോ! ആശ്ചര്യമാശ്ചര്യം!" ഹേ രാമചന്ദ്ര! ആത്മാവിൽ ഉണർവ്വുവന്ന് അദ്വൈതമായ പരമഭാവം പ്രകാശിച്ച മഹാത്മാവിന്റെ നിർവൃതിസ്വരൂപങ്ങളായ അനുഭവവാക്യങ്ങൾ എത്ര സുന്ദരങ്ങളായിട്ടിരിക്കുന്നു. ഇങ്ങനെ സത്വസമ്പന്നന്മാരും ഉത്തമന്മാരുമായി ജനിച്ച സുകൃതികളൊക്കെത്തന്നെയും ആനന്ദമത്തന്മാരായിത്തന്നെ ജീവിതത്തെ നയിച്ചു അവസാനം സ്വരൂപസ്ഥിയിൽ ലയിക്കുന്നു. അവരൊരിക്കലും പിന്നീട് ഈ സംസാരത്തിലേയ്ക്കു മടങ്ങിവരുന്നില്ല. മൂഢന്മാരും ദുഷ്കൃതികളുമായിജ്ജനിച്ചു രജസ്തമസ്സുകളെ വളർത്തി മലിനമായി ജീവിച്ച പാപികളാണ് വീണ്ടും വീണ്ടും ഈ സംസാരത്തിൽത്തന്നെ ജനിച്ചും മരിച്ചും കഴിഞ്ഞുകൂടുന്നത്.

ആര്യതാ, സൗമ്യതാ, ഔദാര്യം, സമതാ തുടങ്ങിയ സൽഗുണങ്ങൾ നിറഞ്ഞ സജ്ജനങ്ങളുമായി എപ്പോഴും സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കണം. അതിനു വിപരീതഗുണങ്ങളുള്ളവരുമായി സമ്പർക്കമില്ലാതിരിക്കാനും ശ്രമിക്കണം. ഞാനെന്നുള്ളതാരാണ്? വിശാലമായ ഈ സംസാരം എങ്ങനെയുണ്ടായി? ആരുണ്ടാക്കി? എന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുകയും വേണം. മൃത്യുവുണ്ടെന്ന കഥ എപ്പോഴും മറക്കരുത്. അതെപ്പോൾ വരുമെന്നോർക്കും അറിഞ്ഞുകൂടാ. വന്നാൽപ്പിന്നെ ഒന്നിനും സമയമില്ല. അതിനാൽ നേരത്തേതന്നെ തയ്യാറായി മൃത്യുവിന്റെ ബാധയേല്കാതിരിക്കത്തക്ക നിലയിൽ കാത്തിരിക്കണം. ആദിത്യനിലും നിസ്സാരമായ കീടത്തിലും ഒരേ ചൈതന്യമാണ് വിളങ്ങുന്നത്. സത്വാദിഗുണങ്ങളുടെ ഏറ്റക്കുറവുകളും സംസ്കാരത്തിന്റെ ഉച്ചനീചത്വങ്ങളുമെല്ലാം തന്റെ പ്രയത്നം കൊണ്ടുണ്ടായിത്തീരുന്നവയാണ്. അതിനാൽ പ്രയത്നത്തെ

വേണ്ടതുപോലെ ഉപയോഗപ്പെടുത്തുകയും വേണം.

ഉപശമപ്രകരണം

ഹേ രാമചന്ദ്ര! രജസ്തമസ്സുകൾ വർദ്ധിച്ചു ചിത്തം ദൂഷിച്ച് ഒരിക്കലും സത്യത്തെ അറിയാൻ പരിശ്രമിക്കാതെ ജീവിക്കുന്ന പ്രാകൃതന്മാരാണ് ഒരു പ്രകാരത്തിൽ പറഞ്ഞാൽ ഈ സംസാരത്തെ നിലനിർത്തുന്നത്. സത്വഗുണം വളർന്നു മൈത്ര്യാദിസൽഭാവങ്ങളോടുകൂടിയ സജ്ജനങ്ങൾ ജീവിതത്തിന്റെ ലക്ഷ്യത്തെ അറിയുകയും സംസാരത്തെ അതിക്രമിച്ചു ലക്ഷ്യത്തെ അറിയുകയും ചെയ്യുന്നു. കാണുന്നതെല്ലാം ബ്രഹ്മമാണ്. അപരിച്ഛിന്നവും അദ്വൈതവുമായ ബ്രഹ്മത്തിൽ നിന്നന്യമായി ഒന്നുംതന്നെ സംഭവിച്ചിട്ടില്ല. സംഭവിച്ചുവെന്നു തോന്നപ്പെടുന്നവയെല്ലാം കല്പനകൾമാത്രമാണ്. ബ്രഹ്മത്തിൽ ചെയ്യപ്പെടുന്ന കല്പനകൾ സമുദ്രത്തിൽ തിരമാലകളെന്നപോലെയാണ്. സമുദ്രത്തിൽ നിന്നു വേറെയല്ല തിരകളെന്നു പ്രത്യക്ഷമാണ്. അതുപോലെ ബ്രഹ്മത്തിലും എന്തൊക്കെ കല്പിച്ചാലും അവയൊന്നുംതന്നെ ബ്രഹ്മത്തിൽ നിന്നു വേറെയല്ലെന്നു വ്യക്തമാണ്. അങ്ങനെ എല്ലാം ബ്രഹ്മമാണെന്നു ബോദ്ധ്യം വന്നുകഴിഞ്ഞാൽ പിന്നെ ആർക്കാണ് ജനനവും മരണവും ബന്ധവും ദുഃഖവുമെല്ലാമുള്ളത്? വെറും ഭ്രമം മാത്രമാണ് സംസാരാനുഭവങ്ങളെല്ലാമെന്നു ബോദ്ധ്യംവരും. ജ്ഞാനവൈരാഗ്യങ്ങൾ വളർന്നു കർമ്മവാസനകൾ നശിച്ച് ഒടുവിലത്തെ ജന്മമായിട്ടുള്ള ഒരാൾക്കീ ആത്മജ്ഞാനം സ്വാഭാവികമായിട്ടുണ്ടാവും. അങ്ങനെ സ്വാഭാവികമായിട്ടുണ്ടായിട്ടില്ലെങ്കിൽ പ്രയത്നം കൊണ്ടുണ്ടാവാൻ പരിശ്രമിക്കുകയും വേണം. സജ്ജനസംസർഗ്ഗം കൊണ്ടോ ശാസ്ത്രവിചാരം കൊണ്ടോ എങ്ങനെയെങ്കിലും സത്വഗുണത്തെ വളർത്താൻ ശ്രമിക്കണം. സത്വഗുണം വളർന്നാൽ മാത്രമേ ചിത്തശുദ്ധിയും ജ്ഞാനപ്രാപ്തിയുമെല്ലാമുണ്ടാവാൻ പോവുന്നുള്ളൂ. സാധാരണ അജ്ഞന്മാരായ സംസാരികൾക്ക് ആത്മജ്ഞാനപ്രാപ്തിക്കു രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നു പ്രാപ്തനായ ആചാര്യനെ സമീപിച്ച് അദ്ദേഹത്തിൽ നിന്ന് ഉപദേശരൂപേണ ഗ്രഹിച്ചു ശ്രദ്ധയോടും നിഷ്ഠയോടുംകൂടി അനുഷ്ഠിക്കുക. എന്നാൽ ജന്മംകൊണ്ടോ ജന്മങ്ങളെക്കൊണ്ടോ അനുഭവസമ്പന്നനായി മുക്തനാവാം. മറ്റൊന്നു സുകൃതപരിപാകം വേണ്ടത്രയുണ്ടെങ്കിൽ യാദൃച്ഛികമായി ശ്രവിക്കാൻ സാധിക്കുകയും ശ്രവണമാത്രംകൊണ്ടു വിലപ്പിടിച്ച വസ്തു അവിചാരിതമായി വീണുകിട്ടും പോലെ അനുഭവപ്പെടുകയും ചെയ്യും. എന്നാൽ അങ്ങനെ കിട്ടുന്നതു പുരുഷപ്രയത്നം കൊണ്ടു സാധിക്കാവുന്നതല്ല. ഈശ്വരായത്തമായിത്തന്നെ വന്നു ചേരണം. പുണ്യത്തിന്റെ അത്യന്താധിക്യമുള്ള ഒരാൾക്ക് അങ്ങനെ യാദൃച്ഛികമായി വന്നുചേരുകയും ചെയ്യും. അങ്ങനെ സാധിച്ച ഒരു ഇതിഹാസം ഞാനിവിടെപ്പറയാം. അതു കേട്ടാൽത്തന്നെ ഒരാൾക്കു ജ്ഞാനമുണ്ടാവാൻ വിഷമമില്ല.

ജനകോപാഖ്യാനം

ഹേ രാമചന്ദ്ര! ലോകത്തിൽ വിദേഹമെന്ന പ്രസിദ്ധിപ്പെട്ട മിഥിലാചക്രവർത്തിയായ ജനകരാജാവ് ഒരിക്കൽ വസന്തര്‍ത്തുവിൽ പൂത്തുതഴച്ച പുഷ്പസങ്കലമായ ഉദ്യാനത്തിൽ ഒറ്റയ്ക്കു ചുറ്റിനടക്കാനിടയായി. ഓരോ വള്ളിക്കുടിലുകളേയും ഗൃഹാലയങ്ങളേയും നോക്കി നോക്കി നടക്കുമ്പോൾ ഗുഹാകഞ്ജങ്ങളിൽ അദൃശ്യന്മാരായി അധിവസിക്കുന്ന സിദ്ധന്മാരുടെ അനുസന്ധാനപ്രകാരങ്ങളെ കീർത്തിച്ചുകൊണ്ടുള്ള ഗാനങ്ങളെ കേൾക്കാനിടയായി. അദ്ദേഹമന്നു കേട്ട സിദ്ധഗാനങ്ങളുടെ ചുരുക്കം ഞാൻ പറയാം. കേട്ടോളൂ:

“ദ്രഷ്ടാവും ദൃശ്യവുമൊന്നിച്ചു കൂടിച്ചേരുമ്പോൾ ദ്രഷ്ടാവിനുള്ള പ്രത്യയാനന്ദത്തെ ഞാൻ ആത്മസത്തയെന്നറിഞ്ഞുപാസിക്കുന്നു. ദ്രഷ്ടാവിനേയും ദൃശ്യത്തേയും ദർശനത്തേയും ദർശിക്കാനുള്ള വാസനയേയും ഒന്നിച്ചു നീക്കി ദർശനത്തിനു മുമ്പു പ്രകാശിക്കുന്ന ചൈതന്യത്തെ ഞാൻ ആത്മസത്തയെന്നറിഞ്ഞ് ഉപാസിക്കുന്നു. ഉണ്ടെന്നും ഇല്ലെന്നുമുള്ള രണ്ടു പക്ഷങ്ങളുടെ മദ്ധ്യത്തിൽ പ്രകാശത്തിനും പ്രകാശനമായി വിളങ്ങുന്ന ചൈതന്യത്തെ ഞാൻ ആത്മസത്തയെന്നറിഞ്ഞ് ഉപാസിക്കുന്നു. എല്ലാ ശരീരത്തിലും എപ്പോഴും ഹംസമന്ത്രത്തെ ഉച്ചരിച്ചുകൊണ്ടിരിക്കുന്ന ചൈതന്യത്തെ ഞാൻ ആത്മസത്തയെന്നറിഞ്ഞ് ഉപാസിക്കുന്നു. ഹൃദയാന്തർവ്വർത്തിയും സർവ്വന്തര്യാമിയും ആത്മസ്വരൂപിയുമായ ഈശ്വരനെ വിട്ട് അന്യദേവനെ തേടുന്നവൻ കയ്യിൽ കിട്ടയ കൗസ്തുഭത്തെ കളഞ്ഞു വേറെ രത്നത്തെ അന്വേഷിച്ചു നടക്കുകയാണെന്നു പറയണം, വിവേകമുള്ളവരാരും അങ്ങനെ ചെയ്യുമെന്നു പറയാൻവയ്യ. എല്ലാ ആഗ്രഹങ്ങളേയും ദൂരെത്തള്ളിക്കളഞ്ഞ ഒരാൾക്കു മാത്രമേ ആത്മോപാസനം ചെയ്യാൻ സാധിക്കൂ. ആത്മോപാസന ചെയ്യാൻതുടങ്ങിയാൽ പിന്നെ അവനിൽ വിഷയാഗ്രഹങ്ങൾ വളരാൻ വയ്യ. മാത്രമല്ല, വല്ല ആഗ്രഹങ്ങളും ബാക്കിയായിട്ടുണ്ടെങ്കിൽ അതുകൂടി ആത്മോപാസനം കൊണ്ടു നശിക്കുകയും ചെയ്യും. എന്നാൽ വിഷയപദാർത്ഥങ്ങളും അവയുടെ അനുഭവങ്ങളും കേവലം നിസ്സാരങ്ങളും ദുഃഖോദർക്കങ്ങളുമെന്നറിഞ്ഞിട്ടുകൂടി പിന്നെയും അവയെത്തന്നെ ആഗ്രഹിക്കുന്നവനെ മനുഷ്യനെന്നുപോലും പറയാൻ വയ്യ. പൊന്തിപ്പൊന്തിവരുന്ന ഇന്ദ്രിയപ്രക്ഷോഭങ്ങളെ വിവേകം കൊണ്ടടക്കി കൈകളെ കൂട്ടിത്തിരുമ്മിയും പല്ലുകടിച്ചും അംഗങ്ങളെ അംഗങ്ങൾക്കൊണ്ടമർത്തയും മറ്റും വേണം ആദ്യത്തിൽ മനസ്സിനെ ജയിക്കാൻ. ഉപശമത്തെ പ്രാപിക്കാൻ കഴിഞ്ഞാൽ ക്രമേണ മനസ്സടങ്ങും. അതുകൊണ്ടേ അടങ്ങൂവെന്നും പറയണം. പ്രക്ഷുബ്ധമായ മനസ്സ് ഒരു പ്രകാരത്തിലും അടങ്ങില്ല. അതിനാൽ ആദ്യത്തിൽ ഉപശമത്തെ പ്രാപിപ്പിക്കുകതന്നെ വേണം. കലങ്ങിയ വെള്ളത്തിൽ വസ്തുപ്രതിഫലനം അശക്യമായതുപോലെ വികാരങ്ങളെക്കൊണ്ടും വിഷയഗ്രഹങ്ങളെക്കൊണ്ടും പ്രക്ഷുബ്ധമായ ചിത്തം ഉപശാന്തമാവാതിരിക്കും കാലത്തോളം അതിലും വസ്തുപ്രതിഫലനമെന്ന അവസ്ഥ വിഷമംതന്നെ. മനസ്സടങ്ങിയാൽ പിന്നെ സംശയമില്ല. ആനന്ദമയമായ സ്വരൂപത്തിൽ സ്ഥിതി

കിട്ടാൻ വിഷമമില്ല.”

സിദ്ധന്മാരുടെ ഇപ്രകാരമുള്ള വാക്കു കേട്ടു വിചാരവാനായിത്തീർന്ന ജനകൻ ചിന്താമഗ്നനായി തനിയേ തന്റെ മണിമാളികയിൽ കയറി സ്വസ്ഥമായ ഒരാസനത്തിലിരുന്നു വിചാരം ചെയ്യാൻ തുടങ്ങി.

ജഗത്തിന്റെ അസ്ഥിരത്വം, ദുഃഖാത്മകത്വം ജീവിതത്തിൽ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്ന ഭ്രമങ്ങളുടെ അർത്ഥശൂന്യത, ക്ഷണികമായ ജീവിതത്തിൽ സ്ഥിരമായ സുഖത്തെ പ്രാപിക്കാനുള്ള കൊതിയുടെ പിന്നിലുള്ള ബുദ്ധിശൂന്യത, ജീവിതത്തിന്റെ അനിശ്ചിതത്വം, ക്ഷണികത്വം തുടങ്ങി അനേകകാര്യങ്ങൾ അദ്ദേഹത്തിന് വിചരമാത്രം കൊണ്ടു ബോദ്ധ്യമായി. അവസാനമായി എല്ലാവിധ അനർത്ഥങ്ങൾക്കും ഏകഹേതു ചിത്തമാണെന്നും ബോദ്ധ്യമായി. എന്തൊക്കെയുണ്ടായാലും ചിത്തം അസ്വസ്ഥമാണെങ്കിൽ അതുകൊണ്ടു പറയത്തക്ക പ്രയോജനമൊന്നുമില്ല. ഒന്നുമില്ലെങ്കിൽക്കൂടി ചിത്തം സ്വസ്ഥവും പ്രശാന്തവുമാണെങ്കിൽ അവൻ സുഖിയാണ്. അതിനാൽ സുഖദുഃഖങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും സമ്പത്തിനും ആപത്തിനും എല്ലാം ഹേതു ചിത്തമാണെന്നും ചിത്തമടങ്ങാതെ ആർക്കും ഇതുവരെ സുഖംകിട്ടീട്ടില്ലെന്നും, ചിത്തമടങ്ങിയാൽ പിന്നെ സുഖിക്കാൻ മറ്റുപകരണങ്ങളൊന്നും ആവശ്യമില്ലെന്നും എല്ലാം അദ്ദേഹത്തിന് ബോദ്ധ്യമായി. അതിനാൽ ചിത്തത്തെ അടക്കൽതന്നെ ചെയ്യാനുള്ള മുഖ്യമായ പ്രവൃത്തിയെന്നു തീർച്ചപ്പെടുത്തി അതിനായി ഒരുങ്ങി. എന്താണ് മനസ്സിന്റെ സ്വരൂപമെന്നു നിരൂപിച്ചപ്പോൾ സങ്കല്പം തന്നെയാണ് മനസ്സിന്റെ രൂപമെന്നും സങ്കല്പമെന്ന ഒന്നില്ലെങ്കിൽ മനസ്സെന്ന തത്വമില്ലെന്നും അറിയാൻ കഴിഞ്ഞു.

അത്രയും അറിയാൻ കഴിഞ്ഞപ്പോൾത്തന്നെ ജനകൻ വളരെയധികം സന്തുഷ്ടനും ചരിതാർത്ഥനുമായി. എങ്കിലും മനസ്സിനെ ജയിക്കുകകൂടി സാധിക്കണമെന്നുറച്ച് അദ്ദേഹം വീണ്ടും വിചാരം ചെയ്തു. വസ്തുസ്വരൂപത്തിൽ പ്രജ്ഞയെ ഉറപ്പിച്ചതോടെ ചിത്തമടങ്ങി ഉപശമസുഖത്തെ നുകരാൻ തുടങ്ങി. അങ്ങനെ വളരെ സമയം ജനകൻ മൗനിയായിരുന്നു. ജനകൻ തന്റെ മനസ്സിന്റെ ഉപശമത്തെ പ്രാപിച്ചു. ജനകൻ ഇപ്രകാരം യദൃച്ഛയാ കേൾക്കാനിടയായ സിദ്ധഗാനം കൊണ്ടു വിചാരമഗ്നനായി തന്നത്താൻ പ്രാപ്യത്തെ കുകയാണ് ചെയ്തത്. ഇങ്ങനെയാണ് സ്വപ്രയത്നത്താൽ യാദൃശ്ചികമായി അനുഭൂതിയുണ്ടാവുന്ന സമ്പ്രദായം. ഇതുപോലെ ഹേ രാമചന്ദ്ര! മറ്റുള്ളവർക്കും ചെയ്യാൻ വിരോധമില്ല. എന്നാൽ നിസ്സാരങ്ങളായ ലോകവിഷയങ്ങളെ വിട്ട് ആത്മശ്രേയസ്സിനുവേണ്ടി പ്രയത്നിക്കാനുള്ള ശ്രദ്ധയുണ്ടായവർക്കുമാത്രമേ അതൊക്കെ ഫലപ്പെടാൻ പോവുന്നുള്ളു. തന്റെ ബുദ്ധി വേണ്ടപോലെ പ്രവർത്തിക്കാൻ തുടങ്ങിയവർക്കേ എന്തുതന്നെ കേട്ടിട്ടും പ്രയോജനമുള്ളു. ബുദ്ധി വേണ്ടപോലെയായിക്കഴിഞ്ഞിട്ടില്ലെങ്കിൽ ബ്രഹ്മാവുതന്നെ ഉപദേശിച്ചിട്ടും വിശേഷമൊന്നുമില്ല. ബാഹ്യങ്ങളായ ലോകപദാർത്ഥങ്ങളെ സമ്പാദിക്കാൻ വേണ്ടത്ര പ്രയത്നം ചെയ്യാൻ എല്ലാവരും തയ്യാറാണ്. എന്നാൽ അങ്ങനെ ചെയ്യുന്ന പ്രയത്നത്തിന്റെ ഒരു ചെറിയ അംശം മതി ബുദ്ധിയെ നന്നാക്കാനും പ്രാപ്യത്തെ അറിയാനും. പക്ഷേ

അതിൽ ശ്രദ്ധയുണ്ടാവണം. ശ്രദ്ധയാണ് കാര്യം. ശ്രദ്ധയില്ലാതെ കുറെ അധികം പ്രയത്നിച്ചതുകൊണ്ടും വിശേഷിച്ച പ്രയോജനമൊന്നുമില്ല. ദുഃഖങ്ങളുടെയെല്ലാം ഉൽപത്തിസ്ഥാനവും ആപത്തുകളുടെ ബീജവും തന്റെ പ്രജ്ഞാമാന്ദ്യം മാത്രമാണ്. പ്രജ്ഞയെ ഉണർത്താൻ കഴിഞ്ഞാൽത്തന്നെ വലിയ കാര്യമായി. വിവേകിയായ ഒരാളുടെ ഉണർച്ചവന്ന പ്രജ്ഞ ചിന്താമണിയെന്നപോലെ സർവ്വാഭീഷ്ടമാത്രിയാണെന്നു പറയണം. സ്വരൂപചൈതന്യത്തെ മറച്ചിരിക്കുന്ന അഹങ്കാരമാകുന്ന മേഘാവരണത്തെ ചിന്നിച്ചിതറിപ്പിച്ച വസ്തതത്വത്തെ പ്രകാശിപ്പിക്കാൻ കൂർമ്മതയുള്ള നിർമ്മലമായ പ്രജ്ഞയ്ക്കുമാത്രമേ കഴിവുള്ളൂ. അതിനാൽ ലക്ഷ്യപ്രാപ്തിയെ ഉദ്ദേശിക്കുന്ന വിവേകിയായവൻ ആദ്യത്തിൽ എന്തൊക്കെ ചെയ്തും തന്റെ പ്രജ്ഞയെ ഉണർത്തുകതന്നെ വേണം.

ഹേ രാമചന്ദ്ര! ഈ ജഗത്ത് എല്ലാ സമയത്തും ചഞ്ചലവും ക്ഷണികവും കേവലം മനോമാത്രവുമാണെന്നു ദൃഢമായി ബോധിക്കുന്ന സുകൃതിക്കു കാലംകൊണ്ടു ജനകനെന്ന പോലെ ആത്മസ്വരൂപം പ്രകാശിക്കും. അപ്പോൾ എല്ലാവിധ വിപരീതബോധങ്ങളും അസ്തമിക്കുകയും ചെയ്യും. താൻ സംസാരത്തിൽ ബദ്ധനാണെന്നും അതിൽനിന്ന് എങ്ങനെയെങ്കിലും മുക്തനാവണമെന്നും ബോധിക്കുന്ന ഏതൊരാൾക്കും സ്വപ്രയത്നം മാത്രമാണ് മുഖ്യമായ ആശ്രയം. എന്തുകൊണ്ടെന്നാൽ കുടുംബമോ സ്വത്തോ പുത്രന്മാരോ മാതാപിതാക്കളോ ഒന്നുംതന്നെ പരഗതിക്കു സ്വല്പംപോലും ഉപകരിക്കാൻ പോവുന്നില്ല. നേരെ മറിച്ചു മിക്കപ്പോഴും അവയെല്ലാം തടസ്സങ്ങളായിത്തീരുകയും ചെയ്യും. ശരീരാദികളിൽ ഞാനെന്നും ഗൃഹകുടുംബാദികളിൽ എന്റേതെന്നുമുള്ള തോന്നൽ അവസാനിച്ചാൽത്തന്നെ പ്രജ്ഞയ്ക്കു അപാരമായ വിശാലതകിട്ടും. കൊള്ളുക, തള്ളുക; നല്ലത്, ചീത്ത; വേണ്ടത്, വേണ്ടാത്തത് എന്നീ ദ്വന്ദ്വങ്ങളാണ് ഒരു പ്രകാരത്തിൽ പറഞ്ഞാൽ മനസിന്റെ ബന്ധം. ഹേയോപാദേയഭാവങ്ങളടങ്ങി ചിത്തം സമതയെ പ്രാപിച്ചാൽത്തന്നെ പ്രസന്നമായ ഭാവം കിട്ടും. ആ പ്രസന്നഭാവത്തെ എപ്പോഴും നിലനിർത്തി അതുകൊണ്ടു മറ്റുള്ളവയെ ജയിച്ചു ക്രമേണ ആത്മഭാവത്തെ പ്രാപിക്കണം.

വാസന ഒരു വലപോലെയാണ്. അതു മുറിഞ്ഞുപോവുകതന്നെ വേണം. വാസനയുള്ളേടത്തോളം കാലം പലതിനെക്കുറിച്ചും ചിന്തകൾ പൊന്തിക്കൊണ്ടേയിരിക്കും. കാറ്റുമേഘസമൂഹത്തെയെന്നപോലെ ജ്ഞാനംകൊണ്ട് - സുദൃഢമായ വസ്തുബോധം കൊണ്ട് - വാസനാജാലത്തെ മുഴുവൻ തുരത്തണം. മഴുകൊണ്ട് വൃക്ഷത്തെയെന്നപോലെ ചിത്തം കൊണ്ടു തന്നെ ചിത്തത്തെ ഛേദിക്കാൻ കഴിഞ്ഞാൽ എല്ലാ ബാധയും തീർന്നു, ശാന്തവും ശിവവുമായ പദത്തിൽ സ്ഥിരമായിരിക്കാം. ചിത്തമാണ് എല്ലാ സംസാരഭയങ്ങൾക്കും ഏകഹേതു. ചിത്തത്തിലാണ് സംസാരം മുഴുവൻ നിലനിൽക്കുന്നതും. അതിനാൽ ചിത്തമടങ്ങിയാൽ സംസാരവും അവസാനിച്ചു. പക്ഷേ ദൃശ്യത്തെ അല്പമായിട്ടെങ്കിലും ആശ്രയിക്കുന്നേടത്തോളംകാലം ചിത്തമടങ്ങുലോ സംസാരം ക്ഷയിക്കലോ വാസന നശിക്കലോ ഇല്ല. അങ്ങനെതന്നെ താനടക്കം സർവ്വദൃശ്യങ്ങളും അസത്യങ്ങളാണെന്നും ബോദ്ധ്യപ്പെട്ടു കേവലം ചിൽസ്വരൂപനായിരിക്കാൻ

കഴിയുന്നുവെന്നിരിക്കട്ടേ, അതോടെ ചിത്തമടങ്ങി. ചിത്തമടങ്ങിയാൽ പിന്നയെന്തു സംസാരമാണ്. അതിനാൽ ഹേ രാമചന്ദ്ര! നീ വാസകളെ നശിപ്പിച്ചു ദൃശ്യങ്ങളെ തള്ളിക്കളഞ്ഞു ചിത്തത്തെ നിശ്ചലമാക്കി അടക്കി എപ്പോഴും ചിൽസ്വരൂപനായിരിക്കു. എന്നാൽ പിന്നെ സംസാരത്തിന്റെ ബാധ ഒരു പ്രകാരത്തിലും നിനക്കുണ്ടാവാൻ വയ്യ.

ഏതിൽക്കൂടെയും കിട്ടുന്ന അനുഭൂതി ആത്മസ്വരൂപമാണ്. അതാണ് ആസ്വാദനീയമായിട്ടിരിക്കുന്നത്. ഒരു പദാർത്ഥത്തെ ഭക്ഷിക്കുമ്പോഴുണ്ടാവുന്ന സ്വാദ് ആസ്വാദനീയമാണ്. സ്വാദിനെ ആസ്വദിക്കുന്ന രസനേന്ദ്രിയമോ അല്ലെങ്കിൽ സ്വാദിന് ഹേതുവായ പദാർത്ഥമോ അല്ല ആസ്വാദനീയമായിട്ടിരിക്കുന്നത്. അതിനാൽ രസനേന്ദ്രിയത്തെയും പദാർത്ഥത്തെയും തള്ളിക്കളഞ്ഞാൽ ശേഷിക്കുന്ന നിരാലംബമായ സ്വാദ് ആത്മസ്വരൂപമാണ്. ഏതിന്ദ്രിയം കൊണ്ടനുഭവിക്കപ്പെടുന്ന ഏതൊരു വിഷയത്തിന്റെയും സ്ഥിതി ഇതുതന്നെ. മദ്ധ്യവർത്തിയായ ആസ്വാദനരസം ആത്മസ്വരൂപമാണ്. അതിന്റെ ഉപാധിമാത്രമാണ് തത്തദ്വിഷയപദാർത്ഥം. ഉപാധിയെ തള്ളി ഉപഹിതത്തെ ഉപാസിക്കുന്നപക്ഷം വിഷയസേവനമെന്നൊന്നില്ലാതായിത്തീരും. എന്നാൽ അതിനെല്ലാം തടസമായിട്ടിരിക്കുന്നത് അഹങ്കാരമാണ്. ഞാനെന്നും എന്റേതെന്നുമുള്ള അഭിമാനം നിലവിലുള്ളിടത്തോളം കാലം വിഷയസേവനമല്ലാതെ ആത്മാനുഭൂതിയുണ്ടാവാനും വയ്യ. വാസനകളാണ് അഭിമാനത്തെ നിലനിർത്തുന്നത്. അതിനാൽ വാസനകളെ നിശ്ശേഷം ത്യാഗം ചെയ്യുകതന്നെ വേണം. രണ്ടുരൂപത്തിലാണ് വാസനാത്യാഗം. അവയ്ക്കു ജ്ഞേയമെന്നും ധ്യേയമെന്നും പറയും. അവയിൽ ഏതെങ്കിലും ഒരു രൂപത്തിലുള്ള വാസനാത്യാഗം ആവശ്യമായും ഒരാൾക്കുണ്ടാവണം. ഇക്കാണപ്പെടുന്ന ഗൃഹഹകുടുംബാദിവസ്തുക്കളെല്ലാം എന്റേതാണ്, ഞാനുണ്ടാക്കിയവായണ്. ഞാനില്ലായിരുന്നെങ്കിൽ ഇവയൊന്നുമുണ്ടാവുമായിരുന്നില്ല. അതുപോലെ ഇവയൊന്നുമില്ലെങ്കിൽ എന്റെ ജീവിതവുമില്ല. ഇവയൊന്നും കൂടാതെ എനിക്കു ജീവിക്കാൻതന്നെ സാദ്ധ്യമല്ല. എന്നുള്ള തോന്നലിനെ അതിനാസ്പദങ്ങളായ പദാർത്ഥങ്ങളോടുകൂടി. 'ഞാനും ഇവയുമായി യാതൊരു സംബന്ധവുമില്ല' എന്ന ഭാവനകൊണ്ടു സമ്പൂർണ്ണമാകും വണ്ണം ത്യാഗം ചെയ്യുന്നതാണ് ഒരു തരത്തിലുള്ള വാസനാത്യാഗം. അതിനെ ധ്യേയമെന്നു പറയുന്നു. അങ്ങനെ ത്യാഗം ചെയ്താലും രാഗദ്വേഷങ്ങളുടെ സ്പർശലേശമില്ലാതെ ശീതളമായ ബുദ്ധികൊണ്ടു നിഷ്കാമമാകുംവണ്ണം കർത്തവ്യകർമ്മങ്ങളെ ചെയ്യാൻ സാധിക്കുകയും ചെയ്യും. വസ്തുക്കളിലുള്ള ഭേദഭാവന മുഴുവൻ നീങ്ങി അഭേദദൃഷ്ടികൊണ്ട് എല്ലാറ്റിനെയും കാണാറായിത്തീരലാണ് ജ്ഞേയമായ വാസനാത്യാഗമെന്നും പറഞ്ഞുവരുന്നു. പറയപ്പെട്ട ഏതെങ്കിലും ഒറു തരത്തിലുള്ള വാസനാത്യാഗമുണ്ടെങ്കിൽ അവന് അഹന്താമമതകളുടെ നീരസവും ചിത്തത്തിന്ന് അടക്കവും വസ്തുബോധവും വസ്തുപ്രാപ്തിയുമെല്ലാം സാധിക്കും കാലംകൊണ്ട്. വാസനാത്യാഗം അല്പംപോലുമില്ലെങ്കിൽ സംസാരത്തിൽത്തന്നെ മുങ്ങിപ്പൊങ്ങലുമാണ് ഫലം.

വാസനാത്യാഗി - വിശേഷിച്ചും ജ്ഞേയത്യാഗി - ജീവന്മുക്തൻതന്നെയാണെന്നു പറയാം.

സാമ്യതാബുദ്ധികൊണ്ട് ഒന്നിലും വ്യത്യസ്താബോധമോ രാഗദ്വേഷാദിവികാരങ്ങളോ തൃഷ്ണയോ അല്പംപോലും ഒരാളെ അലട്ടുന്നില്ലെങ്കിൽ പൂർണ്ണചന്ദ്രനെപ്പോലെ മറ്റുള്ളവരെക്കൂടി തന്റെ ദർശനം കൊണ്ടു കുളിർപ്പിക്കുന്നുവെങ്കിൽ അവനെ ജീവന്മുക്തനെന്നല്ലാതെന്തു പറയും? തീർച്ചയായും അല്പംപോലും ഭേദപ്രതീതിയില്ലാത്ത സാമ്യതാഭാവം സ്ഫുരിച്ചു ദൃഢപ്പെട്ട മഹാത്മാവു ജീവന്മുക്തൻ തന്നെയാണ്. സംസാരം ഒരു പ്രകാരത്തിലും അയാളെ പീഡിപ്പിക്കുന്നില്ല. നാലു രൂപത്തിലാണ് മനുഷ്യന്റെ നിശ്ചയം അല്ലെങ്കിൽ അഭിമാനം. കാലടിമുതൽ ശിരസ്സടക്കമുള്ളതും മാതാപിതാക്കളാൽ ജനിപ്പിക്കപ്പെട്ടതുമായ ഈ ശരീരം ഞാനാണ്. അല്ലെങ്കിൽ ഈ ശരീരമാണ് ഞാൻ; മറ്റൊന്നുമല്ല. ഞാൻ ജനിച്ചു, എനിക്കിത്ര വയസ്സായി, ഞാൻ യുവാവാണ് ഇത്യാദിയാണ് ഒന്നാമത്തെ നിശ്ചയം അല്ലെങ്കിൽ അഭിമാനം. ഇങ്ങനെയുള്ള അഭിമാനം തികച്ചും അജ്ഞാനസ്വരൂപവും, അതുകാരണത്താൽ ബന്ധത്തിനും ദുഃഖത്തിനും ജന്മ പരമ്പരകൾക്കും ഹേതുവുമാണ്.

എല്ലാ ഭാവങ്ങൾക്കും അതീതവും അത്യന്തസൂക്ഷ്മവുമായ ചൈതന്യമാണ് ഞാൻ ; അല്ലാതെ ശരീരമോ അന്തഃകരണമോ ഒന്നുമല്ല. ഞാൻ ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല; എപ്പോഴുമുള്ളവനാണ് ഞാൻ. ചൈതന്യമാത്രനായ എന്റെ പ്രകാശത്തിലാണ് എല്ലാം വിളങ്ങുന്നത്. എന്നിങ്ങനെയുള്ളതാണ് രണ്ടാമത്തെ അഭിമാനം. ഈ അഭിമാനത്തെ വളർത്തി ദൃഢപ്പെടുത്തുന്ന പക്ഷം കാലംകൊണ്ടു കൈവല്യപ്രാപ്തിയുണ്ടാവും. എല്ലാം ഞാനാണ്; എന്നിൽ നിന്നന്യമായി ഒന്നുംതന്നെ ഉണ്ടായിട്ടില്ല; ഉണ്ടാവാൻ അർഹതയുമില്ല. ഞാനാകുന്ന ഒരേയൊരു ചൈതന്യംമാത്രം എങ്ങും നിറഞ്ഞിരിക്കുന്നു. എനിക്കു ജനനമരണങ്ങളോ ക്ഷയവൃദ്ധികളോ ഒന്നു തന്നെയില്ല. ഞാനെല്ലാമായും പ്രകാശിക്കുകമാത്രമാണ് ചെയ്യുന്നത്. എന്നിങ്ങിനെയുള്ളതാണ് മൂന്നാമത്തെ അഭിമാനം. അതും നല്ലതാണ്. ദൃഢത വന്നാൽ കാലംകൊണ്ടു കൈവല്യപ്രാപ്തികരണമാണ്. കാണപ്പെടുന്ന ഈ പ്രപഞ്ചവും അതിനെ കാണുന്ന ഞാനും ഒന്നും തന്നെ ഉണ്ടായിട്ടേ ഇല്ല; വെറും തോന്നൽമാത്രം, അഖണ്ഡമായ ചിദാകാശംമാത്രം എപ്പോഴും എവിടെയും പ്രകാശിക്കുന്നു. മറ്റൊന്നുംതന്നെ ഉണ്ടായിട്ടില്ല. എന്നതാണ് നാലാമത്തെ അഭിമാനം. ഇതു സ്ഫുരിക്കുന്ന നിമിഷത്തിൽത്തന്നെ അവൻ മുക്തനാവും.

ആദ്യത്തേതു കേവലം അജ്ഞാനസ്വരൂപവും മറ്റു മൂന്നും ജ്ഞാനസ്വരൂപങ്ങളുമാണ്. അവസാനത്തേതു സമ്പൂർണ്ണജ്ഞാനസ്വരൂപമാണ്. ജീവന്മുക്തന്മാരിൽമാത്രമേ അതു സാധാരണയായി കാണലുള്ളൂ. അല്ലാത്തവർക്കതുണ്ടാവാൻ വിഷമം ഉണ്ടായാലും ക്ഷണനേരത്തേയ്ക്കല്ലാതെ സ്ഥിരമായി നിലനില്ക്കുകയുമില്ല. ജ്ഞേയത്യാഗംകൊണ്ടു ഭേദഭാവത്തെ മുഴുവൻ നീക്കിയാൽ ഈ സംസ്കാരമുണ്ടാവുകയെന്നതു വളരെ എളുപ്പമാണ്. വാസനകൾ ശക്തിയായി വികസിക്കുകയും നാനാത്വം ദൃഢപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ആർക്കും തന്നെ പറയപ്പെട്ട ജ്ഞാനനിശ്ചയങ്ങളുണ്ടാവാൻ വയ്യ. അതിനാൽ ഹേ! രാമചന്ദ്ര! നീ നിർവ്വാസനനും ജ്ഞാനനിശ്ചയത്തോടുകൂടിയവനുമായിത്തീരും. പണ്ടു രണ്ടു താപസകുമാരന്മാർ തമ്മിൽ ഉണ്ടായ സംവാദത്തെ ഞാനിവിടെ ഉദാഹരിച്ചുതരാം. അതിനെ കേട്ടാൽത്തന്നെ നീ

ജ്ഞാനനിശ്ചയത്തിൽ ഉറപ്പു വന്നവനായിത്തീരും. അതിനാൽ ശ്രദ്ധയോടുകൂടുംവണ്ണം കേൾക്കൂ.

പുണ്യപാവനോപാഖ്യാനം

വളരെക്കാലംമുമ്പു മഹേന്ദ്രപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള കൊടുംകാട്ടിനുള്ളിൽ 'ദീർഘതപസ്സെ'ന്നു പേരായി പരമജ്ഞാനസമ്പന്നനായ ഒരു മഹാത്മാവ് താമസിച്ചു വന്നിരുന്നു. പുണ്യനെന്നും പാവനനെന്നും പേരുള്ള അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ ബൃഹസ്പതിപുത്രനായ കചനെന്നപോലെ ജ്ഞാനസമ്പന്നന്മാരും തപസ്സുകൊണ്ട് ഉദ്ദീപ്തന്മാരുമായിരുന്നു. അവരിൽ മൂത്തവനായ പുണ്യൻ മിക്കവാറും വസ്തുപ്രാപ്തികൊണ്ടു ചിത്തവിശ്രാന്തിവന്ന ഒരു നല്ല ജ്ഞാനിതന്നെയായിരുന്നു. എന്നാൽ ഇളയവനായ പാവനൻ അത്രമാത്രം ജ്ഞാനസമ്പന്നനായിരുന്നില്ല. വസ്തുബോധം കൊണ്ട് മൂർഖത്വം നീങ്ങിയിട്ടുണ്ടെങ്കിലും വസ്തുപ്രാപ്തിയോ ചിത്തവിശ്രാന്തിയോ കൈവന്ന ജ്ഞാനി യായിരുന്നില്ല.

സംസാരത്തിന്റെ യാതൊരു ബാധയുമില്ലാതെ അവരങ്ങനെ സന്തോഷത്തോടും സമാധാനത്തോടും കൂടി തപോനിഷ്ഠയിൽക്കൂടെത്തന്നെ കാലം നയിച്ചുകൊണ്ടിരിക്കേ ദീർഘതപസ്സെന്ന ഋഷിസത്തമനെ വാർദ്ധക്യം ബാധിച്ചു. അംഗങ്ങളെല്ലാം തളർന്നും ഇന്ദ്രിയശക്തി ക്ഷയിച്ചും ക്രമേണ ശരീരം ദുർബലവും ആയുസ്സ് അസ്തമനോന്മുഖവുമായി. ഒരു ദിവസം പക്ഷി കൂട്ടിൽനിന്ന് പറന്നുപോകുന്നതുപോലെ അദ്ദേഹം ആ ദുർബലശരീരത്തെ വിട്ട് പരമകൈവല്യത്തെ പ്രാപിക്കുകയും ചെയ്തു. അതുകണ്ടപ്പോൾ ജ്യേഷ്ഠപുത്രനായ പുണ്യൻ പിതാവിന്റെ ഉത്തമകർമ്മങ്ങളെയൊക്കെ വിധിയാംവണ്ണം ഭംഗിയായി നിർവഹിച്ചു.ഇളയവനായ പാവനൻ അച്ഛൻ മരിച്ചതുകൊണ്ടുള്ള ദുഃഖം പൊറുക്കാൻ കഴിയാതെ നിലവിളിച്ചുകൊണ്ട് കാട്ടുതോറും തെണ്ടിനടക്കാനും തുടങ്ങി. പുണ്യൻ ജനകന്റെ ഉത്തരക്രിയകളൊക്കെ ചെയ്തുകഴിഞ്ഞശേഷംപാവനനെ അന്വേഷിച്ചപ്പോഴാണ് ദുഃഖംകൊണ്ട് ആർത്തനായി തെണ്ടിനടക്കുകയാണെന്നറിയുന്നത്. അനന്തരം അയാളെ വിളിച്ചു ഒരു ഭാഗത്തിരുത്തി പുണ്യൻ ഉപദേശിക്കാൻ തുടങ്ങി.

ബുദ്ധിമാനായ ഹേ സോദരാ! നമ്മുടെ അച്ഛൻ പരമശ്രേഷ്ഠമായ വിദേഹ കൈവല്യ പദത്തെ പ്രാപിച്ചപ്പോൾ നീയെന്തിനായിട്ടാനിങ്ങനെ ദുഖിക്കുന്നത്? അച്ഛന് ഇതിൽപരം ഒരു വലിയ ശ്രേയസ്സിനിയുണ്ടാവാനില്ല. ആ സ്ഥിതിയ്ക്ക് നാം അതിൽ സന്തോഷിക്കയല്ലേ വേണ്ടത്? കൂടാതെ ഞാൻ, നീ, അച്ഛൻ, അമ്മ, എന്നൊക്കെയുള്ള തോന്നലുകളെല്ലാം ഭ്രാന്തിവിശേഷങ്ങളല്ലാതെ മറ്റെന്താണ്? പരമാർത്ഥത്തിൽ പുണ്യനെന്നും പാവനനെന്നും പേരുള്ള നമ്മൾ തന്നെ ഉണ്ടായിട്ടില്ല. ചിത്തവിഭ്രാന്തികൊണ്ട് പലതും തോന്നപ്പെടുന്നുവെന്നല്ലാതെ മറ്റെന്താണ്?

അപരിച്ഛിന്നചിദാകാശത്തിൽ ഭ്രാന്തികൊണ്ട് തോന്നപ്പെടുന്ന ഭാവനാവിശേഷങ്ങളല്ലേ വ്യക്തികളെല്ലാം? ആ സ്ഥിതിക്ക് ആരാണ് ജനിക്കുന്നത്? ആരാണ് മരിക്കുന്നത്? വെറും ഭ്രമം മാത്രമാണെല്ലാം. എങ്കിലും ബന്ധുജനവിയോഗം അസഹ്യം തന്നെയെന്നു കരുതുന്നപക്ഷം

ഇതിനുമുമ്പ് അനേകം ജന്മങ്ങൾ നിനക്കുണ്ടായില്ലേ? അന്നൊക്കെയും അവിടങ്ങളിൽ അനേകം ബന്ധുജനങ്ങളും നിനക്കുണ്ടായല്ലോ. അവരുടെയൊന്നും വിയോഗം എന്താണ് ഇന്നുനിന്നെ പേടിപ്പിക്കാത്തത്? സിംഹമായും മാനായും വാനരനായും കാക്കയായും മനുഷ്യനായും രാജാവായും ഒക്കെ നീ ഓരോകാലത്ത് ഓരോദേശത്തു ജനിച്ചു ജീവിക്കാനിടയായി. അന്നൊക്കെ ആ വർഗ്ഗത്തിൽ പല ബന്ധുക്കളും നിനക്കുണ്ടായിരുന്നു. ഇന്നവരെക്കുറിച്ചൊന്നും ആധിയോ വ്യസനമോ ഉണ്ടാവുന്നില്ലല്ലോ.

ബന്ധുത്വവും ശത്രുത്വവും എന്നുവേണ്ട എല്ലാവിധ വ്യവഹാരങ്ങളും ചിത്തത്തിന്റെ ചാപല്യവും വിഭ്രാന്തിയും മാത്രമാണ്. ഞാൻ, നീ, ബന്ധു, ശത്രു, എന്നീ ഭാവങ്ങൾക്കാസ്പദമായ ചൈതന്യം ഒന്നുമാത്രമാണെന്നിരിക്കെ ഭിന്നങ്ങളും വിരുദ്ധങ്ങളുമായ ഭാവങ്ങൾ എങ്ങനെയാണതിൽ നിന്നുണ്ടാവുന്നത്? പ്രസ്തുത ചൈതന്യമാകട്ടെ ഒരിക്കലും ഉണ്ടാവുകയോ നശിക്കുകയോ ക്ഷയിക്കുകയോ വർദ്ധിക്കുകയോ ഒന്നും ചെയ്യാതെ എപ്പോഴും ഒരേ നിലയിൽത്തന്നെ എങ്ങും നിറഞ്ഞിരിക്കുന്നു. ആ സത്യവസ്തുവിനെ ബോധിക്കാത്തതുകൊണ്ടാണ് നിന്റെമൌഢ്യം. പരമാർത്ഥവസ്തുവിനെ ബോധിച്ചുകഴിഞ്ഞാൽ പിന്നെ വിപരീതഭാവങ്ങൾ എങ്ങനെയുണ്ടാകും?

എന്നിപ്രകാരം പുണ്യൻ ഉദ്ബോധിപ്പിച്ചപ്പോൾ പാവനന്റെ ജ്ഞാനദൃഷ്ടി വികസിച്ചു വസ്തുപ്രാപ്തിയുണ്ടായി. സിദ്ധന്മാരായിത്തീർന്ന ആ രണ്ടു ഋഷിബാലന്മാരും പിന്നെയും വളരെക്കാലം പ്രസ്തുത ആരണ്യത്തിൽത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. ഹേ രാമചന്ദ്ര, ഈ ഇതിഹാസത്തെ വേണ്ടപോലെ വിചാരം ചെയ്താൽത്തന്നെ നിന്റെ എല്ലാ ചിത്തവിഭ്രാന്തികളും നശിച്ച് സ്വരൂപപ്രാപ്തിയുണ്ടായിത്തീരും.

ബലമ്യുപാഖ്യാനം

അനന്തരം വസിഷ്ഠമഹർഷി “ഹേ രാമചന്ദ്രാ, അല്ലെങ്കിൽ നീ മഹാബലിയെന്നപോലെ വിചാരവാനായി സ്വയം വസ്തുബോധത്തെ പ്രാപിക്കു എന്നുപറഞ്ഞപ്പോൾ മഹാബലി എങ്ങനെയാണ് തന്നത്താൻ വിചാരവാനും വസ്തുസിദ്ധനുമായതെന്നറിയാൻ ശ്രീരാമൻ ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ വസിഷ്ഠൻ പറഞ്ഞു.

“ഹേ രാമാ! അവരവരുടെ സ്വപ്രയത്നംകൊണ്ടല്ലാതെ ആർക്കാണ് ജ്ഞാനമുണ്ടായിട്ടുള്ളത്? സുപ്രസിദ്ധമായ പാതാളലോകത്തിൽ അസുരന്മാരുടെ ചക്രവർത്തിയായ മഹാബലി പത്തുകോടി കൊല്ലവും എല്ലാവർക്കും ആരാധ്യനായി എല്ലാവിധ രാജകീയഭോഗങ്ങളെയും അനുഭവിച്ചുകൊണ്ടും ധർമ്മനിഷ്ഠയോടുകൂടി രാജ്യഭരണം നടത്തിവന്നു. വളരെക്കാലം ഇഷ്ടംപോലെ സുഖഭോഗങ്ങളെ അനുഭവിച്ചുവന്നുവെങ്കിലും ഒരു ദിവസം അനുഭവിച്ച ഭോഗങ്ങളെത്തന്നെയാണ് എല്ലാ ദിവസങ്ങളിലും അനുഭവിക്കുന്നതെന്ന് അദ്ദേഹത്തിനു കുറെകാലംകൊണ്ട് ബോധ്യംവന്നു. ചെയ്തതിനെത്തന്നെ ചെയ്തും കണ്ടതിനെത്തന്നെ കണ്ടും അനുഭവിച്ചതിനെത്തന്നെ അനുഭവിച്ചുംവരുന്ന സംസാരാനുഭാവങ്ങൾക്കും, രാജഭോഗങ്ങളെന്നോ എന്തുപേരുപറഞ്ഞാലും, അവ ബാലിശങ്ങളായ ബാലക്രീഡകൾ തന്നെയാണ്. അവയിൽ ഒരാൾക്ക് ലജ്ജയുണ്ടാവാത്തതാണദ്ഭുതം. അതിനാൽ ഇനിയും ഇങ്ങനെ ബാലിശമായി ജീവിക്കാതെ എന്താണ് ജീവിതത്തിന്റെ ലക്ഷ്യമെന്നും താൻ ആരാണെന്നും അറിഞ്ഞ് അതിനെ പ്രാപിക്കണമെന്നും എങ്കിലേ ചിത്തസമാധാനമുണ്ടാവൂ എന്നും അദ്ദേഹത്തിനു ബോധ്യമായി. അതിന്റെ ഫലമായി താൻ ആരാണെന്ന തത്വത്തെ അന്വേഷിക്കാൻ തുടങ്ങി. അപ്പോഴാണ് പണ്ട് തന്റെ പിതാവായ വീരോചനൻ പറഞ്ഞത് ഓർമ്മ വന്നത്. പ്രഹ്ലാദപുത്രനായ വീരോചനൻ നല്ല ജ്ഞാനിയും ബ്രഹ്മനിഷ്ഠനും ആയിരുന്നു. അദ്ദേഹമൊരു ദിവസം പുത്രനായ ബലിക്കു ജ്ഞാനോപദേശം ചെയ്യുകയുണ്ടായി. ആ സംഗതി കഴിഞ്ഞിട്ട് എത്രയോ കാലമായി എന്നിരുന്നാലും ബാലിക്ക് അതോർമ്മവന്നു. വീരോചനൻ പറഞ്ഞതിനെ അദ്ദേഹം ഇങ്ങനെ ഓർമ്മിച്ചു.

“എത്രയും ശക്തനും എല്ലാറ്റിനും അധിപതി യുമായി ഒരു രാജാവുണ്ട്. അദ്ദേഹത്തിനു അധീനവും സ്വന്തവുമാണ് ത്രിലോക്യം മുഴുവനും. അങ്ങനെയാണെങ്കിലും യാതൊന്നിനെയും താൻ ആഗ്രഹിക്കുകയോ പ്രവർത്തിക്കുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല. വിശ്വസ്തനും എല്ലാറ്റിനും പ്രാപ്തിയുള്ളവനുമായ ഒരു മന്ത്രിയുണ്ട് അദ്ദേഹത്തിന്. പ്രസ്തുത മന്ത്രിയാണ് എല്ലാ കാര്യങ്ങളും നടത്തുന്നത്. അദ്ദേഹം മഹാസമർത്ഥനാണ്. ഉള്ളത് ഇല്ലാത്തതാക്കാനും ഇല്ലാത്തത് ഉള്ളതാക്കാനും എല്ലാം ആ മന്ത്രിവര്യന് കഴിയും. പറയത്തക്ക സൈന്യങ്ങളോ ആയുധബലമോ ഒന്നുമില്ലെങ്കിലും ആർക്കും അദ്ദേഹത്തെ ജയിക്കാൻ സാദ്ധ്യമല്ല. യുക്തിപൂർവ്വം ആ മന്തിസത്തമനെ ജയിക്കുന്നവർക്കുമാത്രം മഹാരാജാവിനെ കാണാം. അല്ലാത്തവർക്കൊന്നും രാജാവിനെ കാണാൻപോലും സാധ്യമല്ല.” എന്നൊക്കെയാണ് പണ്ട് വീരോചനൻ ഉപദേശിച്ചതായ ജ്ഞാനസ്വരുപത്തെ മഹാബലി സ്മരിച്ചത്.

ആത്മാവിനെ അല്ലെങ്കിൽ മോക്ഷാനുഭൂതിയെയാണ് രാജാവായി ചിത്രീകരിച്ചതെന്നും മനസ്സിനെയാണ് മന്ത്രിയായിപ്പറഞ്ഞതെന്നുംകൂടി ഓർമ്മിച്ചു. അനേകമനേകം സങ്കൽപ്പങ്ങളെക്കൊണ്ടും വികാരങ്ങളെക്കൊണ്ടും വൃത്തികളെക്കൊണ്ടും പ്രക്ഷുബ്ധവും അവ്യാകൃതവുമായ ചിത്തത്താൽ മറയപ്പെട്ടിരിക്കുകയാണ് താനാകുന്ന ആത്മതത്വമെന്നും അനാസ്ഥയാകുന്ന യുക്തികൊണ്ട് പതുക്കെപ്പതുക്കെ ചിത്തത്തെ അടക്കുമ്പോൾമാത്രമേ ഒരാൾക്ക് ആത്മസ്വരൂപത്തെ അറിയാൻ കഴിയൂ എന്നുമുള്ള പരമാർത്ഥം ക്രമേണ ഗ്രഹിക്കാൻ കഴിഞ്ഞു. അങ്ങനെ ചിത്തത്തെ അനാസ്ഥമാക്കിത്തീർത്തു ലോകത്തിലുള്ള ഒരു പദാർത്ഥത്തിലും അനുഭവത്തിലും അല്പം പോലും ആസ്ഥയില്ല ചിത്തത്തിനെന്നു വന്നപ്പോൾത്തന്നെ മനസ്സ് മിക്കവാറും അടങ്ങി. ഓരോ പദാർത്ഥത്തെയും അതിന്റെ അനുഭവത്തെയും വീണ്ടും വീണ്ടും മനനം ചെയ്തപ്പോൾ അതിന്റെ മിഥ്യാത്വവും ദുഖാത്മകതയും വെളിവായി. അങ്ങനെ പലതിനെയും മനനം ചെയ്തപ്പോൾ മനസ്സ് മിക്കവാറും അനാസ്ഥമായിക്കഴിഞ്ഞു.

എങ്കിലും സംശയം തീർക്കാൻവേണ്ടി കലാചാര്യനും സർവ്വജ്ഞനുമായ ശുക്രാചാര്യനെ സ്മരിച്ചു. ശിഷ്യനായ മഹാബലി തന്റെ ദർശനത്തെ കാംക്ഷിക്കുന്നുവെന്ന് ജ്ഞാനദൃഷ്ടികൊണ്ട് കണ്ടറിഞ്ഞ ഭാർഗ്ഗവൻ വളരെ വേഗത്തിൽ ബലി ചക്രവർത്തിയിരിക്കുന്ന മുറിയുടെ സ്വർണ്ണജനാലയ്ക്കൽ പ്രത്യക്ഷപ്പെട്ട് എന്താണ് ത്തന്നെക്കൊണ്ട് ആവശ്യമെന്ന് അന്വേഷിച്ചു. തന്റെ സംശയങ്ങളെ മുഴുവൻ മഹാബലി അറിയിച്ചു. ജഗത്തിൽ ഓരോ പദാർഥത്തെ പരിശോധിച്ചാലും അതിന്റെ പൂർവ്വാപരകാലങ്ങളിലെ അഭാവം ഹേതുവായിട്ടു അവയോരോന്നും അസത്യമാണെന്ന് വ്യക്തമാണ്. അങ്ങനെ എല്ലാം അസത്യമാണെങ്കിൽ സത്യമായിട്ടുള്ളതെന്താണ്? താൻ ആരാണ്? എങ്ങനെയാണ് ഇല്ലാത്തതായ ഈ ലോകങ്ങൾ ഉണ്ടായത്? ആരിലാണിത് നിലനിൽക്കുന്നത്? എന്നൊക്കെയാണ് മഹാബലി ചോദിച്ച സംശയങ്ങൾ.

ബുദ്ധിമാനോട് അധികമൊന്നും പറയേണ്ട ആവശ്യമില്ല. ബുദ്ധിയില്ലാത്തവനോട് കുറെയധികം പറഞ്ഞതുകൊണ്ടും വിശേഷിച്ചു പ്രയോജനമൊന്നുമില്ല. അതുകൊണ്ട് ഉള്ള കാര്യത്തെ ഞാൻ ചുരുക്കിപ്പറയാം. ചിത്താണ് ജഗത്തെല്ലാം. ചിത്തലാതെ ഒന്നുംതന്നെ ജഗത്തിലില്ല. എന്നാൽ ചിത്തിനെ ചേത്യരൂപത്തിലാണ് എല്ലാവരും ഗ്രഹിക്കുന്നത്. അതുതന്നെയാണ് ബന്ധം. ചേത്യഭാവം വിട്ട ചിത്തുതന്നെ മോക്ഷം. ചേത്യതയെ പ്രാപിച്ച ചിത്തുതന്നെ ബന്ധവും. ഇതാണ് ചുരുക്കം.ചേത്യ ഭാവമെല്ലാം വിക്ഷേപങ്ങലാണ്. സ്വതവേ ഉള്ളത് ചിത്തുമാത്രം. ഇതിനെ അറിഞ്ഞാൽ അജ്ഞാനവും അത് ഹേതുവായിട്ടുള്ള ബന്ധവും അവസാനിക്കുകയും ചെയ്യും. ഇത്രയും പറഞ്ഞ് ശുക്രാചാര്യൻ തനിക്കു അടിയന്തിരമായ ചില കാര്യങ്ങൾക്ക് പോകേണ്ടതുണ്ട് എന്നുപറഞ്ഞ് പെട്ടെന്ന് മറയുകയും ചെയ്തു.

മഹാബലിയാകട്ടെ ശുക്രാചാര്യൻ പറഞ്ഞ വാക്കുകളെ ദൃഢമായി ബോധിച്ചു മനനം ചെയ്തുറപ്പിച്ചു ചേത്യഭാവത്തെ വിട്ട ചിത്തിനെ ധ്യാനിക്കാൻ തുടങ്ങി. ക്ഷണനേരംകൊണ്ട് അദ്ദേഹം എല്ലാ വികൽപ്പങ്ങളെയും വിട്ട് നിർവ്വികൽപ്പമായ പരമഭാവത്തിൽ മുഴുകി. അനന്തരം തുടർച്ചയായിരുന്ന് വളരെ ദിവസം കഴിഞ്ഞ ശേഷമാണ് അദ്ദേഹം ആപരമഭാവത്തിൽ നിന്നുണർന്നത്. പിന്നെ ചേത്യഭാവമില്ലാത്ത സത്താമാത്രസ്ഥിതിയിൽ മനസ്സിനെ നിർത്തിക്കൊണ്ട് തന്റെ രാജ്യകാര്യങ്ങളൊക്കെ നടത്തിവന്നു. നോക്കു! മഹാബലി ജന്മനാ അസുരനായിരുന്നിട്ടും എത്ര

എളുപ്പത്തിലാണ് മുക്തനായത്. ഇതുപോലെ എല്ലാവർക്കും സാദ്ധ്യമാണ്. ശുദ്ധിയും കൂർമ്മതയും പ്രജ്ഞയും ശരിയായ മാർഗ്ഗത്തിലുള്ള വിചാരവും മാത്രമേ ആവശ്യമുള്ളൂ. പരമാർത്ഥമായ ജ്ഞാനം ആർക്കും ഉണ്ടാവാം. അതിനാൽ ഹേ രാമചന്ദ്രാ, നീയും ബലിയെന്ന പോലെ വിചാരം കൊണ്ട് വസ്തുവിൽ ഉണർന്നു ഇതേ നിമിഷം ത്തന്നെ മുക്തനായിത്തീരൂ.

പ്രഹ്ലാദോപാഖ്യാനം

അപാരശക്തനും തന്റെ പിതാവുമായ ഹിരണ്യകശിപു നരസിംഹസ്വരൂപിയായ ശ്രീഹരിയാൽ കൊല്ലപ്പെട്ടപ്പോൾ പ്രഹ്ളാദൻ വിചാരിയ്ക്കാൻ തുടങ്ങി. ഈലോകത്തിലുള്ള ഏതൊരു വസ്തുവിനോ ആൾക്കോ സ്ഥിരമായ നിലനിൽപും രക്ഷയുമില്ല. അല്ലെങ്കിൽ ആരുടെ ഒരട്ടഹാസം കേട്ടാലാണോ ഇന്ദ്രാദിദേവശ്രേഷ്ഠൻമാർപോലും നടുങ്ങിയിരിയ്ക്കുന്നത്, അങ്ങനെയുള്ള ഹിരണ്യകശിപു ക്ഷണനേരം കൊണ്ട് മൃതനായിക്കഴിഞ്ഞു. ബ്രഹ്മാണ്ഡത്തെ മുഴുവൻ തന്റെ പൗരുഷംകൊണ്ടും അജയ്യമായശക്തികൊണ്ടും ആജ്ഞബയ്ക്ക് വിധേയമാക്കിതീർത്ത അലംഘ്യമായ ആസുരശക്ത്തിയായിരുന്ന ഹിരണ്യകശിപു. ആ ഹിരണ്യകശിപുവിനുപോലും രക്ഷയില്ല ഈപ്രപഞ്ചത്തിലെന്നു വന്നാൽ പിന്നെ ആർക്കാണു രക്ഷയുള്ളത്? ആര് എത്രതന്നെവളർന്നാലും ഹരി അവനെ വിഴുങ്ങും. ഹരിയെ ജയിക്കാൻഹരിയല്ലാതെ മറ്റാരും തന്നെയില്ല. അതിനാൽ സർവ്വത്മനാ ഹരിയെ ആശ്രയിക്കുന്നതുതന്നെ രക്ഷയുള്ള ഏകമാർഗ്ഗം. അങ്ങനെ ബോധ്യപ്പെട്ട അസുരചക്രവർത്തിയായ പ്രഹ്ളാദൻ ഹരിഭക്തിയെ വളർത്താൻ തുടങ്ങി. ഈനിമിഷം മുതൽക്ക് എനിക്കിനി ശ്രീനാരായണാശ്രയമൊഴിച്ചു മറ്റൊന്നുംതന്നെ രക്ഷയില്ലെന്നു കരുതി മനസാ വാചാ കർമ്മണാ ഭഗവാനെ ശരണംപ്രാപിച്ചു. *ഓം നമോ നാരായണായ* എന്ന അഷ്ടാക്ഷരീമന്ത്രത്തെ തന്റെ ഇഷ്ടമന്ത്രമാക്കി സ്വീകരിച്ച് എപ്പോഴും ഭക്തി വിവശനായി ജപിക്കാൻ തുടങ്ങി. മാത്രമല്ല, ഭക്തികൊണ്ട് അലിഞ്ഞ ഹൃദയത്തോടുകൂടി എപ്പോഴും ജപം, കീർത്തനം, ധ്യാനം, പൂജ തുടങ്ങിയ അനുഷ്ഠാനങ്ങളിൽത്തന്നെ മുഴുകി കഴിയാനും തുടങ്ങി.

ബാഹ്യാഭ്യന്തരങ്ങളായ കരണങ്ങളെ ലയിപ്പിച്ച് ഉപാസനാമൂർത്തിയായ വിഷ്ണുഭഗവാനോടു താദാത്മ്യത്തെ പ്രാപിച്ചുകൊണ്ടു ജപിച്ചും സങ്കല്പമയിയും ദ്രവ്യമയിയുമായ പൂജകളെക്കൊണ്ടാരാധിച്ചും വർദ്ധിച്ചുവന്ന ഭക്തിയാൽ ആവിഷ്ടനായി ധാരയായൊഴുകുന്ന കണ്ണീരോടും പൊട്ടിത്തരിച്ച ശരീരത്തോടും മിക്കപ്പോഴും ഭാവസമാധിയിലും സഗുണസമാധിയിലും മുഴുകിയും ഉണർന്നും കഴിഞ്ഞുവന്ന പ്രഹ്ലാദൻ. അദ്ദേഹത്തിന്റെ അസാധാരണമായ വിഷ്ണുഭക്തി അസുരസമുദായത്തെ മുഴുവൻ ആശ്ചര്യസ്തബ്ധമാക്കിത്തീർത്തു. സന്ദർഭം കിട്ടുമ്പോഴൊക്കെ പ്രഹ്ലാദൻ അസുരസദസ്സിൽ വിഷ്ണുഭഗവാന്റെ മഹിമകളെ വാഴ്ത്തുകയും വിഷ്ണുഭജനത്തോടുകൂടാത്ത ജീവിതം അധന്യമാണെന്നു സമർത്ഥിക്കുകയും ചെയ്തുവന്നു. കാലംകൊണ്ടു മഹാരാജാവിന്റെ വാക്കും പ്രവൃത്തിയും അസുരന്മരെ മുഴുവൻ ആകർഷിക്കാൻ പര്യാപ്തങ്ങളായിത്തീർന്നു. അതിനാൽ വിഷ്ണുഭഗവാനെ ആജന്മശത്രുവായികരുതിവന്ന കുടിലന്മാരും ദുഷ്ടന്മാരുമായ അസുരന്മാരിൽപോലും കുറേശ്ശെയായി വിഷ്ണുഭക്തി അങ്കുരിച്ചു വികസിക്കാൻ തുടങ്ങി. അധികം താമസിയാതെ അസുരന്മാരൊക്കെത്തന്നെയും തികഞ്ഞവിഷ്ണുഭക്തന്മാരായിമാറി.

അസുരസമുദായത്തിന്റെ ഈ വമ്പിച്ചപരിവർത്തനം കണ്ടുദേവന്മാർ നടുങ്ങി. പ്രഹ്ലാദനാണ് ഇതിനു ഹേതുവെന്നവർ മനസിലാക്കി. രാജാവിന്റെ ആചാരവും വിശ്വാസവും പ്രജകളിലേയ്ക്ക് പകരുക എന്നത് സ്വാഭാവികമാണല്ലോ. എങ്കിലും ഇത്ര വലിയമാറ്റം അവർ കണ്ടിട്ടില്ല. ഇനി എന്തെല്ലാം സംഭവിയ്ക്കാൻ പോകുന്നുവെന്നറിയാതെ ഭയപ്പെടാൻതുടങ്ങി ദേവൻമാർ. രജസ്തമ:പ്രകൃതികളും

ദുഷ്ടൻമാരുമായ അസുരൻമാരുമൊക്കെ വിഷ്ണുഭക്തന്മാരും സാത്വികന്മാരുമായാലത്തെ കഥയെന്താണ്? ഭയവും ആശ്ചര്യവും ദേവന്മാരെ പരതന്ത്രരാക്കി. അതിന്റെ ഫലമായി അവരെല്ലാവരും കൂടി ശ്രീവൈകുണ്ഠത്തിൽ വിഷ്ണു സന്നിധിയിൽചെന്നു വിവരമെല്ലാം ഉണർത്തിച്ചു. ഒടുവിലത്തെ ജന്മമായ സുകൃതിയ്ക്കുണ്ടാവേണ്ട വിഷ്ണുഭക്തിയെവിടെ? കപടശാലികളും നീചന്മാരുമായ അസുരന്മാരെവിടെ? എന്താണിവർക്കിതു സംഭവിച്ചത്? ഏതായാലും അവരുടെ സംസ്കാരത്തെ മാറ്റീട്ടില്ലെങ്കിൽ എന്തെല്ലാം സംഭവിയ്ക്കുമെന്നറിഞ്ഞുകൂട. എന്നൊക്കെ അറിയിച്ചു ദേവന്മാർ. ഭഗവാനവരെ സമാധാനിപ്പിച്ചു. ദോഷഹീന്മാരായ നല്ലവർ ദുഷിക്കാനിടയായിയെന്നുവന്നാൽ പരിഭ്രമിക്കേണ്ടതാണ്. എന്നാൽ ദുഷ്ടന്മാർ നല്ലവരായാൽ സന്തോഷിക്കുകയല്ലേ വേണ്ടത്? അതിനാൽ അസുരന്മാരെപ്പറ്റി പരിഭ്രമിക്കാനോ ഭയപ്പെടാനോ ഒന്നുമില്ല. കൂടാതെ പ്രഹ്ലാദനിത് ഒടുവിലത്തെ ജന്മമാണ്. അതുകൊണ്ടാണദ്ദേഹത്തിനു സ്വാഭാവികമായിത്തന്നെ വിഷ്ണുർഭക്തിയുണ്ടായിതീർന്നത്. അതുകൊണ്ട് നന്മയേ ഉണ്ടാകൂ, എന്നൊക്കെ പറഞ്ഞുഭഗവാനവരെ സമാധാനിപ്പിച്ചു സ്വസ്ഥാനങ്ങളിലേയ്ക്ക് പറഞ്ഞയച്ചു.

ദേവന്മാർ അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു പോയശേഷം ഭഗവാൻ പ്രഹ്ലാദനു തന്റെ ദിവ്യദർശനത്തെ കൊടുത്ത് അനുഗ്രഹിക്കാൻ തീർച്ചപ്പെടുത്തി. അതിന്റെ ഫലമായി ഒരു ദിവസം പൂജാവസാനത്തിൽ പ്രഹ്ലാദന്റെപൂജാമുറിയിൽ ഭഗവാൻ ശ്രീനാരായണൻ സ്വയം പ്രത്യക്ഷപ്പെട്ടു തന്റെ ഭക്തനു ദർശനം കൊടുത്തു. പരമഭക്തനായ പ്രഹ്ലാദനു തന്റെ ഇഷ്ടമൂർത്തിയായ വിഷ്ണുഭഗവാനെ നേരിൽ കാണാൻ സാധിച്ചപ്പോഴുണ്ടായ സന്തോഷത്തിന് അതിരില്ല. സന്തോഷംകൊണ്ടും ചാരിതാർത്ഥ്യംകൊണ്ടും ആവിഷ്ടനായി. എഴുന്നേററു പ്രദക്ഷിണം ചെയ്തു വീണ്ടും വീണ്ടും വീണു നമസ്കരിച്ചു സ്തുതിക്കാൻ തു ടങ്ങി. ദിവ്യങ്ങളായ സ്തോത്രതല്ലജങ്ങളെക്കൊണ്ടും വളരെനേരം ഭക്തിപരവശനായി ഭഗവാനെ വാഴ്ത്തി സ്തുതിക്കുകയും ചെയ്തു. സന്തുഷ്ടനായ ശ്രീനാരായണൻ മേലിൽ സംസാരതാപമേല്ക്കാതിരിയ്കത്തക്ക നിലയിൽ നല്ലതായ ഏതെങ്കിലും ഒരു വരം വരിച്ചു കൊള്ളുവാൻ പറയുകയും ചെയ്തു. അതിനെ അവിടുന്നുതന്നെ തന്നാൽ മതിയെന്നാണ് പ്രഹ്ലാദന്റെ മറുപടി. *വസ്തുബോധത്താൽ ചിത്തമടങ്ങി അദ്വിതീയാത്മാവിൽ പൂർണ്ണവിശ്രാന്തിയെ പ്രാപിക്കുന്നതുവരെയും വിചാരവാനായിത്തീരട്ടെ* എന്നാണ് ഭഗവാൻ കൊടുത്തവരം. അനന്തരം പ്രഹ്ലാദനെ അനുഗ്രഹിച്ചു ഭഗവാൻ അന്തർദ്ധാനവും ചെയ്തു.

ശ്രീനാരായണൻ അന്തർദ്ധാനം ചെയ്തതിന്നുശേഷം പത്മാസനത്തിൽ നീണ്ടുനിവർന്നു താനാരെന്നു വിചാരം ചെയ്യാൻ തുടങ്ങി. വിചാരവാനായി ഭവിയ്ക്കട്ടെ എന്നായിരുന്നുവല്ലോ ഭഗവാന്റെ അനുഗ്രഹം. ആയതു പെട്ടന്നു ഫലവത്തായിത്തീർന്നു. കല്ലും മരങ്ങളും മലകളും പുഴകളും അനന്തകോടി ജീവരാശികളും ശബ്ദാദിവിഷയങ്ങളുമടങ്ങിയ ഈ പ്രപഞ്ചം താനല്ലെന്നദ്ദേഹത്തിനാദ്യംതന്നെ ബോദ്ധ്യമായി. ഒന്നാമത്, അത് ദൃഷ്ടാവായ തന്നിൽനിന്നു വേറെയാണ്. അതിനാൽ തന്റെ ദൃശ്യമാണ്. ദൃശ്യം ദൃഷ്ടാവാവാൻ വയ്യ. രണ്ടാമതു പ്രപഞ്ചം ജഡമാണ്. താൻ ചൈതന്യമാണ്. ഈ കാരണങ്ങളാൽ പ്രപഞ്ചം താനല്ലെന്നു വളരെ വേഗത്തിൽ ബോദ്ധ്യമായി. എന്നാൽ പിന്നെ കാണപ്പെടുന്ന ഈ ശരീരത്തിന്ന് ഉല്പത്തിസ്ഥിതിലയങ്ങളും ക്ഷയവൃദ്ധികളും ബാല്യകൗമാര യൗവനവാർദ്ധക്യങ്ങളും മറ്റുമുണ്ട്. അവയൊന്നും തനിക്കുള്ളതാവാൻ

കാരണമില്ല. കൂടാതെ ശരീരം ജഡമാണ്. താൻ ജഡനല്ല. ഇതിനൊക്കെ പുറമെ ശരീരവും തന്റെ ദൃശ്യകോടിയിൽപ്പെട്ട ഒന്നാണ്. താൻ ദൃഷ്ടാവാണ്. ആ സ്ഥിതിക്കു ശരീരവും താനല്ലെന്നു ബോദ്ധ്യമായി. ശബ്ദാദിവിഷയഗ്രാഹകങ്ങളായ ശ്രോത്രാദീന്ദ്രിയങ്ങൾ മനസ്സിന്റെ അംശങ്ങളാകയാൽ അവയെപ്പറ്റി ചിന്തിക്കേണ്ടതേ ഇല്ല.

മനസ്സു താനാണോ എന്നേ ചിന്തിക്കേണ്ടതുള്ളു. ഉദയാസ്തമയങ്ങളെന്ന നില മനസ്സിനും ബുദ്ധിക്കെല്ലാമുണ്ട്, സുഷുപ്തിയിൽ മനസ്സും ബുദ്ധിയും ലയിച്ചില്ലാതാവുന്നുണ്ട്. എങ്കിലും ഞാൻ ഇല്ലാതാവുന്നില്ല. കൂടാതെ അവയും തനിയ്ക്കു ദൃശ്യങ്ങളായിട്ടിരിക്കുന്നു. താൻ അവയുടെയും ദൃഷ്ടാവ് അല്ലങ്കിൽ ജ്ഞാതാവാണ്. അതിനാൽ മനോബുദ്ധികളും താനല്ലെന്നു വ്യക്തമാണ്. ഇങ്ങനെ വീണ്ടും വീണ്ടും വിചാരം ചെയ്ത പ്രഹ്ലാദൻ പ്രപഞ്ചമോ ശരീരമോ ഇന്ദ്രിയങ്ങളോ മനസ്സോ ബുദ്ധിയോ സത്തയില്ലാത്ത അഹങ്കാരമോ അല്ല താനെന്നും അവയ്ക്കെല്ലാം സാക്ഷിയും ദൃഷ്ടാവും ജ്ഞാതാവും ബോധസ്വരൂപനുമായിട്ടിരിക്കുന്ന ആത്മാവാണു താനെന്നും ബോധിച്ചു. തെറ്റിധാരണകളും മാലിന്യങ്ങളും ഉപാധിധർമ്മങ്ങളും മുഴുവൻനീങ്ങി താനാകുന്ന പരമതത്വത്തിൽ ദൃഢത വന്നതോടുകൂടി സമാധിസ്ഥനായി. ക്രമേണ വികല്പങ്ങൾ മുഴുവൻ നീങ്ങി നിർവ്വികല്പസമാധിയിൽ മുഴുകി. പരമനിർവികല്പമായ പ്രസ്തുത സമാധിയിൽ മുഴുകികൊണ്ടു ബാഹ്യബോധം പോലുമില്ലാതെ വളരെക്കാലം പ്രതിമയെന്നപോലെ നിശ്ചലനായിരുന്നു.

അങ്ങനെ വളരെ കൊല്ലങ്ങൾതന്നെ പ്രഹ്ലാദൻ പരമനിർവ്വികല്പമായ അദ്വൈതബ്രഹ്മത്തിൽ ലീനനായി പ്രപഞ്ചബോധമില്ലാതെ കഴിഞ്ഞപ്പോൾ അസുരലോകത്ത് അരാജകത്വം ബാധിച്ചു. മത്സ്യന്യായേന അന്യോന്യം മർദ്ദിതമായ വംശപരമ്പരതന്നെ മിക്കവാറും ക്ഷയോന്മുഖവും നഷ്ടപ്രായവുമായിത്തീർന്നു. അ സമയത്ത് ഭഗവാൻ ശ്രീനാരായണൻ പ്രഹ്ലാദനെ സമാധിയിൽ നിന്നുണർത്തണമെന്നു വിചാരിച്ചു. അങ്ങനെ ചെയ്യാത്തപക്ഷം പ്രപഞ്ചം തന്നെ അകാലത്തിൽ പ്രളയത്തെ പ്രാപിക്കാൻ ഇടയായിത്തീരും. തക്കതായ ഭരണകർത്താവില്ലാതാവുമ്പോൾ അസുരന്മാരൊക്കെ നശിക്കും. അസുരന്മാരൊക്കെ നശിച്ചാൽ ദേവന്മാർക്ക് ജയേച്ഛയില്ലാതാവും; രാഗദ്വേഷദ്വന്ദ്വങ്ങളടങ്ങി അവരൊക്കെ അപവർഗ്ഗത്തെ പ്രാപിക്കും. ദേവന്മാരില്ലാതായിതീരുമ്പോൾ യജ്ഞാദിധർമ്മങ്ങൾ ഭൂമിയിൽ ഇല്ലാതായിത്തീരും. അപ്പോൾ എല്ലാം നശിക്കും. താനും തൽപദത്തിങ്കൽ വിശ്രാന്തനാവും. അങ്ങനെ അകാലത്തിൽ ഒരു പ്രളയം വന്നു ചേരലാണ് ഫലം. അങ്ങനെ സംഭവിക്കുന്നത് ശരിയല്ല. അതുകൊണ്ട് പ്രഹ്ലാദനെ ഉണർത്തി പ്രവർത്തിക്കുകതന്നെ വേണം എന്നു നിശ്ചയിച്ചു. ഭഗവാൻ ശ്രീനാരായണൻ വൈകുണ്ഠലോകത്തു നിന്നു പുറപ്പെട്ടു പ്രതിമയെന്നതു പോലെ നിശ്ചലനായി സമാധിസ്ഥനായ പ്രഹ്ളാദന്റെ മുമ്പിലെത്തി പത്തു ദിക്കുകളിലും മാറ്റൊലികൊള്ളുമാറുള്ള തന്റെ ഉച്ചണ്ഡമായ പാഞ്ചജന്യശംഖത്തെ നദിപ്പിച്ചു. അതോടെ പ്രഹ്ലാദന്റെ ലീനമായ ചിത്ത് ഉണർന്ന് ക്രമേണ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയിൽ വ്യാപിച്ചു സ്ഥൂലവും വിഷയോന്മുഖവുമമായിത്തീർന്നു. അടങ്ങിയ പ്രാണാപാനന്മാർ ഉണർന്ന് ഓടി കളിക്കാൻ തുടങ്ങി. കണ്ണുമിഴിച്ച് ഭഗവാനെയും പ്രപഞ്ചത്തെയും കാണുകയും അറിയുകയും ചെയ്തു. അകാലത്തിൽ ശരീരപരിത്യാഗം ശരിയല്ലെന്നും വളരെക്കാലം അസുരചക്രവർത്തിയായി രാജ്യഭരണംചെയ്ത് അന്ത്യത്തിൽ വിദേഹകൈവല്ല്യത്തെയും പ്രാപിയ്ക്കു എന്നരുളിച്ചയ്ത് അന്തർദ്ധാനവും ചെയ്തു.

ഇങ്ങനെ സ്വപ്രയത്നം കൊണ്ടുതന്നെ ബുദ്ധിമാനായ പ്രഹ്ലാദന്‍ പരമപദത്തെ പ്രാപിക്കാനിടയായി തീര്‍ന്നു. ഹേ രാമചന്ദ്രാ! സംസാരമെന്നു പേരുള്ള ഈ മഹാമായയെ സ്വപ്രയത്നം കൊണ്ടും സ്വചിത്തവിജയം കൊണ്ടുമല്ലാതെ മറ്റൊന്നുകൊണ്ടും അടക്കാന്‍ സാദ്ധ്യമല്ല. തന്റെചിത്തത്തെ ജയിക്കാന്‍ സ്വപ്രയത്നമല്ലാതെ മറ്റൊരാളുടെ പ്രയത്നം ഉപകരിക്കില്ലെന്നുപറയേണ്ടതില്ലല്ലോ. ചിത്തത്തെ അടക്കിയ ഒരാള്‍ക്ക് അല്പം പോലും ശേഷിക്കുന്നില്ല സംസാരം. അങ്ങനെതന്നെ ചിത്തം അടങ്ങാതിരിക്കും കാലത്തോളവും മറ്റൊന്നുകൊണ്ടും സംസാരം നീക്കാവുന്നതുമല്ല.

ഗാധിവൃത്താന്തം

പണ്ടു കോസലരാജ്യത്ത് ഗാധിയെന്നുപേരായി ഒരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ ആരോടും ഒന്നും പറയാതെ ഏതോ ഒരു കാര്യത്തെ ഉദ്ദേശിച്ചുകൊണ്ട് കാട്ടിലേയ്ക്ക് പോയി. വിജനമായ വനാന്തർഭാഗത്തു ചെന്ന് ഒരു വലിയ പൊയ്കയിൽ കഴുത്തുവരെ വെള്ളത്തിലിറങ്ങി നിന്നുകൊണ്ട് കഠിനമായ തപം ചെയ്തു. ആ സമയത്ത് ഭഗവാൻ ശ്രീനാരായണൻ ഒരു ദിവസം അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് സമാധിയിൽനിന്നുണർത്തി അനുഗ്രഹിച്ച് ആവശ്യമുള്ള വരം വരിച്ചു കൊള്ളുവാൻ പറഞ്ഞു. ഗാധിബ്രാഹ്മണൻ ജലത്തിൽനിന്നു കരയ്ക്കുകയറി ഭഗവാനെ പ്രദക്ഷിണം വച്ച് നമസ്കരിച്ച് ഭക്തിശ്രദ്ധകളോടെ സ്തുതിച്ചു. അനന്തരം തനിക്ക് മായയെ ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ട്. സാധിപ്പിച്ചു തന്നാൽ വേണ്ടില്ലെന്നപേക്ഷിക്കുകയും ചെയ്തു. അധികം താമസിയാതെത്തന്നെ മായയെ നേരിൽ കാണാനിടയാകും. പിന്നെ സ്വീകരിക്കുന്നെങ്കിൽ സ്വീകരിച്ചോളൂ; അല്ല തള്ളുന്നെങ്കിൽ തള്ളിക്കോളൂ എന്ന് അരുളിചെയ്തു ഭഗവാൻ അന്തർദ്ധാനവും ചെയ്തു. ഭഗവാൻ പോയി മറഞ്ഞശേഷം ഗാധി സ്വന്തം ആശ്രമത്തിലേയ്ക്കു മടങ്ങി തന്റെ നിത്യകൃത്യങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു.

പിന്നെയും കുറച്ചുദിവസം കൂടി ആ വനാന്തർഭാഗത്തുള്ള തന്റെ പർണ്ണശാലയിൽ തന്നെ താമസിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം അടുത്തുള്ള മനോഹരമായ പൊയ്കയിലേക്ക് കുളിക്കാൻപോയി. വെള്ളത്തിലിറങ്ങി മുങ്ങിയതോടെ താൻപതിവായി ജപിച്ചുവരാറുള്ള മന്ത്രം വിസ്മരിക്കപ്പെട്ടു. മാത്രമല്ല തന്നെ കൂടിയും മറന്നു. തന്റെ ഗൃഹത്തിൽ താൻ മരണശയ്യയിൽ കിടക്കുന്നതായും ബന്ധുജനങ്ങളും ഭാര്യാമക്കളും അമ്മയുമൊക്കെ തന്റെചുറ്റുപാടുമായി നിന്നു വ്യസനിച്ചു കരയുന്നതും കണ്ടു. അധികം താമസിക്കാതെ താൻ മരിച്ചു. അതോടെ തന്റെ ഭാര്യയും അമ്മയും അസഹ്യമായ വ്യസനം കൊണ്ടു വാവിട്ടു നിലവിളിച്ചു. അനന്തരം ശവശരീരത്തെ എടുത്ത് ശ്മശാനത്തിൽ കൊണ്ടുപോയി അഗ്നിയിൽ സംസ്കരിക്കുകയും ചെയ്തു. പിന്നെ പ്രസിദ്ധമായ പ്ലുണദേശത്തെ നാട്ടിൻപുറത്തുള്ള പറച്ചേരിയിൽ ഒരു ചണ്ഡാളസ്ത്രീയുടെ ഗർഭോദരത്തിൽ കിടക്കുന്ന കറുത്തുവികൃതമായ ഒരുകുഞ്ഞായിട്ടു തന്നെ കാണാൻതുടങ്ങി ഗാധി. കാലം കൊണ്ട് ഗർഭിണിയായ ആ ചണ്ഡാളസ്ത്രീ പ്രസവിച്ചു. താൻ ശിശുവായിവളരാനും തുടങ്ങി. ക്രമേണ പതിനാറുവയസ്സുകഴിഞ്ഞു; യൌവനത്തിൽ എത്തിചേർന്നു. കറുത്തിരുണ്ട് തടിച്ച് ഒരു അഞ്ജനപർവ്വതംപോലുള്ള ശരീരമായി തീർന്നു താൻ. തനിക്കു അനുരൂപിണിയായ ഒരു ചണ്ഡാളകന്യകയെ വിവാഹവും കഴിച്ചു. അവളോടുകൂടി കാട്ടിലും വള്ളിക്കുടിലുകളിലും ഗുഹാന്തർഭാഗങ്ങളിലും മറ്റും ചുറ്റിനടന്നും നായാട്ടുചെയ്തും മററും ദിവസങ്ങൾ കഴിച്ചു. കാലംകൊണ്ട് അവളിൽ തനിക്കു നാലഞ്ചു പുത്രന്മാരുണ്ടായി. അതോടെ യൌവനം കുറച്ചൊന്നു ക്ഷയിച്ചു. വിഷയഭോഗങ്ങളിലുള്ള ആശയും ചുരുങ്ങി. ശരീരം തന്നെ ഒന്നു തളർന്നു. ആ സമയത്തു സ്വഗൃഹത്തിൽനിന്നല്പം ദൂരത്തായി കാട്ടിനുള്ളിൽ രു പർണ്ണശാല കെട്ടി അതിൽ ഒറ്റക്ക് താമസമായി. അങ്ങിനെയിരിക്കെ അവിചാരിതമായി തന്റെ ഭാര്യം കുട്ടികളുമെല്ലാം മരിച്ചു പോയി. വ്യസനം സഹിക്കാൻ കഴിയാതെയായി. അതിനാൽ കുണ്ഠിതത്തോടുകൂടി രാജ്യംവിട്ട്

എങ്ങോട്ടേയ്ക്കെന്നില്ലാതെ പോവാൻ തുടങ്ങി.നടന്നു നടന്നു ഒരു ദിവസം കീരദേശത്ത് എത്തിചേർന്നു. പുരോഭാഗത്തുതന്നെ നഗരമുഖ്യൻമാരായ ആളുകളും പൌരജനങ്ങളും അരമനയിലെ മന്ത്രിമുഖ്യൻമാരുമെല്ലാം തിങ്ങികൂടിനിൽക്കുന്നുണ്ട്. അവരുടെ ഇടയിൽ അലങ്കരിയ്ക്കപെട്ട ഒരു വലിയ കൊമ്പനാനയും ഉള്ളതായി കണ്ടു. എന്തോ ആഘോഷം നടക്കാൻ പോവുന്നുണ്ടന്നു കരുതി വിവരമൊന്നുമറിയാതെ ചണ്ഡാളഗാധിയും അതു നോക്കികൊണ്ടുനിന്നു.

ആന ജനങ്ങളുടെ ഇടയിൽക്കൂടെ നടന്ന് ഓരോരുത്തരേയും നോക്കി നോക്കി അവസാനം ചണ്ഡാളഗാധിയെ തന്റെ തുമ്പിക്കൈകൊണ്ടടുത്തു പുറത്തുകയറ്റി ഇരുത്തി. അതുകണ്ടപ്പോൾ ജനങ്ങളൊക്കെ ആർത്തുവിളിക്കുകയും വാദ്യഘോഷങ്ങൾമുഴക്കുകയും ചെയ്തു. രാജാവു മരിച്ചുപോയ ആ രാജ്യത്തേക്കു അനന്തരരാജാവിനെ തിരഞ്ഞെടുക്കുകയായിരുന്നു ആന ചെയ്തത്. അതൊന്നും അദ്ദേഹം മനസ്സിലാക്കിയിട്ടുമില്ല. അല്പസമയം ആനയുടെ പുറത്തിരുന്നപ്പോഴേക്ക് ആളുകൾ നാലു ഭാഗവും വന്നു നിറഞ്ഞു. തന്നെ ആന പുറത്തുനിന്നിറക്കി. പല്ലക്കിൽ കയറ്റി അരമനയിലേക്ക് കൊണ്ടുപോയി. അതോടെ മഹാരാജാവെന്ന ശബ്ദം സർവ്വത്ര ഉയർന്നുവരികയും ജനങ്ങൾ തന്നെ ഭക്തിബഹുമാനങ്ങളോടെ ആദരിയ്ക്കുകയും ബഹുമാനിയ്ക്കുകയും ചെയ്തുതുടങ്ങി. അന്തപുരസ്ത്രീകൾ വളരെ വേഗത്തിൽ പുതിയ മഹാരാജാവിനെ അലങ്കരിച്ചു മോടിപിടിപ്പിച്ചു. മന്ത്രിമാരും നഗരമുഖ്യന്മാരും മഹാരാജാവിനെ മുഖം കാണിച്ചു സ്വയം പരിചയപ്പെടുകയും ചെയ്തു. രാജ്യത്തിലെ സംഗതികളൊക്കെ സ്വയം മനസിലാക്കിയ മഹാരാജാവ് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടുതന്നെ അവിടെ സുരക്ഷിതമായൊരു ഭരണം സ്ഥാപിച്ചു. എല്ലാരാജഭോഗങ്ങളെ അനുഭവിച്ചും രാജ്യം ഭരിച്ചും കൊണ്ട് എട്ടുകൊല്ലകാലം അങ്ങനെ കഴിഞ്ഞു. അപ്പോഴാണൊരു പ്രത്യേക സംഭവമുണ്ടായത്.

ഒരു ദിവസം മഹാരാജാവ് വസ്ത്രാലങ്കാരങ്ങളൊന്നുമില്ലാതെ ഏകവസ്ത്രനായി അരമനയുടെ പുറത്ത് ഒറ്റയ്ക്കു കാറ്റുകൊള്ളാൻവേണ്ടി വന്നുനിന്നതായിരുന്നു. ആ സമയത്ത് ഒരു സംഘം ചണ്ഡാളന്മാർ അവിടെ എന്തൊക്കെയോ പറഞ്ഞുകൊണ്ടു നിന്നിരുന്നു, മഹാരാജാവ് അവരെ നോക്കിരസിച്ചുകൊണ്ടു കുറച്ചു നേരമങ്ങനെ നിന്നു. അപ്പോൾ അവരുടെ കൂട്ടത്തിൽ നിന്നു വൃദ്ധനും രക്താക്ഷനുമായ ഒരുചണ്ഡാളൻ മഹാരാജാവിനെ നോക്കി “അല്ലേ കാഞ്ജകാ! നീ ഞങ്ങളെയൊക്കെ വിട്ട് ഇത്രകാലം എവിടെപ്പോയി? ഭാഗ്യം കൊണ്ട് ഇപ്പോഴെങ്കിലും കാണാൻ കഴിഞ്ഞുവല്ലോ” എന്നുപറഞ്ഞു മഹാരാജാവതിനു മറുപടിയൊന്നും പറയാതെ പോവുകയും ചെയ്തു. എങ്കിലും ഈ സംഭവം ജനലിൽക്കൂടി അന്ത:പുരസ്ത്രീകൾ കണ്ടു. തങ്ങളുടെ രാജാവു ചണ്ടാളനാണെന്നവർക്കു ബോദ്ധ്യമായി. ക്ഷണനേരംകൊണ്ട് ഈ വാർത്ത നാട്ടുമുഴുവൻ പരന്നു, ജനങ്ങൾമുഴുവൻ വല്ലാതെ വ്യസനിച്ചു. എട്ടു കൊല്ലം ചണ്ഡാളനോടുകൂടി കഴിയുകയാണല്ലോ ചെയ്തത്, ഒരു പ്രായശ്ചിത്തം കൊണ്ടും അതിനു പരിഹാരമാകാൻ പോകുന്നില്ല എന്നു തീർച്ചപ്പെടുത്തി ആ നഗരവാസികൾ മിക്കവാറും അഗ്നി പ്രവേശം ചെയ്തു മരിച്ചു. അതു കണ്ട രാജാവ് താൻ ഹേതുവായി ഇത്രയും ജനങ്ങൾക്ക് അത്യാഹിതം വന്നുവല്ലോ എന്നു വിചാരിച്ചു വ്യസനിച്ചു താനും അഗ്നിപ്രവേശം ചെയ്തു. തീ തട്ടി ചുട്ടപ്പോൾ വീണ്ടും ബോധമുണ്ടായി. ഗാധി ബ്രാഹ്മണൻ വെള്ളത്തിൽ നിന്നും കരയ്ക്കു കയറുകയും ചെയ്തു.

അത്ഭുതകരവും അസാധാരണവുമായ ഭ്രാന്തിയാൽ ആവിഷ്ടനായ ഗാധിബ്രാഹ്മണൻ കരയ്ക്കു

കയറി. ചിത്തത്തിന്റെ വിഭ്രാന്തിയെയോർത്ത് ആശ്ചര്യപരവശനായി. കാട്ടിൽ അലഞ്ഞു കൊണ്ടിരിക്കുന്ന നരിയെപ്പോലെയാണ് മനസ്സ് ഈ സംസാരക്കാട്ടിൽ എല്ലായിടത്തും എപ്പോഴും അലഞ്ഞുകൊണ്ടിരിക്കും, അതാണു മനസ്സിന്റെ സ്വഭാവം, എന്നൊക്കെ വിചാരിച്ച് കുളികഴിച്ച് ആശ്രമത്തിലേക്ക് മടങ്ങുകയും ചെയ്തു. വിശേഷസംഭവങ്ങളൊന്നും കൂടാതെ നാലു ദിവസം കഴിഞ്ഞു. ഒരു ദിവസം വൈകുന്നേരം ഒരു ബ്രാഹ്മണൻ അതിഥിയായി ഗാധിയുടെ ആശ്രമത്തിൽ വന്നു കയറി. കുശലപ്രശ്നം ചെയ്ത് അദ്ദേഹത്തെ വേണ്ടപോലെ ഉപചരിയ്ക്കുകയും ചെയ്തു. ആഹാരം കഴിച്ചു രാത്രി കിടക്കുമ്പോൾ രണ്ടുപേരും പല കഥകളേയും പറഞ്ഞുകൊണ്ടിരിക്കേ ഗാധിബ്രാഹ്മണൻ അതിഥിയോട് അദ്ദേഹത്തിന്റെ ശരീരത്തിനിത്ര തട്ടാനെന്താണ് കാരണമെന്നന്വേഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഉത്തരപ്രദേശത്തു 'കീര'മെന്നു പ്രസിദ്ധമായൊരു രാജ്യമുണ്ട്. അവിടെ കുറച്ചു ദിവസം താമസിയ്ക്കാനിടയായി. അവിടെ എട്ടുകൊല്ലക്കാലം ഒരു ശ്വപകൻ രാജ്യം ഭരിക്കാനിടയായി. അതു ജനങ്ങളറിയാനിടവന്നപ്പോൾ എല്ലാവരും വളരെ ദു:ഖിച്ചു. അസംഖ്യം ആളുകൾ പ്രസ്തുത ധർമ്മഭ്രംശത്തിനു പ്രായശ്ചിത്തമില്ലെന്നു കരുതി അഗ്നിയിൽ തങ്ങളുടെ ശരീരത്തെ ആഹുതിചെയ്തു പരഗതിയടഞ്ഞു. അതുകണ്ടു ശ്വപചരാജാവും പശ്ചാത്താപത്താൽ അഗ്നി പ്രവേശം ചെയ്തു മരിച്ചു. അതാണിവിടെ ജനങ്ങൾ കുറവായിട്ടിരിക്കുന്നതെന്ന് ആ നാട്ടുകാർ പറഞ്ഞു. അതു കേട്ടപ്പോൾ ധർമ്മഭ്രഷ്ടരായ ആളുകളോടുകൂടി വളരെ ദിവസം ഒന്നിച്ചു കഴിഞ്ഞതിനാൽ താനും ധർമ്മഭ്രഷ്ടനായല്ലോ എന്നു പരിതപിച്ച് അതിന്റെ പ്രായശ്ചിത്തമായി പ്രയാഗയിൽവന്നു സ്നാനം ചെയ്ത് ഒരു ചന്ദ്രായനവ്രതം അനുഷ്ടിച്ചുവരുന്നവരാണ്. അതാണിത്ര ക്ഷീണം.

അതു കേട്ടപ്പോൾ ഗാധി ബ്രാഹ്മണനൊന്നു കൂടി ആശ്ചര്യപ്പെട്ടു. തന്റെ ചരിത്രമാണല്ലോ ഇദ്ദേഹം പറയുന്നതെന്നിങ്ങനെ അദ്ദേഹം അത്ഭുത പരവശനായി. ഏതായാലും അദ്ദേഹത്തോട് ഒന്നും പറഞ്ഞില്ല. പിറ്റേന്നു പ്രഭാതത്തിൽ അതിഥി യാത്രയും പറഞ്ഞു പോയപ്പോൾ ഗാധി പ്രസ്തുത പ്രദേശങ്ങളെ നേരിൽകാണാനുള്ള കൌതുകത്തോടുകൂടി പുറപ്പെട്ടു. ആദ്യംതന്നെ ഹൂണരാജ്യത്തെ പറച്ചേരിയിലേക്കാണു പോയത്. തനിയ്ക്ക് ധാരാളം പരിചയം തോന്നുന്ന ആ കുഗ്രാമത്തെയും പരിസരത്തെയും അനന്തരം താൻ താമസിച്ചു വന്ന തന്റെ ഗൃഹത്തെയും പരിചയപ്പെട്ട ആളുകളെയും തന്റെ തന്നെ കുടുംബാംഗങ്ങളേയും എന്നുവേണ്ട, വെള്ളത്തിൽവെച്ച് അനുഭവിച്ച സ്വപ്നത്തിൽ കണ്ട വസ്തുക്കളേയും ആളുകളേയുമെല്ലാം അദ്ദേഹമിവിടെകണ്ടു. ഇതിൽപരം അത്ഭുതത്തിന് ഇനിയെന്താണു വേണ്ടത്? ഭഗവാൻ മായയെ അധികം താമസിയാതെ കാണുമെന്നനുഗ്രഹിച്ചിരുന്ന കഥ അപ്പോഴാണോർമ്മവന്നത്. ഭഗവാന്മായയുടെ വൈഭവത്തെത്തന്നെയാണ് താൻ കണ്ടതെന്നു അദ്ദേഹത്തിനു ബോധ്യമായി.

അനന്തരം കീര രാജ്യത്തുകൂടെ പോവാൻവേണ്ടി അവിടേയ്ക്ക് യാത്രയായി അന്വേഷിച്ചറിഞ്ഞു ചില ദിവസങ്ങളെക്കൊണ്ടു കീരരാജ്യത്തെത്തിചേർന്നു. താൻ താമസിച്ച അരമനയെയും പരിചയപ്പെട്ട ആളുകളെയും പദാർത്ഥങ്ങളെയുമെല്ലാം അവിടെയും കണ്ടു. ജനങ്ങളോട് അന്വേഷിച്ചതിൽ താൻ അനുഭവിച്ച അനുഭവങ്ങളെത്തന്നെ അവരെല്ലാവരും പറയുകയും ചെയ്തു. എങ്ങനെ ഈ രൂപത്തിലെല്ലാം സംഭവിച്ചുവെന്ന് എത്രയൊക്ക ആലോചിച്ചിട്ടും ഗാധിബ്രാഹ്മണന് അറിയാൻകഴിഞ്ഞില്ല. സ്വപ്നത്തിൽ എന്തൊക്കെയോ അസംഭാവ്യങ്ങളായ അനുഭവങ്ങളെ

കണ്ടേയ്ക്കാം. എന്നാൽ അതു സത്യമാകുന്നതെങ്ങനെ? അതാണദ്ദേഹത്തിനാശ്ചര്യം. താൻ വെറും രണ്ടുനാഴിക സമയംകൊണ്ടനുഭവിച്ച അനുഭവങ്ങളാണ്. എന്നാൽ കുറേ കൊല്ലങ്ങളിലേയുമാണ്. കുറേകൊല്ലങ്ങളിലെ അനുഭവങ്ങൾ ഒന്നിച്ച് ഒരു ചെറിയ സമയം കൊണ്ടനുഭവിക്കുകയെന്നതു സ്വപ്നത്തിലായാലും കുറേവിഷമമുള്ളതു തന്നെ. എങ്കിലും സ്വപ്നമായതുകൊണ്ട് എന്തും സംഭവിച്ചേക്കാമെന്ന് വിശ്വസിച്ചാലും അവ തത്തൽകാലദേശങ്ങളിൽ സത്യമായി പതിഞ്ഞു കിടക്കുന്നതെങ്ങനെ? ഇതായി ബ്രാഹ്മണന്റെ വിചാരം. എത്രയൊക്കെ വിചാരിച്ചിട്ടും അതിന്റെ പരമാർത്ഥ സ്ഥിതിയൊന്നും അറിയാൻ കഴിഞ്ഞില്ല. എന്നാൽ എങ്ങനെയെങ്കിലും അതറിഞ്ഞേപററൂ എന്നു തീർച്ചപ്പെടുത്തി അദ്ദേഹം വീണ്ടും തപസ്സിനു പോയി. ഗഹനമായ വനാന്തർഭാഗത്തുള്ള വിചനമായ ഗുഹയിലിരുന്നു മനോബുദ്ധീന്ദ്രിയങ്ങളെഅടക്കി കഠിനമായ തപസ്സാചരിയ്ക്കാൻ തുടങ്ങി. അങ്ങനെ കുറേ കാലം കഴിഞ്ഞപ്പോൾ വീണ്ടും കരുണാമയനും വിജ്ഞാനമൂർത്തിയുമായ ഭഗവാൻ ശ്രീനാരായണൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിനു ദർശനം കൊടുത്തു. സന്തുഷ്ടനും ഭക്തി പരവശനുമായ ബ്രാഹ്മണൻ ഭഗവാനെ സ്തുതിച്ചു നമസ്കരിച്ചു. ഇതിനുമുമ്പ് ആവശ്യപ്പെട്ടപ്രകാരം മായാദർശനം സാധിച്ചില്ലേ? ഇനി ഇപ്പോഴെന്താണു വേണ്ടതെന്നു ചോദിച്ചു ഭഗവാൻ. മായാനുഭവങ്ങൾ അസത്യങ്ങളാണല്ലോ.അവ സ്വപ്നദൃശ്യങ്ങളായി അനുഭവിച്ചു. എന്നാൽ അവതന്നെ സത്യമായി സംഭവിച്ചതായും കണ്ടു. അതെങ്ങനെയാണെന്നറിഞ്ഞില്ല. അതറിയുകയാണ് വേണ്ടതെന്നാവശ്യപ്പെട്ടു ഗാധിബ്രാഹ്മണൻ. ഭഗവാൻ ചിരിച്ചു കൊണ്ടരുളിച്ചെയ്തു. മായതന്നെ അസത്യമാണെന്നു ബോധ്യപ്പെട്ട സ്ഥിതിയ്ക്ക് അതിലെ സത്യവും അസത്യവുമെല്ലാം കേവലം ഇല്ലാത്തതല്ലാതെ ഉള്ളതാവുന്നതെങ്ങിനെ? ജ്ഞാനമില്ലാതിരിക്കും കാലത്തോളം ഭ്രമം അനിവാര്യമാണ്. ഭ്രമംകൊണ്ടു പരമാർത്ഥത്തെ മറന്നു മായയ്ക്കു വശഗനായിരിക്കുന്ന ഒരാൾക്കു സത്യത്തെ അറിയാൻ കഴിയാതെ വന്നാൽ അത്ഭുതവുമല്ല. കാണപ്പെടുന്ന പ്രപഞ്ചംമുഴുവൻ തന്റെ ചിത്തത്തിലാണ് നില്ക്കുന്നവെന്ന് ആദ്യം ബോധിപ്പിയ്ക്കണം. പൃഥ്വിവാദിഭൂതങ്ങളെയും മററനന്തകോടി പദാർത്ഥങ്ങളെയും എപ്പോഴും പ്രദർശിപ്പിച്ചുകോണ്ടിരിക്കുന്ന ഒരാളുടെ ചിത്തം കുറച്ചു സമയം ചണ്ഡാളത്വത്തെ കാണിച്ചുവെന്നാലതിനെന്താണത്ഭുതം! അങ്ങനെതന്നെ വെള്ളത്തിനുള്ളിൽവച്ചനുഭവിച്ച അനുഭങ്ങളെല്ലാം വെറും തോന്നൽമാത്രമായിരുന്നു. പരമാർത്ഥമല്ല എന്നു വിശ്വസിച്ചതുപോലെ അതിഥി ബ്രാഹ്മണൻ വന്നുവെന്നും അദ്ദേഹത്തിന്റെ വാക്കിനെ ആസ്പദിച്ചും ഹൂണരാജ്യത്തും കീരരാജ്യത്തും പോയിനോക്കിയെന്നുള്ളതും തോന്നലാണെന്നു വിശ്വസിയ്ക്കാൻ കഴിയാത്തതാണാശ്ചര്യം! അതും തോന്നൽ തന്നെ. ആദ്യത്തെതോന്നൽ സ്വപ്നത്തിലായിരുന്നെങ്കിൽ രണ്ടാമത്തേതു ജാഗ്രത്തിലാണെന്നുമാത്രമേ വ്യത്യാസമുള്ളു. ജാഗ്രത്തും സ്വപ്നവും ബുദ്ധിയുടെ രണ്ടു വൃത്തികൾ അല്ലെങ്കിൽ മായയുടെ രണ്ട് രൂപങ്ങൾ മാത്രമാണ്. സ്വപ്നത്തിൽ കാണുന്ന തന്റെ അനുഭവങ്ങൾ തനിയ്ക്കെന്ന പോലെ താൻ കാണുന്ന മറ്റുള്ളവർക്കും സത്യമാണല്ലോ.അതുപോലെത്തന്നെ ജാഗ്രത്തിലും. രണ്ടും ചിത്തത്തിലാണ് നടക്കുന്നത്. ജ്ഞാനമുണ്ടാവുമ്പാൾ അതൊക്കെ ബോദ്ധ്യമാവും. കുറെക്കാലം ഏകാന്തമായ ഒരുസ്ഥലത്തിരുന്നു തപസ്സു ചെയ്താൽ ജ്ഞാനമുണ്ടാവുകയും. എന്നൊക്കെ അരുളിച്ചെയ്തു ഭഗവാൻ അന്തർദ്ധാനവും ചെയ്തു.

അതിനാൽ ഹേ രാമാ! ചിത്തത്തിന്റെ വൃത്തിവിശേഷങ്ങളല്ലാതെ മറ്റൊന്നുമല്ല സംസാരം.

വാസനകളാണ് വൃത്തിയ്ക്കു ഹേതു, വാസനയും വൃത്തിയും കേവലം നീങ്ങുമ്പോൾ ചിത്തംതന്നെ ഇല്ലാതാവും. അപ്പോൾ അദ്വൈതമായ പരതത്വത്തിൽ നിത്യ വിശ്രാന്തിയും കിട്ടും. അതിനാൽ വൃത്തികളെയും വാസനകളെയും അതുവഴി ചിത്തത്തേയും അടക്കാൻ ശ്രമിക്കു.വസിഷ്ഠമഹർഷി പറയുകയാണ് :ഹേ രാമചന്ദ്ര ! ഏത്രവും വിഷമസ്വരൂപിണിയായ ഈ മാമ പരമാത്മാവിൽ സ്ഥിതി ചെയ്യുന്നു. മനസ്സിനെ വേണ്ട പോലെ അടക്കാൻ കഴിഞ്ഞിട്ടില്ലാത്ത അല്പ ബുദ്ധികൾക്ക് ഏറ്റവും ആപല്കാരിണിയാണ് പ്രസ്തുത മായ. തന്റെ ചിത്തത്തിനെ വേണ്ട പോലെ അടക്കലല്ലാതെ ഭയങ്കരമായ സംസാരത്തിൽനിന്നു രക്ഷപ്പെടാൻ മറ്റ് യാതൊരു മാർഗ്ഗങ്ങളുമില്ല. കഴിഞ്ഞതിനെ ഓർമ്മിയ്ക്കാതെയും വരാൻപോവുന്നതിനെ സങ്കല്പിക്കാതെയും വർത്തമാനാനുഭങ്ങളെ നിസ്സംഗനായനുഭവിച്ചു നിശ്ചിന്തനായികഴിയുന്നവനു കാലം കൊണ്ടു മനസ്സ് അടങ്ങി ശാന്തമാവും. അപ്പോൾ സംസാരമുക്തിയും കൈവരും. ചിത്തത്തോടു കൂടാത്ത ചേതനത്തെയാണ് പ്രത്യേകചേതനമെന്നു പറയുന്നത്. അതിൽ മനസ്സിന്റെ വികാസമാല്ലെന്നതിനാൽ അവിദ്യാമലവുമില്ല. മനസ്സ് കേവലം ഇല്ലാതായി തീർന്നിട്ടുള്ള അവസ്ഥ ഏതായാലും അതു സത്യാവസ്ഥയാണ്.അത്യന്തമംഗളകരവും പരമാത്മാനുഭൂതിയോടുകൂടിയതുമാണ് ആ അവസ്ഥ.

അദ്ധ്യാത്മശാസ്ത്രത്തിലും സജ്ജനാചാരത്തിലും സൽസംഗത്തിലും ചിത്തത്തെ രമിപ്പിക്കാനും ലയിപ്പിക്കാനും തുടങ്ങണം ആദ്യത്തിൽ. അവയിൽ രമിക്കാൻ തുടങ്ങിയ ചിത്തം പിന്നെ മറ്റു വിഷയങ്ങളിലേക്ക് ഓടിപ്പോവാതാവും. സ്വീകരിയ്ക്കുക, ഉപേക്ഷിയ്ക്കുക തുടങ്ങി ദ്വന്ദ്വമയങ്ങളായ കർമ്മങ്ങളെയോ അനുഭവങ്ങളെയോ ചെയ്യുകയും അനുഭവിയ്ക്കുകയും ചെയ്താൽ കൂടി അവയിലൊന്നും ചിന്തയോ ആശയോ കർത്തൃത്വബുദ്ധിയോ കൂടാതെ കേവലം സംവിന്മാത്രനായിരിയ്ക്കണം. ഞാൻ, എന്റെ എന്ന രണ്ടു ഭാവങ്ങളാണ് നാമരൂപങ്ങളെ നിലനിർത്തുന്നത്. അതിനാൽ പ്രസ്തുത രണ്ടു ഭാവങ്ങളെ പൊന്താൻപോലും സമ്മതിക്കരുത്. വിവേകിയായ ഒരാൾ അഹന്താമമതകളെ അല്പംപോലും മാനിക്കുന്നില്ല.അവയെ ഹഠാൽ അകറ്റുകയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുന്ന ഒരാൾക്ക് കാലംകൊണ്ടു ദൃശ്യമലങ്ങൾ നീങ്ങും. ദൃശ്യങ്ങളുള്ളേടത്തോളം കാലം ദു:ഖത്തെയല്ലാതെ ആരും സുഖത്തെ പ്രാപിക്കുന്നില്ല.

അഹന്താമമതകൾ, രാഗദ്വേഷങ്ങൾ,സുഖദു:ഖങ്ങൾ തുടങ്ങിയ ദ്വന്ദ്വങ്ങളെല്ലാം നാമരൂപങ്ങളെ കെട്ടി നിർത്തുന്ന കയറുകളാണ്. അവയെ നിസ്സന്ദേഹം മുറിച്ചുകളയുകതന്നെ വേണം. എങ്കിൽ മാത്രമേ ദൃശ്യമാലിന്യങ്ഹളില്ലാതെ എപ്പോഴും സംവിന്മാത്രനായിരിയ്ക്കാൻ സാധിയ്ക്കു. സംവിന്മാത്രത്വം നിലനിർത്തുകതന്നെ വേണം. ഞാൻ,നീ തുടങ്ങിയ ഭേദഭാവങ്ങൾ മുഴുവൻ നീങ്ങികേവലം സംവിന്മാത്രനായിരിയ്ക്കുന്ന ഒരാളുടെ സംസാരഹേതുവായ മോഹങ്ങളെല്ലാം നശിക്കും. ഒരാളുടെ സംസാരഹേതുവായ മോഹങ്ങളെല്ലാം നശിയ്ക്കും.പദാർത്ഥ ഭാവനകൊണ്ടാണ് ചിത്തം തടിയ്ക്കുന്നത്. ചിത്തത്തിനു സ്ഥൌല്യം സംഭവിച്ചു കഴിഞ്ഞാൽ ആത്മജനം അകന്നുപോകാതിരിയ്ക്കാൻ വയ്യ. അങ്ങിനെ സംഭവിയ്ക്കുമ്പോഴാണ് നാമരൂപഭാവനകൾക്കു ദാർഢ്യമുണ്ടായിത്തീരുന്നത്. അനാത്മ വസ്തുക്കളിൽ ആത്മഭാവനകൊണ്ടും ശരീരാഭിമാനം കൊണ്ടും പുത്രദാരാദികളിലുള്ള ആസ്ഥനകൊണ്ടുമാണ് ചിത്തം തടിയ്ക്കുന്നത്. അങ്ങിനെ സംഭവിയ്ക്കാതിരിയ്ക്കാൻ എപ്പോഴും ശ്രദ്ധിയ്ക്കണം. കൂടാതെ ആധിവ്യാധികളെകൊണ്ടും അനുഭവിച്ചുകൊണ്ടിരിയ്ക്കുന്ന സംസാരവിഷയങ്ങൾ നല്ലവയാണന്ന തോന്നൽകൊണ്ടും ചിത്തം

സ്ഥൂലമായി തീരും. ചിന്മാത്രത്വം വിട്ടും ചിത്തം സ്ഥൂലമാവാതിരിയ്ക്കാൻ എപ്പോഴും ശ്രദ്ധിച്ചു കൊണ്ടിരിയ്ക്കണം. അതിനാൽ ഉദ്ദാളമുനിയെന്ന പോലെ, ഹേ രാഘവാ പഞ്ചഭൂതങ്ങളെപ്പോലും അറിയാത്തനിലയിൽ എപ്പോഴും ഇരിയ്ക്കാൻ ശ്രമിയ്ക്കു.

ഉദ്ദാളകോപാഖ്യാനം

ഹേ രാമ! ശ്രദ്ധയോടുകൂടി കേൾക്കൂ. മഹാനായ ഉദ്ദാളകന്റെ ദിവ്യമായ ചരിത്രത്തെ ഞാൻ പറയാം. ഒരു വലിയ തപസ്വി ആയിരുന്നു ഉദ്ദാളമഹർഷി. അദ്ദേഹം ഗാന്ധമാദനപർവ്വതത്തിന്റെ താഴ്‌വരയിലാണ് വലരെ കാലം താമസിച്ചുവന്നത്. അദ്ദേഹം ആദികാലത്ത് അല്പപ്രജ്ഞനും അവിവേകിയുമായിരുന്നെങ്കിലും വളരെക്കാലം കഠിനമായ തപസ്സും തീവ്രമായ തത്വവിചാരവും ചെയ്തുവന്നതിനാൽ കാലം കൊണ്ടു വിവേകിയും ജ്ഞാതജ്ഞേയനുമായിത്തീർന്നു. അദ്ദേഹത്തിന്റെ വിചാരസമ്പ്രാദായത്തെപ്പറയാം.

ഏതൊരു തത്വത്തിലാണ് എന്റെ ചിത്തത്തെ ലയിപ്പിയ്ക്കേണ്ടത്? ഏതിൽ ലയിപ്പിച്ചാലാണ് വിശ്രാന്തനായിതീരുന്നത് ഇത് ചെയ്തു കഴിഞ്ഞു; ഇനി അതു ചെയ്യണം എന്നിങ്ങനെയുള്ള കർത്തവ്യതാഭ്രാന്തിയും മററുമുള്ളേടത്തോളം കാലം ചിത്തവിശ്രാന്തിയെന്നതുണ്ടാവാൻ പോകുന്നില്ല. അതിനാൽ അങ്ങനെയുള്ള ഭാവങ്ങളൊന്നുമില്ലാത്ത ഒന്നിലായിരിയ്ക്കണം ചിത്തത്തെ ലയിപ്പിയ്ക്കുന്നത്. എങ്കിലേ ഉപശമവും വിശ്രാന്തിയും കിട്ടാൻപോകുന്നുള്ളൂ. അല്പം പോലും സങ്കല്പമില്ലാതെ നിർവ്വികല്പമായ പരമഭാവത്തിൽ ലയിച്ചുകൊണ്ട് എന്നാണ് കല്ലെന്നപോലെ നിശ്ചലനായിരിയ്ക്കാൻ കഴിയുന്നത് !എന്നിങ്ങനെ പലതും വിചാരിച്ചു കൊണ്ടുള്ള ബ്രാഹ്മണൻ ധ്യാനമഭ്യസിയ്ക്കൻ തുടങ്ങി.

വളരെ ദിവസ്സം ധ്യാനത്തെ പരിശീലിച്ചു നോക്കിയെങ്കിലും ചിത്തത്തിനു വിശ്രാന്തിയോ നിവൃതിയോ ഒന്നും തന്നെ ലഭിച്ചില്ല. വാനരനെന്നപോലെ ചപലമായിരിയ്ക്കുന്ന മനസ്സ് അതിന്റെ പൂർവ്വപരിചയമായ വിഷയപദാർത്ഥഭാവനനയെ വിട്ട് ഒരു നിമിഷമെങ്കിലും സ്വസ്തയെ പ്രാപിച്ചില്ല. അതിനാൽ ധ്യേയത്തെ ഭവിയ്ക്കാൻപോലും കഴിഞ്ഞില്ല. ആ നിലയുള്ളപ്പോൾ ധ്യാനമെന്നു പറഞ്ഞാലും വിഷയഭാവന തന്നെയാണല്ലോ ഒരാൾക്കുള്ളത്. വിഷയഭാവനകൊണ്ട് ദു:ഖമല്ലാതെ സുഖമുണ്ടാകാനും വയ്യ. അതു തന്നെയാണ് ഉദ്ദാളമുനിയ്ക്കനുഭവപെട്ടതും ചിലപ്പോൾ അകത്തുള്ള വാസനാസ്വരൂപങ്ങളായ വിഷയങ്ങളെയാണ് ധ്യാനദൃഷ്ടിൽ കാണുന്നതെങ്കിൽ മററു ചിലപ്പോൾ ബാഹ്യവിഷയങ്ങളെക്കാണാം. മറ്റു ചിലപ്പോൾ അന്ധകാരത്തെ മാത്രവും വേറെ ചിലപ്പോൾ ആകാശത്തെയും കാണാം. ഏതായാലും ധ്യേയവസ്തുവിനെ കാണലോ അറിയലോ ഇല്ല. അതു കാരണത്താൽ വിശ്രാന്തിയുമില്ല. ഇങ്ങിനെവളരെ ദിവസങ്ങളോളം വിഷമിച്ചു ഉദ്ദാളമഹർഷി.

ഓരോ ദിവസം ചെല്ലുംതോറും നിരാശയും വ്യാകുലതയും വർദ്ധിച്ചുവന്നു. അതിന്റെ ഫലമായി ഒരുദിവസം എന്തുവന്നാലും വരട്ടെയെന്ന ഉദ്ദേശത്തോടുകൂടി പർവ്വതപാർശ്വത്തിൽ ഭയങ്കരവനത്തിന്റെ മദ്ധ്യത്തിലുള്ള ഒരു ഗുഹയിൽ പ്രവേശിച്ചു. ഇലകളെകൊണ്ട് ആസനമുണ്ടാക്കി അതിൽ മാൻതോൽ വിരിച്ച് വടക്കുതിരിഞ്ഞ് പത്മാസനസ്ഥനായി നീണ്ടു നിവർന്നിരുന്നു. ചിത്തത്തെ വാസനകളിൽനിന്നു വേർപെടുത്തി. വാസനാപ്രവാഹത്തെ ഫലപ്രദമാംവണ്ണം തടഞ്ഞു. അനന്തരം ഞാനെന്ന തത്വമേതാണെന്നു വിചാരം കൊണ്ടുപരിശോധിയ്ക്കാൻ തുടങ്ങി.

സ്ഥൂല സൂക്ഷ്മങ്ങളായശരീരങ്ങളിലും അവയുടെ ഘടകങ്ങളിലും മുഴുവൻ പരിശോധിച്ചു. അവയിലൊന്നിലും പ്രസ്തുത ശബ്ദത്തിന്റെ സത്തയെകാണാൻ കഴിഞ്ഞില്ല. മാത്രമല്ല, അവയെല്ലാം കേവലം ജഡങ്ങളും തന്റെസാനിദ്ധ്യംകൊണ്ടുമാത്രം ചേഷ്ടിക്കുന്നവയുമാണെന്നും ബോധ്യമായി. അപ്പോൾ താൻ എല്ലാവിധ ജഡവസ്തുക്കളിൽ നിന്നതീനവും ചൈതന്യമാത്രവുമാണന്നും അറിയാൻ കഴിഞ്ഞു. പ്രസ്തുത ചൈതന്യം ഏകവും അദ്വിതീയവും സത്താമാത്രവും സർവ്വത്തിനും ആധാരവും അണുവിൽവെച്ചു അണുവും, മഹത്തിൽവെച്ചു മഹത്തുമാണെന്നും ബോദ്ധ്യമായി. അതൊന്നൊഴിച്ചു മറ്റെല്ലാം അസത്യവും അതുമാത്രം സത്യമെന്നും അറിയാൻ കഴിഞ്ഞു. ആ അദ്വൈതചൈതന്യമാകുന്ന തനിയ്ക്ക് സുഖദു:ഖങ്ങളോ, പുണ്യപാപങ്ങളോ,കർത്തവ്യാകർത്തവ്യങ്ങളോ ഒന്നുമില്ലെന്നും സാക്ഷാൽ അമൃതസ്വരൂപമാണെന്നും വ്യക്തമായറിഞ്ഞു.

മനസ്സ് ഒന്നു മാത്രമാണ് എല്ലാവിധദു:ഖങ്ങൾക്കും ബന്ധങ്ങൾക്കും ഏകമായ ഹേതു. വാസനാപ്രചോദനംകൊണ്ടു ശബ്ദാദി വിഷയങ്ങളിൽ ഭ്രമിച്ചു ശ്രവണാദി ഇന്ദ്രിയങ്ങളായി തീർന്നു. തത്തദ്വിഷയങ്ങളെ ഗ്രഹിച്ചും സുഖദു:ഖങ്ങൾകൊണ്ടും രാഗദ്വേഷങ്ങൾകൊണ്ടും ബന്ധിയ്ക്കപ്പെടുന്നതും മനസ്സാണ്. എട്ടുകാലി നൂലുകൊണ്ട് വലകെട്ടി താൻ തന്നെ ബദ്ധനായിതീരുന്നതുപോലെ മനസ്സ സ്വയം അനർത്ഥത്തെ ഉണ്ടാക്കി തന്നെത്താൻ ബദ്ധനായിതീരുകയാണ്. ഏതെങ്കിലും ഒരിന്ദ്രിയം അതിന്റെ വിഷയത്തിൽ ആസക്തമായാൽത്തന്നെ ആ വ്യക്തി നശിക്കുന്നുവെന്നതിനു തെളിവാണ് മാൻ, ആന, പാറ്റ, മത്സ്യം, വണ്ട് എന്നീ അഞ്ചു ജീവികൾ. ശബ്ദത്തിലുള്ള ആസക്തികൊണ്ട് ശ്രവണേന്ദ്രിയം മാനിനെ കൊല്ലുന്നു. സ്പർശത്തിലുള്ള ആഗ്രഹം കൊണ്ട് ത്വഗീന്ദ്രിയം ആനയെയും രൂപശക്തികൊണ്ടു ദൃഗീന്ദ്രിയം പാറ്റയെയും കൊല്ലുന്നു. അന്നലാലസത്വംകൊണ്ടുരസന മത്സ്യത്തെ നശിപ്പിയ്ക്കുന്നു. ഗന്ധാസക്തി വണ്ടിനെയും കൊല്ലുന്നു. ഇങ്ങിനെ ഓരോ ഇന്ദ്രിയം ഓരോജീവിയെയും കൊല്ലുന്നസ്ഥിതിയ്ക്കു പ്രസ്തുത അഞ്ചിന്ദ്രിയങ്ങളും കൂടിചേർന്ന മനുഷ്യന്റെ സ്ഥിതി പറയാനുണ്ടോ? അതിനാൽ പ്രസ്തുതപഞ്ചേന്ദ്രിയങ്ങളെയും അവയ്ക്കവലംബമായ മനസ്സിനെയും അവശ്യം അടക്കുക തന്നെവേണം. അവയെ ബലാൽഅടക്കാതെ അവയ്ക്ക് വിധേയനായി ഇരിയ്ക്കുന്ന ഒരാളുടെ അവസ്ഥ ദയനീയമാണ്. തീർച്ചയായും നാശമാണ് ഫലം, അതിനാൽ എത്രസാഹസപ്പെട്ടും എന്തുചെയ്തും അവയെ ഒതുക്കി കീഴൊതുക്കുകതന്നെ വേണം.

എന്നിങ്ങനെ വിചാരം ചെയ്ത മനസ്സിനെയും ഇന്ദ്രിയങ്ങളെയും അടക്കി പ്രണവത്തെ ഉപവസിയ്ക്കാൻ തുടങ്ങി.പ്രണവോച്ചാരണം ചെയ്തപ്പോൾ സംവിത്തു മുഴുവൻ തന്മയാകരമായി ഊർദ്ധ്വഗതിയെ ചെയ്തു. ഇന്ദ്രിങ്ങളും മനസ്സും അടങ്ങിയിരുന്നതിനാൽ സംവിത്തിന്റെ ഒരംശവും ഒന്നിലേയ്ക്കും ചോർന്നുപോയില്ലെന്നർത്ഥം. ഒന്നാമത്തെ മാത്രയിൽത്തന്നെ സകലവിക്ഷേപങ്ങളും അകന്നു ചിത്തം ശുദ്ധമായി. രണ്ടാമത്തെ മാത്രയിൽ ശരീരബോധം,പ്രപഞ്ചബോധമെന്നിവയും അടങ്ങി. മൂന്നാമത്തെമാത്രയിൽ ലയം, മൗഢ്യം, നിദ്ര തുടങ്ങിയ ചിത്തത്തിന്റെ ദോഷങ്ങളും നീങ്ങി. അർദ്ധമാത്രയിലെത്തിയപ്പോൾ ഇരുട്ടും പ്രകാശവും മാറിമാറികാണാൻ തുടങ്ങി. അവയെയും നിരസിച്ചപ്പോൾ ചിത്തം ചേത്യഭാവത്തെ മുഴുവൻവിട്ട് ഇന്നതെന്നുപറയാൻ കഴിയാത്ത സംവിൽഭാവമാകുന്ന സ്വരൂപാവസ്ഥയെ പ്രാപിച്ചു.

ആത്യന്തികവും അമൃതായമാനവുമായ വിശ്രാന്തിയിൽ ലയിച്ചു. സകലവിധവികല്പങ്ങളും നീങ്ങി. കേവലം നിർവ്വികല്പമാകുന്ന പരമാവസ്ഥയിൽ എത്തിചേർന്നു. തിരയടങ്ങിയ കടൽപോലെ അത്യന്തനിർവ്വികൽപവും അനന്താനന്ദസ്വരൂപവും പരമാവസ്ഥയിൽ സുകൃതിയായ ഉദ്ദാളകബ്രാഹ്മണൻ ആറുമാസക്കാലം യാതൊരു ചലനവുമില്ലാതെ സ്ഥിതിചെയ്തു. സിദ്ധികൾ പലതും അദ്ദേഹത്തെ ആശ്രയിച്ചുവെങ്കിലും ഒന്നിനെയും അംഗീകരിച്ചില്ല.

ആറുമാസം കഴിഞ്ഞു സാമാധിയിൽ നിന്നുണർന്നപ്പോൾ സിദ്ധന്മാരും ദേവന്മാരും അദ്ദേഹത്തിന്റെ ചുറ്റുപാടും നില്ക്കുന്നതായി കണ്ടു. കൺമിഴിച്ച ഉദ്ദാളകനെ അവർ സാഷ്ടാംഗം നമസ്കരിച്ചു. അനന്തരം തങ്ങളുടെ വാഹനത്തിൽ സ്വർഗ്ഗത്തിലേയ്ക്കു വരണമെന്നപേക്ഷിച്ചു. സ്വർഗ്ഗത്തോളം സുഖസമൃദ്ധികളുള്ള മറ്റൊരു പ്രദേശം എവിടെയുമില്ല. അതിനാൽ മഹാനായ അങ്ങു സ്വർഗ്ഗത്തിൽ വന്നു സുഖിക്കണമെന്നപേക്ഷിച്ചു. ഉദ്ദാളകൻ അവരുടെ അപേക്ഷയെ കൈകൊൾകയോ തിരസ്കരിയ്ക്കുകയോ രണ്ടും ചെയ്തില്ല. അവരോടൊരു മറുപടിയും പറഞ്ഞില്ല. തന്റെ അതിഥികളാണ് അവരെന്നനിലക്ക് എല്ലാവരെയും സൽക്കരിച്ചു. അനന്തരം പൊയ്ക്കൊള്ളുവാൻ പറയുകയും ചെയ്തു. അദ്ദേഹത്തെവീണ്ടും അലട്ടുന്നത് ആപൽക്കരമാകുമെന്നുകരുതിയ ദേവന്മാർ അദ്ദേഹത്തോടു യാത്ര പറഞ്ഞു പോകുകയും ചെയ്തു.

പിന്നെയും വളരെക്കാലം ഭൂമിയിൽ ശരീരത്തോടുകൂടിയിരുന്നു ഉദ്ദാളകബ്രാഹ്മണൻ. ചേതൃമില്ലാത്ത ചിത്തായി സത്താസാമാന്യരൂപനായികൊണ്ടാണ് പിന്നീടദ്ദേഹം കഴിഞ്ഞുവന്നത്. നാരദാദി ഋഷികളും ബ്രഹ്മവിഷ്ണ്വാദികളും ഏതൊരവസ്ഥയിൽ കഴിഞ്ഞുകൂടുന്നുവോ, ആ സത്താസാമാന്യമാകുന്ന അവസ്ഥയിൽത്തന്നെ അദ്ദേഹവും കഴിഞ്ഞുവന്നു. പലപ്പോഴും സമാധിയിൽമുഴുകും. ചിലപ്പോൾ രണ്ടോ നാലോ ദിവസവും മറ്റുചിലപ്പോൾ അഞ്ചോ ആറോ മാസമോ വേറെചിലപ്പോൾ കൊല്ലങ്ങൾ കൂടിയും സമാധിയിൽ മുഴുകിതന്നെ കഴിഞ്ഞുകൂടും. അങ്ങനെ ചിരകാലം കഴിഞ്ഞശേഷം ഇനി ശരീരത്തെ വിട്ടു വിദേഹകൈവല്യത്തെ പ്രാപിയ്ക്കുമെന്ന ഉദ്ദേശത്തോടുകൂടി സേച്ഛാനുസാരേണ ശരീരത്തെ വിട്ടു പരമപദത്തെ പ്രാപിക്കുകയും ചെയ്തു.

അതുകൊണ്ടു ഹേ രാഘവാ! നീയും ഇതുപോലെ ആത്മാവിനെ ആത്മാവുകൊണ്ട് വിചാരം ചെയ്ത് ആത്മാവിൽവിശ്രാന്തിയെ പ്രാപിക്കാൻ ശ്രമിക്കു. ദൃശ്യം മുഴുവൻ ലയിക്കുമ്പോൾമാത്രമേ ഒരാൾ നിർവ്വാണത്തെ പ്രാപിക്കലുള്ളൂ. അതിനാൽ പൂർണ്ണമായ ദൃശ്യക്ഷയം കൈവരുന്നതുവരേയും ഒരു നിമിഷവും വിടാതെ നിരന്തരം വിചാരം ചെയ്യുക തന്നെവേണം. ശാസ്ത്രവും ഗുരുവും ചിത്തവും വിചാരത്തിനുള്ള ഉപകരണങ്ങളാണ്. അവ മൂന്നുകൊണ്ടും വിചാരം ചെയ്യണം. വൈരാഗ്യം, ശാസ്ത്രജ്ഞാനം, ഗുരൂപദേശം, യമനിയമാദിളുടെ അഭ്യാസം എന്നിങ്ങനെയുള്ള സുദൃഢമായ മുമുക്ഷുതാജീവിയ്ക്കും വേണ്ടത്ര ശ്രദ്ധിയും കൂർമ്മതയുമുള്ള ബുദ്ധിയുണ്ടെങ്കിൽ അതൊന്നുകൊണ്ടുതന്നെ ഒരാൾക്കു പരമപദത്തെ പ്രാപിയ്ക്കുകയും ചെയ്യാം.

ഇത്രയും കേട്ട ശ്രീരാമചന്ദ്രൻ ചോദിക്കുകയാണ്, ഒരാൾ ജ്ഞാതജ്ഞേയനും ജ്ഞാനിയും ആത്മരാമനുമാണെങ്കിലും പ്രാരബ്ധവിശേഷം ഹേതുവായിട്ടോ, ലോകസംഗ്രഹത്തിനുവേണ്ടിയോ വ്യവഹാരിയായിരിക്കുന്നു, മറ്റൊരാൾ ഏകാന്തത്തിൽ എപ്പോഴും സമാദിനിഷ്ഠനായും കഴിയുന്നു. എന്നു വന്നാൽ അവരിൽ ആരാണ് ശ്രേഷ്ഠൻ എന്ന്. വസിഷ്ഠമഹർഷി അതിനു മറുപടി പറയുകയാണ്.

ഹേ രഘുനായകാ! ഗുണാത്മകമായ ഈ പ്രപഞ്ചം അനാത്മകവും കേവലം കല്പനാമാത്രവും അതിനാൽ മൂന്നുകാലത്തുമില്ലാത്തതുമെന്നു ബോദ്ധ്യംവന്നു പ്രപഞ്ചവുമായി തനിയ്ക്കു യാതൊരു സംബന്ധവുമില്ലാതായിത്തീരുമ്പോൾ ഉള്ളിലുള്ള കുളിർമ്മയുടെ പേരാണ് സമാധി. അങ്ങനെയുള്ള കുളിർമ്മയാകുന്ന അമൃതാനുഭൂതിയിൽ മുഴുകിയ ഒരാൾ വ്യവഹരിച്ചാലും സമാധിനിഷ്ഠയെ ചെയ്താലും രണ്ടും തുല്ല്യം തന്നെ. ഒരാൾ വിജനത്തിൽ സമാധിഷ്ഠനും ഒരാൾ ജനമദ്ധ്യത്തിൽ വ്യവഹാരിയുമായാലും രണ്ടാളുടെയും അനുഭവം ഒന്നാകയാൽ രണ്ടാളും സുഖികൾ തന്നെ. ചിത്തം കുളിർത്തു സാമ്യഭാവം കൊണ്ട് അമൃതാനുഭൂതിയുണ്ടായിതീരുകയെന്നത് എത്രയോ കാലത്തെ കഠിനമായ തപസ്സിന്റെ ഫലമാണ്. അങ്ങനെയുള്ള തപസ്സ് വർത്തമാനജീവിതത്തിൽ ചെയ്തിട്ടില്ലെങ്കിൽ പൂർവ്വജന്മത്തിൽ ചെയ്തിട്ടുണ്ടന്നർത്ഥമാണ്. അതിനാൽ ജനമദ്ധ്യത്തിൽ വ്യവഹാരിയായിരിയ്ക്കുന്ന ഒരാൾ പ്രബുദ്ധനാണെങ്കിൽ ആ പ്രബുദ്ധത വെറുതെ വന്നു ചേർന്നതല്ല. അതുകൊണ്ട് വ്യവഹാരിയായാലും സമാധിനിഷ്ഠനായാലും പ്രബുദ്ധനാണെങ്കിൽ അനുഭവം തന്നെ. ആ സ്ഥിതിയ്ക്കു രണ്ടുപേരും സുഖികളും തുല്ല്യന്മാരും തന്നെ.

പ്രബുദ്ധനു വാസനകളുണ്ടാവില്ല. നിർവ്വാസനനായിതീർന്നവൻ എന്തുചെയ്താലും ചെയ്തില്ലെങ്കിലും ഒരുപോലെത്തന്നെ. ചെയ്യുന്നതു കൊണ്ട് ബന്ധമോ, ചെയ്യാത്തതുകൊണ്ട് കർത്തവ്യഭംഗമോ രണ്ടും ഉണ്ടാകാൻപോകുന്നില്ല. ആസക്തമായ മനസ്സ് ഒന്നും ചെയ്യുന്നില്ലെങ്കിലും ബദ്ധമാണ്. നിസ്സംഗമാണ് ചിത്തമെങ്കിൽ പലതും ചെയ്താലും ചെയ്യാത്ത ഫലമേ ഉള്ളതാനും അതിനാൽ മനസ്സിനെ നിസ്സംഗവും നിശ്ചലവുമാക്കിതീർക്കുകയാണ് വേണ്ടത്. ധ്യാനം കൊണ്ടു വളരെ വേഗത്തിൽ വസ്തു പ്രാപ്തിയുണ്ടാകും. നിശ്ചലമായ മനസ്സിനെയാണ് ധ്യാനദൃഷ്ടിയെന്നു പറയുന്നത്. മനസ്സു കേവലം ചലിയ്ക്കാതായി കഴിഞ്ഞാൽ അതുതന്നെയാണ് ശാന്തിയും കൈവല്യവും. വാസനകളാണ് മനസ്സിനെ എപ്പോഴും ചലിപ്പിയ്ക്കുന്നത്. അതിനാൽ മനസ്സു നിശ്ചലമാവാൻ വാസനാപ്രവാഹമടങ്ങുകതന്നെ വേണം. വാസനാപ്രവാഹമടങ്ങി മനസ്സു നിശ്ചലമായി കഴിഞ്ഞാൽ പരമപ്രദപ്രാപ്തി വിദൂരത്തല്ലതാനും. മനസ്സടങ്ങി അഹങ്കാരദോഷം നീങ്ങിയാൽ പിന്നെ ഗൃഹത്തിലോ വനത്തിലോ എവിടെയിരുന്നാലും കൊള്ളാം.വിഷയസംഗമോ അതു ഹേതുവായിട്ടുള്ള ബന്ധമോ ഉണ്ടാവാൻ പോകുന്നില്ല.

സുരഘൂപാഖ്യാനം

ഹിമാലയപർവ്വതത്തിന്റെ സുപ്രസിദ്ധ കൊടുമുടിയായ കൈലാസത്തിന്റെ താഴ്വരപ്രദേശത്തു ഹേമജടന്മാരെന്നു പ്രസിദ്ധന്മരായ കിരാതന്മാർ താമസിച്ചു വന്നിരുന്നു. ഒരു കാലത്ത് അവരുടെ രാജാവായിരുന്നു സുരഘുവെന്നു പ്രസിദ്ധനായ കാട്ടാളൻ. കിരാതനാണെങ്കിലും രാജകീയാചാരങ്ങളും, രാജബുദ്ധിയും, രാജോചിതമായ വിദ്യാഭ്യാസവുമുള്ള സുരഘു ധർമ്മത്തിനനുസരിച്ചു പ്രജകളെ ശിക്ഷാരക്ഷകൾ ചെയ്തു പരിപാലിച്ചുവന്നു.

അങ്ങനെ കഴിഞ്ഞുകൂടികൊണ്ടിരിയ്ക്കെ കാലംകൊണ്ടു സുരഘുരാജാവിനു രാജകീയാഡംബരങ്ങളിലും വിഷയഭോഗങ്ങളിലും വൈരാഗ്യം വളരാൻതുടങ്ങി, രാജ്യഭരണവും രാജ്യപ്രൗഢിയുംകൂടി അദ്ദേഹത്തിനൊരുപദ്രവമായിത്തോന്നാൻ തുടങ്ങി. അപരാധികളെ ശിക്ഷിയ്ക്കാൻ വൈമനസ്യം തോന്നിത്തുടങ്ങി. ഞാനെന്തിനാണ് ഈ മനുഷ്യരെയൊക്കെ ശിക്ഷിക്കുന്നത്? അവരുടെയൊക്കെ ദുരിതം എന്നെ ബാധിക്കുമെന്നാണ് കരുതേണ്ടത്. അതിനാൽ ആരെയും ശിക്ഷിക്കുന്നത് ശരിയല്ല, എന്നു വിചാരിക്കും ചിലപ്പോൾ. മറ്റു ചിലപ്പോൾ, ഞാനിങ്ങനെ ശിക്ഷാരക്ഷകൾകൊണ്ടു ഈ പ്രജകളെ പരിപാലിച്ചില്ലെങ്കിൽ കാലം കൊണ്ട് അവരൊക്കെ നശിയ്ക്കും, ജീവിയ്ക്കുന്ന കാലത്തും ധർമ്മഭ്രംശംകൊണ്ട് ആർക്കും സുഖസമാധാനങ്ങളുണ്ടാവില്ല. അതിനാൽ എന്റെ ഭരണണവൃത്തി തെറ്റല്ല. അങ്ങനെ ചെയ്യുന്നത് പ്രജകൾക്കനുഗ്രഹം കൂടിയാണ് എന്നു വിചാരിയ്ക്കും. ഇങ്ങനെ ഒന്നിലും ദൃഢതയില്ലാതെ രാജാവിന്റെ മനസ്സ് എന്തു ചെയ്യണമെന്നറിയാതെ ആടിക്കളിയ്ക്കാൻ തുടങ്ങി.

അങ്ങനെയിരിയ്ക്കുമ്പാൾ ഒരു ദിവസം അപ്രതീക്ഷിതമായി മാണ്ഡവ്യമഹർഷി അരമനയിൽ വന്നു. കയറി. സുരഘുരാജാവിന്നു വളരെ സന്തോഷമായി. അദ്ദേഹം മഹർഷിയെ വേണ്ടപോലെ ഉപചരിച്ചു തന്റെ സംശയങ്ങളെല്ലാമറിയിച്ചു.

കാട്ടാലരാജാവിന്റെ സംശയങ്ങളെ കേട്ട മാണ്ഡവ്യ മഹർഷി മറുപടി പറയാൻതുടങ്ങി. ഹേ രാജാവേ! ആത്മവിചാരം ചെയ്യൂ. അതുകൊണ്ടേ നിസ്സംശയത്വവും സമാധാനവും കിട്ടൂ. ആത്മബോധമുണ്ടാവുമ്പോൾ എല്ലാ സംശയങ്ങളും വെയിലിൽ മഞ്ഞെന്നപോലെ നശിക്കും; വിചാരം കൊണ്ട് ആത്മജ്ഞാനമുണ്ടാകുകയും ചെയ്യും. *ഞാൻ ആരാണ്; ഈ ലോകം എങ്ങനെയുണ്ടായി; ജനനമരണങ്ങൾ ആർക്കുള്ളവയാണ്; ആരുടെ പ്രേരണകൊണ്ടാണ് അവ ആവർത്തിച്ചു സംഭവിച്ചുകൊണ്ടിരിക്കുന്നത്; എന്തുകൊണ്ടാണ് അവയിൽനിന്നു വിശ്രാന്തികിട്ടുന്നത്; എന്നിങ്ങനെയാണ് വിചാരം ചെയ്യേണ്ടത്.* ഇങ്ങനെ കുറച്ചുകാലം നിരന്തരം തത്വവിചാരം ചെയ്താൽ നിർമ്മലവും സത്താമാത്രവും സർവ്വോൽകൃഷ്ടവുമായ പദം പ്രകാശിയ്ക്കും. ചിത്തം അതിന്റെ പ്രാകൃതസ്വരൂപത്തെ വിട്ടു ചൈതന്യമായി തീരുകയും ചെയ്യും. ചേത്യഭാവം നീങ്ങികഴിഞ്ഞാൽ പരമശാന്തിയും നിർവൃതിയും അനുഭവപ്പെടും.

ഹേ രാജാവേ! തത്വവിചാരംചെയ്തു ശരിയായ ആത്മബോധമുണ്ടായിട്ടില്ലാത്ത ഒരാളുടെ അവസ്ഥ വളരെ ദയനീയമാണ്. നിസ്സാരകാര്യങ്ങളിൽപോലും അവൻ വളരെയധികം ക്ലേശിയ്ക്കുകയും

ദു:ഖിയ്ക്കുകയും ചെയ്യും. എന്നാൽ പ്രബുദ്ധനായ ഒരാൾക്ക് ഈ സംസാരംതന്നെ എത്രയോ നിസ്സാരമാണ്. വിചാരം ചെയ്ത് ആത്മബോധമുണ്ടായികഴിഞ്ഞാലും ആബോധം പരോക്ഷമേ ആവുന്നുള്ളൂ. ആ പരോക്ഷജ്ഞാനം കേവലചിത്തവിശ്രാന്തിയുണ്ടാവുകയും ചെയ്യും. സംസാരത്തിലെ സകലവിധ ആസ്ഥകളേയും കൈവെടിയുമ്പോൾ മാത്രമേ ആത്മലാഭം അല്ലെങ്കിൽ അപരോക്ഷജ്ഞാനം ലഭിയ്ക്കുകയുള്ളൂ. അതിനാൽ ദൃഢമായി തത്വവിചാരം ചെയ്തു പരോക്ഷജ്ഞാനവും സമ്പാദിയ്ക്കുകയും വേണം. എങ്കിലേ സുഖദു:ഖാദിരൂപമായ സംസാരവിഭ്രമങ്ങളിൽ നിന്നു നിവൃത്തികിട്ടി ചിത്തം വിശ്രാന്തിയെ പ്രാപിയ്ക്കൂ.

ദൃശ്യം മുഴുവൻ നീങ്ങിയാൽ ശേഷിയ്ക്കുന്നത് ആത്മാവു മാത്രമാണ്. അതിനാൽ ആത്മാവിനെ കിട്ടാൻ അല്ലെങ്കിൽ അറിയാൻ ദൃശ്യങ്ങളെ നിരസിയ്ക്കലല്ലാതെ മറ്റൊന്നുംതന്നെ ചെയ്യാനില്ല. ആത്മാവാകുന്ന ചൈതന്യത്തിലാണ് എല്ലാ ദൃശ്യവസ്തുക്കളും പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നത്. അവക്കെല്ലാം സത്ത ആത്മാവുമാത്രമാണുതാനും. അതിനാൽ ആത്മാവിൽ ശ്രദ്ധകേന്ദ്രീകരിച്ചു ദൃശ്യങ്ങളിൽ പ്രത്യേക ശ്രദ്ധയില്ലാതായിത്തീരുമ്പോൾ അവയെല്ലാം നീങ്ങും. അവനീങ്ങിയാൽ ആത്മാവിന്റെ മറവും നീങ്ങി.

കയറിൽ തോന്നപ്പെട്ട ഭ്രമസ്വരൂപമായ പാമ്പു നീങ്ങുമ്പോൾ കയറിനെ കാണാൻ മറ്റുപായം ആവശ്യമില്ലാത്തതുപോലെ ദൃശ്യഭ്രമം നീങ്ങിയാൽ ആത്മസാക്ഷാത്കാരത്തിനു മറ്റുയാതൊരുപായവും ആവശ്യമില്ല. പക്ഷേ ദൃശ്യപ്രപഞ്ചത്തെ മുഴുവൻ ത്യാഗം ചെയ്യേണ്ടിവരും. അതത്ഭുതമല്ല, ലോകത്തിൽത്തന്നെ സാധാരണ എന്തെങ്കിലുമൊരു പദാർത്ഥം നമുക്കുകിട്ടണമെങ്കിൽ വിലപിടിച്ച മറ്റൊന്നിനെ ദാനം ചെയ്യണം. എങ്കിലേ അതുകിട്ടാറുള്ളൂ. ആസ്ഥിതിയ്ക്കു തന്റെ സർവ്വസ്വമായ ആത്മാവിനെ കിട്ടാൻ ദൃശ്യപ്രപഞ്ചത്തെമുഴുവൻ ത്യാഗം ചെയ്യേണ്ടിവന്നാൽ അതൊരത്ഭുതമോ അസാധാരണമോ അല്ല. കയ്യിലുള്ള ധനത്തെ ത്യാഗം ചെയ്യാൻ തെറ്റില്ലാത്തവനു കടയിലുള്ള സാധനത്തെ കിട്ടാത്തതുപോലെ തന്റെ കൈയ്യിലുള്ള സമ്പത്തായ ദൃശ്യപ്രപഞ്ചത്തെ ത്യാഗംചെയ്യാൻ തെറ്റില്ലാത്തവന് ആത്മാവിനെ കിട്ടാനും പോവുന്നില്ല. അതിനാൽ ഹേ രാജാവേ! ദൃശ്യഭ്രമങ്ങളെ മുഴുവൻ തുടച്ചുനീക്കുകതന്നെവേണം.

എല്ലാവിധ അനർത്ഥങ്ങൾക്കും ഹേതുവായ മനസ്സുതന്നെയാണ് എല്ലാവിധ ദൃശ്യങ്ങളായും ലോകങ്ങളായുമൊക്കെ വിജൃംഭിച്ചിരിയ്ക്കുന്നത്. മനസ്സടങ്ങിയാൽ ദൃശ്യമൊന്നും തന്നെ ശേഷിയ്ക്കുന്നില്ല. ആസ്ഥിതിക്കു മനസ്സു തന്നെയാണ് എല്ലാ ദൃശ്യങ്ങളും. കാര്യവും കാരണവും എല്ലാം മനസ്സുതന്നെ. വാസനാത്യാഗത്തിൽക്കൂടെ മനസ്സിനെ നിരോധിക്കുമ്പോൾ എല്ലാ ദൃശ്യങ്ങളുമടങ്ങി സ്വയം പ്രകാശമായ ആത്മാവു തന്നെത്താൻ പ്രകാശിക്കും. അങ്ങിനെ മനസ്സിനേയും ശരീരവാസനയെയും നിശ്ശേഷം നീങ്ങുമ്പോൾ എന്തു ശേഷിയ്ക്കുമോ ഹേ രാജൻ! അങ്ങ് അതായിത്തീരട്ടേ!

സുരഘുരാജാവിന് ഇത്രത്തോളം പറഞ്ഞുകൊടുത്തു മാണ്ഡവ്യമഹർഷി അദ്ദേഹത്തെ അനുഗ്രഹിച്ച് അരമനയിൽ നിന്നറങ്ങിപോകുകയും ചെയ്തു. അതിനുശേഷം കാട്ടാളരാജാവ് വിജനപ്രദേശത്ത് ഏകാകിയായി ചെന്നിരുന്നു. താനാരാണെന്ന തത്വത്തെ വിചാരം ചെയ്യാൻ തുടങ്ങി. പൃഥിവ്യാദിതത്വങ്ങളിൽ ഓരോന്നിനെയും വിചാരം ചെയ്ത് അതല്ലെന്നു ബോധ്യംവന്നു തള്ളിത്തള്ളി ക്രമേണ ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ, ബുദ്ധി എന്നിവയൊന്നും താനല്ലെന്നു

ബോധ്യംവന്ന് അവയെയും തള്ളി പ്രജ്ഞ ചിത്തത്തിൽ ചെന്നുമുട്ടി. സർവ്വകാരണവും എന്നാൽ സ്വയം നിഷ്കാരണവുമായ ചിത്തുതന്നെ താനെന്നു ബോധ്യപ്പെട്ടു. ചേതൃസ്പർശമില്ലാത്തതും അപരിച്ഛിന്നവും സ്വയം പ്രകാശവുമായ ചിത്തിനെ അറിഞ്ഞ് അതാണ് താനെന്നു ബോധ്യമായി. കാര്യകാരണസ്വരൂപേണ പ്രവഹിയ്ക്കുന്ന ദൃശ്യപ്രപഞ്ചംമുഴുവൻ ചിത്തത്തിന്റെ കേവലം നിഷ്പന്ദം മാത്രമാണെന്നും ചിത്തത്തിൽനിന്നന്യമായി ഒന്നും തന്നെ സംഭവിച്ചിട്ടില്ലെന്നും ബോദ്ധ്യമായി.

കർത്തവ്യങ്ങളും പ്രാപ്തവ്യങ്ങളുമെല്ലാം വെറും ഭ്രമമാണെന്നും താൻകേവലസ്വരൂപമായ ചിത്താണെന്നും തനിയ്ക്കൊന്നും തന്നെ സംഭവിച്ചിട്ടില്ലെന്നും ബോധ്യമായി. മനസ്സടങ്ങി; ശാന്തിവിളങ്ങി. ഒന്നും തന്നെ ചെയ്യാനോ അനുഭവിയ്ക്കാനോ ഇല്ലെന്നനിലയിൽ കാട്ടാളരാജാവ് സ്വയം കൃതകൃത്യനും തിരയടങ്ങിയകടൽപോലെ പ്രശാന്തനുമായിത്തീർന്നു. ഉണർവ്വോടുകൂടിയ സുഷുപ്തിയിൽ രമിക്കാൻ തുടങ്ങി. അങ്ങിനെ സുഷുപ്ത്യാകാരമായ ചിത്തവൃത്തിയോടുകൂടി അദ്ദേഹം ജ്ഞാനിയും മുക്തനുമായി വിളങ്ങി. ആനിലയിലിരുന്നുകൊണ്ടു രാജ്യകാര്യങ്ങളെ നിർവ്വഹിയ്ക്കുകയും ചെയ്തുവന്നു. അക്കാലത്ത് അദ്ദേഹം ക്രൂരനെന്നോ മൂഢനെന്നോ രാഗിയെന്നോ വിരാഗിയെന്നോ പറയാൻ വയ്യാത്തവനായിത്തീർന്നു. എല്ലാ ദ്വന്ദ്വങ്ങളിൽനിന്നും നിവൃത്തനായെന്നു താല്പര്യം.

അക്കാലത്തുതന്നെ പാർസി രാജ്യത്തു പരിഘനെന്ന പ്രസിദ്ധനായ ഒരുരാജാവുണ്ടായിരുന്നു. സംഗതിവശാൽ പരിഘനും സുരഘവും തമ്മിൽ വളരെ പരിചയവും സ്നേഹവുമായിത്തീർന്നു. ഒരിക്കൽ വളരെ കൊല്ലങ്ങൾ പാർസിരാജ്യത്തു മഴപെയ്യാതെ ഭൂമി മുഴുവൻ വരണ്ട് വെള്ളമോ സസ്യങ്ങളോ ഇല്ലാതായിതീർന്നു. രാജ്യത്തു മുഴുവൻ ഭയങ്കരമായ ക്ഷാമവും ദാരിദ്ര്യവും പടർന്നുപിടിച്ചു. ജനങ്ങൾ ആർത്തന്മാരായി പട്ടിണികൊണ്ട് മരിക്കാൻ തുടങ്ങി. ഈ അത്യാപത്തിൽനിന്നു തന്റെ പ്രജകളെ രക്ഷിയ്ക്കാൻ കഴിവില്ലാതെ വന്നപ്പോൾ ധാർമ്മികമായ പശ്ചാത്താപം കൊണ്ടും അദ്ദേഹം എല്ലാം ഉപേക്ഷിച്ചു കാട്ടിലേയ്ക്കു തപസ്സിനു പോയി. കഠിനമായ നിഷ്ടയോടുകൂടി അദ്ദേഹം വളരെക്കാലം തപസ്സുചെയ്തു. അക്കാലത്തു വൃക്ഷങ്ങളിൽ നിന്നു ഉണങ്ങിവീണ കരിയിലമാത്രമാണ് ഭക്ഷണം കഴിച്ചുവന്നത്. അതുകൊണ്ട് തപസ്വികളുടെയിടയിൽ അദ്ദേഹത്തിനു പർണ്ണാദനെന്ന പേരുപ്രസിദ്ധമായിതീർന്നു. പ്രസ്തുതപർണ്ണാദനും സുരഘുവും തമ്മിൽ പിന്നീട് കണ്ടുമുട്ടാനിടവന്നപ്പോൾ ഒരു സംഭാഷണം നടക്കുകയുണ്ടായി. ഹേ രാമചന്ദ്രാ! ഞാനിതിനെ പറഞ്ഞുതരാം. അതുകേട്ടാൽത്തന്നെ ഒരാൾക്കാദ്ധ്യാത്മികവിഷയത്തിലുള്ള എല്ലാ സംശയങ്ങളും തീരും.

വളരെക്കാലത്തെ കഠിനമായ തപോനിഷ്ഠകൊണ്ട് എല്ലാകൽമഷങ്ങളും നീങ്ങി പർണ്ണാദനാത്മജന്മമുണ്ടായി. എല്ലാവിധദ്വന്ദ്വങ്ങളേയും ജയിച്ചു സമചിത്തനായിത്തീർന്നു പർണ്ണാദന്റെ യശസ്സുനാട്ടിലെങ്ങും പരന്നു. സുരഘുവും അതുകേൾക്കായ്കയില്ല. അന്വേഷണത്തിൽ തന്റെ സ്നേഹിതനായ പരിഘനാണ് മഹാതപസ്വിയും ജ്ഞാനിയുമായിത്തീർന്ന പർണ്ണാദനെന്നറിഞ്ഞപ്പോൾ കാട്ടാളരാജാവിനു വളരെ കൗതുകം തോന്നി, അദ്ദേഹത്തെ ഒന്നുകാണണമെന്നുദ്ദേശിച്ച് ഒരു ദിവസം കാട്ടാള രാജാവായ സുരഘു പർണ്ണാദന്റെ പർണ്ണശാലയിലേയ്ക്ക് കയറിചെന്നു. അനന്തരം ചിരകാല സുഹൃത്തുക്കളായ അവരന്യോന്യം സരസമായി സംസാരിക്കാൻതുടങ്ങി.

സുരഘു: “മഹത്തായ അങ്ങയെപ്പോലെതന്നെ ഞാനും ചിരകാലപരിശ്രമം കൊണ്ട് ഏറ്റവും

നിർമ്മലവും അന്ത:കുളുർമ്മയേറിയതുമായ ജ്ഞാനത്തെ സമ്പാദിച്ചു. അതിനാൽ എല്ലാക്ലേശങ്ങളുമകന്നു സംസാരത്തിന്റെ യാതൊരു ബാധയുമില്ലാതെ കഴിയുകയാണ്. സങ്കല്പമെന്ന ഒന്നില്ലാതെ നിർവ്വിചാരനും ചരിതാർത്ഥനുമായി ഗംഗാജലംപോലെ ശീതളമായ അന്ത:കരണമുള്ളവനു സംസാരത്തിന്റെ എന്തുബാധയാണുള്ളത് ! സംസാരമാകുന്ന ഈ മഹാരോഗത്തിനു തത്വജ്ഞാനമല്ലാതെ മറ്റുയാതൊരു ഔഷധവുമില്ല. ഭാഗ്യംകൊണ്ടും അങ്ങു അത് നേടിയില്ലേ? ചിത്തം കുളിർത്തില്ലേ?"

പർണ്ണാദൻ: "ഭാഗ്യവാനായ മഹാരാജാവേ! ചിത്തമടങ്ങികഴിഞ്ഞാൽ പിന്നെ വ്യവഹാരിയായാലും മൗനിയായാലും അവൻ എപ്പോഴും സമാധിസ്ഥൻതന്നെ. ചിത്തമടങ്ങാത്തവൻ പത്മാസനത്തിലിരിക്കുകയും ബ്രഹ്മാഞ്ജലിചെയ്യുകയുമെന്നുവേണ്ട, എന്തൊക്കെചെയ്താലും സമാധിസുഖത്തിന്റെ യാതൊരംശംപോലും അവന് കിട്ടാൻപോവുന്നില്ല. വ്യവഹാരിയെന്നും മൗനിയന്നുമൊക്കെയുള്ള വകഭേദം ചിത്തമടങ്ങാത്തവർക്കുള്ളതാണ്. തത്വബോധംകൊണ്ടു ചിത്തമടങ്ങി ശാന്തികിട്ടിയവൻ എപ്പോഴും സമാധിസ്ഥൻതന്നെ. അവൻ എന്തുചെയ്താലും ചെയ്യാതിരുന്നാലും ഒക്കെ ഒരുപോലെത്തന്നെ. അങ്ങയ്ക്ക് ചിത്തവിശ്രാന്തി കിട്ടിയെന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഈ ലോകത്തുനിന്നു നേടാനുള്ള ഒരേഒരു വസ്തു ചിത്തവിശ്രാന്തിമാത്രമാണ്. തത്വബോധം കൊണ്ടതുണ്ടാവും അതിനാൽ എത്ര സാഹസപ്പെട്ടും തത്വബോധത്തെ സമ്പാദിക്കുകതന്നെ വേണം."

സുരഘു: "മഹാരാജാവേ! അങ്ങേയ്ക്കു ജ്ഞാനം ദൃഢപ്പെട്ടുകഴിഞ്ഞു. അങ്ങ് ചരിതാർത്ഥനാവുകയും ചെയ്തു." എന്നുപറഞ്ഞ് ആ രണ്ട് സുഹൃത്തുക്കളും പിരിഞ്ഞ് അവരവരുടെ രാജ്യങ്ങളിൽ നിസ്സംഗന്മാരായിരുന്നു പ്രജാപരിപാലനം ചെയ്തു. രാജ്യകാര്യങ്ങളെ ചെയ്യുമ്പോഴും അല്ലാത്തപ്പോഴും, ഏകാന്തതയിലിരിക്കുമ്പോഴും ജനമദ്ധ്യത്തിലിരിക്കുമ്പോഴും സമാധിയിലിരിക്കുമ്പോഴും ലോകകാര്യങ്ങളെ ചെയ്യുമ്പോഴും ഒന്നും വ്യത്യാസമില്ലാതെ തത്വജ്ഞന്മാരായ അവർ ആത്മാരാമന്മാരും ചരിതാർത്ഥന്മാരുമായിത്തീർന്നു. അതിലത്ഭുതമില്ല; ചിത്തം വിഷയങ്ങളിൽ കേവലം രസിക്കാതെ ആത്മാവിൽമാത്രം ആനന്ദിക്കാൻ തുടങ്ങിയാൽ അതുതന്നെയാണ് ജീവന്മുക്തിയെന്നു പറയണം.

അദ്ധ്യാത്മശാസ്ത്രത്തിൽ എപ്പോഴും ചിന്തയെ നിലനിർത്തിയും ആത്മവസ്തുവെ വിസ്മരിക്കാതെയും വിഷയസ്പർശമില്ലാത്ത ചിത്തത്തിൽ സങ്കല്പസ്ഫുരണമില്ലാതെയും കഴിയുന്ന പുണ്യവാനായ മനുഷ്യൻ സുഖിയാണ്. അദ്ദേഹത്തിനൊന്നുകൊണ്ടും ചിന്തയോ ആവലാതിയോ ക്ലേശമോ ഇല്ല. അങ്ങിനെയല്ലാതെ നാനാവിഷയങ്ങളിൽ ഭ്രമിച്ചും സങ്കല്പങ്ങളെ വളർത്തി ആകാശകോട്ടകളെക്കെട്ടിയും ആശാപാശങ്ങളാൽ ആവൃതനായും രാഗാദിവികാരങ്ങളാൽ തപ്തനായുമുള്ളവൻ സ്വർഗ്ഗത്തിലല്ല എവിടെപ്പോയാലും എപ്പോഴും ദു:ഖമാണനുഭവിക്കുന്നത്. ചേറ്റിൽകിടന്നുരുളുന്ന കാളയെ ആർക്കു സുഗന്ധിയാക്കാൻ കഴിയും? അതുപോലെ ഈ സംസാരക്കുണ്ടിലെ ചേറിലും ചളിയിലും കിടന്നുരുണ്ടു ദ:ഖങ്ങളുടെ ദുർഗ്ഗന്ധത്തിൽ മുഴുകിയവനെ അധ്യാത്മജ്ഞാനസുഖത്തിന്റെ സുഗന്ധമുള്ളവനാക്കിത്തീർക്കാൻ ആർക്കു കഴിയും? അങ്ങനെയുള്ള ആപദ്ദശയിൽനിന്നു രക്ഷിക്കാൻ സജ്ജനങ്ങൾമാത്രമേ ഉള്ളൂ. സത്തുക്കളുടെ സമ്പർക്കം കൊണ്ടാണ് ക്രമേണ കാര്യമറിഞ്ഞ് ഉയരാനുള്ള അവസരം കിട്ടുന്നത്. അതിനാൽ മറ്റെന്തെല്ലാം

ഗുണങ്ങളുണ്ടായാലും സജ്ജനങ്ങളില്ലാത്ത പ്രദേശത്ത് അറിവുള്ളവർ താമസ്സിക്കാറില്ല.

സംസാരതാപംകൊണ്ടാർത്തനായ ജീവനു സ്വത്തും സ്വജനങ്ങളുമൊന്നും തെല്ലുമുപകരിക്കില്ല. ശാസ്ത്രവും അങ്ങിനെതന്നെ അവനുപയോഗപ്പെടാൻ വയ്യ. മനസ്സുമാത്രമാണ് അവന് ഒരേ ഒരുബന്ധു. മനസ്സനുകൂലമല്ലെങ്കിൽ പിന്നെഎന്തെല്ലാം സാഹചര്യങ്ങളുണ്ടായിട്ടും കാര്യമില്ല. നിർമ്മലമായ ചിത്തംകൊണ്ടു ദൃഢമായി വിചാരം ചെയ്യാൻ കഴിഞ്ഞാൽ കാലം കൊണ്ട് ആത്മജ്ഞാനമുണ്ടാകും. ശരീരം കാഷ്ഠലോഷ്ടങ്ങൾപോലെ കേവലം ജഡവും തന്നിൽനിന്നും വേറെയുമാണെന്നുബോദ്ധ്യംവന്നു. ശരീരധർമ്മങ്ങളിൽനിന്നു കേവലം നിവർത്തിച്ചാലും കാലംകൊണ്ട് ആത്മജ്ഞാനമുണ്ടാവും. ആത്മാവിന്റെ സ്വരൂപത്തെ വാക്കുകൊണ്ട് പറയാൻ വയ്യ. ആകാശത്തെഎപ്രകാരം വിവരിക്കാൻ കഴിയുന്നില്ലയോ അതുകൊണ്ട് ആത്മാവും വാക്കുകൊണ്ട് വിവരിക്കത്തക്കതല്ല. ആത്മാവു പോലെ മറ്റൊന്നില്ലാത്തതിനാൽ മറ്റൊന്നിനോടുപമിച്ചു കാണിക്കാവുന്നതുമല്ല. മനസ്സും അഹങ്കാരവും നശിക്കുമ്പോൾ സ്വയം പ്രകാശിക്കും എന്നേ പറയാവൂ. അതിനാൽ മനസ്സിനെയും അഹങ്കാരത്തേയും അകറ്റാനാണ്ശ്രമിയ്ക്കേണ്ടത്. അഹങ്കാരമനസ്സുകളുടെ വിലയത്തിൽ പ്രകാശിക്കുന്നതും ചിതാകാശസ്വരൂപവും അപരിച്ഛിന്നവും സുഷുപ്തി സമാനവുമായ കേവലാവസ്ഥ പ്രകാശിക്കും. അതുതന്നെ വസ്തുസ്വരൂപം. കുളുർമ്മയേറിയതും ആനന്ദമയവുമായ പ്രസ്തുതഅവസ്ഥ അനുഭവൈകവേദ്യമെന്നല്ലാതെ വാക്കുകൊണ്ട് പറയാവുന്നതോ മനസ്സുകൊണ്ട് ഊഹിക്കാവുന്നതോ അല്ല.

വാസ്തവത്തിൽ മനസ്സും ആത്മാവിൽനിന്നും വേറെയല്ല. കയറിൽ തോന്നപ്പെട്ട വിഭ്രാന്തിയാണല്ലോ സർപ്പപ്രതീതി. അതു പോലെ ആത്മാവിൽ തോന്നപ്പെടുന്ന ഭ്രമം തന്നെ മനസ്സ്. ഭ്രമം നീങ്ങുമ്പോൾ സ്വരൂപബോധത്തിനു തടസ്സമില്ലാതാവും. എല്ലാമായി തോന്നപ്പെടുന്നതും ആത്മസത്വം ഒന്നുമാത്രമാണ്, മനസ്സ് ഒഴികെ മറ്റെല്ലാറ്റിന്റെയും പ്രതീതിക്കു ഹേതു മനസ്സാണെന്നകാരണത്താൽ മനസ്സില്ലാതാവുമ്പോൾ മറ്റെല്ലാം ഇല്ലാതാവും. അതുപോലെ വാസനകൾക്കൊക്കെ ഹേതു അഹങ്കാരമാണ്. അതിനാൽ മനസ്സും അഹങ്കാരവുമടങ്ങിയാൽ ആത്മതത്വം നിവാരണമായി പ്രകാശിക്കും.

ഭാസവിലാസസംവാദം

സഹ്യാദ്രിയുടെ വടക്കസാനുവിൽ, പ്രസിദ്ധനായ അത്രിമഹർഷിയുടെ പുണ്യാശ്രമം വിളങ്ങുന്നു. അവിടെ ഒരു കാലത്ത് തുല്യപ്രഭാവശാലികളായ രണ്ട് തപസ്വികൾ താമസിച്ചുവന്നു. അവർക്ക് രണ്ടാൾക്കും ഭാസനെന്നും വിലാസനെന്നും പേരായി ഓരോ പുത്രന്മാരുണ്ടായിരുന്നു. തുല്യപ്രായമുള്ളവരും തുല്യതപസ്സുള്ളവരും തുല്യജ്ഞാനസമ്പന്നരുമായ ആ തപസ്വിബാലന്മാർ അന്യോന്യം വളരെ മൈത്രിയിൽ വളർന്നുവന്നു. ഒരേ ചിത്തംതന്നെ രണ്ടായി പകുത്തതുപോലായിരുന്നു അവരുടെ അടുപ്പം. അങ്ങനെ കഴിഞ്ഞുവരവേ, കാലംകൊണ്ട് അവരുടെ രണ്ടുപേരുടേയും പിതാക്കൾ കാലഗതിയടഞ്ഞു. വ്യസനാക്രാന്തരായ ഭാസവിലാസന്മാർ കരഞ്ഞുകൊണ്ട് പിതാവിന്റെ ഔർദ്ധ്വദൈവികകർമ്മങ്ങളൊക്കെ ചെയ്തു. അനന്തരം ഏതാനും ദിവസങ്ങൾക്കുശേഷം അവർ തമ്മിൽപിരിഞ്ഞു വിദൂരസ്ഥലങ്ങളിൽ വേറെ വേറെ താമസമുറപ്പിച്ചു. കഠിനങ്ങളായ തപോനിഷ്ടകളും തത്വവിചാരവും ആചരിച്ചുകൊണ്ട് ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്തു.

അങ്ങനെ കുറെക്കാലം ചെന്നപ്പോൾ ദൈവഗത്യാ അവരന്യോന്യം കണ്ടുമുട്ടാനിടയായി. അപ്പോൾ ഭാസൻ വിലാസനോടു പറയുകയാണ്. ഹേ സ്നേഹിതാ! വളരെക്കാലമായല്ലോ നാമന്യോന്യം കണ്ടിട്ട്. ഇത്രക്കാലം അങ്ങെവിടയാണ് താപസിച്ചുവന്നത്? അങ്ങയുടെ തപസ് സഫലമായോ? ചിത്തമാലിന്യങ്ങൾ മുഴുവൻനീങ്ങി അങ്ങ് ആത്മസ്വരൂപനായി കഴിഞ്ഞോ? അതാണല്ലോ തപസ്സുകൊണ്ടു സാധിക്കേണ്ടിയിരിക്കുന്ന മഹത്തായ കാര്യം. അങ്ങേയ്ക്കു ക്ഷേമം തന്നെയോ?" എന്നിങ്ങനെയുള്ള ഭാസവാക്യത്തെകേട്ട വിലാസൻ പറയുകയാണ്. "അല്ല ചങ്ങാതി! ഭാഗ്യം, ഇപ്പോൾ അങ്ങയെ കാണാൻ സാധിച്ചു. മനസ് നശിക്കാതെയും വാസനകളടങ്ങാതെയും സംസാരത്തിൽനിന്നും കയറാതെയും ക്ഷേമമെന്നുള്ള അവസ്ഥ ആർക്കാണുണ്ടാവുന്നത്? അതുപോലെ സംസാരത്തിൽനിന്നു കയറി ആത്മസ്വരൂപനായിക്കഴിഞ്ഞ ഒരാൾക്കെന്തു ദു:ഖമാണ് വരാനുള്ളത്? ഒന്നും തന്നെയില്ല. അതിനാൽ ആത്മാനുഭൂതിതന്നെ ജീവിതത്തിൽ നേടേണ്ടിയിരിക്കുന്ന ഏറ്റവും മഹത്തായ വസ്തു. അതു കിട്ടികഴിഞ്ഞവൻ ധന്യൻതന്നെ. അതിനുവേണ്ട് മാത്രമുള്ളതാണ് എല്ലാവിധ തപസും."

ശാസ്ത്രങ്ങൾ പഠിച്ചും സജ്ജനങ്ങളുടെ ഉപദേശങ്ങൾ കേട്ടും അറിയേണ്ടതിനെ അറിയാതെയും തപോയോഗാദി അനുഷ്ഠാനങ്ങളെക്കൊണ്ടു പ്രാപിക്കേണ്ടതിനെ പ്രാപിക്കാതെയും ആർക്കാണ് സമാധാനം കിട്ടുന്നത്? ആർക്കും കിട്ടാൻ പോവുന്നില്ല. ലോകത്തിലുള്ള വിവിധങ്ങളായ വിഷയങ്ങളിൽ ഭ്രമിച്ച് ആത്മവിചാരം ചെയ്യാതെ ആശാപാശങ്ങളെക്കൊണ്ടു ബദ്ധനായി വാർദ്ധക്യമൃത്യുക്കളിൽ പതിക്കുന്ന മൂഢൻ ആയുസ്സിനെ വെറുതേ നശിപ്പിക്കയാണ് ചെയ്യുന്നത്. അങ്ങനെ സംഭവിക്കാനിടവരാതെ ഒരുനിമിഷവും വെറുതെക്കളയാതെ ആത്മവിചാരം ചെയ്തു സ്വരൂപപ്രാപ്തികൊണ്ടു ധന്യനായിത്തീരുകതന്നെ വേണം. എന്നിങ്ങനെ പലതും സംസാരിച്ച സുകൃതികളായ ആ തപസ്വികൾ കാലംകൊണ്ടും ആത്മാനുഭൂതികൊണ്ടും ചാരിതാർത്ഥരും ജീവന്മുക്തരുമായി അന്ത്യത്തിൽ വിദേഹകൈവല്യമാകുന്ന പരഗതിയെ പ്രാപിക്കുകയും ചെയ്തു.

വസിഷ്ഠൻ പറയുകയാണ്: "ഹേ രാമചന്ദ്രാ! വിഷയസംഗംകൊണ്ടു മൂഢനായിത്തീർന്ന മനസ്സിനെ ജ്ഞാനമൊഴിച്ചു മറ്റൊന്നുകൊണ്ടും ഉണർത്താനോ സ്വരൂപത്തെ പ്രാപിക്കാനോ സാദ്ധ്യമല്ല. ഒരാൾക്ക് എത്രയൊക്കെ ജ്ഞാനമുണ്ടായാലും മനസ്സുവിഷയാസക്തമാണെങ്കിൽ തീർച്ചയായും മൂഢനാണെന്നുതന്നെയാണ് പറയേണ്ടതു്. ജ്ഞാനത്തിന്റെ ലക്ഷണം തന്നെ വിഷയനിവൃത്തിയാണ്. ആസ്ഥിതിക്ക് ജ്ഞാനമുള്ള ഒരാൾക്കെങ്ങനെ വിഷയാസക്തിയുണ്ടാകും? ഒരിക്കലും ഉണ്ടാവാൻ വയ്യ. അങ്ങനെ തന്നെ വിഷയനിവൃത്തവും നിർമ്മലവുമാണ് ഒരാളുടെചിത്തമെങ്കിൽ യാതൊരു ജ്ഞാനവുമില്ലാത്തവനു വെറും സംസാരിയാണങ്കിൽകൂടി അയാൾ മുക്തനാണെന്നു പറയണം. ധാരാളം തപസ്സുചെയ്യുന്ന ഒരാളാണെങ്കിലും മനസ്സുവിഷയാസക്തമാണങ്കിൽ അയാളുടെ കഠിനമായ തപോനിഷ്ഠകൂടി മിക്കവാറും നിഷ്ഫലമാണന്നു പറയണം. മനസ്സു വിഷയനിവൃത്തമാണങ്കിൽ യാതൊരു തപസ്സുമില്ലെങ്കിൽക്കൂടി അയാൾ ശുദ്ധനും മുക്തനുമാണെന്നു പറയണം. അതിനാൽ ഹേ രാമചന്ദ്രാ! വിഷയസംഗംതന്നെ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു. നിസ്സംഗതയെക്കാൾ വലിയ ബന്ധുവുമില്ല."

എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ രാമചന്ദ്രൻ ചോദിക്കയാണ് : "ഭഗവാനേ! എങ്ങിനെയുള്ളതാണ് സംഗം? എന്തു കാരണത്താലാണ് അതുണ്ടാകുന്നത്? എന്തു കാരണത്താലാണ് ബന്ധമുണ്ടാകുന്നത്? എങ്ങനെയാണ് മോക്ഷവും സാധിക്കുന്നത്?" രാമചന്ദ്രന്റെ അവസരോചിതമായ ചോദ്യങ്ങളെ കേട്ടു സന്തുഷ്ടനായ വസിഷ്ഠമഹർഷി അവയ്ക്കു മറുപടി പറയാൻ തുടങ്ങി.

"ഹേ രാമചന്ദ്രാ! ദേഹമേതാണ്, ദേഹിയേതാണ് എന്നവിചാരം കൂടാതെ, ദേഹത്തെ താനാകുന്ന ദേഹിയായി തെറ്റിദ്ധരിച്ച്, തന്റെ സുഖത്തിനെന്ന പേരുപറഞ്ഞ് ദേഹധർമ്മങ്ങളെ വളർത്തലാണ് എല്ലാവിധ വിഷയസംഗങ്ങളുടെയും അടിസ്ഥാനസ്വരൂപം. പ്രസ്തുത വിഷയസംഗംതന്നെ ബന്ധത്തിന്റെയും ഹേതു. അനന്തമായി എങ്ങും നിറഞ്ഞിരിക്കുന്ന ആത്മതത്വത്തിനു പരിമിതത്വം വരുത്തി, പരിമിതമായ ആ അല്പവസ്തുവാണ് താനെന്നു തെറ്റിദ്ധരിച്ചു തനിക്കു സുഖസമാധാനങ്ങളുണ്ടാക്കി തീർക്കാനുള്ള പരിശ്രമം തന്നെ സംഗസ്വരൂപം. അപരിച്ഛിന്നനായ തനിക്കു പരിമിതത്വവും, ആനന്ദമയനായ തനിക്കു ദു:ഖാത്മകതയും, ആ ദു:ഖനിവൃത്തിക്കുവേണ്ടിയുള്ള പരിശ്രമവുമൊക്കെ മിത്ഥ്യാസങ്കല്പങ്ങളല്ലാതെ മറ്റെന്താണ്? ജ്ഞാനികൾക്ക് അങ്ങനെയുള്ള മിത്ഥ്യാബോധങ്ങളൊന്നുമുണ്ടാവാൻ വയ്യ. താനും ഈ ലോകവുമെന്നു വേണ്ട എല്ലാംതന്നെയും ഒന്നായിരിക്കുന്ന ആത്മാവായിരിക്കെ തള്ളലും കൊള്ളലുമാകുന്ന വ്യവഹാരത്തിനു എവിടെയാണ് സ്ഥാനം? അതുപോലെ ആനന്ദമയനായ തന്റെ സുഖത്തിനുവേണ്ടി എന്തൊരു പ്രയത്നമാണ് ചെയ്യേണ്ടതായിട്ടിരിക്കുന്നത്! ജീവന്മുക്തന്മാരിൽ അങ്ങിനെയുള്ള തെറ്റിദ്ധാരണകളോ അനാവശ്യപ്രയത്നങ്ങളോ ഒന്നും തന്നെ കാണില്ല. അങ്ങിനെയുള്ള തെറ്റിദ്ധാരണകളും വ്യവഹാരങ്ങളുംതന്നെ ബന്ധം. ജ്ഞാനം കൊണ്ടല്ലാതെ അതെങ്ങിനെ നീങ്ങും?

ഞാൻ, നീ, അവൻ, ഇവൻ, സുഖം, ദു:ഖം, ഇത്യാദി വ്യത്യസ്തഭാവങ്ങളോ രാഗദ്വേഷങ്ങളോ മദമത്സരങ്ങളോ ഒന്നും ഒരു ജ്ഞാനിക്കുണ്ടാവില്ല. അങ്ങിനെയുള്ള ജ്ഞാനിയാണ് മുക്തിക്കധികാരിയായിട്ടിരിക്കുന്നത്. കർമ്മങ്ങളെ ത്യജിക്കുന്നതും സ്വീകരിക്കുന്നതും രണ്ടും

ബന്ധകാരണമാണ്. അതിനാൽ ജ്ഞാനി കർമ്മങ്ങളെ ത്യജിക്കുകയോ സ്വീകരിക്കുകയോ രണ്ടും ചെയ്യുന്നില്ല. കർമ്മം ചെയ്താലും ഇല്ലെങ്കിലും അകർത്താവായിട്ടിരിക്കുന്നു ജ്ഞാനി. എന്തുചെയ്താലും അനുഭവിച്ചാലും ഇല്ലെങ്കിലും എപ്പോഴും അകർത്താവും അഭോക്താവുമായിട്ടിരിക്കുന്നവൻ നിസ്സംഗനാണ്. അദ്ദേഹം മുക്തിക്കധികാരിയുമാണ്. അസംഗജീവിതം കൊണ്ടും ഒരാളുടെ എല്ലാകർമ്മബന്ധങ്ങളും അറ്റുപോവും. മാത്രമല്ല, കാലംകൊണ്ടു മുക്തിക്കധികാരിയായിത്തീരുകയും ചെയ്യും.

അതിനാൽ ഹേ രാമചന്ദ്രാ! അസംഗിയായിട്ടാണ് ജീവിക്കേണ്ടത്. ജ്ഞാനികളൊക്കെ അങ്ങനെയാണ് ചെയ്യുന്നത്. വീണ്ടും വീണ്ടും ജനനമരണങ്ങളെ പ്രാപിക്കുന്നതും കൃമികീടാദിയോനികളിൽ പോകേണ്ടിവരുന്നതുമൊക്കെ സംഗത്തിന്റെ വിലാസമല്ലാതെ മറ്റെന്താണ്! എല്ലാ അറിവുകളും വിവേകമുള്ള മനുഷ്യനായി കുറേക്കാലം ജീവിച്ചിട്ടുപിന്നെ കൃമികീടാദിക്ഷുദ്രജീവിതത്തിലേക്ക് ഇറങ്ങേണ്ടിവരുന്നതെത്ര കഷ്ടമാണ്! എന്നാൽ നിസ്സംഗജീവിതമില്ലാത്തതുകൊണ്ടും നാനാതരത്തിലുള്ള സങ്കല്പങ്ങളുടെ വളർച്ചകൊണ്ടും തെറ്റിദ്ധാരണകളെകൊണ്ടും പലപ്പോഴും പലർക്കും അങ്ങനെയൊക്കെ അനുഭവിക്കേണ്ടിവരുന്നു. കർത്തൃത്വഭോക്തൃത്വങ്ങളും വിഷയസംഗങ്ങളുമാണ് അതിന് മുഖ്യഹേതു. സമുദ്രത്തിൽ തിരമാലകളെന്നപോലെയാണ് ആത്മാവാകുന്ന ചിദാകാശത്തിൽ അവസാനമില്ലാതെ ജീവികൾ പൊന്തുകയും താഴുകയും, ജനിക്കുകയും മരിക്കുകയും ചെയ്യുന്നത്. അതിന്റെ ഹേതുവാകട്ടെ സംഗം മാത്രവുമാണ്. എത്രശക്തിയുള്ള ഒന്നാണ് വിഷയസംഗമെന്നോർത്തുനോക്കു!

രണ്ട് പ്രകാരത്തിലുണ്ട് സംഗം. ഒന്നിനു വന്ധ്യയെന്നും മറ്റേതിനു വന്ദ്യയെന്നും പറയും. ആത്മബോധത്തിനു അല്പംപോലും സഹായിക്കാതെ ശരീരാദിവസ്തുക്കളെ വീണ്ടും വീണ്ടും ജനിപ്പിക്കുന്നതും അവിവേകസ്വരൂപവുമായ സംഗത്തെയാണ് അറിവുള്ളവർ വന്ധ്യാസംസക്തിയെന്നുപറയുന്നത്. ആത്മബോധത്തിന് ഉപകരിക്കുന്നതും പിന്നീടു ശരീരാദിസംബന്ധത്തെ ഉണ്ടാക്കാത്തതും വിവേകസ്വരൂപവുമായ സംസക്തിയെ വന്ദ്യയെന്നുപറയുന്നു. അറിവുള്ളവരൊക്കെ പറയപ്പെട്ട വന്ദ്യാസംസക്തിയിൽക്കൂടെയാണ് നീങ്ങികൊണ്ടിരിക്കുന്നത്. ദേവശ്രേഷ്ഠന്മാരായ ത്രിമൂർത്തികൾ ഈ ജഗത്തിനെ ഭരിക്കുന്നതു വന്ദ്യാസക്തിയെ സ്വീകരിച്ചിട്ടാണ്. അതിനാൽ സംഗമുണ്ടെങ്കിലും അതു വന്ധ്യയല്ല, വന്ദ്യയാണെങ്കിൽ ആപത്തില്ല; കാലംകൊണ്ടങ്കിലും മുക്ത്തനായിത്തീരാം.

ശവത്തെകാണുന്ന കഴുകനെപ്പോലെ വിഷയാലുക്കൾ വിഷയങ്ങളെ കാണുമ്പോൾ അവ നല്ലതാണെന്നും സുഖപ്രദങ്ങളാണെന്നും തെറ്റിദ്ധരിച്ച് ആസക്തിയോടുകൂടി അവയെ സമീപിക്കുന്നു. അങ്ങനെ വർദ്ധിച്ച വൈഷയികാശകൊണ്ടു വന്ധ്യാസക്തരായി കഴിയുന്ന മൂഢന്മാർക്കൊക്കെതന്നെയും നരകമാണാശ്രയം. രൗരവം, കുംഭീഭാകം തുടങ്ങിയ നരകങ്ങൾ അവരുടെ വിശ്രമസ്ഥാനങ്ങളാണെന്നു പറയണം. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ വിവേകംകൊണ്ടു വന്ധ്യാസംസക്തിയെ അകറ്റുകതന്നെ വേണം. ചിത്തദൃശ്യവുമായി കൂടിചേരാൻ ഇടവരുമ്പോൾ വളരെ സൂക്ഷിക്കണം. ഏതെങ്കിലും രൂപത്തിലുള്ള ബന്ധം അതുകൊണ്ടുണ്ടായിത്തീരുകയെന്നതു സ്വാഭാവികമാണ്. ദൃശ്യസമ്പർക്കത്തിലും ബന്ധമില്ലാതായിത്തീരണമെങ്കിൽ വേണ്ടത്ര വിവേകത്തെ സംഭരിക്കുകതന്നെ വേണം.

പ്രജ്ഞയെ എപ്പോഴും ഒന്നിനോടും കെട്ടിപ്പിണയാനിടയാക്കരുത്. എന്തിനെയൊക്കെകാണുമ്പോഴും ഗ്രഹിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും അനുഭവിക്കുമ്പോഴും പ്രജ്ഞ ഒന്നിനോടും ബന്ധപ്പെടാതിരിക്കണം. ശരീരത്തെയോ, ശരീരധർമ്മങ്ങളെയോ, കാലദേശങ്ങളെയോ, ഗൃഹകുടുംബാദികളേയോ, പീതനീലാദിവർണ്ണങ്ങളേയോ, മധുരതിക്താദിരസങ്ങളെയോ, പൂർവ്വപശ്ചിമാദിദിക്കുകളെയോ എന്നുവേണ്ട ഒന്നിനെയും ഓർമ്മിക്കാതിരിക്കണം. ഏതെങ്കിലും ഒന്നിനെ ഓർമ്മിക്കുന്നുവെന്നുവന്നാൽ പ്രജ്ഞ അതുമായി ബന്ധപ്പെടുന്നുവെന്നർത്ഥമാണ്. അങ്ങനെ ഒന്നിനോടും ബന്ധപ്പെടുത്താതെ എപ്പോഴും ലക്ഷ്യമായ ആത്മസത്തയെതന്നെ സ്മരിച്ചുകൊണ്ട് അതിൽത്തന്നെ മഴുകിയും ഇരിക്കണം. ഏതൊരു നിമിഷത്തിൽ ആ സമ്പ്രദായത്തിനു മുറിവുവരുന്നുവോ, അപ്പോൾ പ്രജ്ഞ ദൃശ്യത്തോടു ബന്ധപ്പെടുകയാണ് ചെയ്യുന്നത്. പ്രജ്ഞക്ക് ഒന്നിന്റെയും ഓർമ്മയില്ലാതായിതീരുന്നുവെങ്കിൽ അത് ഒരുതരം സുഷുപ്തിതന്നെയാണ്. ജാഗ്രത്തിലെ സുഷുപ്തിയെന്നുമാത്രം. നിരന്തരാഭ്യാസം കൊണ്ടു ജാഗ്രൽസുഷുപ്തിയിൽ ദൃഢതകിട്ടുമ്പോൾ ക്രമേണ ശരീരാദികളെയും ലോകത്തെതന്നെയും കേവലം വിസ്മരിക്കും. ആ അവസ്ഥയാണ് തുരീയം. ദൃശ്യങ്ങളെ മുഴുവൻ മറക്കുന്നതോടെ ദ്രഷ്ടാവാകുന്ന ആത്മാവിനെ അറിയാനും തുടങ്ങും. നിത്യപരിചയം കൊണ്ടു പ്രസ്തുത തുരീയവും വിട്ടു തുര്യാതീതമായ പദത്തിലേക്കുയരുമ്പോൾ മുക്തനുമായി.

ഒരു പ്രകാരത്തിലുള്ള ലക്ഷണങ്ങളെകൊണ്ടും തിരിച്ചറിയാൻകഴിയാത്ത ഒന്നാണ് ആത്മാവിന്റെ അല്ലെങ്കിൽ മോക്ഷത്തിന്റെ സ്വരൂപം. അതുപോലെ മുക്തന്റെ സ്വഭാവത്തെയും ഇന്നപ്രകാരത്തിലുള്ളതെന്നാർക്കും പറയാൻ വയ്യ.

വീതഹവ്യോപാഖ്യാനം

ഹേ രാമചന്ദ്രാ! ശ്രദ്ധവച്ചു കേൾക്കൂ. പണ്ടു മന്ദരപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള ഒരു ഗുഹയിൽ വീതഹവ്യനെന്നു പേരായി ഒരു തപസ്വി താമസിച്ചുവന്നു. അദ്ദേഹം കഠിനങ്ങളായ പല തപോനിഷ്ഠകളേയും ക്ലേശകരങ്ങളായ പലകർമ്മങ്ങളെയും ചെയ്തുവന്നു. ആധിവ്യാധികളെയും ജനനമരണങ്ങളേയും സൃഷ്ടിക്കുന്ന കർമ്മപരമ്പരകളിൽ കാലംകൊണ്ട് അദ്ദേഹത്തിനു വൈരാഗ്യം വന്നു. അതുകാരണത്താൽ കർമ്മസാഹസങ്ങളേയും തപോനിഷ്ഠകളേയുമെല്ലാം അവസാനിപ്പിച്ചു നിർവ്വികല്പസമാധിയെ പ്രാപിക്കണമെന്നു തീർച്ചപ്പെടുത്തി. അതിനുള്ള പരിശ്രമം ചെയ്യാൻ തുടങ്ങി. കേവലം അടങ്ങിലയിച്ചാലാണല്ലോ ഒരാൾക്ക് അവസ്ഥാത്രയത്തെ വിട്ട് സമാധിയിലേക്ക് ഉയരാൻ സാധിക്കുന്നത്. എന്തൊക്കെ ചെയ്തിട്ടും തന്റെ മനസ്സടങ്ങുന്നില്ലെന്നു കണ്ടു വീതഹവ്യൻ വിഷമിച്ചു.

ഒരുദിവസം പതിവുപോലെ അദ്ദേഹം ഗുഹാന്തർഭാഗത്തു വിരിച്ച മാൻതോലിൽ ബദ്ധപത്മാസനനായി നീണ്ടുനിവർന്നു ദൃഷ്ടികളെ ഭ്രൂമദ്ധ്യത്തിൽ കൂട്ടി യോചിപ്പിച്ചിട്ട് ഊർദ്ധ്വദൃഷ്ടിയായിരുന്നു. കണ്ണുതുടങ്ങിയ അഞ്ചിന്ദ്രിയദ്വാരങ്ങളിൽക്കൂടെ ലോകത്തിലെ സകലവസ്തുക്കളിലേക്കും ഓടിക്കളിച്ചുകൊണ്ടിരിക്കുന്ന മനസ്സിനെ വളരെ സാഹസപ്പെട്ടു അകത്തൊതുക്കി. അതുകൊണ്ടും സമാധാനം കിട്ടിയില്ല. ഓളത്തിൽപ്പെട്ട ഇലയെപ്പോലെ തുള്ളിക്കളിച്ചുകൊണ്ടിരിക്കുന്ന മനസ്സ് അപ്പോഴും ഒന്നുവിട്ടാൽ മറ്റൊന്നിലേക്ക് വൃക്ഷങ്ങളിൽ മർക്കടമെന്നപോലെ വിഷയങ്ങളിൽത്തന്നെ തുള്ളിക്കളിക്കാൻ തുടങ്ങി. വാസ്തവത്തിൽ ദൃഗാദിഇന്ദ്രിയങ്ങളും ആത്മാവും തമ്മിലെന്താണ് സംബന്ധം? യാതൊരു സംബന്ധവുമില്ല. മനസ്സിനു വിഷയപ്രാപ്തിക്കുള്ള നിർഗ്ഗമനദ്വാരങ്ങളായി തീർന്നിരിക്കുന്നു ഇന്ദ്രിയങ്ങളെന്നുമാത്രം. ആത്മാവുമായി യാതൊരു സംബന്ധവും അവയ്ക്കില്ല. ആത്മപ്രകാശത്തിന് അവ അടങ്ങുകതന്നെ വേണം. എന്നുവിചാരിച്ച് തന്റെ തപശക്തികൊണ്ട് ഇന്ദ്രിയങ്ങളെയൊക്കെ അടക്കി അനന്തരം മനസ്സിന്റെ സ്വരൂപത്തെ നിരൂപിക്കാൻ തുടങ്ങി. എന്താണ് മനസ്സിന്റെ സ്വരൂപം? വിചാരിക്കപ്പെടുന്നവസ്തുക്കളും ഭാവങ്ങളുമെല്ലാം മനസ്സിന്റ രൂപമാവാൻ വയ്യ. എങ്കിലും അവയൊക്കെ എപ്പോഴും പ്രാപിച്ചുകൊണ്ടിരിക്കുകയെന്നതു മനസ്സിന്റെ സ്വഭാവമാണ്. ഒരിക്കലെങ്കിലും ഒന്നിനെയും സ്പർശിക്കാതെ സ്വന്തരൂപത്തിൽ മാത്രം നില്ക്കുകയെന്ന സമ്പ്രദായംതന്നെ മനസ്സിനില്ല. ആ സ്ഥിതിക്കു മനസ്സിന്റെ സ്വരൂപമെന്തെന്ന് എങ്ങനെയറിയാം? എന്നിങ്ങനെ വിചാരം ചെയ്തുചെയ്ത് ഒടുവിൽ വിചാരങ്ങളാണ് മനസ്സിന്റെ സ്വരൂപത്തെ മറച്ചിരിക്കുന്നത്, നിർവ്വിചാരമാണ് മനസ്സിന്റെ സ്വന്തരൂപമെന്ന നിഗമനത്തിലെത്തി. ആത്മവിചാരം കൊണ്ട് അതുകേവലം നശിക്കുമെന്നും അദ്ദേഹത്തിനു ബോധ്യമായി.

അപ്പോൾ സിംഹം കൂട്ടിലെന്നപോലെ മനസ്സു സ്വയം അടങ്ങി. ഇന്ദ്രിയങ്ങളും മനസ്സുമടങ്ങി

വാസനാപ്രവാഹവും പ്രാണസ്പന്ദനവും തടയപ്പെട്ടപ്പോൾ, ഹേ രാമചന്ദ്രാ! ആ മുനീശ്വരൻ സമാധിയിലേക്കുയർന്നു. വികല്പങ്ങൾ ക്രമേണ ചുരുങ്ങിച്ചുരുങ്ങി പരമനിർവ്വികല്പതാഭാവവും പ്രകാശിച്ചു. ശരീരം കേവലം സ്തബ്ധമായി. ആനിലയിൽ നിർവ്വികല്പമായ ബ്രഹ്മഭാവത്തിൽ മുഴുകികൊണ്ട് അദ്ദേഹം വളരെക്കാലം ഒന്നും അറിയാതെ കഴിഞ്ഞു. മഴപെയ്ത ചേറും ചളിയും കൂടി കത്തിയൊഴുകിവന്ന വെള്ളത്തിൽ അദ്ദേഹത്തിന്റെ ശരീരം ആണ്ടുപോയിട്ടും സമാധിയിൽനിന്നുണരുകയോ അറിയുകയോ ചെയ്തില്ല. ഒഴുക്കിൽപ്പെട്ട അദ്ദേഹത്തിന്റെ ശരീരം കാലംകൊണ്ടു വെള്ളം വറ്റിയപ്പോൾ മണ്ണിനടിയിലായിതീർന്നു. അങ്ങനെ കുറേകാലം കഴിഞ്ഞപ്പോൾ വാസനാവിശേഷത്താൽ വീണ്ടും മനസ്സ് വികസിച്ചു. അപ്പോൾ വീതഹവ്യമുനി സമാധിയിൽനിന്നുണർന്നു. എന്നാൽ താൻ മണ്ണിന്നടിയിലാണെന്നും തന്നത്താൻ മണ്ണു നീക്കി പുറത്തുവരാൻ കഴിവില്ലെന്നും കണ്ടു.

യോഗാനുഭൂതികൊണ്ടു സിദ്ധിവന്നു സിദ്ധനായിതീർന്ന ആ മഹാത്മാവ് ഉടൻ സൂക്ഷമശരീരമാത്രനായി ആദിത്യമണ്ഡലത്തിലേക്കുയർന്നു. അദ്ദേഹത്തിന്റെ ഇംഗിതത്തെ അറിഞ്ഞ ആദിത്യഭഗവാൻ പിംഗളനെന്നു പേരായ തന്റെ ഭൃത്യനെ അയച്ചു ഋഷിയുടെ സ്ഥൂലശരീരത്തെ കുത്തിപ്പൊക്കിയെടുക്കാൻ പറഞ്ഞു. പിംഗളൻ തന്റെ സ്വാമികല്പനപ്രകാരം നഖരങ്ങളെകൊണ്ടു മണ്ണുനീക്കി വീതഹവ്യന്റെ ശരീരത്തെ പുറത്തെടുത്തുവച്ചു പോവുകയും ചെയ്തു. ഋഷി സൂക്ഷ്മശരീരത്തോടുകൂടി തന്റെ സ്ഥൂലശരീരത്തിൽ പ്രവേശിച്ചതോടെ കൺമിഴിച്ച് ഉണർന്നെഴുന്നേല്ക്കുകയും ചെയ്തു. പിന്നീടു വളരെക്കാലം മന്ദരപർവ്വതത്തിന്റെ സാനുപ്രദേശത്തുതന്നെ മറ്റൊരിടത്ത് ഒരു പൊയ്കയുടെതീരത്തു സുഖമായി ബ്രഹ്മിഷ്ടനായി കാലം കഴിച്ചു.

അങ്ങനെയിരിക്കെ വീണ്ടും ഒരു ദിവസം അദ്ദേഹം വിചാരവാനായി. ഇന്ദ്രിയങ്ങളെയൊക്കെ പണ്ടേതന്നെ ഞാനടക്കിയിരിക്കുന്നു. ആസ്ഥിതിക്ക് അവയെപ്പറ്റിയൊന്നും ചിന്തിക്കേണ്ടതില്ല. വാസനാനിരതമായ മനസ്സിനെ കേവലം നശിപ്പിക്കുകതന്നെവേണം. എന്നുകരുതി മനസ്സിന്റെ സ്വരൂപത്തെപറ്റി ചിന്തിക്കാൻ തുടങ്ങിയതോടെ മനസ്സുലയിച്ച് അദ്ദേഹം പണ്ടത്തെപ്പോലെ നിർവ്വികല്പസമാധിയിൽ മുഴുകി. എന്നാൽ ആ സമാധി ആദ്യത്തെമാതിരി വളരെ അധികസമയമൊന്നും നീണ്ടുനിന്നില്ല. കേവലം ആറുദിവസ്സങ്ങൾ മാത്രമാണ് അദ്ദേഹം സമാധിയിൽമുഴുകിയിരുന്നത്. ഏഴാം ദിവസ്സം നിദ്രവിട്ടെഴുനേല്ക്കുംപോലെ സമാധിയിൽനിന്നുണർന്ന വീതഹവ്യൻ ലോകസ്ഥിതിയെ നോക്കി തന്റെ സംസാരഗതിയെ എന്നെന്നേക്കുമായവസാനിപ്പിച്ചു വിദേഹകൈവല്യത്തെ പ്രാപിക്കാൻ തീർച്ചപ്പെടുത്തി.

അനാദികാലമായി തന്നിൽ ഉദിച്ചു വളർന്നു തടിച്ചു കൊഴുത്ത സംസാരവാസനകളോടും ശരീരമനോബുദ്ധീന്ദ്രിയങ്ങളാകുന്ന കരണങ്ങളിൽ ഓരോന്നിന്റേയും ഓരോ ധർമ്മത്തോടും അദ്ദേഹം പ്രത്യേകം പ്രത്യേകമായി യാത്ര പറഞ്ഞു. അതായത് അവയെ ഓരോന്നോരോന്നായി തന്നിൽനിന്നും നിശ്ശേഷം അകറ്റി. നല്ലതോ ചീത്തയോ വിധിച്ചതോ നിഷേധിച്ചതോ ആയ ഒരു ധർമ്മവും

തന്നിലില്ലാത്ത നിലയിൽ നിശ്ശേഷം അകറ്റി. ലോകവാസന, ശാസ്ത്രവാസന, ദേഹവാസന തുടങ്ങിയ വാസനകളേയും നിശ്ശേഷം അകറ്റി. അനന്തരം അത്യന്തസൂക്ഷ്മമായ നാദത്തിൽക്കൂടെ പ്രജ്ഞസ്വരൂപത്തെ പ്രാപിച്ചതോടെ അദ്ദേഹത്തിന്റെ വ്യക്തിത്വം കേവലം നശിക്കുക തന്നെ ചെയ്തു. ബ്രഹ്മമെന്നും പുരുഷനെന്നും ആത്മാവെന്നും ശിവനെന്നും കാലമെന്നും മറ്റും പറയുന്നതേതൊരു തത്വത്തെയാണോ, ആ തത്ത്വമായിതീർന്നു അദ്ദേഹം. ശരീരം നശിച്ചിട്ടില്ലെങ്കിലും വീതഹവ്യനെന്ന വ്യക്തിനഷ്ടപ്പെട്ടു. സത്താമാത്രമായ ബ്രഹ്മാവായിത്തീർന്നു അദ്ദേഹം. വാക്കിനും മനസ്സിനും പിടികിട്ടാത്ത സത്താസാമാന്യഭാവത്തിൽ പിന്നെയും കുറേക്കാലം ആ ശരീരം നിലനിന്നശേഷമാണ് ദൃശ്യഭാവം ക്കുടിവിട്ടു കേവലസ്വരൂപമായിതീർന്നത്. മനസ്സു നശിച്ചശേഷം ദൃശ്യശരീരത്തെ മറ്റുള്ളവർ കണ്ടിരുന്നുവെങ്കിലും അദ്ദേഹം അറിഞ്ഞിരുന്നില്ല. ഒരിക്കലും ഉണ്ടാവാൻ വയ്യാത്ത നിലയിൽ മനസ്സുനശിച്ചതിനാൽ പിന്നീടദ്ദേഹം സംസാരത്തെ അറിയാൻ പോലും ഇടവന്നതുമില്ല. ഹേ രാമചന്ദ്രാ ! വീതഹവ്യനെപ്പോലെ മനസ്സിനെ നശിപ്പിക്കുന്ന സുകൃതികൾ പിന്നീടൊരിക്കലും സംസാരത്തെ അറിയാൻപോലും ഇടവരാത്ത നിലയിൽ വിദേഹകൈവല്യത്തെ പ്രാപിക്കുന്നു.

ആകാശഗത്യാദിഭാവനിരൂപണം

ശ്രീരാമചന്ദ്രൻ ചോദിക്കയാണ്. ജീവന്മുക്തന്മാരായ ജ്ഞാനികൾക്ക് ആകാശസഞ്ചാരം തുടങ്ങിയ സിദ്ധികൾ സുലഭങ്ങളായി കാണാത്തതെന്തുകൊണ്ടാണ് എന്ന്. അതിനു മറുപടി പറയാൻ തുടങ്ങി വസിഷ്ഠമഹർഷി. ഹേ രാമചന്ദ്ര! ജീവന്മുക്തിയോ ജ്ഞാനമോ ഒന്നുമില്ലാത്ത പലർക്കും കാലം, കർമ്മം, മന്ത്രം, ദ്രവ്യം എന്നിവയുടെ സാഹചര്യംകൊണ്ടുണ്ടായാലും അവയൊന്നും ആത്മജ്ഞാനത്തിനോ ജീവന്മുക്തിക്കോ അല്പംപോലും ഉപകരിക്കില്ല. സംസാരത്തിന്റെ എല്ലാ ഘടകങ്ങളിൽ നിന്നും നിവർത്തിക്കലും സംസാരംതന്നെ വിസ്മരിക്കപ്പെടലുമാണല്ലോ ജീവന്മുക്തി. എന്നാൽ സിദ്ധികളാകട്ടെ സംസാരത്തിന്റെ തന്നെ ചില ഘടകങ്ങളെ അനുഭവിക്കലുമാണ്. ആ സ്ഥിതിക്ക് ജീവന്മുക്തനും ആകാശഗമനാദിസിദ്ധികളും തമ്മിൽ എങ്ങനെ ബന്ധമുണ്ടാവും? ആവശ്യമാണെങ്കിൽ ജ്ഞാനിക്കും സിദ്ധികളുണ്ടാവും. പക്ഷേ ജ്ഞാനിക്കു യാതൊരുവിധ ആഗ്രഹവുമില്ല. പിന്നെ ജ്ഞാനികളെന്തിനാണ് സിദ്ധികൾക്കുവേണ്ടി പ്രയത്നിക്കുന്നത്? അവർക്കൊരാവശ്യവുമില്ല. അതിനാൽ അവർ സിദ്ധികൾക്കു വേണ്ടി പ്രയത്നിക്കാറും ഇല്ല.

ഇത്രയും കേട്ട ശ്രീരാമചന്ദ്രൻ യോഗികൾക്കു ജ്ഞാനികളേക്കാൾ കൂടുതൽ ദീർഗ്ഗായുസ്സുണ്ടാവാറുണ്ടോ, ഉണ്ടെങ്കിൽ അതിനെന്താണ് കാരണമെന്നു ചോദിച്ചു. അതിനും മറുപടി പറഞ്ഞു വസിഷ്ഠമഹർഷി. പ്രാണചലനം കൊണ്ടാണ് ശരീരത്തിന് കേടുപാടുകളും പരിണാമങ്ങളും ആയുസ്സിന് ക്ഷയവും സംഭവിക്കുന്നത്. പ്രാണഗതിയെ സ്തംഭിപ്പിച്ചു നിർത്തുന്നപക്ഷം ശരീരത്തെ ചിരകാലം അരോഗദൃഢമാക്കി വച്ചുകൊണ്ടിരിക്കാനും ആയുസ്സിനെ വളരെക്കാലം നിലനിർത്താനും കഴിയും. അതാണ് യോഗികൾ ചെയ്യുന്നത്. അതുകൊണ്ട് ജീവിതത്തെ കുറേയധികകാലം നീട്ടിക്കൊണ്ടുപോവാൻ അവർക്കു സാധിക്കും. എന്നാൽ ജ്ഞാനിക്കു താൻ ബ്രഹ്മമാണെന്നും തനിക്കു ജനനമരണങ്ങളില്ലെന്നുമുള്ള ബോധം ദൃഢപ്പെടുന്നതിനാൽ ശരീരത്തെപ്പറ്റി ചിന്തയേയില്ല. ശരീരം നിലനിന്നാലും ഇല്ലെങ്കിലും ജ്ഞാനിക്കൊരുപോലെയാണ്. മിക്കപ്പോഴും അദ്ദേഹം ശരീരത്തെ അറിയുകപോലും ചെയ്യുന്നില്ല. അതിനാൽ ജ്ഞാനിക്കു ശരീരം നിലനിൽകണമെന്ന ഇച്ഛയോ അതിനുവേണ്ടിയുള്ള പ്രയത്നമോ ഉണ്ടാവാൻ വയ്യ. ശരീരസംബന്ധം ദുഃഖഹേതുവാണെന്നറിഞ്ഞ ഒരാൾ വീണ്ടും ശരീരം നില്ക്കണമെന്നാഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നുവെങ്കിൽ അതു കേവലം മൂഢതയല്ലാതെ മറ്റെന്താണ്? അങ്ങനെയുള്ള മൗഢ്യം ജ്ഞാനികൾക്കുണ്ടാവില്ല. യോഗിയും ജ്ഞാനിയും ജ്ഞാനസമ്പന്നനായിത്തീരുമ്പോൾ ശരീരം നിലനില്ക്കണമെന്ന ഇച്ഛയില്ലാതായിത്തീരുകയും ശരീരത്തെ മറക്കുകയും ചെയ്യും.

ഇരുപത്തൊന്നായിരത്തിയറുനൂറ് (21600) ശ്വാസഭുക്തിയെയാണ് ഒരു ദവിസത്തെ ആയുസ്സെന്നു പറയുന്നത്. ആദിത്യന്റെ ഉദയാസ്തമനങ്ങൾ എത്ര പ്രാവശ്യം കഴിഞ്ഞാലും ഒരാളുടെ ശ്വാസഭുക്തി മേല്പറഞ്ഞ സംഖ്യ തികഞ്ഞിട്ടില്ലെങ്കിൽ അയാളുടെ ആയുസ്സിന്റെ ഒരു ദിവസം

കഴിഞ്ഞിട്ടല്ലെന്നാണർത്ഥം. അതുപോലെ ഒരു ദിവസം മുൻപുപറഞ്ഞ സംഖ്യയിൽ അധികരിച്ച ശ്വാസഭുക്തിയെ അനുഭവിക്കുന്നു എന്നും അർത്ഥമാണ്. സാഹസങ്ങളായ കർമ്മങ്ങളെക്കൊണ്ടും മറ്റും ശ്വാസഭുക്തിയുടെ തോതുവർദ്ധിപ്പിക്കുന്നവരുടെ ആയുസ്സ് വളരെ വേഗത്തിൽ ക്ഷയിക്കുന്നു. യോഗികൾ അഭ്യാസംകൊണ്ടു പ്രാണചലനത്തെ മന്ദമാക്കുകയും കേവലം സ്തംഭിപ്പിക്കുകകൂടിയും ചെയ്യുന്നു. അതിനാൽ എത്രകാലം കഴിഞ്ഞാലും അവരുടെ ആയുസ്സ് ക്ഷയിക്കുകയോ ശരീരം ജീർണ്ണിക്കുകയോ ചെയ്യാതെയുമിരിക്കുന്നു. അങ്ങനെ ശ്വസചലനത്തെ മന്ദമാക്കിത്തീർക്കുന്നവർക്ക് ഒക്കെത്തന്നെയും ആയുസ്സ് വർദ്ധിക്കുകയും വളരെക്കാലം ശരീരം ആരോഗ്യത്തോടുകൂടി നിലനിൽക്കുകയും ചെയ്യും. എന്നാൽ ജ്ഞാനികൾക്ക് ഈവക വിഷയത്തിൽ ചിന്തതന്നെയില്ലെന്ന കാരണത്താൽ അവരുടെ ശരീരം എത്രക്കാലം നിലനില്ക്കുമെന്നോ, എപ്പോൾ നശിക്കുമെന്നോ ആർക്കും അറിയാൻ സാധ്യമല്ല.

ചിത്തനാശത്തിന്റെ സ്വഭാവത്തെക്കുറിച്ചു ചോദിച്ചു അനന്തരം രാമചന്ദ്രൻ. അതിന്റെ മറുപടി പറയുകയാണ് വസിഷ്ഠമഹർഷി, രണ്ടുപ്രകാരത്തിലാണ് ചിത്തനാശമെന്നു പറയപ്പെട്ടുവരുന്നു. അവയ്ക്കു സ്വരൂപനാശമെന്നും അരൂപനാശമെന്നുമാണ് അറിവുള്ളവർ പേരിട്ടിരിക്കുന്നത്. ജീവന്മുക്തനിൽ ചിത്തത്തിന്റെ സ്വരൂപനാശവും വിദേഹമുക്തനിൽ അരൂപനാശവും സംഭവിക്കുന്നു. സ്വരൂപനാശം സംഭവിച്ചുകഴിയുമ്പോൾ ചിത്തത്തിന്റെ സ്വഭാവികങ്ങളായ ദോഷങ്ങളെല്ലാംതന്നെ നീങ്ങും. മൈത്രി, സമത തുടങ്ങിയ ദിവ്യഭാവങ്ങൾ പ്രകാശിക്കുകയും ചെയ്യും. അപ്പോൾ ഒരു പ്രകാരത്തിൽ പറഞ്ഞാൽ ചിത്തമില്ലാതായി. സത്വമെന്നാണ് അപ്പോഴുള്ള അന്തശ്ശക്തിയെ പറയുന്നത്. അരൂപനാശം സംഭവിക്കുമ്പോൾ ഒന്നിന്റെയും ഒരു പ്രകാരത്തിലുള്ള പ്രതീതിയും ഇല്ലാതാവുകയും ചെയ്യും. ഇരുട്ടോ വെളിച്ചമോ സുഖമോ ദുഃഖമോ എന്നുവേണ്ട ഏതുരൂപത്തിലുള്ളതെന്നു പറയാവുന്നതായി ഒരനുഭവമില്ലാതായിത്തീരും. അതുതന്നെ വസ്തുസ്വരൂപം.

വീണ്ടും ശ്രീരാമചന്ദ്രൻ ചോദിക്കയാണ്, ഈ സംസാരത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന്. അതിനും മറുപടിപറയാൻ തുടങ്ങി വസിഷ്ഠമഹർഷി. ശരീരംതന്നെയാണ് സംസാരത്തിന് ഹേതുവെന്നു പറയണം. നന്മയും തിന്മയും നിറഞ്ഞ സംസാരാനുഭവങ്ങളുടെ ബീജം ശരീരത്തിൽ അടങ്ങിയിരിക്കുന്നു. അതിനാൽ ശരീരമുള്ളിടത്തോളം കാലം സംസാരം നിലനിൽക്കുകതന്നെ ചെയ്യും. ശരീരം ഉണ്ടാവാനും നിലനില്ക്കാനും ഹേതു ചിത്തമാണെന്നും പറയണം. വാസ്തവത്തിൽ ശരീരം ഉള്ളതെന്നോ ഇല്ലാത്തതെന്നോ പറയാൻ വയ്യ. ചിലപ്പോൾ ഉള്ളതും മറ്റും ചിലപ്പോൾ ഇല്ലാത്തതുമായിത്തീരും. അതു കാരണത്താൽ ശരീരത്തിന്റെ സ്ഥിരമായ പ്രകൃതിയെന്താണെന്നുതന്നെ പറയാൻ വയ്യ. അതിനാൽ സദാ സദ്രൂപമാണ് ശരീരമെന്നാണ് അറിവുള്ളവരൊക്കെ പറഞ്ഞുവരുന്നത്. അങ്ങനെയുള്ള ശരീരത്തിന്റെ ഉല്പത്തിക്കും നിലനില്പിനും ലയത്തിനുമെല്ലാം ഏകഹേതു ചിത്തം മാത്രമാണ്. ചിത്തത്തിനാകട്ടെ പ്രാണസ്പന്ദനവും വാസനാപ്രവാഹവുമാണ് ഹേതു. പ്രാണൻ നാഡികളിൽ പ്രവേശിച്ചു സ്പന്ദനം ചെയ്താൽ

താമസമില്ല ചിത്ത് പ്രക്ഷുബ്ധമായിത്തീരും. ചിത്തത്തിന്റെ പ്രക്ഷുബ്ധാവസ്ഥതന്നെ ഒരു പ്രകാരത്തിൽ പറയുമ്പോൾ ചിത്തം. ചിത്താകാരേണ പ്രക്ഷുബ്ധമായ ചിത്തുതന്നെയാണ് വാസനാസമ്പർക്കംകൊണ്ട് ഘനീഭൂതമായി സങ്കല്പങ്ങളും ചേത്യങ്ങൾ അല്ലെങ്കിൽ ദൃശ്യങ്ങളുമായിത്തീരുന്നത്. സങ്കല്പങ്ങളും ദൃശ്യങ്ങളുമായി ഘനീഭവിക്കുമ്പോൾ ബഹിർവൃത്തിയുമായിത്തീരും. പുറമേയ്ക്കു നിർഗ്ഗമിക്കാൻ സമ്മതിക്കാതെ അകത്തു തടഞ്ഞുവെയ്ക്കാൻ കഴിഞ്ഞാൽതന്നെ കാലംകൊണ്ട് ചേത്യഭാവത്തെ വിട്ടു ക്രമേണ വസ്തുസ്വരൂപത്താൽ വിലയം പ്രാപിക്കും.

പ്രാണസ്പന്ദനവും വാസനാപ്രവാഹവുമാകുന്ന രണ്ടനുഭവങ്ങളാണ് ചിത്തത്തിന്റെ ഉൽപ്പത്തിക്കും നിലനില്പിന്നും ഹേതുവെന്നു പറഞ്ഞുവല്ലോ. മുദ്രാധാരണം, പ്രാണായാമം, ധ്യാനം തുടങ്ങിയ യോഗാഭ്യാസങ്ങളെക്കൊണ്ടും പ്രാണസ്പന്ദവും ശ്രവണമനനനിദിദ്ധ്യാസങ്ങളാകുന്ന ജ്ഞാനാഭ്യാസങ്ങളെക്കൊണ്ടും വാസനാപ്രവാഹവും അടങ്ങും. അവ രണ്ടും അടങ്ങിയാൽ ചിത്തംതന്നെ ഇല്ലാതായെന്നു പറയണം. ചിത്തത്തിനുഹേതുഭൂതങ്ങളായ രണ്ടു കാരണങ്ങൾ പ്രബലങ്ങളായിട്ടുള്ളതുകൊണ്ടും അവ രണ്ടും ഓരേ സമയത്തുതന്നെ ഫലപ്രദമാംവണ്ണം തടയേണ്ടതാവശ്യമായിട്ടുള്ളതുകൊണ്ടുമാണ് ജ്ഞാനമോ യോഗമോ ഏതെങ്കിലും ഒന്നു പോര രണ്ടും ഉണ്ടായിരിക്കുന്നതാണ് സാധകനു ലക്ഷ്യപ്രാപ്തിക്കാനുകൂല്യമെന്നു പറയാനും കാരണം. യോഗമോ, ജ്ഞാനമോ ഏതെങ്കിലും ഒന്നിനെമാത്രമാണ് സാധകൻ ആശ്രയിക്കുന്നതെന്നു വന്നാൽ ലക്ഷ്യപ്രാപ്തിക്കു കാലതാമസം നേരിടുമെന്നതു നിസ്സംശയവുമാണ്.

ജാഡ്യവും ദൃശ്യബോധവുമറ്റ ചിത്തം ചിത്തമേ അല്ല. കേവലം ആത്മാവുതന്നെ. അതിനാൽ ആ സംസ്ക്കാരം ഉണ്ടാക്കിത്തീർക്കാനാണ് പരിശ്രമിക്കേണ്ടത്. അതു സാധിച്ചുകഴിഞ്ഞാൽ നീ വസ്തുസ്വരൂപനായി. ഹേ രാമചന്ദ്ര! യോഗം കൊണ്ടോ , ജ്ഞാനംകൊണ്ടോ എന്തുകൊണ്ടെങ്കിലും യുക്തിയോടുകൂടുംവണ്ണം പ്രവർത്തിച്ച് ആ നില കൈവരുത്താൻ ശ്രമിക്കലാണാവശ്യം. എന്നുപറഞ്ഞ വസിഷ്ഠമഹർഷിയോടു ജാഡ്യവും ദൃശ്യബോധവുമില്ലാത്ത സംവിത്ത് എങ്ങിനെയുള്ളതാണ്, അതെങ്ങിനെ സംഭവിക്കുന്നുവെന്നു വീണ്ടും ചോദിച്ചു ശ്രീരാമചന്ദ്രൻ. വസിഷ്ഠമഹർഷി പ്രസ്തുത ചോദ്യത്തിന്നു മറുപടി പറകയാണ്. ലക്ഷ്യവസ്തുവാകുന്ന ആത്മസ്വരൂപത്തിന് നാനാത്വമെന്നും ഏകത്വമെന്നും രണ്ടു രൂപങ്ങളുണ്ട്. ഞാൻ, നീ, അവൻ, അത്, ഘടം, പടം എന്നീ രൂപത്തിലറിയപ്പെടുന്നത് ആത്മാവിനെത്തന്നെയാണ്. എന്നിരുന്നാലും നാനാത്വസ്വരൂപത്തിലാണ്. നിർമ്മലമായ ജലാശയത്തിൽ തീരസ്ഥങ്ങളായ വൃക്ഷങ്ങൾ എപ്രകാരം പ്രതിബിംബിക്കുന്നുവോ. അതുപോലെ നിർമ്മലവും അദ്വൈതവുമായ ചൈതന്യത്തിൽ പ്രതിബിംബിച്ച വൃത്തികൾതന്നെ. ദൃശ്യാകാരമായിത്തീർന്ന സംവിത്തിനെത്തന്നെയാണ് സംവേദ്യമെന്നു പറയുന്നത്. സംവേദ്യത്തിൽ നിന്നു വാസനകളും പ്രാണസ്പന്ദവുമുണ്ടാവുന്നു. വാസനാപ്രവാഹമാണ് ജാഡ്യത്തിന് ഹേതു. വാസനാപ്രവാഹവും പ്രാണസ്പന്ദവും രണ്ടും അടങ്ങിയാൽ കേവലം വസ്തുസ്വരൂപനായി. വസ്തുബോധംകൊണ്ടും നിരന്തരാഭ്യാസംകൊണ്ടും

രണ്ടു അടങ്ങുകയും ചെയ്യും. അതിനാൽ എപ്പോഴും അഭ്യാസശീലനായിരിക്കുന്നതാവശ്യമാണ്.

വാസനാത്യാഗം, പ്രാണസ്തംഭനം, ചിത്തവിലയം ഇവ മൂന്നും അന്യോന്യം ആധാരധേയസ്വരൂപേണ ആശ്രയിച്ചിരിക്കുന്നവയാണ്. അവ മൂന്നും ഒരേ സമയത്തു സംഭവിക്കലല്ലാതെ ഒന്നിനുശേഷം മറ്റൊന്നെന്ന രൂപത്തിൽ സംഭവിക്കാവുന്നവയല്ല. അതിനാൽ അവ മൂന്നും ഓരോ സമയത്തു സംഭവിക്കാവുന്നവയല്ല. അതിനാൽ അവ മൂന്നും ഒരേ സമയത്തു സംഭവിക്കത്തക്ക നിലയിലുള്ള അഭ്യാസമാണ് ഒരാളെപ്പോഴും ചെയ്യേണ്ടത്. ദൃശ്യത്തിൽ നിന്നു പ്രജ്ഞയെ ബലാൽക്കാരേണ വലിച്ചെടുക്കലാണ് ആദ്യംതന്നെ സാധിക്കേണ്ടത്. എപ്പോഴും ദൃശ്യങ്ങൾ ചിത്തത്തിൽ പൊന്തിക്കൊണ്ടിരിക്കുന്ന ഒരാൾക്ക് കാലംകൊണ്ടും വാസനാപ്രവാഹത്തെ തടുക്കാൻ കഴിയില്ല. അതിനാൽ ആദ്യംതന്നെ ചിത്തത്തിൽ ദൃശ്യസ്ഫുരണം ഇല്ലാതാക്കിത്തീർക്കണം. സംവേദ്യത്തെ നീക്കി സംവിത്തിനെ എപ്പോഴും മനനവും ഉപാസനവും ചെയ്തുകൊണ്ടിരിക്കണം. പ്രാണസ്പന്ദനവും വാസനാപ്രവാഹവും അടങ്ങി ചിത്തം വിലയിച്ചതായ നിലയിൽ ഒരു നിമിഷം കിട്ടുന്നുവെന്നു വന്നാൽ അവൻ കേവലം സത്താമത്രസ്വരൂപനാണ്. സത്താമത്രനായി ഒരു നിമിഷമെങ്കിലും ഇരിക്കാൻ കഴിഞ്ഞാൽ ചിത്തം ഉപശമത്തെ പ്രാപിക്കുകയും ചെയ്യും.

ചിത്തത്തിന് ഉപശാന്തി കിട്ടാതിരിക്കുംകാലത്തോളം പട്ടണമദ്ധ്യത്തിലെത്തിപ്പെട്ട മാൻകുട്ടിയെന്നപോലെ ഭയപരിഭ്രമങ്ങളെക്കൊണ്ടും മറ്റു ചിത്തദോഷങ്ങളെക്കൊണ്ടും എപ്പോഴും ആർത്തനായിക്കൊണ്ടിരിക്കുകയും ചെയ്യും. അതിനാൽ എത്രയൊക്കെ സാഹസപ്പെട്ടിട്ടും ചിത്തത്തെ ഉപശാന്തമാക്കി സത്താമാത്രനായിരിക്കാൻ ശ്രമിക്കണം. വാസനകളുടെ ഒഴുക്കമാത്രമാണ് ദുഃഖത്തിന് ഹേതു. വാസനകൾ നീങ്ങി ശാന്തമായ ചിത്തത്തിന് നിർവൃതിയല്ലാതെ മറ്റൊന്നുംതന്നെ ഉണ്ടാവാൻ വയ്യ. ഉപശാന്തിയെ പ്രാപിക്കാത്ത ചിത്തം തപസ്സ്, യാഗം, ഹോമം തുടങ്ങിയ കർമ്മങ്ങളിൽ ഭ്രമിച്ച് എപ്പോഴും കർമ്മപ്രസക്തമായിരിക്കും. കർമ്മപ്രസക്തി കൂടുംതോറും ദുഃഖവും വർദ്ധിച്ചുകൊണ്ടിരിക്കും. അതിനാൽ ചിത്തത്തിന്റെ സംവേദ്യഭാവത്തെയും വാസനാത്മകതയെയും ബലാൽക്കാരേണ നീക്കി എപ്പോഴും സത്താമാത്രസ്വരൂപത്തെ ഉപാസിച്ചുകൊണ്ടിരിക്കണം. അങ്ങനെയുള്ള അഭ്യാസം ചിലപ്പോഴോ, അല്ലെങ്കിൽ ദിവസത്തിൽ കുറച്ചു സമയമോ അല്ല; എല്ലാ സമയത്തും ചെയ്തുകൊണ്ടിരിക്കണം. ഇരിക്കുമ്പോഴും നടക്കുമ്പോഴും ആഹാരം കഴിക്കുമ്പോഴുമെന്നുവേണ്ട മുറിവില്ലാതെ എപ്പോഴും ചെയ്തുകൊണ്ടിരിക്കയാണ് വേണ്ടത്. എങ്കിലും കാലം കൊണ്ടെങ്കിലും കേവലാവസ്ഥയിൽ അവസ്ഥിതിയും ദൃഢതയും കൈവരും.

ശരിയായ വിചാരംകൊണ്ട് വസ്തുസ്വരൂപത്തെ അറിഞ്ഞ് തന്റെ ചിത്തത്തെ നിഗ്രഹിച്ചവർ ധന്യരും ജന്മസാഫല്യം കൈവന്നവരുമാണ്. എല്ലാറ്റിലുമേറെ അപകടം പിടിച്ച ഒന്നാണ് ചിത്തം വിഷയങ്ങളോടു പറ്റിക്കൂടിക്കൊണ്ടിരിക്കുന്നുവെന്നത്. അതിനെയാണ് സംഗമമെന്നു പറയുന്നത്. അതു ഹേതുവായിട്ടാണ് രാഗദ്വേഷങ്ങളും മദമത്സരങ്ങളും മറ്റുമാകുന്ന വികാരങ്ങൾ വളരുകയും

ജീവൻ അവയാൽ വിട്ടുമാറാൻ വയ്യാത്ത നിലയിൽ കെട്ടപ്പെട്ടുകയും ചെയ്യുന്നത്. നന്മയും തിന്മയും സുഖവും ദുഃഖവുമെല്ലാം ചിത്തത്തിന്റെ വെറും സങ്കല്പങ്ങൾ മാത്രമാണ്. അവയെ വിഷയങ്ങളിൽ ആരോപിച്ചിട്ടാണ് സംഗത്തെ വളർത്തുന്നത്. അർത്ഥങ്ങൾക്കും, ആശകൾക്കും, ആപത്തുകൾക്കും കാരണം സംഗം മാത്രം. എല്ലാം സംഗം ഹേതുവായിട്ടുണ്ടാവുന്നവയാണ്. അതിനാൽ ഹേ രാമചന്ദ്ര! നീ സംഗത്തെ ആദ്യംതന്നെ നിശ്ശേഷം അകറ്റി സൗമ്യബുദ്ധിയെ വളർത്തു. എന്നാൽ ക്രമേണ മറ്റെല്ലാം കാലംകൊണ്ടു വന്നുചേർന്നോളും. ഇവിടെയാണ് ഉപശമ പ്രകരണം അവസാനിക്കുന്നത്.

നിർവ്വാണപ്രകരണം

വസിഷ്ഠമഹർഷി വീണ്ടും പറയാൻ തുടങ്ങി. ഹേ രാമചന്ദ്ര! കാലദേശങ്ങളാൽ പരിച്ഛേദിക്കപ്പെടാതെ അപരിച്ഛിന്നമായി എങ്ങും നിറഞ്ഞതും, ക്ഷയവൃദ്ധികളില്ലാതെ നിത്യസത്യവും, ഗുണബാധയില്ലാത്തതിനാൽ പ്രശാന്തവും, ആദ്യന്തരഹിതവും, ചിന്മാത്രവും, യാതൊരു കലനകളുമില്ലാത്തതിനാൽ കേവലവുമായ പരബ്രഹ്മംതന്നെ ഞാൻ. എന്നിൽ നിന്ന്യമായിട്ടൊന്നുംതന്നെയില്ല എന്നുള്ള നിശ്ചയത്തെ ഉറപ്പിച്ചു സംസാരത്തിന്റെ ചിന്തതന്നെയില്ലാതെ എല്ലാകാരണങ്ങളേയും നിശ്ചലങ്ങളാക്കി മൗനിയും മഹാനുമായി വർത്തിക്കു. ആ ദശയിൽ നിനക്കു സുഖിക്കാൻ മറ്റൊന്നിന്റെയും ആവശ്യമില്ലാതായിത്തീരും. നീ ആത്മാവിൽ ആത്മാവിനെക്കൊണ്ടു സുഖിയും അതിനാൽ ആത്മാരാമനുമായിത്തീരും. ചിത്തം, മനസ്സ്, അവിദ്യ, ജീവൻ എന്നൊക്കെപ്പറയുന്നത് ഒരേ വസ്തുവിനെത്തന്നെയാണ്. ഏതുവരെ ചിത്തകല്പന നിലനിന്നുകൊണ്ടിരിക്കുന്നുവോ, അതുവരെയാണ് ബ്രഹ്മഭാവനയും, അജ്ഞാനകലനയും, പ്രപഞ്ചത്തിൽ ആസ്ഥയുമെല്ലാമുണ്ടാവുന്നത്. ചിത്തലകല്പന നീങ്ങിക്കഴിഞ്ഞാൽ പിന്നെ അവയ്ക്കൊന്നും യാതൊരു സ്ഥാനവുമില്ല. ശരിയായ വസ്തുബോധത്തിൽ ചിത്തലകല്പന നിലനിൽക്കാനും വയ്യ. അതിനാൽ ശരിയായ വസ്തുബോധം തന്നെ സംസാരനിവൃത്തിക്കുള്ള ഒരേയൊരു മാർഗ്ഗം. അപാരവും അനന്തവും അഗാധവുമായ സമുദ്രമെന്നപോലെ എങ്ങും നിറഞ്ഞുപരന്ന് സത്താമാത്രമായി വിളങ്ങുന്ന ബ്രഹ്മചൈതന്യത്തിന്റെ ഏതോ ഒരു കോണിൽ ആത്മവിസ്മൃതിയാൽ സ്ഫുരിച്ച അവിദ്യാവിജൃംഭണമാകുന്ന ശരീരത്തിൽ ഞാനെന്നും എന്റേതെന്നുമുള്ള തോന്നലും അഭിമാനവും തന്നെ സംസാരഹേതു. ശരിയായ വസ്തുബോധമുണ്ടാവുമ്പോൾ മുൻപറയപ്പെട്ട ഭ്രാന്തികല്പനം നിലനില്ക്കാൻ വയ്യ. ശരീരത്തിൽ അഭിമാനവും ദൃശ്യത്തിൽ സത്യബുദ്ധിയും ചിത്തമാകുന്ന അവിദ്യയ്ക്കു പിടിച്ചുനില്ക്കാനുള്ള രണ്ടു സ്തംഭങ്ങളാണ്. അവയുള്ളേടത്തോളംകാലം അവിദ്യ നശിക്കുന്നുവെങ്കിൽ അവന്റെ സംസാരഭ്രാന്തി അതോടെ അവസാനിക്കും. ശരിയായ വസ്തുബോധമാകുന്ന ജ്ഞാനം ജഗദ്വിഭ്രാന്തിയാകുന്ന ചണ്ടിക്കൂട്ടങ്ങൾക്കു കൊടുംതീ തന്നെയാണ്. അഖണ്ഡവും സച്ചിദാനന്ദലക്ഷണാകരവുമായ ബ്രഹ്മമാണ് ഞാൻ. എന്നിൽ നിന്നന്യമായി ഒന്നു തന്നെയുണ്ടായിട്ടില്ല. കയറിൽ പാമ്പെന്നപോലെ എന്നിൽത്തന്നെ തോന്നപ്പെടുന്നവയാണ് ശരീരാദിദൃശ്യങ്ങളെല്ലാം എന്നുറപ്പിച്ച് എപ്പോഴും ദൃശ്യങ്ങളെ വിസ്മരിച്ചു ബ്രഹ്മായിത്തന്നെ വർത്തിക്കു. അങ്ങനെ സാധിച്ചാൽ നീ ധന്യധന്യനും മഹാനുമായി.

അപാരവും അനന്തവും അപരിച്ഛിന്നവുമായ ആത്മസ്വരൂപത്തിൽ അല്പമായ അംശത്തെ മാത്രം ഞാനെന്നഭിമാനിക്കാനിടയായതു ശരീരാദ്യുപാധികളുടെ ചേർച്ചകൊണ്ടാണ്. സ്വതവേയുള്ള സർവ്വജ്ഞത്വം, സർവ്വശക്തത്വം തുടങ്ങിയ ഗുണങ്ങൾ മറഞ്ഞ് അല്പനും അജ്ഞനുമായിത്തീർന്നതും അതേകാരണം കൊണ്ടുതന്നെയാണ്. തന്നിൽ നിന്നന്യമായി മറ്റൊന്നില്ലാതെ താൻ കേവലം

അദ്വൈതനായിരിക്കേ ഇല്ലാത്ത നാനാത്വങ്ങളെ കല്പിച്ചുണ്ടാക്കി അവയിലൊക്കെ സത്യബുദ്ധിയെ വളർത്തുന്നതും തന്റെ സ്വരൂപവിസ്മൃതി കൊണ്ടുമാത്രമാണ്. കൊല്ലാൻ വരുന്ന ശത്രുവിലും സൽക്കരിക്കുന്ന ബന്ധുവിലും കൂടി ഭേദബുദ്ധിയുണ്ടാവില്ല. സ്വരൂപജ്ഞാനത്തിൽ ദൃഢത വന്ന മഹാത്മാവിന് ഭേദബുദ്ധികൊണ്ടാണ് രാഗദ്വേഷങ്ങളും മദമത്സരങ്ങളുമെല്ലാമുണ്ടാവുന്നത്. ഭേദബുദ്ധി നശിച്ച് അദ്വൈതാനുഭൂതി പ്രകാശിച്ച ഒരാൾക്ക് ആനന്ദമല്ലാതെ മറ്റൊരു ഭാവവും എപ്പോഴുമുണ്ടാവുന്നില്ല.

ഹേ രാമ! ആദ്ധ്യാത്മശാസ്ത്രത്തെ പഠിക്കാതെയും സ്വസ്വരൂപത്തെ അറിയാതെയും കഴിയുന്നവരെ വിശേഷബുദ്ധിയുള്ള മനുഷ്യരെന്നു പറയാൻതന്നെ വയ്യാത്തതാണ്. എന്തു കൊണ്ടെന്നാൽ അവർ ആയുസ്സിനെ വെറുതെ ദുരുപയോഗപ്പെടുത്തിക്കളയുകയാണ്. ജീവിതംകൊണ്ടെന്താണ് സാധിക്കേണ്ടതെന്നുപോലും അവർ ചിന്തിച്ചിട്ടില്ല. വാസ്തവത്തിൽ എല്ലാവരിലും അഖണ്ഡമായ ആത്മബോധനമുണ്ട്. എന്നാൽ അവിദ്യകൊണ്ടതു മറയപ്പെട്ടിരിക്കയാണ്. അവിദ്യയെ നീക്കാൻ പരിശ്രമം വേണം. നേർവഴിയിൽക്കൂടിയുള്ള വിചാരം ഒന്നുകൊണ്ടുതന്നെ അവിദ്യ നീങ്ങി അഖണ്ഡ ജ്ഞാനം പ്രകാശിക്കും. പക്ഷെ അതും ചെയ്തലല്ലേ പ്രകാശിക്കു. പ്രജ്ഞ എപ്പോഴും തമസ്സിൽത്തന്നെ മുഴുകിക്കഴിയുന്നവർക്ക് ആത്മീയമായി ഒന്നും ചെയ്യാൻ തോന്നില്ല. ഈ ലോകം തന്നെ സത്യം അങ്ങനെയുള്ളവരോട് എന്തു പറഞ്ഞിട്ടും പ്രയോജനമില്ല.

ഹേ രാമ! അജ്ഞാനമാണ് എല്ലാ ആപത്തുകൾക്കും ഹേതു. അജ്ഞനായ ഒരാൾക്ക് ആപത്തല്ലാതെ മറ്റൊന്നുമില്ലെന്നുകൂടിപ്പറയണം. മൂഢന്മാരാണ് ഒരു പ്രകാരത്തിൽ പറഞ്ഞാൽ ഈ സംസാരത്തെ നിലനിർത്തുന്നത്. അവരില്ലായിരുന്നെങ്കിൽ സംസാരം എന്നേ നശിച്ചുപോയേനെ! ജ്ഞാനി പശുവിന്റെ കുളമ്പടിപ്പാടുപോലെ നിസ്സാരമായിക്കരുതുന്ന ഈ സംസാരത്തെ മൂഢൻ കരകാണാത്ത പെരുകടലായി കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. ആത്മാവിൽ നിന്നു വേറയായി യാതൊരു ജഗത്തുമുണ്ടായിട്ടില്ല. ഭ്രമം കൊണ്ട് ആത്മാവിനെത്തന്നെയാണ് സംസാരമായിക്കാണുന്നത്. ഭ്രമം നീങ്ങുമ്പോൾ സംസാരം ഇല്ലാത്തതായും ആത്മാവുമാത്രം ഉള്ളതായും പ്രകാശിക്കുന്നു. സത്വാദിഗുണത്രയാത്മികയായ പ്രകൃതിതന്നെ ഭ്രമത്തിന് ഹേതു. അതിൽനിന്നുള്ള നിവൃത്തിതന്നെ മോക്ഷം. ഹേ രാഘവ! നീ പ്രകൃതിബാധയാലുണ്ടായിത്തീർന്ന ഭ്രമത്തിൽനിന്നു നിവർത്തിച്ചു സ്വരൂപസ്ഥിതനാവാൻ ശ്രമിക്കു. സ്വരൂപവിശ്രാന്തനായവനെ അവിദ്യാഭ്രമം തീണ്ടുന്നില്ല. അവിദ്യാവിഭ്രാന്തിയില്ലാത്തവനു സംസാരവുമില്ല.

അനന്തരം സത്വാദിഗുണങ്ങളിൽ ഓരോന്നിന്റേയും പ്രത്യേകമുള്ള ത്രൈവിദ്ധ്യത്തേയും അവയിൽ ഓരോന്നിന്റേയും സംസ്കാരസ്വഭാവത്തേയും വസിഷ്ഠമഹർഷി പറഞ്ഞുകൊടുത്തപ്പോൾ ശ്രീരാമചന്ദ്രൻ വൃക്ഷങ്ങളുടെ സംസ്കാരമെന്താണെന്നു ചോദിച്ചു. വൃക്ഷങ്ങൾക്കും സംസാരബീജമായ മനസ്സുണ്ട്. എന്നാൽ അതിനു വികാസമില്ലെന്നേ ഉള്ളൂ. മിക്കവാറും ജ്ഞാനികളുടെ സത്താസാമാന്യസ്ഥിതിപോലുള്ള ഒരു സ്ഥിതിമാത്രമാണ്. അകത്ത് അവർക്കു

ജ്ഞാനമില്ല. അതിനാൽ ജ്ഞാനംകൊണ്ടുള്ള സത്താസാമാന്യസ്ഥിതിയില്ല. തമസ്സിൽ മുഴുകി സുഷുപ്തിക്കുതുല്യമായ ഒരവസ്ഥയാണ്. അതു കാരണത്താൽ അവർക്ക് മുക്തിക്കെളുപ്പമുണ്ടെന്നു വിചാരിക്കേണ്ട. പ്രജ്ഞയോ വിചാരത്തിനുള്ള കഴിവോ ഇല്ലാത്തതിനാൽ സാധാരണ മൂഢനായ ഒരു മനുഷ്യനേക്കാൾ വളരെ ദയനീയവും പരാധീനവുമാണ് വൃക്ഷങ്ങളുടെ സ്ഥിതി. അനേകജന്മങ്ങൾക്കാവശ്യമായ വാസനകൾ ഓരോ വൃക്ഷജീവനിലും വർത്തിക്കുന്നു. വിത്തിൽ വൃക്ഷമെന്നപോലെയും മണ്ണിൽ ഘടമെന്നപോലെയും അവ സന്ദർഭം വരുമ്പോൾ വികസിച്ച് അനേകജന്മപരമ്പരകളേയും കർമ്മസഞ്ചയങ്ങളേയും സൃഷ്ടിക്കുന്നു. വാസനയും വാസനയ്ക്ക് ആസ്പദമായ അജ്ഞാനവുമുള്ളപ്പോൾ ഒരു ജീവനും മുക്തനാവുന്നില്ല. മാത്രമല്ല, തുരീയാവസ്ഥയിലേയ്ക്കു നീങ്ങാൻപോലും കഴിയുന്നില്ല. ഗാഢതമസ്സാകുന്ന സുഷുപ്തിയിൽത്തന്നെ വലയുന്നു. അതിനാൽ ഹേ രാമചന്ദ്ര! വാസകളെ നശിപ്പിക്കുന്നതാണ് ബുദ്ധിപൂർവ്വമായ പ്രവൃത്തി. അല്പമായിട്ടെങ്കിലും വാസന ബാക്കിയാവുന്നുവെങ്കിൽ അത് അനുഭവിച്ചുതീർക്കേണ്ടിവരും. വാസന, വിഷം, അഗ്നി, കോപം, രോഗം, സ്നേഹം, ശത്രു, കടം എന്നീ എട്ടു വസ്തുക്കൾ അല്പമായെങ്കിലും ശേഷിക്കുന്നുവെങ്കിൽ സന്ദർഭം വരുമ്പോൾ വളരുകയും പ്രകടമായിത്തീരുകയും ചെയ്യാതിരിക്കില്ല. അതിനാൽ ബുദ്ധിമാനായ ഒരാൾ അവയെ ആവശ്യം നശിപ്പിക്കുകതന്നെ വേണം.

ബ്രഹ്മചൈതന്യസ്വരൂപിണിയായ ചിത്തിന്റെ ഒരു ശക്തിവിശേഷംതന്നെയാണ് അവിദ്യയും വാസനയുമെല്ലാമായിത്തീരുന്നത്. കാണാൻ കഴിയാത്തതും എന്നാൽ നിദ്രഹേതുത്വം തുടങ്ങിയ ഭാവങ്ങളിൽക്കൂടെ ബോധിക്കാൻ കഴിയുന്നതുമായ ശക്തിയാണ് അവിദ്യ. അവിദ്യയുടെതന്നെ ഒരംശം സത്വാധിക്യത്തോടുകൂടിയിരിക്കുമ്പോൾ അതിനെയാണ് വിദ്യയെന്നു പറയുന്നത്. രജസ്തമസ്സുകളുടെ ആധിക്യത്തോടുകൂടിയത് അവിദ്യയും. അവ രണ്ടും അന്യോന്യം സംഘർഷം ചെയ്യൽതന്നെ സാധനാനുഷ്ടാനം. വേണ്ടത്ര സംഘർഷം ചെയ്യപ്പെടുമ്പോൾ അന്യോന്യ മർദ്ദം ഹേതുവായി രണ്ടും നശിക്കും. അപ്പോൾ വസ്തുസ്വരൂപം ഉള്ളതുപോലെ പ്രകാശിക്കുകയും ചെയ്യും. ഈ ജഗത്തു ബ്രഹ്മമല്ലെന്നും ഒരു കാലത്തുണ്ടായതാണെന്നും സത്യമാണെന്നുമൊക്കെയുള്ള വിശ്വാസമാണ് അവിദ്യയുടെ സാമാന്യമായ അടിസ്ഥാനസ്വരൂപം. അതു നിലനിൽക്കുമ്പോൾ വർദ്ധിച്ച ലോകവ്യവഹാരങ്ങളും ജനനമരണങ്ങളും അവസാനിക്കാൻ വയ്യ. അവ വളർന്നുകൊണ്ടേയിരിക്കും. ബ്രഹ്മത്തിൽ നിന്നന്യമായി മറ്റൊന്നുമുണ്ടായിട്ടില്ല. ജഗത്തുണ്ടെങ്കിൽ അതും ബ്രഹ്മം തന്നെ. ബ്രഹ്മം അദ്വൈതമാണ് എന്ന ദൃഢവിശ്വാസം തന്നെ വിദ്യ. വിദ്യാഭാവത്തിന് ദൃഢതകിട്ടിക്കഴിഞ്ഞാൽ പിന്നെ അവിദ്യാധർമ്മങ്ങൾ ക്ഷയിക്കാതിരിക്കാനും വയ്യ. അതിനാൽ ആദ്യത്തിൽ വിദ്യയെ വളർത്തി അതുകൊണ്ട് അവിദ്യാസ്വരൂപത്തെ നീക്കി പിന്നെ വിദ്യയേയും വിട്ടു സ്വരൂപാവസ്ഥയെ പ്രാപിക്കണം. ഹേ രാമചന്ദ്ര! ഇങ്ങനെ അറിയേണ്ടതിനെ അറിയാതെയും പ്രാപിക്കേണ്ടതിനെ പ്രാപിക്കാതെയുമുള്ള മനുഷ്യജീവിതം കഷ്ടവും അധഃപതനകാരണവും കൂടിയാണ്. അതിനാൽ മനുഷ്യജീവിതത്തിനൊരു ലക്ഷ്യമുണ്ടെന്നും കൈവല്യപ്രാപ്തിയാണ് ആ ലക്ഷ്യമെന്നും അവിടെയ്ക്കുള്ള പ്രയാണമാണ് ജീവിതമെന്നും ബോധിക്കണം. ആയുസ്സിനെ അർത്ഥശൂന്യങ്ങളായ കാര്യങ്ങൾക്കുപയോഗിക്കാതെ ലക്ഷ്യപ്രാപ്തിക്കുവേണ്ടിത്തന്നെ

ഉപയോഗിക്കണം. അങ്ങനെയുള്ള ധന്യജീവിതംകൊണ്ടുമാത്രമേ ഇഹത്തിലും പരത്തിലും ശ്രേയസ്സുണ്ടാവൂ.

ഹേ രാഘവ! ജ്ഞാനംകൊണ്ടു കൈവല്യത്തെ പ്രാപിക്കുന്ന മാർഗ്ഗങ്ങളെ പലപ്രകാരത്തിൽ ഇതിനു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. ഇനി യോഗം കൊണ്ടു ജന്മസാഫല്യത്തെ പ്രാപിക്കുന്ന മാർഗ്ഗത്തേയും പറയാം. അതിനെ വിവരിക്കുന്ന ഒരിതിഹാസമുണ്ട്. അതിനെപ്പറായം. ശ്രദ്ധവെച്ചു കേൾക്കു എന്നു പറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി ഭ്രസുണ്ഡചരിതം പറയാൻ തുടങ്ങി.

ഭുസുണ്ഡോപാഖ്യാനം

ഹേ രാമചന്ദ്ര! പണ്ടൊരിക്കൽ ഞാൻ സുരലോകത്തു ദേവേന്ദ്രസ്ഥാനത്തുവെച്ചു നാരദാദി ഋഷികൾ ചിരംജീവികളുടെ കഥ പറയുന്നതിനെ കേട്ടുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ശാതാതപനെന്ന ഒരു ഋഷി ശ്രേഷ്ഠനുമുണ്ടായിരുന്നു.. അദ്ദേഹം ഒരു കഥ പറഞ്ഞു. സുമേരുപർവ്വതത്തിന്റെ ഈശാനകോണിലുള്ള കൊടുമുടിയിൽ വളരെ പൊക്കവും വലിപ്പവും പഴക്കവുമുളള ഒരു കല്പകവൃക്ഷമുണ്ട്. അതിന്റെ തെക്കുഭാഗത്ത് വലിയകൊമ്പിൽ ഒരു കൂടുണ്ട്. അതിന്റെ ഭുസുണ്ഡനെന്നു പ്രസിദ്ധനായ ഒരു കാക്ക താമസിച്ചുവരുന്നുണ്ട്. ഭുസുണ്ഡനെന്ന ശബ്ദത്തിനുതന്നെ ലോകങ്ങളിലൊക്കെ സുഖമായി വിഹരിക്കുന്നവൻ എന്നർത്ഥമാണ്. ആ കാക്കയെപ്പോലെ ദീർഘായുസ്സുണ്ടായിട്ടു ഭൂലോകത്തോ ദേവലോകത്തോ ആരുംതന്നെയില്ല. അതുപോലെ തപസ്സ്, ശാന്തി, വിശ്രാന്തി, ത്യാഗം എന്നീ ഗുണങ്ങളും ഭുസുണ്ഡനോളം ആർക്കും തന്നെയില്ല. അദ്ദേഹമാണ് ശരിയായ ചിരഞ്ജീവിയും മഹാത്മാവും.

എന്നിങ്ങനെ പറഞ്ഞപ്പോൾ കേട്ടവരെല്ലാം വളരെയധികം ആശ്ചര്യപ്പെട്ടു. പിന്നെ ആ സഭ പിരിഞ്ഞു് എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേയ്ക്കും പുറപ്പെട്ടപ്പോൾ ഭുസുണ്ഡനെ ഒന്നു കാണണമെന്നു നിശ്ചയിച്ചു ഞാൻ മേരുപർവ്വതത്തിലേയ്ക്കു യാത്ര തിരിച്ചു. അവിടെ ചെന്നു കണ്ടപ്പോൾ വളരെ ആശ്ചര്യം തോന്നി. ധാരാളം പക്ഷി വർഗ്ഗങ്ങൾ അവിടെ ചുററുപാടുമായി താമസിച്ചുവരുന്നുണ്ടു്. ബ്രഹ്മദേവന്റെ വാഹനമായ ഹംസത്തിന്റെ കുട്ടികൾ സാമഗാനങ്ങളെ പാടിക്കൊണ്ട് ചുററിലും നടന്നു വിഹരിക്കുന്നു. അങ്ങനെത്തന്നെ ധാരാളം മയിലുകളും പീലിവിരുത്തിയും ആടിയും രമിച്ചുകൊണ്ടിരിക്കുന്നു.

ശൈവതത്വങ്ങളെ വളരെ ഭംഗിയായി പാടുന്ന മയിലുകൾ. വേറെയും പലതരം പക്ഷികൾ വേദമന്ത്രങ്ങളെ ഗാനം ചെയ്തു കൊണ്ടും തത്വങ്ങളെ പ്രകീർത്തിച്ചു കൊണ്ടും വിഹരിക്കുന്നു. കല്പകവൃഷത്തിലാണെങ്കിൽ അസംഖ്യം കാക്കകളുണ്ട്. അവ പ്രാണസ്പന്ദനം പോലും അടക്കി എപ്പോഴും അന്തർമ്മുഖവൃത്തികളും നിശ്ചലങ്ങളുമായിട്ടിരിക്കുന്നു. അവരുടെ മദ്ധ്യത്തിൽ ഉന്നതകായനും അർദ്ധനിമീലിതനേത്രനുമായി ഭുസുണ്ഡൻ ഇരിക്കുന്നതു കണ്ടു. കാഴ്ചയിൽത്തന്നെ അദ്ദേഹം അത്യന്തം സുഖിയും ശാന്തനും വിശ്രാന്തനുമാണെന്നു ബോധ്യമായി.

ഇങ്ങനെയുള്ള വിചിത്രാനുഭവങ്ങളെയെല്ലാം നോക്കിക്കണ്ടാനന്ദിച്ചുകൊണ്ടു ഞാൻ പതുക്കെ ഭുസുണ്ഡന്റെ മുന്നിൽചെന്നു. അപ്പോൾ ഞാനവിടെ ചെല്ലുമെന്നദ്ദേഹം ധരിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും ചെന്നപ്പോൾ "വസിഷ്ഠ"നാണെന്നു മനസിലായി. ഉടനെത്തന്നെ വൃക്ഷത്തിന്റെ ഇലകളുടെ ഇടയിൽ നിന്നു കടഞ്ഞെഴുന്നേററു് അല്ലയോ മഹർഷേ അങ്ങയ്ക്കു സ്വാഗതമെന്നു പറഞ്ഞു. സങ്കല്പമാത്രംകൊണ്ടു പെട്ടെന്നുണ്ടായിത്തീർന്ന കൈകളാൽ ധാരാളം പുഷ്പങ്ങൾ വാരി എന്റെ പാദങ്ങളിലർച്ചിക്കുകയും ചെയ്തു. അനന്തരം കല്പവൃക്ഷത്തിന്റെ ഇളംതളിരുകൾ പൊട്ടിച്ച് ആസനമുണ്ടാക്കി അതിൽ എന്നോടിരിക്കാൻ അപേക്ഷിക്കുകയും ഞാനതിലിരിക്കുകയും ചെയ്തു. മഹാനായ ഭുസുണ്ഡൻ എന്നെ ഇങ്ങനെയൊക്കെ സല്ക്കരിക്കുന്നതു കണ്ടപ്പോൾ ആരാണിദ്ദേഹമെന്ന ജിജ്ഞാസയോടും ആശ്ചര്യത്തോടും കൂടി അവിടെയുള്ള പക്ഷിസമൂഹങ്ങളും എന്നെതന്നെ ഉററുനോക്കി. പിന്നെ അർഘ്യപാദ്യങ്ങളെ നൽകി ഭുസുണ്ഡൻ എനിക്കഭിമുഖമായിരുന്ന് സംസാരിക്കാൻ തുടങ്ങി.

"മഹാത്മാവായ മഹർഷേ, അവിടുത്തെ ദർശനം ഞങ്ങളെ എത്രയാണ് സന്തോഷിപ്പിക്കുന്നതെന്നു പറയാൻ വയ്യ. കണ്ടപ്പോൾതന്നെ ആഗമനോദ്ദേശം മനസ്സിലായി. ചിരഞ്ജീവികളെ സ്മരിച്ച കൂട്ടത്തിൽ ഇവനെയും സ്മരിച്ചു. അപ്പോൾ കാണാനുള്ള കൗതുകംകൊണ്ടു പുറപ്പെട്ടതാണെന്നു മനസിലായി. എങ്കിലും അവിടുത്തെ മുഖത്തിൽനിന്നുതന്നെ അമൃതായമാനങ്ങളായ വാക്കുകളുച്ചരിച്ചു കേട്ടാൽക്കൊള്ളാമെന്നാഗ്രഹമുണ്ട്." എന്നിങ്ങനെ ഭുസുണ്ഡൻ പറഞ്ഞപ്പോൾ താൻ മറുപടി പറയാൻ തുടങ്ങി.

"പക്ഷിശ്രേഷ്ഠാ, അങ്ങ് പറഞ്ഞതു സത്യമാണ്. ചിരഞ്ജീവിയായ അങ്ങയെ കാണാനുള്ള കൗതുകം കൊണ്ടുതന്നെ വന്നതാണ്. വേറെ വിശേഷിച്ചുദ്ദേശമൊന്നുമില്ല. എങ്കിലും അങ്ങയെ കാണാൻ സാധിച്ച സ്ഥിതിക്കു ചിലതുകൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഏത് വംശത്തിലാണ് ജനനം? എന്നാണ് ജ്ഞാതജ്ഞേയനായത്? വയസ്സെത്രയായി? ആരാണ് താമസിക്കാനീ സ്ഥലം കാണിച്ചുതന്നത്? ചിരകാലം മുമ്പ് കഴിഞ്ഞുപോയ പ്രധാനപ്പെട്ട വല്ല കാര്യങ്ങളും ഓർക്കുന്നുണ്ടോ? എന്നുകൂടി അറിയാനാഗ്രഹമുണ്ട്" എന്നിങ്ങനെ ഞാൻ ചോദിച്ചപ്പോൾ ഭുസുണ്ഡൻ പ്രത്യേകമായി സന്തോഷിക്കുകയോ വെറുക്കുകയോ ചെയ്യാതെ അങ്ങയെപ്പോലുള്ള മഹാത്മാക്കളുടെ വാക്കിനെ ആരാണ് ലംഘിക്കുന്നത്? എല്ലാം പറയാമെന്നു പറഞ്ഞുംകൊണ്ടു ഹേ രാമചന്ദ്ര ! ആ പക്ഷിശ്രേഷ്ഠൻ എന്റെ ചോദ്യങ്ങൾക്കു മറുപടി പറയാൻ തുടങ്ങി.

ദേവദേവനും സർവ്വദേവതാവൃന്ദവന്ദ്യനും സർവ്വലോകൈകനാഥനുമായ ശ്രീ പരമേശ്വരൻ തന്റെ പരിവാരങ്ങളോടെ ശ്രീ കൈലാസത്തിൽ വിജയിച്ചരുളുന്നു. വിചിത്രങ്ങളും വികൃതസത്വങ്ങളുമായ പല ഭൂതഗണങ്ങളും അവിടുത്തെ നിത്യകൈങ്കര്യത്തെ വരിച്ചു പാദാശ്രിതന്മാരായി കഴിഞ്ഞുവരുന്നു. അവരുടെ കൂട്ടത്തിൽ മാതാക്കളുണ്ട്. മാതാക്കളുടെ കൂട്ടത്തിൽ ജയ, വിജയ, ജയന്തി, അപരാജിത, സിദ്ധ, രക്ത, അലംബുഷ, ഉല്പല എന്നീ എട്ടുപേർ പ്രസിദ്ധദേവതാസ്വരൂപിണികളും മററുള്ളവരുടെ നേതൃത്വമുള്ളവരാണ്.

ഇവരിൽ അലംബുഷയെന്ന മാതാവിന്റെ വാഹനം ചണ്ഡനെന്നു പേരായ ഒരു കാകനാണ്. വൈഷ്ണവീദേവിക്ക് ഗരുഡനെന്നതുപോലെയാണ് അലംബുഷയ്ക്ക് ചണ്ഡൻ. അഞ്ജനപർവ്വതംപോലെ കറുത്തുതടിച്ച് തീഷ്ണതുണ്ഡനായ ആ കാക്ക പർവ്വതാകാരനും മഹാശക്തനും കൂടിയാണ്. അഷ്ടൈശ്വര്യസിദ്ധികളും മററു പലകഴിവുമുള്ള മുൻപറഞ്ഞ ദേവിമാർ ഒരിക്കൽ എന്തോ കാരണത്താൽ എല്ലാവരും കൂടിച്ചേർന്ന് ആകാശത്തിൽ വെച്ചൊരു ഉത്സവമാഘോഷിച്ചു. മദ്യപാനം ചെയ്തും നർത്തനം ചെയ്തും പാട്ടുപാടിയും അവർ രസിക്കാൻ തുടങ്ങി. ആ സമയത്ത് അവരുടെ വാഹനങ്ങളും മദ്യപാനംചെയ്തും മതിമറന്നു നർത്തനംചെയ്തും ഗാനമാലപിച്ചും രസിച്ചുവന്നു. ബ്രഹ്മാണീദേവിയുടെ രഥവാഹകങ്ങളായ അന്നപ്പേടകൾ അങ്ങൊരു ദിക്കിൽ രമിച്ചുകൊണ്ടിരുന്നു.

അവിടെ തന്നെയാണ് ചണ്ഡനെന്ന കാകനും ചെന്നുകൂടിയത്. മദ്യപാനംകൊണ്ട് മതിമറന്നു രതിക്രീഡ ചെയ്തതിനാൽ ഉത്സവം കഴിഞ്ഞുനോക്കുമ്പോൾ അന്നപ്പേടകളൊക്കെ ഗർഭിണികളായിക്കണ്ടു. ദേവിമാർ അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു പുറപ്പെട്ട സമയത്ത് അന്നപ്പേടകൾ ബ്രഹ്മാണിദേവിയെ സമീപിച്ചു ലജ്ജയോടുകൂടുംവണ്ണം തങ്ങളുടെ ഗർഭാവസ്ഥയെ അറിയിച്ചു. ദേവി കാരുണ്യത്തോടുകൂടുംവണ്ണം അവരെ കടാക്ഷിച്ചു. അനന്തരം ഗർഭക്ലേശം കഴിയുന്നതുവരെ എവിടെയെങ്കിലും പോയിരുന്നുകൊള്ളാൻ അനുവദിക്കുകയും ചെയ്തു. പിന്നീടു കുറേക്കാലം ദേവി നിർവ്വികല്പസമാധിയിൽ മുഴുകുകയും ചെയ്തു. അന്നപ്പേടകൾ മാനസസരസ്സിന്റെ തീരപ്രദേശത്തു ചുററിസഞ്ചരിച്ച് കഴിഞ്ഞുകൂടി. ക്രമേണ ഗർഭം

പരിപക്വമായിത്തീർന്നപ്പോൾ യഥാകാലം മുട്ടകളിട്ടുകയും അവ ക്രമേണ വിരിഞ്ഞു കുഞ്ഞുകളായിത്തീരുകയും ചെയ്തു.

ഹേ! മഹർഷേ! അങ്ങനെ ഞങ്ങളിരുപത്തൊന്നു പേരുണ്ടായി. ചണ്ഡപുത്രന്മാരായ ഞങ്ങളിരുപത്തൊന്നുപേരും അമ്മമാരോടുകൂടി ബ്രഹ്മാണിയെ സേവിച്ചുകൊണ്ടു കഴിഞ്ഞു വന്നു. സന്ദർഭം വന്നപ്പോൾ ദേവി സമാധിയിൽനിന്നുണർന്നു. ഞങ്ങളെയൊക്കെക്കണ്ടപ്പോൾ സന്തുഷ്ടയായിത്തീർന്ന ദേവി സംസാരമുക്തന്മാരായി തീരട്ടെയെന്നനുഗ്രഹിച്ചു. കാരുണ്യപൂർണ്ണമായ ആ അനുഗ്രഹം വേണ്ടത്ര സഫലമായി. ഞങ്ങളെല്ലാവരും മുക്തന്മാരായിത്തീരുകയും ചെയ്തു. അനന്തരം സംതൃപ്തരും കൃതകൃത്യരുമായ ഞങ്ങൾ ശാന്തന്മാരായി എവിടെയെങ്കിലും ധ്യാനനിഷ്ഠന്മാരായി കഴിയണമെന്നു തീർച്ചപ്പെടുത്തി അമ്മയച്ഛന്മാരെ വന്ദിച്ച് അച്ഛനോടു വിവരമറിയിച്ചു. തക്കതായ സ്ഥാനം നിർദ്ദേശിച്ചുതരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അലംബുഷാദേവിയുടെ നിർദ്ദേശപ്രകാരം അച്ഛൻ ഞങ്ങൾക്ക് കല്പവൃക്ഷത്തെ കാട്ടിത്തന്നു. അന്നു മുതൽക്ക് ഞങ്ങളീ വൃക്ഷത്തിന്മേൽ താമസവുമായി. ഹേ മഹർഷേ, പുണ്യാതിരേകത്താൽ ഇന്നിപ്പോൾ അങ്ങയുടെ ദർശനം സാധിച്ചു. സൽസംഗത്തേക്കാൾ ശ്രേഷ്ഠമായി എന്തൊരനുഭവമാണീ ലോകത്തിലുള്ളത്! അതു സാധിച്ചുവെന്നത് പുണ്യഫലമല്ലാതെ മററെന്താണ്? എന്നൊക്കെപ്പറഞ്ഞു വീണ്ടും അർഘ്യപാദ്യങ്ങളെ അർപ്പിച്ച ആ തപസ്വിയോട് അങ്ങയുടെ സോദരന്മാരായ മററിരുപതുപേരുമെവിടെയെന്നു ഞാൻ ചോദിച്ചു.

ഹേ! രാമ! അതിന് അവരെല്ലാം കാലഗതിയെ പ്രാപിച്ചുവെന്നദ്ദേഹം സൂചിപ്പിച്ചു. എന്നാൽ ഭ്രസുണ്ഡൻ മാത്രം ഇത്രയും കാലമായിട്ടും കാലഗതിയെ പ്രാപിച്ചില്ലെന്നും അതിന്റെ കാരണം നിയതി അങ്ങനെയാണെന്നുള്ളതുതന്നെയാണെന്നും വ്യക്തമാക്കി. ആർക്കെല്ലാം എന്തെല്ലാം യോഗ്യതകളുണ്ടായാലും നിയതിയെ അതിക്രമിക്കുകയെന്നതാർക്കും സാദ്ധ്യമല്ലെന്നും എന്തു എങ്ങനെ സംഭവിക്കണമോ അത് അങ്ങനെതന്നെ സംഭവിക്കുന്നതാണ് നിയതിയെന്നുമൊക്കെ ആ പക്ഷിശ്രേഷ്ഠൻ പറഞ്ഞു. എന്നാലും ഭൂമ്യാദിതത്വങ്ങൾ ഒരോന്നായാലോചിച്ചു ലോകം തന്നെ ഇല്ലാതായിത്തീരുമ്പോൾ എങ്ങനെയാണ് നിലനിലക്കുന്നതെന്നു ചോദിച്ചതിന് ഏതൊരു തത്വം ശേഷിക്കുന്നുവോ അതിനോടു താദാത്മ്യഭാവം പ്രാപിച്ചുകൊണ്ടാണ് തന്റെ വ്യക്തിഭാവത്തെ നിലനിർത്തിപ്പോരുന്നതെന്നും ആ പക്ഷിശ്രേഷ്ഠൻ പറഞ്ഞു. അത്യന്തസുദീർഘമായ അങ്ങയുടെ ആയുഷ്കാലത്തിൽ എന്തെല്ലാം വിശേഷങ്ങളാണ് ഈ ലോകത്തിൽ കണ്ടിട്ടുള്ളതെന്നാണ് പിന്നീട് ഞാൻ ചോദിച്ചത്. ഹേ! രാമചന്ദ്ര! അതിന് അദ്ദേഹം പറഞ്ഞ മറുപടി ആശ്ചര്യങ്ങളിൽവെച്ച് അത്യാശ്ചര്യമെന്നേ പറയാനുള്ളു.

വൃക്ഷലതാദികൾ തീരെയില്ലാതെ കല്ലും മണ്ണും മാത്രമായുള്ള ഭൂമിയെയും, പർവ്വതങ്ങൾ കേവലമില്ലാതെ സമതലം മാത്രമായ ഭൂമിയെയും, വളരെക്കാലം ഭസ്മം മാത്രമായ ഭൂമിയേയും അദ്ദേഹം കണ്ടിട്ടുണ്ട്. അഗസ്ത്യമഹർഷിയില്ലായിരുന്ന കാലം ഓർമ്മയുണ്ട്. അക്കാരണത്താൽത്തന്നെ വിന്ധ്യപർവ്വതം വളർന്നു ലോകം മുഴുവൻ നിറഞ്ഞതായും ഓർമയുണ്ട്. മദ്യപാനം ചെയ്യുന്ന ബ്രാഹ്മണരും മദ്യപാനംചെയ്യാത്ത ശൂദ്രരും ഉണ്ടായിരുന്ന കാലവും അക്കാലത്തുതന്നെ പതിവ്രതാസ്ത്രീകൾ സ്വൈരിണികളായിരുന്നതും അദ്ദേഹത്തിനോർമ്മയുണ്ട്. ആദിത്യചന്ദ്രന്മാരില്ലാതിരുന്ന കാലവും അവരുടെ ഉല്പത്തിയും ഹിരണ്യാക്ഷന്റെ ജനനവും ഭൂമിയെ പാതാളത്തിലാഴ്ത്തിയും ശ്രീനാരായണൻ വരാഹമായി അവതിച്ച് ഭൂമിയെ മേല്പോട്ടു കൊണ്ടുവന്നതും ഹിരണ്യാക്ഷനെ കൊന്നതും അദ്ദേഹം കണ്ടിട്ടുണ്ട്. ഭൂമിയെ സ്വസ്ഥാനത്തുറപ്പിച്ചതും മത്സ്യാവതാരവും വേദങ്ങളെ വീണ്ടെടുത്തതും മന്ദരപർവ്വതത്തെ പുഴക്കിയെടുത്തതും

പാൽസമുദ്രത്തെക്കടഞ്ഞതും ഗരുഡൻ പക്ഷഹീനനായിരുന്നതുമെല്ലാം അദ്ദേഹത്തിന്നോർമ്മയുണ്ട്. അദ്ദേഹം ചോദിക്കയാണ് കുറച്ചുമുമ്പു കഴിഞ്ഞ സംഗതികൾ ആക്കാണ് ഓർമ്മയുണ്ടാവാത്തതെന്ന്. അത്രി, മരീചി, വസിഷ്ഠൻ തുടങ്ങിയ മഹർഷിമാരും, ഇന്ദ്രൻ തുടങ്ങിയ ദേവന്മാരും, ഗണേശൻ, ഷൺമുഖൻ തുടങ്ങിയ ദേവശ്രേഷ്ഠന്മാരും ഉണ്ടായതൊക്കെ അദ്ദേഹത്തിനറിയാം.

എട്ടാമത്തെ ജന്മമാണ് വസിഷ്ഠന്റേതെന്നും ഈ ജന്മത്തിൽ അദ്ദേഹത്തെക്കാണാനിടവരുമെന്നും ഭ്രസുണ്ഡൻ മുമ്പു തന്നെ അറിഞ്ഞിട്ടുണ്ടത്രെ. കൂർമ്മാവതാരം അഞ്ചു പ്രാവശ്യം നടന്നതായി ഭ്രസുണ്ഡന്നറിയാം. പന്ത്രണ്ടു പ്രാവശ്യം പാൽസമുദ്രം കടയുന്നത് അദ്ദേഹം കണ്ടിട്ടുണ്ട്. ഹിരണ്യാക്ഷൻ ഭൂമിയെ പാതാളത്തിലേയ്ക്കു കൊണ്ടുപോയതു മൂന്നു പ്രാവശ്യം കണ്ടിട്ടുണ്ട്. അതുപോലെ ശ്രീപരമേശ്വരന്റെ ത്രിപുരദഹനം മുപ്പതു പ്രാവശ്യം കണ്ടിട്ടുണ്ട്. എന്നാൽ വീരഭദ്രന്റെ ദക്ഷാദ്ധ്വരദ്ധ്വംസനം രണ്ടു പ്രാവശ്യമേ കണ്ടിട്ടുണ്ടുള്ളൂ. പരമേശ്വരൻ ക്രോധിച്ച് ഇന്ദ്രനെക്കൊന്നതും അർജ്ജുനനോടു യുദ്ധം ചെയ്തതും പല പ്രാവശ്യം കണ്ടിട്ടുണ്ട്. യുഗംതോറും മനുഷ്യരുടെ ബുദ്ധിക്ക് വീര്യം ഏറിയും ചുരുങ്ങിയും വരുന്നതുകൊണ്ട് വേദങ്ങളുടെ അംഗങ്ങളും പാഠങ്ങളും ക്രിയകളും പലപ്പോഴും പലരൂപത്തിൽ മാറിമാറി സംഭവിച്ചു. രാമായണം, ഭാരതം തുടങ്ങിയ ഇതിഹാസങ്ങൾ ഇല്ലാതിരുന്ന കാലവും പിന്നീടുണ്ടായതും കല്പംതോറും പുതുതായുണ്ടായിത്തീർന്നതും ഓർമ്മയുണ്ട്. എന്നുവേണ്ട, ഹേ രാമചന്ദ്ര! ആ കാകശ്രേഷ്ഠൻ പറഞ്ഞ കാര്യങ്ങളെക്കേട്ടു ഞാൻ അത്ഭുതം കൊണ്ടു സ്തബ്ധനായി. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ അങ്ങുവ്യവഹാരിയായിരുന്നിട്ടും എന്തുകൊണ്ടാണ് ശരീരം നശിക്കാത്തതെന്നും ചോദിച്ചു.

ഹേ രാമചന്ദ്ര ! എന്റെ ചോദ്യത്തെക്കേട്ടു ഭ്രസുണ്ഡൻ മറുപടി പറയാൻ തുടങ്ങി. ഹേ ഋഷിശ്രേഷ്ഠ! അങ്ങയെക്കെല്ലാമറിയാം. അങ്ങറിയാത്തതായി ഒന്നുമില്ല അതിനാൽ അങ്ങയോടൊന്നും പറയേണ്ടതുമില്ല. എന്നിരുന്നാലും അങ്ങു ചോദിച്ചതുകൊണ്ടു ഞാൻ പറയാം. സജ്ജനങ്ങളുടെ ആജ്ഞയെ ആചരിക്കുന്നതിൽപ്പരം ശ്രേയസ്കരായി മറ്റെന്തുണ്ട്? വാസനകൾ ആരുടെ ഹൃദയത്തിൽ അല്പംപോലും ഇല്ലാതിരിക്കുന്നുവോ, അവനെ മൃത്യു ബാധിക്കില്ല. മനസ്സിന് ദു:ഖം, ക്രോധം, പാരുഷ്യം തുടങ്ങിയ ഭാവങ്ങളില്ലാത്തവനെയും മൃത്യു ബാധിക്കില്ല. വാസനകൾ കേവലം നശിച്ചവന് അങ്ങനെയുള്ള ഭാവങ്ങളും ഉണ്ടാവില്ലെന്നുതന്നെ പറയണം. ചിന്തകളും ആശങ്കളും ഇല്ലാത്തവനെയും മൃത്യു ബാധിക്കില്ല. രാഗം, ദ്വേഷം, ലോഭം തുടങ്ങിയ വികാരങ്ങളില്ലാത്തവനെയും മൃത്യു ബാധിക്കില്ലന്നു പറയണം. അതുപോലെ ക്രോധമില്ലാത്തവനെയും മൃത്യു ബാധിക്കാൻ വയ്യ. കാമത്തിന്റെ ബാധയില്ലാത്തവനെയും മൃത്യുവിന് വിഴുങ്ങാൻ വിഷമമാണ്. സംസാരതാപത്തിന് ഹേതുഭൂതങ്ങളായ പറയപ്പെട്ട ചിത്തദോഷങ്ങൾ മുഴുവൻ നീങ്ങി ആരുടെ ചിത്തമാണോ എപ്പോഴും ലക്ഷ്യവസ്തുവായ തുരീയപദത്തിൽ വിശ്രാന്തമായിട്ടിരിക്കുന്നത്, എപ്പോഴും സമാധഭാവമല്ലാതെ സംസരസ്ഫുരണം തന്നെ ആരിൽ ഒരിക്കലും ഉണ്ടവുന്നില്ലയോ അവനു മൃത്യുബാധയില്ല. പുത്രമിത്രാദികളോ ആധിവ്യാധികളോ ആകുന്ന സംസാരവൃക്ഷകുസുമങ്ങളുടെ ഗന്ധംപോലുമുണ്ടാവില്ല സമാധിയുക്തമനസ്സായിട്ടുളളവന്.

തേജോമയമായ ഹൃദയാകാശത്തെ ഇരുട്ടടപ്പിക്കുന്ന കാമക്രോധാദികളോടുകൂടിയ ചിന്തകളും സമാഹിതമനസ്സിനെ ബാധിക്കില്ല. ദുർഗ്ഗുണൗഘങ്ങൾ, ദുരാരംഭങ്ങൾ, ദുരാഗ്രഹങ്ങൾ, ദുർവ്വിചാരങ്ങൾ തുടങ്ങിയവയൊന്നും സമാഹിതമനസ്സിനെ അല്പംപോലും ബാധക്കില്ല. അതിനാൽ അവിദ്യയെ നീക്കി സംസാരത്തിന്റെ യാതൊരു ബാധയുമില്ലാതെ നിർവ്വാണത്തിന് ഹേതുവായി ലക്ഷ്യവസ്തുവിൽ എപ്പോഴും

തൽപരമാക്കി അടക്കിനിർത്തിക്കൊണ്ടിരിക്കണം. മനസ്സിനെ സർവ്വദുഃഖങ്ങളെയും നശിപ്പിക്കുന്ന ഒരു ദിവ്യാമൃതം ലോകത്തിലുണ്ടെങ്കിൽ ഹേ മഹർഷേ അത് ആത്മചിന്തമാത്രമാണ്. അങ്ങയെപ്പോലുള്ള മഹാത്മാക്കൾക്കതിനൊട്ടും വിഷമമില്ല. എല്ലാകലനകളുമറ്റ നിഷ്കളങ്കവും പരകോടിയുമായ ഈ പരമപദത്തെ മന്ദബുദ്ധികൾ പ്രാപിക്കാൻ വിഷമംതന്നെയാണ്. ഇനി ആത്മചിന്തകളുണ്ട്. അതുകൊണ്ട് ഒരാൾക്കു നിർവ്വാണപദത്തെ പ്രാപിക്കാം. അങ്ങനെയുള്ള ചിന്തകളിൽ ഒന്നാണ് പ്രാണചിന്ത അതിനെയാണ് ഞാൻ ചെയ്തുവരുന്നത്.

എന്നിങ്ങനെ ആ കാകപ്രമാണി പറഞ്ഞപ്പോൾ അറിവുണ്ടെങ്കിലും കേൾക്കാനുള്ള കൗതുകംകൊണ്ട് ഹേ രാമചന്ദ്ര! പ്രാണചിന്തയെന്നാൽ എന്താണെന്നും അതെങ്ങനെയാണ് ചെയ്യേണ്ടതെന്നും ഞാൻ ചോദിച്ചു, അതു കേട്ടപ്പോൾ ഭ്രസുണ്ഡൻ പറയാൻതുടങ്ങി. ശരീരത്തിന്റെ നേരെ മധ്യത്തിൽ ഹൃദയമാകുന്ന പുണ്ഡരീകം വിടർന്നു പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതിൽ പ്രാണനെന്നും അപാനനെന്നും പേരായി രണ്ടു വായുക്കൾ ഇപ്പോഴും മേലും കീഴുമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവയുടെ ഗതിയെ എപ്പോഴും ഞാൻ അനുസ്മരിച്ചുകൊണ്ടും അനുഗമിച്ചുകൊണ്ടുമിരിക്കുന്നു. ഒരു നിമിഷമെങ്കിലും ഞാനവയെ മറന്നോ, അവയുടെ ഗതിയെ വിട്ടോ നിലക്കാറില്ല. ആ സമ്പ്രദായംതന്നെ പ്രാണചിന്തനം. എപ്പോഴും ആകാശത്തിൽ സഞ്ചരിക്കുന്നവയും ശീതോഷ്ണവീര്യങ്ങളോടുകൂടിയവയുമാണ്. ഹൃദയമാകുന്ന ആകാശത്തിലെ ആദിത്യചന്ദ്രന്മാരാണ് പ്രസ്തുത രണ്ടു വായുക്കളെന്നു പറഞ്ഞാൽ തെറ്റില്ല. ഒരിക്കലും അല്പംപോലും ക്ഷീണമോ തളർച്ചയോ ഇല്ലാതെ എപ്പോഴും ഈ ശരീരയന്ത്രത്തെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നതു പ്രസ്തുത വായുക്കളാണ്. ജാഗ്രദാദി മൂന്നവസ്ഥകളിലും ഞാനവയുടെ ഗതിയെ ദൃഢമായി അനുസരിക്കുന്നുവെന്ന കാരണത്താൽ സുഷുപ്തിസ്ഥിതിതനെന്നപോലെ കാലംകൊണ്ട് എന്റെ വാസനകളെല്ലാം അകന്നു. വാസനകൾ നീങ്ങിയാൽ സംസാരത്തിന്റെ ബാധയില്ലെന്നു പറയേണ്ടതില്ലല്ലോ. അത്യന്തസൂക്ഷ്മമായ താമരനൂലിനെക്കാൾ വളരെ സൂക്ഷ്മമാണ് അവയുടെ ഗതിയെന്നു പറയണം. അതിനാൽ സ്ഥൂലബുദ്ധികൾക്ക് അറിയാൻതന്നെ വിഷമം. എങ്കിലും സൂക്ഷ്മബുദ്ധികൾക്ക് വിഷമംകൂടാതെ ഗ്രഹിക്കാനും അനുസരിക്കാനും കഴിയുകയും ചെയ്യും. പ്രാണാപാനന്മാരാകുന്ന പ്രസ്തുത രണ്ടു വായുക്കളും ചലനശക്തിയോടുകൂടിയാണ് ശരീരത്തിന്റെ ബാഹ്യാഭ്യന്തരങ്ങളിൽ ഊർദ്ധ്വമുഖമായിട്ടാണ് അപാനൻ സഞ്ചരിക്കുന്നതെന്നേ വ്യത്യാസമുള്ളൂ. ജാഗ്രത്തിലും സ്വപ്നത്തിലുമെന്നുവേണ്ട എപ്പോഴും അഭിജ്ഞന്മാരായ മഹാത്മാക്കൾ ചെയ്തുവരുന്ന പ്രാണായാമത്തിന്റെ സ്വഭാവത്തെ ഞാൻ പറയാം. അതു കേൾക്കുന്നുവെന്നതുതന്നെ ശ്രേയസ്കരമാണ്.

പ്രയത്നംകൂടാതെ ഹൃദയപത്മത്തിൽനിന്ന് പ്രാണങ്ങൾ പുറമേയ്ക്കു നിർഗ്ഗമിക്കുന്നതുതന്നെ അകത്തുള്ള രേചകം. പുറത്തേയ്ക്കു പന്ത്രണ്ടംഗുലത്തോളം നീണ്ടു വികസിക്കുന്ന പ്രാണങ്ങളുടെ അംഗസ്പർശം പുറത്തുള്ള പൂരകവുമാണ്. അപാനവായു പുറത്തുനിന്നകത്തേയ്ക്കു കടന്നു വികസിക്കുമ്പോൾ സുലഭമായി സിദ്ധിക്കുന്ന ശരീരപൂർണസ്പർശം അന്തഃപൂരണമെന്നും പറയപ്പെട്ടു വരുന്നു. അപാനൻ ഹൃദയത്തിലസ്തമിച്ചു പ്രാണൻ ഉദിക്കുന്നതിനു മുമ്പുള്ള കേവലമായ നിശ്ചലാവസ്ഥയെ യോഗീശ്വരന്മാരനുഭവിക്കുന്നു. അതിനെ അന്തഃകുഭകമെന്നു പറഞ്ഞുവരുന്നു. ബാഹ്യോന്മുഖനായ പ്രാണന്റെ നാസാഗ്രത്തോളമുള്ള ഗതിയെയാണ് ബാഹ്യപൂരകമെന്ന് അറിവുള്ളവർ പറയുന്നത്. നാസാഗ്രത്തിൽ പന്ത്രണ്ടംഗുലത്തോളമുള്ള പ്രാണന്റെ സഞ്ചാരഗതിയും ബാഹ്യപൂരകമെന്നുതന്നെയാണ് പറയുന്നത്.എന്നാൽ അതിനെ അപാരമായ ബാഹ്യപൂരകമെന്നു പറയുന്നു എന്നുമാത്രം. അതുപോലെ പുറമേ പ്രാണനസ്തമിച്ച്

അപാനൻ ഉദിക്കുന്നതിനു മുമ്പുള്ള സൂക്ഷ്മമായ സാമ്യാവസ്ഥയെ ബഹിഃകുംഭകമെന്നു പറയും. അപാനന്റെ ഉദയമാകുന്ന അന്തർമ്മുഖത്വം ബാഹ്യരേചകവുമാണ്. പ്രാണാപാനന്മാരുടെ ബാഹ്യാഭ്യന്തരങ്ങളിലുള്ള ഈ ഗതിയെ എപ്പോഴും സ്മരിക്കുന്നതു മുക്തിക്കു ഹേതുവാണ്. മാത്രമല്ല വായുഗതിയെ ശരിയായിട്ടറിയുന്നവൻ ആരാലും പിന്നിട്ടു സംസാരത്തിൽ ജനിക്കാനിടവരില്ലെന്നുതന്നെ പറയണം.

പ്രാണാപാനന്മാരുടെ ഗതിവിശേഷത്തെക്കാണിക്കുന്ന എട്ടു പ്രകൃതികളെ ഇവിടെപ്പറഞ്ഞു. അവയെ ശരിക്കറിഞ്ഞു മനസ്സിനെ അല്പംപോലും പുറത്തേയ്ക്കുവിടാതെ നിരന്തരോപാസനം ചെയ്യുന്നവൻ ചില ദിവസങ്ങളെ ക്കൊണ്ടുതന്നെ പത്മപദത്തെ പ്രാപിക്കും. പറയപ്പെട്ട അഭ്യാസത്തെ ചെയ്യാൻ തുടങ്ങിയാൽത്തന്നെ ഒരാൾക്കു വിഷയസ്നേഹം ചുരുങ്ങിച്ചുരുങ്ങി കേവലം ഇല്ലാതാവും. വിഷയബാധയില്ലാതെ നിരന്തരാഭ്യാസം ചെയ്യുമ്പോൾ അധികം താമസിക്കാതെത്തന്നെ പ്രാപ്തവ്യത്തെ പ്രാപിക്കുകയും ചെയ്യും.

ഹൃദയപത്മത്തിലുദിച്ചു ബഹിർഗ്ഗമിക്കുന്ന പ്രാണൻ നാസാദ്വാരത്തിൽനിന്നു പന്ത്രണ്ടംഗലംവരെ പോയി അവിടെ അസ്തമിക്കും. പ്രാണൻ എവിടെ അസ്തമിക്കുന്നുവോ, ഉദിച്ചു അന്തർമുഖമായി ഹൃദയത്തിലേക്ക് വരും. അപാനൻ അസ്തമിക്കുന്നിടത്തു പ്രാണൻ ഉദിക്കുകയും ചെയ്യും. പ്രാണൻ അപാനനിലോ അഥവാ അപാനനൻ പ്രാണനിലോ ഏതെങ്കിലും ഒന്നു മറ്റൊന്നിൽ ലയിച്ചു സാമ്യമായിത്തീരുന്നുവെന്നിരിക്കട്ടെ, യാതൊരു ദു;ഖത്തിന്റേയും സ്പർശമില്ലാതെ കേവലപദത്തെ അപ്പോൾ പ്രാപിക്കും. പ്രസ്തുത പ്രാണന്റേയും അപാനന്റേയും മദ്ധ്യത്തിൽ അത്യന്തസൂക്ഷ്മമായ കേവലപദം പ്രകാശിക്കുന്നു. അതിനെ അറിഞ്ഞ് പ്രാപിച്ചവൻ പിന്നീടൊരിക്കലും സംസാരത്തിൽ ജനിക്കാനിടയാവുന്നില്ല. അതിനാൽ പ്രാണാപാനന്മാരുടെ മദ്ധ്യവർത്തിയായ ചിദാത്മാണ് എന്റെ ഉപാസനാമൂർത്തി. എപ്പോഴും ഞാനാദ്ദേവനെ ഉപാസിച്ചുകൊണ്ടിരിക്കയാണ്. ഹേ മഹർഷേ മൃത്യുവിന്നതിനാലെന്നെ സപർശിക്കാൻ കഴിയുന്നില്ല.

ഇപ്രകാരമുള്ള അഭ്യാസത്തിന്റെ നിരന്തരാനുഷ്ഠാനം കൊണ്ട് സംസാരത്തിൽ ഒന്നിന്റെയും അല്പംപോലും ചിന്തയോ തൃഷ്ണയോ ഇല്ലാത്തതുകൊണ്ടും ചിരഞ്ജീവിയായിട്ടിരിക്കയാണ് ഞാൻ. സംസാരത്തിലെ ദ്വന്ദ്വബാധ എന്നെ തീരെ സ്പശിക്കാത്തതുകൊണ്ട് യാതൊരു ദുഃഖവും എനിക്കില്ല. നല്ലതും ചീത്തയുമെന്ന വ്യത്യസ്തബോധവും എന്നെ ബാധിക്കാറില്ല. എപ്പോഴും സാമ്യാവസ്ഥയിൽത്തന്നെ മുഴുകിക്കഴിയുകയുകയാണ്. എനിക്കു സ്വന്തസ്വഭാവം ഒന്നുംതന്നെയില്ലെന്നുപറയണം. സുഖിയെക്കാണുമ്പോൾ ഞാൻ സുഖിയും ദുഃഖിയെക്കാണുമ്പോൾ ദുഃഖിയുമാവും. ആപൽക്കാലത്തു ഞാൻ ധീരനും സമ്പദ്ക്കാലത്തു ജഗത്തിന് മിത്രവുമാവും. ഇങ്ങനെ പറയത്തക്ക ക്ലേശങ്ങളൊന്നുമില്ലാതെ ഞാൻ കഴിഞ്ഞുവരികയാണ്.

ഹേ രാമചന്ദ്ര! എന്നിപ്രകാരമുള്ള ആ യോഗീശ്വരന്റെ അമൃതായമാനങ്ങളായ വാക്കുകളെക്കേട്ടു എന്റെ മനസ്സു വളരെ കുളിർത്തു. അനന്തരം ഭ്രസുണ്ഡനോടും യാത്രയും പറഞ്ഞു ഞാൻ സ്വർഗ്ഗത്തിലേയ്ക്കു മടങ്ങി. അതിനു പിന്നത്തെ കൃതയുഗത്തിലും അവിടെവെച്ചുതന്നെ ഞാൻ ഭ്രസുണ്ഡനെക്കണ്ടിട്ടുണ്ട്. ഇപ്പോൾ ത്രേതായുഗത്തിന്റെ മദ്ധ്യഘട്ടമാണ്. ഈ യുഗത്തിലും ഞാൻ ഭ്രസുണ്ഡനെക്കണ്ടിട്ടുണ്ട്. ലേശംപോലും ജരബാധിച്ചിട്ടില്ല. ഇപ്രകാരമുള്ള ഭ്രസുണ്ഡയോഗീശ്വരന്റെ ചരിത്രത്തെ, ഹേ രാമചന്ദ്ര, ശ്രദ്ധയോടെ കേൾക്കുകയും സ്മരിക്കുകയും ചെയ്യുന്നു എന്നുള്ളതുകൊണ്ടുതന്നെ ഒരാളുടെ സംസാരബാധകൾ നീങ്ങും എന്നു പറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി ഭ്രസുണ്ഡചരിത്രകഥനത്തെ അവസാനിപ്പിച്ചു. പിന്നെയും

ശ്രീരാമചന്ദ്രനോടു പറയാൻ തുടങ്ങി.

ബുദ്ധിമാനായ ഹേ രാഘവ, ശരിയായ തത്വവിചാരവും തത്വബോധവും ഇല്ലാത്തതുകൊണ്ടുമാത്രമാണ് ഇതു ഞാനാണെന്ന ദേഹാഭാസം നിലനല്ക്കുന്നതും അസ്ഥിമാംസാദി മലിനവസ്തു നിർമ്മിതമായ ശരീരത്തെ ഞാനെന്നഭിമാനിച്ചു കൊണ്ടിരിക്കുംകാലത്തോളം ഒരാൾക്കെങ്ങനെ ജ്ഞാനമുണ്ടാവും? സ്വപ്നത്തിൽ സങ്കല്പമനിർമ്മിതങ്ങളായ ശരീരങ്ങൾ എത്രയാണ് ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നത്? അതിൽ നിന്നെന്താണ് ഈ ശരീരത്തിത്തിന്നു വ്യത്യാസം? വാസ്തവത്തിൽ പറയത്തക്ക വ്യത്യാസങ്ങളൊന്നുമില്ല. ഈ ശരീരം രാത്രി കിടക്കയിൽ കിടക്കുമ്പോൾ അതിനെ കേവലം വിസ്മരിച്ച് കേവലം കല്പനമാത്രമായ മറ്റൊരു ശരീരത്തിൽ ഇരുന്നുകൊണ്ടാണല്ലോ സ്വർഗ്ഗലോകത്തോ അഥവാ മറ്റെവിടെയെങ്കിലുമോ ഒക്കെപ്പോവുന്നത്. ജാഗ്രദവസ്ഥയിലും ചിലപ്പോൾ മനോരാജ്യത്തിലും മററും ഈ ശരീരത്തെ മറന്നു മറ്റെവിടെങ്കിലുമൊക്കെ പോവാറുണ്ടല്ലോ. അത് ഏതു ശരീരത്തിലിരുന്നുകൊണ്ടാണ്? ഈ നിലയ്ക്ക് ആലോചിക്കുമ്പോൾ സംസാരം ഒരു ദീർഘസ്വപ്നമെന്നോ ദീർഘമായ മനോരാജ്യമെന്നോ പറയാവുന്നതേയുള്ളു. സ്വപ്നാവസ്ഥയിലെ ദൃശ്യങ്ങൾപോലെത്തന്നെ ഇവിടെ കാണപ്പെടുന്ന ദൃശ്യങ്ങളും.

കയറിൽ കാണപ്പെടുന്ന സർപ്പം എപ്രകാരം സത്തും അസത്തുമല്ലയോ, അതുപോലെ ഈ ജഗത്തും സത്തും അസത്തുമല്ല, കേവലം ആഭാസംമാത്രം, എന്നീപ്രകാരമുള്ള നിഷ്കളവീക്ഷണത്തെയാണ് സമ്യഗാലോകനമെന്നും പറയുന്നത്. മരിക്കണം അഥവാ മരിക്കും എന്ന കാര്യം നിസ്സംശയസ്വരൂപേണ തീർച്ചപ്പെട്ടിരിക്കെ അതിനു തയ്യാറാവാതെ മരണം വരുമ്പോൾ കരയുന്നുവെന്നു വന്നാൽ മൂഢതയല്ലേ. അല്പമെങ്കിലും അലോചനയുള്ള ഒരാൾക്കു മരണം വരുമ്പോൾ വ്യസനമോ ഭയമോ ഉണ്ടാവാൻ വയ്യ. അതുപോലെ ജനിച്ചാൽ ജീവിതനിർവ്വാഹണത്തിനാവശ്യമായ എന്തെങ്കിലും സ്വത്തുണ്ടായെന്നും വരും. അതിനെന്തിണഹങ്കരിക്കുന്നത്? എത്രയൊക്കെ സ്വത്തുണ്ടായാലും മരണപര്യന്തംമാത്രമേ അതിന്റെ ഉപയോഗമുള്ളു. മരണം എല്ലാവർക്കുംമുണ്ടെന്ന വസ്തുത വ്യക്തവുമാണ്. പിന്നെ ആരാണഹങ്കരിക്കുക? അങ്ങനെ ചെയ്യുന്നു എന്നു വന്നാൽ അതു മൂഢതയല്ലേ? അതിനാൽ ഹേ രാഘവോത്തമാ, നീ അത്തരം
നീചഭാവങ്ങളെ ദൂരത്തകററി ദൃശ്യവർഗ്ഗങ്ങളിലുള്ള ഭേദബുദ്ധിയെ പരിത്യജിച്ചു വസ്തു പ്രതിഭാസത്തിൽ സാർവ്വത്രികമായി വിളങ്ങുന്ന സച്ചിന്മാത്രത്തെ കാണാൻ ശ്രമിക്കു. വാസ്തവത്തിൽ ദൃശ്യങ്ങൾ മുഴുവൻ ആഭാസമാത്രമല്ലാതെ പരമാർത്ഥങ്ങളല്ല. അവയുടെ സത്തയെയാണ് ചിന്മാത്രത്തിൽ തോന്നപ്പെടുന്ന പ്രതിഭാസങ്ങൾ മാത്രമാണ് ദൃശ്യങ്ങൾ. ദൃശ്യസ്ഫുരണമില്ലാതിരിക്കാൻ കഴിഞ്ഞാൽ വളരെ കാര്യമായി. രാഗദ്വേഷങ്ങൾക്കു മുഖ്യഹേതു ദൃശ്യബോധമാണ്. രാഗദ്വേഷങ്ങളില്ലാത്ത ചിത്തം കേവലം കല്പവൃക്ഷമാണെന്നാണ് പറയേണ്ടത്. അതിൽനിന്നും കിട്ടാത്തതായി ഒന്നുംതന്നെയില്ല.

ശാസ്ത്രജ്ഞാനവും ബുദ്ധിവികാസവും ധാരാളമുണ്ടെങ്കിലും രാഗദ്വേഷങ്ങളും അഹങ്കാരവും നീങ്ങീട്ടില്ലെങ്കിൽ പഠിപ്പുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു പറയണം. സങ്കല്പങ്ങളാണ് സംസാരചക്രത്തിന്റെ നാഭി. അതിനെ തടുക്കാൻ കഴിഞ്ഞാൽ - സങ്കല്പങ്ങളെ അകറ്റാൻ കഴിഞ്ഞാൽ - സംസാരചക്രം തിരിഞ്ഞുകൊണ്ടേയിരിക്കും. ബുദ്ധിശക്തിയും പൗരുഷവും ശാസ്ത്രജ്ഞാനവും വേണ്ടത്ര ഉള്ളവർക്കും കഴിയാത്തതൊന്നുമില്ലെന്നും പറയാറുണ്ട്. അതിനാൽ അവയെ മുൻനിർത്തി സങ്കല്പങ്ങളെത്തടഞ്ഞു സംസാരചക്രഭ്രമണത്തെ അടക്കുകതന്നെ വേണം. എങ്കിലേ ശ്രേയസ്സുണ്ടാവാൻ പോവുന്നുള്ളു. ഭയത്തെ വളർത്തി ധൈര്യത്തെക്കെടുത്തി തന്നെ ദുർബ്ബലനാക്കിത്തീർക്കുന്ന ഒരു മഹാഭൂതമാണ് ചിത്തം. അതിനെ

അടക്കിനിർത്താതെ ആർക്കും ശ്രേയസ്സുണ്ടായിട്ടില്ല. ചഞ്ചലമായ ചിത്തത്തിന് വിധേയനായ പ്രാകൃതമനുഷ്യനെ രക്ഷിക്കാൻ ശാസ്ത്രങ്ങൾക്കോ ബന്ധുക്കൾക്കോ ആർക്കുംതന്നെ സാധ്യമല്ല. എന്നാൽ മനസിനെ അടക്കിയവനെ രക്ഷിക്കാൻ ശാസ്ത്രജ്ഞാനവും ഗുരുവും പ്രാപ്തരാണ്. അതിനാൽ മനസ്സിനെ അടക്കിയാൽ മാത്രമേ ശ്രേയസ്സുണ്ടാവാൻ പോവുന്നുള്ളൂ. മനസ്സിനെ അടക്കി വിഷയഭോഗങ്ങളെ ദൂരത്തകററി ജീവന്മുക്തനായ ആചാര്യനെ സേവിച്ചുകൊണ്ട് എപ്പോഴും തന്റെ ആത്മാവിനെ ആശ്രയിച്ച് ആത്മവിചാരം ചെയ്തുകൊണ്ടിരിക്കണം. എന്നാൽ കാലംകൊണ്ടു മുക്തനാവും. ഈ വിഷയങ്ങളിൽ പണ്ടു സാക്ഷാൽ ശ്രീപരമേശ്വരൻ എനിക്കുപദേശിച്ചുതന്നതായ ആത്മജ്ഞാനത്തെ, ഹേ രാമചന്ദ്ര, ഞാൻ നിനക്കു പറഞ്ഞുതരാം, ശ്രദ്ധവച്ചു കേൾക്കു, എന്നും പറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി ദേവപൂജോപാഖ്യാനത്തെ പറയാൻ തുടങ്ങി.

ദേവപൂജോപാഖ്യാനം

പണ്ടൊരുകാലത്തു ദിവ്യധാമമായ കൈലാസപർവ്വതത്തിന്റെ പരിസരത്തിൽ ഗംഗാതീരത്ത് ഒരു പർണ്ണശാല കെട്ടി അതിൽ സിദ്ധന്മാരായ ഏതാനും തപസ്വികളോടുംകൂടി ശാസ്ത്രാർത്ഥവിചാരവും ചെയ്തു ശ്രീപരമേശ്വരനെ സേവിച്ചുകൊണ്ടു ഞാൻ താമസിക്കുകയുണ്ടായി. അക്കാലത്തൊരിക്കൽ ശ്രാവണമാസത്തിൽ അഷ്ടമിദിവസം ഏതാണ്ട് അർദ്ധരാത്രിയായപ്പോൾ ഞാൻമാത്രം സമാധി വിട്ടുണർന്നു ബാഹ്യദൃക്കായിരുന്നു. മറ്റെല്ലാവരും അപ്പോഴും സമാധിയിൽത്തന്നെയായിരുന്നു. ഒരു ശബ്ദവും എവിടെയും കേൾക്കാനുണ്ടായിരുന്നില്ല. എങ്ങും ഗാഢമായ അന്ധകാരം കട്ടപിടിച്ചു നിറഞ്ഞു പരന്നിരുന്നു.

പെട്ടെന്നു അനേകം പൂർണ്ണചന്ദ്രൻമാർ ഒന്നിച്ചുദിച്ചാലുണ്ടാവുന്ന തേജസ്സുപോലെ അത്യുജ്ജ്വലവും കുളിർമ്മയേറിയതുമായ ഒരു മഹാതേജസ്സ് അവിടെ മുഴുവൻ പരന്ന് ആ കാടിനെയും ഗിരികൂടങ്ങളെയും പ്രകാശമാനങ്ങളാക്കി തീർത്തു. ദിക്കുകളിലെല്ലാം പരന്ന ആ ദിവ്യജ്യോതിസ് എന്താണെന്ന ആശ്ചര്യത്തോടെ ഞാൻ ചുററുപാടുംനോക്കിയപ്പോൾ, ഹേ രാമചന്ദ്ര, കൈലാസപതിയായ സാക്ഷാൾ ശ്രീപരമേശ്വരൻ ഉമാദേവിയുടെ തൃക്കയ്യും പിടിച്ച് പതുക്കെ നടന്നു വരുന്നതായിക്കണ്ടു. നന്ദികേശ്വരൻ ഭഗവാന്റെ തിരുമുമ്പിൽ വഴികാണിച്ചുകൊണ്ട് ഒപ്പം തന്നെനടക്കുന്നുണ്ട്. ഈ ആശ്ചര്യദർശനം കിട്ടിയതോടെ സന്തുഷ്ടനായ ഞാൻ വേഗത്തിൽ അവിടെ കിടന്നുറങ്ങുന്ന ശിഷ്യൻമാരെയൊക്കെ വിളിച്ചുണർത്തി. അപ്പോഴേയ്ക്കും ഭഗവാൻ സമീപത്ത് വന്നെത്തികഴിഞ്ഞു. ഞാൻ ഉടനെതന്നെ മററുള്ളവരോടുകൂടി അവിടുത്തെ എതിരേറ്റ് കൂട്ടികൊണ്ടുവന്നു അർഘ്യപാദ്യങ്ങളെ സമർപ്പിച്ചു ഉത്തമാസനത്തിലിരുത്തി പാദപൂജചെയ്തു. ദിവ്യങ്ങളായ മന്ദാരാദിപുഷ്പങ്ങളെ ധാരാളം വാരിവർഷിച്ചു. പ്രദക്ഷിണം ചെയ്തു വീണ്ടും വീണ്ടും വീണുനമസ്കരിച്ചു. അനന്തരം എഴുന്നേറ്റു കൂപ്പിത്തൊഴുതുകൊണ്ടും അവിടുത്തെ മഹിമകളെ കീർത്തിച്ചുകൊണ്ടും ദിവ്യകടാക്ഷങ്ങളേററുകൊണ്ട് തിരുസന്നിധിയിൽതന്നെ നിന്നു. സഖിമാരോടുകൂടിയ ഉമാദേവിയേയും ഒരുമിച്ചുള്ള പ്രമഥവൃന്ദത്തേയും അതുപോലെ പൂജിക്കുകതന്നെ ചെയ്തു. അപ്പോൾ ഭഗവാൻ, "ഹേ മഹർഷേ, അങ്ങയുടെ സംവിത്തു വേണ്ടത്ര ശ്രമംകൊണ്ടും സംസാരത്തിൽ നിന്നും നിവർത്തിച്ചു പരമപദത്തിൽ വിശ്രാന്തവും നിശ്ചലവുമായിരിക്കുന്നില്ലേ? തപസിന് വിഘ്നങ്ങളൊന്നുമില്ലല്ലോ" എന്നു ചോദിച്ചു. "കരുണാനിധിയും ലോകനാഥനുമായ ഭഗവാനേ, അവിടുത്തെ തൃപ്പാദങ്ങളെത്തന്നെ എപ്പോഴും ആശ്രയിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഭക്തനു കിട്ടാത്തതായി ഒന്നുംതന്നെയില്ല. എപ്പോഴും അവിടുത്തെ ധ്യാനമാകുന്ന ചിന്താമണിയെ ധരിച്ചുകൊണ്ടിരിക്കുന്ന എനിക്കു കിട്ടാത്തതായിട്ടൊന്നുമില്ല. ഒരു ഭയവും എന്നെ ബാധിക്കുന്നുമില്ല. അവിടുത്തെ അനുഗ്രഹത്താൽത്തന്നെ എല്ലാം സംശയങ്ങളും നീങ്ങുകയും ചെയ്തിരിക്കുന്നു. എന്നിരുന്നാലും, ഭഗവാനേ, ദേവപൂജ എന്നത് എങ്ങനെയാണ് ചെയ്യേണ്ടതെന്നും എന്തെല്ലാം ഉപകരണങ്ങളാണ് അതിനാവശ്യമായിട്ടിരിക്കുന്നതെന്നും അറിഞ്ഞാൽക്കൊള്ളാമെന്നാഗ്രഹിക്കുന്നു." എന്നിങ്ങനെ ഞാനറിയിച്ചപ്പോൾ കരുണാനിധിയായ മഹേശ്വരൻ പറയാൻ തുടങ്ങി.

ബ്രഹ്മജ്ഞാനികൾ വാഴ്ത്താറുള്ള ദേവാർച്ചനത്തെ, ഹേ മഹർഷേ, ഞാൻ പറയാം. ശ്രദ്ധവെച്ചു കേൾക്കു. ലക്ഷ്മീവല്ലഭനായ ശ്രീ നാരായണനോ സരോജാസനനായ ബ്രഹ്മദേവനോ ഞാനോ ദേവനാവാൻ വയ്യ. ശരീരാദ്യുപാധികളെക്കൊണ്ടു പരിച്ഛിന്നന്മാരായവരൊന്നും ദേവന്മാരാവാൻ വയ്യ. അതുപോലെ മൂർത്തങ്ങളും

ദൃശ്യങ്ങളുമായ പദാർത്ഥങ്ങളൊന്നും ദേവനാവാൻ വയ്യ. എങ്ങും നിറഞ്ഞും അപരിച്ഛിന്നവും സച്ചിദാനന്ദാകാരവുമായ ചിദാശംതന്നെ ദേവൻ. കേവലം മൂഢന്മാരായ പ്രാകൃതന്മാരാണ് പരിച്ഛിന്നങ്ങളും മൂർത്തങ്ങളുമായ വിഗ്രഹാദികളെ പൂജിക്കുന്നതും. എന്നാൽ അതൊരു തെറ്റല്ല. ഒരു യോജനദൂരം നടക്കാൻ കഴിയാത്തവൻ ഒരു നാഴിക ദൂരം നടക്കാറില്ലേ? അതുപോലെയെന്ന് കരുതിയാൽ മതി. അമൂർത്തവും അപരിച്ഛിന്നവുമായ ചിത്തിനെ ഭാവിക്കാൻപോലും കഴിയാത്തവൻ മൂർത്തമായ വിഗ്രഹത്തെ ദേവനാക്കി കല്പിച്ചു മൂർത്തങ്ങളായ ജലഗന്ധാദ്യുപകരണങ്ങളെക്കൊണ്ടും പൂജിക്കുന്നു. അതും നല്ലതുതന്നെ. അങ്ങനെ ചെയ്തുചെയ്തു കാലംകൊണ്ടു് അവർക്കും ദേവബോധമുണ്ടാവും.

എങ്ങും നിറഞ്ഞു പ്രകാശിക്കുന്ന അപരിച്ഛിന്ന ചിത്തുതന്നെ ദേവൻ. ആ ദേവനെത്തന്നെ പൂജിക്കേണ്ടതും. ദൃശ്യങ്ങളുടെ യാതൊരു സ്പർശമില്ലാത്തതും അതിർത്തിയില്ലാത്തതും നിശ്ചലവുമായ ചൈതന്യംമാത്രം എല്ലായിടത്തും പ്രകാശിക്കുന്നു. ഇപ്പോഴും പ്രളയാവസാനത്തിലും അത് ഉള്ളതായിട്ടിരിക്കുന്നു. എപ്പോഴും ഉള്ളതായിട്ടിരിക്കുന്നത് അതൊന്നുമാത്രം. അതിനാൽ അതുതന്നെ ദേവൻ. അതിനെത്തന്നെ പൂജിക്കേണ്ടത്. ജ്ഞാനം, സമതാഭാവം, ഉപശമം എന്നീ പുഷ്പങ്ങളെക്കൊണ്ടാണ് പ്രസ്തുത ദേവനെ പൂജിക്കേണ്ടത്. ധ്യാനംതന്നെ പൂജ. ഹേ മഹർഷേ, അങ്ങനെയുള്ള പൂജ മാത്രമേ വാസ്തവത്തിൽ ദേവപൂജയാവൂ! അഭൗമവും നിരുപാധികവും ദിവ്യവുമായ ആനന്ദാനുഭൂതിയാകുന്ന ഫലത്തിലെത്താനും അത്തരം പൂജയ്ക്കേ സാധിക്കൂ. അങ്ങനെ പൂജിച്ചാൽ പൂജകൻ വളരെ വേഗത്തിൽ അമൃതനിർവ്വിശേഷമായ പരാനുഭൂതിയിൽ മുങ്ങി ലയിക്കുകയും ചെയ്യും. സകലകലകൾക്കും ഭാവാഭാവങ്ങൾക്കും അതീതമായ സംവിത്തു സത്താസത്തകളുടെ മധ്യസ്ഥിതമായിത്തീരുമ്പോൾ ദേവനെന്നു പറയപ്പെടുന്നു. സത്താസാമാന്യമെന്നു പറയപ്പെടുന്ന അതേ മഹാസത്തെതന്നെ വികല്പമിശ്രാജാഡ്യത്തിനെ സ്മരിച്ചു ക്രമേണ ചിൽസ്വരൂപത്തെവിട്ടു ദൃശ്യമായിത്തീരുന്നു. അതുതന്നെ ജഗത്ത് അല്ലെങ്കിൽ പ്രപഞ്ചം. പിന്നെ കാലദേശങ്ങളുടെ സമ്മർദ്ദത്താൽ ജീവനും പിന്നീട് ഉപാധികളുടെ ചേർച്ചകൊണ്ടു ബുദ്ധിയും അഹങ്കാരവും മനസ്സും എല്ലാമായിത്തീരുന്നു. പ്രസ്തുത മനസ്തത്വംകൊണ്ടു വിഷയങ്ങളെ ഗ്രഹിക്കുകയും തത്തദുപാധികളെ ഞാൻ ഞാനെന്ന് അഭിമാനിക്കുകമൂലം അനേകവിധ ജനനമരണങ്ങളും മറ്റുമാകുന്ന സംസാരപ്രവാഹത്തിൽ പതിച്ചു കരകാണാത്ത നിലയിൽ എത്രയോകാലം ഒഴുകാനും ഇടയായിത്തീരുന്നു. അങ്ങനെ ചളിയിൽ വീണ ആനയെന്നപോലെ അത്യന്ത ദുരന്തമായ ദുഃഖത്തെ പ്രാപിക്കുന്നു.

സങ്കല്പമാത്രയിൽ ഈ സംസാരം ഉണ്ടായിത്തീർന്നു. സങ്കല്പംകൊണ്ടുതന്നെ നിലനിൽക്കുകയും ചെയ്യുന്നു. സങ്കല്പമില്ലാതായാൽ വളരെ വേഗത്തിൽ അതില്ലാതായിത്തീരുകയും ചെയ്യും. അതിലെന്താണിത്രയൊക്കെ പരിഭ്രമിക്കാനുള്ളത്? സംസാരം ക്ലേശകരമായി തോന്നുന്നുവെങ്കിൽ സങ്കല്പങ്ങളെ അടക്കേണ്ടതേയുള്ളൂ. വിവേകമാകുന്ന കാറ്റിൽ സങ്കല്പമേഘങ്ങൾ പറന്നു പോകാനിടവന്നാൽ ശരത്കാലത്തെ നിർമ്മലാകാശമെന്നപോലെ ചിത്തം സ്വച്ഛവും നിർമ്മലവുമായിത്തീരും. വസ്തുസ്വരൂപത്തെ അറിയുന്നതോടെ സംസാരത്തിന്റെ ബാധയും അവസാനിക്കും. വാസ്തവത്തിൽ സകലശക്ത്യാത്മകനായ പരമാത്മാവുതന്നെയാണ് തന്റെ ശക്തികളുടെ പലവിധ നടനങ്ങൾക്കു വിധേയനായി ഇല്ലാത്ത സംസാരത്തെ അനുഭവിച്ചു

തപിക്കുന്നത്. പരമാത്മാവിൽ പ്രകാശിക്കുന്ന ശക്തികൾക്ക് അവസാനമില്ല. സർവ്വഗനും സമചിന്മാത്രനും സമനും അനാകൃതിയുമായ പരമേശ്വരനിൽ ഇച്ഛാസത്ത, ആകാശസത്ത, കാലസത്ത, നിയതിസത്ത, മഹാസത്ത, ജ്ഞാനശക്തി, ക്രിയാശക്തി, കർത്തൃത്വം, അകർത്തൃത്വം തുടങ്ങി അവസാനമില്ലാത്ത ശക്തിവിശേഷങ്ങൾ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത ശക്തികളുടെയൊക്കെ ഉല്ലാസംകൊണ്ടു സംസാരം പരിപുഷ്ടമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവയുടെ നിരോധം കൊണ്ടു് സംസാരം കേവലം ക്ഷയിക്കുകയും കേവലം ഇല്ലാതായിത്തീരുകയും ചെയ്യുന്നു. അതിനേറ്റവും പറ്റിയതാണ് മുൻപറഞ്ഞ ദേവപൂജ.

അനേകവിധത്തിലുള്ള പൂജാവിധാനങ്ങളുണ്ടെങ്കിലും അവയിലെല്ലാറ്റിലും വെച്ച് ഏറ്റവും ഹൃദ്യമായ പൂജാവിധാനം തന്റെ ഭാവനയെ ദഹിപ്പിക്കൽതന്നെയെന്നു അറിവുള്ളവർ പറയുന്നു. ജഡവും കല്പനാമാത്രവുമായ ഈ ശരീരത്തിൽ ഞാനെന്നുള്ള ബോധത്തെ ദൂരത്തകറ്റി പരിച്ഛിന്നമല്ലാത്ത വിജ്ഞാനഘനചൈതന്യമാണ് താനെന്നുറപ്പിക്കുന്നതില്പരമായ പൂജ മറ്റൊന്നും തന്നെയില്ല. സ്വയംദേഹരഹിതനെങ്കിലും എല്ലായിടത്തും കണ്ണുതുടങ്ങിയ ഇന്ദ്രിയങ്ങളും മനസ്സുതുടങ്ങിയ കരണങ്ങളുമുള്ള പൂർണ്ണനായ ആ ദേവനെ എല്ലാ നേരവും എല്ലാ ജനങ്ങളും പൂജിക്കേണ്ടതാണ്. എന്നാൽ ഏകാന്തവും ഏകാഗ്രവുമായ ധ്യാനംതന്നെ പൂജനം. അല്ലാതെ ബാഹ്യോപചാരങ്ങളൊന്നുംതന്നെ ആവശ്യമില്ല. സംവിൽസ്വരൂപനായ ദേവന് ബാഹ്യങ്ങളായ മൂർത്തപദാർത്ഥങ്ങളൊന്നും തന്നെ വേണമെന്നില്ല. ധ്യാനപൂജതന്നെ ഏറ്റവും വലിയ പൂജ.

വിഷമംകൂടാതെ കിട്ടാവുന്നതും തന്നിൽതന്നെയുള്ളതും അത്യന്തശീതളവുമായ ബോധമാകുന്ന അമൃതം തന്നെ പൂജയ്ക്കുള്ള മുഖ്യമായ ഉപകരണം. നിരന്തരം പരതത്വത്തെ വിസ്മരിക്കാതെ എപ്പോഴും സ്മരിച്ചികൊണ്ടിരിക്കുകയെന്നതുതന്നെ ധ്യാനം. അതുതന്നെ പരയായിട്ടുന്ന പൂജയും. കാണുക, കേൾക്കുക തുടങ്ങിയ ഇന്ദ്രിയവ്യാപാരങ്ങളെ ചെയ്യുമ്പോഴും ദേവനെ മറക്കാതിരിക്കണം. അങ്ങനെ എപ്പോഴും തത്ത്വത്തെ മറക്കാതിരിക്കലാകുന്ന ധ്യാനം തന്നെ ഏറ്റവും വലിയപൂജാദ്രവ്യവും പൂജയും. ധ്യാനംകൊണ്ടല്ലാതെ മറ്റൊന്നും കൊണ്ടും ആ ദേവനെ ആർക്കും പ്രാപിക്കാൻ സാധ്യമല്ല. ധ്യാതാവായ താനും ധ്യേയമായ പരതത്ത്വവും ഒഴിച്ചു മൂന്നാമതൊന്നിന്റെയും സ്ഫുരണംപോലും ഇല്ലാതിരിക്കുന്നതാണ് ധ്യാനക്രിയ. അതു വേണ്ടത്ര ശ്രദ്ധയോടും ഏകാഗ്രതയോടുംകൂടി കുറച്ചു സമയമെങ്കിലും ഒരാൾക്കു ചെയ്യാൻ കഴിഞ്ഞാൽ വലിയ കാര്യമായി. ഒരു ദിവസം മുഴുവൻ പ്രസ്തുത ധ്യാനക്രിയയിൽത്തന്നെ മുഴുകി മറ്റൊന്നിന്റെയും സ്ഫുരണത്തെ അനുഭവിക്കാതെ ഇരിക്കാൻ കഴിഞ്ഞാൽ പിന്നെ ആ ആൾ എപ്പോഴും ബ്രഹ്മപ്രകാശത്തിൽത്തന്നെ രമിക്കും. സംസാരതാപങ്ങളിൽ ഒന്നുപോലും പിന്നീടനുഭവിക്കാനിടയായില്ല. യോഗത്തിന്റെയും തപസ്സിന്റെയും എല്ലാം പരമഫലവും ഇപ്രകാരമുള്ള ധ്യാനനിഷ്ഠതന്നെ.

എന്നാൽ പറയപ്പെട്ട ധ്യാനക്രിയയാകുന്ന ഈ പൂജയും സ്ഥൂലമാണ്, അല്ലെങ്കിൽ ബാഹ്യയാണെന്നു പറയണം. സൂക്ഷ്മയും ആന്തരയുമായ മറ്റൊരു പൂജയെക്കൂടി ഞാനിനിപ്പറയാം. ഇരിക്കുക, നടക്കുക തുടങ്ങി ചെയ്യപ്പെടുന്ന കർമ്മങ്ങൾക്കൊക്കെ കർത്തത്വം വഹിച്ചുകൊണ്ടിരിക്കുന്ന താനാകുന്ന

ജീവനെതന്നെ സാക്ഷാൽ പരമശിവനെന്നും പരതത്ത്വമെന്നുമുള്ള ബോധത്തോടുകൂടി ധ്യാനിക്കണം. എങ്ങനെ ധ്യാനിക്കണമെന്നാണെങ്കിൽ പറയാം. ആദ്യം തന്നെ സ്നാനം ചെയ്യണം. ഘടം, പടം തുടങ്ങിയ പദാർത്ഥങ്ങളെ വിചാരിക്കുമ്പോൾ ചിത്തവൃത്തിയാണല്ലോ തത്തദ്ദൃശ്യ പദാർത്ഥങ്ങളായിതീരുന്നത്. ആത്മചൈതന്യത്തിന്റെ സാനിദ്ധ്യമാണ് ചിത്തവൃത്തികളെ ത്വരിപ്പിക്കുന്നതെന്നും പറയാണ്ടതില്ലല്ലോ. ചിത്തവൃത്തിസ്ഫുരണങ്ങൾക്കാസ്പദമായി പ്രകാശിക്കുന്ന ആത്മചൈതന്യത്തിന്റെ നിരന്തരാനുസന്ധാനം തന്നെ സ്നാനം. പ്രസ്തുത സ്നാനം കൊണ്ടു ധ്യാതാവു് പരിശുദ്ധനായിത്തീരും. അങ്ങനെ സ്നാനശുദ്ധിയെ വരുത്തിയശേഷം പൂജയ്ക്കുള്ള പീഠത്തെ വെയ്ക്കണം. ബോധം തന്നെ പീഠം.

എങ്ങനെയുള്ള പീഠമാണെന്നു പറയാം. മനസ്സിന്റെ മനനക്രിയക്കാസ്പദവും ഹൃദയം, കണ്ഠം, താലു എന്നീ മൂന്നവയവങ്ങളുടെ മധ്യത്തിൽ ഭ്രൂമദ്ധ്യപര്യന്തം വിളങ്ങുന്ന യാതൊരു ബോധമുണ്ടോ, അതുതന്നെ പീഠം. പ്രസ്തുതബോധത്തെ ഉപാസിച്ചുറപ്പിക്കൽ തന്നെ പീഠം വെയ്ക്കൽ. പിന്നെ പീഠത്തിൽ ദേവനെ പ്രതിഷ്ഠിക്കണം. മനസ്സിന്റെ ഉൽബുദ്ധാവസ്ഥയാകുന്ന ഉന്മനീദശയേയും അതിക്രമിച്ചുനിൽക്കുന്ന ബോധലിംഗം അല്ലെങ്കിൽ ചിരാദാസൻ തന്നെ ദേവൻ. അങ്ങനെ ദേവനെയും പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ ക്രമപ്രകാരം ധ്യാനം ആരംഭിക്കാം. ഞാൻ തന്നെയാണു പ്രസ്തുതദേവനെന്നു ബോധിക്കലാണ് ധ്യാനത്തിന്റെ ആദ്യത്തെ നില. അതുറച്ചു കഴിഞ്ഞാൽ പിന്നെ തന്റെ വിഭൂതികളേയും അനുഭൂതികളേയും ഓരോന്നായി ധ്യാനിച്ചുറപ്പിക്കാം.

മനസ്സും ഇന്ദ്രിയങ്ങളുമാകുന്ന കരണങ്ങളുടെ വൃത്തികളാകുന്ന ശക്തികൾ ഗൃഹസ്ഥനെ പത്നിമാരെന്നപോലെ എന്നെ എപ്പോഴും ആദരവോടുകൂടി ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. ത്രൈലോക്യത്തെ അറിയിക്കുന്ന മനസ്സ് വാസ്തവത്തിൽ എന്റെ ദ്വാരപാലകനാണെന്നും പറയാം. ത്രൈലോക്യത്തിലും അപ്പപ്പോഴുണ്ടാവുന്ന വിശേഷങ്ങളെല്ലാം അപ്പപ്പോൾ എന്നെ അറിയിക്കുന്ന മനസ്സു കാവൽക്കാരൻ തന്നെ. സംശുദ്ധനായ ചിന്ത എപ്പോഴും എന്റെ ആജ്ഞയെയും നോക്കിനില്ക്കുന്ന നല്ലൊരു പ്രതീഹാരിയാണെന്നു പറയണം. വിചിത്രങ്ങളും വിഭിന്നങ്ങളുമായ ജ്ഞാനങ്ങളൊക്കെയും എനിക്കലങ്കാരങ്ങളാണ്. ആഭരണങ്ങൾ സ്ഥൂലശരീരത്തെ എങ്ങനെ അലങ്കരിക്കുന്നുവോ, അതു പോലെയാണ് അവ എന്നെ അലങ്കരിക്കുന്നത്. ജ്ഞാനകർമ്മയങ്ങളായ പത്തിന്ദ്രിയദ്വാരങ്ങൾതന്നെ എന്റെ ദ്വാരപ്രദേശങ്ങൾ. അങ്ങനെയുള്ള ഈ പ്രത്യക്ഷജ്ഞാനം തന്നെയാണ് തൽപദജ്ഞാനമൂർത്തിയും ആത്മാവുമായ ഞാൻ. അനഘനും അപരിച്ഛിന്നനും അന്തര്യാമിയും പൂർണ്ണനുമായ ഞാൻ ഏകൻ തന്നെ ഈ ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു. അഥവാ ലോകം തന്നെ എന്നിൽ വിളങ്ങുന്നു എന്നിങ്ങനെ ഭാവിച്ചുറപ്പിക്കണം.

സാമ്യഭാവത്തോടും സാമ്യാചാരത്തോടും കൂടി ഇപ്രകാരമുള്ള ധ്യാനപൂജനത്തെ എപ്പോഴും ചെയ്യുന്ന പുരുഷൻ ദേവനെ അറിയുന്നവനാണ്. അവൻ കൈവല്യത്തെ പ്രാപിക്കുമെന്നുള്ളതും തർക്കമറ്റ സംഗതിയാണ്. ആത്മാവായി സർവ്വവ്യാപിയും അന്തര്യാമിയുമായ ശിവനെ പൂജിക്കുന്നതിനു

ദുർല്ലഭങ്ങളായ വിഭവങ്ങളെ ഒരുക്കാൻ വേണ്ടി ക്ലേശിക്കേണ്ടതില്ല. സുലഭങ്ങളും തന്നിൽതന്നെയുള്ളവയുമായ പദാർത്ഥങ്ങളെക്കൊണ്ടു പൂജിച്ചാൽ ആ സർവ്വേശ്വരൻ പ്രസാദിക്കും. ശിവപ്രസാദംകൊണ്ടു സംസാരനിവൃത്തിയും കൈവല്യപ്രാപ്തിയും ഉണ്ടാവുകതന്നെ ചെയ്യും. ആധിവ്യാധികൾ, ആപത്തുകൾ, ക്ലേശങ്ങൾ, ദാരിദ്ര്യദുഃഖങ്ങൾ എന്നിവയെല്ലാം ശിവനെ പൂജിക്കുന്നതിനുള്ള വിഭവങ്ങളാണ്. അവകൊണ്ടൊന്നും ചിന്തയോ ആവലാതിയോ വ്യഥയോ ഇല്ലാതിരിക്കൽ തന്നെ അവ കൊണ്ടുള്ള പൂജനം. നഷ്ടം വന്നവയെ ത്യജിക്കലും കിട്ടുന്നവയെ സ്വീകരിക്കലും നിർവ്വികാരതയോടുകൂടി ചെയ്യുന്ന പക്ഷം അതും ഉത്തമമായ ശിവപൂജ തന്നെയാണ്. പ്രഥമദർശനത്തിൽ നല്ലതെന്നും ചീത്തയെന്നും തോന്നപ്പെടുന്ന രണ്ടുതരം പദാർത്ഥങ്ങളും കേവലം ആത്മസ്വരൂപങ്ങളെന്നു ബോധിച്ചു ഭാവനയോടുകൂടാതെ അവയെ സ്വീകരിക്കുന്നുവെങ്കിൽ അതും മഹേശ്വരപൂജതന്നെ.

എവിടെ എപ്പോൾ എന്ത് ഏത് രൂപത്തിൽ കാണപ്പെട്ടാലും അതെല്ലാം ബ്രഹ്മമാണെന്ന ദൃഢമായബോധമുണ്ടാവണം. അങ്ങനെയുള്ളവർക്കേ ശിവപൂജനം ശരിയായിചെയ്യാൻ സാധിക്കൂ. കിട്ടാത്തതിനെ ചിന്തിക്കാതെയും കിട്ടിയതിനെ ഉപേക്ഷിക്കാതെയും ചിന്തയും ആവലാതിയുമില്ലാതെ സ്വാഭാവികമായി വന്നുചേരുന്ന ഭോഗങ്ങളെ അനുഭവിച്ചു തൃപ്തനായിക്കഴിയണം. നിസ്സാരങ്ങളോ അല്ലെങ്കിൽ പ്രബലങ്ങളോ ആയ കാര്യങ്ങളിലൊന്നും ഭേദബുദ്ധിയോ വ്യത്യസ്ത ഭാവമോ ഉണ്ടാവാതിരിക്കണം. എന്തു തന്നോടു ചേർന്നാലും വിട്ടാലും ആകാശത്തിനെപ്രകാരം ഭേദഭാവമുണ്ടാകുന്നില്ലയോ, അതുപോലെയായിരിക്കണം ജ്ഞാനിയും. കാലദേശകർമ്മങ്ങൾ വഴിക്കു നന്മയോ തിന്മയോ എന്തുണ്ടായാലും അതിലൊന്നും ചിന്തയില്ലാതെ നിർവ്വികാരനായിരിക്കണം. അത് ശരിയായ ആത്മപൂജനമാണ്. ആത്മപൂജയ്ക്ക് എന്തെല്ലാം ദ്രവ്യങ്ങളുണ്ടായിരുന്നാലും അവയെല്ലാം ഉപശമരസം കലർത്തപ്പെട്ടവയാണെങ്കിൽ നല്ല മധുരദ്രവ്യങ്ങളായി ,പിന്നെ അവയിലൊന്നും യാതൊരു ഭേദഭാവവും അഭിജ്ഞനുണ്ടാവാൻ വയ്യ. നിർവ്വികാരകതയാകുന്ന ഉപശമമില്ലാത്തതുകൊണ്ടാണ് ഭേദഭാവം അങ്കുരിക്കുന്നത്.

ഉപശമം ഒന്നുകൊണ്ടുതന്നെ വ്യക്തി അമൃതസ്വരൂപനായിതീരുന്നു. അല്ലെങ്കിൽ ചിത്തത്തിന്റെ സംക്ഷോഭമല്ലാതെ മറ്റെന്താണ് സംസാരം? നിർവ്വികാരമാകുന്ന ഉപശമം കൊണ്ടല്ലാതെ മറ്റെന്തുകൊണ്ടാണതിനെ ജയിക്കുന്നത്? ശാസ്ത്രബോധവും ഗുരൂപദേശവുമാണ് ആത്മജ്ഞാനത്തെ പ്രകാശിപ്പിക്കുന്നതെന്ന് പറയാറുണ്ട്. എന്നാൽ വാസ്തവത്തിൽ അതുശരിയല്ല. അവ രണ്ടുമുണ്ടായിട്ടും പലർക്കും ആത്മജ്ഞാനം ഉണ്ടാവാതിരിക്കാറുണ്ട്. ശരിയായ ആത്മോപാസനം തന്നെയാണ് ആത്മാവിനെ പ്രകാശിപ്പിക്കുന്നത്. പക്ഷേ ആത്മോപാസത്തിന് ശാസ്ത്രാർത്ഥജ്ഞാനവും ഗുരൂപദേശവുമൊക്കെ ആവശ്യമാണെന്നു പറയാം. ആത്മാവിനെ പ്രകാശിപ്പിക്കുന്നതു നിരന്തരോപാസനം തന്നെയാണെന്നുപറയണം. കാലം, ദേശം തുടങ്ങിയ ആത്മവിഭൂതികളിലൂടെ പ്രകാശിക്കുന്ന നാമരൂപങ്ങളും ഗുണധർമ്മങ്ങളാകുന്ന എല്ലാ വസ്തുക്കളെകൊണ്ടും മുൻപറഞ്ഞ തോതിൽ ദേവപൂജചെയ്ത് ആത്മാനുസന്ധാനത്തിനു മുറിവുവരുത്താതിരിക്കുന്നവൻ കാലംകൊണ്ട് എല്ലാ പ്രകൃതി ഭാവങ്ങളെയും സ്വയം

ബ്രഹ്മമായിത്തീരുന്നു. അങ്ങനെയുള്ളവർ ലോകത്തിൽ എല്ലാവർക്കും എല്ലാക്കാലത്തും പൂജ്യന്മാരുമായിത്തീരുന്നു. ബ്രഹ്മാദിദേവശ്രേഷ്ഠൻമാർപോലും അവർക്ക് ഭൃത്യന്മാരെന്നപോലായിത്തീരും.

വാസ്തവത്തിൽ കാണപ്പെടുന്ന ഈ ലോകം മൂന്നുകാലത്തും ഇല്ലാത്തതാണ്. എങ്കിലും അജ്ഞാനദൃഷ്ടിയിൽ ഉള്ളതെന്നപോലെ കാണപ്പെടുന്നു. മൂന്നുലോകവും കയറിൽ പാമ്പെന്നപോലെ വെറും ആഭാസം മാത്രമല്ലാതെ യാതൊന്നുമുണ്ടായിട്ടില്ല. ബ്രഹ്മം, അവ്യയം, പരംജ്യോതിസ്സ് എന്നീ ശബ്ദങ്ങളെകൊണ്ടു് സൂചിപ്പിക്കപ്പെടുന്ന കേവലസത്തയല്ലാതെ മറ്റൊന്നും തന്നെ ഉണ്ടായിട്ടില്ല. കേവലസത്തയാകുന്ന സംവിത്ത് സംവേദ്യമെന്നപോലായി തീർന്നപ്പോഴാണ് നാമയോഗ്യമായിത്തീർന്നതു്. അപ്പോൾ അഹങ്കാരമുണ്ടായി. മനുഷ്യൻ സങ്കല്പംകൊണ്ടു സ്വപ്നത്തിൽ കാട്ടാനയും മറ്റുമായിത്തീരാറില്ലേ, അതുപോലെ സത്താമാത്രമായ കേവലചൈതന്യം സംവേദ്യഭാവംകൊണ്ടു ഘനീഭവിച്ച് അഹങ്കാരമായിത്തീരുന്നു. അഹന്താരൂപിയായ സംവിത്തിൽനിന്ന് കാലശക്തിയും ദേശശക്തിയും അങ്കുരിക്കുകയായി. അവയുടെ സമ്മർദ്ദശക്തികൊണ്ട് അതേസത്തതന്നെ പിന്നെ ജീവനുമായിത്തീരുന്നു. അജ്ഞാനസ്വരൂപിയായ ജീവസത്തയിൽനിന്നു ബുദ്ധിയും ഇച്ഛാജ്ഞാനക്രിയാദിശക്തികളും വികസിക്കാൻ തുടങ്ങുന്നു. ക്രമേണ അവയെല്ലാം കൂടിചേർന്നു സങ്കല്പസ്വരൂപമായ മനസ്സായിത്തീരുന്നു. ഈ മനസ്സിനെത്തന്നെയാണ് വിദ്വാൻമാർ ആതിവാഹികശരീരമെന്നു പറയുന്നത്. സംഖ്യാതീതങ്ങളായ ശക്തികൾ മനസ്സിൽ അടങ്ങിയിരിപ്പുണ്ട്. സന്ദർഭം വരുമ്പോൾ അവയോരോന്നും വികസ്സിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ആ മനസ്സുതന്നെയാണ് പിന്നീടു ആകാശദിഭൂതങ്ങളായി ക്രമേണ ജഗത്തായി പരിണമിച്ചതു്. മന്ദാന്ധകാരത്തിൽ വെറും ശൂന്യത വേതാളാദിരൂപങ്ങളായി പരിണമിക്കുംപോലെയാണ് ചിത്തവാസന ജഗത്തായി തീർന്നിരിക്കുന്നത്.

അതിനാൽ ചിത്തവാസന നശിച്ചാൽ കൈവല്യത്തിന്ന് അല്പംപോലും താമസമില്ല. അഹങ്കാരത്തിലും ജഗത്തിലും പരമാർത്ഥബുദ്ധിയുള്ളവൻ മൃഗതൃഷ്ണാജലത്തെയും പരമാർത്ഥമാണെന്നു വിശ്വസിച്ചാൽ തെറ്റില്ല. അങ്ങനെയുള്ളവൻ ബ്രഹ്മോപദേശത്തിന്നു പാകതവന്നവനല്ല. അവനോടുപദേശിച്ചിട്ടു വിശേഷിച്ചു പ്രയോജനവുമില്ല. വിവേകമുള്ളവനുമാത്രമേ ബ്രഹ്മോപദേശം പ്രയോജനപ്പെടൂ. വിവേകമുള്ളവൻ ജഗത്തിനെയോ അഹങ്കാരത്തെയോ സത്യമെന്നു വിശ്വസിക്കുകയുമില്ല. സ്വപ്നത്തിൽ കണ്ട പുരുഷനു തന്റെ പുത്രിയെ കല്ല്യാണംകഴിച്ചു കൊടുക്കാമെന്നു വിചാരിക്കുമ്പോലെയാണ് മൂർഖന്മാർക്ക് ബ്രഹ്മോപദേശംചെയ്തു സഫലമാക്കാമെന്നുള്ള വിചാരവും. അതൊരിക്കലും സംഭവിക്കാൻ പോവുന്നില്ല. അതിനാൽ വിദ്വാന്മാർ മൂർഖന്മാർക്കുപദേശിക്കലേ പതിവില്ല.

എന്തിനധികം പറയുന്നു? മഹർഷേ, അങ്ങാവശ്യപ്പെട്ട ദേവപൂജതന്നെ ഞാൻ പറഞ്ഞുതന്നല്ലോ. ഇനി അതിനെ വേണ്ടപോലെ ആചരിച്ച് ചാരിതാർത്ഥനാവൂ എന്നുപറഞ്ഞ് ഭഗവാൻ

ശ്രീപരമേശ്വരൻ പാർവ്വതീദേവിയുടെ കൈയ്യും പിടിച്ചെഴുന്നേറ്റ് വീക്ഷണക്രിയകൊണ്ടു ഞങ്ങളെയൊക്കെ അനുഗ്രഹിച്ച് അപ്പോൾതന്നെ പ്രമഥവൃന്ദങ്ങളോടുകൂടി അന്തർദ്ധാനവും ചെയ്തു. ഹേ, രാമചന്ദ്രാ, അപ്പോഴപ്പോൾ സന്ദർഭത്തിനനുരൂപമായി വന്നുചേരുന്ന ക്രിയാചാരങ്ങളെകൊണ്ടു നിസ്സംഗനായി അന്തര്യാമിയായ ആത്മദേവനെ ആരാധിക്കുന്നുവെങ്കിൽ അതിൽപ്പരം ശ്രേഷ്ഠമായ മറ്റൊരു നിഷ്ഠയില്ല. കേവലം ബഹിർമ്മുഖന്മാരായ പ്രാകൃതന്മാർക്ക് അതെത്രയോ നിസ്സാരമായ ഒന്നായിതോന്നാമെങ്കിലും നിസ്സാരതയില്ല. അതെത്രയോ വലിയ ആരാധനം തന്നെ. എനിക്ക് ഉണ്ണണം, ഉറങ്ങണം തുടങ്ങിയ വിഷയതൃഷ്ണകളെകൊണ്ടു പീഡിതന്മാരായിരിക്കുന്നു സാധാരണ പ്രാകൃതജനങ്ങൾ. അതേസമയത്തു യോഗിയാവട്ടെ, അന്വേഷണംകൂടാതെ യാദൃച്ഛികമായി വന്നുചേരുന്ന ഭോഗപുഷ്പങ്ങളെകൊണ്ട് ആത്മദേവനെ ആരാധിച്ച് കൃതകൃത്യനാവുകയും ചെയ്യുന്നു. ഹേ രാമചന്ദ്രാ, ഈ ദൃഷ്ടിയോടുകൂടിയാണ് നീ ലോകത്തിൽ വിഹരിക്കുന്നതെന്നു വന്നാൽ എത്രകാലം കഴിഞ്ഞാലും എന്തൊക്കെ സംഭവിച്ചാലും ദുഃഖത്തിന്റെ ലേശംപോലും നിന്നെ ബാധിക്കാൻ പോവുന്നില്ല. എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞവസ്സാനിച്ചപ്പോൾ അപാരമായ സന്തോഷം കൊണ്ടും ചാരിതാർത്ഥ്യം കൊണ്ടും ആവിഷ്ടനായ ഭഗവാൻ ശ്രീരാമചന്ദ്രൻ അദ്ദേഹത്തെ വളരെയധികം പുകഴ്ത്തുകയും ശ്രവണംകൊണ്ടു തനിക്കുണ്ടായ അനുഭവത്തെ വ്യക്തമാക്കുകയും ചെയ്തു. ഇതുപോലെ തത്വസംഫുല്ലങ്ങളായ വാക്യങ്ങളെ ഇനിയും കേട്ടാൽകൊള്ളാമെന്ന ആഗ്രഹത്തെ പ്രകടിപ്പിച്ച ശ്രീരാമചന്ദ്രനോടു വസിഷ്ഠമഹർഷി വീണ്ടും പറയാൻ തുടങ്ങുകയും ചെയ്തു.

ഹേ രാമചന്ദ്രാ, ആഗ്രഹിക്കപ്പെട്ട ഒരുപദാർത്ഥം കയ്യിൽകിട്ടുമ്പോൾ അല്പസമയം സന്തോഷമുണ്ടാകും. പക്ഷേ കുറച്ചു കഴിയുമ്പോഴേക്ക് ആ സന്തോഷം നിലനില്ക്കില്ല. വാസ്തവത്തിൽ ആഗ്രഹിക്കുന്ന സമയത്തുണ്ടാവുന്ന സന്തോഷം എപ്പോഴും ആ വസ്തുവിൽനിന്നു കിട്ടുന്നില്ല. ഈ പരമാർത്ഥമാർക്കാണറിയാത്തത്? അങ്ങിനെ അത്രയും ക്ഷണികമായ സന്തോഷത്തെ കേവലം ബാലിശബുദ്ധികളല്ലാതെ പ്രൗഢബുദ്ധികൾ എങ്ങനെ ഇഷ്ടപ്പെടും. ആഗ്രഹസമയത്തുണ്ടായ പ്രീതിക്കു ഹേതു ആഗ്രഹമല്ലാതെ പദാർത്ഥമാവാൻ വയ്യെന്ന് പറയേണ്ടതുണ്ടോ? ആ ദൃഷ്ടിയിലൂടെ വീക്ഷിക്കുമ്പോൾ ഈ ലോകത്തിലെ ഏതുപദാർത്ഥമാണ് ഒരാളെ സന്തോഷിപ്പിക്കുന്നത്? ഒന്നുംതന്നെ സന്തോഷിപ്പിക്കുന്നില്ലെന്നുപറയണം. അങ്ങനെയാണെങ്കിൽ പിന്നെ പദാർത്ഥങ്ങളെസ്സംബന്ധിച്ച ആഗ്രഹത്തെ നിലനിർത്തുന്നതെന്തിനാണ്? ആഗ്രഹം വളരുംതോറും ദുഃഖം വർദ്ധിക്കലല്ലാതെ സുഖമെങ്ങനെയുണ്ടാകും? അതിനാൽ ആദ്യംതന്നെ എല്ലാവിധത്തിലുള്ള ആഗ്രഹങ്ങളെയും ഒരാൾ വലിച്ചു കളയണം. അല്പമെങ്കിലും ആഗ്രഹമെന്ന ഒന്നുള്ളടത്തോളം കാലം ആർക്കും സമാധാനം കിട്ടാൻ പോകുന്നില്ല. അതുകൊണ്ടു നിന്റെ ആശനിരാശതയെയും ഭാവനഅഭാവത്തെയും മനസ്സ് അമനസ്ത്വത്തെയും പ്രാപിക്കട്ടെ. വാസനാഹീനങ്ങളായിത്തീരുന്ന കാരണങ്ങളെന്നിരിക്കട്ടെ, അവയെക്കൊണ്ടു ക്രിയകളെ ചെയ്യുന്ന ഒരാൾ ആകാശമെന്നപോലെ ഒരിക്കലും വികാരത്തെ പ്രാപിക്കാനിടവരില്ല. മനസ്സിന്റെ ഉന്മേഷനിമേഷങ്ങളാണ് പ്രപഞ്ചത്തിന്റെ ഉദയപ്രളയങ്ങൾ. അവ

അടങ്ങിയാൽ സംസാരത്തിന്റെ ബാധതന്നെ ഒരാൾക്കില്ലാതായി. പ്രാണരോധം കൊണ്ടും ചിത്തത്തെ അടക്കാം. അഭ്യാസപ്രയോഗങ്ങളെകൊണ്ടു ചിത്തം ശാന്തവും നിരുന്മേഷമായിത്തീർന്നാൽ സംസാരത്തിന്റെ പ്രളയോദയങ്ങളോ ബാധയോ കേവലം ഇല്ലാതായിതീരുക തന്നെ ചെയ്യും. അതിനാൽ എത്രയും കഴിയുന്ന വേഗത്തിൽ അതാണ് സിദ്ധിക്കേണ്ടതായിട്ടിരിക്കുന്നത്. ഏതേതു സുഖത്തിന്റെ അനുഭൂതിയിൽ ചിത്തത്തിന്റെ സ്ഫുരണമുണ്ടാകുന്നില്ലയോ, അതാണ് ഉത്തമവും നാശരഹിതവുമായ സുഖം. അതുണ്ടാവുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത സുഖത്തിൽ മുഴുകിയ മഹാത്മാവിനു ചിത്തമുണ്ടാകില്ല. അല്പമായി സ്ഫുരിച്ചാലും അതു ചിത്തമല്ല; അതിനെ സത്യമെന്നാണ് പറയാറ്. അറിയപ്പെടുന്ന ദൃശ്യങ്ങളിൽ നിന്നൊക്കെ വേറെയായിരിക്കുന്ന ചിത്തം ബ്രഹ്മജ്ഞാനമുണ്ടാകുമ്പോൾ ദൃശ്യത്തോടുകൂടിച്ചേർന്നു ഒന്നായിത്തീരുന്നു. മാത്രമല്ല, ആസ്ഥിതിയിലെത്തിയ ചിത്തം അധികം താമസിയാതെ തുരീയാവസ്ഥയിലേക്കുയരുകയും ചെയ്യും. തുരീയാവസ്ഥയിൽ ചിത്തം ചിൽസ്വരൂപമായി മാറുകയും ചെയ്യുന്നു. പിന്നെ തുരീയാതീതത്വവും പിന്നെ ബ്രഹ്മാത്മകതയും പ്രാപിക്കുകയും ചെയ്യുന്നു.

അജ്ഞാനാവസ്ഥയിൽ, ഹേ രാഘവാ, പല നാമരൂപങ്ങളായി കാണപ്പെടുന്നതും ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ല. ബ്രഹ്മമല്ലാതെ മറ്റൊന്നുമുണ്ടായിട്ടില്ല. ചിത്തം മുതലായ വസ്തുക്കൾ എപ്രകാരം കല്പനാമാത്രങ്ങളും പരമാർത്ഥദർശനത്തിൽ ഇല്ലാത്തവയുമാകുന്നുവോ, അതുപോലെത്തന്നെയാണ് എല്ലാവസ്തുക്കളും; കല്പനാമാത്രങ്ങളല്ലാതെ പരമാർത്ഥസ്വരൂപങ്ങളല്ല. ഈ വസ്തുക്കളെ പ്രകാശിപ്പിക്കുന്ന നല്ല ഒരു കഥ പറയാം. ശ്രദ്ധവെച്ചു കേട്ടോളൂ.

വില്വോപാഖ്യാനം

ഹേ, രാമചന്ദ്രാ, കോടി കോടി യോജനവലിപ്പമുള്ളതും വളരെ പഴയതാണെങ്കിലും ഇപ്പോഴും പുതുമയെ തോന്നിക്കുന്നതും മൃദുലവും മനോഹരവുമായ ഒരു വലിയ കൂവളക്കായയുണ്ട്. അതിനുള്ളിൽ ആയിരക്കണക്കിൽ ബ്രഹ്മാണ്ഡങ്ങൾ വിളങ്ങിക്കൊണ്ടിരിക്കുന്നു. മലയോരത്തു കടുകിന്മണികൾ വിതറിയാൽ എപ്രകാരം തോന്നപ്പെടുമോ, അപ്രകാരമാണ് അതിൽ ബ്രഹ്മാണ്ഡങ്ങൾ അടിഞ്ഞുകൂടിയിരിക്കുന്നത്. വളരെ പഴക്കമുള്ളതും നല്ലവണ്ണം മൂപ്പെത്തീട്ടുള്ളതുമാണ് ആ കായയെങ്കിലും പഴുത്തുവീഴത്തക്കനിലയിൽ എന്നും അത് പാകം വരില്ല. സംവിച്ഛക്തിയാണ് അതിന്റെ ഉള്ളിലെ കുഴമ്പ്. ആചിച്ഛക്തിതന്നെ അതിനുള്ളിൽ ആകാശാദിഭൂതങ്ങളും കാലദേശങ്ങളുമെല്ലാമായി പ്രകാശിക്കുകയും ചെയ്യുന്നു. ഇങ്ങനെ അത്യത്ഭുതകരമായ ഒരു വില്വഫലവുമുണ്ട്. എന്നിങ്ങനെ ആചാര്യശ്രേഷ്ടനായ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ അതിന്റെ താത്വികസ്വരൂപത്തെ ഗ്രഹിച്ച ശ്രീരാമചന്ദ്രൻ പറയുകയാണ്. ഭഗവാനേ, ചിൽഘനസത്തയെയാണ് അവിടുന്നു കൂവളക്കായയായും ജഗത്തിനെതന്നെയാണ് അതിന്റെയുള്ളിലെ മജ്ജയായും ഉല്ലേഖനം ചെയ്തതെന്നും ഞാൻ കരുതുന്നുവെന്ന്.

തന്റെ തത്വോപദേശങ്ങൾ ശിഷ്യനിൽ ഫലിക്കുന്നുണ്ടെന്നറിഞ്ഞ മഹർഷി ചരിതാർത്ഥനും സന്തുഷ്ടനുമായിക്കൊണ്ടു വീണ്ടും പറയാൻ തുടങ്ങി. ഹേ, രാമചന്ദ്രാ, അങ്ങു ധരിച്ചതു വളരെ ശരിയാണ്. ചിൽഘനസത്തയെതന്നെയാണ് ഞാൻ കൂവളക്കായയായി ഉല്ലേഖനം ചെയ്തത്. എന്നാൽ അതുപോലെ ഇനിയും ഒരു കഥകൂടിപ്പറയാം. ശ്രദ്ധവെച്ചു കേൾക്കു. എന്നുപറഞ്ഞുകൊണ്ട് വസിഷ്ഠമഹർഷി ശിലോപാഖ്യാനത്തെപ്പറയാൻ തുടങ്ങി.

ശിലോപാഖ്യാനം

അത്യന്തവിശാലവും മൃദുസ്പർശമുള്ളതും നീരന്ധ്രവുമായ ഒരു വലിയ പാറക്കല്ലുണ്ട്. അതിന്റെ വലിപ്പം എത്രയെന്നൊന്നും പറയാൻ വയ്യ. അത്രമാത്രം വലുതാണ്. അതിന്മേൽ അനേകമനേകം താമരപുഷ്പങ്ങൾ മുകളിലും ചുവട്ടിലുമായി വികസിച്ചുകൊണ്ടിരിക്കുന്നു. ഒന്നിനും വേരില്ല. അതുപോലെ വേറെയും അനേകം പദാർത്ഥങ്ങൾ ആ പാറക്കല്ലിലുണ്ട്. കല്ലിൽ കൊത്തപ്പെട്ട ആ രൂപങ്ങളെല്ലാം തന്നെ വേറെവേറെയായി കാണപ്പെടുന്നുണ്ടെങ്കിൽക്കൂടി അവയൊന്നും കല്ലിൽനിന്നുവേറെയല്ല. രഥങ്ങൾ, അശ്വങ്ങൾ, മനുഷ്യർ, ദേവന്മാർ തുടങ്ങി എന്തെല്ലാം രൂപങ്ങളുണ്ടോ, അവയെല്ലാം കല്ലുതന്നെയാണ്. കല്ലിൽനിന്നു വേറെയായി അവയ്ക്കൊന്നും പ്രത്യേക സത്തയില്ല. അതുപോലെ ബ്രഹ്മത്തിൽ നിന്നന്യമായി ജഗത്തിനുസത്തയില്ല. കല്ലിൽ കൊത്തപ്പെട്ട പദാർത്ഥങ്ങൾ എപ്രകാരം കല്ലു മാത്രമാണോ, അതുപോലെ ബ്രഹ്മത്തിൽ തോന്നപ്പെടുന്ന ജഗത്തും ബ്രഹ്മം മാത്രമല്ലാതെ മറ്റൊന്നുമല്ല. ചിൽഘനസ്വരൂപമായ ബ്രഹ്മത്തെത്തന്നെയാണ് ഞാൻ വിശാലമായ പാറക്കല്ലെന്നു പറഞ്ഞത്. അതിനാൽ ബ്രഹ്മത്തിൽ നിന്ന്യമായി ഒന്നും തന്നെയില്ല. ശരീരാദിവസ്തുക്കൾ സത്യമല്ല. ശിലയിൽ തോന്നപ്പെടുന്ന താമരപഷ്പങ്ങൾപോലെ ബ്രഹ്മത്തിൽ തോന്നപ്പെടുന്ന പ്രതീതി മാത്രമാണ്.

ഇങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞവസാനിപ്പിച്ചപ്പോൾ ശ്രീ രാമചന്ദ്രൻ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ വാഴ്ത്തിസ്തുതിച്ചുകൊണ്ട് വീണ്ടും പുര്യഷ്ടകമെന്നുപറഞ്ഞാലെന്താണെന്നു പറഞ്ഞുതരണമെന്നപേക്ഷിച്ചു. വസിഷ്ഠാചാര്യൻ വീണ്ടും ഉപദാശിക്കാൻ തുടങ്ങി. ബുദ്ധിമാനായ ഹേ രാമചന്ദ്രാ, കേൾക്കൂ. യാതൊരു കലനകളുമില്ലാത്ത സത്താമാത്രമായ സച്ചിദാനന്ദബ്രഹ്മം തന്നെ 'ഞാൻ' എന്ന കലനകൊണ്ടു ജീവനും മനനം കൊണ്ടു മനസ്സും വിഷയഗ്രഹണം കൊണ്ട് ഇന്ദ്രിയങ്ങളുമായിത്തീർന്നു. ഞാൻ കർത്താവാണ്, ഭോക്താവാണ്, സാക്ഷിയാണ് എന്നും മറ്റും അഭിമാനിച്ചും സുഖിച്ചും ദുഃഖിച്ചും കഴിയുന്ന ജീവൻ തന്നെ പുര്യഷ്ടകം. ഈ പുര്യഷ്ടകം ഹേതുവായിട്ടാണ് സ്വപ്നാനുഭവമെന്നപോലെ ഇല്ലാത്ത സംസാരഭക്തിയും ദൃശ്യബോധവുമെല്ലാം ഉണ്ടാകുന്നത്. ഹേ രാമാ, അതിനാൽ നീ പുര്യഷ്ടകമാകുന്ന ജീവനകലയെ അടക്കി ജീവന്മുക്തനായി വർത്തിക്കൂ. മുറവില്ലാത്ത ആനന്ദപ്രവാഹത്തിൽ മുങ്ങിക്കൊണ്ടുള്ള ജീവന്മുക്താവസ്ഥ ആരെയാണ് ചാരിതാർത്ഥനാകാത്തത്? മേലിൽ വാസുദേവോപദേശം കേട്ട് ആനിലയിലായിത്തീരാൻ പോവുന്ന കുന്തീപുത്രനായ അർജ്ജുനനെന്നപോലെ ഹേ രാമാ, നീയും ഇപ്പോൾതന്നെ ആസ്ഥിതിയിലായിത്തീരൂ. എന്നിങ്ങനെ പറഞ്ഞുകേട്ട ശ്രീരാമചന്ദ്രൻ ആരാണ് കൃഷ്ണാർജ്ജുനന്മാരെന്നും അവരെപ്പോഴാണ് ജനിക്കാൻ പോകുന്നതെന്നും ഏതു സന്ദർഭത്തിലാണ് വാസുദേവന്റെ ഉപദേശമെന്നും പറഞ്ഞുതരാനാവശ്യപ്പെട്ടു.

അർജ്ജുനോപാഖ്യാനം

അപ്പോൾ വസിഷ്ഠമഹർഷി കൃഷ്ണാർജ്ജുനന്മാരുടെ അവതാരത്തെയും അനന്തരം പാണ്ഡവരും കൗരവരും തമ്മിലുള്ള സംഘട്ടനത്തിന്റെ കാരണങ്ങളേയും സാമാന്യമായി പറഞ്ഞുകൊടുത്തതിനു ശേഷം പോർക്കളത്തിൽ ഇരുസൈന്യങ്ങളുടെയും മദ്ധ്യത്തിൽ ബന്ധുക്കളെ കൊല്ലേണ്ടിവരുന്നല്ലോ എന്നവ്യസന വ്യാമോഹംകൊണ്ടു പരവേശനായിത്തീർന്ന അർജ്ജുനനോടു ഭഗവാൻ അരുളിചെയ്ത ഉപദേശവാക്യങ്ങളെ പറഞ്ഞികൊടുക്കാൻ തുടങ്ങി.

ഹേ അർജ്ജുനാ, ആദിമധ്യാവസാനങ്ങളില്ലാത്തതും അവ്യക്തവും അനാമയവുമായ ആത്മാവിനെ അറിയൂ. നീയും ഇക്കാണപ്പെടുന്നവരുമെല്ലാം അതാണല്ലോ. അതിനുണ്ടോ ഉല്പത്തിലയങ്ങൾ? പിന്നെ ആർ ആരെക്കൊല്ലുന്നു, ആർ കൊല്ലപ്പെടുന്നു? ആരും ജയിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ലെന്നതാണ് പരമാർത്ഥം. ആത്മാവൊരിക്കലും ഇല്ലാതായിത്തീരുകയോ പിന്നീടൊരിക്കൽ ഉണ്ടായിത്തീരുകയോ രണ്ടും ചെയ്യുന്നില്ല. എപ്പോഴും ഉള്ളതായിതന്നെ ഇരിക്കുന്നു. ഈ ബോധത്തോടെ നന്മതിന്മകളേയോ ലാഭാലാഭങ്ങളേയോ കണക്കാക്കാതെ കർത്തവ്യങ്ങളെ ബ്രഹ്മാർപ്പണം ചെയ്യുന്നവൻ കാലംകൊണ്ടു ബ്രഹ്മംതന്നെയായിത്തീരും. എല്ലാവസ്തുക്കളെയും അനുഭവങ്ങളെയും ഭാവങ്ങളെയും ഈശ്വരാർപ്പണംചെയ്തു നീ സ്വയമേവ ഈശ്വരനായിത്തീരാൻ ശ്രമിക്കൂ. സങ്കൽപ്പങ്ങളെ മുഴുവൻ അകറ്റി സമനും ശാന്തനുമായിത്തീർന്നാൽ നീ മുക്തൻതന്നെ. എന്നിങ്ങനെ ഭഗവാൻ അരുളിചെയ്യുമ്പോൾ അർജ്ജുനൻ ചോദിക്കും; ഭഗവാനേ, ത്യാഗം, സന്യാസം, ജ്ഞാനം, ബ്രഹ്മം എന്നിവയുടെ ലക്ഷണങ്ങളെന്താന്താണ്? വാസുദേവൻ അപ്പോൾ മറുപടി പറയും: ഹേ അർജ്ജുനാ, സങ്കൽപ്പങ്ങളെ മുഴുവൻ അകറ്റി ഭാവനയും വാസനയും അല്പം പോലുമില്ലാതെ സ്വച്ഛനിർമ്മലനായിരിക്കുന്നതു തന്നെ ബ്രഹ്മലക്ഷണം. ബ്രഹ്മമായിത്തീരാനുള്ള അറിവും പ്രയത്നവുമാണ് ജ്ഞാനലക്ഷണം. യോഗവും അതുതന്നെ. അതിനാൽ രണ്ടിന്റെയും ലക്ഷണങ്ങൾ പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഞാനടക്കമുള്ള ഈ ലോകം മുഴുവൻ ബ്രഹ്മമാണന്ന വിശ്വാസം തന്നെ ബ്രഹ്മാർപ്പണം. കർമ്മഫലങ്ങളെ ഉപേക്ഷിക്കുന്നത് സന്യാസം; സങ്കൽപ്പങ്ങളെ അകറ്റുന്നത് അസംഗവുമാണ്. സർവ്വാന്തര്യാമിയും അദ്വൈതനുമായ ഈശ്വരൻ എല്ലാം ചെയ്യുന്നുവെന്ന ഭാവനയോടെ ദ്വൈതഭാവനയില്ലാതിരിക്കുന്നതും ബ്രഹ്മാർപ്പണമാണെന്നു അറിവുള്ളവർ പറയുന്നു.

സാമാന്യമെന്നും പരമമെന്നും ഈശ്വരന് രണ്ടുരൂപങ്ങളുണ്ട്. ശംഖപത്മഗദാചക്രങ്ങളെ ധരിച്ചു നാലുതൃക്കൈകളോടുകൂടിയ വിഷ്ണു സ്വരൂപം സാമാന്യവും, ഏകവും അനാദ്യന്തവും അവ്യക്തവുമായ ബ്രഹ്മം പരമവുമാണ്. ആത്മജ്ഞാനംകൊണ്ടു പ്രബുദ്ധനും ജീവന്മുക്തനും ആകാതിരിക്കുംകാലത്തോളം ഭക്തിശ്രദ്ധാവിശ്വാസങ്ങളോടെ സാമാന്യസ്വരൂപിയായ വിഷ്ണുദേവനെ ജപകീർത്തനധ്യാനപൂജാനമസ്കാരാദികളെ കൊണ്ട് ഉപാസിക്കണം. ഭഗവാനെ ധ്യാനിക്കുക, അവിടുത്തെ ഭക്തനായിരിക്കുക, എല്ലാം ഭഗവാനിൽസമർപ്പിക്കുക; അങ്ങനെ ജീവിക്കുമ്പോൾ കാലം

കൊണ്ട് ആത്മജ്ഞനമുണ്ടായി ഉണർന്ന് ആത്യന്തഹിനമായ ബ്രഹ്മസ്വരൂപത്തെ അറിഞ്ഞു തന്മയനായിത്തീരും. അങ്ങനെ സംഭവിക്കാനിടവന്നാൽ പിന്നീടീസംസാരത്തിൽ ജനിക്കേണ്ടി വരുകയുമില്ല.

മാനം, മോഹം തുടങ്ങിയ ചിത്തദോഷങ്ങൾ നീങ്ങി നിസ്സംഗന്മാരും ആത്മാനുസന്ധാനനിരതന്മാരും കാമാദിദോഷങ്ങൾ നീങ്ങിയവരും നിർദ്വന്ദ്വന്മാരുമായ വിദ്വാന്മാർ കേവലമായ തത്പദത്തെ പ്രാപിക്കുന്നു. സംസാരബാധ എന്നെന്നേക്കുമായി അവരെ വിട്ടുമാറുകയും ചെയ്യുന്നു. ആരംഭങ്ങൾ ചുരുങ്ങണം. ചിലതൊക്കെ ഉണ്ടായാൽത്തന്നെ അവ കാമാദി സങ്കല്പവർജ്ജിതങ്ങളും കേവലം നിഷ്കാമങ്ങളുമായിത്തീരുകയും വേണം. അങ്ങനെയുള്ളവരെയാണ് വിദ്വാന്മാരെന്നു ലോകത്തിൽ പറഞ്ഞുവരുന്നത്. നിത്യസത്വസ്ഥനും നിര്യോഗക്ഷേമനും അപ്രമത്തനുമായിരിക്കണം. ഹേ അർജ്ജുനാ, എന്തൊക്കെ സംഭവിച്ചാലും തന്റെ നിഷ്ഠക്കു ഭംഗം വരുത്താതിരിക്കണം. പ്രാരബ്ധത്തിന് അനുരൂപമായി അപ്പേഴപ്പോൾ എന്തുവന്നാലും അതിൽ നന്മതിന്മകളെ കാണാതെ അനുഭവിച്ച് ചരിതാർത്ഥനാവണം. ഗുരൂപദേശവും ശാസ്ത്രവുമാകുന്ന മാർഗ്ഗത്തെ ഒരുകാലത്തും ഉപേക്ഷിക്കരുത്. അവ വാസനാജാലത്തെ അഗ്നിയെന്നപോലെ ദഹിപ്പിക്കും. അങ്ങനെ ജീവിച്ചാൽ കാലംകൊണ്ട് മുക്തനായിത്തീരും. എന്നിപ്രകാരമുള്ള വാസുദേവവ്യാക്യങ്ങളെ കേട്ട് കുന്തീപുത്രനായ അർജ്ജുനൻ ഉൽബുദ്ധനും ചരിതാർത്ഥനുമായിത്തീരും. ഹേ രാമചന്ദ്രാ, നീയും അതുപോലെ ഉൽബുദ്ധനും ചരിതാർത്ഥനുമായിത്തീരാൻ ശ്രമിക്കു.

ശതരുദ്രോപാഖ്യാനം

ഹേ രാമചന്ദ്രാ, ഇനി ഞാൻ ഒരു സന്യാസിയുടെ രസകരമായൊരു കഥ പറയാം. ശ്രദ്ധവെച്ചു കേൾക്കു എന്നുപറഞ്ഞുകൊണ്ടു വസിഷ്ഠമഹർഷി പിന്നെയും പറയാൻ തുടങ്ങി:

ഒരിക്കൽ കാട്ടിൽ ഒരു ഏകാന്തസ്ഥലത്തിരുന്നു സമാധിപരിശീലനം ചെയ്തുവന്ന ഒരു സന്യാസിയുണ്ടായിരുന്നു. അങ്ങനെ വളരെക്കാലം സമാധിപരിശീലനം ചെയ്തതുകൊണ്ട് ആ ഭിക്ഷുവിന്റെ ചിത്തം വളരെ നിർമ്മലവും വീര്യവത്തുമായിത്തീർന്നു. അതിന്റെ ഫലമായി അദ്ദേഹം എന്തിനെ ഭാവിക്കുന്നുവോ, ഉടനെ അതായിത്തീരും. വെള്ളം തിരയായി മാറാൻ പ്രയത്നം ആവശ്യമില്ലത്തതുപോലെ അദ്ദേഹത്തിനു എന്തായിത്തീരാനും ഒരുസ്മരണമൊഴിച്ച് മറ്റൊന്നും ആവശ്യമില്ല. അങ്ങനെയിരിക്കെ ഒരുദിവസം സമാധിവിട്ടുണർന്ന് സ്വസ്ഥചിത്തനായി വിശ്രമിക്കുമ്പോൾ പൂർവ്വവാസനാവിശേഷം കൊണ്ടോ എന്തോ നേരമ്പോക്കായി കുറച്ചുസമയം

സാധാരണജനങ്ങളുടെ ചിത്തമെന്നപോലെ മനസ്സുകൊണ്ട് ലോകവ്യവഹാരത്തെ നടത്താമെന്ന് തീർച്ചപ്പെടുത്തി. അതൊരു ആപത്തായി തീരുമെന്നോ അതുകൊണ്ടു ദുഖാനുഭവങ്ങൾ ഉണ്ടാവുമെന്നോ വിചാരിച്ചില്ല. അതിനുമുമ്പേതന്നെ എപ്പോൾ കുറച്ചുസമയം മനസ്സുകൊണ്ടു ലോകവ്യവഹാരത്തിൽ രസിക്കാമെന്നു വിചാരിച്ചുവോ, അപ്പോൾ പെട്ടെന്നൊരു സങ്കൽപ്പം പൊന്തിവന്നു. ഞാൻ 'ജീവട' നെന്ന ഒരു ബ്രാഹ്മണനാണ് എന്നാണ് ആദ്യം പൊന്തിയ സങ്കല്പം. ആ ജീവടബ്രാഹ്മണന്റെ സ്വരൂപവും സ്വഭാവവും എല്ലാം പ്രകാശിച്ചു. സന്യാസി തികച്ചും ജീവടബ്രാഹ്മണനായിത്തീർന്നു.സ്വപ്നപുരുഷനായ ആ ജീവടബ്രാഹ്മണൻ സ്വപ്നമയങ്ങളായ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റിനടക്കുകയും പലവ്യവഹാരങ്ങളെയും ആചരിക്കുകയും ചെയ്തുവന്നു.

അങ്ങനെയിരിക്കെ ഒരുദിവസ്സം ആ ജീവടബ്രാഹ്മണൻ ഉറങ്ങിയപ്പോൾ താൻ സ്വാധ്യായശ്രുതസമ്പന്നനും ബ്രഹ്മനിഷ്ഠാനുഭൂതിയോടുകൂടിയവനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠനായി മാറി സ്വപ്നത്തിൽ. പിന്നെ ആ ബ്രാഹ്മണശ്രേഷ്ഠൻ തന്റെ കൃത്യങ്ങളെ ചെയ്തു കഴിഞ്ഞുകൂടിക്കൊണ്ടിരിക്കേ ഒരിക്കൽ സ്വപ്നത്തിൽ ഒരു സാമന്തനായിട്ടു മാറി. സാമന്ത സ്വപ്നത്തിൽ ചക്രവർത്തിയായിത്തീർന്നു. എല്ലാപ്രഭാവങ്ങളോടും കൂടിയ ആ ചക്രവർത്തി ഒരിക്കൽ സ്വപ്നത്തിൽ ഒരു ദേവസ്ത്രീയായിത്തീർന്നു. പലരോടുംകൂടി ദിവ്യലീലകളെ ചെയ്തു വിനോദിച്ചു തളർന്ന ആ ദേവസ്ത്രീ കിടന്നുറങ്ങുമ്പോൾ തന്നെ ഒരു മാൻപേടയായി കണ്ടു. കണ്ടതിനെയും കേട്ടതിനെയുമാണല്ലോ സ്വപ്നത്തിൽ കാണുന്നത്. അങ്ങനെ ദൃഷ്ടശ്രുതങ്ങളായ വസ്തുക്കളെ സ്വപ്നത്തിൽ ദർശിക്കുകയെന്നതു തിര്യക്കുകൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സാധാരണാനുഭവമാണ്. അതിനാൽ മാൻപേട ഒരു ദിവസം സ്വപ്നത്തിൽ തന്നെ ഒരു കാട്ടുവള്ളിയായി കണ്ടു. ആ വള്ളി വളർന്നു പടർന്നു പന്തലിച്ചു പല വൃക്ഷങ്ങളിലും ചുറ്റി

വനദേവതമാർക്കു രതിക്രീഡക്കുള്ള വള്ളിക്കുടിലായിത്തീർന്നു. മിക്കപ്പോഴും പുഷ്പിച്ചു പൂന്തൊത്തുകളോടുകൂടിയിരുന്ന ആ വള്ളിയിൽ വണ്ടുകൾ ധാരാളമായി വന്നും പോയുമിരുന്നു. അവയുടെ നിരന്തരസമ്പർക്കംകൊണ്ടോ എന്തോ, ലതാന്തർഗ്ഗതമായ സംവിത്തു വണ്ടിനെ സ്മരിച്ചു വണ്ടായിത്തീർന്നു. താമരപുഷ്പത്തിലെ തേനിന്റെ മാധുര്യം നുകർന്ന വണ്ട് ഒരു ദിവസം കൂമ്പിയ താമരക്കുള്ളിൽ പെട്ടുപോയി. രാത്രിയിൽ ഒരു ആന ഇറങ്ങിവന്നു. പൊയ്കയൊക്കെ ഇളക്കിമറിച്ചു താമരത്തണ്ടുകൾ പറിച്ചു വലിച്ചു നിലത്തടിച്ച കൂട്ടത്തിൽ ആ വണ്ടത്താനും ചാവാനിടയായി. ആനയെ ഭാവിച്ചുകൊണ്ട് മരിച്ചതിനാൽ അധികം താമസിയാതെ വണ്ട് ആനയായിത്തീർന്നു. ആ ആന പിടിയാനകളോടുകൂടി കാട്ടിൽ മദിച്ചുകൊണ്ടിരിക്കുന്ന സമയത്തൊരു വാരിക്കുഴിയിൽ വീണു. അതിനെ മനുഷ്യർ പിടിച്ചു കരയ്ക്കുകയറ്റി കൊണ്ടുപോയി മെരുക്കി യുദ്ധത്തിനുപയോഗപ്പെടുത്തിവന്നു. ഒരിക്കൽ ഒരുപോർക്കളത്തിൽ വച്ചു ശത്രുസൈന്യങ്ങളുടെ ആയുധമേറ്റു മരിക്കാനും ഇടയായി. ജീവിച്ചിരിക്കുമ്പോൾ മിക്കപ്പോഴും വണ്ടിനെ കണ്ടു പരിചയിച്ച ആന മരണശേഷം വണ്ടായിത്തീർന്നു. അപ്പോഴും ഒരിക്കൽ താമരപുഷ്പത്തിലിരിക്കെ ആന കൊല്ലാനിടയായിത്തീർന്നു. എങ്കിലും പിന്നീടു ഹംസമായിട്ടാണ് ജനിച്ചത്. ആ ഹംസം പിന്നെയും അനേകം ജീവിസ്വരൂപത്തിൽ ജനിക്കുകയും മരിക്കുകയും ചെയ്തശേഷം ഒരിക്കൽ ബ്രഹ്മദേവന്റെ വാഹനമായ ഹംസമായിത്തീർന്നു. അക്കാലത്തു ബ്രഹ്മദേവനോടുകൂടി പലസ്ഥലത്തും പോകാനിടയായ കൂട്ടത്തിൽ ഒരിക്കൽ രുദ്രലോകത്തും പോയി. രുദ്രദേവന്റെ മാഹാത്മ്യവും പ്രൗഢിയുമൊക്കെക്കണ്ട് ആ ഹംസം താൻ രുദ്രനാണെന്നു ഭാവിക്കാൻ തുടങ്ങി. അതിന്റെ ഫലമായി രുദ്രനായിത്തീർന്നു. ശൈവാചാരങ്ങളോടും ഭൂതഗണങ്ങളോടും കൂടി രുദ്രലോകത്തു കഴിയാൻ തുടങ്ങി. ആ രുദ്രദേവൻ തന്റെ സർവ്വോത്തമമായ ജ്ഞാനം കൊണ്ടും വിസ്തൃതമായ ബുദ്ധികൊണ്ടും തന്റെ പൂർവ്വജന്മങ്ങളെയും അവയിലെ അനുഭവങ്ങളെയുമൊക്കെ നോക്കികണ്ടു. നിവാരണസ്വരൂപമായ ജ്ഞാനം കൊണ്ടു പൂർവ്വചരിത്രങ്ങളെ മുഴുവൻ കൈയ്യിൽ വെച്ചു നെല്ലിക്കയെന്നപോലെ നോക്കികണ്ട് അത്യന്തം വിസ്മയിച്ചു ഭഗവാനായ ഹരൻ പിന്നീടങ്ങനെ വിചാരിക്കാൻ തുടങ്ങി.

ആശ്ചര്യമാശ്ചര്യം! എന്തൊരു കഥയാണിത്! വിശ്വത്തെ മുഴുവൻ മോഹിപ്പിച്ചുകൊണ്ടിരിക്കുന്ന മോഹനസ്വരൂപിയായ മായ, വാസ്തവത്തിൽ ഒരു മരീചികയെന്നപോലെ ഇല്ലാത്തതാണെങ്കിലും ഉള്ളതായിത്തന്നെ വിളങ്ങുന്നു. കഷ്ടം! അതിന്റെ ഫലമായി ഏതെല്ലാം സംസാരക്കാടുകളിൽ എത്രയൊക്കെയാണ് ഞാൻ ഭ്രമിക്കാനും അലയാനും ഇടയായത്! ഒരു ജന്മത്തിൽ ജീവടബ്രാഹ്മണനെന്നും പിന്നൊരിക്കൽ ശ്രേഷ്ഠബ്രാഹ്മണനെന്നും മറ്റൊന്നിൽ മഹാരാജാവും എന്നുവേണ്ട എന്തൊക്കെയായാണ് ഞാൻ ഭ്രമിച്ചത്! അങ്ങനെ പലതിലും ഭ്രമിച്ച് ഇപ്പോൾ രുദ്രനായിത്തീർന്നശേഷവും ഒരുനൂറു ചതുർയുഗങ്ങളും ഒരായിരം സംവത്സരങ്ങളും ഇപ്പോൾ കഴിഞ്ഞു. എന്നല്ല, ഇവിടെ ചെയ്തുതീർത്ത കാര്യങ്ങൾക്ക് അവസാനവുമില്ല. അത്രയധികം കർമ്മങ്ങളും ചെയ്തു. എന്തൊരാശ്ചര്യമാണിത്! പോട്ടെ, ഇനിയെങ്കിലും എന്റെ ജന്മങ്ങളെയൊക്കെ നോക്കിക്കണ്ട് എല്ലാം എന്നോടുകൂടി യോജിപ്പിച്ച് ഏകീകരിക്കട്ടെ. എന്നിങ്ങനെ തീർച്ചപ്പെടുത്തി രുദ്രദേവൻ ആദ്യം തന്നെ സന്യാസിയിരിക്കുന്നിടത്തേക്കുവന്നു. അദ്ദേഹം ശവമെന്നപോലെ

കേവലം അസ്തപ്രജ്ഞനായിട്ടിരിക്കയാണ്. അദ്ദേഹത്തെ ഉണർത്തി അതോടെ അദ്ദേഹത്തിന്റെ പ്രജ്ഞവികസിച്ചു. കഴിഞ്ഞ എല്ലാ സംഗതികളെയും ഓർമ്മിച്ചു. ജ്ഞാനിയെങ്കിലും അദ്ദേഹവും ആശ്ചര്യപ്പെട്ടു. അനന്തരം അവർ രണ്ടുപേരും കൂടി പോയി ചിദാകാശത്തിന്റെ മറ്റൊരു കോണിൽ സ്തബ്ധനായിരിക്കുന്ന ജീവടബ്രാഹ്മണനെയും അതുപോലെ മറ്റെല്ലാപേരെയും ഉണർത്തി അവരിലൊക്കെ അദ്വൈതജ്ഞാനം പ്രകാശിപ്പിച്ചു. അനന്തരം അവരെല്ലാവരും വർത്തമാന പ്രാരബ്ധത്തെ യഥാവിധി അനുഭവിച്ചശേഷം അന്ത്യത്തിൽ ഒരു രുദ്രദേവനോട്ട് ഐക്യത്തെ പ്രാപിക്കുകയും ചെയ്തു.

ഹേ രാമചന്ദ്രാ, എല്ലാം ഒരാളുടെ ചിത്തത്തിലുണ്ട്. ഏതിനെ ഏതുരൂപത്തിൽ ചിത്തു സൂക്ഷിക്കുന്നുവോ, അത് ആ രൂപമായിത്തീരുന്നു. ചിത്തിനു സർവ്വാത്മകത്വമുണ്ടെന്നതിനാൽ ഒരു സങ്കല്പവും അല്ലെങ്കിൽ ഒരു വീക്ഷണവും ഫലിക്കാതിരിക്കുന്നില്ല. സ്വപ്നത്തിൽ കാണുന്നതും സങ്കല്പം കൊണ്ടുഭാവിക്കുന്നതും കൂടിയും അവിടെ അതേ രൂപത്തിൽത്തന്നെ വർത്തിക്കുന്നു. അതാണ് ചിത്തിന്റെ പ്രഭാവം. സങ്കല്പംകൊണ്ടും സ്വപ്നത്തിലും അപ്രാപ്യങ്ങളും കാലദേശങ്ങളാൽ മറക്കപ്പെട്ടവയുമായ പദാർത്ഥങ്ങളെപ്പോലും പ്രാപിക്കാറുണ്ടല്ലോ. അഭ്യാസവും യോഗസിദ്ധിയുമുള്ള ഒരാൾക്ക് ഏതവസരത്തിലും അങ്ങനെയുള്ള ഏതൊരു പദാർത്ഥത്തെയും പ്രാപിക്കാൻ കഴിയും. യോഗവും ജ്ഞാനവും പൂർണ്ണമായുള്ള ശങ്കരാദിദേവശ്രേഷ്ഠന്മാർ എപ്പോഴും എല്ലാറ്റിനെയും കാണുന്നു. ചിത്തത്തിന്റെ ഏകനിഷ്ഠ അല്ലെങ്കിൽ ഏകാഗ്രതയാണ് വീര്യത്തെയും അനന്തരം യോഗത്തെയും അവസാനം ജ്ഞാനത്തെയും പ്രകാശിപ്പിക്കുന്നത്. ഒന്നിനെ പ്രാപിക്കാനിച്ഛിക്കുന്ന ചിത്തം അതിനെ വിട്ടു മറ്റോരോന്നിനെ പ്രാപിച്ചു കൊണ്ടിരിക്കുംകാലത്തോളം ഉദ്ദിഷ്ട വസ്തുവിന്റെ പ്രാപ്തിയില്ലെന്നു പറയേണ്ടതില്ലല്ലോ.

ഏകാഗ്രമായ മനസ്സ് ദൃഢതയോടുകൂടുംവണ്ണം സങ്കല്പിക്കുന്ന സങ്കല്പങ്ങൾ എന്തായാലും പെട്ടെന്നുതന്നെ സഫലങ്ങളാവുന്നു. മനസ്സിന്നേകാഗ്രതയോ സങ്കല്പത്തിന് ദാർഢ്യമോ ഇല്ലാത്തതുകൊണ്ടാണ് സാധാരണ ജനങ്ങളുടെ സങ്കൽപ്പങ്ങൾ പെട്ടന്നു ഫലിച്ചു കാണാത്തത്. അതിനാൽ, ഹേ രാഘവാ, സങ്കല്പാർത്ഥൈകനിഷ്ഠത്വംകൊണ്ടാണ് സന്യാസി അനേകം രൂപങ്ങളായി അനേക സംസാരങ്ങളെ വളർത്താനിടയായത്. അവസാനം രുദ്രനായിത്തീർന്നതിനാൽ എല്ലാ രൂപങ്ങൾക്കും സത്യത സംഭവിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം സംസാരമുണ്ടാവുകയും അവസാനം രുദ്രസങ്കല്പംകൊണ്ട് എല്ലാവരും ഒന്നായിചേർന്ന് കൈവല്യത്തെ പ്രാപിക്കുകയും ചെയ്തു. ഇങ്ങനെയൊക്കെ സംഭവിക്കുമോ എന്നു സംശയിക്കേണ്ട. ഇങ്ങനെയും ഇതിലും വിചിത്രമായതുമൊക്കെ സംഭവിക്കാം. എന്തുകൊണ്ടെന്നാൽ മായയാണ് അതിനെല്ലാം ഹേതു. ഒന്ന് അനേകമായും അനേകങ്ങൾ ഒന്നായുമൊക്കെ സംഭവിക്കാം. ശ്രീനാരായണൻ അംശാവതാരലീലകളെക്കൊണ്ട് ഈവിശ്വത്തെ രക്ഷിക്കുന്നുവെന്നുകേട്ടിട്ടില്ലേ? ആയതെങ്ങനെ സംഭവിക്കുന്നുവോ, അതുപോലെ എപ്പോഴും എവിടെയും എല്ലാവരിലും സംഭവിക്കാം. എന്നാൽ

സാഹചര്യങ്ങൾ യോജിച്ചിരിക്കണമെന്നുമാത്രം.

വീണ്ടും വസിഷ്ഠമഹർഷി പറയാൻതുടങ്ങി: ഹേ രാമചന്ദ്രാ, ചിത്തത്തിന്റെ രാജസമായ ഉല്ലാസത്തെ അടക്കി സത്വനിഷ്ഠകൊണ്ടു ശാന്തവും ശുദ്ധവുമാക്കി എപ്പോഴും ബ്രഹ്മഭാവനയോടും സൌഷുപ്തമനത്തോടും കൂടിയിരിക്കു. അങ്ങനെ കഴിയുന്നവരെ സംസാരത്തിന്റെ ക്ലേശങ്ങളൊന്നും ബാധിക്കില്ല. എന്നിങ്ങനെ പറഞ്ഞപ്പോൾ ഭഗവാൻ ചോദിക്കയാണ്. ഹേ മഹർഷേ, വാങ്മൌനം, അക്ഷമൌനം, കാഷ്ഠമൌനം ഇങ്ങനെയുള്ള മൂന്നുതരത്തിലുള്ള മൌനങ്ങളെ പറ്റിഞാൻ കേട്ടിട്ടുണ്ട്. എന്നാൽ സൌഷുപ്ത മൌമത്തെപ്പറ്റി കേട്ടിട്ടില്ല. അതെങ്ങിനെയുള്ളതാണെന്നു പറഞ്ഞുതന്നാൽ കൊള്ളാമെന്ന്. അതിനും മറുപടി പറയാൻ തുടങ്ങിവസിഷ്ഠമഹർഷി:

ഹേ രാമാ, മുനിമാർ രണ്ടുതരത്തിലാണെന്നു പറയാറുണ്ട് അറിവുള്ളവർ. അതിൽ ഒരു വർഗ്ഗത്തെ കാഷ്ഠതാപസനെന്നും മറ്റേ വർഗ്ഗത്തെ ജീവന്മുക്തനെന്നും പറഞ്ഞുവരുന്നു. വസ്തുബോധം വരുത്താതെയും തത്ത്വവിചാരം ചെയ്യാതെയും ബ്രഹ്മഭാവനയെ അനുഷ്ടിക്കാതെ കേവലം ശുഷ്കങ്ങളായ ക്രിയകളെ ചെയ്തും ഹഠയോഗത്തെ അഭ്യസിച്ചും കഴിയുന്നതാപസ്സൻമാരെയാണ് കാഷ്ഠതാപസ്സനെന്നു പറയുന്നത്. അറിയപ്പെട്ടതെല്ലാം ബ്രഹ്മമാണെന്നബോധത്തോടു കൂടി ഭേദബുദ്ധിയില്ലാതെ എപ്പോഴും ബ്രഹ്മഭാവത്തിൽത്തന്നെ മുഴുകികഴിയുന്നവർ ജീവന്മുക്തരെന്നും പറയപ്പെടുന്നു. പ്രസ്തുതരണ്ടുവർഗ്ഗത്തിൽപ്പെട്ട മുനിമാരുടെയും മനോവൃത്തി പ്രശാന്തവും വിഷയനിവൃത്തിയുമാണ്. എന്നാൽ രണ്ടു രൂപത്തിലാണെന്നേയുള്ളു. എങ്കിലും രണ്ടുകൂട്ടരും മൌനികൾ തന്നെ.

കേവലം വാക്കിനെ മാത്രം അടക്കുന്നതിനാണ് വാങ്മൌനമെന്നു പറയുന്നത്. ബലാൽക്കാരേണ ഇന്ദ്രിയങ്ങളെ അടക്കി വിഷയസമ്പർക്കമില്ലാതിരികികുന്നത് അക്ഷമൌനമെന്നും പറയപ്പെടുന്നു. കർമ്മങ്ങളെ മുഴുവൻ വിട്ടു നിശ്ചേഷ്ടനായിരിക്കുന്നതാണ് കാഷ്ഠമൌനം. പറയപ്പെട്ട മൂന്നു മൌനങ്ങളും നല്ലതുതന്നെ. പക്ഷേ ചിത്തവാസനകളടങ്ങിക്കഴിഞ്ഞാൽ സംഭവിക്കുന്നതാണ് സൌഷുപ്ത മൌനം. ഒന്നിലും ഒരു തരത്തിലുള്ള ഭേദബുദ്ധിയും അപ്പോഴുണ്ടാവില്ല. രാത്രിയെന്നോ പകലെന്നോ സമാധിയെന്നോ വിഷയഗ്രഹണമെന്നോ ജാഗ്രത്തെന്നോ സുഷുപ്തിയെന്നോ ഉള്ള യാതൊരു ഭേദവുമില്ലാതെ ആദ്യന്തരഹിതവും ഏകവും നിരുപാധികവുമായ ബ്രഹ്മഭാവമൊഴിച്ചു മറ്റൊന്നിന്റെയും പ്രതീതിയില്ലാതിരിക്കും. അതുതന്നെ സൌഷുപ്തമൌനം. നാനാതത്വസ്വരൂപമായ ഈ ജഗത്തെല്ലാം തന്നെയും അദ്വൈതബ്രഹ്മമല്ലാതെ മറ്റൊന്നമില്ലെന്നറിഞ്ഞു നിർവ്വികല്പമായ ബ്രഹ്മഭാവത്തിൽ മുഴുകിയിരിക്കുന്നതുതന്നെ സൌഷുപ്തമൌനമെന്നു പറയപ്പെടുന്നു. ജഗൽസംബന്ധമില്ലാതെ ബ്രഹ്മൈക ഭാവനയായി ഭേദബുദ്ധിയില്ലാതെ സുഷുപ്തിക്കു തുല്ല്യമായുള്ള ഇരിപ്പിനെത്തന്നെയാണ് സൌഷുപ്തമൌനമെന്നുപറയുന്നത്.

സാംഖ്യയോഗികളും യോഗയോഗികളും സൌഷുപ്തമൌനസ്ഥിതി ചെയ്യാറുണ്ട്. അല്ലെങ്കിൽ ജ്ഞാനംകൊണ്ടും യോഗസിദ്ധിയെകൊണ്ടും യോഗസ്ഥതിയെക്കൊണ്ടും ഭേദബുദ്ധിയെ നശിപ്പിച്ച്

സുഷുപ്തസ്ഥിതിയിലിരിക്കാം സമ്യക്ജ്ഞാനത്തെത്തന്നെയാണ് സാംഖ്യമെന്നു പറയുന്നത്. യുക്തിയോടുകൂടുംവണ്ണമുള്ള അഭ്യാസംകൊണ്ട് പ്രാണാദിവായുക്കളെ ജയിച്ചു ക്ലേശരഹിതമായ കേവലസ്ഥിതിയിലിരിക്കുന്നവരെയാണ് യോഗയോഗികളെന്നും പറയുന്നത്. സാംഖ്യവും യോഗവും രണ്ടു യോഗങ്ങളും രണ്ടുവിധ അനുഷ്ടാനസമ്പ്രദായങ്ങളുമാണെങ്കിലും ഇരുകൂട്ടരുടെയും പ്രാപ്യവസ്തു ഒന്നുതന്നെ.

മനസ്സെന്ന തത്വംതന്നെ വാസ്തവത്തിൽ ഇല്ലാത്തതാണ്. വിചാരങ്ങളെക്കൊണ്ടാണല്ലോ മനസ്സ് ഉള്ളതാണെന്നു തോന്നപ്പെടാൻ ഇടയാവുന്നത്. എന്നാൽ വിചാരങ്ങളിൽ ഒന്നുപോലും സത്യമല്ല; എല്ലാം അസത്യമാണെന്നുവന്നാൽ അസത്യങ്ങളായ വിചാരങ്ങൾക്കാസ്പദമായ മനസ്സെങ്ങനെ സത്യമാവും? ഒരാൾ സ്വപ്നത്തിൽ തന്റെ മരണത്തെ അനുഭവിക്കുന്നുവെന്നിരിക്കട്ടേ; അസത്യമായ ആ മരണപ്രതീതിയെ പ്രദാനംചെയ്ത മനസ്സും അസത്യമല്ലാതെ സത്യമാകുന്നതെങ്ങനെ? വേണ്ടുംവണ്ണം വിചാരം ചെയ്യാനിടയാകുമ്പോൾ മനസ്സ് ഇല്ലാത്തതാണെന്നു ബോധ്യമാകും. ഹേ, രാമാ, ഇല്ലാത്ത മനസ്സിനെ ലയിപ്പിച്ച് ഇല്ലാതാക്കിതീർക്കലും പ്രാണങ്ങളെ നിശ്ചലങ്ങളാക്കലും വസ്തുസ്വരൂപത്തെ വിടാതെ അനുസന്ധാനം ചെയ്യലുമാകുന്ന മൂന്നഭ്യാസങ്ങൾ തന്നെയാണ് മോക്ഷസാധനങ്ങൾ. പറയപ്പെട്ട മൂന്നഭ്യാസങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വാധീനമായാൽത്തന്നെ മറ്റുരണ്ടും ക്രമേണ വന്നു ചേരുകയും ലക്ഷ്യമാകുന്ന കൈവല്യത്തെ പ്രാപിക്കാനിടയാവുകയും ചെയ്യും. വാസ്തവത്തിൽ പ്രാണനും മനസ്സും രണ്ടുതത്വങ്ങളാണെന്നുമാത്രമേയുള്ളു. അവയ്ക്ക് അന്യോന്യവൈരുധ്യമില്ല. അന്യോന്യൈക്യസ്ഥിതിയുണ്ടുതാനും. അവയിൽ ഏതെങ്കിലും ഒന്നു നിന്നാൽ താമസമില്ല മറ്റേതും നിശ്ചലമായിത്തീരും. ഒരേതത്വത്തിന്റെ രണ്ടുരൂപങ്ങളാണ് മനസ്സും പ്രാണനുമെന്നോ, അല്ലെങ്കിൽ അന്യോന്യം ആധാരാധേയങ്ങളാണെന്നോ ഒക്കെപ്പറയാം. അത്രമാത്രം അന്യോന്യസംബന്ധത്തോടുകൂടിയവയാണ് പ്രാണനും മനസ്സും.

ഏതൊരു വസ്തുവിന്റെ നിരന്താനുസന്ധാനംകൊണ്ട് ഹേ രാമാ, പ്രാണനും മനസ്സും അത്യന്തൈകാഗ്രമായി വസ്തുവോടു തന്മയതയെ പ്രാപിക്കനിടയാവുന്നുവോ, സംശയമില്ല ഉടനെ ആ വസ്തുവായിത്തീരുന്നു. ഈ വസ്തുതയെ വെളിവാക്കാൻവേണ്ടി പണ്ടൊരു വേതാളത്തിന്റെ ചേദ്യോത്തരസ്വരൂപമായ ഇതിഹാസത്തെപ്പറ്റിപ്പറയാം. ശ്രദ്ധവെച്ചുകേൾക്കു എന്നു പറഞ്ഞുകൊണ്ട് വസിഷ്ഠമഹർഷി വേതാളോപാഖ്യാനമാകുന്ന ഇതിഹാസത്തെപ്പറയാൻ തുടങ്ങി.

വേതാളോപാഖ്യാനം

പണ്ട് വിന്ധ്യപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള കൊടുംകാട്ടിൽ മഹാഭയങ്കരസ്വരൂപിയായ ഒരു വേതാളം താമസിച്ചുവന്നു. വിശപ്പിന്റെ ആധിക്യംകൊണ്ടും ആഹാരത്തിന്റെ കുറവുകൊണ്ടും ആ കാട്ടിൽ അധികകാലം താമസ്സിക്കാൻ കഴിയാതെ മനുഷ്യർ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിലേക്കിറങ്ങി. അങ്ങനെ ഏതോ ഒരു ഗ്രാമത്തിൽ കുറേക്കാലം താമസിച്ചു. വേതാളത്തിന്റെ ബാധയുണ്ടാവാതിരിക്കാൻ വേണ്ടി ആ ഗ്രാമവാസികൾ കൊടുക്കുന്ന ബലിപൂജാദികളെ ഭുജിച്ചും കുറച്ചുകാലം അവിടെ കഴിഞ്ഞുകൂടിയെങ്കിലും വേതാളത്തിനു തൃപ്തിയായില്ല. വിശപ്പുമാറത്തക്ക ആഹാരം ഒരു ദിവസവും കിട്ടുന്നില്ല. അവിടെ ധാരാളം മനുഷ്യരുണ്ടെങ്കിലും ന്യായമില്ലാതെ ആ വേതാളം ഒരു മനുഷ്യനേയും ഉപദ്രവിക്കുകയോ തിന്നുകയോ ചെയ്തിരുന്നില്ല. അതുകാരണത്താൽ അവിടെയും വേതാളത്തിനു ഇഷ്ടജീവിതം സാധിക്കാതെ മുട്ടി കുറേ വിദൂരത്തുള്ള മറ്റൊരു ഗ്രാമത്തിലേക്കുപോയി. ഗ്രാമപരിസരത്തിലുള്ള കാട്ടിൽ ഒരു വലിയ വൃക്ഷത്തിന്മേൽ വേതാളം താമസ്സമുറപ്പിച്ചു.

അങ്ങനെ കുറച്ചു ദിവസം അവിടെ താമസിച്ചുകൊണ്ടിരിക്കേ ഒരു ദിവസം അർദ്ധരാത്രിയിൽ അവിടുത്തെ മഹാരാജാവു് വീരചര്യക്കായി ഒറ്റക്കിറങ്ങി സഞ്ചരിക്കുമ്പോൾ വേതാളത്തിന്റെ മുന്നിലെത്തിപ്പെട്ടു. മഹാരാജാവിനെ മുന്നിൽ കണ്ട വേതാളം ഇടിവെട്ടുംവണ്ണം ഉച്ചത്തിൽ അട്ടഹസിച്ചുകൊണ്ട് ആ കാടുമുഴുവൻ ഭയപ്പെടുത്തുമാറു് അലറിക്കൊണ്ടുപറഞ്ഞു, രാജാവേ, ഭയങ്കര വേതാളമാകുന്ന എന്റെ മുന്നിലാണങ്ങെത്തിപ്പെട്ടത്. ഇനി യാതൊരു പ്രകാരത്തിലും രക്ഷപ്പെടാൻ പോവുന്നില്ല. ഞാൻ അങ്ങയെ കൊന്നു തിന്നുകതന്നെ ചെയ്യുമെന്ന്. വേതാളത്തിന്റെ ഭീഷണിയെക്കേട്ട മഹാരാജാവു് അല്പംപോലും ഭയപ്പെടാതെ ധൈര്യത്തോടുകൂടിപ്പറഞ്ഞു, കാരണം കൂടാതെയും ന്യായമില്ലാതെയും നീയെന്നെ കൊല്ലുന്നുവെങ്കിൽ സംശയമില്ല, നിന്റെ തലപൊട്ടി നീയും മരിക്കുമെന്ന്. അതുകേട്ടപ്പോൾ വേതാളം ആശ്ചര്യപ്പെടാതിരുന്നില്ല. തന്നോടിത്ര ധൈര്യത്തോടുകൂടി ഒരു മനുഷ്യൻ സംസാരിക്കുകയെന്നത് ആദ്യത്തെ അനുഭവമാണ്. തന്റെ ശബ്ദം കേൾക്കുമ്പോഴേക്കുതന്നെ ഭയപ്പെട്ടു മോഹിച്ചു വീണ് മരിക്കലാണ് പതിവു്. ഇത്രയും ധൈര്യമുള്ള മനുഷ്യനെ പണ്ടൊരിക്കലും താൻ കണ്ടിട്ടില്ലാതിരുന്നതിനാൽ ആശ്ചര്യത്തോടുകൂടുംവണ്ണം മന്ദമായിപ്പറഞ്ഞു. രാജാവേ, ന്യായമില്ലാതെ ഞാനാരേയും കൊല്ലാറില്ല. അങ്ങയെയും കൊല്ലില്ല. എന്നാൽ ന്യായമുണ്ടായാൽ കൊല്ലാതിരിക്കാനും വയ്യ. അങ്ങ് രാജാവെന്ന സ്ഥിതിക്കു അർത്ഥികളുടെ അഭീഷ്ടം സാധിപ്പിച്ചുകൊടുക്കാൻ ചുമതലപ്പെട്ടിട്ടുണ്ട്. ഞാനൊരർത്ഥിയായിട്ടാണങ്ങയുടെ മുന്നിൽ നിൽക്കുന്നതു്. ചിലചോദ്യങ്ങൾ ചോദിക്കാം. അതിന് ശരിയായ ഉത്തരം പറഞ്ഞുതരാൻ കഴിഞ്ഞാൽ ഞാനങ്ങയെ കൊല്ലില്ല; ഇല്ലെങ്കിൽ തീർച്ചയായും കൊല്ലുകയും ചെയ്യും എന്നു പറഞ്ഞു കൊണ്ടു വേതാളം തന്റെ ചോദ്യങ്ങളെ ചോദിക്കാൻ തുടങ്ങി.

ആദിത്യരശ്മിയിൽ അത്യന്ത സൂക്ഷ്മങ്ങളായ അണുക്കൾ പാറിക്കളിക്കുന്നത് കാണാറുണ്ടല്ലോ. അതുപോലെ ഏതു സൂര്യന്റെ രശ്മികളിലാണ് ബ്രഹ്മാണ്ഡങ്ങൾ അതിസൂക്ഷ്മങ്ങളായ അണുക്കളെന്നപോലെ പാറിക്കളിക്കുന്നത്? അനന്തമായ ആകാശം തുടങ്ങിയ പൊടികൾ ഏതു വായുവിലാണ് വിളങ്ങുന്നത്? സ്വപ്നത്തിൽ സ്വപ്നം; ഇങ്ങനെ നൂറായിരം സ്വപ്നമുണ്ടായാലും പൂർവ്വസ്വപ്നങ്ങളെ കൈവെടിഞ്ഞു പുതുസ്വപ്നങ്ങളെ സ്വീകരിച്ചാലും ആരാണ് തന്റെ തേജോമയമായ സ്വരൂപത്തെ കൈവിടാതെ ഓജസ്സോടുകൂടിയിരിക്കുന്നത്? വാഴ പിന്നെയും പിന്നെയും ഇലമാത്രമായിട്ടിരിക്കുന്നതുപോലെ ഒരിക്കലും മറ്റൊന്നാകാതെ എപ്പോഴും സ്വസ്വരൂപത്തിൽ അണുവായിട്ടിരിക്കുന്ന വസ്തു ഏതാണ്? ബ്രഹ്മാണ്ഡം, ആകാശം, മഹാഭൂതങ്ങൾ, സൂര്യബിംബം, സുമേരുപർവ്വതം എന്നിവ ഏതൊരണുവിന്റെ പരമാണുക്കളാണ്? അവയവങ്ങളില്ലാത്തതും എന്നാൽ പർവ്വതാകാരവുമായ ഏതൊരണുവിന്റെ മജ്ജയാണ് ഈ ലോകം?

ഇവയാണ് വേതാളത്തിന്റെ ചോദ്യങ്ങൾ. പ്രസ്തുതആറുചോദ്യങ്ങൾക്കും അനുയോജ്യങ്ങളായ മറുപടി പറയാതിരുന്നാൽ കൊന്നു ചോരകുടിക്കുമെന്നാണ് വേതാളത്തിന്റെ ഭീഷണി. പക്ഷേ രാജാവിന് അല്പംപോലും പരിഭ്രമമുണ്ടായില്ല. ചോദ്യങ്ങൾ കേട്ടപ്പോൾ അദ്ദേഹം ചിരിക്കുകയാണ് ചെയ്തത്. പുഞ്ചിരിയോടു കൂടുംവണ്ണം അതിനു മറുപടി പറയാൻ തുടങ്ങുകയും ചെയ്തു. രാജാവു് പറയുകയാണ്: സംശയമില്ല, ചിൽസൂര്യൻ തന്നെയാണ് ഇതിനെയൊക്കെ പ്രകാശിപ്പിക്കുന്നത്. വിജ്ഞാനസ്വരൂപനും ഭാവിതാശയനുമായ പരമപുരുഷൻ അല്ലെങ്കിൽ പരമബ്രഹ്മംതന്നെ പരമനായ ഭാസ്കരൻ. ആ ആദിത്യന്റെ രശ്മികളിൽ ചലിക്കുന്ന പൊടിപടലങ്ങൾതന്നെ ഈ ലോകങ്ങളൊക്കെത്തന്നെയും. ചിൽസൂര്യന്റെ പ്രകാശം കൊണ്ടാണ് ഇതൊക്കെയുണ്ടാവുകയും നിലനില്ക്കുകയും ചെയ്യുന്നത്. കാലസത്ത, ആകാശസത്ത, സ്പന്ദസത്ത, ശുദ്ധചേതനസത്ത എന്നിവയാണ് ജഗത്തിന്റെ മൂലധാതുക്കൾ. അവയെല്ലാം പൂവിൽ മണമെന്നപോലെ പരമാത്മാവാകുന്ന വായുവിൽ സ്വയം തദ്രൂപമായി സ്ഫുരിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ജഗൽഭ്രാന്തിയാകുന്ന സ്വപ്നം നൂറായിരമുണ്ടായാലും ബ്രഹ്മത്തിന്റെ നിർവ്വികാരതയിൽ കല്പിക്കപ്പെട്ട ശാന്തത ആത്മാവൊരിക്കലും കൈവിടില്ലെന്നതിനു യാതൊരു സംശയവുമില്ല. ഇലമാത്രമായി കാണപ്പെടുന്ന വാഴയെന്നപോലെ വിചിത്രങ്ങളും വിഭിന്നങ്ങളുമായി വിളങ്ങുന്ന ഈദൃശ്യങ്ങളും ശരിക്കും വിചാരം ചെയ്തുനോക്കുമ്പോൾ ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല. ശരിക്ക് അറിയാനും അനുഭവിക്കാനും വിഷമമാണെന്ന കാരണത്താൽ പരമാണുവാണ് ബ്രഹ്മമെന്നു പറയാം. എന്നാൽ അതേ സമയത്തു സർവ്വവ്യാപ്തിയാകുന്ന അനന്തത്വം കൊണ്ടു സുമേരു തുടങ്ങിയ പർവ്വതങ്ങൾക്കു പോലും അതേ ബ്രഹ്മം കാരണവുമാണ്. ബ്രഹ്മത്തിന്റെ അനന്തതയെ അപേക്ഷിച്ചു സുമേരു തുടങ്ങിയ പർവ്വതങ്ങളും മറ്റും പരമാണുക്കളാണുതാനും. അലഭ്യത്വംകൊണ്ടു പരമാണുവും, വ്യാപ്തികൊണ്ട് മഹാപർവ്വവുമാണ് ബ്രഹ്മം. സർവ്വാവയവങ്ങൾക്കും കാരണമാണെങ്കിലും വാസ്തവത്തിൽ ആത്മാവിന് അവയവങ്ങളൊന്നുമില്ല. വിജ്ഞാനം മാത്രമാണാത്മാവിന്റെ സ്വരൂപം. വിജ്ഞാനമാത്രസ്വരൂപനായ ആത്മാവിനു വാസ്തവത്തിൽ ഈ ജഗത്തു്

മജ്ജാമാത്രമാണെന്നു പറഞ്ഞാൽ തെറ്റില്ല. വിജ്ഞാനമാത്രത്തിന്റെ മധ്യത്തിലാണല്ലോ ജഗത്രയം നില്ക്കുന്നത്.

ഇതാണ് രാജാവിന്റെ മറുപടി. വേതാളത്തിന്നു വളരെ സന്തോഷമായി. ഇത്രയും നല്ല മറുപടി ആ രാജാവിൽനിന്നു കിട്ടുമെന്നു വേതാളം വിചാരിച്ചിട്ടുണ്ടായിരുന്നില്ല. തന്റെ സംശയങ്ങൾ മുഴുവൻ തീർന്നുവെന്നു വേതാളത്തിനു ബോധ്യമായി. അപ്പോൾത്തന്നെ ഏകാന്തസ്ഥലത്തു ചെന്നിരുന്നു രാജാവു പറഞ്ഞതിനെ നല്ലവണ്ണം മനനം ചെയ്തു. സ്വരൂപത്തെ അറിഞ്ഞ് സ്വസ്തനായിത്തീരുകയും ചെയ്തു.

ഹേ, രാമചന്ദ്രാ! മനസ്സിനെ എല്ലാറ്റിൽനിന്നും വലിച്ചെടുത്തു ശുദ്ധമാക്കണം. ആകാശം പോലയായിത്തീരണം മനസ്സ്. ചിത്തംകൊണ്ടുതന്നെയാണ് ചിത്തത്തെ ആ നിലയിലാക്കി തീർക്കേണ്ടത്. വിക്ഷേപങ്ങളും വൃത്തികളുമകന്ന് ശാന്തികൈവന്ന ചിത്തമുള്ളവനെത്തന്നെയാണ് മുനിയെന്നുപറയേണ്ടത്. അങ്ങനെ മുനിയും സ്വരൂപസ്ഥിതനുമായ ഒരാൾക്ക് അലഭ്യമായിട്ടൊന്നുതന്നെയില്ല. ബുദ്ധിബലം കൊണ്ടും ആത്മവീര്യംകൊണ്ടുമാണ് പണ്ടു ഭഗീരഥരാജാവ് ജ്ഞാതജ്ഞേയനും ചരിതാർത്ഥനുമാവാനിടവന്നത്. അതുപോലെ നിനക്കുമായിത്തീരാൻ സാധിക്കും. എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ എന്താണ് ഭഗീരഥരാജാവിന്റെ ചരിത്രമെന്ന് കേട്ടാൽകൊള്ളാമെന്നറിയിച്ചു രാമചന്ദ്രൻ. അതിനെ പുരസ്കരിച്ചു ഭഗീരഥന്റെ കഥ പറയാൻ തുടങ്ങി വസിഷ്ഠമഹർഷി.

ഭഗീരഥോപാഖ്യാനം

ഭഗീരഥനെന്നു പേരായി വളരെ പ്രസിദ്ധനായ ഒരു രാജാവുണ്ടായിരുന്നു. ഏറ്റവും ധർമ്മനിഷ്ഠനും ഭരണനിപുണനുമായ അദ്ദേഹം ഭൂദേവിയുടെ തൊടുകുറിയെന്നപോലെ വിളങ്ങി. അർത്ഥികൾ എന്തുതന്നെ ചോദിച്ചാലും അദ്ദേഹം കൊടുത്തുവന്നു. വളരെ സാഹസപ്പെട്ടു സ്വർഗ്ഗംഗയെ ഭൂലോകത്തേക്കു പ്രവഹിപ്പിച്ചു. മാത്രമല്ല, പാതാളത്തിൽ ശപ്തന്മാരായികിടന്നിരുന്ന തന്റെ പിതാന്മഹന്മാരെ ഗംഗാസേചംകൊണ്ടു സ്വർഗ്ഗസ്ഥരാക്കുക കൂടിചെയ്തു. ഇങ്ങനെ അമാനുഷങ്ങളും ദിവ്യങ്ങളുമായ പലകാര്യങ്ങളും അദ്ദേഹം ചെയ്തു. എന്നാൽ അതൊക്കെ തന്റെ ബുദ്ധിബലം കൊണ്ടും ആത്മവീര്യം കൊണ്ടുമാത്രമാണ് ചെയ്യാൻ കഴിഞ്ഞത്. അങ്ങനെയിരിക്കെ കാലംകൊണ്ട് അദ്ദേഹത്തിന് സംസാരം അനിത്യവും ദു:ഖരൂപവുമാണെന്നു ബോധ്യം വന്നു. അതിന്റെ ഫലമായി വൈരാഗ്യവും വളർന്നു. സംസാരത്തിൽ നിന്നു പിൻവാങ്ങി തത്വവിചാരം ചെയ്യാൻ തുടങ്ങി. യൗവ്വനം നശിക്കുന്നതിനുമുമ്പ് ഒരാൾക്കു വൈരാഗ്യവും തത്വവിചാരവുമൊക്കെയുണ്ടാകുന്നത് മരുഭൂവിൽ പൂവള്ളി മുളയ്ക്കുകയെന്നപോലെ അസംഗതമാണ്. എങ്കിലും അതുണ്ടായി ഭഗീരഥന്. അതിന്റെ ഫലമായി അദ്ദേഹം ഏകാന്തത്തിൽ ചെന്നിരുന്നു ലോകകാര്യങ്ങളെകുറിച്ചു ചിന്തിക്കാൻ തുടങ്ങി.

രാത്രിയും പകലും ആവർത്തിച്ചാവർത്തിച്ചു വന്നും പോയുമിരിക്കുന്നു. ചെയ്തതിനെതന്നെ വീണ്ടും വീണ്ടും ചെയ്തും അനുഭവിച്ചതിനെത്തന്നെ വീണ്ടും അനുഭവിച്ചും കഴിയുന്ന മനുഷ്യൻ. വാസ്തവത്തിൽ മൂഢന്മാരല്ലാതെ അഭിജ്ഞന്മാർ അങ്ങനെ ചെയ്യാൻ കാരണമില്ല. ഏതൊന്നിനെ കിട്ടിയാൽ പിന്നെ മറ്റൊന്നിന്റെയും അപേക്ഷയില്ലാതായിത്തീരുമോ, അതാണ് കിട്ടേണ്ടതായിട്ടിരിക്കുന്നത്. അതൊഴിച്ച് മറ്റെന്തുതന്നെ കിട്ടിയാലും ആരും കൃതകൃത്യരാവാൻ പോകുന്നില്ല. അതുകൊണ്ട് ആ വസ്തുവിനെത്തന്നെ സമ്പാദിക്കണം എന്നുനിശ്ചയിച്ച് ഒരു ദിവസം തന്റെ ഗുരുവായ 'ത്രിതല'നെന്ന മഹർഷിയോടിപ്രകാരം ചോദിച്ചു: ഭഗവാനെ! അവിടുന്നെല്ലാം അറിയുന്ന ആളാണല്ലോ. ജരാമരണസ്വരൂപമായ ഈ സംസാരത്തെ ഓർക്കുമ്പോൾത്തന്നെ ഭയമാവുന്നു. എങ്കിലും എങ്ങനെയാണിതിൽനിന്നു രക്ഷപ്പേണ്ടതെന്നറിയുന്നമില്ല. ഇതിനപ്പുറത്തു ശാശ്വതവും സുരക്ഷിതവുമായ ഒരുസ്ഥാനമുണ്ടെന്നറിയാൻ കഴിയുന്നുണ്ട്. എന്നാൽ അതെന്താണെന്നോ, അതിനെ എങ്ങനെ പ്രാപിക്കാമെന്നോ അറിയുന്നമില്ല. ദയവുണ്ടായി അതിനെകുറിച്ചു അറിയേണ്ടതെല്ലാം പറഞ്ഞുതരണം.

ജിജ്ഞാസുവായ ഭഗീരഥന്റെ ജ്ഞാനതൃഷ്ണയോടുകൂടുംവണ്ണമുള്ള വാക്കുകേട്ട ത്രിതലമഹർഷി സന്തോഷത്തോടും അനുഗ്രഹത്തോടും കൂടി പറയാൻതുടങ്ങി: ഹേ രാജാവേ, വിജ്ഞാനസ്വരൂപമാകുന്ന ആത്മാവിനെ പൂർണ്ണമായി ദർശിക്കുമ്പോഴല്ലാതെ ആർക്കും രക്ഷയില്ല. ആത്മദർശനത്തിൽ എല്ലാക്ലേശങ്ങളും ദു:ഖങ്ങളും എന്നെന്നേക്കുമായി അവസാനിക്കുകയും ചെയ്യും.

ഗ്രന്ഥികൾ പൊട്ടുകയും കർമ്മങ്ങൾ അവസാനിക്കുകയും സംശയങ്ങൾ തീരുകയും ചെയ്യും ആത്മദർശനത്തിൽ. അതിനാൽ ആത്മസാക്ഷാത്കാരത്തിനുവേണ്ടിത്തന്നെയാണ് പരിശ്രമിക്കേണ്ടത്. ഒരിക്കലും ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യാത്ത വിജ്ഞാനസൂര്യനാണ് ആത്മാവ്. ആത്മാവൊഴിച്ചു മറ്റെല്ലാം ഉദയാസ്തമനങ്ങളോടും ഉല്പത്തിലയങ്ങളോടും കൂടിയവയാണ്. സർവ്വത്രവ്യാപനും നിത്യനും വിജ്ഞാനമാത്രസ്വരൂപനുമാണ് ആത്മാവ്. അപ്രകാരമുള്ള ആത്മാവിനെ അറിയുമ്പോൾ എല്ലാ ദുഃഖങ്ങളും തീരും. എന്നിങ്ങനെ ത്രിതലമഹർഷി പറഞ്ഞപ്പോൾ വീണ്ടും ഭഗീരഥൻ ചോദിച്ചു:

നിർമ്മലവും നിരുപമവും സത്താമാത്രവും അവ്യയവും ചിന്മയവുമായ ആത്മാവുമാത്രം എപ്പോഴും എല്ലായിടത്തും വിളങ്ങുന്നവെന്നും ശരീരാദിദൃശ്യങ്ങൾ ഇല്ലാത്തവയുമാണെന്നും ബോധിച്ചിട്ടുണ്ട്. എന്നിരുന്നാലും ആ ബോധം എല്ലാസമയത്തും ഒരുപോലെ നിലനിൽക്കുന്നില്ല. ശരീരാദിദൃശ്യങ്ങളുടെ അനുഭവമില്ലാതാകുന്നമില്ല. അതിനെന്താണു മാർഗ്ഗം പരമഗുരോ, ഏതൊരുജ്ഞാനംകൊണ്ടു ദൃശ്യത്തിന്റെ അസൽഭാവത്തെയും ആനന്ദമയവും അമൃതാത്മകവുമായ ആത്മാവിന്റെ സൽഭാവത്തെയും അനുഭവിക്കാൻ കഴിയുമെന്നു പറഞ്ഞുതന്നാലും! രാജാവിന്റെ അവസരോചിതമായ ചോദ്യത്തെകേട്ടു വീണ്ടും മഹർഷി മറുപടിപറയാൻ തുടങ്ങി. വിക്ഷേപങ്ങളും വൃത്തികളും അടങ്ങി ചിത്തം എപ്പോൾ ഹൃദയത്തിൽ സ്വരൂപനിഷ്ഠതയെ പ്രാപിക്കുന്നുവോ, അപ്പോൾ ആത്മാവിനെ അറിഞ്ഞു കേവലസ്വരൂപനാകും. പിന്നീടു ജീവസ്വരൂപമുണ്ടാവില്ല. ജീവത്വമുള്ളേടത്തോളംകാലം സംസാരാനുഭവം ഉണ്ടാവാൻവയ്യ. നിഷ്കൃഷ്ടമായ ജ്ഞാനംകൊണ്ടു വൃത്തികളടങ്ങി മനസ്സ് സ്വരൂപത്തിലടങ്ങും. എന്നാൽ അതിനുമുമ്പുതന്നെ വൈരാഗ്യംകൊണ്ട് വിക്ഷേപങ്ങളകലണം.

വിഷയങ്ങളിൽ സക്തിയും പുത്രദാരാദികളിൽ മമതയുംനീങ്ങി സംസാരനിരപേക്ഷനായ ഒരാൾക്കു മാത്രമേ വിക്ഷേപങ്ങളകന്ന് മനസ്സും പരിശുദ്ധമാകാൻ പോവുന്നുള്ളൂ. സംസാരത്തിൽ എല്ലാംകൊണ്ടും നിരപേക്ഷകനാവണം. താൻ ബ്രഹ്മമാണെന്നഭാവം എപ്പോഴും നിലനിർത്തുകയും വേണം. ശുദ്ധവും വിജനവുമായ സ്ഥലത്ത് ഏകാകിയായി താമസിക്കണം. പ്രാകൃതന്മാരുടെയും നാസ്തികന്മാരുടെയും സംഘത്തിൽ പോവുകയോ അവരുടെ സംസാരം ശ്രദ്ധിക്കുകയോ ചെയ്യരുത്. അങ്ങനെയൊക്കെ കഴിയുന്ന ഒരാൾക്ക് കാലം കൊണ്ടു മനസ്സു ശുദ്ധമാവാതെ - വിക്ഷേപങ്ങളും വൃത്തികളുമകലാതെ - ആത്മസാക്ഷാത്കാരമുണ്ടാവുകയെന്നത് സർവ്വഥാ സാധ്യമല്ല. അഹങ്കാരമാണ് സംസാരധർമ്മങ്ങളെയൊക്കെ നിലനിർത്തികൊണ്ടിരിക്കുന്ന ഭയങ്കര ശത്രു. അഹങ്കാരത്തെ അകറ്റാൻ കഴിഞ്ഞാൽ മറ്റെല്ലാം വളരെ സുഗമമായി. എന്നിങ്ങനെ ഗുരുനായകൻ പറഞ്ഞപ്പോൾ വീണ്ടും മഹാരാജാവു് ചോദിക്കുകയാണ്. പർവ്വതത്തിൽ വൃക്ഷമെന്നപോലെയാണ് ശരീരത്തിൽ അഹങ്കാരം വേരൂന്നി നിൽക്കുന്നത്. വൃക്ഷത്തെ പറിച്ചുമാറ്റാൻ കഴിഞ്ഞാലും അഹങ്കാരത്തെ അകറ്റാൻ വയ്യെന്നുപറയണം. അത്രമാത്രം ശക്തിയോടുകൂടിയാണ് അഹങ്കാരം വേരൂന്നി നിൽക്കുന്നത്. അതിനെ അകറ്റാൻ മറ്റെന്താണ്

മാർഗ്ഗം?

എന്നിങ്ങനെയുള്ള രാജാവിന്റെ ചോദ്യത്തെകേട്ട മഹർഷി വീണ്ടും പറയാൻ തുടങ്ങി: രാജാവേ, അഹങ്കാരത്തിന്റെ ഏറ്റവും വലിയ ഒരംശം ഭോഗവാസനകൊണ്ടാണ് നിലനിൽക്കുന്നത്. പുരുഷപ്രയത്നം കൊണ്ട് ഭോഗവാസനയെ നശിപ്പിക്കാൻ കഴിയും. ഭോഗവാസന കേവലം നശിച്ചു കഴിഞ്ഞാൽ അഹങ്കാരത്തിന്റെ ഒരംശം നശിച്ചുവെന്നു തന്നെ കരുതാം. ബാക്കിയുള്ള ഒരംശം നിലനില്ക്കുന്നതു ലജ്ജയിലാണെന്നു പറഞ്ഞാൽ തെറ്റില്ല. അഭിമാനക്ഷയത്തിലുള്ള ലജ്ജ രാജാവേ, അഹങ്കാരത്തെ വല്ലാതെ ബാധിക്കുന്നു. അഭിമാനമെന്ന ഒന്നില്ലാതായാൽ അതും നശിക്കുമെന്നു കരുതണം. പക്ഷേ അഭിമാനമില്ലാതാവണമെങ്കിൽ എന്റേതെന്നു പറയാവുന്ന ഒന്നുമില്ലാതാവണം. എന്തെങ്കിലും ചിലത് എന്റേതായിട്ടുള്ളേടത്തോളം കാലം അവയിൽ പറ്റിപ്പിടിച്ചുനില്ക്കും അഭിമാനം. അതിനാൽ രാജ്യവും സ്വത്തും മുഴുവൻ ശത്രുക്കൾക്കു ദാനം ചെയ്തു കേവലം നിസ്വനായി ശത്രുക്കളോടു ഭിക്ഷയും വാങ്ങി കഴിച്ചുകൊണ്ടു തന്റെ ശരീരത്തിൽപ്പോലും അഭിമാനമില്ലാത്തവനായി കുറച്ചുകാലം ഇന്നദിക്കിലെന്നില്ലാതെ ചുറ്റിത്തിരിഞ്ഞു നടക്കുമ്പോൾ കാലം കൊണ്ടഭിമാനവും അതോടൊപ്പം അഹങ്കാരവും നശിക്കും.

എന്നിങ്ങനെ ഗുരുനാഥൻ പറഞ്ഞതിനെ കേട്ട ഭഗീരഥമഹാരാജാവ് ചിലകർത്തവ്യങ്ങളെ മനസ്സിൽക്കരുതി പിന്നീടൊന്നും മിണ്ടിയില്ല. കുറച്ചുദിവസം കഴിഞ്ഞപ്പോൾ രാജാവ് ഒരു അഗ്നിഷ്ടോമയജ്ഞം ചെയ്യാൻ തീർച്ചപ്പെടുത്തി അതിനുവേണ്ടുന്ന സംഭാരങ്ങളൊക്കെയൊരുക്കി നിശ്ചിതദിവസങ്ങളെക്കൊണ്ടു യാഗം ഭംഗിയായി നടത്തി. ക്രിയാവസരത്തിൽ അവിടെ കൂടിയിരുന്ന പുരോഹിതർക്കും, ബ്രാഹ്മണർക്കും, സാധുക്കൾക്കും, ബന്ധുക്കൾക്കുമായി തന്റെ സമ്പത്തുമുഴുവൻ ദാനം ചെയ്തു. താൻ ഉടുത്ത ഒരു വസ്ത്രമൊഴിച്ചു മറ്റെല്ലാംതന്നെ ദാനം ചെയ്തു. അതിനെക്കണ്ട ബന്ധുജനങ്ങളും പ്രജകളും വല്ലാതെ പരിതപിച്ചു. എങ്കിലും രാജാവതുകൊണ്ടൊന്നും പരിഭ്രമിക്കാതെ അവസാനമായി തന്റെ ഒരു ശത്രുരാജാവിനെ വിളിച്ചുവരുത്തി രാജ്യത്തെയും ദാനംചെയ്തു. അനന്തരം തന്നെ അറിയാത്ത രാജ്യങ്ങളിൽക്കൂടി ചുറ്റി സഞ്ചരിക്കാൻ തുടങ്ങി. വല്ല ഗൃഹങ്ങളിലും പോയി ഭിക്ഷ യാചിച്ചുവാങ്ങി അതുകൊണ്ടാഹാരവും കഴിച്ചുകൊണ്ടു ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കേ ഒരു ദിവസം തന്റെ ശത്രുവായിരുന്ന രാജാവിന്റെ ഗൃഹത്തിലും ഭിക്ഷയ്ക്കായി ചെന്നു. ശത്രുമിത്രോദാസീനഭാവങ്ങളെല്ലാം നഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന് അതുകൊണ്ടും ഭാവഭേദമൊന്നുമുണ്ടായില്ല. അങ്ങനെ കുറച്ചുകാലം ചുറ്റിസഞ്ചരിച്ചു കഴിഞ്ഞപ്പോഴേയ്ക്ക് അദ്ദേഹത്തിന്റെ ആഗ്രഹവും അഭിമാനവും അഹങ്കാരവുമെല്ലാം കേവലം നശിച്ചു. അതുകാരണത്താൽ സാമ്യഭാവവും ശമവും വേണ്ടത്ര പ്രകാശിച്ചു. മനസ്സുവിശ്രാന്തിയെ പ്രാപിക്കുകയും ചെയ്തു.

അങ്ങനെയിരിക്കേ വീണ്ടും ഒരു ദിവസം ശത്രുരാജാവിന്റെ ഗൃഹത്തിൽ ഭിക്ഷയ്ക്കുപോവാനിടയായി. മഹാരാജാവും മന്ത്രിമുഖ്യന്മാരുമൊക്കെ ഇരിക്കുന്ന സ്ഥലത്തു ചെന്നു ഭിക്ഷതരണമെന്നാവശ്യപ്പെട്ടു.

അവർ രാജാവിനെ തിരിച്ചറിഞ്ഞു. ഇതു നമ്മുടെ ഭഗീരഥരാജാവുതന്നെ എന്നവർക്കെല്ലാവർക്കും പൂർണ്ണബോദ്ധ്യം വന്നു. അദ്ദേഹത്തിന്റെ സ്ഥിതിവിശേഷത്തെക്കണ്ട് എല്ലാവരും സങ്കടപ്പെട്ടുവെങ്കിലും ഭഗീരഥനു വിശേഷിച്ചു ഭാവഭേദമൊന്നുമുണ്ടായില്ല. അവരദ്ദേഹത്തെ വളരെ ഭംഗിയായി സല്ക്കരിച്ചു. അവസാനം രാജ്യം തിരിച്ചെടുക്കണമെന്നപേക്ഷിച്ചു. ഭക്ഷണമൊഴിച്ചു മറ്റൊന്നും തന്നെ താൻ വാങ്ങില്ലെന്നും തനിക്കാവശ്യമില്ലെന്നും പറഞ്ഞു ഭഗീരഥൻ. അങ്ങനെ കുറച്ചുദിവസം അവിടെ താമസിച്ചശേഷം അവിടംവിട്ടു മറ്റൊരു സ്ഥലത്തേയ്ക്കുപോയി.

എല്ലാസ്ഥലത്തും അറിയപ്പെട്ട ഭഗീരഥനെന്ന കാരണത്താൽ എവിടെ ചെല്ലുമ്പോഴും ആളുകളദ്ദേഹത്തെക്കണ്ടു വ്യസനിക്കാനും കഷ്ടമെന്നു പറയാനും തുടങ്ങി. പക്ഷേ അതുകൊണ്ടൊന്നും അദ്ദേഹത്തിനു യാതൊരു ഭാവഭേദവുമുണ്ടായില്ല. ആത്മാരാമനും സ്വതസ്തൃപ്തനുമായ അദ്ദേഹത്തിനു ഒന്നുകൊണ്ടും യാതൊരു ക്ലേശവുമുണ്ടായില്ല, പിന്നെയും പലേടത്തും ചുറ്റിസഞ്ചരിച്ചു നടന്നുകൊണ്ടിരിക്കെ ഒരിക്കൽ ഒരിടത്തുവച്ചു തന്റെ ഗുരുനാഥനായ ത്രിതലമഹർഷിയെ കണ്ടെത്തി. സ്വാഗതോക്തികളെകൊണ്ടദ്ദേഹത്തെ മാനിച്ചശേഷം തന്റെ അനുഭവവിശേഷങ്ങളൊക്കെ രാജാവു് ആചാര്യനെ അറിയിച്ചു. ശിഷ്യന്റെ അനുഭൂതിവിശഷത്തിൽ അത്യന്തം സന്തുഷ്ടനായിത്തീർന്ന അദ്ദേഹം പിന്നെ കുറച്ചുകാലം രാജാവോടുകൂടെത്തന്നെ ചുറ്റി സഞ്ചരിച്ചു. സാമ്യഭാവത്തിലും ആത്മാരാമതയിലും തുല്യംവന്ന ആ ഗുരുശിഷ്യന്മാർ രണ്ടുപേരും കൂടി പിന്നെ പല കാടുകളിലും പർവ്വതങ്ങളിലും നദീതീരങ്ങളിലും നാടുകളിലും ചുറ്റിസഞ്ചരിച്ചു. വാസ്തവത്തിൽ അവർ രണ്ടുപേർക്കും ശരീരം കൊണ്ടാവശ്യവുമില്ലെന്നുതോന്നി, അത്രമാത്രം അവരുടെ ജീവിതാവശ്യം നിറവേറിക്കഴിഞ്ഞു. ദിവ്യന്മാരായ സിദ്ധന്മാർ ധനം തുടങ്ങിയ പലവസ്തുക്കളും അവർക്കു കാഴ്ചവെച്ചു. മലിനവസ്തുക്കളെയെന്നപോലെ അവരവയെ തൊട്ടുനോക്കുകപോലും ചെയ്തില്ലെന്നു മാത്രമല്ല, പുല്ലുപോലെ അവയെ ഉപേക്ഷിക്കുകയും ചെയ്തു.

പിന്നെയും അവർ രണ്ടുപേരും കൂടി പലസ്ഥലങ്ങളും ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കെ രാജാവില്ലാതായിത്തീർന്ന ഒരു രാജ്യത്തെത്തിപ്പെട്ടു. അവിടുത്തെ രാജാവു് മരിച്ചുപോയി; പുത്രനുണ്ടായിട്ടുമില്ല; അതിനാൽ രാജ്യം ഭരിക്കാൻ തക്കനിലയിൽ ആരുമില്ലാതെ അവിടെ അരാജകത്വം ബാധിച്ചിരിക്കയാണ്. ത്രിതലമഹർഷിയോടുകൂടി ഭിക്ഷക്കു നടക്കുന്നത് ഭഗീരഥരാജാവാണെന്നറിഞ്ഞ അവിടുത്തെ പ്രജകൾ അദ്ദേഹത്തോടു തങ്ങളുടെ രാജാവായിരുന്നു രാജ്യംഭരിക്കണമെന്ന് അപേക്ഷിച്ചു. അവർക്ക് അതൊരാവശ്യമാണെന്നറിഞ്ഞ രാജാവു് അവരുടെ അപേക്ഷയെ സ്വീകരിച്ചു. അദ്ദേഹത്തെ പട്ടാഭിഷേകം ചെയ്ത് അവിടുത്തെ രാജാവാക്കി വാഴിക്കുകയും ചെയ്തു. തങ്ങളുടെ ഭഗീരഥമഹാരാജാവു് അവിടെ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നുവെന്നറിഞ്ഞ മുൻരാജ്യത്തിലെ പ്രജകൾ എല്ലാവരും കൂടി അവിടെച്ചെന്നു രാജാവിനോട്ട് തങ്ങളെക്കൂടി ഭരിക്കണമെന്നഅപേക്ഷയുമായി. പണ്ട് അങ്ങ് രാജ്യമേല്പിച്ചുകൊടുത്ത രാജാവു് മരിച്ചുപോയെന്നും ഇപ്പോൾ രാജ്യം അരാജകമായിട്ടിരിക്കയാണെന്നും അതിനാൽ ഞങ്ങളെക്കൂടി അങ്ങുതന്നെ ഭരിക്കണമെന്ന പ്രജകളുടെ അപേക്ഷയും സ്വീകരിക്കയാൽ വീണ്ടും ആ

രാജ്യത്തിലേയും രാജാവായി. പിന്നീടു കാലംകൊണ്ടു ഭൂമിയുടെ മുഴുവൻതന്നെ ഏകച്ഛത്രാധിപതിയായിത്തീർന്നു ഭഗീരഥൻ. എങ്കിലും ഒന്നിനോടും ബന്ധപ്പെടാതെ ആത്മാരാമനും കൃതകൃത്യനുമായിത്തന്നെ കഴിഞ്ഞുവന്ന അദ്ദേഹത്തിന്റെ യശസ്സ്, ഹേ രാമാ, ഇന്നും ഈ ലോകത്തിൽ നിലനിന്നുകൊണ്ടിരിക്കുന്നു.

പ്രപഞ്ചത്തെ ഒട്ടാകെ ത്യജിച്ച മനസ്സിനെ അടക്കാൻ കഴിഞ്ഞാൽ ഹേ രാമചന്ദ്രാ! ശിഖിദ്ധ്വജരാജാവിനെപ്പോലെ നിനക്കും സുഖിയും ചരിതാർത്ഥനുമാവാമെന്നിങ്ങനെ പിന്നെയും വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ ഏതാണീ ശിഖിദ്ധ്വജനെന്നു ചോദിച്ച രാമചന്ദ്രനോടു ശിഖിദ്ധ്വജോപാഖ്യാനമാകുന്ന ഇതിഹസത്തെ പറയാൻ തുടങ്ങി വസിഷ്ഠമഹർഷി.

ശിഖിദ്ധ്വജോപാഖ്യാനം

ഹേ, രാമചന്ദ്രാ! ശ്രദ്ധവെച്ചുകേൾക്കു. രസകരമായൊരു ഇതിഹാസത്തെപ്പറയാം. ഏഴു മന്വന്തരം കഴിഞ്ഞ് എട്ടാമത്തെ മന്വന്തരത്തിൽ ആദ്യത്തെ ചതുർയുഗത്തിലെ ദ്വാപരയുഗത്തിൽ നടന്നതാണ്. അക്കാലത്ത് പ്രസിദ്ധമായിരുന്ന മാളവരാജ്യത്ത് ശിഖിദ്ധ്വജനെന്നുപേരായി പ്രതാപശാലിയായൊരു രാജാവുണ്ടായിരുന്നു. ധൈര്യം, ശൗര്യം, ദയ, സത്യം, നീതി തുടങ്ങിയ സൽഗുണങ്ങൾക്ക് അദ്ദേഹം വിളനിലമായിരുന്നുവെന്നു പറഞ്ഞാൽ തെറ്റില്ല. സൗരാഷ്ട്രരാജാവിന്റെ പുത്രിയായ ചൂഡാലയെന്ന കന്യകയെ അദ്ദേഹം പട്ടമഹിഷിയാക്കി വിവാഹം കഴിച്ചു. എല്ലാവിധ സൽഗുണങ്ങളെക്കൊണ്ടും ചൂഡാല മഹാരാജാവിന് ഏറ്റവും അനുരൂപിണിയായ രാജ്ഞിയുമായിരുന്നു. അന്യോന്യം മനസ്സിനിണങ്ങിയ ആ ദമ്പതിമാർ വളരെ ആഹ്ളാദത്തോടുകൂടി രാജകീയഭോഗങ്ങളെ അനുഭവിച്ചു കുറച്ചുകാലം സുഖമായങ്ങനെ കഴിഞ്ഞുവന്നു. അങ്ങനെയിരിക്കേ അവർക്കീ സംസാരത്തിന്റെ മിത്ഥ്യാത്വവും ദുഃഖാത്മകതയും ബോദ്ധ്യമായി. വിഷയാനുഭവങ്ങളെക്കൊണ്ടു തൃഷ്ണയും ക്ലേശവും വർദ്ധിക്കലല്ലാതെ ഒരിക്കലും സമാധാനമോ സംതൃപ്തിയോ കിട്ടാൻപോവുന്നില്ലെന്നും അതിനാൽ അദ്ധ്യാത്മധർമ്മത്തിൽ നിരതന്മാരാവുകതന്നെ വേണമെന്നും അതുകൊണ്ടേ കാലംകൊണ്ടെങ്കിലും സമാധാനം കിട്ടാൻ പോവുന്നുള്ളുവെന്നും ബോധിച്ചു. അതിന്റെ ഫലമായി രണ്ടുപേരും ജപകീർത്തനധ്യാനപൂജാവ്രതാനുഷ്ഠാനാദി സഗുണോപാസനാചര്യങ്ങളെ ചെയ്യാൻ തുടങ്ങി. വിഷയങ്ങളിൽനിന്നു സാമാന്യം നിവർത്തിച്ചുകൊണ്ട് ഗൗരവമേറിയ വേദാന്തശാസ്ത്രത്തെ അദ്ധ്യയനം ചെയ്യാനും തുടങ്ങി. അന്നന്ന് അദ്ധ്യയനം ചെയ്യുന്നതിനെ രണ്ടുപേരും ഗ്രഹിച്ചും അന്യോന്യം ബോധിപ്പിച്ചും മനനം ചെയ്തുറപ്പിച്ചും വന്നു. അങ്ങനെ ചെയ്യപ്പെടുന്ന തത്വവിചാരം അവരെ കൂടുതൽ സംസാരത്തിൽ നിന്നകറ്റിക്കൊണ്ടിരിക്കുകയും ചെയ്തുവന്നു.

കൂടാതെ പലപ്പോഴും മഹാരാജ്ഞിയായ ചൂഡാല ഏകാകിനിയായി വിജനസ്ഥലത്തിരുന്ന് ആത്മവിചാരം ചെയ്യാനും തുടങ്ങി. ശരീരങ്ങൾ, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ്, ബുദ്ധി തുടങ്ങിയ എല്ലാകരണങ്ങളെയും അവരുടെയൊക്കെ വൃത്തികളെയും പൃഥിവ്യാദിതത്വങ്ങളേയും നിശിതമായി നിരൂപിച്ച് അവയൊന്നും ആത്മാവാകുന്ന താനല്ലെന്നു ബോദ്ധ്യപ്പെട്ടു. അനന്തരം ജീവതത്വത്തെകുറിച്ചു തീക്ഷ്ണമായി നിരൂപണം നടത്തി. അതിന്റെ ഫലമായി എല്ലാറ്റിന്റെയും കർത്താവും ഭോക്താവുമായി അഭിമാനിക്കുന്ന ജീവിതത്വം മൂന്നുകാലത്തും ഇല്ലാത്തതും കേവലം അധ്യാരോപം മാത്രവുമാണെന്നറിഞ്ഞ് അഹങ്കാരസ്വരൂപമായ കർത്തൃത്വാഭിമാനത്തെ അല്ലെങ്കിൽ ജീവഭാവത്തെ നിരസിക്കാൻ കഴിഞ്ഞതോടെ പഞ്ചകോശങ്ങളാകുന്ന മറകൾ നീങ്ങി ആത്മഭാവം നിരുപാധികമായി പ്രകാശിച്ചു. രാജ്ഞി സന്തുഷ്ടയും ചരിതാർത്ഥയുമായി. ശരീരധർമ്മങ്ങളിലോ പ്രപഞ്ചവിഷയങ്ങളിലോ തൃഷ്ണയില്ലാതെ നിരപേക്ഷയും ആത്മനിർവൃതയുമായി അമൃതനിർവ്വിശ്ശേഷമായ ആത്മനിർവൃതിയിൽതന്നെ മുഴുകികഴിയാൻ തുടങ്ങിയതോടെ ശരീരധർമ്മങ്ങളും ലോകവ്യവഹാരങ്ങളുമൊക്കെ കേവലം മറ്റുള്ളവർക്കുവേണ്ടി ചെയ്യപ്പെടുന്ന

പ്രകടനങ്ങൾ പോലെയോ അഭിനയങ്ങൾ പോലെയോ ആയിത്തീർന്നു. എങ്കിലും അവയൊന്നും തനിക്കാവശ്യമില്ലെന്ന കഥ മറ്റുള്ളവരെ അറിയിക്കാതെ അഭിനയസ്വരൂപേണ എല്ലാം ക്രമപ്രകാരംതന്നെ ചെയ്തു വന്നു. ഒരുമാറ്റവും സംഭവിച്ചതായി ആർക്കുമൊന്നും ധരിക്കാൻ കഴിഞ്ഞതുമില്ല. എങ്കിലും കാലംകൊണ്ടു ശരീരത്തിൽ പലമാറ്റങ്ങളും വന്നുചേർന്നു. അസാധാരണവും ദിവ്യവുമായ ഒരു തേജസ്സുകൊണ്ട് അവരുടെ ശരീരം അത്യന്താകർഷണവും ഉജ്ജ്വലവും ആയിത്തീർന്നു. വാർദ്ധക്യംകൊണ്ടുള്ള ബാധകളൊക്കെ ശരീരത്തിൽനിന്നു മറഞ്ഞു. വീണ്ടും ഒരു പുതിയ യൗവ്വനം ആരംഭിച്ചതുപോലെ ശരീരം തടിച്ചുകൊഴുത്തുരുണ്ടു കൂടുതൽ ആകർഷകമായിത്തീരുകയും ചെയ്തു. മഹാരാജ്ഞിയുടെ ശരീരപ്രകൃതിക്കുവന്നുചേർന്ന ഈ മാറ്റത്തെ രാജാവു ശ്രദ്ധിക്കാതിരുന്നില്ല. അദ്ദേഹം വളരെയധികം ആശ്ചര്യപ്പെട്ടു. യൗവനം രണ്ടാമതും ആരംഭിക്കുകയാണോ എന്ന് ഒരു ദിവസം ആശ്ചര്യപൂർവ്വം രാജ്ഞിയോടു ചോദിക്കുകയും ചെയ്തു.

രാജ്ഞി രാജാവിന്റെ ചോദ്യത്തിനു മറുപടിപറഞ്ഞു. ഇല്ലാത്തതായ ജഗൽഭാവത്തെ തള്ളികളഞ്ഞ് ഉള്ളതും അമൃതാത്മകവുമായത്മാവിൽ തന്മയീഭാവത്തോടുകൂടി ഞാൻ രമിക്കുന്നുണ്ട്. അതുകൊണ്ടാണ് എന്നിൽ ഈ ശ്രീത്വം കാണുന്നത്. ഒന്നിനെയും സ്വീകരിക്കുകയോ നിരസിക്കുകയോ രണ്ടും ഞാൻ ചെയ്യുന്നില്ല. രാഗവും ദ്വേഷവും എനിക്കില്ല. ഭോഗങ്ങളൊന്നും അനുഭവിക്കാതെതന്നെ അനുഭവിച്ചാലുളളതിനെക്കാൾ കൂടുതൽ പ്രീതിയും നിർവൃതിയും എനിക്കുണ്ട്. രാജഭോഗങ്ങളിൽപോലും ഞാൻ രമിക്കുന്നില്ല. ഉദയാസ്തമനങ്ങളോടുകൂടിയ ഭോഗപദാർത്ഥങ്ങളെയെല്ലാം തള്ളികളഞ്ഞ് അവയ്ക്കൊക്കെ അവലംബമായ കേവലാത്മാവിനെ അറിഞ്ഞ് ഞാൻ അതായിതീർന്നുകഴിഞ്ഞിരിക്കുന്നു. അതാണെന്റെ ശ്രീത്വത്തിന്റെ ഹേതു. എന്നിങ്ങനെ രാജ്ഞി തന്റെ സ്വാനുഭവത്തെ വ്യക്തമാക്കിയപ്പോൾ രാജാവിനതു വിശ്വസിക്കാൻ തന്നെ കഴിഞ്ഞില്ല. ആത്മവിശ്രാന്തിയും ബ്രഹ്മലാഭവും സാധിച്ച ചൂഡാലയുടെ വാക്കുകളെ ശരിക്കും മനസിലാക്കാൻ തന്നെ രാജാവിനു കഴിഞ്ഞില്ല. അതിനാൽ അദ്ദേഹം രാജ്ഞിയുടെ വാക്കുകേട്ടു ചിരിക്കുകയാണ് ആദ്യം ചെയ്തത്. പിന്നീടിങ്ങനെ പറഞ്ഞു, ബുദ്ധിമതിയായ ദേവി, എന്തിനാണിങ്ങനെ അസംബന്ധം പറയുന്നത്? എന്നെപ്പോലെതന്നെ നീയും രാജലീലകളിലും രാജഭോഗങ്ങളിലുമൊക്കെ നല്ലവണ്ണം രമിക്കുന്നുണ്ട്. ഇല്ലെന്നു വെറുതേ പറയുകയാണ്. പ്രത്യക്ഷമായ ജഗത്തിനെ മുഴുവൻ ഒരാൾ ഉപേക്ഷിച്ചുവെന്നു പറയുകയാണെങ്കിൽ അയാളുടെ ശരീരവും ഉപേക്ഷിക്കപ്പെട്ട ജഗത്തിന്റെ ഒരു ഘടകമല്ലേ? അതിവിടെ കാണാൻ പാടുള്ളതാണോ? നീയിപ്പോഴും ശരീരത്തോടുകൂടിയിരിക്കുന്നുണ്ടല്ലോ. അതിനാൽ ജഗത്തിനെ മുഴുവൻ ഉപേക്ഷിച്ചുവെന്നു പറയുന്നതൊക്കെ വെറുതെ തന്നെ. പിന്നെ കാണുന്നതായ ഈ ജഗത്തിനെയൊന്നും ഞാൻ കാണുന്നില്ലെന്നും കാണുന്നത് വേറെയൊന്നിനെയാണെന്നും പറയുന്ന ഒരാളാണെങ്കിൽ അതൊരു നേരമ്പോക്ക് പറയലല്ലാതെ പരമാർത്ഥമാവാൻ വയ്യ. അതുപോലെ വന്നുചേർന്ന ഭോഗങ്ങളെ അനുഭവിക്കാതെ ഒരാൾ ഞാൻ സന്തുഷ്ടനാണെന്നു പറഞ്ഞു വെറുതെയിരിക്കുകയാണെങ്കിൽ അവൻ അനുഭവയോഗ്യതയില്ലാത്ത നിർഭാഗ്യവാനാണെന്നുമാത്രമേ

പറയാനുള്ളൂ. നേരമ്പോക്കിനുവേണ്ടി എന്തെങ്കിലും പറഞ്ഞു വിനോദിച്ചോളൂ എന്നും പറഞ്ഞു രാജാവ് അന്തപുരത്തിൽനിന്നു പുറത്തേക്കുപോകുകയും ചെയ്തു. രാജാവിനു പരമാർത്ഥമായ ആത്മജ്ഞാനമോ ആത്മവിശ്രാന്തിയോ അല്പംപോലും സാധിച്ചിട്ടില്ലെന്നു അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നു രാജ്ഞിക്കു സ്പഷ്ടമായി മനസ്സിലായി. അല്പം അസ്വാസ്ഥ്യം തോന്നായ്കയില്ല. എങ്കിലും അതിനെ പ്രകാശിപ്പിക്കാതെ തന്റെ കൃത്യങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു. പിന്നെയും കുറേക്കാലം രാജാവും രാജ്ഞിയും ഒന്നിച്ചു കഴിഞ്ഞു കൂട്ടുകയും ചെയ്തു.

ഒന്നിലും അല്പംപോലും ആഗ്രഹമില്ലാത്തവളാണ് ചൂഡാല. എന്നിരുന്നാലും ഒരിക്കൽ ആകാശസഞ്ചാരത്തിൽ ആഗ്രഹം ജനിച്ചു. അതിന്റെ ഫലമായി അതിനെ സാധിക്കാൻ വേണ്ടുന്ന പ്രയത്നങ്ങൾ ചെയ്യാൻ തുടങ്ങി. രാജാവെന്നു വേണ്ട, ഒരാളും അറിയാനിടവരാതെ വിജനമായ ഒരുസ്ഥലത്ത് ഏകാകിനിയായിരുന്നു പ്രാണവായുവിന് ഊർദ്ധ്വഗമനം വരത്തക്കനിലയിൽ സുഖാസനത്തിലിരുന്ന് അഭ്യാസം ചെയ്യാൻ തുടങ്ങി. വസിഷ്ഠാചാര്യനിത്രയും പറഞ്ഞുകേട്ടപ്പോൾ ജിജ്ഞാസുവായ രാമചന്ദ്രൻ സാഹസമേറിയ ഏതഭ്യാസത്തിന്റെ ഫലമായിട്ടാണ് ആകാശഗമനാദിസിദ്ധികളുണ്ടാവുന്നതെന്നുകൂടി പറഞ്ഞുതരാൻ കനിവുണ്ടാവണമെന്നപേക്ഷിച്ചു. വസിഷ്ഠമഹർഷി മറുപടി പറയാൻ തുടങ്ങി.

രാമചന്ദ്രാ! ശ്രദ്ധയോടുകൂടി കേട്ടു ധരിക്കൂ. ഉദ്ദേശസാദ്ധ്യത്തിന് വിപരീതങ്ങളായ വാസനകളും സാഹചര്യങ്ങളും എല്ലാവരിലും എല്ലാ കാര്യങ്ങളെസംബന്ധിച്ചും ഉണ്ടായേക്കാം. അവയാണ് സാധ്യത്തെ മിക്കവാറും തടയുന്നത്. അതിനാൽ ഏതൊരുദ്ദേശത്തിന്റെ സാധ്യത്തിനും ആദ്യമായി ചെയ്യേണ്ടതു വിരുദ്ധവാസനകളെ അകറ്റലാണ്. രണ്ടാമത് അനുകൂലസാഹചര്യങ്ങളെ ഉണ്ടാക്കിതീർക്കലും. ഏതൊന്നിന്റെ സാധ്യതയ്ക്കും ഈ രണ്ടു കാര്യങ്ങളാണ് ആവശ്യമായിട്ടിരിക്കുന്നത്. ആകാശഗമനസിദ്ധിയിലും അവതന്നെയാണ് ആവശ്യങ്ങളായിട്ടിരിക്കുന്നത്. അതിനാൽ ആദ്യംതന്നെ വിരുദ്ധവാസനകളെയൊക്കെ അകറ്റണം. പിന്നെ പ്രാണവായുക്കളെ അനുകൂലിപ്പിച്ചു ആജ്ഞാനുവർത്തികളാക്കിത്തീർക്കണം. അപാനദ്വാരസങ്കോചം, മഹാമുദ്ര, ഭോജനശുദ്ധി, മനശ്ശുദ്ധി, യോഗാനുഷ്ഠാനം, സജ്ജനസംസർഗ്ഗം, സർവ്വത്യാഗം, പ്രാണായാമം, ചിത്തവൃത്തിജയം എന്നിങ്ങനെയുള്ള അഭ്യാസങ്ങളെ യുക്തിയോടുകൂട്ടുംവണ്ണം ചെയ്യുമ്പോൾ അഭിജ്ഞനായ ഒരാൾക്ക് കാലംകൊണ്ട് പ്രാണങ്ങളൊക്കെ വശവർത്തികളായിത്തീരും.

കുതികാൽകൊണ്ടു യോനിയെ അമർത്തി ഗുദദ്വാരത്തെ സങ്കോചിപ്പിച്ച് അപാനവായുവിനെ മേലോട്ടുഹൃദയത്തിലേക്കാകർഷിച്ചു നിർത്തുന്നതിനു മൂലബന്ധമെന്നു പറയും. പ്രാണജയത്തിന് ഏറ്റവും പറ്റിയ അഭ്യാസങ്ങളിൽ ഒന്നാണ് മൂലബന്ധധാരണം. പ്രാണജയം കൊണ്ട് ഈ ലോത്തിൽ സാധിക്കാത്തതായ കാര്യങ്ങളൊന്നുമില്ല. ആന്ത്രവേഷ്ടനികയെന്ന നാഡിയെ തിരിച്ചറിഞ്ഞ് അതിനുള്ളിലുള്ള അന്തഃകുണ്ഡലനീശക്തിയെ അറിയാനും ഉണർത്താനും കഴിഞ്ഞാൽ

എല്ലാകാര്യങ്ങളും സാധിക്കും. പ്രസ്തുതശക്തിയാണ് ശരീരത്തിൽ ബുദ്ധിയും മനസ്സും പ്രാണനുമെന്നുവേണ്ട, എല്ലാമായു വർത്തിക്കുന്നത്. കുണ്ഡലിനീശക്തിയും കലയും ജീവനുമെല്ലാം പ്രസ്തുത അന്തഃകുണ്ഡലിനിയുടെ സ്വാധീനതകൊണ്ടു പ്രാണാപാനസ്വരൂപേണ ശരീരത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന വായു ചലിക്കാതെ നിശ്ചലമായി നില്ക്കുന്നപക്ഷം ഒരു രോഗത്തിന്റെയും ബാധയുണ്ടാവില്ല. എന്നിങ്ങനെ വസിഷ്ഠൻ പറഞ്ഞപ്പോൾ എങ്ങനെയാണ് രോഗങ്ങളുണ്ടാവുന്നതെന്നും എന്താണ് രോഗങ്ങളുടെ സാമാന്യസ്വരൂപമെന്നും ചോദിച്ചു രാമചന്ദ്രൻ. അതിനും മറുപടി പറഞ്ഞുതുടങ്ങി ഋഷിവര്യൻ.

ഹേ രാമചന്ദ്രാ, ശരീരദുഃഖത്തെ വ്യാധിയെന്നും മാനസികദുഃഖത്തെ ആധിയെന്നും പറയും. രണ്ടിനും ഹേതു അജ്ഞാനം തന്നെ. അജ്ഞാനത്താൽ മൂർഖത വളർന്നു തടിച്ചുകൊഴുത്ത് ആഗ്രഹങ്ങളായിത്തീരും. ആഗ്രഹങ്ങൾ ഒന്നിനുപിന്നിൽ മറ്റൊന്നെന്നകണക്കിൽ അവസാനമില്ലാതെ പ്രവഹിക്കാൻ തുടങ്ങും. അവയിൽ പലതും നിറവേറാതെ നിരാശയ്ക്കു കാരണങ്ങളായിത്തീരും. നിറവേറപ്പെടാത്ത ആഗ്രഹങ്ങൾ ഹേതുവായിട്ടു മനസ്സു വിമുഖവും അസ്വസ്ഥവുമായിത്തീരും. അങ്ങനെ പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്ന അസ്വാസ്ഥ്യം ഹേതുവായി മനസ്സെപ്പോഴും നിരാശാജടിലവും ദുഃഖപൂർണ്ണവുമായിത്തീരും. ആ അവസ്ഥയെയാണ് ആധിയെന്നു പറയുന്നത്. ദുഷ്ടാന്നഭക്ഷണം, ദുർദ്ദേശസഞ്ചാരം, അകാലഭോജനം, ശവംവഹിക്കൽ, രോഗികളോടുകൂടിച്ചേർന്നിരിക്കൽ തുടങ്ങിയ പലകാരണങ്ങളെകൊണ്ടു് ശരീരത്തിലെ വാതാദിദോഷങ്ങൾ കോപിച്ചിളകി പലവിധരോഗങ്ങൾക്കു കാരണമാവുന്നു. നല്ലതോ ചീത്തയോ എന്തായാലും വാസനകൾ വർദ്ധിക്കുമ്പോൾ അനുഭവങ്ങളും വർദ്ധിക്കുന്നു. അനുഭവങ്ങളെല്ലാം സംസാരത്തിലുള്ളവയാകയാൽ അവ നല്ലതോ ചീത്തയോ എന്തായാലും അവയ്ക്കെല്ലാം അജ്ഞാനം മൂലഹേതുവും ദുഃഖം പരിണിതഫലവുമാണ്. ആധിവ്യാധികളുടെ ഉല്പത്തിസ്വരൂപം സാമാന്യമായിട്ടവിടെപ്പറഞ്ഞുവല്ലോ. നശിക്കുന്ന സ്വഭാവവും സാമാന്യമായിപ്പറയാം.

ആധികൾ രണ്ടുതരത്തിലുണ്ടെന്നു പറയപ്പെടുന്നു. അവയെ സംസാരമെന്നും വ്യവഹാരമെന്നും പറയും. സംസാരം സാമാന്യവും വ്യവഹാരം പ്രത്യേകവുമാണ്. ഉദ്ദിഷ്ടവസ്തുവിന്റെ ലാഭം കൊണ്ടു പ്രത്യേകമായ ആധി നീങ്ങും. അജ്ഞാനനാശത്തിൽ സാമാന്യമായ ആധിയും നീങ്ങും. ആധികൾ നീങ്ങുമ്പോൾ ആധിജാതങ്ങളായ വ്യാധികളും ശമിക്കും. ശരിയായ ആത്മജ്ഞാനം കൊണ്ടുമാത്രമേ സ്ഥിരമായ ആധി നീങ്ങി സുഖപ്രാപ്തിയുണ്ടാവൂ. ആധിജാതങ്ങളല്ലാത്ത ത്രിദോഷകോപം കൊണ്ടുണ്ടായ രോഗങ്ങൾ ഔഷധമന്ത്രപ്രയോഗങ്ങൾ കൊണ്ടുമാറുമെന്നു ലോകത്തിൽ എല്ലാവർക്കും അറിവുള്ളതുമാണല്ലോ. ആധിയെങ്ങനെ വ്യാധിയായിത്തീരുന്നുവെന്നാണെങ്കിൽ പറയാം. മനസ്സ് വിധുരമായിത്തീരുമ്പോൾ ശരീരവും പ്രക്ഷുബ്ധമായിത്തീരും. പ്രക്ഷുബ്ധമായ ശരീരത്തിലെ നാഡികൾ ചഞ്ചലങ്ങളും ശരിയായ പ്രാണഗതിയെ തടയുന്നവയുമായിത്തീരും. അപ്പോൾ പ്രാണന്റെ ചലനത്തിന് സാരമായ മാറ്റമുണ്ടാകും. പ്രാണവായുക്കളുടെ അപഥസഞ്ചാരംകൊണ്ടു് ജഠരാഗ്നിക്കും കാര്യമായ മാറ്റമുണ്ടാകും. അപ്പോൾ കഴിക്കുന്ന ആഹാരം

ശരിയായി ദഹിക്കാതെ അജീർണ്ണത്വമോ കുജീർണ്ണത്വമോ സംഭവിക്കും. അപ്പോൾ വാതാദിദോഷങ്ങളുടെ കോപത്തിനും അതുഹേതുവായി പലവിധ രോഗങ്ങളുടെ ഉല്പത്തിക്കും ഇടവരുകയും ചെയ്യും.

ഇനി മന്ത്രങ്ങളെക്കൊണ്ടു രോഗങ്ങൾ മാറുന്നതെങ്ങനെയെന്ന സ്വഭാവം കൂടിപ്പറയാം. കടുക്ക കഴിച്ചാൽ വിരോചനമുണ്ടാകുന്നുവെന്നതു പ്രത്യക്ഷമാണല്ലോ. യരലവാദികളായ അക്ഷരങ്ങളും അതുപോലെ ശരീരത്തിലെ പ്രാണഗതിക്കു പല വ്യത്യാസങ്ങളും വരുത്തുന്നു. പ്രാണഗതിയുടെ വ്യത്യാസംകൊണ്ടു ജഠരാഗ്നിക്കും പചനക്രിയക്കുമെല്ലാം മാറ്റം വരുന്നു. അവയെല്ലാം യഥാതഥമായി പ്രവർത്തിക്കുമ്പോൾ രോഗംമാറി ശരീരം അരോഗവും മനസ്സ് നിർമ്മലവുമായിത്തീരുന്നു. നിർമ്മലമായ മനസ്സും അരോഗവുമായ ശരീരവുമുള്ളപ്പോൾ ജീവൻ സന്തുഷ്ടനാണ്. എന്നാൽ ആ അവസ്ത സ്ഥിരപ്പെടണമെങ്കിൽ ആത്മജ്ഞാനത്തിനു ദൃഢതകിട്ടുകതന്നെ വേണം.

ശരി; പ്രസംഗവശാൽ ആധിവ്യാധികളെപ്പറ്റിപ്പറയാൻ ഇടവന്നുവെങ്കിലും ഇവിടെ പ്രകൃതിവിഷയം കുണ്ഡലിനിയാണല്ലോ. അതിനെത്തന്നെ തുടരാം. പുര്യഷ്ടകമെന്നു പ്രസിദ്ധമായ ശബ്ദം ജീവന്റെ തന്നെ മറ്റൊരു പര്യായപദം മാത്രമാണ്. ജീവന്റെ ചലനാത്മകശകതിയാണ് പ്രാണൻ. പ്രാണൻ തന്നെയാണ് ഒരുതരത്തിൽ പറഞ്ഞാൽ കുണ്ഡലിനി. പുഷ്പവും സൗരഭ്യവും എപ്രകാരം രണ്ടല്ലാതിരിക്കുന്നുവോ, അതുപോലെ ജീവനും പ്രാണനും ഒട്ടിച്ചേർന്ന് ഒന്നായിട്ടാണിരിക്കുന്നത്. എന്നിരുന്നാലും സൗരഭ്യത്തിനു പുഷ്പം കാരണമാവുന്നതുപോലെ പ്രാണചലനത്തിന് ജീവൻ കാരണവുമാണെന്നു ധരിക്കുകയും വേണം. പൂരകാഭ്യാസത്തിന്റെ വിജയം വഴി കുണ്ഡലിനിയെ പൂരണംചെയ്ത നിശ്ചലനായിട്ടിരിക്കുമ്പോൾ ശരീരം മേരുപർവ്വതം പോലെ സുസ്ഥിതവും സമ്പുഷ്ടവുമായിത്തീരും. പൂരകാഭ്യാസം കൊണ്ട് അകത്തുനിറയ്ക്കപ്പെട്ട വായുവിനെ പിന്നെ കുണ്ഡലിനി പതുക്കെപ്പതുക്കെ മേല്പോട്ടുകയറ്റാൻ തുടങ്ങുമ്പോൾ കുണ്ടലിനീശക്തി തന്നെത്താൻ നീണ്ടുനിവർന്നു വടിപോലെ കുത്തനെ നില്ക്കും. മാത്രമല്ല, ശരീരബന്ധങ്ങളായ എല്ലാനാഡികളും മേല്പോട്ടുയർന്ന് ഊർദ്ധ്വഗതിക്കു തയ്യാറാവുകയും ചെയ്യും. അങ്ങിനെ അല്പസമയം കഴിയുന്നതോടെ ശരീരത്തിലെ ശക്തി മുഴുവൻ മേലോട്ടു പൊന്തും. ശരീരംതന്നെയും ആകാശത്തേയ്ക്കുയരുകയും ചെയ്യും. ഇങ്ങനെയാണ് യോഗികൾ ആകാശസഞ്ചാരത്തെ സാധിക്കുന്നത്.

എന്നിങ്ങനെ ആകാശഗമനകാര്യത്തെയും അതിനോടുബന്ധപ്പെട്ട അണിമാദി ഐശ്വര്യങ്ങളെ പ്രാപിക്കുന്ന വിധങ്ങളെയും മറ്റു സിദ്ധികളുടെ സ്വഭാവങ്ങളെയും സാമാന്യമായി പ്പറഞ്ഞുകൊടുത്തശേഷം വസിഷ്ഠാചാര്യൻ വീണ്ടും പ്രകൃതമായ ചൂഡാലയുടെ ചരിത്രത്തെപ്പറയാൻ തുടങ്ങി. ഹേ, രാമാചന്ദ്രാ! ബുദ്ധിശാലിനിയും ഉത്സാഹവതിയുമായ ചൂഡാല പറയപ്പെട്ട അഭ്യാസങ്ങളെയൊക്കെ വളരെ തീവ്രമായി ചെയ്തു ചുരുങ്ങിയ ദിവസങ്ങളെ കൊണ്ടുതന്നെ ആകാശഗമനവും അഷ്ടൈശ്വര്യങ്ങളുമൊക്കെ സാധിച്ചു. ചുരുക്കിപ്പറഞ്ഞാൽ ചൂഡാലയ്ക്ക് എല്ലാ യോഗസിദ്ധികളും സ്വാധീനങ്ങളായി. അതിന്റെ ഫലമായി മറ്റാരും അറിയാതെ അവൾ മൂന്നുലോകത്തും ഇഷ്ടംപോലെ സഞ്ചരിക്കാനും തുടങ്ങി. രാജാവോടുകൂടി ചേർന്നിരിക്കുമ്പോഴെല്ലാം

ഇദ്ദേഹത്തിന് ജ്ഞാമുണ്ടാവാൻ ഞാനെന്താണ് ചെയ്യേണ്ടതെന്നു വീണ്ടും വീണ്ടും വിചാരിക്കും. അമ്മ കുട്ടിക്ക് ആഹാരം കൊടുക്കുംപോലെ വളരെ വാത്സല്യത്തോടുകൂടി ആത്മജ്ഞാനത്തെ ഉപദേശിക്കും. പക്ഷേ എന്തൊക്കെച്ചെയ്തിട്ടും രാജാവിന് അല്പമെങ്കിലും ആത്മജ്ഞാനമോ ആത്മവിശ്രാന്തിയോ കൈവന്നതുമില്ല.

മൂഢനായ ബാലനു വീര്യമേറിയ വിദ്യാസ്വരൂപത്തെ പലപാടുപദേശിച്ചാലും എങ്ങനെയാണോ ചിത്തത്തിൽ പതിയാതിരിക്കുന്നത്, അതുപോലെ ചൂഡാലയുടെ ഉപദേശങ്ങളൊന്നും ശിഖിദ്ധ്വജനിൽ അല്പംപോലും പ്രയോജനപ്പെട്ടിട്ടില്ല. അതുകാരണത്താൽ ചിത്തസംശുദ്ധിവന്നിട്ടില്ലാത്ത അദ്ദേഹത്തിന് തന്റെ സിദ്ധികളെയൊന്നും രാജ്ഞി കാണിച്ചതുമില്ല. എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞുകഴിഞ്ഞപ്പോൾ ശ്രീരാമചന്ദ്രൻ ചോദിക്കുകയാണ്. മഹാബുദ്ധിമതിയും അനുഭൂതിരസികയുമായ ചൂഡാല ഇത്രയൊക്കെ പരിശ്രമിച്ചിട്ടും രാജാവിന് ജ്ഞാനമുണ്ടായില്ലെന്നു വന്നാൽ മറ്റുള്ളവരുടെയൊക്കെ കഥയെന്താണ്? ഗുരൂപദേശം കൊണ്ടു ശിഷ്യൻ സമ്പന്നനായിത്തീരുമെന്നല്ലേ നിയമം. എന്താണ് രാജാവിന് ജ്ഞാനപ്രാപ്തിയുണ്ടാവാതിരിക്കാൻ കാരണമെന്ന്. അതിനെ കേട്ട വസിഷ്ഠമഹർഷി പറയാൻ തുടങ്ങി.

ഹേ! രാമചന്ദ്രാ! ആചാര്യൻ എത്രയൊക്കെ ഉപദേശിച്ചാലും ശിഷ്യന്റെ ബുദ്ധിശക്തിയും ജ്ഞാനതൃഷ്ണയും തന്നെയാണവനെ ജ്ഞാനിയാക്കിത്തീർക്കുന്നത്. ബുദ്ധിക്കു കൂർമ്മതയോ ജിജ്ഞാസയ്ക്കു ശക്തിയോ ഇല്ലെങ്കിൽ ആരൊക്കെ എത്രയൊക്കെ ഉപദേശിച്ചിട്ടും കാര്യമില്ല. ഗുരൂപദേശമൊന്നുമല്ല ജ്ഞാനത്തെ പ്രകാശിപ്പിക്കുന്നത്. എങ്കിലും ഗുരുപദേശം ആവശ്യമാണെന്നു പറയാം. പണ്ടൊരിക്കൽ ധനവാനും എന്നാൽ മഹാലോഭിയും ഗൃഹസ്ഥനുമായ ഒരു വൈശ്യൻ കാട്ടിൽക്കൂടെ എവിടേയ്ക്കോ പൊയ്ക്കൊണ്ടിരുന്നു. നടത്തത്തിന്റെ വേഗതകൊണ്ട് ഉടുത്ത വസ്ത്രത്തിന്റെ തലക്കൽ കെട്ടിയിരുന്ന പണത്തിൽനിന്ന് ഒരു കൊച്ചു കാശ് ആ കാട്ടിൽ എവിടെയോ വീണുപോയി. വൈശ്യൻ വല്ലാതെ പരിഭ്രമിച്ചു. നഷ്ടപ്പെട്ട കാശു തിരയാൻ തുടങ്ങി. വളരെ നേരം തിരഞ്ഞിട്ടും കിട്ടിയില്ല. എന്തുവന്നാലും കാശുകിട്ടാതെ പോവാൻ വയ്യെന്നുള്ള നിലയ്ക്കു മൂന്നു ദിവസം ആഹാരനിദ്രകളില്ലാതെ കാട്ടിൽ കാശും തിരഞ്ഞു നടന്നു. മൂന്നാമത്തെ ദിവസം അദ്ദേഹത്തിനു വിലമതിക്കാൻ കഴിയാത്ത ചിന്താമണിയെന്ന രത്നം കിട്ടി. വൈശ്യൻ സന്തുഷ്ടനായി ഗൃഹത്തിലേയ്ക്കു തിരിച്ചു. ഒരുകൊച്ചു കാശുപോയതു കൊണ്ടാണ് തിരച്ചിൽ തുടങ്ങിയത്. തിരച്ചിലിന്റെ ഫലമായി രത്നവും കിട്ടി. ഇതുപോലെയാണ് ഗുരൂപദേശവും ജ്ഞാനപ്രാപ്തിയും. ഗുരൂപദേശംകൊണ്ട് തീവ്രമായ സാധനയും സാധനയുടെ ഫലമായി ജ്ഞാനപ്രാപ്തിയുമുണ്ടാവുന്നു. അതിനാൽ ഗുരൂപദേശം ആവശ്യമാണ്. പക്ഷേ ജ്ഞാനപ്രാപ്തി ശിഷ്യന്റെ പ്രയത്നത്തിന്റെ ഫലവുമാണ്. ശിഖിദ്ധ്വജരാജാവിന് ഗുരുപദേശം പലപ്പോഴും ലഭിച്ചുവെങ്കിലും അദ്ദേഹത്തിന് ബുദ്ധിശക്തിയോ, ജ്ഞാനതൃഷ്ണയോ, പ്രയത്നമോ ഒന്നുമുണ്ടായിരുന്നില്ലെന്ന കാരണത്താൽ അവയെല്ലാം കേവലം വിഫലമായിത്തീരുകതന്നെ

ചെയ്തു.

അങ്ങനെയിരിക്കെ മഹാരാജാവിന് ആത്മജ്ഞാനത്തിന്റെ കുറവുകൊണ്ടുള്ള ക്ലേശങ്ങൾ ദിവസംപ്രതി വർദ്ധിച്ചുതുടങ്ങി. രാജഭോഗങ്ങളിലും സമ്പൽപ്രൗഢിയിലുമൊന്നും അദ്ദേഹത്തിന്റെ ചിത്തം രമിക്കാതായിത്തുടങ്ങി. ലോകഭോഗങ്ങളൊക്കെ നശ്വരങ്ങളും ദുഃഖപൂർണ്ണവുമാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. ചിത്തശാന്തിക്കുവേണ്ടി അദ്ദേഹം ദാഹിക്കാൻ തുടങ്ങി. എന്തുചെയ്താൽ ചിത്തവിശ്രാന്തികിട്ടുമെന്നു തന്നത്താൻ ആലോചന തുടങ്ങി. അതിന്റെ ഫലമായി ചില തീർത്ഥാടനങ്ങളും വ്രതാനുഷ്ടാനങ്ങളുമൊക്കെ ചെയ്തുനോക്കി. അതുകൊണ്ടും ഉദ്ദേശിച്ചത്ര ഫലമൊന്നുമുണ്ടായില്ല. അവസാനം തപസ്സുചെയ്യാൻ തീർച്ചപ്പെടുത്തി. അതു ഗൃഹത്തിലായാൽ പറ്റില്ല. കാട്ടിലേയ്ക്കു പോവുകതന്നെ വേണം എന്നു നിശ്ചയിച്ചു. ഒരു ദിവസം രാജ്ഞിയായ ചൂഡാലയോടു തന്റെ അഭിപ്രായത്തെ അറിയിച്ചു. തപസ്സിനായിക്കൊണ്ടു കാട്ടിലേയ്ക്കു പോകുകയാണെന്നും രാജ്ഞി രാജ്യഭരണം നടത്തിക്കൊണ്ടു അരമനയിൽ ഇരിക്കണമെന്നും അതിനു വിസമ്മതമൊന്നും പറയരുതെന്നും പറഞ്ഞു അനുനയം കൊണ്ടു ചൂഡാലയെ ഒരുവിധം സമ്മതിപ്പിച്ചു. അന്നു രാത്രിയിൽ എല്ലാവരും ഉറങ്ങികഴിഞ്ഞപ്പോൾ ശിഖിദ്ധ്വജൻ ഏകനായി എഴുന്നേറ്റു നടന്നു. പട്ടണങ്ങളേയും നാട്ടുകളെയും നദികളെയും പർവ്വതങ്ങളെയും അതിക്രമിച്ചു ക്രമേണ രണ്ടുദിവസംകൊണ്ട് അദ്ദേഹം മന്ദരപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള ഭയങ്കരമായ കാട്ടിലെത്തിചേർന്നു. ആ കാട്ടിന്റെ പരിസരത്തെവിടെയും ജനവാസമോ ജനസഞ്ചാരം പോലുമോ ഇല്ല. അത്രയും വിജനമായ വനാന്തർഭാഗത്ത് ഏകനായെത്തിച്ചേർന്ന രാജാവു തനിക്കു താമസിക്കാനൊയൊരു സ്ഥലം തിരഞ്ഞെടുത്തു. വൃക്ഷങ്ങളുടെ കൊമ്പും ഇലയും മറ്റും ഉപയോഗിച്ചു താമസിക്കാനൊരു പർണ്ണശാലയും തീർത്തു. അനന്തരം പൂക്കൊട്ട, മുളവടി, കന്ഥ, മാൻതോൽ, ജലപാത്രം, ദർഭാസനം തുടങ്ങി തപസ്വികൾക്കാവശ്യമായ പദാർത്ഥങ്ങളെയൊക്കെ ഒരുക്കി. അടുത്തദിവസം മുതൽ അദ്ദേഹത്തിന്റെ തപോനിഷ്ഠ ആരംഭിക്കപ്പെടുകയും ചെയ്തു. സന്ധ്യാവന്ദനം, ജപം എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ തപോനുഷ്ഠാനങ്ങൾ വിഘ്നമില്ലാതെ നിറവേറാൻ തുടങ്ങി.

മഹാരാജാവു് ശയ്യവിട്ടറങ്ങിയപ്പോൾത്തന്നെ ചൂഡാല അറിഞ്ഞു. മനസ്സിന് ചെറിയൊരസ്വാസ്ഥ്യം തോന്നായ്കയില്ല. എങ്ങനെയെങ്കിലും ഭർത്താവിന്റെ മൂർഖത നീങ്ങിക്കണ്ടാൽക്കൊള്ളാമെന്ന ആഗ്രഹമുണ്ടായിരുന്നതിനാൽ സമാധാനമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഏതു ഭാഗത്തേയ്ക്കാണ് രാജാവു പോവുന്നതെന്നറിയാൻ വേണ്ടി രാജ്ഞി ജനൽപ്പഴുതിലൂടെ പുറത്തുകടന്ന് ആകാശത്തുടെ പോയിനോക്കി. കൈയിൽ ഊരിപ്പിടിച്ച വാളുമായി മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന ശിഖിദ്ധ്വജനെ കാണുകയും ചെയ്തു. മേലിൽ നടക്കാൻപോവുന്ന സംഗതികളെയൊക്കെ തന്റെ ജ്ഞാനദൃഷ്ടികൊണ്ടു കണ്ടറിഞ്ഞ ചൂഡാല അരമനയിലേയ്ക്കു തന്നെ മടങ്ങിപ്പോന്നു, പിറ്റേന്ന് മന്ത്രിമാരെ വിളിപ്പിച്ചു സംഭക്കൂട്ടി മഹാരാജാവ് ഭരണം തന്നെ ഏൽപ്പിച്ച് ഏതോ ഒരത്യാവശ്യകാര്യത്തിന് പോയിരിക്കയാണെന്നും അതിനാൽ അദ്ദേഹം

മടങ്ങിവരുന്നതുവരെ താനാണ് രാജ്യഭരണം നടത്തുന്നതെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പൂർവ്വാധികം ഭംഗിയായി രാജ്യഭരണം നടത്തിവരുകയും ചെയ്തു. അങ്ങനെ കൊല്ലങ്ങൾ തന്നെ കഴിഞ്ഞുപോയി. പതിനെട്ടു കൊല്ലങ്ങൾ കഴിഞ്ഞശേഷം ഒരുദിവസം രാജ്ഞി രാജാവിനെ പോയിക്കാണാൻ തീർച്ചപ്പെടുത്തി.

ആകാശത്തുടെ വായുവേഗത്തിൽ സഞ്ചരിച്ച ചൂഡാല ക്ഷണനേരം കൊണ്ട് മന്ദരപർവ്വതത്തിന്റെ സാനുപ്രദേശത്തുള്ള ഘോരവനത്തിന്റെ മുകളിലെത്തി. അർദ്ധരാത്രിക്കുശേഷം എല്ലാവരും ഉറങ്ങിക്കൊണ്ടിരിക്കെ ആരും അറിയാതെയാണ് രാജ്ഞി തപോവനത്തിലേയ്ക്കു പുറപ്പെട്ടത്. ബ്രഹ്മമുഹൂർത്തത്തിന് മുമ്പുതന്നെ ഉദ്ദിഷ്ടസ്ഥാനത്തെത്തുകയും ചെയ്തു. തെളിഞ്ഞ ചന്ദ്രികയിൽ പ്രകാശിച്ചുകണ്ടിരുന്ന പർണ്ണശാലയുടെ പുരോഭാഗത്ത് അദ്ദേഹം ഏകാകിയായിരുന്നു ജപിക്കുന്നതായി രാജ്ഞി ആകാശത്തിൽ നിന്നുതന്നെ കാണുകയും ചെയ്തു. വളരെക്കാലത്തെ തപോനിഷ്ഠകൊണ്ടും, ഏകാന്തവാസംകൊണ്ടും രാജാവിനു രാഗാദിവൃത്തികൾ നീങ്ങി ചിത്തശുദ്ധി വന്നിട്ടുണ്ടാവണമെന്നും അതിനാൽ ഇപ്പോൾ ചെയ്യപ്പെടുന്ന ജ്ഞാനോപദേശം അദ്ദേഹത്തിനു സഫലമാവുമെന്നും കരുതി ജ്ഞാനോപാദേശം ചെയ്യാനാണ് രാജ്ഞി അവിടേയ്ക്കു വന്നത്. എന്നാൽ, തന്നെ ഈ വേഷത്തിൽ കണ്ടാൽ ചൂഡാലയെന്ന അലക്ഷ്യഭാവമുണ്ടാവും. അപ്പോൾ ഉപദേശം വേണ്ടത്ര പ്രയോജനപ്പെടുകയുമില്ലെന്നു കരുതി പ്രച്ഛന്നവേഷത്തോടുകൂടി വേണം രാജാവിനെ സമീപിക്കാനെന്നു തീർച്ചപ്പെടുത്തി. തേജസ്വിയായ ഒരു ബ്രഹ്മചാരിയുടെ വടിവായിത്തീരാൻ സങ്കല്പിച്ചു. സങ്കല്പമാത്രം കൊണ്ടുതന്നെ അങ്ങനെയായിത്തീരുകയും ചെയ്തു. അനന്തരം താഴോട്ടിറങ്ങി രാജാവിന്റെ മുമ്പിൽ ഭൂമിതൊടാതെ ഭൂമിയിൽ നിന്നും ഏതാനും അംഗുലം പൊന്തി ആകാശത്തിൽനിന്നു. കാഴ്ചയിൽ യൗവ്വനാരംഭത്തിലെത്തിയ തേജസ്വിയായ ബ്രഹ്മചാരിയായും ഭൂമിതൊടാതെയുള്ളനില്പും കണ്ടപ്പോൾ രാജാവ് അദ്ദേഹത്തെ ഒരു ദേവപുത്രനാണെന്നു മനസ്സിലാക്കി, വേഗത്തിൽ എഴുന്നേറ്റു സ്വാഗതം പറഞ്ഞ് ഇലകൾ വിരിച്ചാസനമുണ്ടാക്കി അതിലിരിക്കാൻ പറഞ്ഞു. അന്തരം അർഘ്യപാദ്യങ്ങളെക്കൊടുത്തു. രാജർഷിക്കു നമസ്കാരമെന്നു പറഞ്ഞ് അദ്ദേഹം രാജാവ് കൊടുത്ത ആസനത്തിലിരിക്കുകയും ചെയ്തു. അനന്തരം അന്യേന്യം കുശലപ്രശ്നം ചെയ്യാൻ തുടങ്ങി. തപസ്സു നിർവ്വിഘ്നമായി നടക്കുന്നുണ്ടോ, തപസ്സിന്റെ ഫലമായ അദ്വൈതജ്ഞാനവും ചിത്തവിശ്രാന്തിയും സാധിച്ചുവോ എന്നൊക്കെ ദേവകുമാരൻ രാജാവിനോടു ചോദിച്ചു. അതിനൊക്കെ അദ്ദേഹം സാമാന്യമായ മറുപടി പറഞ്ഞശേഷം അദ്ദേഹം ആരാണെന്നും എവിടേയ്ക്കാണ് പുറപ്പെട്ടതെന്നും എന്തുദ്ദേശത്താലാണവിടെ വന്നതെന്നുമൊക്കെ അറിഞ്ഞാൽ കൊള്ളാമെന്നറിയിച്ചു. അതിനുമറുപടി പറയാൻ തുടങ്ങി ദേവപുത്രൻ.

മഹാജ്ഞാനനിധിയും ദേവവന്ദ്യനുമായ ശ്രീ നാരദമഹർഷി ഒരിക്കൽ ഗംഗാതീരത്തുള്ള ഒരു ഗുഹയിൽ കുറച്ചുകാലം തപോനിഷ്ഠചെയ്തു താമസിക്കാനിടയായി. അക്കാലത്തൊരു ദിവസം അദ്ദേഹം പതിവുപോലെ സമാധിയിൽ നിന്നുണർന്നു ഗംഗാതീരത്തേയ്ക്കിറങ്ങിയപ്പോൾ മഹാസൗഭാഗ്യവതികളും യൗവനയുക്തകളുമായ ചിലദേവസ്ത്രീകൾ ഗംഗയിൽ

നീന്തിക്കളിക്കുന്നതായി കണ്ടു. ദേഹത്തിൽ വസ്ത്രമില്ലാതെയും അന്യോന്യം പ്രതിബിംബിക്കുന്ന തേജസ്സുള്ളവരുമായ അവരുടെ ദർശനംകൊണ്ടു മഹർഷിയുടെ മനസ്സ വികാരാവിഷ്ടമായിത്തീരുകയും രേതസ്സ് സ്ഖലിക്കുകയും ചെയ്തു. അത്രയും കേട്ടപ്പോൾ മഹാത്മാവായ നാരദമഹർഷിക്കു വികാരമുണ്ടാവുമോ എന്ന തന്റെ ശങ്കയെ രാജാവു് പ്രകാശിപ്പിച്ചു. ദേവപുത്രൻ അതിനും മറുപടിപറഞ്ഞു, രാജർഷേ! അങ്ങുശ്രദ്ധിക്കണം. പ്രജ്ഞ എപ്പോൾ ലക്ഷ്യമായ ആത്മസത്തയെ വിസ്മരിക്കുന്നുവോ, താമസമില്ല, അപ്പോൾ ദൃശ്യങ്ങൾ പൊന്താൻ തുടങ്ങും. ചിത്തത്തിൽ ദൃശ്യങ്ങൾ വികസിച്ചാൽ വികാരമുണ്ടാവും. അത് ആരുടെയും അനുഭവമാണ്. അതിനാൽ ലക്ഷ്യത്തെ വിസ്മരിക്കാതിരിക്കലാണ് മഹാന്മാർ ചെയ്തുവരുന്നത്. എങ്കിലും ചിലപ്പോൾ അറിയാതെ വിട്ടുപോയേക്കാം. അങ്ങനെ വന്നാൽ എന്തെങ്കിലും ചില അനർത്ഥങ്ങളുണ്ടായിക്കൂടായ്കയുമില്ല. ഏതായാലും സ്രവിച്ചതായ രേതസ്സിനെ അദ്ദേഹമൊരു സ്ഫടികകുംഭത്തിലാക്കി അടച്ചു ഭദ്രമാക്കി വെച്ചു. സങ്കല്പം കൊണ്ടുണ്ടാക്കിയ പാലുകൊണ്ടു നനച്ചു വരുകയും ചെയ്തു. മഹർഷിയുടെ ബീജം ക്രമേണ കരചരണാദ്യവയവങ്ങളോടുകൂടിയ ശരീരമായിത്തീർന്നു. സന്ദർഭം വന്നപ്പോൾ കുംഭത്തെപൊട്ടിച്ചു ശിശുവിനെ പുറത്തെടുത്തു വളർത്താൻ തുടങ്ങി. കാലം കൊണ്ടു പിതാവു് ആ പുത്രനാവശ്യമുള്ള എല്ലാ സംസ്കാരങ്ങളെയും ചെയ്തു വേണ്ടുന്ന വിദ്യകളെയൊക്കെ പഠിപ്പിച്ചു ജ്ഞാനിയുമാക്കി. അനന്തരം ഒരു ദിവസം ബ്രഹ്മസന്നിധിയിൽ കൂട്ടികൊണ്ടുപോയി തന്റെ പുത്രനെ ബ്രഹ്മദേവന് കാണിച്ചുകൊടുത്തു. ബ്രഹ്മദേവൻ പൗത്രനെക്കണ്ടു വളരെ സന്തോഷിച്ചു. സർവ്വജ്ഞനായിത്തീരട്ടേയെന്നനുഗ്രഹിക്കുകയും ചെയ്തു. കുംഭത്തിൽ നിന്നും ജനിച്ച ആകുട്ടിക്ക് 'കുംഭ'നെന്നുതന്നെ പേരിട്ടു. ആ കുംഭനാണ് ഈ ഞാൻ. സജ്ജനങ്ങളെക്കാണാനും അവരുമായി സമ്പർക്കം ചെയ്യാനുമുള്ള കൗതുകംകൊണ്ട് ആകാശത്തുടെ ചുറ്റിനടക്കുമ്പോഴാണ് അങ്ങയെ കണ്ടത്. അപ്പോൾ തപോനിധിയായ അങ്ങയെക്കാണാൻ വേണ്ടി ഇങ്ങോട്ടിറങ്ങിയെന്നേ ഉള്ളൂ. ഇനി അങ്ങയുടെ വർത്തമാനങ്ങളും കേട്ടാൽ കൊള്ളാമെന്നായി കുംഭൻ.

ദേവപുത്രന്റെ അമൃതായമാനങ്ങളായ വാക്കുകളെകേട്ട് അതീവസന്തുഷ്ടനും ആശ്ചര്യഭരിതനുമായിത്തീർന്ന രാജാവു് കുംഭനെ വളരെയധികം അനുമോദിക്കുകയും പുകഴ്ത്തുകയും ചെയ്തു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ സമാഗമംകൊണ്ടും സംഭാഷണം കൊണ്ടും രാജാവിനതുവരെ ഉണ്ടായിട്ടില്ലാത്ത അവാച്യമായൊരു നിർവൃതി കിട്ടിക്കഴിഞ്ഞതിനാൽ അദ്ദേഹം കുംഭനിൽ അതീവഭക്തനും വിനീതനും കൂടിയായിത്തീർന്നു. അദ്ദേഹത്തിന്റെ ചോദ്യത്തെ പുരസ്കരിച്ചു തന്റെ ചരിത്രം പറയാൻ തുടങ്ങി. ദേവപുത്രനായ അങ്ങേയ്ക്കറിയാത്തതായിട്ടൊന്നുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ചോദിച്ചസ്ഥിതിക്കു പറയാം. ഞാനൊരു ക്ഷത്രിയനും രാജാവുമാണ്. സംസാരതാപത്തിന്റെ ബാധകൊണ്ട് ആർത്തനായി രാജ്യത്തെയും സർവ്വസ്വത്തെയും ഉപേക്ഷിച്ച് ഈ കാട്ടിൽ വന്നു തപോനിഷ്ഠനായി കഴിഞ്ഞു വരികയാണ്. ഇനിയെങ്കിലും ജനിക്കാതെയും സംസാരപീഡയെ അനുഭവിക്കാതെയും കഴിയണം. അതിനുവേണ്ടിയാണ് പലസൽക്കർമ്മങ്ങളെയും ചെയ്തുകൊണ്ടിവിടെ കഴിച്ചു കൂട്ടിന്നത്. പക്ഷേ

എന്തൊക്കെ ചെയ്തിട്ടും മനസ്സിന്നു സമാധാനമൊന്നും കിട്ടുന്നില്ല. അങ്ങനെ കഴിഞ്ഞുവരുന്നു എന്നേയുള്ളൂ. എന്നിങ്ങനെ രാജാവു് പറഞ്ഞുകഴിഞ്ഞപ്പോൾ തക്കസന്ദർഭമെന്നു കരുതി ചൂഡാല പറയാൻ തുടങ്ങി. ജ്ഞാനം കൊണ്ടു ചിത്തവിശ്രാന്തിയും സംസാരനിവൃത്തിയുമുണ്ടാവും. ചിത്തത്തിൽ വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വാസനകൾ തന്നെ സംസാരം. വാസനകൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ആർക്കും സംസാരനിവൃത്തിയോ ചിത്തവിശ്രാന്തിയോ ഉണ്ടാവാൻ വയ്യ. ജ്ഞാനംകൊണ്ടേ വാസനകൾ നശിക്കൂ. അഭിജ്ഞൻമാരായ സജ്ജനങ്ങളെ സേവിച്ചു ജ്ഞാനസമ്പാദനം ചെയ്യാതെ അങ്ങിവിടെ വെറുതേ കാലം കഴിച്ചതുകൊണ്ടെന്താണു പ്രയോജനം? ജ്ഞാനമില്ലാത്തവന് സ്വാദ്ധ്യായാദി തപോനിഷ്ഠകളൊക്കെ നേരമ്പോക്കിനു കൊള്ളാമെന്നല്ലാതെ അതുകൊണ്ടെന്നും അങ്ങുദ്ദേശിക്കുന്ന സമാധാനമോ മോക്ഷമോ ഒന്നും കിട്ടാൻ പോവുന്നില്ല.

ബന്ധമോക്ഷങ്ങളുടെ സ്വരൂപങ്ങളെ അറിയാതെയും തത്വങ്ങളെ വിചാരം ചെയ്തു ബോധ്യപ്പെടാതെയും എങ്ങനെയാണ് ജ്ഞാനമുണ്ടാവുന്നത്? ഞനാരാണ്, ഈ ലോകം എങ്ങനെയുണ്ടായി, മരണാനന്തരം ഞാനെവിടെപ്പോകും എന്നൊന്നും അറിയാതെ എങ്ങനെയാണ് ആത്മജ്ഞാനമുണ്ടാവുന്നത്? ആ വക തത്ത്വങ്ങളെ നിശ്ചിതമായി നിരൂപിച്ചു ബോദ്ധ്യപ്പെട്ടുമ്പോൾ ക്രമേണ ആത്മജ്ഞാനമുണ്ടാവും. ആത്മജ്ഞാനംകൊണ്ടു വാസനാക്ഷയവും സംഭവിക്കും. അപ്പോൾമോക്ഷത്തിന് തടസ്സമില്ലാതെയായി. വാസനകളാണ് ജന്മങ്ങളെയും കർമ്മങ്ങളെയും വളർത്തുന്നത്. നിർവ്വാസനനായിട്ടുള്ളവൻ എന്തെങ്കിലും ചില കർമ്മങ്ങളെചെയ്താലും അവയിൽ നിന്നു വാസനകളുണ്ടാവുകയോ ജന്മത്തിന് ഹേതുവാകുകയോ ചെയ്യുന്നില്ല. അങ്ങനെ തന്നെ സവാസനൻ ഒന്നുംചെയ്യാതിരുന്നാലും അയാളുടെ ജന്മങ്ങളോ കർമ്മങ്ങളോ ക്ഷയിക്കുന്നില്ല. അതിനാൽ ഹേ! രാജാവേ! വാസനാക്ഷയംതന്നെയാണ് കാര്യം. അതുകൊണ്ടുമാത്രമേ അങ്ങയുടെ അഭീഷ്ടം നിറവേറാൻ പോവുന്നുള്ളൂ. ആത്മജ്ഞാനം ഒന്നുകൊണ്ടല്ലാതെ മറ്റൊന്നു കൊണ്ടും വാസനകൾ നശിക്കുന്നില്ല. അതിനാൽ അഭിജ്ഞന്മാരും അനുഭവരസികന്മാരുമായ ജ്ഞാനികളെ സേവിച്ചു ജ്ഞാനം സമ്പാദിക്കാൻ ശ്രമിക്കൂ.

എന്നിങ്ങനെ കുംഭവേഷധാരിണിയായ ചൂഡാല അവസരോചിതമായിപ്പറഞ്ഞ വാക്കുകൾ കേൾക്കുന്തോറും അദ്ദേഹത്തിന്റെ മനസ്സിന് എന്തോ അവാച്യമായൊരു നിർവ്വൃതിയും പ്രീതിയും വളരാൻ തുടങ്ങി. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്നാൽതന്നെ താൻ ജ്ഞാനിയായിത്തീരുമെന്നും തന്നെ ഉപദേശിച്ചു ജ്ഞാനിയാക്കിതീർക്കാൻ ഈ ദേവപുത്രനെക്കാൾ പറ്റിയ മറ്റാരുംതന്നെ ഇല്ലെന്നുപോലും അദ്ദേഹത്തിനു തോന്നി. അതിന്റെ ഫലമായി അദ്ദേഹം കുംഭനോടുതന്നെ തനിക്കു ജ്ഞാനോപദേശം ചെയ്യണമെന്നപേക്ഷിച്ചു. എന്റെ അമ്മയും അച്ഛനും ഗുരുവും ഈശ്വരനുമെല്ലാം അങ്ങുതന്നെ. അങ്ങയെ ഞാൻ സർവ്വാത്മനാ ശരണം പ്രാപിച്ചിക്കുന്നു. എന്നെ ജ്ഞാനമുപദേശിച്ച് ഉൽബുദ്ധനാക്കണമെന്നിങ്ങനെ ആശ്രയിക്കുകയും ചെയ്തു.

രാജ്ഞിക്കൊരുവിധം സന്തോഷമായി. എന്തുകൊണ്ടെന്നാൽ ജ്ഞാനോപദേശത്തിന് തികച്ചും

പാത്രമായിരിക്കുന്ന രാജാവെന്നു ബോദ്ധ്യമായി. ഈ സന്ദർഭത്തിൽ കൊടുക്കുന്ന ഉപദേശം നിഷ്ഫലമാവില്ലെന്നും ബോദ്ധ്യമായി എങ്കിലും തന്റെ ഭാവവിശേഷങ്ങളൊന്നും പുറത്തുകാട്ടാതെ പറഞ്ഞു: രാജാവേ! ഞാൻ പറയാം. എന്നാൽ അച്ഛന്റെ വാക്കിനെ പുത്രനെന്നപോലെ എന്റെ വാക്കിനെ ശ്രദ്ധയോടും വിശ്വാസത്തോടുംകൂടി കേട്ട് ആചരിക്കണം. എന്നു പറഞ്ഞപ്പോൾ അങ്ങയുടെ വാക്കിനെ വേദവാക്യം പോലെ ഞാൻ വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുമെന്നു രാജാവ് പ്രതിജ്ഞ ചെയ്തു. എന്നാൽ പറയാമെന്നു പറഞ്ഞു കുംഭൻ ജ്ഞാനോപദേശമാരംഭിച്ചു. ആദ്യംതന്നെ ഒരു കഥ പറയാമെന്നു പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്.

രാജാവേ! കേട്ടോളൂ, പണ്ട് എല്ലാ ശാസ്ത്രങ്ങളും പഠിച്ച ഒരു പണ്ഡിതൻ തനിക്കു ചിന്താമണി കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിച്ചു തപസ്സ് ചെയ്യാൻ പോയി. ഭയങ്കരമായ ഒരുവനമദ്ധ്യത്തിൽ അദ്ദേഹം ഏകാകിയായി താമസ്സിച്ചുകൊണ്ടു കൊടുംതപസ്സു ചെയ്യാൻ തുടങ്ങി. തപസ്സിന്റെ കാഠിന്യം കൊണ്ട് അധികം കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനു ചിന്താമണിയാകുന്ന ദിവ്യരത്നം പ്രത്യക്ഷപ്പെട്ടു. കുളുർമ്മയേറിയ നിർമ്മല തേജസ്സ് കൊണ്ടു മറ്റൊരു ചന്ദ്രബിംബമോ എന്നുതോന്നുമാറു തന്റെ മുന്നിൽ പ്രകാശിച്ചു നിൽക്കുന്ന ആ ദിവ്യ രത്നത്തെ കണ്ടപ്പോൾ മൂർഖതകൊണ്ട് അദ്ദേഹത്തിനത് ചിന്താമണിയാണെന്നു തോന്നിയില്ല. ഇത്രവേഗത്തിൽ ഒരാൾക്കു ചിന്താമണികിട്ടാൻ വയ്യ. അത്രമാത്രം തപശ്ശക്തിയൊന്നും എനിയ്ക്കുണ്ടായിക്കഴിഞ്ഞിട്ടില്ല. കൂടാതെ ഭാഗ്യവും എനിക്ക് നന്നേ കുറവാണ്. ദേവന്മാർ എന്നെ പറ്റിക്കാൻവേണ്ടി പ്രയോഗിച്ച ഏതോ മായാതന്ത്രമാണ് ഇക്കാണുന്നത്. അല്ലാതെ ചിന്താമണി രത്നമൊന്നുമല്ല. എന്നു വിചാരിച്ച ആ മൂർഖപണ്ഡിതൻ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട ചിന്താമണി രത്നത്തെ കൈക്കലാക്കാൻ ശ്രമിക്കാതെ അശ്രദ്ധനായിരുന്നു. തങ്ങളെ ആദരിക്കുന്നില്ലെന്നു കാണുമ്പോൾ സിദ്ധികൾ മറഞ്ഞുപോവുകയെന്നത് സ്വാഭാവികമാണ്. ആ നിലയ്ക്കു കുറച്ചു കഴിഞ്ഞു പ്രസ്തുതരത്നവും മറഞ്ഞുപോയി. പിന്നെയും പണ്ഡിതൻ കഠിനങ്ങളായ തപോനിഷ്ഠതളിൽതന്നെ മുഴുകി ക്കഴിഞ്ഞുകൂടി. പ്രസ്തുതപണ്ഡിതന്റെ മൂർഖതയെക്കണ്ടു സിദ്ധന്മാർ അദ്ദേഹത്തെ നല്ലവിധത്തിലൊന്നു പറ്റിക്കണമെന്നു തീർച്ചപ്പെടുത്തി. കുറേദിവസം കഴിഞ്ഞപ്പോൾ ഒരുദിവസം അല്പപ്രകാശമുള്ള ഒരു സ്ഫടികക്കഷ്ണം അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടുവന്നു വച്ചു. അതിനെകണ്ടു പണഡിതൻ അതു ചിന്താമണിയെന്നു തെറ്റിദ്ധരിക്കുകയും ചെയ്തു. അതിനാൽ ആ കുപ്പികഷ്ണത്തെയും കൈയ്യിലെടുത്തു ചിന്താമണി കിട്ടിപ്പോയെന്നു വിശ്വസിച്ചു കൃതാർത്ഥനായി ഗൃഹത്തിലേയ്ക്കു മടങ്ങി. ചിന്താമണിയാകുന്ന ദിവ്യ രത്നം തന്റെ കൈയ്യിലുള്ള സ്ഥിതിക്കു എവിടെപ്പോയാലും സമ്പത്തിനു കുറവുണ്ടാവാൻ വഴിയില്ലെന്നു കരുതി ഗൃഹവും അവിടെയുള്ള സ്വത്തുക്കളുമെല്ലാമുപേക്ഷിച്ച് ഒരു കാട്ടിൽ പോയി താമസിക്കാൻ തീർച്ചപ്പെടുത്തി. കുപ്പികഷ്ണവും കൊണ്ടു കാട്ടിലെത്തിയ ആ മൂർഖൻ വളരെ കഷ്ടങ്ങളെ അനുഭവിക്കേണ്ടിവന്നുവെന്നു പറയേണ്ടതില്ലല്ലോ.

ഇതാണ് ഞാൻ പറയാനുദ്ദേശിച്ച ഒരു കഥ. ഇനി ഒരു കഥകൂടിപ്പറയാം. രാജാവേ!

അങ്ങുശ്രദ്ധിച്ചുകേൾക്കു. ഇതിനെ കേട്ടാൽ തന്നെ അങ്ങയുടെ അജ്ഞാനമെല്ലാം നീങ്ങുമെന്നു പറഞ്ഞുകൊണ്ടു ദേവപുത്രൻ പിന്നെയും കഥപറയാൻ തുടങ്ങി. വിന്ധ്യപർവ്വതത്തിന്റെ സാനുപ്രദേശങ്ങളിലുള്ള പെരും കാട്ടിൽ വളരെ വലിയ ഒരുകൊമ്പനാനയുണ്ടായിരുന്നു. വെളുത്തു നീണ്ടു തടിച്ചു വജ്രംപോലുള്ള അതിന്റെ കൊമ്പുകൾ കണ്ടാൽതന്നെ ആരും ഭയപ്പെട്ടുപോവും. ആ കാട്ടിലുള്ള എല്ലാ മൃഗങ്ങൾക്കും പ്രസ്തുത ആനയെ വളരെ ഭയമായിരുന്നു. ആ കാടിന് മുഴുവൻ അധിപതിയായിരുന്നു ആ ആനയെന്നു പറയണം. എങ്കിലും ഒരിക്കൽ അബദ്ധത്തിൽ അവനൊരു വാരിക്കുഴിയിൽ വീണ് ആനക്കാരന് അടിമയാകേണ്ടിവന്നു. പൗരുഷശാലിയായ ആനയ്ക്ക് ആ ദയനീയാവസ്ഥ വളരെ അസഹ്യമായിത്തീർന്നു. ഒരു ദിവസ്സം കടുത്ത ഇരുമ്പു ചങ്ങലകൊണ്ടു പിൻകാൽ രണ്ടും കുടുക്കി ഒരു വലിയമരത്തിൽ ആനയെകെട്ടി ആനക്കാരൻ അടുത്തുള്ളൊരു പനമരത്തിൽ പട്ടവെട്ടാൻ കയറി. ഇതു തക്കസന്ദർഭമാണെന്നു കരുതി ആന തന്റെ ശക്തിമുഴുവൻ ഉപയോഗിച്ചു വലിച്ചു ചങ്ങലപൊട്ടിച്ച് ആനക്കാരന്റെ കെട്ടിൽ നിന്നു മുക്തനായി. പനമരത്തിന്റെ മുകളിലിരുന്ന് ആനയുടെ ഈ സാഹസകൃത്യത്തെക്കണ്ട ആനക്കാരൻ കോപാകുലനായി വീണ്ടും ആനയെ കെട്ടാൻ വേണ്ടി ബദ്ധപ്പെട്ടിറങ്ങാൻ തുടങ്ങി. ഇറങ്ങിവരുമ്പോഴേയ്ക്ക് ആന പോയിമറയുമെന്നു കണ്ട ആനക്കാരൻ ബദ്ധപ്പാടോടുകൂടി ആനയുടെ പുറത്തേക്കു ചാടി. ശരിക്ക് ആനയുടെ പുറത്തെത്തണമെന്നുദ്ദേശിച്ചാണ് ചാടിയതെങ്കിലും വീണത് ആനയുടെ മുമ്പിലാണ്. വേണമെങ്കിൽ ആ സമയത്ത് ആനയ്ക്ക് ആനക്കാരനെ കൊല്ലാമായിരുന്നു. പക്ഷേ അങ്ങനെ ചെയ്തില്ല. അവശനായി തന്റെ മുന്നിൽ വീണുകിടക്കുന്ന ആനക്കാരനെ കൊല്ലുന്നതിലെന്തു പൗരുഷമാണുള്ളതെന്നു കരുതി ആനതിരിഞ്ഞു നടന്നു കാടുകയറി. എങ്കിലും ആനക്കാരൻ വിട്ടില്ല. എങ്ങനെയെങ്കിലും ആ ആനയെ പിടിക്കണമെന്നു നിശ്ചയിച്ച് ആനക്കാരൻ അന്വേഷിച്ചു നടന്നു. അങ്ങനെയിരിക്കെ ഒരു ദിവസ്സം ആനയെ കണ്ടുകിട്ടി. ഒരുകാട്ടിന്റെ മധ്യത്തിൽ വേറെചില ആനകളോടു കൂട്ടുകൂടിനിൽക്കുന്നതായി കണ്ടു. അപ്പോൾതന്നെ ആനക്കാരൻ കുറേ ആളുകളെ കൂട്ടി ആ കാടിനുചുറ്റും മടകിളച്ച് ഉണങ്ങിയ കരിയിലയും മറ്റും ഇട്ടുമൂടുകയും ചെയ്തു. ആനക്കാരന്റെ ഈ കുടിലതന്ത്രത്തെ അറിയാതിരുന്ന ശുദ്ധഗതിക്കാരനായ ആന ഒരു ദിവസം ആ വഴിക്കു പോവുമ്പോൾ മടയിൽ വീണു. ആനക്കാരൻ വീണ്ടും പിടിച്ചുകെട്ടുകയും ചെയ്തു. ഇന്നും ആ ആന ആനക്കാരന്റെ പലതരത്തിലുള്ള പീഡനങ്ങളെ അനുഭവിച്ചു കഴിയുകയാണ്. തക്ക സന്ദർഭം കിട്ടീട്ടും തന്റെ ശത്രുവിനെ കൊല്ലാതിരുന്നതുകൊണ്ടാണ് ആനയ്ക്കീ ദുരവസ്ഥനേരിട്ടത് എന്നുപറഞ്ഞു ദേവപുത്രൻ കഥയെ അവസാനിപ്പിച്ചപ്പോൾ എന്താണ് പ്രസ്തുത കഥകളുടെ വ്യംഗമെന്നറിയാതെ രാജാവു് അന്ധനായി. അതുക്കൂടെപ്പറഞ്ഞുതരണമെന്നപേക്ഷയായി. അപ്പോൾ പ്രസ്തുത കഥയുകളുടെ ആന്തരതത്വത്തെയും പറയാൻ തുടങ്ങി ദേവപുത്രൻ.

രാജാവേ! അങ്ങയെ ഉദ്ദേശിച്ചുതന്നെയാണ് ഞാൻ രണ്ടു കഥകളെയും പറഞ്ഞത്. ശാസ്ത്രാർത്ഥങ്ങളെയൊക്കെ ഗ്രഹിച്ച പണ്ഡിതനെന്നു വിശേഷിപ്പിച്ചത് അങ്ങയെത്തന്നെയാണ്. അങ്ങു ശാസ്ത്രങ്ങളെയൊക്കെപ്പഠിച്ചിട്ടുണ്ടെങ്കിലും ആത്മജ്ഞാനമില്ലാത്തതുകൊണ്ടു മൂർഖനാണ്. ചിന്താമണിയെന്നു പറഞ്ഞതു സർവ്വസന്ത്യാഗത്തെയാണ്. രാജ്യം, ഗൃഹം, പതി മുതലായവയെ

എല്ലാമുപേക്ഷിച്ചു കാട്ടിലേയ്ക്കു പോന്നുവെങ്കിലും ഞാനെന്ന അഹങ്കാരത്തെ കളയാത്തതുകൊണ്ട് അങ്ങയുടെ ത്യാഗം അപൂർണ്ണമേ ആയുള്ളൂ. അതിനാൽ സർവ്വസന്ത്യാഗമാകുന്ന ചിന്താമണി അടുത്തെത്തിയെങ്കിലും അങ്ങേയ്ക്കു കിട്ടിയില്ല. അപ്പോൾ അഹങ്കാരത്തെ കളഞ്ഞില്ലെന്നു മാത്രമല്ല, സർവ്വസന്ത്യാഗം ഇത്ര വേഗമൊന്നും സാധിക്കില്ല, അതു മറ്റെന്തൊക്കെയോ സാഹസകൃത്യങ്ങളെക്കൊണ്ടു സാധിക്കേണ്ടതാണെന്ന് അങ്ങു തെറ്റിദ്ധരിച്ചു. അപ്പോൾ ഉള്ള ത്യാഗവും പോയി. പിന്നെ ഈ തപസ്സാകുന്ന കുപ്പിക്കഷണം കിട്ടി. അതുകൊണ്ടു വിഷമിക്കുകയാണ് അങ്ങീകാട്ടിൽ. വാസ്തവത്തിൽ ചിന്താമണിക്കു പകരം സ്ഫടികകഷ്ണംപോലും അങ്ങയ്ക്കു കിട്ടീട്ടില്ലെന്നതാണ് പരമാർത്ഥം. ഇതാണ് ആദ്യത്തെ കഥയുടെ താല്പര്യം. ഇനി രണ്ടാമത്തേതിന്റെ താല്പര്യവും പറയാം. എന്നു പറഞ്ഞു ചൂഡാല അതും പറയാൻ തുടങ്ങി,

വിന്ധ്യാകാനനത്തിലെ ആനയെന്നു പറഞ്ഞതു രാജാവേ! അങ്ങയെത്തന്നെയാണ്. അങ്ങേയ്ക്കുള്ള വികാരവൈരാഗ്യങ്ങളെയാണ് ആനയുടെ രണ്ടുകൊമ്പുകളായും പറഞ്ഞത്. ആനയെ ആനക്കാരനെന്നപോലെ അങ്ങയെ അടിമയാക്കി നിർത്തിയിരിക്കുന്ന അജ്ഞാനത്തെയാണ് ആനക്കാരനെന്നും പറഞ്ഞത്, ഇരിമ്പുചങ്ങലയെന്നു പറഞ്ഞത് അങ്ങയുടെ ആശാപാശങ്ങളെയാണ്. സംശയിക്കേണ്ട, ഇരുമ്പുചങ്ങലയെക്കാൾ ബലം കൂടും ആശാപാശങ്ങളുടെ ബന്ധനത്തിന്. കാലംകൊണ്ട് ഇരിമ്പുദ്രവിച്ചുപോവും. എന്നാൽ ആശകൾ വർദ്ധിക്കലല്ലാതെ ക്ഷയിക്കലില്ല. അങ്ങു സർവ്വസന്ത്യാഗം ചെയ്യാൻവേണ്ടി രാജ്യഗൃഹാദികളെ ഉപേക്ഷിച്ചു കാട്ടിലേയ്ക്കിറങ്ങിയെന്നറിഞ്ഞപ്പോൾ അജ്ഞാനത്തിനു ഭ്രംശം വന്നു. അതിനെയാണ് ആനക്കാരൻ പനമരത്തിൽ നിന്നു ചാടിയെന്നു പറഞ്ഞതുകൊണ്ടു സൂചിപ്പിച്ചത്. എന്നാൽ തീവ്രവൈരാഗ്യംകൊണ്ടു വീണ്ടും അങ്ങ് അജ്ഞാനമാകുന്ന ആനക്കാരന്റെ കുഴിയിൽ വീണു. ആ കുഴിയാണ് ഇപ്പോൾ ചെയ്തുവരുന്ന തപസ്സാധന. ഇങ്ങനെ അങ്ങയുടെ അനുഭവത്തെ ത്തന്നെയാണ് ഞാൻ കഥാരൂപേണ ചിത്രീകരിച്ചതെന്നു പറഞ്ഞ് ദേവപുത്രൻ സംഭാഷണം നിർത്തിയപ്പോൾ രാജാവ് നിരാശകൊണ്ട് ആർത്തനായി ഒന്നും പറയാൻ കഴിയാതെ ദീർഘശ്വാസമിട്ടു. അപ്പോൾ ചൂഡാലവീണ്ടും പറയാൻ തുടങ്ങി.

രാജാവേ! അങ്ങയുടെ പട്ടമഹിഷിയായ ചൂഡാല വാസ്തവത്തിൽ അറിയേണ്ടതൊക്കെ അറിഞ്ഞ ഒരു നല്ല ജ്ഞാനസമ്പന്നയാണല്ലോ. അവളുടെ വാക്കുകേൾക്കാതെയല്ലേ അങ്ങു രാജ്യവും ഗൃഹവുമെല്ലാമുപേക്ഷിച്ച് ഈ കാട്ടിലേയ്ക്കുപോന്നത്. അവൾ പറയുന്നതിനെ കേൾക്കുകയും അവളെപ്പോലെ ജീവിക്കുകയും ചെയ്തിരുന്നെങ്കിൽ ഇതിനെത്രയോ മുമ്പുതന്നെ അങ്ങു ജ്ഞാനിയായിത്തീർന്നേനെ. അങ്ങനെ ചെയ്യാതെ സർവ്വസന്ത്യാഗമാണെന്നു പറഞ്ഞു കാട്ടിലേയ്ക്കുപോന്നു. അതും നല്ലതുതന്നെ. എന്നാൽ സർവ്വസന്ത്യാഗം പൂർണ്ണമാക്കേണ്ടതല്ലേ? അതും ചെയ്തില്ല. ഗൃഹത്തിലിരിക്കുമ്പോൾ അനുഭവിച്ചിരുന്ന അജ്ഞാനത്തെത്തന്നെ കാട്ടിൽ വന്നു മറ്റൊരു സ്വരൂപത്തിൽ അനുഭവിച്ചുകൊണ്ടു ജ്ഞാനമുണ്ടാവുമെന്നാണോ വ്യാമോഹം? അതു ശരിയല്ല. അതുകൊണ്ട് അങ്ങയുടെ സർവ്വസന്ത്യാഗത്തെ പൂർണ്ണമാക്കു എന്നുപറഞ്ഞ കുംഭന്റെ

വാക്കിനെ കേട്ട രാജാവ് ഞാൻ രാജ്യം, ഗൃഹം, ഭാര്യ, സ്വത്തു തുടങ്ങിയ എല്ലാറ്റിനെയും ഉപേക്ഷിച്ചതിനാൽ സർവ്വസന്ത്യാഗിയല്ല എന്നുചോദിച്ചു. അപ്പോൾ കുംഭൻ പറഞ്ഞു രാജാവേ! അങ്ങുപേക്ഷിച്ചുവെന്നു പറയുന്നതൊന്നും അങ്ങയുടേതല്ല. അങ്ങുവരുന്നതിനുമുമ്പും അവരൊക്കെയുണ്ടായിരുന്നു. അങ്ങു പോയാലും അവയൊക്കെ ശേഷിക്കുകതന്നെ ചെയ്യും. ആ സ്ഥിതിക്കു അവയെല്ലാം അങ്ങേയുടേതാവുന്നതെങ്ങിനെ? തന്റേതല്ലാത്ത വസ്തുക്കളെ ഉപേക്ഷിച്ചു താൻ ത്യാഗിയാണെന്നഭിമാനിക്കുന്നവനെ മൂഢനല്ലാതെന്താണ് പറയേണ്ടത് എന്ന ദേവപുത്രന്റെ വാക്കു ശരിയാണെന്നു തോന്നി. വാസ്തവത്തിൽ പദാർത്ഥങ്ങളൊന്നും തന്റേതല്ലെന്നും തന്റേതാണെന്ന അഭിമാനം മാത്രമേ ഉള്ളൂവെന്നും ബോധ്യമായി. അതിനാൽ സർവ്വസന്ത്യാഗം സംഭവിച്ചിട്ടില്ലെന്നു സമ്മതിക്കുകതന്നെ ചെയ്തു. അനന്തരം സർവ്വസന്ത്യാഗം ചെയ്യാനൊരുങ്ങി തന്റേതെന്നഭിമാനിച്ചിരുന്ന ആ കാടിനോടും അവിടെയുള്ള പർണ്ണശാലയോടും തനിക്കുണ്ടായ മമതയെ അദ്ദേഹം ഉപേക്ഷിച്ചു. പിന്നെ തന്റെ മാൻതോൽ, ജപമാല, പൂക്കൊട്ട, മരവിരി, ജലപാത്രം തുടങ്ങിയ സാധനങ്ങളെയൊക്കെ തീയിലിട്ടു ചുട്ടു. വസ്ത്രത്തെപ്പോലും ഉപേക്ഷിച്ചു. ഇപ്പോൾ ഞാനെല്ലാറ്റിനെയും ഉപേക്ഷിച്ചു കഴിഞ്ഞ സർവ്വസന്ത്യാഗിയായി. ത്യാഗം കൊണ്ടുള്ള ആനന്ദവും ശാന്തിയും ഒന്നു വേറെതന്നെയാണ്. ഞാനിപ്പോളതിനെ അനുഭവിക്കുന്നു. എന്നൊക്കെപ്പറഞ്ഞു. അതുകൊണ്ടും അദ്ദേഹം സർവ്വസന്ത്യാഗിയാണെന്ന കുംഭൻ സമ്മതിച്ചുകൊടുത്തില്ല. രാജാവേ! അങ്ങിപ്പോഴും സർവ്വസന്ത്യാഗിയൊന്നുമായിട്ടില്ല. അങ്ങയ്ക്കിപ്പോഴും വലിയ ആഗ്രഹവും മമതയും നിലവിലുണ്ട്. അതിനാൽ വെറുതെ സർവ്വസന്ത്യാഗിയുടെ ഭാവത്തെ അഭിനയിക്കാതിരിക്കു എന്നുപറഞ്ഞു. അതുകേട്ടപ്പോൾ രാജാവ് വിഷമിച്ചു. ഇനിയെന്താണുപേക്ഷിക്കേണ്ടതെന്നുപോലും അദ്ദേഹത്തിനു ബോധിക്കാൻ കഴിഞ്ഞില്ല.

കുറച്ചുനേരം ആലോചിച്ചശേഷം രാജാവൊരു തീരുമാനത്തിലെത്തിയവനെപ്പോലെ പറഞ്ഞു. ശരി! ഇനിയും ഒന്നുകൂടി ഉപേക്ഷിക്കാനുണ്ട്. അതിനെ ഞാനുപേക്ഷിക്കാത്തതുകൊണ്ടാണ് അങ്ങെന്നെ സർവ്വസന്ത്യാഗിയായിട്ടില്ലെന്നു പറയുന്നത്. പഞ്ചേന്ദ്രിയങ്ങളാകുന്ന ക്രൂരസർപ്പങ്ങളുടെ ആവാസസ്ഥലവും രസരക്താദി ധാതുമയവുമായ ഈ ശരീരം തന്നെ ഉപേക്ഷിക്കപ്പെടേണ്ട വസ്തു. പർവ്വതശൃംഗത്തിൽനിന്നു താഴോട്ടു ചാടി അതിനെയും ഉപേക്ഷിച്ചു സർവ്വസന്ത്യാഗിയാവാൻ പോകയാണെന്നു പറഞ്ഞു രാജാവ് അതിനായൊരുങ്ങി. അപ്പോൾ കുംഭവേഷധാരിണിയായ ചൂഡാലപറഞ്ഞു. ഒരപരാധവും ചെയ്തിട്ടില്ലാത്ത ഈ ശരീരത്തെ അങ്ങെന്തിനാണുപേക്ഷിക്കുന്നത്? അല്ലെങ്കിൽ അതിനെ ഉപേക്ഷിച്ചുകൊണ്ട് അങ്ങു സർവ്വസന്ത്യാഗിയാവുമോ? ഒരിക്കലുമില്ല. ഈ ശരീരം പോയാൽ പിന്നെയും വേറെ ശരീരമുണ്ടാവും. ആ സ്ഥിതിക്ക് ഈ ശരീരംമാത്രം ഉപേക്ഷിച്ചതുകൊണ്ടെങ്ങനെ സർവ്വസന്ത്യാഗിയാവും? ശരീരങ്ങളുണ്ടാവാൻ കാരണമായ അങ്ങയുടെ വാസനാബീജങ്ങളെയും, അവയെനിലനിർത്തുന്ന അഹങ്കാരത്തെയുമാണ് അങ്ങുപേക്ഷിക്കേണ്ടത്. അവ ഉപേക്ഷിക്കപ്പെടുമ്പോഴാണ് ഒരാൾ സർവ്വസന്ത്യാഗിയാവുന്നതും എന്ന്. അതുകേട്ടപ്പോൾ രാജാവിനാലോചനവന്നു. എങ്ങനെയാണ് വാസനകളെയും അഹങ്കാരത്തെയും അകറ്റേണ്ടതെന്നു സംശയമായി. കുറേയൊക്കെ ആലോചിച്ചു. ഒന്നും വ്യക്തമായി പ്രകാശിച്ചില്ല. അതിനാൽ

അവസാനം കുംഭനോടു ചോദിക്കുകതന്നെ ചെയ്തു. ഏതൊന്നിനെ ഉപേക്ഷിച്ചാലാണ് അഹങ്കാരവും വാസനയുമെല്ലാം ഇല്ലാതായിത്തീരുന്നത്? ഏതൊന്നിന്റെ നിലനില്പുകൊണ്ടാണ് സംസാരവും അതിലെ ജനനമരണങ്ങളുമെല്ലാം നിലനിൽക്കുന്നതെന്നു പറഞ്ഞു തരണമെന്ന്. അപ്പോഴാണ് കുംഭൻ ശരിക്കും ജ്ഞാനോപദേശം ചെയ്യാനാരംഭിച്ചത്.

രാജാവേ ശ്രദ്ധവച്ചു കേൾക്കു. ജീവനെന്നും അഹങ്കാരമെന്നും അവിദ്യയെന്നുമൊക്കെപ്പറയുന്നത് ചിത്തത്തിനെയാണ്. ആ ചിത്തം തന്നെയാണ് സംസാരം. ജനനജരണങ്ങളും ബന്ധമോക്ഷങ്ങളുമെല്ലാം ചിത്തം ഹേതുവായിട്ടുണ്ടാവുന്നവയാണ്. ചിത്തമില്ലെങ്കിൽ പിന്നെ ഒന്നുമില്ല. അതിനാൽ പണിപ്പെട്ടും ചിത്തത്തെയാണൊരാൾ ത്യാഗം ചെയ്യേണ്ടത്. ചിത്തത്തെ ത്യാഗം ചെയ്തവനെയാണ് അഭിജ്ഞന്മാർ സർവ്വസംത്യാഗിയെന്നു പറയുന്നത്. ചിത്തത്തെ ഉപേക്ഷിച്ചു കഴിഞ്ഞാൽ പിന്നെ ദ്വൈതത്തിന്റെ സ്ഫുരണംപോലുമുണ്ടാവില്ല. കേവലം അദ്വൈതവുമായ വസ്തുസ്വരൂപം പ്രകാശിക്കുകയും ചെയ്യും. അതുതന്നെയാണ് കൈവല്യം. അതിനാൽ അതാണ് പരമമായ അഭയസ്ഥാനം. മറ്റെല്ലാം പലപ്രകാരത്തിൽ ഭയത്തെ ഉണ്ടാക്കി തീർക്കുന്നവയെയാണ്. എന്നു പറഞ്ഞപ്പോൾ ചിത്തത്തിന്റെ സ്വരൂപമെന്താണെന്നു കൂടി പറഞ്ഞുതരണമെന്നായി രാജാവു്. അതിനു മറുപടി പറഞ്ഞു ദേവപുത്രൻ. വാസനകൾ തന്നെയാണ് ചിത്തത്തിന്റെ സ്വരൂപം. വാസനകളില്ലാത്തവനു ചിത്തമുണ്ടാവാൻ വയ്യ. വാസനകളോടു കൂടാതെ ചിത്തത്തിനു പ്രത്യകമായ സത്തയുമില്ല. അഹങ്കാരമാണ് ചിത്തത്തിന്റെ ബീജം. അതിനാൽ അഹങ്കാരത്തെയും വാസനകളെയും അകറ്റിയാൽ ചിത്തമോ, ചിത്തമില്ലെങ്കിൽ സംസാരമോ നിലനിൽക്കുന്നില്ല. ചിത്തത്തിനു കാരണം അഹങ്കാരവും നിലനില്പിന് ഹേതു വാസനകളുമാണെന്നു പറഞ്ഞതുപോലെ, അഹങ്കാരത്തിനും വാസനകൾക്കും ഹേതു ചിത്തവുമാണ്. അവ രണ്ടും അന്യോന്യാധാരാധേയസ്വരൂപേണ കാര്യകാരണങ്ങളാണ്. ഒന്നു നശിച്ചാൽ രണ്ടും നശിക്കും. ഒന്ന് ഉള്ളപ്പോൾ രണ്ടും നിലനിൽക്കുകയും ചെയ്യും.

വാസനയെന്ന ശബ്ദത്തിന്റെ പര്യായമാണ് ചിത്തശബ്ദമെന്നുപോലും ചിലർ പറയാറുണ്ട്. ആദ്യമുണ്ടാവുന്ന അഹങ്കാരത്തിൽനിന്നും പൊട്ടിമുളച്ചുണ്ടാവുന്ന നിശ്ചയകരമായ ബോധസ്വരൂപമാണ് ചിത്തം. അതിനെത്തന്നെയാണ് ബുദ്ധിയെന്നും പറയുന്നത്. സൂക്ഷ്മമാണെന്നതിനാൽ കാണാനോ തൊടാനോ വയ്യ എങ്കിലും അനുഭവം കൊണ്ട് തിരിച്ചറിയത്തക്കതുമാണ്. ബുദ്ധി, ചിത്തം, മനസ്സ്, ചേതസ്സ് എന്നൊക്കെപ്പറയുന്നതു മിക്കവാറും ഒരേ തത്ത്വത്തെത്തന്നെ. എങ്കിലും ഈഷദ്വ്യത്യാസമില്ലെന്നും പറഞ്ഞുകൂടാ. നിശ്ചയാത്മകമായ സൂക്ഷമബോധത്തെ ബുദ്ധിയെന്നും അതുതന്നെ കുറച്ചുകൂടി സ്ഥൂലമായി വിചാരാത്മകമാവുമ്പോൾ മനസ്സ്, ചിത്തം എന്നുമൊക്കെപ്പറയുന്നു. ആഗ്രഹങ്ങളാണ് ചിത്തത്തിന്റെ വളർച്ച. ചിത്തത്തെ ഒരു വൃക്ഷമായി കണക്കാക്കുന്നുവെങ്കിൽ അതിന്റെ കൊമ്പുകളാണ് ആഗ്രഹങ്ങൾ. ആദ്യത്തിൽ കൊമ്പുകളെ മുറിക്കാതെ വൃക്ഷത്തെ മുറിച്ചുവീഴ്ത്താൻ വയ്യാത്തതു പോലെ ആഗ്രഹങ്ങളെ മുഴുവൻ ആദ്യംതന്നെ നശിപ്പിച്ചു ചിത്തത്തെ അതിന്റെ ആണിവേരാകുന്ന മൂലത്തോടുകൂടി നിശ്ശേഷം

നശിപ്പിക്കുന്നതുതന്നെ ഉത്തമമായ ത്യാഗമെന്ന് അഭിജ്ഞന്മാർ പറയുന്നു. നാനാവിധങ്ങളായ വാസനകളാണ് ചിത്തവൃക്ഷത്തിന്റെ വളം. വാസനകൾ ധാരാളമുള്ളപ്പോൾ ചിത്തത്തെ നശിപ്പിക്കുകയെന്നത് വിഷമം തന്നെ. അതിനാൽ വാസനകളെ അകറ്റി ആഗ്രഹങ്ങളെ നശിപ്പിച്ച് അഹങ്കാരത്തെ അടക്കുമ്പോൾ മാത്രമേ ചിത്തത്തെ നശിപ്പിക്കാൻ സാധിക്കൂ. നിരന്തരമായ ആത്മാനുസന്ധാനം കൊണ്ട് അതൊക്കെ സാധിക്കുകയും ചെയ്യും. മൗനനിഷ്ഠ, ആത്മാനുസന്ധാനം, നിർവ്വിചാരത്വം തുടങ്ങിയ അനുഷ്ഠാനങ്ങളെകൊണ്ടു ആഗ്രഹങ്ങൾ മുഴുവൻ നശിക്കും. അപ്പോൾ മൂലച്ഛേദം എളുപ്പമായിത്തീർന്നു. എന്നിങ്ങനെ പറഞ്ഞുകേട്ടപ്പോൾ ചിത്തവൃക്ഷത്തിന്റെ ബീജമായ അഹങ്കാരത്തെ ദഹിപ്പിക്കുന്ന അഗ്നി ഏതാണെന്നു ചോദിച്ചു രാജാവു്. അപ്പോൾ വീണ്ടും കുംഭൻ പറഞ്ഞു: "ഞാൻ ആരാണ്" എന്നുള്ള വിചാരം തന്നെയാണ് അഹങ്കാരത്തെ ദഹിപ്പിക്കുന്ന തീഷ്ണമായ വഹ്നി എന്നു കൂടിപ്പറഞ്ഞപ്പോൾ പലതും രാജാവിന് ഉള്ളിൽത്തട്ടുക തന്നെ ചെയ്തു. അദ്ദേഹം വിചാരം ചെയ്യാൻ തുടങ്ങി. കുറച്ചു സമയം കഴിഞ്ഞപ്പോൾ ഏതോ വലിയൊരു കാര്യം പിടികിട്ടിയതുപോലെ രാജാവു് പറഞ്ഞു: ഞാനാലോചിച്ചുനോക്കി. ജഡവും, നിശ്ചേഷ്ടവുമായ ഈ ജഗത്ത് ഞാനല്ല. പ്രാണൻ, മനസ്സ്, ബുദ്ധി എന്നിവയും ഉല്പത്തിലയങ്ങളോടും ജഡാദിഭാവങ്ങളോടും കൂടിയവയാകയാൽ അവയും ഞാനല്ല. അങ്ങനെ പരിശോധിച്ചു നോക്കുമ്പോൾ, സ്വർണ്ണം, കടകകുണ്ഡലാദി ആഭരണങ്ങളായിത്തീർന്നപോലെ സത്താമാത്രമായ ആത്മചൈതന്യം തന്നെയാണ് അങ്ങായും ഞാനായും പരിണമിച്ചിരിക്കുന്നതെന്നു പറയണം എന്ന്. കുംഭനു രാജാവിന്റെ വിചാരഫലമായ വാക്കുകേട്ടപ്പോൾ വളരെ സന്തോഷം തോന്നി.

അനന്തരം ശരീരാദി വസ്തുക്കളൊന്നും അങ്ങല്ലെന്നു പറഞ്ഞെങ്കിലും വാസ്തവത്തിൽ ആരാണ് അങ്ങെന്ന കഥ വ്യക്തമായി തിരിച്ചു പറഞ്ഞില്ല. അതും കൂടിപ്പറയൂ. എന്നു പറഞ്ഞപ്പോൾ നിർമ്മലവും നിത്യസുദ്ധമുക്തവുമായ യാതൊരു ചിന്മാത്രം ഈ ജഗത്തിനുമൂലമായിരിക്കുന്നവോ, അതുതന്നെ ഞാനായും അങ്ങായും വിളങ്ങുന്നത്. എന്നാൽ അതിനെ വേണ്ടപോലെ അറിയാൻ പറ്റാത്തനിലയിൽ അഹങ്കാരമാകുന്ന മലം എന്റെ ഹൃദയത്തിൽ പറ്റിപ്പിടിച്ചു നിൽക്കുന്നുവല്ലോ. എത്രയൊക്കെ അകറ്റിയാലും അതകലുന്നില്ല. അതിനെന്താണ് കാരണം? എങ്ങനെയാണിതിനെ അകറ്റുന്നതെന്നുകൂടിപ്പറഞ്ഞു തരണം എന്നായി ശിഖിദ്ധ്വജൻ. കാരണത്തിൽ നിന്നല്ലാതെ കാര്യമുണ്ടാവില്ല. ഏതൊന്നിനു കാരണമില്ലയോ ആ വസ്തു ഇല്ലാത്തതുതന്നെയെന്നു വിചാരിക്കാം. രാജാവേ, അങ്ങെത്രതന്നെ അകറ്റിയാലും അകലാതെ അങ്ങയുടെ ഹൃദയത്തിൽ പറ്റിപ്പിടിച്ചു നില്ക്കുന്ന അഹങ്കാരമാകുന്ന കാര്യത്തിന്റെ കാരണമെന്താണെന്ന് അങ്ങുതന്നെ ആലോചിച്ചു കണ്ടുപിടിച്ചു പറയണമെന്നു കുംഭൻ പറഞ്ഞപ്പോൾ പിന്നയും രാജാവാലോചിക്കാൻ തുടങ്ങി. "വേദനം"- പദാർത്ഥങ്ങളെ അറിയൽ- ആണ് അഹങ്കാരത്തിനു കാരണമെന്നും അദ്ദേഹം വിചാരം ചെയ്തറിഞ്ഞു. അതിനെ പറയുകയും ചെയ്തു. നിർമ്മലമായ ചിത്തത്തിൽ അനേകമനേകം ചേത്യങ്ങളുണ്ടായിത്തീർന്നിരിക്കുന്നു. അതാണ് വേതനത്തിനും ഹേതു. ചിത്തത്തിൽ നിന്നും ചേത്യങ്ങൾ നീങ്ങിയാൽ വേദനമോ വേദനമില്ലെങ്കിൽ അഹങ്കാരമോ ഉണ്ടാവില്ലെന്നും അപ്പോൾ ആത്മബോധത്തിനു തടസ്സമില്ലെന്നും രാജാവിന്നറിയാൻ കഴിഞ്ഞു. ഇനി ചിത്തത്തിൽ

ചേത്യങ്ങളുണ്ടാവാനെന്തു കാരണമെന്നും, അതെങ്ങനെ ഇല്ലാതായിത്തീരുമെന്നുമാണ് അറിയേണ്ടിയിരിക്കുന്നത്.

തന്റെ ശിഷ്യന്റെ ബ്രഹ്മവിചാരം ശരിയായമാർഗ്ഗത്തിൽക്കൂടെ മുന്നോട്ടു നീങ്ങുന്നുണ്ടെന്നും, അദ്ദേഹത്തിന്റെ പ്രജ്ഞ ഉണർന്നുകൊണ്ടിരിക്കുന്നുണ്ടെന്നും കണ്ട കുംഭബ്രഹ്മചാരി വളരെയധികം സന്തോഷിച്ചു. അതിനാൽ നിലവിലുള്ള സംശയങ്ങളേയും അദ്ദേഹത്തെക്കൊണ്ടു തന്നെ വിചാരം ചെയ്യിച്ചു. കുറേവിചാരം ചെയ്തശേഷം ശരീരാദിസ്വരൂപേണ പ്രകാശിക്കുന്ന മിഥ്യാസ്ഫുരണങ്ങളായ വസ്തുസത്ത കൊണ്ടാണ് വേദനമുണ്ടാവുന്നതെന്നു സമർത്ഥിച്ചു രാജാവ്. പക്ഷേ കുംഭൻ അതിനെ ഖണ്ഡിച്ചു. ശരീരാദിസ്ഫുരണങ്ങൾക്കു പ്രത്യേകം സത്തയില്ല. വെറും സ്ഫുരണംമാത്രമാണെന്നു വ്യക്തമാണ്. ആ സ്ഥിതിക്കു ശരീരാദി സ്ഫുരണങ്ങൾ ഹേതുവായിട്ടുണ്ടാവുന്ന വേതനം നിരാലംബമാകയാൽ അതു ശരീരാദികൾ എന്നപോലെത്തന്നെ മിഥ്യയുമാണ് എന്ന്. ശരീരീദികൾക്കു പ്രത്യേക സത്തയില്ലെന്നും അവ മിഥ്യാ സ്ഫുരണങ്ങൾ മാത്രമാണെന്നും പറഞ്ഞുകേട്ടപ്പോൾ രാജാവമ്പരന്നു. ഞാനിതുവരെയും സത്യമെന്നു വിശ്വസിച്ചു വന്ന ശരീരം കേവലം ഇല്ലാത്തതാണെന്നാണ് തനിക്കേറ്റവും പ്രിയപ്പെട്ട കുംഭൻ പറയുന്നത്. അതിനെ അംഗീകരിക്കുകയോ നിഷേധിക്കുകയോ എന്താണ് ചെയ്യേണ്ടതെന്നുപോലും സംശയമായി രാജാവിന്. ഏതായാലും ആലോചിക്കാതെ തീർച്ചപ്പെടുത്തുന്നത് യുക്തമല്ലെന്നു കരുതിയദ്ദേഹം കുംഭനോടു ചോദിച്ചു. കരചരണാദ്യാവയവങ്ങളോടും രസരക്താദിധാതുക്കളോടും കൂടിയതും കർമ്മഫലഭുക്തിക്കുവേണ്ടിയുണ്ടായതും ഇപ്പോൾ അനുഭവിക്കപ്പെട്ടു കൊണ്ടിരിക്കുന്നതുമായ ഈ ശരീരം എങ്ങനെ ഇല്ലാത്തതാണെന്നു പറയാമെന്ന്.

അതുകേട്ട് കുംഭൻ രാജാവിനെനോക്കിചിരിച്ചു കൊണ്ടു പറഞ്ഞു: രാജാവേ! ഞാനാദ്യംതന്നെ പറഞ്ഞില്ലേ, ഏതൊന്നിന് കാരണമില്ലയോ ആ വസ്തു രജ്ജുസർപ്പമെന്നപോലെ ഇല്ലാത്തതാണെന്ന്, ഏതൊരുകാരണത്തിൽനിന്നാണ് ശരീരമാകുന്ന കാര്യമുണ്ടായതെന്നാലോചിച്ചുനോക്കൂ. ഒന്നിൽ നിന്നുമല്ല, ഒരുകാരണവുമില്ല ശരീരത്തിനെന്നുകാണാം. അപ്പോൾ രാജാവ് ചോദിച്ചു. സൃഷ്ടിയുടെ ആരംഭത്തിൽ അവതരിച്ച ബ്രഹ്മദേവനാണ് ലോകത്തെയൊക്കെ സൃഷ്ടിച്ചതെന്നല്ലേ പ്രമാണം? ആസ്ഥിതിക്കു ബ്രഹ്മദേവൻ ലോകത്തിലുള്ള എല്ലാറ്റിന്റെയും കാരണമാവുന്നില്ലേ? എന്ന്. അതു ശരിയല്ലെന്നു കുംഭനും വാദിച്ചു. സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മദേവനുണ്ടായിയെന്നല്ല, കേവലവും ശാന്തവുമായ ബ്രഹ്മമൊഴിച്ചു മറ്റൊന്നും തന്നെ ഇല്ലെന്നാണ് പ്രമാണം എന്നാണ് കുംഭന്റെ വാദം. രാജാവും വിട്ടില്ല. അതുശരിയാണ്, പിന്നീടു ബ്രഹ്മാവുണ്ടായിയെന്നു പറയുന്നല്ലോ. ബ്രഹ്മദേവന് ആ കേവലം ബ്രഹ്മം കാരണമായിരിക്കാം. അതിനാൽ ബ്രഹ്മദേവനുണ്ടായിട്ടില്ലെന്നോ ജഗത്തിനു കാരണമില്ലെന്നോ വരുന്നില്ലെന്നായി രാജാവ്.

രാജാവിന്റെ ആ വാദങ്ങളെയൊക്കെ ഖണ്ഡിച്ചു കുംഭൻ. രാജാവേ, അതൊന്നും ശരിയല്ല. ആദ്യവും

അവ്യവും, ആദ്യന്തരഹിതവും, നിരീഹവും, നിഷ്ക്രിയവുമായ ബ്രഹ്മമൊഴിച്ചു രണ്ടാമതൊന്നുണ്ടായിട്ടില്ലെന്നല്ലേ ശാസ്ത്രസിദ്ധാന്തം. ആ സ്ഥിതിക്ക് ആര് എന്തിന്റെ കര്ത്താവോ ഭോക്താവോ ആയിത്തീരും? കര്ത്താവും ഭോക്താവും ഉണ്ടായിട്ടില്ലെന്നപോലെ കര്മ്മഭോജ്യങ്ങളും ഉണ്ടായിട്ടില്ല. അതിനാല് ജഗത്തുണ്ടായിട്ടേയില്ല. വെറും ഭ്രമം മാത്രമാണ് ജഗല്പ്രതീതി. രജ്ജുസര്പ്പവും, മൃഗതൃഷ്ണാജലവുമൊക്കെ എപ്രകാരം മൂന്നുകാലത്തും സംഭവിച്ചിട്ടില്ലാത്തവയാണോ, അതുപോലെ ജഗത്തും മൂന്നുകാലത്തും സംഭവിച്ചിട്ടില്ലാത്തതെന്നാണ് പരമാര്ത്ഥം. ചിന്മാത്രമായ ബ്രഹ്മത്തില് കല്പിതനായ ഒരു ബ്രഹ്മാവുണ്ടെങ്കില് അതും ചിന്മാത്രം കൊണ്ടു ചിന്മാത്രത്തില് തന്നെ നടത്തിയ കല്പിതമായ വിക്രിയയല്ലാതെ മറ്റൊന്നുമില്ല. അതിനാല് ബ്രഹ്മത്തില് നിന്നും വേറെയായി ജഗത്തെന്നൊരു വസ്തുവില്ല. ഉണ്ടെന്നു തോന്നപ്പെടുന്ന ജഗത്തും ചിന്മാത്രം മാത്രമല്ലാതെ മറ്റൊന്നുമല്ല. കര്ത്താവും ഭോക്താവുമായി ആരും ഉണ്ടായിട്ടില്ല. കര്മ്മഭോജ്യങ്ങളായിട്ടും ഒന്നുമുണ്ടായിട്ടില്ല. ഇതാണ് പരമാര്ത്ഥം. രാജാവേ, അങ്ങീ നിശ്ചയത്തെ ബലപ്പെടുത്തിക്കൊണ്ട് അങ്ങയുടെ അജ്ഞാനത്തെ ക്ഷയിപ്പിക്കു. അജ്ഞാനത്തിനു ക്ഷയം സംഭവിച്ചുകഴിഞ്ഞാല് അങ്ങുവളരെക്കാലമായി വളര്ത്തിക്കൊണ്ടിരിക്കുന്ന ജഗന്നിശ്ചയമാകുന്ന വാസനയും അതു ഹേതുവായിട്ടുള്ള ബന്ധദുഃഖാദികളെല്ലാം നശിക്കും. അവയെല്ലാം നശിക്കുമ്പോള് അങ്ങിതുവരെ അനുഭവിച്ചിട്ടില്ലാത്ത അമൃതായമാനമായ ഉപശമസുഖം അനുഭവിക്കാറാവും.

എന്നിങ്ങനെ കുംഭന് പറഞ്ഞുകഴിഞ്ഞപ്പോള് രാജാവ് ഒന്നും മിണ്ടാതെ കുറച്ചു സമയം സ്തബ്ധനായിരുന്നു. അദ്ദേഹത്തിന്റെ ശക്തിയേറിയ അജ്ഞാനത്തിന്നു കനത്തൊരു പ്രഹരമാണ് കുംഭനില്നിന്നും കിട്ടിയത്. അഭിമാനഗ്രന്ഥി ഇനി അധികം സമയമില്ലെന്ന നിലയായി. കുറച്ചു കഴിഞ്ഞപ്പോള് അദ്ദേഹം ദീര്നിദ്രയില്നിന്നെന്നപോലെ ഉണര്ന്നു തന്റെ സന്തോഷത്തെയും ചാരിതാര്ത്ഥ്യത്തെയും പ്രകാശിപ്പിക്കാന് തുടങ്ങി. ഹാ! ദീര്ഘകാലമായി മുഴുകിക്കിടന്നിരുന്ന അജ്ഞാനനിദ്രയില്നിന്നു ഞാനുണര്ന്നു. എന്റെ മായാഗ്രന്ഥി പൊട്ടിയെന്നുതന്നെ പറയാം. ഈ ജഗത്തില്ലാത്തതാണെന്നെനിക്കു ബോദ്ധ്യമായി. കര്ത്താവില്ലാത്തതിനാല് ജദത്തോ, ജഗത്തിന് പദാര്ത്ഥദൃഷ്ടിയോ ഇല്ലെന്ന അങ്ങയുടെ പ്രതിപാദനം യുക്തിയുക്തമായിട്ടുണ്ട്. ചിന്മാത്രമാത്രസ്വരൂപനായ ഞാന് തന്നെയാണ് എല്ലാമായി സ്ഫുരിച്ചു പ്രകാശിക്കുന്നതെന്നും എനിക്കു ബോധ്യമായി. പദാര്ത്ഥങ്ങളുടെ അനുസന്ധാനം കൊണ്ടാണ് ലോകമുള്ളതായി തോന്നപ്പെടുന്നത്. അതിനാല് ഇനി പദാര്ത്ഥാനുസന്ധാനത്തെ കേവലം അകറ്റി ആകാശമെന്നപോലിരിക്കാനാണ് ഞാന് വിചാരിക്കുന്നത്. കാലദേശപദാര്ത്ഥാദി കല്പനകളില് വളരെക്കാലമായി കുടുങ്ങിയ സംവിത്ത് ഭാഗ്യംകൊണ്ട് ഇന്നു നിവൃത്തവും സ്വരൂപസ്ഥിതിയാകുന്ന ബ്രഹ്മാവുമായിത്തീര്ന്നു എന്നിങ്ങനെ രാജാവു തന്റെ അനുഭൂതിയെയും ചാരിതാര്ത്ഥ്യത്തെയും വെളിപ്പെടുത്തി.

വസിഷ്ഠമഹര്ഷി പറയുകയാണ്. രാമചന്ദ്ര! നിര്മ്മലനായ കുംഭന്റെ അകൃത്രിമങ്ങളായ ജ്ഞാനവാക്യങ്ങളാല് ചിരകാലമായി മായാമോഹത്തില് മുഴുകിയിരുന്ന ശിഖിദ്ധ്വജനുണര്ത്തപ്പെട്ടു.

അദ്ദേഹത്തിന്റെ ചിത്തം സംസാരത്തിൽ നിന്നു കേവലം നിവർത്തിച്ചു സ്വപദമാകുന്ന സംവിത്തിൽ രമിക്കാൻ തുടങ്ങി. മനസ്സ് കേവലമടങ്ങി. കണ്ണടഞ്ഞ്, അറിയാതെ സമാധിയിലേയ്ക്കുയർന്നു രാജാവിന്റെ പ്രജ്ഞ. പക്ഷേ അധികസമയം കഴിഞ്ഞില്ല, അദ്ദേഹം സമാധ്യിൽ നിന്നുണർന്നു കൺമിഴിച്ചു. ഹേ രാമഭദ്ര! അപ്പോൾ കുംഭവേഷധാരിണിയായ ചൂഡാല ചോദിച്ചു: മൂദുവും, ശാന്തവും, നിർമ്മലവുമായ യാതൊരു ബ്രഹ്മപദത്തിൽ സമാധിസ്ഥന്മാരായ ജ്ഞാനികൾ വിശ്രമിക്കുന്നുവോ; ആപരമപദത്തിൽതന്നെ അങ്ങും സുഖമായി വിശ്രമിച്ചില്ലേ! ഭ്രാന്തികളെ മുഴുവൻ അകറ്റത്തക്ക പ്രബോധം അകത്തുപ്രകാശിച്ചില്ലേ? അറിയേണ്ടതിനെ അറിയുകയും, കാണേണ്ടതിനെ കാണുകയും ചെയ്തില്ലേ? കുംഭനോടു തന്റെ കൃതജ്ഞതയെ പ്രകാശിപ്പിക്കാൻ വാക്കുകളില്ലായിരുന്നു രാജാവിന്. അദ്ദേഹം പറയുകയാണ്. സാക്ഷാൽ ഭഗവാനായ അങ്ങ് എന്നെ വേണ്ടപോലെ അനുഗ്രഹിച്ചതിനാൽ എല്ലാറ്റിലുംവെച്ചു മഹാത്മ്യമേറിയതും ദിവ്യവുമായ പരമപദത്തെ ഞാൻ കണ്ടു. ജ്ഞാതജ്ഞേയന്മാരായ മഹാത്മാക്കളുടെ ചേർച്ചകൊണ്ട് എന്താണ് ലോകത്തിൽ സാധിക്കാത്തത്? അങ്ങനെയുള്ള മഹാജനങ്ങളിൽ മുമ്പനായ അവിടുത്തെ അല്പസമയത്തെ സംഗമംകൊണ്ടു ഞാൻ ധന്യധന്യനും ചരിതാർത്ഥനുമായി. മറ്റൊന്നുകൊണ്ടും കിട്ടാൻ കഴിയാത്ത ഏതോ ദിവ്യാമൃതമാണ് അവിടുന്നെനിക്കു തന്നത്. എന്നാൽ ഇത്രയും കാലം ഞാനറിയാതിരിക്കാനെന്തായിരുന്നു കാരണമെന്നാണാലോചിക്കുന്നത്. എന്നിങ്ങനെ രാജാവു പറഞ്ഞപ്പോൾ കുംഭൻ പറയുകയാണ്:

രാജാവേ! ഗുരൂപദേശവും വേണ്ടസമയത്തേ ഫലിക്കൂ. ചിത്തം ശാന്തമായി, ഭോഗങ്ങളിൽ ആഗ്രഹമില്ലാതായി, ഇന്ദ്രിയങ്ങളടങ്ങി, അജ്ഞാനം നീങ്ങുമ്പോൾ മാത്രമേ ആചാര്യോപദേശം പ്രജ്ഞയിൽ പതിയൂ. നിർമ്മലമായ വസ്ത്രത്തിൽ ഒരുതുള്ളി അരക്കിന്റെ വെള്ളം വീണാൽ ചുവപ്പുവണ്ണം തെളിഞ്ഞുകാണാം. എന്നാൽ ചളി പുരണ്ടവസ്തത്തിൽ അതുകാണില്ല. അതുപോലെ നിർമ്മലമായ പ്രജ്ഞയിലേ ആചാര്യവാക്യവും പതിയൂ. ആ അവസ്ഥ അങ്ങയ്ക്കിതുവരെ സംഭവിക്കാതിരിക്കുന്നതുകൊണ്ടാണ് ഇതുവരെയും പരമപദം അറിയപ്പെടാതിരിക്കാനും കാരണം. ദ്വിത്വവും,ഏകത്വവുമാകുന്ന രണ്ടു ദൃഷ്ടികളുണ്ട് പ്രജ്ഞയ്ക്ക്. അവരണ്ടും ലയിക്കൽതന്നെയാണ് ജ്ഞാനം. അതുതന്നെയാണ് പരമപദവും. ഏതായാലും രാജാവേ! ഭാഗ്യംകൊണ്ട് അങ്ങിപ്പോൾ പ്രബുദ്ധനും മുക്തനുമായി. ഇനി ചിത്തത്തെ ലയിപ്പിച്ചു സ്വരൂപത്തിൽതന്നെ ഏകാന്തനിഷ്ടനായി സ്ഥിതിചെയ്തോളൂ. എന്നിങ്ങനെ കുംഭൻ പറഞ്ഞപ്പോൾ, ജ്ഞാനികൾക്കു ചിത്തമില്ലെന്നു പറഞ്ഞുകേട്ടിട്ടുണ്ട്, അങ്ങനെയാണെങ്കിൽ മഹാന്മാരായ ജീവന്മുക്തന്മാർ എങ്ങനെയാണ് ചിത്തമില്ലാതെ ലോകത്തിൽ വികരിക്കുന്നെന്നുകൂടിപറഞ്ഞു തന്നാൽ കൊള്ളാമെന്ന് ആവശ്യപ്പെട്ടു. കുംഭൻ മറുപടിപറയാൻ തുടങ്ങി. ജനനമരണങ്ങളേയും അതുവഴി മറ്റു സംസാരാനുഭവങ്ങളെയും വളർത്തുന്ന വാസനകളെത്തന്നെയാണ് രാജാവേ! ചിത്തമെന്നു പറയുന്നത്. ജ്ഞാനികൾക്ക് അങ്ങനെയുള്ള വാസനകളുണ്ടാവില്ല. അവരുടെ വാസനയെ സത്വമെന്നാണ് പറഞ്ഞുവരുന്നത്. അതൊരിക്കലും ജന്മത്തെയുണ്ടാക്കുകയോ, സംസാരത്തെ വളർത്തുകയോ ചെയ്യില്ല, മൂഢന്മാരുടെ ചിത്തത്തെയാണ് ചിത്തമെന്നു പറയുന്നത്. ജ്ഞാനികളുടെ ചിത്തത്തെ സത്വമെന്നാണ് പറയാറ്. സത്വംകൊണ്ട് ലോകത്തിൽ വിഹരിക്കുന്ന ജ്ഞാനികൾക്കു യാതൊരുവിധ

ബന്ധങ്ങളുമുണ്ടാവുന്നില്ല. സാധാരണ ജനങ്ങളുടെമാതിരിതന്നെയാണ് ജീവന്മുക്തന്മാരും ലോകത്തിൽ വിഹരിക്കുന്നതെന്നു തോന്നിയാലും അനുഭവത്തിന് വളരെ വ്യത്യാസമുണ്ട്. ചഞ്ചലമായ ചിത്തംകൊണ്ടു പദാർത്ഥങ്ങളെ ഗ്രഹിക്കുന്ന അജ്ഞന്മാർ, അതിനാൽ അവരുടെ ചിത്തമെപ്പോഴും പദാർത്ഥങ്ങളെ കൊണ്ടു നിബിഡവും രാഗാദിവികാരങ്ങളെ കൊണ്ടു സങ്കല്പവുമാണ്. എന്നാൽ ജ്ഞാനികളുടെ ചിത്തമെപ്പോഴും ചഞ്ചലമാകുകയോ പദാർത്ഥങ്ങളെ ഗ്രഹിക്കുകയോ ചെയ്യുന്നില്ല. അതിനാൽ രാഗാദിവികാരങ്ങളും അവർക്കില്ല. നിർമ്മലമായ ചിദാകാശം പോലെ ശാന്തവും നിശ്ചലവുമായിരിക്കും ജ്ഞാനികളുടെ ചിത്തം. അതിനാൽ അവർ എന്തുചെയ്താലും ഇല്ലെങ്കിലും അവർക്ക് ഒന്നിന്റെയും യാതൊരുവിധ ബന്ധങ്ങളുമുണ്ടാകുന്നില്ല. ആരുടെ ചിത്തമാണോ എപ്പോഴും നിശ്ചലമായിട്ടിരിക്കുന്നത്; അവനു സംസാരംതന്നെയില്ലെന്നു പറയണം, ഈ ലോകത്തിൽ കാണുന്ന എല്ലാവിധ ദുഃഖങ്ങൾക്കും ഒരേ ഒരുഹേതു ചിത്തത്തിന്റെ ചലനം മാത്രമാണ്. അതിനാൽ ബുദ്ധിമാനായ രാജാവേ! ചിത്തത്തിന്റെ സ്പന്ദനാസ്പന്ദങ്ങൾക്ക് ഐകരൂപത്തെവരുത്തി നിത്യവസ്തുവിൽ രമിച്ചുകൊണ്ടു കഴിഞ്ഞുകൂടും.

എന്നിങ്ങനെ കുംഭൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ ചിത്തത്തിന്റെ സ്പന്ദനാസ്പന്ദനങ്ങൾക്ക് ഐകരൂപം വരുത്തുന്നതെങ്ങനെയെന്നു ചോദിച്ചു രാജാവു്. അതിനും മറുപടിപറയാൻ തുടങ്ങി കുംഭവേഷധാരിണിയായ ചൂഡാല. രാജാവേ! സമുദ്രത്തിൽ സമുദ്രജലമല്ലാതെ മറ്റൊന്നുമില്ല. കാറ്റുകൊണ്ട് ജലം ഇളകുമ്പോഴാണ് തിരകളുണ്ടാകുന്നത്. തിരകൾ സമുദ്രജലത്തിൽനിന്നു വേറെയാണെന്നു തോന്നിയാലും വാസ്തവത്തിൽ വേറെയല്ല; സമുദ്രജലംതന്നെയാണ് തിരയായിത്തീരുന്നത്, അതിനു ഹേതു ജലത്തിന്റെ ചലനവുമാണ്. ഇതുപോലെ ബ്രഹ്മത്തിൽ ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ല. വാസനാപ്രകാരം ഹേതുവായി ചലിക്കുന്ന ചിത്തത്തിന്റെ ചലനമാണ് ബ്രഹ്മസത്തയിൽ പദാർത്ഥങ്ങളുടെ സ്ഫുരണത്തിനു ഹേതു.അതിനെയാണ് അജ്ഞന്മാർ ജഗത്തായി കാണുന്നത് തിരമാലകളെ കാണുമ്പോഴും അതു സമുദ്രജലമാണെന്നു ബോധ്യം വന്നു കഴിഞ്ഞാൽ പിന്നെ ഭേദബുദ്ധിയോ അതു ഹേതുവായിട്ടുള്ള ക്ലേശങ്ങളോ ഇല്ലാത്തതുപോലെ ജഗത്തായി കാണപ്പെടുമ്പോഴും കാണപ്പെടുന്നതു ബ്രഹ്മമാണെന്ന ബോധ്യം വന്നു കഴിഞ്ഞാൽ പിന്നെ അതുകൊണ്ടുള്ള ബാധയോ ക്ലേശമോ ഇല്ല. അങ്ങിനെ ബോധ്യം വന്നുകഴിഞ്ഞൊരാൾക്ക് ചിത്തത്തിന്റെ സ്പന്ദനാസ്പന്ദനങ്ങൾ ഐകരൂപ്യത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു കരുതാം. പക്ഷേ ആദ്യത്തിൽ അത് ബോദ്ധ്യം വരാനായി ചിത്തം നിഷ്പന്ദമായിത്തീരുകതന്നെ വേണം. പാമ്പെന്നു തോന്നപ്പെട്ട വസ്തു കയറാണെന്നു ബോദ്ധ്യം വന്നാൽ പിന്നെ അതിന്റെ ബാധയുണ്ടാവുന്നില്ലല്ലോ. അതുപോലെ ചിത്തനിഷ്പന്ദതയിൽക്കൂടെ ജഗത്തിന്റെ ഉല്പത്തി ലയങ്ങളെ ശരിക്കറിയുമ്പോൾ ജഗത്തെന്നു തോന്നപ്പെട്ട വസ്തു ബ്രഹ്മംതന്നെയാണെന്നും ബ്രഹ്മത്തിൽനിന്നന്യമായി ഒന്നും തന്നെ സംഭവിച്ചിട്ടില്ലെന്നും ബോദ്ധ്യമാവും. അപ്പോൾ ചിത്തം പ്രശാന്തവും സംതൃപ്തവും ആനന്ദമത്തവുമായിത്തീരും. പിന്നെ ചിത്തം ചലിച്ചാലും പദാർത്ഥങ്ങളുടെ സ്ഫുരണമുണ്ടായാലും അതുബ്രഹ്മം തന്നെയാണെന്ന ബോദ്ധ്യമുള്ളതുകൊണ്ടു വിക്രിയകളൊന്നുമുണ്ടാവുന്നില്ല. അപ്പോൾ സ്പന്ദനവും അസ്പന്ദനവും ഒരുപോലെയായി.

ചിത്തസ്പന്ദനംകൊണ്ടു പദാർത്ഥസ്ഫുരണങ്ങളുണ്ടായാലും ഇല്ലെങ്കിലും ബ്രഹ്മഭാവത്തിന് മുറിവില്ലെന്നു വരുമല്ലോ, ആ ദൃഷ്ടിയെ എപ്പോഴുമുണ്ടാവുന്നില്ലെന്നുമാത്രമല്ല, ആത്മനിർവൃത്തിക്കു മുറിവുണ്ടാവില്ല. അതുകൊണ്ട് ആ ദൃഷ്ടിയെ നിലനിർത്തിക്കൊണ്ടിരിക്കു. ഇങ്ങനെ അങ്ങേയ്ക്കറിയേണ്ടതിനെയൊക്കെ ഞാൻ സാമാന്യമായിപ്പറഞ്ഞു. ഇനിയും എനിക്കിവിടെ നില്ക്കാൻ നിവൃത്തിയില്ല. എന്റെ അച്ഛനായ ശ്രീ നാരദമഹർഷി സത്യലോകത്തിൽ സുധർമ്മയെന്ന ദേവസഭയിലേയ്ക്കെത്തുമ്പോഴേയ്ക്ക് എനിക്കവിടെയെത്തണം. എന്നെ ദേവസഭയിൽ കണ്ടില്ലെങ്കിൽ അച്ഛൻ കോപിക്കാനിടയായിത്തീരുമെന്നു പറഞ്ഞു ദേവപുത്രൻ അവിടെ നിന്നന്തർദ്ധാനം ചെയ്തു.

കുംഭബ്രഹ്മചാരിമറഞ്ഞുപോയിക്കഴിഞ്ഞശേഷം രാജാവ് അദ്ദേഹമുപദേശിച്ചുകൊടുത്ത ബ്രഹ്മദൃഷ്ടിയെപ്പറ്റി വിചാരം ചെയ്ത് അതിൽ ദൃഢത വരുത്തി. അമൃതസമുദ്രത്തിൽ മുങ്ങിയപ്പോലുള്ള നിർവൃതികൊണ്ടു രാജാവാവിഷ്ടനായി. അദ്ദേഹം ആ ദിവ്യസ്ഥിതിയുടെ മഹാത്മ്യത്തെയും ഗൗരവത്തെയുമോർത്ത് അതീവ സന്തുഷ്ടനും ചരിതാർത്ഥനുമായി. അത്യന്ത നിശ്ചലതായാൽ കാഷ്ഠപാഷാണങ്ങളെന്നപോലെ ആത്മനിർവൃതിയിൽ മുഴുകിക്കൊണ്ട് അല്പസമയം ഇരുന്നപ്പോഴേയ്ക്കു സുദൃഢമായ നിർവ്വികല്പസമാധിയിലേയ്ക്കുയർന്നു കഴിഞ്ഞു. പരമപദത്തിൽ സമ്പൂർണ്ണവിശ്രാന്തിസ്വരൂപമായ ആ നിർവ്വികല്പസമാധിയിൽ മുഴുകിക്കൊണ്ടുതന്നെ രാജാവ് വളരെക്കാലം കഴിച്ചുകൂട്ടി.

രാജാവിനെ വിട്ടു മേലോട്ടുയർന്ന കുംഭനാകട്ടെ കുറച്ചു ദൂരം പോയശേഷം വീണ്ടും ചൂഡാലയായിത്തീർന്ന് തന്റെ അന്തഃപുരത്തിൽ പ്രവേശിച്ചു തന്റെ രാജ്യകാര്യങ്ങളെയൊക്കെ വേണ്ട പോലെ നിർവ്വഹിച്ചുവന്നു. അങ്ങനെ മൂന്നു കൊല്ലം കഴിഞ്ഞശേഷം പിന്നെയും ഒരു ദിവസം രാത്രി മഹാരാജ്ഞി രാജാവിനെ കാണാൻ പുറപ്പെട്ടു. നിശ്ചിതസ്ഥലത്തെത്തുന്നതിനുമുമ്പുതന്നെ സങ്കല്പമാത്രംകൊണ്ടു കുംഭവേഷധാരിണിയായികീഴ്പോട്ടു നോക്കിയപ്പോൾ പർവ്വതത്തിൽ ശിലയെന്നപോലെ രാജാവ് നിശ്ശേഷ്ടനായിരിക്കുന്നതിനെക്കണ്ടു. സാവധാനം താഴോട്ടിറങ്ങി രാജാവിന്റെ മുമ്പിൽ വന്നുനിന്നു നിശ്ശേഷ്ടകാഷ്ഠസദൃശ്യമായ ഇരിപ്പു കണ്ടപ്പോൾ അദ്ദേഹം സ്വപദത്തിൽ തികച്ചും വിശ്രാന്തനായിരിക്കുന്നുവെന്നും വളരെക്കാലമായിത്തന്നെ ഈ നിർവ്വികല്പാവസ്ഥയിൽ മുഴുകിയിരിക്കുകയാണെന്നും ബോദ്ധ്യമായി. ശരീരത്തെ വിട്ടു കഴിഞ്ഞുവോ രാജാവിന്റെ ചേതനയെന്നുപോലും സംശയിക്കാതിരുന്നില്ല. ദർശനസ്പർശനാദികളെക്കൊണ്ടു വേണ്ടത്ര പരിശോദിച്ചുകഴിഞ്ഞപ്പോൾ ചേതനശരീരത്തെ വിട്ടു കഴിഞ്ഞിട്ടില്ലെന്നും ഹൃദയത്തിൽ സത്വശേഷമുണ്ടെന്നും ബോദ്ധ്യമായി. അതെങ്ങനെയെന്നാൽ ചൂട്, സ്പന്ദനം തുടങ്ങിയ ലക്ഷണങ്ങളെക്കൊണ്ടൊന്നും ചിലപ്പോൾ സത്വശേഷത്തെ ബോധിക്കാൻ കഴിഞ്ഞില്ലെന്നു വന്നേക്കാം, അപ്പോൾ മരിച്ച ആളേയും സമാധിസ്ഥനായ ആളെയും തിരിച്ചറിയുന്നത് ശരീരത്തിന്റെ വാട്ടം കൊണ്ടാണ്. മരിച്ചാളുടെ ശരീരം വാടുകയും ദ്രവിക്കുകയും ചെയ്യും. എന്നാൽ സമാധിസ്ഥനായ ഒരാൾ എത്രതന്നെ നിഞ്ചേഷ്ടനായാലും, അങ്ങിനെ എത്രകാലം സമാധിയിൽത്തന്നെ കഴിഞ്ഞാലും അദ്ദേഹത്തിന്റെ ശരീരം വാടുകയോ, പ്രത്യേകം ഓജസ്സുള്ളതായിത്തീരുകയോ ചെയ്യാതെ

സമനിലയിൽതന്നെ വർത്തിക്കും. ഈ ലക്ഷണം കൊണ്ടു രാജാവിന്റെ ഹൃദയത്തിൽ സത്വശേഷമുണ്ടെന്നു ബോദ്ധ്യപ്പെട്ട ചൂഡാല അദ്ദേഹത്തെ ഉണർത്താൻ വേണ്ടി ഉച്ചത്തിൽ അട്ടഹാസ ശബ്ദം മുഴക്കി. അങ്ങനെ പലപ്രാവശ്യം ശബ്ദം മുഴക്കിയിട്ടും രാജാവുണരുന്നില്ലെന്നു കണ്ട് അദ്ദേഹത്തെ പിടിച്ചു കുലുക്കുകയും മറിച്ചിടുകയും ചെയ്തു എന്തൊക്കെ ചെയ്തിട്ടും രാജാവുണരുന്നില്ലെന്നു കണ്ടപ്പോൾ അവസാനം ചൂഡാല യോഗശക്തികൊണ്ട് തന്റെ ശരീരത്തെവിട്ട രാജശരീരത്തിൽ പ്രവേശിപ്പിച്ച് അദ്ദേഹത്തിന്റെ ചിത്തത്തെ ചലിപ്പിച്ചു. ഉടനെതന്നെ കുംഭനായി എഴുന്നേറ്റു തന്റെ പീഠത്തിൽ വന്നിരുന്നു സമാഗമനത്തെ ആലപിക്കാൻ തുടങ്ങി. ചിത്തം ചലിക്കാൻ തുടങ്ങിയതോടെ കരണങ്ങളോരോന്നായുണർന്നു രാജാവ് കണ്ണുമിഴിച്ചു.

ഉറക്കത്തിൽ നിന്നുണർന്നപോലെ രാജാവ് സമാധിയിൽനിന്നുണർന്നു. കണ്ണുമിഴിച്ചു നോക്കിയപ്പോൾ ആദ്യംതന്നെ കണ്ടത് തന്റെമുമ്പിലിരിക്കുന്ന കുംഭനെയാണ്. സന്തോഷഭരിതനായെഴുന്നേറ്റ് അദ്ദേഹത്തോടു കുശലപ്രശ്നം ചെയ്തു. എന്നെ ധന്യനാക്കിത്തീർക്കാൻവേണ്ടിത്തന്നെയാണ് അങ്ങുവന്നത്. അങ്ങയുടെ പുനഃസമാഗമംകൊണ്ടു ഞാൻ ധന്യധന്യനും ചരിതാർത്ഥനുമായിതീർന്നിരിക്കുന്നുവെന്നിങ്ങനെ കുംഭനെ അനുമോദിക്കുകയും ചെയ്തു. അപ്പോൾ കുംഭൻ പറഞ്ഞു രാജാവേ! ഞാനിവിടെനിന്നും അങ്ങയെ വിട്ടുപോയശേഷം എന്റെ മനസ്സ് അങ്ങയെയല്ലാതെ മറ്റൊന്നിനെയും ഓർമ്മിച്ചിട്ടില്ലെന്നുതന്നെ പറയാം. എനിയ്ക്ക് ഏറ്റവും ഇഷ്ടനായ കൂട്ടുകാരനും, ബന്ധുവും സ്നേഹിതനും, ശിഷ്യനുമെല്ലാം അങ്ങുതന്നെ. അങ്ങയോടൊരുമിച്ചിരിക്കുമ്പോഴുള്ള സുഖം എനിയ്ക്ക് സ്വർഗ്ഗ ലീലകളിൽപ്പോലുമില്ല. അതുകേട്ട രാജാവ് അതീവസന്തുഷ്ടനായി. അങ്ങുകേവലം നിസ്സംഗനാണെങ്കിലും എന്റെ സാമിപ്യത്തെ ഇഷ്ടപ്പെടുന്നുവെന്നത് എന്റെ പുണ്യവിശേഷംതന്നെ എന്നുപറയുകയും ചെയ്തു.

അനന്തരം രാജാവിന്റെ അനുഭൂതിയെപ്പറ്റി കുംഭൻ ചോദിച്ചു. ഭേദബുദ്ധികൾ മുഴുവൻ നശിച്ചുവോ? സ്വീകരിക്കുക, ഉപേക്ഷിക്കുക തുടങ്ങിയഭേദഭാവങ്ങളെല്ലാം നീങ്ങി അങ്ങയുടെ ചിത്തം തികഞ്ഞ സമതാഭാവത്തിൽ രമിക്കാൻ തുടങ്ങിയോ? അഥവാ ഏതെങ്കിലും തരത്തിലുള്ള ഭേദഭാവങ്ങൾ എപ്പോഴെങ്കിലുമുണ്ടാവുന്നുണ്ടോ? എന്നിങ്ങനെ അതിനൊക്കെ വളരെ ആശാസ്യമായ മറുപടിയാണ് രാജാവിൽ നിന്നും കിട്ടിയത്. ഒരു തരത്തിലുള്ള ഭേദഭാവവും എപ്പോഴും അദ്ദേഹത്തിനില്ലെന്ന് ഭയം, വ്യസനം, ക്രോധം, തുടങ്ങിയവികാരങ്ങളും അദ്ദേഹത്തിൽ നിന്നും വിട്ടുമാറിയെന്നും ചുരുക്കത്തിൽ ഇനി യാതൊന്നും ഉപദേശിക്കാൻ ബാക്കിയില്ലെന്ന നിലയിൽ താൻ സംസാരത്തെ അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. കുംഭൻ തന്റെ ശിഷ്യന്റെ അനുഭൂതി വിശേഷത്തെയറിഞ്ഞു വളരെ സന്തോഷിക്കുകയും കൃതകൃത്യനായിത്തീരുകയും ചെയ്തു. തുല്യജ്ഞാനികളും, തുല്യാനുഭൂതിസമ്പന്നരുമായ അവർ രണ്ടുപേരും പിന്നീടു കുറച്ചുകാലം ആകാട്ടിൽ സന്തോഷഭരിതന്മാരായി വിഹരിച്ചുകൊണ്ടു കഴിഞ്ഞുകൂടി. ചിലപ്പോൾ സ്നാനചമനങ്ങളൊക്കെ ചെയ്തു നല്ല വസ്ത്രങ്ങളെ ധരിച്ചു ഗന്ധപുഷ്പാദികളെയണിഞ്ഞു തേജസ്വികളായി നടക്കും. മറ്റു ചിലപ്പോൾ ദേഹത്തു മണ്ണും പൊടിയുമൊക്കെയണിഞ്ഞു നടക്കും. ചിലപ്പോൾ പുഷ്പങ്ങളെ അറുത്തു

മാല കെട്ടി ദേവപൂജയും പിതൃതർപ്പണവുമൊക്കെ ചെയ്യും. മറ്റു ചിലപ്പോൾ ഒന്നും ചെയ്യാതെ കേവലം സമാധിസ്ഥന്മാരായിരിക്കും.. അതുപോലെ ചിലപ്പോൾ സ്വാദിഷ്ടങ്ങളായ പഴങ്ങളെയും മറ്റും കൊണ്ടുവന്നാഹാരം കഴിക്കും. ഒരാഹാരവും കഴിക്കാതെ പല ദിവസങ്ങളും കഴിച്ചു കൂട്ടുകയും ചെയ്യും. അങ്ങനെ ഭേദബുദ്ധിനശിച്ചവരായ ആ ജ്ഞാനികൾ രണ്ടുപേരും ഒന്നിച്ചു കുറച്ചു ദിവസം കഴിഞ്ഞുകൂടിയപ്പോഴേയ്ക്ക് രാജാവിനെപ്പോലെതന്നെയായി. അദ്ദേഹത്തിന്റെ എല്ലാവിധ സംസാരവിക്രിയകൾ മുഴുവൻ നീങ്ങി തികഞ്ഞ ആത്മജ്ഞാനിയായി. ആപരമാർത്ഥത്തെ പ്രകാശിപ്പിക്കുകയാണോ എന്നു തോന്നുമാറ് അദ്ദേഹത്തിന്റെ ശരീരവും പൂർവ്വാധികം ഓജസും തേജസ്സും വളർന്നാകർഷകമായിത്തീർന്നു.

അങ്ങനെയിരിക്കെ തന്റെ ഭർത്താവായ ശിഖിദ്ധ്വജൻ ജ്ഞാതജ്ഞേയനും സംസാരനിവൃത്തനുമായെന്നു ബോദ്ധ്യം വന്ന ചൂഡാല അദ്ദേഹത്തിന്റെ ജ്ഞാനത്തിനു ദൃഢത വരുത്താൻ ഒരു പരീക്ഷണം ചെയ്യണമെന്നു നിഷ്ചയിച്ചു. ഒരു ദിവസം പ്രഭാതത്തിൽ രാജാവും കുംഭനും കൂടി കാട്ടിൽക്കൂടെ ചുറ്റിനടക്കുമ്പോൾ കുംഭൻ പറഞ്ഞു: ഇന്നു ചൈത്രമാസത്തിലെ ശുക്ലപ്രഥമയാണ്. സ്വർഗ്ഗലോകത്തുവരെ വിശേഷമായ ഒരു ഉത്സവം നടക്കുന്ന ദിവസ്സമാണ്. അതിൽ പങ്കുകൊള്ളാൻ ഞാനും അവിടെ പോയി അച്ഛനടുക്കലിരിക്കണമെന്നത് നിയതിയാണ്. നിയതിയെ ഉല്ലംഘിക്കുകയെന്നതു ജ്ഞാനികളും പതിവില്ലല്ലോ. അതുകൊണ്ടു ഞാൻ പോയിവരാം. എന്നാൽ ഉത്സവാഘോഷങ്ങൾ കഴിഞ്ഞാൽ ഒട്ടും താമസ്സിക്കാതെ ഇന്നു രാത്രിതന്നെ ഇവിടെ മടങ്ങി വരുകയും ചെയ്യാം. അങ്ങയുടെ ഒരുമിച്ചിരിക്കലാണ് എനിക്കു സ്വർഗ്ഗാനുഭവങ്ങളെക്കാൾ ഇഷ്ടമായിട്ടിരിക്കുന്നത് എന്നു പറഞ്ഞ് അപ്പോൾ തന്നെ രാജാവിന്റെ അനുവാദത്തോടുകൂടി സ്വർഗ്ഗത്തിലേയ്ക്കു പോവാൻ മേല്പോട്ടുയർന്നു. കുറേ ദൂരം പോയശേഷം സങ്കല്പശക്തിയാൽ കുംഭവേഷത്തെമാറ്റി ചൂഡാലയായിത്തീർന്ന് അന്തഃപ്പുരത്തിലേയ്ക്കു പോയി. വൈകുന്നേരംവരെ അരമനയിൽ രാജ്യകാര്യങ്ങളെ അന്വേഷിച്ചശേഷം രാത്രിയിൽ ആരുമറിയാതെ രാജാവിന്റെ സന്നിധിയിലേയ്ക്കു പുറപ്പെടുകയും ചെയ്തു. കുംഭനെ കാണാനുള്ള ബദ്ധപ്പാടോടെ രാജാവ് പ്രതീക്ഷിച്ചുകൊണ്ടുതന്നെയിരിക്കുമ്പോൾ ചൂഡാല കുംഭവേഷത്തിൽ അവിടെ എത്തിച്ചേർന്നു. രാജാവിന് വളരെ സന്തോഷമായെങ്കിലും മുമ്പുകണ്ടിട്ടില്ലാത്തവിധം കുംഭന്റെ മുഖം മ്ലാനമായിരിക്കുന്നതിനെക്കണ്ടു പരിഭ്രാന്തനായി എന്താണ് മ്ലാനതയ്ക്കു കാരണമെന്നദ്ദേഹത്തോടു ചോദിക്കുകയും ചെയ്തു.

നിസ്സംഗന്മാരും, ശരീരാഭിമാനത്തിന്റെ കണികപോലുമില്ലാത്തവരും, സ്വയം ബ്രഹ്മസ്വരൂപികളുമായ ജ്ഞാനികൾക്ക് എന്തു സംഭവിച്ചാലും ഭാവഭേദമുണ്ടാവാൻ വയ്യ. എങ്കിലും കാര്യമായൊരു തകരാറു പറ്റീട്ടുണ്ട് കുംഭനെന്നു രാജാവിനു ബോദ്ധ്യമായി. അദ്ദേഹം വൈമനസ്യത്തെ പ്രകാശിപ്പിച്ചതല്ലാതെ കാര്യമൊന്നും പറഞ്ഞില്ല. അതുകണ്ടപ്പോൾ കൂടുതൽ ആശങ്കയോടെ രാജാവു നിർബന്ധപൂർവ്വം കുംഭനോടു വൈമനസ്യത്തിന്റെ കാരണം പറയാനാവശ്യപ്പെട്ടു. അപ്പോൾ കുംഭൻ വളരെ വിഷാദപരവശ്യങ്ങളെ അഭിനയിച്ചുകൊണ്ടു പറഞ്ഞു. രാജാവേ! ഞാൻ പറയാം. കേട്ടോളൂ.

ഞാനിവിടെനിന്നു നേരെ സ്വർഗ്ഗത്തിൽ പോയി അച്ഛനോടുകൂടി ദേവോത്സവത്തിൽ പങ്കുകൊണ്ടശേഷം അങ്ങയുടെ അടുത്തെത്താനുള്ള ബദ്ധപ്പാടോടുകൂടി ദേവമാർഗ്ഗത്തെയും ആദിത്യമാർഗ്ഗത്തെയും പിന്നിട്ടു കീഴ്പോട്ടു വരുമ്പോൾ വെള്ളം നിറഞ്ഞമേഘങ്ങൾക്കിടയിൽക്കൂടി ദുർവ്വാസ്സാവുമഹർഷി വരുന്നതായികണ്ടു. അദ്ദേഹത്തെ അഭിവാദനം ചെയ്തുകഴിഞ്ഞപ്പോൾ ഒരു ചെറിയ തമാശപറയാൻ തോന്നി. “അല്ലേ! മഹർഷേ! അങ്ങ് മേഘങ്ങളാകുന്ന വസ്ത്രമണിഞ്ഞുവരുന്നതു കാണാൻ ഒരു അഭിസാരികയുടെ മട്ടുണ്ട്.” എന്നു പറയുകയും ചെയ്തു. അതുകേൾക്കേണ്ടതാമസം മഹർഷി കോപിച്ച് “എന്നെയിങ്ങനെ പരിഹസിച്ചതുകൊണ്ട് രാത്രി കാലങ്ങളിൽ ഒരു സ്ത്രീയായിത്തീരട്ടേ” എന്നു ശപിച്ചു. ശാപം കൊണ്ടു രാത്രിയിൽ സ്ത്രീയായിത്തീരുമല്ലോ എന്നാണ് വ്യസനകാരണം. അതിനെ കേട്ട രാജാവു പറഞ്ഞു: ബുദ്ധിമാനായ ദേവപുത്രാ ! സംഭവിക്കേണ്ടതു സംഭവിച്ചു കഴിഞ്ഞു. ഇനി അതിനെപ്പറ്റി വ്യസനിച്ചിട്ടെന്താണ് കാര്യം? നിയതിയെ ആർക്കും ലംഘിക്കാൻ കഴിയാത്തതല്ലേ? പിന്നെ വ്യസനം കൊണ്ടെന്താണ് പ്രയോജനം? അല്ലെങ്കിൽ സ്തീത്വം പുംസ്ത്വം തുടങ്ങിയതൊക്കെ ശരീരത്തിനല്ലാതെ ആത്മാവിനു ബാധകമല്ലല്ലോ. എന്നിങ്ങനെ പലതും അന്യോന്യം പറഞ്ഞുകൊണ്ട് അവർ പകൽ സമയം കഴിച്ചു കൂട്ടി. അസ്തമനമായപ്പോൾ അവർ സന്ധ്യാവന്ദനാദികൃത്യങ്ങൾ ചെയ്ത് വള്ളിക്കുടിലുകൾക്കുള്ളിൽ വന്നിരുന്നു ജപിച്ചു. ജപം കഴിഞ്ഞെഴുന്നേറ്റപ്പോൾ കുംഭൻ യൗവ്വനയുക്തയായ ഒരു സ്ത്രീയായിത്തീർന്നു. നോക്കു രാജാവേ! ഞാനിതാ ഒരു സ്തീയായി മാറിക്കഴിഞ്ഞു. എന്റെ പുരുഷശരീരം ഭൂമിയിൽ വീണുപോയതുപോലെയും സ്ത്രീശരീരം പൊട്ടിമുളച്ചതുപോലെയും തോന്നി. അവയവങ്ങളെല്ലാം മാറിക്കഴിഞ്ഞു. ലജ്ജയും എന്നെ വിട്ടുമാറുന്നില്ല, എന്നൊക്കെപ്പറഞ്ഞു പരവശനായിത്തീർന്ന സ്തീവേഷധാരിയായ കുംഭനെ രാജാവു സമാധാനപ്പെടുത്തി. അറിയേണ്ടതിനെ അറിഞ്ഞ നിർഭയനും നിരപേക്ഷകനുമായ വിദ്വാനാണ് അങ്ങ്. നിയതിയെ ആർക്കും തടുക്കാൻ കഴിയില്ലെന്നങ്ങയ്ക്കറിയുകയും ചെയ്യാം. എന്നിട്ടും അങ്ങുവ്യസനിക്കുന്നുവെന്നാൽ മറ്റുള്ളവരുടെയൊക്കെ ഗതിയെന്താണ്? എന്നിങ്ങനെ പറഞ്ഞപ്പോൾ കുംഭനൊരുവിധം സമാധാനമായി. ഇല്ല; ഞാനിനി വ്യസനിക്കുന്നില്ല. എന്തു വേണമെങ്കിലും വന്നോട്ടെയെന്നു സമാധാനിക്കുകയും ചെയ്തു. രണ്ടുപേരും കൂടിരാത്രിയെക്കഴിച്ചുകൂട്ടി. നേരം പുലർന്നപ്പോൾ സ്ത്രീത്വം പോയി വീണ്ടും കുംഭനായിത്തീരുകയും ചെയ്തു. അങ്ങനെ കുറച്ചു ദിവസം പതിവായി പകൽ പുരുഷനും രാത്രിയിൽ സ്ത്രീയുമായി ചൂഡാല രാജാവോടൊരുമിച്ചു കാട്ടിൽ കഴിഞ്ഞു വന്നു. മുമ്മൂന്നു ദിവസം കൂടുമ്പോൾ രാത്രിയിൽ രാജാവുറങ്ങിയാൽ ചൂഡാല ഗൃഹത്തിൽ പോയി രാജ്യകാര്യങ്ങളെയൊക്ക വേണ്ടപോലെ ചെയ്യും. രാജാവുണരുന്നതിനുമുമ്പു കാട്ടിൽത്തന്നെ മടങ്ങിയെത്തുകയും ചെയ്തു.

അങ്ങനെ കുറച്ചുമാസങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും രാജാവിനെ ഒന്നു പരീക്ഷിക്കാൻ തീർച്ചപ്പെടുത്തി ചൂഡാല. അതിന്റെ ഫലമായി ഒരു ദിവസം രാജാവിനോടു പറഞ്ഞു. അല്ല രാജാവേ! ഞാനിങ്ങനെ പതിവായി രാത്രിയിൽ സ്ത്രീയായിത്തീരുന്നുണ്ടല്ലോ.ആ സ്ഥിതിക്ക് എനിക്കൊരു

ഭർത്താവുണ്ടാവേണ്ടത് അത്യാവശ്യമാണ്. ഭർതൃമതിയല്ലാത്ത സ്ത്രീ അമംഗളസ്വരൂപിണിയാണെന്നു പറയപ്പെട്ടുന്നുണ്ട്. അതിനാൽ ഞാനൊരു പുരുഷന്റെ ഭാര്യയായിരിക്കുവാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ആരെയെങ്കിലും ഞാൻ ഭർത്താവായി വരിക്കുന്ന പക്ഷം അങ്ങയെയല്ലാതെ മറ്റാരേയും വരിക്കാൻ പോവുന്നില്ല. അതുകൊണ്ട് അങ്ങെന്നെ വിവാഹം കഴിച്ച് എന്റെ ഭർത്താവായിരിക്കണം എന്ന്. അതിനെ കേട്ട രാജാവ് അങ്ങനെ ചെയ്യുന്നതുകൊണ്ട് യാതൊരു ഗുണവും ദോഷവും കാണുന്നില്ലെന്നുമാത്രം മറുപടി പറഞ്ഞു. എന്നാൽ ഇന്നു തന്നെ നമുക്കു വിവാഹമാഘോഷിക്കണം. ഇന്നു നല്ല ദിവസമെന്നായി കുംഭൻ. രാജാവതിനു വിസമ്മതമൊന്നും പറഞ്ഞതുമില്ല. പിന്നെ രണ്ടുപേരും കൂടിപ്പോയി വിവാഹകർമ്മത്തിനാവശ്യമായ പദാർത്ഥങ്ങളെയൊക്കെ ഒരുക്കി സന്ധ്യ കഴിഞ്ഞതോടെ കുംഭൻ സ്ത്രീയായി. "മദനിക" യെന്നു പേരുംവരിച്ചു. അഗ്നിയെ ജ്വലിപ്പിച്ചു അവരുടെ പാണിഗ്രഹണകർമ്മത്തെ അഗ്നിസാക്ഷിയായി നടത്തി. നല്ല പഴങ്ങളും കിഴങ്ങുകളുമൊക്കെക്കഴിച്ചു. വള്ളിക്കുടിലിൽ കിടന്നുറങ്ങുകയും ചെയ്തു. അങ്ങനെ രണ്ടുപേരും ഭാര്യാഭർത്താക്കന്മാരായിക്കൊണ്ടും കുറച്ചുകാലം അവിടെ കഴിച്ചുകൂട്ടി. ദാമ്പത്യലീലകളിലും സ്ത്രീകളിലുമെന്നുവേണ്ട പ്രായേണ എല്ലാറ്റിലും പരമ നിസ്സംഗനായിത്തീർന്നിരിക്കുന്നു രാജാവെന്നു ചൂഡാലയ്ക്കുമനസ്സിലാക്കാൻ കഴിഞ്ഞു.

അങ്ങനെ പിന്നെയും കുറച്ചുനാൾ ചെന്നശേഷം ഈ ലോകത്തിലുള്ള ഒന്നിലും രാജാവിന്നല്പംപോലും ഇച്ഛയില്ലെന്നറിഞ്ഞ ചൂഡാല സ്വർഗ്ഗാദിലോകങ്ങളിലെ ഭോഗങ്ങളിൽ താല്പര്യമുണ്ടോ എന്നു പരീക്ഷിക്കണമെന്നു നിശ്ചയിച്ച് ഒരുമായയെ പ്രയോഗിച്ചു. അതിന്റെ ഫലമായി ഒരുദിവസം രാജാവും കുംഭനും കൂടി ഒരു പാറക്കല്ലിൽ നിഷ്ഠയെച്ചെയ്തിരിക്കുമ്പോൾ ത്രൈലോക്യചക്രവർത്തിയായ ഇന്ദ്രനും കുറേ ദേവന്മാരും കൂടി അവിടേയ്ക്കു വരുന്നതായികണ്ടു. ഇന്ദ്രനാണ് വന്നതെന്നറിഞ്ഞു രാജാവ് അദ്ദേഹത്തെ ഉചിതമാകുംവണ്ണം പൂജിച്ചു. എന്തിനാണീ വനാന്തർഭാഗത്തേയ്ക്കു വരുന്നതെന്നു ചോദിക്കുകയും ചെയ്തു. അപ്പോൾ ഇന്ദ്രൻ രാജാവിനെ കുറേ സ്തുതിച്ചു. അനന്തരം അങ്ങയുടെ ഗുണഗണങ്ങളെകൊണ്ട് ത്രൈലോക്യത്തിലുള്ള എല്ലാവരും അങ്ങയെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യുന്നുണ്ട്. സ്വർഗ്ഗത്തിലുള്ളവർക്കൊക്കെ അങ്ങയെ കണ്ടാൽകൊള്ളാമെന്നുണ്ട്. ദേവസ്ത്രീകൾ അങ്ങയുടെ പേരുകേൾക്കുമ്പോൾ തന്നെ വികാരപരവശകളായിത്തീരുന്നു. അതിനാൽ അങ്ങയെ സ്വർഗ്ഗലോകത്തേയ്ക്കു കൂട്ടികൊണ്ടു പോകണമെന്നുവച്ച് ഞാൻ തന്നെ പുറപ്പെട്ടതാണ്. അങ്ങയെപ്പോലുള്ള ജീവന്മുക്തന്മാർക്കു കല്പകാലം കഴിയുന്നതുവരെ ദിവ്യഭോഗങ്ങളനുഭവിച്ച് സ്വർഗ്ഗത്തിൽ സുഖിക്കാം. എന്നൊക്കെപ്പറഞ്ഞു തന്റെ ഒരുമിച്ചു സ്വർഗ്ഗത്തിലേയ്ക്കു പോരാൻ ആവശ്യപ്പെട്ടു. പക്ഷേ രാജാവായതുകൊണ്ടൊന്നും വഞ്ചിതനായില്ല. അല്പം പോലും പരിഭ്രമം കൂടാതെ അക്ഷോഭ്യനായിക്കൊണ്ടു രാജാവ് പറഞ്ഞു. സ്വർഗ്ഗത്തിൽ ഇന്നിന്നതൊക്കെയാണുള്ളതെന്നെനിക്കറിയാം. അവിടെയുള്ളതൊന്നും എനിക്കാവശ്യമില്ല. എനിക്കൊന്നിലും ഇച്ഛയുമില്ല. അതിനാൽ ഞാൻ വരുന്നില്ല.

അതുകൂടി കേട്ടപ്പോൾ ചൂഡാലയ്ക്കു രാജാവിനോടു വളരെ ബഹുമാനം തോന്നി. അദ്ദേഹത്തിനൊന്നിലും യാതൊരാഗ്രഹവുമില്ലെന്നും തികച്ചും സാമ്യഭാവം വന്നുകഴിഞ്ഞിരിക്കുന്നുവെന്നു ബോദ്ധ്യമായി. എങ്കിലും അവസാനമായി ഒരു പരീക്ഷണംകൂടി നടത്തണമെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു. അന്നു വൈകുന്നേരം പതിവുപോലെ സന്ധ്യാവന്ദനം കഴിഞ്ഞു ജപിക്കാൻ വേണ്ടി രണ്ടുപേരും രണ്ടു വള്ളിക്കുടിലുകളിൽ പോയിരുന്നു. രാജാവിന്റെ ജപം കഴിഞ്ഞുപുറത്തുവന്നു. വളരെനേരം കാത്തിട്ടും കുംഭനെ കാണാതിരുന്നപ്പോൾ രാജാവു് കുംഭനിരുന്ന വള്ളിക്കുടിലിൽ പോയിനോക്കി. അപ്പോൾ കുംഭൻ മദനികയായി ഒരു കാമുകനോടു കൂടി രമിച്ചു കൊണ്ടിരിക്കുന്നതാണ് കണ്ടതു്. അദ്ദേഹം അല്പംപോലും ക്ഷോഭിക്കാതെ 'നിങ്ങൾ വിഘ്നം വരുത്തരുതെ'ന്നുമാത്രം പറഞ്ഞുമടങ്ങിവന്ന് ഒരു ശിലാതലത്തിലിരുന്നു. അല്പം കഴിഞ്ഞപ്പോഴേക്കു മദനിക ലജ്ജകൊണ്ടും ഭയംകൊണ്ടും അപരാധബോധംകൊണ്ടും പരവശയായി രാജാവിന്റെ മുമ്പിൽ വന്നു നമ്രമുഖിയായിനിന്നു. രാജാവവളെ കണ്ടപ്പോൾ എന്റെ സമാഗമം നിങ്ങടെ രതിക്രീഡയ്ക്കു വിഘ്നമുണ്ടാക്കിയില്ലല്ലോ, എന്താണിത്രവേഗത്തിൽ പോകുന്നതു്? എന്നുചോദിച്ചു. മദനിക അപരാധങ്ങളും ക്ഷമാപണങ്ങളുമൊക്കെപ്പറഞ്ഞു. തന്നോടു് ക്ഷമിക്കണമെന്നപേക്ഷിച്ചു. രാജാവതിനു ചിരിച്ചു കൊണ്ടുപറഞ്ഞു; ക്ഷമിക്കാനെന്തിരിക്കുന്നു? പിന്നെ ഞാൻ കോപിക്കുമോ എന്നാണെങ്കിൽ അതുസംശയിക്കേണ്ട. എനിക്കുകോപമുണ്ടാവുമെങ്കിൽ ആകാശത്തു പർവ്വതങ്ങളുമുണ്ടാവും. അതിനാൽ ഒന്നും സംശയിക്കേണ്ടതില്ല. തനിക്കു യാതൊരപ്രീതിയുമില്ലെന്നു രാജാവു് തുറന്നു പറഞ്ഞു. പക്ഷേ സജ്ജനങ്ങൾ നിന്ദിക്കുമെന്ന കാരണത്താൽ ഞാനിനി മദനികയെ പത്നിയായി സ്വീകരിക്കുന്നില്ലെന്നുമാത്രം പറഞ്ഞു. അതുകേട് ടചൂഡാലയ്ക്ക് അപാരമായ ആശ്ചര്യവും രാജാവിൽ അളവറ്റ ബഹുമാനവുമുണ്ടായി. എല്ലാവിധ ബന്ധങ്ങളിൽ നിന്നും രാജാവു് തികച്ചും മുക്തനായിക്കഴിഞ്ഞിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ അവിദ്യ കേവലം നശിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും ജീവന്മുക്തനായിക്കഴിഞ്ഞിരിക്കുന്നെന്നുംകൂടി ചൂഡാലയ്ക്കു ബോധ്യമായി. അതിനാൽ ഇനി പരീക്ഷണങ്ങളൊന്നും ആവശ്യമില്ലെന്നും ചൂഡാലയാകുന്ന തന്റെ സ്വന്തസ്വരൂപത്തെ പ്രകാശിപ്പിച്ചു രാജാവിനെ സംഗതികൾ ബോധ്യപ്പെടുത്തണമെന്നും നിശ്ചയിച്ചു താൻ ചൂഡാലയാവട്ടെ എന്നു സങ്കല്പിച്ചു കഴിഞ്ഞപ്പോഴേയ്ക്കു സാക്ഷാൽ ചൂഡാലരാജ്ഞിയായിത്തീർന്നു. ചൂഡാലയെക്കണ്ട രാജാവു് വേഗത്തിൽ തിരിച്ചറിഞ്ഞു. ആശ്ചര്യം, പരിഭ്രമം തുടങ്ങിയ വികാരങ്ങളെക്കൊണ്ടു, അല്പസമയത്തേയ്ക്കു ഒന്നും പറയാൻ കഴിയാതെ സ്തബ്ധനായിത്തീർന്നു രാജാവു്. പിന്നീടു വർത്തമാനങ്ങളൊക്കെ ചോദിച്ചു രാജാവു്. ആദ്യംമുതലുള്ള എല്ലാസംഗതികളും വിസ്തരിച്ചു പറഞ്ഞുകൊടുക്കുകയും ചെയ്തു മഹാരാജ്ഞി. കുംഭനായിവന്നു തന്നെ ഉൽബുദ്ധനാക്കിയതും, മദനികയായി പ്രലോഭിച്ചതുമെല്ലാം തന്റെ രാജ്ഞിയായ ചൂഡാലയായിരുന്നുവെന്നും, ഇന്ദ്രനേയും ദേവഗണങ്ങളെയും കാണിച്ചതും പുരുഷനുമായി രമിക്കുന്നതിനെ കാണിച്ചതുമെല്ലാം രാജ്ഞിയുടെ മായാപ്രയോഗങ്ങളായിരുന്നവെന്നറിഞ്ഞ രാജാവു് ആശ്ചര്യത്തിന്റെ പരമകാഷ്ഠയിൽത്തന്നെ എത്തിച്ചേർന്നു. അപ്പോൾ മഹാരാജാവുൽബുദ്ധനായിക്കഴിഞ്ഞിരുന്നതിനാൽ രാജ്ഞിപറഞ്ഞ എല്ലാകാര്യങ്ങളും അദ്ദേഹം

ധ്യാനത്തിൽ കാണുകയും ചെയ്തു. ഏതായാലും ഉദ്ദേശിച്ച കാര്യങ്ങളൊക്കെ സാധിച്ചു കഴിഞ്ഞു ഇനി എങ്ങനെ ജീവിക്കാനാണ് താല്പര്യമെന്നു ചോദിച്ചു രാജ്ഞി. എങ്ങനെയായാലും കൊള്ളാം. സ്വീകരിക്കേണ്ടതായോ ഉപേക്ഷിക്കേണ്ടതായോ ഒന്നുമില്ലെന്നു ബോധ്യംവന്നിരിക്കുന്നു എനിക്കെന്നു പറഞ്ഞു രാജാവ്. എന്നാൽ ഞാൻ പറയുംപോലെ ചെയ്യണമെന്നായി രാജ്ഞി.

നമ്മളിപ്പോൾ എല്ലാവിധഭേദഭാവങ്ങളും നീങ്ങി സൗമ്യഭാവത്തിലെത്തികഴിഞ്ഞിരിക്കുന്നു. മൂർഖത അല്പംപോലും നമ്മുടെ ചിത്തത്തെ പ്രകാശിപ്പിക്കുന്നില്ല. സുഖദുഃഖങ്ങളും ശീതോഷ്ണങ്ങളുമൊന്നും നമ്മളിൽ ഭേദഭാവത്തെ നമ്മളിൽ വളർത്താൻ പര്യാപ്തങ്ങളല്ലെന്നാണിരിക്കുന്നത്. രാഗദ്വേഷങ്ങളും മദമത്സരങ്ങളുമൊക്കെ എന്നോനശിച്ചുകഴിഞ്ഞിരിക്കുന്നു. അവയൊന്നും ഇനി നമ്മളിൽ അങ്കുരിക്കാനും പോവുന്നില്ല. ആസ്ഥിതിക്കു രാജ്യഭാരം നമുക്കാപല്കരമല്ല. മാത്രമല്ല നിർമ്മത്സരനും ശുദ്ധനുമായ ഒരാളാണ് ഭരണം നടത്തുന്നതെന്നു വരുമ്പോൾ പ്രജകൾക്കു കൂടുതൽ ക്ഷേമമുണ്ടാവുകയും ചെയ്യും. അതിനാൽ നമുക്കിനി കുറേക്കാലം കൂടി രാജ്യത്തിൽ നീതിനിഷ്ഠയോടെ ഭരണം നടത്തി അന്ത്യത്തിൽ ശരീരത്തെവിട്ടു വിദേഹകൈവല്യത്തെ പ്രാപിക്കുകയും ചെയ്യാം. എന്നു പറഞ്ഞ രാജ്ഞിയുടെ അഭിപ്രായത്തെ രാജാവും അംഗീകരിച്ചു. അതിനാൽ അപ്പോൾതന്നെ ചൂഡാലസങ്കല്പമാത്രംകൊണ്ടു വരുത്തിയ ചതുഃസിന്ധുജലംകൊണ്ടു ശിഖിദ്ധ്വജനെ രാജാവാക്കി പട്ടാഭിഷേകം ചെയ്തു. അനന്തരം സങ്കല്പസഞ്ജാതങ്ങളായ ചതുരംഗസേലയോടുകൂടി മഹാരാജാവും രാജ്ഞിയും തേരിൽക്കയറി അരമനയിലേക്കു മടങ്ങി.

തങ്ങളുടെ മഹാരാജാവും രാജ്ഞിയും സേനാപരിവാരങ്ങളോടുകൂടി വരുന്നുണ്ടെന്നറിഞ്ഞ സാമന്തന്മാരും മന്ത്രിമാരും വേഗത്തിൽ എതിരേൽക്കാൻ തയ്യാറായിചെന്നു. ഉചിതമാകും വണ്ണം എതിരേറ്റ കൂട്ടികൊണ്ടുവരുകയും ചെയ്തു. ഹേ ! രാമചന്ദ്രാ! ജീവന്മുക്തന്മാരായ ആ ദമ്പതിമാർ പിന്നെ വളരെക്കാലം രാജ്യം ഭരിച്ച് അന്ത്യത്തിൽ വിദേഹകൈവല്യത്തെ പ്രാപിക്കുകയും ചെയ്തു.

വസിഷ്ഠമഹർഷി പറയുകയാണ്. ഹേ രാമചന്ദ്രാ! ആകർഷകവും സുന്ദരവുമായ ശിഖിദ്ധ്വജന്റെ ഇതിഹാസത്തെ കേട്ടുവല്ലോ, ഏറ്റവും നല്ലതാണ് ആ മാർഗ്ഗം. അതിനെ അറിഞ്ഞ് വേണ്ടപോലെ ആചരിക്കുന്നപക്ഷം സംസാരത്തിന്റെ യാതൊരു ബാധയുമിവല്ലാതെ സുഖിക്കാം. അന്ത്യത്തിൽ വിദേഹകൈവല്ല്യത്തെ പ്രാപിക്കുകയും ചെയ്യാം. പിന്നീടൊരുകാലത്തും ജനിക്കുമെന്ന ശങ്കയേ വേണ്ട. ദേവാചാര്യനായ ബൃഹസ്പതിയുടെ പുത്രനായ കചൻ പണ്ട് ഈ മാർഗ്ഗത്തെ സ്വീകരിച്ചു മുക്തനായിട്ടുണ്ട്. എന്നു പറഞ്ഞപ്പോൾ കചന്റെ ചരിത്രത്തെ കേട്ടാൽ കൊള്ളാമെന്ന ആഗ്രഹത്തെ പ്രകടിപ്പിച്ചു ശ്രീരാമചന്ദ്രൻ. അതിനെത്തുടർന്ന് വസിഷ്ഠമഹർഷിപറയാൻ തുടങ്ങി.

കചോപാഖ്യാനം

പണ്ടു ഗീഷ്പതിപുത്രനായ കചൻ യൗവനാരംഭത്തിൽത്തന്നെ ഒരു ദിവസം അച്ഛനോടു ജീവതന്തുവായ ഞാൻ ഈ സംസാരക്കൂട്ടിൽനിന്ന് എങ്ങനെയാണ് പുറത്തു കടന്നു രക്ഷപ്പെടുന്നതെന്നു പറഞ്ഞുതരണമെന്നപേക്ഷിച്ചു. എല്ലാം ത്യാഗം ചെയ്താൽ സംസാരത്തെ ജയിക്കാമെന്നു ദേവാചാര്യൻ പറഞ്ഞുകൊടുക്കുകയും ചെയ്തു. അതിനെക്കേട്ട കചൻ അപ്പോൾത്തന്നെ തന്റെ ഗൃഹം തുടങ്ങിയ എല്ലാറ്റിനെയുമുപേക്ഷിച്ച് ഏകാകിയായി കാട്ടിൽ ചുറ്റിനടക്കാൻ തുടങ്ങി. വേദശാസ്ത്രങ്ങളെയൊക്കെ പഠിച്ചവനാണ് കചനെങ്കിലും ആത്മവിദ്യയുടെ മർമ്മത്തെ അറിയാതിരുന്നതുകൊണ്ട് അങ്ങനെ എട്ടുകൊല്ലക്കാലം കാട്ടിൽ ചുറ്റിയലഞ്ഞുനടന്നിട്ടും ചിത്തവിശ്രാന്തിയോ ആത്മജ്ഞാനമോ ഉണ്ടായിട്ടില്ല. അങ്ങനെയിരിക്കെ ഒരുദിവസം കാട്ടിൽവെച്ചു തന്റെ പിതാവായ ദേവാചാര്യനെ കണ്ടുമുട്ടി. അങ്ങനെ എല്ലാമുപേക്ഷിച്ചു വളരെക്കാലമായി ഒറ്റയ്ക്കു കാട്ടിൽ കഴിഞ്ഞുവരുന്നുവെങ്കിലും എന്റെ ചിത്തത്തിനു വിശ്രാന്തിയോ, തത്ത്വബോധത്തിൽ ദൃഢതയോ കിട്ടീട്ടില്ല; അതിനാൽ ഇനിയെന്തു ചെയ്യണമെന്നു ചോദിച്ചു. ഇനിയും എല്ലാമുപേക്ഷിക്കു എന്നുമാത്രം പറഞ്ഞ് ആചാര്യൻ സ്വർഗ്ഗത്തിൽ പോയി. ഉടുത്തിരുന്ന വല്ക്കലത്തെപ്പോലും ഉപേക്ഷിച്ചു കചൻ, അങ്ങനെ അതൊരു വിഷയത്തിന്റെയും സ്പർശമില്ലാതെ പിന്നെയും മൂന്നുകൊല്ലക്കാലം കാട്ടിൽ ചുറ്റിത്തിരിഞ്ഞു നടന്നു. എന്നിട്ടും അദ്ദേഹത്തിനു ചിത്തവിശ്രാന്തിയോ വസ്തുബോധമോ ഒന്നുമുണ്ടായില്ല. അങ്ങനെ നിരാശനായി പിന്നെയും കാട്ടിൽ ചുറ്റിത്തിരിഞ്ഞു നടന്നുകൊണ്ടിരിക്കെ വീണ്ടും ഒരിക്കൽ ആചാര്യനെ കണ്ടുമുട്ടി. അപ്പോഴും കചൻ തന്റെ ആദ്യത്തെ ആവലാതിയെ ആവർത്തിച്ചു. ശരീരമൊഴിച്ച് എല്ലാം ഉപേക്ഷിച്ചുകൊണ്ടാണ് ഞാൻ കഴിഞ്ഞുവരുന്നത്. എന്നിട്ടും ചിത്തം വിശ്രാന്തമായിട്ടില്ല. ഇനിയെന്താണ് ചെയ്യേണ്ടതെന്നായി കചൻ. അപ്പോൾ ആചാര്യൻ കാരുണ്യംത്തോടുകൂടുംവണ്ണം പുത്രനെ നോക്കിയിട്ടു പറഞ്ഞു. എല്ലാമുപേക്ഷിക്കുകയെന്ന വാക്യത്തിലെ എല്ലാമെന്ന ശബ്ദത്തിനു ചിത്തമെന്നാണർത്ഥം, ചിത്തമാണ് സംസാരം. ചിത്തത്തെ ഉപേക്ഷിക്കുന്നതിനാണ് സർവ്വത്യാഗമെന്നു പറയുന്നത്. അങ്ങനെ ചെയ്തിട്ടാണ് മഹാത്മക്കൾ സുഖികളായിത്തീരുന്നത്. നീയും ചിത്തത്തെ ഉപേക്ഷിച്ചു കഴിഞ്ഞാൽ സുഖിയായത്തീരുമെന്നു പറഞ്ഞ് ആചാര്യൻ പോവുവയും ചെയ്തു.

കൂരിരുട്ടിൽ ഒരു നേരിയ ദീപശിഖയെന്നപോലെ കചന്റെ കട്ടപിടിച്ച അജ്ഞാനത്തിൽ ഒരു നേരിയ പ്രകാശം വീണു. വേണ്ടത്രയായില്ലെന്ന കാരണത്താൽ സമാധാനം കിട്ടിയില്ല. ചിത്തമാണ് തന്റെ എല്ലാവിധ അനർത്ഥങ്ങൾക്കും ഏകകാരണമെന്നും അതിനെ ഉപേക്ഷിച്ചു കഴിഞ്ഞാൽ താൻ സുഖിയായിത്തീരുമെന്നും ബോദ്ധ്യമായി കചന്. എന്നാൽ ചിത്തത്തിന്റെ രൂപമെന്താണെന്ന് അറിയാൻ കഴിഞ്ഞില്ല. ശരീരം തുടങ്ങിയ ഓരോ വസ്തുക്കളെയും നിരൂപിച്ചു നോക്കി ചിത്തമാണോ എന്ന്. അവയൊന്നുമല്ല ചിത്തമെന്നു ബോധ്യമായി. എന്നാൽ ഏതാണ് ചിത്തമെന്നു ബോധിക്കാൻ കഴിഞ്ഞതുമില്ല. അതിനാൽ വീണ്ടും അച്ഛനെത്തന്നെ സമീപിച്ചു. എന്താണ് ചിത്തത്തിന്റെ

സ്വരൂപമെന്നു പറഞ്ഞുകൊടുത്തു ദേവാചാര്യൻ. അഹങ്കാരത്തെ അകറ്റിയാൽ നീ സുഖിയായിത്തീരുമെന്നുപദേശിക്കുകയും ചെയ്തു. പക്ഷേ കചന് ആ ഉപദേശത്തിനെ സഫലമാക്കേണ്ടതെങ്ങനെയെന്നു സംശയമായി. അഹങ്കാരമാണ് എല്ലാമായിട്ടിരിക്കുന്നത്. ആസ്ഥിതിക്ക് അഹങ്കാരത്തെ അകറ്റുന്നതെങ്ങനെ? അഹങ്കാരമില്ലെങ്കിൽ ശരീരം തുടങ്ങിയ ഒന്നും നിലനില്ക്കാൻ പോവില്ലെന്നുപോലും തോന്നി. അതിനാൽ അഹങ്കാരത്തെ അകറ്റാൻ വയ്യെന്നായി കചൻ. കണ്ണുചിമ്മുക, തുറക്കുക, പുഷ്പത്തെ മർദ്ദിക്കുക തുടങ്ങിയ പ്രവൃത്തികൾ എത്രത്തോളം ക്ലേശമുള്ളവയാണോ; അത്രപോലും ക്ലേശമില്ലാത്തതാണ് അഹങ്കാരനിരാസമെന്നു പറഞ്ഞു ആചാര്യൻ. അനന്തരം അതിനുള്ളമാർഗ്ഗത്തെയും പറഞ്ഞുകൊടുത്തു.

ആകാശത്തെക്കാൾ എത്രയോ അധികം സൂക്ഷ്മവും, അത്യന്തനിർമ്മലവും, എങ്ങും നിറഞ്ഞതും, സത്താമാത്രവുമായ ആത്മതത്വത്തെ ഉപാസിക്കാൻ തുടങ്ങൂ. ഉള്ളതായ ആത്മാവിന്റെ നിരന്തരോപാസനം കൊണ്ടു് ഇല്ലാത്തതായ അഹങ്കാരം താനേ ഇല്ലാതായിക്കൊള്ളും. വെള്ളത്തിൽ നിന്നു പൊടിയോ, തീയിൽനിന്നു വെള്ളമോ ഉണ്ടാവാൻ വയ്യാത്തതുപോലെ ആത്മതത്ത്വത്തിൽ നിന്ന് അഹങ്കാരമുണ്ടാവാൻ വയ്യ. എല്ലാ വിക്രിയകൾക്കും ഹേതു ഇല്ലാത്ത അഹങ്കാരമാണെന്നു വരുമ്പോൾ വിക്രിയകളൊന്നും ഇല്ലാത്തവയാണെന്നു പറയേണ്ടതില്ലല്ലോ, ഇല്ലാത്തതാണ് അഹങ്കാരമെങ്കിൽ പിന്നെ അതിനെ ഉപേക്ഷിക്കുന്നതെങ്ങനെയെന്നാണെങ്കിൽ സ്വീകരിക്കാതിരിക്കൽ തന്നെ. സ്വീകാരം കൊണ്ടാണ് തിരസ്കാരം വേണ്ടിവരുന്നത്. വാസ്തവത്തിൽ ശശശൃംഗമെന്നപോലെ ഇല്ലാത്തതായ അഹങ്കാരത്തെ സ്വീകരിക്കാനും ഉപേക്ഷിക്കാനുമൊന്നും സാധ്യമല്ല. കാരണം അതില്ലാത്ത വസ്തുവല്ലേ? പിന്നെയെങ്ങനെയാണ് സ്വീകരിക്കുന്നതും ഉപേക്ഷിക്കുന്നതുമൊക്കെ? ഉള്ളതാണെങ്കിൽ മാത്രമല്ലേ എന്തും ചെയ്യാൻ സാധിക്കുന്നത്? ആസ്ഥിതിക്ക് അഹങ്കാരത്തിന്റെ ഓർമ്മയില്ലാതിരിക്കൽ തന്നെ അതിന്റെ തിരസ്കാരം. ഉള്ളതായ ആത്മതത്വത്തെ എപ്പോഴും മറക്കുന്നില്ലെങ്കിൽ ഇല്ലാത്തതായ അഹങ്കാരത്തെ ഓർമ്മിക്കാനും ഇടവരില്ല. അതാണ് ആത്മോപാസനം കൊണ്ടു് അഹങ്കാരം താനെ ലയിക്കുമെന്നു പറഞ്ഞത്. എന്നിങ്ങനെയുള്ള ആചാര്യവാക്യത്തെ കേട്ട കചന് കാര്യം മനസ്സിലായി, അഹങ്കാരത്തെ അകറ്റാൻ വിഷമമില്ലെന്നു ബോധ്യമാവുകയും ചെയ്തു. ഹേ രാമചന്ദ്രാ! ഇങ്ങനെ കചനെന്നപോലെ നീ ആത്മോപാസനം കൊണ്ടു് അഹങ്കാരത്തെ അകറ്റി നിർവ്വികാരനായിത്തീരുന്നുവെങ്കിൽ സുഖിയും കൃതകൃത്യനുമാവും.

ഹേ രാമചന്ദ്രാ! ദൈതം എപ്രകാരം വസ്തുവിൽ കല്പനാമാത്രമാണോ; അതുപോലെ അദ്വൈതവും കല്പനതന്നെയാണ്. രണ്ടിനെയും തളിളികളഞ്ഞു് നീ ദ്വൈതവും അദ്വൈതവുമല്ലാത്ത വസ്തുവായിത്തീരലാണാവശ്യം. അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് ഇപ്പോഴും ദുഃഖം അവസാനിക്കാത്തത്. നിന്നിൽ നീതന്നെ വളർത്തിയ കല്പനകൾ മാത്രമാണ് നിന്നെ ദുഃഖിപ്പിക്കുന്നത്. അവയെ അകറ്റിയാൽ നീസുഖിയും സംതൃപ്തനുമായിത്തീരും. അങ്ങനെ ചെയ്യാതെ മിത്ഥ്യാപുരുഷനെന്നപോലെ നീ വെറുതെ വ്യസനിക്കുകയാണ്. എന്നിങ്ങനെ വസിഷ്ഠമഹർഷി

പറഞ്ഞു നിർത്തിയപ്പോൾ രാമചന്ദ്രൻ അദ്ദേഹത്തിന്റെ ജ്ഞാനപ്രതിപാദനത്തെ വളരെയധികം ശ്ലാഘിച്ചു. അനന്തരം മിഥ്യാപുരുഷന്റെ ഇതിഹാസത്തെ പറഞ്ഞുതരണമെന്നാവശ്യപ്പെടുകയും ചെയ്തു. ഉടനെ വസിഷ്ഠാചാര്യൻ മിത്ഥ്യാപുരുഷോപാഖ്യാനത്തെപ്പറയാനാരംഭിച്ചു.

മിത്ഥ്യാപുരുഷോപാഖ്യാനം

ബുദ്ധിമാനായ രാമചന്ദ്രാ! വളരെ രസകരമായൊരു ഇതിഹാസമാണ് മിത്ഥ്യാപുരുഷന്റേത്. അതിലെ നർമ്മഭാവം കൊണ്ടു കേൾക്കുന്നവരൊക്കെ ചിരിച്ചുപോവും. പണ്ടു മിത്ഥ്യാപുരുഷനെന്നൊരാളുണ്ടായിരുന്നു. വാസ്തവത്തിൽ അവനില്ലാത്തവനാണ്. അതാണ് മിത്ഥ്യാപുരുഷനെന്ന പേരുണ്ടാവാൻതന്നെ കാരണം. യാന്ത്രിക പുരുഷനെപ്പോലെയോ ആണ് അയാളെന്നുപറയാം. അയാൾക്കു വിശേഷിച്ചു കാര്യങ്ങളോ, വലിയ വലിയ ആഗ്രഹങ്ങളോ, പ്രവൃത്തികളോ ഒന്നുമുണ്ടായില്ല. എങ്കിലും കേവലം അവയൊന്നും ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. കാര്യമായിട്ടൊരാഗ്രം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. തനിക്കേറ്റവും പ്രിയപ്പെട്ട വസ്തുവായ ആകാശം നശിക്കരുതേ എന്ന്. ആകാശം നശിക്കാതിരിക്കാൻ എന്താണ് വേണ്ടതെന്നയാൾ വളരെ ഗാഢമായി ചിന്തിച്ചു. അതിന്റെ ഫലമായി സുരക്ഷിതമായ ഒരു ഗൃഹമുണ്ടാക്കി ആകാശത്തിനെ അതിനുള്ളിലടച്ചാൽ പിന്നെ നശിക്കില്ലെന്നു ബോധ്യപ്പെട്ടു. അതിനാൽ നല്ലൊരു വീടുണ്ടാക്കി. ആകാശത്തെ അതിനുള്ളിൽ നിറച്ചിരിക്കുന്നുവെന്നും ഇനി ആകാശം നശിക്കില്ലെന്നും അദ്ദേഹം വിശ്വസിക്കുകയും ചെയ്തു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ എന്തോ കാരണവശാൽ ആ വീടുപൊളിഞ്ഞു ഛിന്നഭിന്നമായി. മിത്ഥ്യാപുരുഷൻ തന്റെ പ്രിയപ്പെട്ട ആകാശം നശിച്ചുപോകുമല്ലോ എന്നു കരുതി വളരെ വ്യസനിച്ചു. എങ്കിലും നശിക്കാതിരിക്കാൻ വേണ്ടി ബുദ്ധിപൂർവ്വം ആലോചിച്ചു വേഗത്തിൽ നിവൃത്തിചെയ്തു. പൊളിഞ്ഞുപോയ വീടിനടുത്തുതന്നെ താമസ്സിയാതെ ഒരു കിണറുകുഴിച്ച് ആകാശത്തെ അതിൽനിറച്ചു സൂക്ഷിച്ചുവന്നു. എങ്ങനെയോ കിണർതൂർന്നുപോയപ്പോൾ ഒരുകുഴികുഴിച്ച് അതിൽ സൂക്ഷിച്ചുവന്നു ആകാശത്തെ. ഇങ്ങനെ മിത്ഥ്യാപുരുഷൻ അയാളുടെ ആകാശത്തെ രക്ഷിക്കാൻ വേണ്ടി വളരെയൊക്കെ പാടുപെട്ടു. എന്നിങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞപ്പോൾ എന്താണീ കഥയുടെ ആന്തരാർത്ഥമെന്നു ചോദിച്ചു രാമഭദ്രൻ. അപ്പോൾ വസിഷ്ഠാചാര്യൻ പറയുകയാണ്.

ഹേ! രാമചന്ദ്രാ! വെറുതേ ആകാശത്തിൽനിന്നു പൊന്തിയ മിത്ഥ്യാശബ്ദമായ അഹംങ്കാരം തന്നെ മിത്ഥ്യാപുരുഷൻ. പരമാത്മാവാകുന്ന ചിദാകാശത്തെ നിലനിർത്താൻ വേണ്ടി അനേകമനേകം ശരീരങ്ങളെ അയാൾ സ്വീകരിച്ചുവെന്നു താല്പര്യം. ഓരോശരീരം നശിക്കുമ്പോഴും അതിലെ ചിദാത്മാവും നശിക്കുന്നുവെന്നു ധരിക്കുന്ന ബുദ്ധിശൂന്യമായ അഹങ്കാരം. നിലനിർത്താൻ വേണ്ടി വീണ്ടും വീണ്ടും ശരീരങ്ങളെ സ്വീകരിക്കുന്നു. അതായത് വെറും ഭ്രമം മാത്രം വെച്ചുകൊണ്ടു ഭ്രാന്തിമാത്രമായ ജനനമരണങ്ങളെ ആവർത്തിച്ചനുഭവിക്കുന്നു. ഘടം പൊളിഞ്ഞുപോവുമ്പോൾ ഘടാന്തർഗ്ഗതമായ ആകാശത്തിനെ പ്രകാരം നാശമില്ലയോ; അതുപോലെ ശരീരം നശിക്കുമ്പോൾ ശരീരഗതമായ ആത്മാവും നശിക്കുന്നില്ലെന്നതു വ്യക്തമാണല്ലോ. എന്നാലും വ്യാമോഹംകൊണ്ട് ആർത്തനാവുന്ന അങ്ങനെ എത്രയോ അധികം ജന്മപരമ്പരകളേയും മറ്റനേകം കാര്യങ്ങളെയും മിത്ഥ്യാഭ്രമത്തിൽക്കൂടെ അനുഭവിക്കുന്നു എന്നതുതന്നെ സംസാരഗതി. അങ്ങനെയുള്ള

ഭ്രാന്തിമാത്രമായ സംസാരഗതിയെതന്നെയാണ് ഇവിടെ മിത്ഥ്യാപുരുഷന്റെ ഇതിഹാസമായി കീർത്തിച്ചത്, എന്നു പറഞ്ഞ വസിഷ്ഠാചാര്യന്റെ ഇതിഹാസകഥനത്തെക്കേട്ട് ശ്രീരാമചന്ദ്രൻ വളരെ സന്തോഷിച്ചു. വീണ്ടും പറയാൻ തുടങ്ങി വസിഷ്ഠമഹർഷി.

സൂര്യവംശത്തിന് അലങ്കാരഭൂതനായ ഹേ രാമചന്ദ്രാ! ഇനിയും പറയാം. കേൾക്കൂ. വേണ്ടപോലെ ആത്മതത്വത്തെ അറിയായ്കയും, ഉപാസിക്കായ്കയും മാത്രമാണ് ഇരുട്ടിൽ വേതാളങ്ങളെന്നപോലെ ഇല്ലാത്ത ദൃശ്യങ്ങളുണ്ടാവാൻ കാരണം. ആദിത്യനെയും രശ്മികളെയും വേറെയായിക്കാണുന്നവനു ഭ്രമമുണ്ടാവുന്നു. അവരണ്ടും ഒന്നാണെന്നു ബോധ്യം വന്നവൻ നല്ലനിർവ്വികല്പഭാവത്തിൽത്തന്നെ എപ്പോഴും സ്ഥിതിചെയ്യുന്നു. സ്വർണ്ണവും കടകവും വാസ്തവത്തിൽ രണ്ടല്ല; എങ്കിലും കടകത്തെ മാത്രമേ ബോധിക്കുന്നുള്ളൂ, ഒരാളാണെങ്കിൽ അയാളുടെ ദൃഷ്ടിയിൽ കടകം മാത്രമേ ഉള്ളൂ; സ്വർണ്ണമില്ല. ഇതുപോലെ ബ്രഹ്മശക്തി സ്ഫുരണമാകുന്ന മനസ്സും മനസ്സിന്റെതന്നെ കല്പനകളാകുന്ന ദൃശ്യങ്ങളും വേറെവേറെയാണെന്നു ബോധിക്കുന്നവൻ കല്പനാമാത്രങ്ങളായ ദൃശ്യങ്ങളെ മാത്രമേ അറിയുന്നുള്ളൂ; അവൻ വസ്തുസ്വരൂപത്തെ അറിയാത്ത മൂഢനാണ്. എന്നാൽ കല്പിതങ്ങളായ ദൃശ്യങ്ങളും, കല്പനക്കു കാരണവും, ബ്രഹ്മശക്തിയായ മനസ്സും, ബ്രഹ്മവും വേറെയല്ലെന്നു ബോധിച്ചു സംവേദ്യങ്ങളെ അകറ്റി സംവേദനായിട്ടിരിക്കുന്നവൻ നിർവ്വികല്പനാണ്. ഹേ, രാമാ! നീ അങ്ങനെയായിത്തീരൂ. മഹാകർത്താവും, മഹാഭോക്താവും, മഹാത്യാഗിയുമായി കഴിയുന്നപക്ഷം അല്ലയോ രാമചന്ദ്രാ! ഒരു ദുഃഖവും നിന്നെ ബാധിക്കാൻ പോവുന്നില്ല. എന്നിങ്ങനെ വസിഷ്ഠാചാര്യൻ പറഞ്ഞപ്പോൾ എന്താണ് മഹാകർത്താവെന്നും, മഹാഭോക്താവെന്നും, മഹാത്യാഗിയെന്നും പറഞ്ഞതെന്നറിഞ്ഞാൽക്കൊള്ളാമെന്ന ആഗ്രഹം പ്രകടമാക്കി ശ്രീ രാമചന്ദ്രൻ. പണ്ടു ശ്രീ പരമേശ്വരൻ ഭൃംഗിശനെന്നു പറഞ്ഞുകൊടുത്ത പ്രസ്തുതനിഷ്ഠകളെപ്പറയാമെന്നു പറഞ്ഞു വസിഷ്ഠമഹർഷി പറയാൻ തുടങ്ങി.

ഭൃംഗീശോപാഖ്യാനം

ഹേ!രാമചന്ദ്രാ! പണ്ടൊരുകാലത്തു കൈലാസനാഥനും, ചന്ദ്രകലാലങ്കാരഭൂതനുമായ ഭഗവാൻ ശ്രീ പരമേശ്വരൻ സുമേരുപർവ്വതത്തിന്റെ ഉദ്ദീപ്തമായ ഒരുകൊടുമുടിയിൽ തന്റെ ഭൂതഗണങ്ങളുമൊത്തു താമസിച്ചുകൊണ്ടിരിക്കെ ഒരു ദിവസം വിശ്രാന്തവേളയിൽ ഭൂതശ്രേഷ്ടനായ ഭൃംഗീശ്വരൻ ഭഗവാനെ വന്നുവണങ്ങി ഇപ്രകാരം ചോദിച്ചു. സമുദ്രത്തിലെ തിരമാലകളെന്നപോലെ ചഞ്ചലമായ സംസാരാനുഭവങ്ങളിൽ നിന്ന് തത്വവിശ്രാന്തിയില്ലാത്ത ഞാനെങ്ങനെയാണ് രക്ഷപ്പെട്ടു സുഖിയായിത്തീരുന്നതെന്നു ചോദിച്ചു. ഭഗവാൻ മറുപടി പറയാൻ തുടങ്ങി. നല്ലവനായ ഭൃഗീശാ! നിന്റെ സംശയം യുക്തിതന്നെ. ആദ്യംതന്നെ തത്വത്തെ അറിഞ്ഞു ചിത്തത്തെ വിശ്രാന്തമാക്കണം. അങ്ങിനെ തത്വവിശ്രാന്തി വന്നവരുടെ നിഷ്ഠകൾ പലതാണ്. അതിൽ ഏതെങ്കിലും ഒരു നിഷ്ഠയെ വരിച്ചു കഴിഞ്ഞുകൂടുന്നപക്ഷം ദുഃഖത്തിന്റെ യാതൊരു ബാധയും നിനക്കേൽക്കേണ്ടിവരില്ല. മഹാകർത്താവും മഹാഭോക്താവും മഹാത്യാഗിയുമായി കഴിയുന്നുവെങ്കിൽ നീ എപ്പോഴും സുഖിയും സംതൃപ്തനുമായിരിക്കും. എന്നിങ്ങനെ പറഞ്ഞപ്പോൾ എന്താണവ മൂന്നുമെന്ന സംശയത്തെ പ്രകടിപ്പിച്ച ഭൃംഗീശനോടു വീണ്ടും പറയാൻ തുടങ്ങി ഭഗവാൻ.

നല്ലതെന്നോ, ചീത്തയെന്നോ, ധർമ്മമെന്നോ, അധർമ്മമെന്നോ, കർത്തവ്യമെന്നോ, അകർത്തവ്യമെന്നോ ഉള്ള യാതൊരു ചിന്തയും കൂടാതെ രാഗദ്വേഷങ്ങളോ, മദമത്സരങ്ങളോ കൂടാതെ സുഖദുഃഖങ്ങളേയോ, പുണ്യപാപങ്ങളെയോ അറിയാതെ അപ്പഴപ്പോൾ വന്നുചേരുന്നതിനെ ചെയ്യുന്നതാണ് മഹാകർത്തൃത്വം. ഒന്നിനെയും അന്വേഷിച്ചുപോവാതെയും വന്നു ചേർന്ന ഒന്നിനെയും അകറ്റികളയാതെയും, ഒന്നിലും ചിന്തയോ ഉദ്വേഗമോ, സുഖഭാവമോ കൂടാതെയും ആർ വന്നുചേർന്നതിനെ മാത്രം അപ്പഴപ്പോൾ ചെയ്തുതീർക്കുന്നുവോ, അവൻ മഹാകർത്താവാണ്, അതുപോലെ ഗുണദോഷചിന്തകൂടാതെയും, സുഖദുഃഖങ്ങളില്ലാതെയും, സ്വതവേയുള്ള തൃപ്തിക്കു ഭംഗംവരാതെയും ആർ വന്നു ചേർന്നതിനെമാത്രം അനുഭവിക്കുന്നുവോ, അവൻ മഹാഭോക്താവുമാണ്. സുഖത്തെ അന്വേഷിക്കാതെയും, ദുഃഖത്തെ അകറ്റാതെയും ദൈവഗത്യാ വന്നുചേരുന്നതിനെമാത്രം അനുഭവിച്ചു തൃപ്തിപ്പെടലാണ് മഹാഭോക്താവിന്റെ ലക്ഷണം. അതുപോലെ ഒന്നിനെയും താൻ ഇഷ്ടപ്പെടുകയോ, വെറുക്കുകയോ, സ്വീകരിക്കുകയോ, ഉപേക്ഷിക്കുകയോ ചെയ്യാതിരിക്കുന്നതു മഹാത്യാഗത്തിന്റെയും ലക്ഷണമാണ്. ഇങ്ങനെ നീ മഹാകർത്താവും, മഹാഭോക്താവും, മഹാത്യാഗിയുമായികഴിയുന്നുവെങ്കിൽ സംസാരത്തിന്റെ യാതൊരു ബാധയുമേല്ക്കാതെതന്നെ സംതൃപ്തനും സുഖിയുമായികഴിയാം എന്നുപദേശിക്കപ്പെട്ട ഭൃംഗീശൻ ഏറ്റവും കൃതാർത്ഥനായി. ഹേ രാമചന്ദ്ര! നീയും അതുപോലെ പറയപ്പെട്ട മൂന്നുസംസ്കാരങ്ങളെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നുവെങ്കിൽ കൃതകൃത്യനായിത്തീരും.

എന്നിങ്ങനെ പറഞ്ഞവസാനിപ്പിച്ച ഗുരുവരനോടു ശ്രീ രാമചന്ദ്രൻ ചോദിക്കയാണ് : ഭഗവാനേ!

വാസ്തവത്തിൽ അഹങ്കാരവും ചിത്തവും രണ്ടല്ല. ചിത്തമില്ലാത്തവന് അഹങ്കാരമോ അഹങ്കാരമില്ലാത്തവനു ചിത്തമോ ഉണ്ടെന്നു പറയാൻ വയ്യ. അപ്പോൾ അഹങ്കാരം നശിച്ചവനു ചിത്തവും നശിച്ചിട്ടുണ്ടാവണം. എന്നാൽ ഭാവങ്ങളെല്ലാം ചിത്തജങ്ങളായതുകൊണ്ടു ചിത്തം നശിച്ചൊരാൾക്ക് എന്തു ഭാവമുണ്ടാവുമെന്നാണ് പറയേണ്ടത്? ഒരു ഭാവവുമുണ്ടാവുമെന്നു പറയാൻ വയ്യ. അപ്പോൾ എന്തു ലക്ഷണംകൊണ്ട് അദ്ദേഹത്തെ തിരിച്ചറിയും? വസിഷ്ഠാചാര്യൻ മറുപടി പറയാൻ തുടങ്ങി: രാമചന്ദ്ര! ശ്രദ്ധവെച്ചു കേൾക്കു. ചിത്തമടങ്ങിയ ഒരാളുടെ കാമം, ലോഭം, വ്യസനം, ക്രോധം തുടങ്ങിയ വികാരങ്ങളൊക്കെ കേവലം ഇല്ലാതായിത്തീരും. സമത, തുഷ്ടി, മൈത്രി തുടങ്ങിയ ശാന്തങ്ങളും, ശീതളങ്ങളുമായ ഭാവങ്ങൾമാത്രം അയാൾ വിടാതെ സ്ഫുരിച്ചുകൊണ്ടിരിക്കും. സുഖദുഃഖങ്ങളുടെ ചിന്തതന്നെ അദ്ദേഹത്തിലുണ്ടാവില്ലെന്നതിനാൽ ലോകത്തിലെ ഏതൊരനുഭവത്തെയും നന്ദിക്കുകയോ, നിന്ദിക്കുകയോ രണ്ടും ചെയ്യില്ല. ശീതളയായ ചന്ദ്രികയിൽ എത്രമാത്രം ആഹ്ലാദിക്കുമോ; അതുപോലെ അദ്ദേഹം എല്ലാവർക്കും സ്വയം ആഹ്ലാദകാരിയായിരിക്കും. അങ്ങനെയുള്ള ലക്ഷണങ്ങളെകൊണ്ടദ്ദേഹത്തെ തിരിച്ചറിയാൻ കഴിയും.

ഇക്ഷ്വാകൂപാഖ്യാനം

ഹേ രാമചന്ദ്രാ! നിങ്ങളുടെതന്നെ വംശത്തിൽ ജനിച്ച പ്രഭാശാലിയായ ഒരു രാജാവായിരുന്നുവല്ലോ ഇക്ഷ്വാകു. അദ്ദേഹം മുക്തനായ പ്രകാരത്തെ ഞാൻ പറയാം. ശ്രദ്ധവെച്ചുകേൾക്കൂ, അതുപോലെ നീയും വെറും മിഥ്യാഭ്രമങ്ങളായ സംസാരഭാവങ്ങളിൽ നിന്നു നിവർത്തിച്ച സ്വരൂപസ്ഥനും സുഖിയും ചരിതാർത്ഥനുമായിത്തീരൂ എന്നു പറഞ്ഞു വസിഷ്ഠമഹർഷി. ഇക്ഷ്വാകുരാജാവിന്റെ യശ്ശസ്സുകൊണ്ടു ലോകം മുഴുവൻ നിറഞ്ഞു. എങ്കിലും കാലംകൊണ്ട് അദ്ദേഹത്തിനീ ലോകത്തിൽ വലിയ താത്പര്യമൊന്നുമില്ലാതായി. എങ്ങിനെയാണീ ലോകമുണ്ടായത്? എന്താണിതിന്റെ അവലംബം? വാസ്തവത്തിൽ താൻ ആരാണ്? എന്താണീ ജീവിതത്തിൽ നേടേണ്ടതായിട്ടിരിക്കുന്നത്? എന്തുകിട്ടിയാൽ താൻ കൃതകൃത്യനാവും? എന്നൊക്കെ ചിന്തിക്കാൻ തുടങ്ങി. അങ്ങനെ എത്രയൊക്കെ ചിന്തിച്ചിട്ടും അദ്ദേഹത്തിന് ഒരെത്തുംപിടിയും കിട്ടിയില്ല, അങ്ങനെയിരിക്കെ ഒരു ദിവസം സത്യലോകത്തിൽ നിന്നും മടങ്ങിവരുന്ന മനുവിനെകണ്ടു സംശയങ്ങളെ തീർത്തുതരണമെന്നപേക്ഷിച്ചു. അതിനെ കേട്ട മനു അദ്ദേഹത്തിനു തത്വോപദേശം ചെയ്യാൻ തുടങ്ങി.

കുമാര! ശ്രദ്ധവെച്ചു കേൾക്കൂ. കാണപ്പെടുന്ന ഈ ലോകം ഗന്ധർവ്വനഗരം പോലെയോ, മൃഗതൃഷ്ണപോലെയോ കേവലം ഇല്ലാത്തതാണ്. എന്നാൽ മിഥ്യയായ ഈ ദൃശ്യത്തിൽ ഭ്രമിച്ചു തന്നെ സത്യത്തിൽനിന്നു തെറ്റിമാറി സത്യത്തെ അറിയാൻ കഴിയാത്തവരായിത്തീർന്നിരിക്കുന്നവരാണ് എല്ലാവരും. ജലം തന്നെ ഓളങ്ങളും കുമിളകളുമായി കാണപ്പെടുംപോലെ, ബ്രഹ്മംതന്നെയാണ് ദൃശ്യപ്രപഞ്ചമായി കാണപ്പെടുന്നത്. ബ്രഹ്മത്തിൽത്തന്നെ ലയിച്ചുകിടക്കുന്ന വിക്ഷേപശക്തികൾ വികസിക്കുമ്പോൾ പലതും ഉണ്ടായതായും ഉള്ളതായും കാണപ്പെടുന്നു. വിക്ഷേപശക്തികളിൽ ചിലതു ബ്രഹ്മാണ്ഡങ്ങളായിത്തീരുമ്പോൾ മറ്റു ചിലവ ഭൂതങ്ങളായും വേറെ ചിലവ വേറെ പലതായും മാറുന്നു. ഗന്ധർവ്വനഗരം എപ്രകാരം ദർശനമാത്രസത്തയോടു കൂടിയതാണോ, അതുപോലെ ദർശനമാത്രസത്തയാണ് ഈ ദൃശ്യത്തിനുമുള്ളത്. കാണുന്നു എന്ന ബോധം അല്ലെങ്കിൽ അഭിമാനംമാത്രമാണ് ഈ ദൃശ്യപ്രപഞ്ചം ഉണ്ടെന്നുള്ളതിന്റെ ഒരേയൊരു തെളിവ്. സുഖദുഃഖങ്ങളും, പുണ്യപാപങ്ങളും ജനനമരണങ്ങളും.ബന്ധമോക്ഷങ്ങളുമെല്ലാം അങ്ങിനെതന്നെ. ജലാശയത്തിലെ ജലം തന്നെ പലസ്വരൂപത്തിൽ കാണപ്പെടുംപോലെ ബ്രഹ്മസത്തതന്നെ പലതായി കാണപ്പെടലല്ലാതെ മറ്റൊന്നും തന്നെ സംഭവിച്ചിട്ടില്ല. ഈ പരമാർത്ഥത്തെ അറിഞ്ഞു ദൃശ്യാത്മകമായ ഭ്രമത്തെ അകറ്റി സത്താമാത്രമായ ബ്രഹ്മതത്വത്തെ അറിയാൻ ശ്രമിക്കണം. ശാസ്ത്രബോധവും, ഗുരൂപദേശവും ബ്രഹ്മതത്വത്തെ അറിയാനുള്ള ഉപായങ്ങളെന്നു പറയാറുണ്ട്. എന്നിരുന്നാലും തന്റെ ബുദ്ധിശക്തിയും, പ്രയത്നവും മാത്രമാണൊരാളെ പ്രബുദ്ധനാക്കുന്നത്. അതിനാൽ എപ്പോഴും പ്രയത്നം ചെയ്യുകതന്നെ വേണം. അങ്ങിനെയുള്ളൊരാൾക്കുമാത്രമേ കാലംകൊണ്ടു തത്വബോധത്തിൽ ദൃഢതയും വസ്തുസ്ഥിതിയും കിട്ടാൻ പോവുന്നുള്ളൂ..

വസ്തുസ്ഥിതി തന്നെ ദുഃഖനിവൃത്തിക്കുള്ള ഒരേയൊരു മാർഗ്ഗം. മോക്ഷവും അതുതന്നെ. ഗുരൂപദേശവും ശാസ്ത്രബോധവും അതിനുള്ള ഉപായങ്ങളാണെങ്കിലും നിശ്ചിതമായ ചിന്തനവും പ്രയത്നവും തന്നെ വസ്തുസ്ഥിതി കിട്ടാനുള്ള ഏകമാർഗ്ഗം.

ചിന്തനംകൊണ്ടു വസ്തുബോധം സ്ഫുരിക്കുകയും ദൃഢപ്പെടാൻ തുടങ്ങുകയും ചെയ്യുമ്പോൾ രാഗദ്വേഷങ്ങൾ കുറേശ്ശെയായി ചിത്തത്തിൽനിന്നും ഒഴിഞ്ഞുപോകാൻ തുടങ്ങും. രാഗദ്വേഷങ്ങൾ നീങ്ങാതെ ഇന്ദ്രിയങ്ങളോടും വിഷയങ്ങളോടുമുള്ള മമത വിട്ടു പോവില്ല. മമതകൊണ്ടാണ് എത്രയൊക്കെ അകറ്റിയാലും പിന്നെയും വിഷയങ്ങൾ അകന്നുപോവാതെ ചിത്തത്തെ കലുഷവും രാഗദ്വേഷജടിലവുമാക്കിത്തീർക്കുന്നത്. അതുപോലെ മമതകൊണ്ടാണ് ഇന്ദ്രിയങ്ങളും അടങ്ങാത്തത്. മമത പോയിക്കഴിഞ്ഞാൽ ഇന്ദ്രിങ്ങൾ താനേ അടങ്ങും. ചിത്തവും ഉപശാന്തമാവും. വഴിമധ്യത്തിൽവെച്ചു കാണപ്പെടുന്ന യാത്രക്കാർക്കെപ്രകാരമാണോ അന്യോന്യം രാഗദ്വേഷങ്ങളോ മമതയോ ഇല്ലാതിരിക്കുന്നത്, അതുപോലെയായിരിക്കണം ഇന്ദ്രിയങ്ങളോടുള്ള സമീപനം. ഇന്ദ്രിയങ്ങളുടെയും ശരീരത്തിന്റെയും വൃത്തികളിൽ ശ്രദ്ധയില്ലാതായാൽത്തന്നെ അവ പതുക്കെപ്പതുക്കെ അടങ്ങാൻ തുടങ്ങും.

ശരീരാഭിമാനമാണ് സംസാരത്തിൽനിന്നു കയറാൻ ഏറ്റവും വലിയതടസ്സം. ഞാൻ ശരീരമാണെന്ന വിശ്വാസത്തിന്റെയും അഭിമാനത്തിന്റെയും സ്ഥാനത്തു ഞാൻ ആത്മാവാണെന്ന ബോധവും വിശ്വാസവും വളരാൻ തുടങ്ങിയാൽ വലിയകാര്യമായി. കാലംകൊണ്ടെങ്കിലും സംസാരത്തിൽ നിന്നുകയറാൻ അതു മാർഗ്ഗമായിത്തീരും. ഏതായാലും മുമുക്ഷുവായ ഒരാൾക്കു ശരീരാഭിമാനം ക്ഷയിക്കാൻ തുടങ്ങുന്നതുതന്നെ വലിയകാര്യമാണ്. ശരീരത്തിലുള്ള അഭിമാനത്തെയും വിശ്വാസത്തെയും ക്ഷയിപ്പിച്ചു ഞാൻ ഈ ജഗത്തിൽ നിന്നു വിലക്ഷണനും, ആകാശത്തെക്കാൾ സൂക്ഷ്മവും, സർവ്വത്രനിറഞ്ഞതുമായ ആത്മാവാണെന്ന് വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്യണം. ആത്മാഭിമാനിയായ ഒരാൾ പിന്നീടു സംസാരത്തിലേയ്ക്കിറങ്ങേണ്ടിവരില്ല. ആദിത്യചൈതന്യമെങ്ങനെയാണോ ജലാശയത്തിനകത്തും പുറത്തും എന്നുവേണ്ട, എല്ലായിടത്തും ഒരുപോലെ വ്യാപ്തനായിട്ടിരിക്കുന്നത്, അതുപോലെ ആത്മാവും എല്ലായിടത്തും ഒരുപോലെ നിറഞ്ഞു വ്യാപിച്ചിരിക്കുന്നു. കടകകുണ്ഡലാദി ആഭരണകല്പനങ്ങളെക്കൊണ്ട് എപ്രകാരം സ്വർണ്ണത്തിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ലയോ, അതുപോലെ ജഗൽക്കല്പനകൊണ്ട് ആത്മാവിനും യാതൊരു മാറ്റവും സംഭവിക്കുന്നില്ല.

ആത്മാവ് ഞാൻതന്നെയാണ്. തന്നിൽനിന്നന്യമല്ല ആത്മാവ്. അതിനാൽ ആത്മാതത്വത്തെ മറ്റൊരേടത്തന്വേഷിക്കേണ്ടതില്ല. താനൊഴിച്ചു മറ്റെല്ലാം അനാത്മാവാണ്. അനാത്മാവിനെത്തന്നെ വിഷയങ്ങളൊന്നും ദൃശ്യങ്ങളെന്നും പറയുന്നത്. വിഷയങ്ങളുടെയിടയിൽ എത്രകാലം തിരഞ്ഞാലും വിഷയാതീതമായ ആത്മാവിനെക്കണ്ടുകിട്ടാൻ വയ്യ. അതിനാൽ ആത്മാവിനെ അന്വേഷിച്ചു നട്ടംതിരിയുന്ന താൻതന്നെയാണാത്മാവെന്നു ബോധിക്കു. എല്ലാറ്റിന്റെയും ജ്ഞാതാവും ദ്രഷ്ടാവുമായ താനാകുന്ന ആത്മാവിനെ തന്റെ ദൃശ്യങ്ങളും ജ്ഞേയങ്ങളുമായ ജഡപദാർത്ഥങ്ങളുടെയിടയിൽ

അന്വേഷിച്ചാലെങ്ങനെ കണ്ടുകിട്ടും? ചലനംകൊണ്ടു ജലം എപ്രകാരം തരംഗബുൽബദാദി പദാർത്ഥങ്ങളായിത്തീരുന്നുവോ അതുപോലെ ആത്മാവും സങ്കല്പംകൊണ്ടു പലതായിത്തീരുകയാണ്. അങ്ങനെ പലതായി തോന്നപ്പെടുന്ന ആത്മസ്വരൂപത്തെത്തന്നെയാണ് ജഗത്തെന്നും പറയുന്നത്. അല്ലാതെ ജഗത്തെന്നൊരു പ്രത്യേകവസ്തു എവിടെയുമുണ്ടായിട്ടില്ല.

സങ്കല്പദോഷത്തെ നീക്കിയ ചിത്തത്തെ ആത്മാവിൽ ലയിപ്പിക്കുന്നപക്ഷം പിന്നീടു ജഗത്തിന്റെ യാതൊരു ബാധയുമുണ്ടാവാൻ വയ്യ. കുട്ടികൾ പലതരത്തിലുള്ള ക്രീഡകളെ കൊണ്ടു വിനോദിക്കുംപോലെ ആത്മാവും ചലനങ്ങളെക്കൊണ്ടു പല സ്വരൂപങ്ങളായിത്തീർന്നു വിനോദിക്കുകയാണ് ചെയ്യുന്നത്. സമുദ്രത്തിലെ തിരകൾ ഉണ്ടാവുന്നതും നിലനില്ക്കുന്നതും ലയിക്കുന്നതുമെല്ലാം എപ്രകാരം സമുദ്രത്തിൽ തന്നെയാണോ, അതുപോലെ ജഗത്തുണ്ടാവുന്നതും നിലനില്ക്കുന്നതും ലയിക്കുന്നതുമെല്ലാം ആത്മാവിൽത്തന്നെ. ആദിത്യാദി തേജോഗോളങ്ങൾക്ക് എപ്രകാരം പ്രകാശം തുടങ്ങിയ ധർമ്മങ്ങൾ സ്വാഭാവികങ്ങളാണോ, അതുപോലെ ആത്മാവിൽ സ്വാഭാവികമായി ബുദ്ധ്യാദികല്പനകളെകൊണ്ടു ജഗത്തും ഉള്ളതായിത്തീരുന്നു. മൂഢന്മാർക്കുമാത്രമാണ് അതു ക്ലേശകരമായിട്ടിരിക്കുന്നത്. വിവേകികൾക്കു ജഗത്ത് ഉണ്ടായാലും നശിച്ചാലും ഒരുപോലെയാണ്. അവർ ജഗത്തു നിലനിൽക്കണമെന്നോ നശിക്കരുതെന്നോ രണ്ടും കരുതുന്നില്ല. വിശ്വത്തെ മുഴുവൻ മോഹിപ്പിച്ചുകൊണ്ടിരിക്കുന്ന മായാശക്തി അത്യന്തം ആശ്ചര്യസ്വരൂപിണിയാണെന്നേ പറയാനുള്ളു. എന്തുകൊണ്ടെന്നാൽ ആത്മാവ് എല്ലായിടത്തും നിറഞ്ഞിരുന്നിട്ടുകൂടി ആരും അറിയുന്നില്ലല്ലോ. അതിൽപ്പരം ആശ്ചര്യം മറ്റെന്താണ് ഉണ്ടാവേണ്ടത്?

ഈ ജഗത്തു കേവലം ചിദാകാശം മാത്രമാണെന്നുറപ്പിച്ചു കഴിയുന്നവൻ യാതൊരു ജഗൽബാധയെയും അനുഭവിക്കുന്നില്ലെന്നു മാത്രമല്ല, ബ്രഹ്മതത്വത്തിൽ ആവരണംചെയ്യപ്പെട്ടവനുമായിത്തീരുന്നു. ദുഃഖത്തിന്റെ യാതൊരു സ്ഫുരണവും അദ്ദേഹത്തെ സ്പർശിക്കുന്നില്ല. അതിനാൽ ഹേ! രാജാവേ! അങ്ങു അഹങ്കാരത്തെ കേവലം അകറ്റി ഈ ജഗത്തു കേവലം ശൂന്യമാണെന്നും, ചിദാകാശത്തിൽ തോന്നപ്പെടുന്ന പ്രതീതിമാത്രമാണ് ജഗത്തെന്നും ബോധിച്ചു ശാന്തനായിരിക്കു. ഇതു നല്ലതാണ്, ഇതു ചീത്തയാണ് എന്ന ഭേദബുദ്ധിയാണ് ദുഃഖത്തിന് ഹേതു. എല്ലാം കേവലം ചിദാകാശമാണെങ്കിൽ പിന്നെ ഭേദബുദ്ധിക്ക് എന്താണാസ്പദം? വെറും തോന്നൽ മാത്രമല്ലേ? അതിനെ അകറ്റിയാൽ അങ്ങ് മറ്റെല്ലാരെക്കാളും സുഖിയായിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എപ്പോഴും എല്ലാറ്റിലും സാമ്യഭാവം മാത്രമുള്ള ഒരാൾക്ക് ദുഃഖത്തിന് യാതൊരു കാരണവുമില്ല. എന്നുമാത്രല്ല, അമൃതശീതളയായ ശാന്തി എപ്പോഴും വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. ശാന്തികൊണ്ട് അപാരമായ സുഖമുണ്ടാവുകയും ചെയ്യും.

ഭേദബുദ്ധിയും കർമ്മവാസനയുമാണ് സംസാരത്തിന്റെ ഏറ്റവും പ്രബലങ്ങളായ ബീജങ്ങൾ. അവയെ എങ്ങനെയെങ്കിലും ജയിക്കുകതന്നെ വേണം. ജയിക്കാതെ ഒരു മുമുക്ഷുവിന്

സംസാരനിവൃത്തിയും കൈവല്യപ്രാപ്തിയുമാകുന്ന അവസ്ഥ ഉണ്ടാകാൻ പോവുന്നില്ല. അഭാവനയും പൗരുഷവുമാകുന്ന രണ്ടു ശാസ്ത്രങ്ങളെക്കൊണ്ട് അവയെ ജയിക്കാം. എപ്പോഴും മനസ്സിനെ അഭാവനമാക്കിക്കൊണ്ടിരുന്നാൽ കാലംകൊണ്ടു സങ്കല്പവും കർമ്മവാസനാപ്രവാഹവുമാകുന്ന രണ്ടു തടസ്ഥങ്ങളും നീങ്ങി സ്വസ്ഥചിത്തനും സുഖിയുമായിത്തീരും. ആദ്ധ്യാത്മികയോഗാനുഷ്ഠാനം ചെയ്തുകൊണ്ടു കൈവല്യത്തിലേയ്ക്കു നീങ്ങികൊണ്ടിരിക്കുന്ന സാധകന്മാരുടെ സാധനാനുഭവങ്ങൾക്ക് ഏഴുപരിധികൾ കല്പിക്കപ്പെട്ടിട്ടുണ്ട്. അവയാണ് ഹേ രാജാവേ, സുപ്രസിദ്ധങ്ങളായ സപ്തഭൂമികളെന്നു പറയുന്നത്. അവയിൽ ഏതെങ്കിലും ഒരു ഭൂമികയിൽ എത്തിക്കഴിഞ്ഞാൽ പിന്നെ അവൻ സംസാരത്തിലേയ്ക്കുതന്നെ മടങ്ങിന്ന പതിവില്ല. പ്രാരാബ്ധവിശേഷംകൊണ്ടു ചിലർ മന്ദമായിട്ടേ പോവുന്നുള്ളുവെങ്കിലും കാലതാമസം നേരിട്ടുമെന്നല്ലാതെ സംസാരിയായിത്തന്നെ മാറുകയെന്ന സമ്പ്രദായമില്ല. അതിനാൽ പറയപ്പെട്ട യോഗഭൂമികളിൽ ഏതെങ്കിലും ഒന്നിലെത്താൻ ശ്രമിക്കു. എന്നാൽ കാലം കൊണ്ടെങ്കിലും അങ്ങു മുക്തനായിത്തീരുമെന്നു തീർച്ചയാണ്. പ്രസ്തുത ഭൂമികളുടെ സ്വരൂപങ്ങളെ ഞാൻ വിസ്തരിച്ചു പറയാം. ശ്രദ്ധവെച്ചു കേൾക്കു. എന്നു പറഞ്ഞുകൊണ്ടു ഹേരാമാ, മനു അദ്ദേഹത്തിന്നു യോഗ ഭൂമികകളെ പറഞ്ഞുകൊടുക്കാൻ തുടങ്ങി:

ശാസ്ത്രപാഠംകൊണ്ടും സൽസംഗംകൊണ്ടും സദ്വാസനകളെ വളർത്തിയും ദുർവ്വാസനകളെ ക്ഷയിപ്പിച്ചും പ്രജ്ഞയെ വീര്യവത്താക്കുന്നതാണ് ഒന്നാമത്തെ ഭൂമിക. അതിനു 'ശുഭേച്ഛ' യെന്നും, 'പ്രജ്ഞാശുദ്ധി' യെന്നും പറയും. ചീത്തയായ കാര്യങ്ങളിലുള്ള വാസനകൾ മുഴുവൻ ക്ഷയിക്കുകയും നല്ല കാര്യങ്ങളിൽ ശ്രദ്ധ വളരുകയും ചെയ്യലാണതിന്റെ സ്വരൂപം. അങ്ങനെ വന്നു കഴിഞ്ഞാൽ സൽക്കർമ്മങ്ങളല്ലാതെ ഒരു ദുഷ്കർമ്മവും ചെയ്യാനിടവരില്ല. സല്ക്കർമ്മങ്ങളെക്കൊണ്ടു പാപങ്ങളെ ക്ഷയിച്ചു പുണ്യം വളരുമ്പോൾ ഈശ്വരവിശ്വാസവും ഭക്തിയും ദൃഢപ്പെടുകയും വേദാന്തവിചാരത്തിൽ ശ്രദ്ധയുണ്ടാവുകയും ചെയ്യും. അപ്പോൾ ചെയ്യപ്പെടുന്ന വേദാന്തവിചാരം തന്നെ 'സുവിചാരണ' യെന്ന രണ്ടാമത്തെ ഭൂമിക. ഈ ജഗത്തെങ്ങനെയുണ്ടായി? ഞാൻ ആരാണ്? ജീവിതം കൊണ്ടെന്താണ് സാധിക്കേണ്ടത്? ജീവൻ എന്നു പറഞ്ഞാലെന്താണ്? അതെങ്ങനെയുണ്ടായി! എന്നിങ്ങനെ ആവശ്യം അറിയപ്പെടേണ്ട ഒട്ടനേകം അധ്യാത്മതത്ത്വങ്ങളെ നിശ്ചിതമായി നിരൂപിച്ചു സത്യത്തെ അറിയാൻവേണ്ടി ചെയ്യപ്പെടുന്ന തീവ്രമായ പരിശ്രമമാണ് അതിന്റെ സ്വരൂപം. വിചാരത്തെ നേർവഴിയിലൂടെ വേണ്ടുംവണ്ണം നിർവ്വഹിച്ചു വിജയത്തിലെത്തുമ്പോൾ പരമാർത്ഥം ബോധ്യമാവും. അപ്പോൾ സകലവിധ സംസാരാനുഭവങ്ങളിൽ നിന്നും കേവലം നിവൃത്തനാവാനുള്ള ബദ്ധപ്പാടു വർദ്ധിക്കും അപ്പോൾ വളരുന്ന സംസാരംതന്നെയാണ് മൂന്നാമത്തെ ഭൂമിക. അതിനെ 'അംഗഭാവന'യെന്നു പറഞ്ഞുവരുന്നു. നിസ്സംഗവാനുള്ള ദൃഢയത്നമാണതിന്റെ രൂപം.

നാലാമത്തെ ഭൂമികയെ 'വിലാപിനി'യെന്നാണ് പറഞ്ഞുവരുന്നത്. സത്യമായ ആത്മസ്വരൂപത്തെ വിചാരം കൊണ്ടറിഞ്ഞു. അതു പ്രകാശിക്കാൻ തടസ്ഥമായ സംസാരത്തിൽ നിന്നകലുകയും

ചെയ്തു. ഓരോ നിമിഷവും ആത്മസാക്ഷാൽകാരമുണ്ടാവാത്തതുകൊണ്ടുള്ള വേദന കഠിനമായിട്ടുണ്ട്. തന്റെ മുഴുവൻ കഴിവുമുപയോഗിച്ച് ആത്മാനുഭൂതിയുണ്ടാവാൻ ശ്രമിക്കുന്നുണ്ട്. എന്നിരുന്നാലും പ്രയത്നം സഫലമായി ആത്മാവ് പ്രകാശിക്കുന്നതില്ലെന്നതുകൊണ്ടുള്ള വ്യസനമാണ് നാലാം ഭൂമികയുടെ രൂപം. സംസാരത്തിൽ നിന്നു നിവൃത്തനും, നിസ്സംഗനുമായെങ്കിലും, അനാദികാലം മുതല്ക്കാരംഭിച്ച് അനേക ജന്മങ്ങളിലൂടെയും കർമ്മങ്ങളിലൂടെയും വളർന്നു തഴച്ചു തന്നിൽ കട്ടപിടിച്ചുകിടക്കുന്ന സംസാരവാസനയാണ് ആത്മസാക്ഷാല്ക്കാരത്തിന്നു തടസ്ഥമായിട്ടിരിക്കുന്നത്. വാസനനശിക്കുമ്പോൾ ആത്മാവു പ്രകാശിക്കുകയും ചെയ്യും. അതിനാൽ വാസനാനാശിനികൂടിയുമാണ് നാലാമത്തെ ഭൂമിക.

അഞ്ചാമത്തെ ഭൂമികയിൽ വാസനാക്ഷയം കൊണ്ടു പ്രകാശിച്ച ആത്മനിർവൃതിയെ അനുഭവിക്കുന്നു. അതിനാൽ "ശുദ്ധസംവിന്മയാനന്ദസ്വരൂപ"യെന്നാണ് ആ ഭൂമികയെ പറഞ്ഞുവരുന്നത്. വാസനാസമ്പർക്കമില്ലാത്തതിനാൽ ശുദ്ധയും, അജ്ഞാനമില്ലാത്തതിനാൽ സംവിന്മയിയും, ദ്വൈതപ്രതീതിയില്ലാത്തതിനാൽ ആനന്ദസ്വരൂപയുമാണ്. അതുകൊണ്ടാണ് പറയപ്പെട്ട പേരുണ്ടാവാൻ തന്നെ കാരണം. പ്രസ്തുതഭൂമികയിലെത്തിയവൻ തികച്ചും ജീവന്മുക്തനാണ്. പകുതിയുറങ്ങിയും പകുതിയുണർന്നും ഒരാളെങ്ങനെയിരിക്കുമോ, ഏതാണ്ടതുപോലെയായിരിക്കും അദ്ദേഹത്തിന്റെ സ്ഥിതി. പ്രപഞ്ചത്തിന്റെ വളരെ മങ്ങിയ ഒരു ബോധം മാത്രമേ ഉണ്ടാവൂ. ആറാമത്തെ ഭൂമിക ഇതിനെക്കാൾ അത്യന്തശ്രേഷ്ഠയും, ആനന്ദഘനാകാരയുമായ 'തുര്യാവസ്ഥ'യാണ്. സംവേദനം അല്ലെങ്കിൽ വസ്തുഗ്രഹണമെന്ന അവസ്ഥതന്നെ അതിലില്ല. സുഷുപ്തിയിൽ മുഴുകിയ ഒരാളെപ്രകാരം ഒന്നിനെയും അറിയുന്നില്ലയോ, അതുപോലെ ഒന്നിന്റെയും സ്ഫുരണമില്ലാത്ത കേവലം ഘനീഭൂതാനന്ദസ്വരൂപമാണ് 'തുര്യാവസ്ഥ'യാകുന്ന ആറാമത്തെ ഭൂമിക. മുക്തിയെന്നും, നിർവ്വാണമെന്നും പറയുന്നത് അതിനെത്തന്നെയാണ്.

ഏഴാമത്തേതും അവസാനത്തേതുമായ ഭൂമികയെ 'തുര്യാതീത'യെന്നു പറയുന്നു. പക്ഷേ അതും ശരീരം വിടുമ്പോൾമാത്രം അനുഭവപ്പെടുന്നതാണ്. വിദേഹകൈവല്യമെന്നും സായൂജ്യമുക്തിയെന്നുമൊക്കെപ്പറയുന്നതും അതിനെത്തന്നെയാണ്. ഇങ്ങനെ പറയപ്പെട്ട സപ്തഭൂമികളിൽ ഏതെങ്കിലുമൊരാളെത്തിക്കഴിഞ്ഞാൽ പിന്നീടു സംസാരത്തിലേയ്ക്കു വീണ്ടും മടങ്ങിവരലില്ല. പ്രയത്നത്തിന്റെ മന്ദതയ്ക്കും, തീവ്രതയ്ക്കും അനുസരിച്ചു മന്ദമായോ, വേഗമായോ ഉയർച്ചയുണ്ടാവുന്നുവെന്നുമാത്രം. ഏതായാലും യോഗഭൂമികളിൽ ഏതെങ്കിലും എത്തിപ്പെട്ടുകഴിഞ്ഞാൽ ഇന്നല്ലെങ്കിൽ നാളയെങ്കിലും അവൻ സംസാരത്തിൽ നിന്നും രക്ഷപ്പെട്ടുമെന്ന കാര്യം തീർച്ചയാണ്. അതിനാൽ ഹേ രാജാവേ, പറയപ്പെട്ട യോഗഭൂമികളെ വേണ്ടപോലെ ഗ്രഹിച്ചു തനിയ്ക്കുപയോഗപ്പെടുത്താൻ ശ്രമിക്കുകതന്നെ വേണം.

ആദ്യത്തെ മൂന്നു ഭൂമികളും ജാഗ്രദവസ്ഥയിൽത്തന്നെയുള്ളവയാണ്. നാലാമത്തതു സ്വപ്നാവസ്ഥയിലാണ്. എന്തുകൊണ്ടെന്നാൽ നാലാമത്തെ ഭൂമികയിൽ

സ്വപ്നപദാർത്ഥമെന്നപോലെയാണ് ഈ ജഗത്തുപ്രകാശിക്കുന്നത്. അതിനാൽ സ്വപ്നാവസ്ഥയിലാണ് ആ ഭൂമികാനുഭൂതിയെന്നു പറഞ്ഞുവരുന്നു. അഞ്ചാമത്തേതാകട്ടേ സുഷുപ്തിയിലുമാണ്. ഗാഢനിദ്രയിൽ ഒരാൾക്കെപ്രകാരം ഈ ജഗത്തിന്റെ യാതൊരുപ്രതീതിയുമുണ്ടാവുന്നില്ലയോ, അതുപോലെ അഞ്ചാമത്തെ ഭൂമികയിൽ ജഗത്തിന്റെ യാതൊരുസ്ഫുരണവുമുണ്ടാവുന്നില്ല. അതിനാൽ സുഷുപ്തി തന്നെ അഞ്ചാമത്തെ ഭൂമിക. ആറാമത്തേതു അവസ്ഥാത്രയത്തിനപ്പുറത്തും, ഏഴാമത്തേതു ശരീരപാതത്തിനുശേഷം പ്രകാശിക്കുന്നവയുമാണ്. ചിത്തത്തെ അകത്തു തടഞ്ഞുനിർത്തി, വാസനാവികാസങ്ങളാകുന്ന ഭാവങ്ങളെ പ്രകാശിപ്പിക്കാതിരുന്നാൽ മതി, എന്നാൽത്തന്നെ ഒരാൾ മുക്തനായെന്നു പറയണം. വിഷയവ്യവഹാരവും അതുഹേതുവായിട്ടുള്ള സുഖദുഃഖങ്ങളുംതന്നെയാണ് ഒരാളുടെ ഏറ്റവും വലിയ ബന്ധം. അതില്ലാതായാൽ തന്നെ മിക്കവാറും മുക്തനായെന്നു പറയാം. ചിത്തത്തിന്റെ ഉപശാന്തിയെ ഭഞ്ജിക്കുന്ന ഏറ്റവും കഠിനമായ ദുഃഖകാരണങ്ങളാണ് വിഷയവ്യവഹാരവും അതുകൊണ്ടുള്ള സുഖദുഃഖങ്ങളും. തിരയടങ്ങിയ കടലെന്നപോലെ പ്രശാന്തമായ ചിത്തം കാലം കൊണ്ടെങ്കിലും ഒരാളെ മുക്തനാക്കുമെന്നതിൽ സംശയമില്ല.

എല്ലാറ്റിന്നും കാരണവും, എങ്ങും നിറഞ്ഞതുമായ പരമതത്ത്വമാണ് താനെന്നു ബോധ്യം വന്നാൽ പിന്നെ നശിക്കുന്നതെങ്ങനെ? നശിക്കലില്ലെങ്കിൽപിന്നെ ഉണ്ടാവലും ഇല്ലല്ലോ. അപ്പോൾ എല്ലായിടത്തും എപ്പോഴുമുള്ളതും, മാറ്റമോ, ഏറ്റക്കുറച്ചിലോ ഇല്ലാത്തതും ആ കാരണത്താൽത്തന്നെ പരമസത്യവും, എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന പരമചൈതന്യവുമാണ് താനെന്നു വിചാരം കൊണ്ടു് ബോധിക്കാൻ കഴിയും. മറ്റൊന്നിന്റെയും ചേർച്ചയില്ലാത്തതിനാൽ ആനന്ദമയവുമാണ്. എന്നിങ്ങനെ ബ്രഹ്മതത്വത്തെ വിചാരംകൊണ്ടറിഞ്ഞു് അപരോക്ഷസ്വരൂപേണ സാക്ഷാൽക്കരിക്കണം. നിശിതമായ വിചാരം ഒന്നുകൊണ്ടുതന്നെ അപരോക്ഷതാഭാവം കൈവരും. അപരോക്ഷതാസ്വരൂപം ആത്മാവിനെ അറിഞ്ഞു് ആത്മസ്വരൂപനായി കഴിഞ്ഞൊരാൾക്ക് പിന്നെയെന്തു സംസാരബാധയാണ്! ഒന്നും തന്നെയുണ്ടാവുന്നില്ല. എന്നാൽ അങ്ങനെ ചെയ്യാതെ മറ്റെന്തൊക്കെ ചെയ്താലും ഹേ രാജാവേ, ഒരാൾ കൃതാർത്ഥനാവാനും പോവുന്നില്ല. എന്നിങ്ങനെ ഉപദേശിച്ചു മനു സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു. ഹേ രാമചന്ദ്ര, മനുവുപദേശിച്ചു കൊടുത്ത ഈ ജ്ഞാനത്തെ വേണ്ടപോലെ ഗ്രഹിച്ചു വിചാരം ചെയ്ത് ഉപയോഗപ്പെടുത്തിയതിനാൽ പിൽക്കാലത്ത് ഇക്ഷ്വാകുരാജാവും മുക്തനും ചരിതാർത്ഥനുമായി. അതുപോലെ ഉപയോഗപ്പെടുത്തി ജന്മസാഫല്യമാകുന്ന കൈവല്യത്തെ പ്രാപിക്കാൻ കഴിയും.

എന്നിങ്ങനെ വസിഷ്ഠാചാര്യൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ ശ്രീരാമചന്ദ്രൻ രസകരമായൊരു ചോദ്യം ചോദിച്ചു: ലോകത്തിൽ അമാനുഷവും, അസാധാരണവുമായ അനുഭവം ആർക്കുണ്ടോ, അവരെയാണ് വലിയവരായും വലിയവരായും ദിവ്യന്മാരുമായും കണക്കാക്കുന്നത്. ശീതോഷ്ണങ്ങളുടെ ബാധയെ ജയിക്കുക ആകാശത്തുടെ സഞ്ചരിക്കുക, വിദൂരത്തുള്ളതിനെ അറിയുക തുടങ്ങിയ കാര്യങ്ങൾ അമാനുഷങ്ങളും അസാധാരണങ്ങളുമാണ്. അതിനാൽ അവയെ സിദ്ധികളെന്നു

പറയുന്നു. സിദ്ധികൾ സ്വാധീനങ്ങളായവരെ സിദ്ധന്മാരെന്നും ദിവ്യന്മാരെന്നും കരുതി മാനിക്കുകയും ചെയ്യുന്നു. എന്നാൽ അങ്ങനെയുള്ള അനുഭവങ്ങളൊന്നും ജീവന്മുക്തന്മാർക്കില്ലല്ലോ. എന്താണ് പിന്നെ ജീവന്മുക്തനായ ജ്ഞാനിക്കു സാധാരമ ജനങ്ങളിൽ നിന്നു പ്രത്യേകമായ ഒരു ദിവ്യത്വം? വസിഷ്ഠാചാരയൻ രാമചന്ദ്രന്റെ ചോദ്യം കേട്ടു പുഞ്ചിരിച്ചുകൊണ്ടു മറുപടിപറയാൻ തുടങ്ങി:

ഹേ രാമചന്ദ്രാ, നിന്റെ ചോദ്യം രസകരമായിരിക്കുന്നു. ഒന്നിന്റെയും ആഗ്രഹമില്ലാത്തവനും, ഒരുതരത്തിലുള്ള രാഗമോ ദ്വേഷമോ ഇല്ലാത്തവനുമായ ജീവന്മുക്തനു നീ പറഞ്ഞപ്പോലെ ആകാശഗമനാദിസിദ്ധികളോ വൈഭവങ്ങളോ ഒന്നുമുണ്ടാവില്ല. മന്ത്രസിദ്ധി, യോഗസിദ്ധി, തപസ്സിദ്ധി മുതലായവയുള്ളവർക്കാണ് അങ്ങനെയുള്ള സിദ്ധികളൊക്കെയുണ്ടാവുന്നത്. എന്നാൽ ജ്ഞാനിയുടെ നൈർമ്മല്യവും കൃതകൃത്യതയും, ആനന്ദാനിർവൃതിയും ജ്ഞാനിക്കുമാത്രമല്ലാതെ മറ്റാർക്കും തന്നെയില്ല. ഏതെങ്കിലുമൊരനുഭവത്തിൽ അല്പമായിട്ടെങ്കിലും അപേക്ഷയുള്ളേടത്തോളം കാലമാണ് പ്രയത്നമുണ്ടാവുന്നത്. ഒന്നിലും അപേക്ഷയില്ലാത്ത ജ്ഞാനി പിന്നെ എന്തിനു വേണ്ടി എന്തു പ്രയത്നമാണ് ചെയ്യേണ്ടത്? ജ്ഞാനിക്കു കിട്ടാത്തതായോ, കിട്ടേമ്ടതായോ ഒന്നും തന്നെ ലോകത്തിലില്ല. ചിത്തമെപ്പോഴും കൃതാർത്ഥവും സംതൃപ്തവും പരിപൂർണ്ണവുമാണുതാനും. ആസ്ഥിതിക്ക് ആകാശഗമനാദികളോ അവയെ സമ്പാദിക്കാനുള്ള പ്രയത്നമോ ജ്ഞാനിക്കെങ്ങനെയുണ്ടാവും? എല്ലാവിധ അഭിമാനങ്ങളെയും രാഗാദിവികാരങ്ങളെയും വിട്ട പരമനൈർമ്മല്യവും, നിസ്സംഗതയുമാണ് ജ്ഞാനിയുടെ ലക്ഷണം. അവയാകട്ടേ മറ്റാരിലുമുണ്ടാവാൻ വയ്യ. അതിനാൽ ഹേ രാമചന്ദ്രാ, ആകാശഗമനാദിസിദ്ധികളില്ലാതെത്തന്നെ ജീവൻമുക്തൻ സന്തുപ്തും പൂർണ്ണനും ദിവ്യനുമാണ്. ആത്മസിദ്ധിതന്നെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ വൈഭവം.

വേദജ്ഞനും വൈദികകർമ്മനിരതനുമായ ഒരുബ്രാഹ്മണൻ തന്റെ മഹിമയേറി ബ്രാഹ്മണ്യത്തെക്കളഞ്ഞു ശൂദ്രനായിത്തീർന്നാലെങ്ങനെയാവുമോ, അതുപോലെയാണ് സർവ്വജ്ഞനും സർവ്വശക്തനുമായ ഈശ്വരൻ അല്പനും മൂഢനും ദുഃഖിയുമായ ജീവനായിത്തീരിന്നത്. ചരാചരങ്ങളാകുന്ന അനേകയോനികളിൽ അനന്തകോടി ജീവന്മാർ പലപ്രകാരത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്നു. അതൊക്കെ ഈശ്വരന്റെ സൃഷ്ടിവിശേഷംതന്നെ. അങ്ങനെ ജീവകോടികളെ ഈശ്വരൻ സൃഷ്ടിക്കുന്നുവെങ്കിലും പിന്നീടവർ ചെയ്യുന്ന കർമ്മപരമ്പരകളെക്കൊണ്ടാണ് ജന്മങ്ങൾ വർദ്ധിക്കുന്നത്. കർമ്മങ്ങളാകട്ടേ പുണ്യങ്ങളും, പാപങ്ങളും, പുണ്യപാപമിശ്രങ്ങളുമാകുന്ന മൂന്നുസ്വരൂപങ്ങളിലുമാവുന്നു. അങ്ങനെയുള്ള കർമ്മങ്ങളും, കർമ്മഫലങ്ങളും,അവയുടെ ഭുക്തിയും, അതിനുപറ്റിയ ജന്മങ്ങളും വളർന്നു വളർന്ന് ഒരിക്കലും വിശ്രാന്തിയില്ലാതെ, നാനാകാലദേശങ്ങളിൽ നാനായോനികളിൽ ജനിച്ചും മരിച്ചും കരകാണാതെയും, ഗതികിട്ടാതെയും സംസാരപ്രവാഹത്തിൽക്കൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ജീവന് അതിൽനിന്നു രക്ഷകിട്ടാനുള്ള ഒരേ ഒരു മാർഗ്ഗം ആത്മജ്ഞാനം മാത്രമാണ്. ആത്മജ്ഞാനമില്ലാത്തതുകൊണ്ടാണ് ജീവൻ ഈ ദയനീയമായ അധഃപതനത്തിൽവീണ് തപിച്ചുകൊണ്ടിരിക്കുന്നത്. അതിൽനിന്നു രക്ഷപ്പെട്ടു സ്വരൂപസ്ഥിതനാവൽമാത്രമാണ് ഓരോ

ജീവന്റെയും ആവശ്യവും ലക്ഷ്യവും. എന്നാൽ അതാകട്ടേ ആകാശഗമനാദി സിദ്ധിവൈഭവങ്ങളെകൊണ്ടു സാധിക്കാൻ പോവുന്നില്ല. ആത്മജ്ഞാനമൊഴിച്ചു മറ്റൊന്നുകൊണ്ടും സാധിക്കാൻ പോവുന്നില്ല. മറ്റൊന്നുകൊണ്ടും സാധിക്കാൻ കഴിയാത്തതും ജീവന്റെ പരമലക്ഷ്യവുമായ ആ മഹത്തായ കാര്യമാണ് ജീവന്മുക്തൻ തന്റെ ആത്മജ്ഞാനംകൊണ്ട് സാധിച്ചതെന്നുവന്നാൽ അതിനെക്കാൾ വലിയൊരു കാര്യമോ ദിവ്യത്വമോ, ആശ്ചര്യമോ മറ്റെന്താണുള്ളത്! അതിനാൽ ഹേ! രാമചന്ദ്ര! ജീവന്മുക്തരായ ജ്ഞാനികൾ എല്ലാപ്രകാരത്തിലും എല്ലാവർക്കും ആദരണീയരും ആരാധ്യന്മാരും, ദിവ്യന്മാരുമാണ്. ആകാശഗമനാദി സിദ്ധികളെക്കാൾ എത്രയോ മാഹാത്മ്യമേറിയതാണ് അവരുടെ ജ്ഞാനം. ആകാസഗമനം ഒരു പക്ഷിക്കും സാധിച്ചേയ്ക്കാം, എന്നാൽ ജ്ഞാനമാകട്ടേ, ജ്ഞാനിക്കുമാത്രമാണുള്ളത്.

ഹേ! രാമാ! മനസ്സിന്റെ മിത്യാസങ്കല്പങ്ങളാണ് എല്ലാവിധ ബന്ധത്തിനും ഹേതു. സങ്കല്പമില്ലാതായിക്കഴിഞ്ഞാൽ ആ പുരുഷൻ മുക്തൻ തന്നെയാണെന്നു പറയണം. സങ്കല്പം ഹേതുവായിട്ടാണ് ഇന്ദ്രിയങ്ങൾ രാഗത്തോടുകൂടി വിഷയങ്ങളെ പ്രാപിക്കുന്നത്. രാഗവും ദ്വേഷവും മിത്ഥ്യാസങ്കല്പത്തിന്റെ രണ്ടുരൂപത്തിലുള്ള പ്രകടനം മാത്രമാണ്, അവരണ്ടുമില്ലാത്ത നിലയിൽ പക്ഷേ ഇന്ദ്രയങ്ങൾ വിഷയങ്ങളെ പ്രാപിച്ചാൽ കൂടി തെറ്റില്ല. രാഗദ്വേഷങ്ങളില്ലാത്തൊരാൾക്ക്, ഒന്നിലും സ്വീകാരമോ, തിരസ്കാരമോ രണ്ടും സംഭവിക്കുന്നില്ല. താനെപ്പോഴും ഒന്നിന്റെയും, ആരുടെയും ഗ്രാഹ്യനോ, ഗ്രാഹകനോ രണ്ടുമാവാതിരുന്നാൽ മതി. വാസ്തവത്തിൽ കേവല ചിതാത്മാവായ താനെങ്ങനെയാണ് കർത്താവോ ഭോക്താവോ ആയിത്തീരുന്നത്? മിത്ഥ്യാസങ്കല്പം കൊണ്ടുമാത്രമാണ് അങ്ങനെയായിത്തീരുന്നത്. താനല്ലാതെ മറ്റൊന്നില്ലാത്തിടത്ത് എന്തിന്റെ കർത്താവും എന്തിന്റെ ഭോക്താവുമാണ് ആയിത്തീരുന്നത് ! വെറും ഭ്രമം മാത്രം. അതുപോലെ തന്നിൽനിന്നന്യമായി മറ്റൊന്നില്ലാത്തിടത്ത് ഒന്നിന്റെയും ദ്രഷ്ടാവോ ജ്ഞാതാവോ പോലും ആയിത്തീരാനില്ലെന്നതാണ് പരമാർത്ഥം. എങ്കിലും പലതിന്റെയും ദ്രഷ്ടാവും, വേത്താവും, കർത്താവും,ഭോക്താവും എല്ലാമാണ് താനെന്നഭിമാനിക്കുന്നു. അതുതന്നെയാണ് ബന്ധം. അശ്രദ്ധമാത്രം കൊണ്ട് വളർന്നു തടിച്ച മിത്ഥ്യാസങ്കല്പമാണ് അതിന് ഒരേ ഒരുഹേതുവും. അദ്വൈതമായ കേവലസ്വരൂപത്തിൽനിന്നന്യമായി മറ്റൊന്നും സംഭവിച്ചിട്ടില്ലെന്ന ബോധ്യമുണ്ടായാൽ പിന്നെ മിത്ഥ്യാവസ്തുക്കളെ കുറിച്ചുള്ള സങ്കല്പമെങ്ങനെയുണ്ടാകും? അതിനാൽ ശ്രദ്ധയോടുകൂടി സങ്കല്പങ്ങളെ അകറ്റൽ തന്നെയാണ് മുക്തിക്കുകാരണം.

സജ്ജനങ്ങൾ കഴിഞ്ഞതിനെയോ വരാൻ പോകുന്നതിനെയോ കുറിച്ചൊന്നും ചിന്തിക്കാറില്ല. വർത്തമാനത്തിൽ അഭിമാനമോ, രാഗദ്വേഷങ്ങളോ ഇല്ലാതെ കഴിയൽമാത്രമാണ് സത്തുക്കളുടെ ആചരണസ്വഭാവം മനസ്സുതന്നെ ഇല്ലാതായിത്തീർന്ന ശമികളാണ് സജ്ജനങ്ങൾ. പിന്നെ അവർക്കെങ്ങനെ സങ്കല്പങ്ങളോ വൃത്തികളോ ഉണ്ടാവും? എന്നാൽ അജ്ഞൻമാരായ സാധാരണ ജനങ്ങളുടെ കഥ അതല്ല. അജ്ഞാനം ഹേതുവായിട്ടു മൂന്നു ശരീരങ്ങളുണ്ടായിത്തീർന്നു ജീവന്ന്.പ്രസ്തുത മൂന്നു ശരീരങ്ങളിലും അഭിമാനത്തോടും, അനുഭവത്തോടും കൂടിയവരാണ്

അജ്ഞന്മാർ. വാസ്തവത്തിൽ ശരീരത്തിന്റെ മൂന്നു സ്വരൂപങ്ങളാണ് മൂന്നുശരീരങ്ങളെന്നുപോലും പറയണം. കരചരണാദ്യവയവങ്ങളോടുകൂടിയതും സ്ഥൂലവിഷയങ്ങളെ ഭുജിക്കാനുള്ള ഉപകരണവുമായ ഈ ശരീരം ജീവന്റെ സ്ഥൂലരൂപമാണെന്നു പറഞ്ഞാൽ തെറ്റില്ല. അതുപോലെ എപ്പോഴും സംസാരത്തെ ഭാവനചെയ്തുകൊണ്ടും അനേകവിധ മിഥ്യാ സങ്കല്പങ്ങളെ വളർത്തിക്കൊണ്ടും നിലനിൽക്കുന്ന മനസ്സു ജീവന്റെ സൂക്ഷ്മരൂപമാണെന്നു പറയാം. പവിത്രവും, അദ്വൈതവുമായ തുരീയപദത്തെയാണ് ഇവിടെ മൂന്നാമത്തെ സ്വരൂപമെന്നു പറഞ്ഞത്. അതാണ് വാസ്തവത്തിൽ പരമാർത്ഥസ്വരൂപം. ആദ്യത്തേവ രണ്ടും സങ്കല്പമാത്രം കൊണ്ടുണ്ടായവയും കേവലം മിഥ്യകളുമാണ്. അതിനാൽ അവയെ രണ്ടിനെയും തള്ളിക്കളഞ്ഞു മൂന്നാമത്തേതായ തുരീയപദത്തിൽ ഭേദഭാവം വിട്ടു് അവസ്ഥിതി ചെയ്യുന്ന ഒരാളെയാതൊരുവിധസംസാരാനുഭവങ്ങളും ബാധിക്കില്ല.

എന്നിങ്ങനെ വസിഷ്ഠാചാര്യൻ പറഞ്ഞ സമയത്ത് എന്താണ് തുരീയപദത്തിന്റെ സ്വഭാവമെന്നറിയാൻ ആഗ്രഹിച്ചു ശ്രീ രാമചന്ദ്രൻ. അപ്പോൾ പറഞ്ഞുകൊടുത്തു വസിഷ്ഠമഹർഷി. ഹേ! രാമ! അഹങ്കാരത്തിന്റെ ഭാവഭാവങ്ങളും, വസ്തുക്കളുടെയും ജഗത്തിന്റെയും സദസൽഭാവവും നീക്കപ്പെടുമ്പോൾ ശുദ്ധചൈതന്യമാത്രമായ യാതൊരു തത്വം ശേഷിക്കുന്നുവോ, അതുതന്നെ തുരീയപദം ശുദ്ധയും, സമയും ശാന്തയുമായ ജീവന്മുക്ത്യവസ്ഥയെന്നു യാതൊന്നിനെപ്പറയുന്നുവോ, അതുതന്നെയാണ് തുരീയാവസ്ഥ.. സങ്കല്പങ്ങളില്ലാത്തതുകൊണ്ടു ജാഗ്രൽസ്വപ്നങ്ങളോ, ജാഡ്യതയില്ലാത്തതുകൊണ്ടു സുഷുപ്തിയോ അല്ല. പ്രബുദ്ധരായ ജ്ഞാനികൾ ജഗത്തിന്റെ ലീനാവസ്ഥയാകുന്ന അതിൽ രമിച്ചുകൊണ്ടിരിക്കുന്നു. അതിനെയാണ് തുരീയപദമെന്നു പറയുന്നത് മൂഢന്മാർക്ക് ഈ ജഗത്തെന്നും ഉള്ളതുതന്നെയാണ്. എന്നാൽ അതുപോലെയല്ല ജ്ഞാനികൾ ഞാനെന്നഭാവത്തെ അകറ്റി സർവ്വ സാമ്യമാകുന്ന അവസ്ഥയിൽ മനസ്സിനെ നിശ്ചലമാക്കിയാൽ വിഷമമില്ലാതെ തുരീയപദത്തിലെത്താം. ഇതിനൊരുദാഹരണം പറയാം.

മുനിവ്യാധോപാഖ്യാനം

ഒരിക്കൽ ഒരു കാട്ടിൽ വേട്ടയാടിക്കൊണ്ടിരുന്ന കാട്ടാളൻ തന്റെ ശരമേറ്റ മാനിന്റെ പിന്നാലെ ഓടുകയായിരുന്നു. കുറച്ചു ദൂരം ഓടിക്കഴിഞ്ഞപ്പോൾ മാൻ എവിടെയോ മറഞ്ഞുപോയി. അതിനെ അന്വേഷിച്ചു ബഹുദൂരം ഓടിയലഞ്ഞു വിവശനായി. അപ്പോഴാണ് അവൻ വഴിവക്കിൽ ഒരു പർണ്ണശാലയും അതിൽ ഇരിക്കുന്ന ഒരു മുനിയെയും കണ്ടത്. അവൻ ഓടിച്ചെന്നു മുനിയോടു തന്റെ മാനെവിടെപ്പോയിയെന്നു വേഗത്തിൽ പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. അതുകേട്ട ആ മഹർഷി കാട്ടാളനെ നോക്കി ഇങ്ങനെ പറഞ്ഞു: കാട്ടിൽ കഴിഞ്ഞു കൂടുന്ന ഞങ്ങൾ ബ്രഹ്മനിഷ്ഠന്മാരാണ്. ലോകവ്യവഹാരം ഞങ്ങൾക്കില്ല. അതിനാസ്പദമായ മനസ്സുമില്ല. മനസ്സ് എന്നോ നശിച്ചുപോയിരിക്കുന്നു. അതുകാരണത്താൽ ജാഗ്രത്സ്വപ്നസുഷുപ്തികളാവുന്ന അവസ്ഥകളും ഞങ്ങൾക്കില്ല. എപ്പോഴും തുരീയാവസ്തയിൽത്തന്നെ കഴിയുന്നവരാണ്. തുരീയത്തിൽ ദൃശ്യമില്ല. പിന്നെ നിന്റെ മാനിനെ എങ്ങനെ കാണും? കാട്ടാളൻ അതുകേട്ടപ്പോൾ പറഞ്ഞതിന്റെ അർത്ഥമൊന്നും മനസ്സിലാവാതെ മുനി എന്തൊക്കെയോ പറയുന്നുവെന്നു കരുതി ഓടിപ്പോവുകയും ചെയ്തു.

ബുദ്ധിമാനായ ഹേ! രാമചന്ദ്ര! വാസ്തവത്തിൽ മുൻ പറയപ്പെട്ട തുരീയാവസ്ഥമാത്രമാണ് സത്യമായിട്ടുള്ളത്. ജാഗ്രദാദി അവസ്ഥകൾ ചിത്തത്തിന്റെ രൂപവിശേഷങ്ങൾ മാത്രമാണ്. അല്ലാതെ സത്യമായ അവസ്ഥകളല്ല. ഘോരമായ ചിത്തം ജാഗ്രത്തും, ശാന്തമായ ചിത്തം സ്വപ്നവും, ജഡമായ അതേ ചിത്തംതന്നെ സുഷുപ്തിയുമായിത്തീരുന്നു. അല്ലാതെ അവയൊന്നും അവസ്ഥകളേ അല്ല. പ്രസ്തുത മൂന്നു രൂപങ്ങളുമില്ലാതാവുമ്പോൾ മനസ്സുതന്നെ മൃതമായിത്തീരും. അങ്ങനെ ചിത്തം മൃതതതമായിത്തീരുന്നുവെന്നതാണ് കൈവല്യപ്രാപ്തിക്കുള്ള സുഗമമാർഗ്ഗം. അതിനാൽ വിവേകികൾ സാഹസപ്പെട്ടും ചിത്തസ്വരൂപങ്ങളെ ലയിപ്പിച്ചും ശാന്തവും, സമവും, ശീതളവുമായ തുരീയത്തിങ്കൽ സുഖസ്ഥിതിയെച്ചെയ്യുന്നു. ഹേ! രാഘവാ, നിനക്കും ആ പരമപദത്തെ പ്രാപിച്ചനുഭവിക്കാം.

എല്ലാറ്റിന്റെയും ആത്യന്തികനിരാസം തന്നെയാണ് അദ്ധ്യാത്മശാസ്ത്രമെന്നു പറയപ്പെടുന്നത്, അതിൽ മായയോ ജഗത്തോ ഒന്നുമില്ല. എങ്ങും നിറഞ്ഞ അദ്വൈതമായ ചിദാകാശം മാത്രമാണുള്ളത്. ബ്രഹ്മമെന്നും, ശൂന്യമെന്നും, വിജ്ഞാനമാത്രമെന്നും, ഈശ്വരനെന്നുമൊക്കെ അതിനെയാണ് പലരും വാദിക്കുന്നത്. സങ്കല്പവികല്പങ്ങളെയും, അവയ്ക്ക് ഹേതുവായ വാസനകളെയും അകറ്റി, മനസ്സിനെ ലയിപ്പിച്ചു നീ അതായിത്തീരുന്നുവെങ്കിൽ ഇപ്പോൾ തന്നെ മുക്തനാവും. എപ്പോഴും അന്തർമ്മുഖനായി ലോകവ്യവഹാരത്തെ അറിയാതെ കല്ലുപോലെ ഇരിക്കുന്ന ഒരാൾ മുക്തനും സുഖിയുമാണ്. ചിദേകരസസ്വരൂപമായ അന്തര്യാമിയിൽ ചിത്തം അലിഞ്ഞുചേരുമ്പോൾ ആ അവസ്ഥയ്ക്കു വിഷമമില്ല. സുഖദുഃഖങ്ങളെയോ അതിന്റെ മധ്യമാവസ്ഥയെയോപോലും ചിന്തിക്കാതെ എപ്പോഴും ചീദേകരസസ്വരൂപനായിരിക്കണം. ഇപ്രകാരമുള്ള പ്രയത്നംകൊണ്ടു കാലതാമസമെന്നിയേ മുക്തനായിത്തീരുകയും ചെയ്യും. മുക്തൻ പൂർണ്ണചന്ദ്രനെന്നപോലെ തനിക്കും, മറ്റുള്ളവർക്കും ആഹ്ലാദകാരിയും കുളുർമ്മയേകുന്നവനുമാണ്.

ഇങ്ങനെ പതിനെട്ടു ദിവസം ഒരുപോലെ ശ്രീരാമചന്ദ്രനും വസിഷ്ഠമഹർഷിയും തമ്മിലുള്ള സംവേദലബ്രൂപമായ ഈ വേദാന്തതത്ത്വപ്രതിപാദനം അയോദ്ധ്യയിൽ വച്ചു നടക്കാനിടയായി. അതവസാനിച്ചപ്പോൾ ശ്രീരാമചന്ദ്രൽ എല്ലാവിധ സംസാരചിന്തകളെയും കേവലം വിട്ടു തിരയടങ്ങിയ കടലെന്നപോലെ നിശ്ചലനും പ്രശാന്തനുമായിത്തീർന്നു. അതുകണ്ട ദേവന്മാരും സിദ്ധന്മാരും കല്പവൃക്ഷപൂക്കൾ ധാരാളം വർഷിച്ചു നമ്രശിരസ്കരായിനിന്നു. അനന്തരം സമാധിയിൽ നിന്നുണർന്ന ശ്രീരാമചന്ദ്രൻ തന്റെ ആചാര്യനായ വസിഷ്ഠമഹർഷിയെ വാഴ്ത്തി സ്തുതിച്ചു.

മഹാജ്ഞാന നിധിയും കരുണാമയനും സാക്ഷാൽ ഈശ്വരസ്വരൂപിയുമായ അവിടുത്തെ അനുഗ്രഹം കൊണ്ടു ഞാൻ ഭയാനകമായ സംസാരഗർത്തത്തിൽനിന്നുദ്ധരിക്കപ്പെട്ടു. അല്ലെങ്കിൽ അവിടുത്തെപ്പോലുള്ള ആചാര്യന്മാരുടെ അനുഗ്രഹത്തിനു പാത്രമായ ഏതൊരാളാണ് പിന്നെ സംസാരതാപത്തെ അനുഭവിക്കുന്നത്? അങ്ങനെതന്നെ എത്രയൊക്കെ പഠിപ്പും തപസ്സും അറിവും എല്ലാമുണ്ടായാൽപ്പോലും ആചാര്യാനുഗ്രഹമില്ലാതെ ആർക്കാണ് സംസാരതാപത്തിൽ നിന്നുയർന്ന് സ്വാത്മരൂപത്തെ പ്രാപിക്കാൻ കഴിഞ്ഞിട്ടുള്ളത്? അതിനാൽ അവിടുത്തെ കാര്യപൂർണ്ണവുമായ അനുഗ്രഹവിശേഷത്താൽ ഇവൻ ഉദ്ധരിക്കപ്പെട്ടുവെന്നുള്ളതൊരത്ഭുതമല്ല. എന്നിങ്ങനെ ആചാര്യനെ സ്തുതിച്ചു നമസ്കരിച്ച ശ്രീരാമചന്ദ്രന് അവരുടെ സംഭാഷണത്തെ കേൾക്കാൻവേണ്ടി ആകാശത്തുവന്നു നിന്നിരുന്ന ദേവന്മാരെയും സിദ്ധന്മാരെയും വസിഷ്ഠമഹർഷി കാണിച്ചുകൊടുത്തു. ഭക്തിപൂർവ്വം അവരെ പ്രണമിച്ച ശ്രീരാമചന്ദ്രനെ അവരനുഗ്രഹിക്കുകയും അമൃതത്തെക്കാൾ ശ്രേഷ്ഠമായ വേദാന്തതത്ത്വപ്രതിപാദനത്തെ കേൾക്കാൻ സൗകര്യമുണ്ടാക്കിത്തന്നതിനു പ്രത്യേകം നന്ദിപറയുകയും ചെയ്തു. ത്രൈലോക്യനാഥനായ ശ്രീനാരായണൻ ഇപ്രകാരം അയോദ്ധ്യയിൽ ദശരഥപുത്രനായവതരിച്ചു ജനങ്ങൾക്കു സംസാരനിവൃത്തിക്കുള്ള മാർഗ്ഗത്തെ കാണിച്ചുകൊടുത്ത് സ്വയം മുക്തനായി. പിന്നീടു വിദേഹരാജാവെന്നപോലെ പരമനിസ്സംഗനായി രാജ്യകാര്യങ്ങളെ നോക്കിവന്നു. സൽഗുണസമ്പന്നനും സുകൃതിയും ജിജ്ഞാസുവും ഈശ്വരഭക്തനുമായ ശിഷ്യന് ഈ ശാസ്ത്രത്തെ പറഞ്ഞുകൊടുക്കണം. അല്ലാത്തവർക്കു കൊടുത്തതു കൊണ്ട് വിശേഷിച്ചു പ്രയോജനമൊന്നുമില്ല. അതിനാൽ അങ്ങനെയുള്ളവർക്കു കൊടുക്കാതിരിക്കുന്നതാണ് നല്ലത്. മുൻപറഞ്ഞ ഗുണങ്ങൾക്കു വിപരീതധർമ്മങ്ങളുള്ളാൾക്കു കൊടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. എന്തുകൊണ്ടെന്നാൽ അവർക്കു പ്രയോജനമില്ലെന്നുമാത്രമല്ല, വിപരീതഫലമുണ്ടാവുകയും ചെയ്യും.

എന്നിങ്ങനെ പറഞ്ഞവസാനിപ്പിച്ച വാത്മീകിമഹർഷിയോടു ഭരദ്വാജൻ ചോദിക്കയാണ്. ഭഗവാനെ, ശ്രീരാമചന്ദ്രനു വസിഷ്ഠമഹർഷിപറഞ്ഞുകൊടുത്ത വേദാന്തസാരത്തെ മുഴുവൻ അങ്ങെനിക്കു പറഞ്ഞുതന്നു. എന്നാൽ രാമചന്ദ്രൻ മുക്തനായതുപോലെ എന്നെപോലുള്ള പ്രാകൃതന്മാർ മുക്തരാവില്ലല്ലോ. അതിനുള്ള മാർഗ്ഗത്തെക്കൂടി ഉപദേശിക്കണമെന്നപേക്ഷിച്ചപ്പോൾ അനുഷ്ഠാനപ്രകാരത്തെ ഉപദേശിച്ചുകൊടുക്കുകയും ചെയ്തു.

ഓം തത് സത്

സമാപ്തം